നമ്മുടെ റീത്ത്

ഡോ. പ്ലാസിഡ് സി.എം.ഐ.

നമ്മുടെ റീത്തു്

ഫാദർ പ്ളാസിഡ് റോ. ഒ. സി. ഡി.
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

DHARMARAM COLLEGE
LIBRARY
BANGALORE-29

സെൻറ് ജോസഫ്സ് പ്രസ്സ്,
മാന്നാനം
1997

Dharmaram College Library
Acc. No. 86565
Call. No. J62/P752

Nihil Obstat:

Fr. Gerard T. O. C. D.
Fr. Fabianus T. O. C. D.

Ernakulam,
16-11-1943

Imprimi potest:

Fr. Joannesa Jesu Maria T. O. C. D.
Prior General

P. G. House, Ernakulam,
18-11-1943

Imprimatur:

† JAMES KALACHERRY,
Ep. Changanacherry

5th Dec. 1943.

Price Rs. **70/-**

മുഖവുര

''വേദപ്രചാര മദ്ധ്യസ്ഥൻ'' മാസികയിൽ ''നമ്മുടെ റീത്തു്,'' ''കൽദായ റീത്തു്'' എന്നീ തലക്കെട്ടുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഇപ്പോൾ പുസ്തകരൂപത്തിൽ വെളിയ്ക്കു വിടുന്നു. ലേഖനങ്ങളിലുണ്ടായിരുന്ന ചില തെറ്റുകൾ തിരുത്തുകയും അവയോടു ചിലതെല്ലാം ചേർക്കുകയും ചെയ്തിട്ടുണ്ടു്. ലേഖനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ സമ്മതം നൽകിയ ''വേദപ്രചാര മദ്ധ്യസ്ഥൻ'' മാസികയുടെ അധിപരോടുള്ള കൃതജ്ഞത ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ റീത്തിനെപ്പറ്റി, വളരെ ചുരുങ്ങിയ വിവരണങ്ങൾ മാത്രമേ വായനക്കാർ ഇതിൽ പ്രതീക്ഷിക്കേണ്ടതുള്ളൂ.

PLACID T. O. C. D.

എറണാകുളം
3–19–1943

നമ്മുടെ റീത്ത്

ഒന്നാം അദ്ധ്യായം

പ്രാരംഭം

നാമും നമ്മുടെ സഭയും

റീത്തുഭാഷയായി കൽദായ അഥവാ പൌരസ്ത്യ സുറിയാനി സ്വീകരിച്ചിട്ടുള്ള പഴയകുറുകാരുടെ റീത്താണ് ''നമ്മുടെ റീത്ത്'' എന്ന പദപ്രയോഗത്താൽ ഇവിടെ വിവക്ഷിക്കപ്പെട്ടുന്നത്.

പൌരസ്ത്യ സുറിയാനി, പാശ്ചാത്യ സുറിയാനി എന്നിങ്ങനെ രണ്ടു വിഭാഗങ്ങളും സുറിയാനി ഭാഷയുണ്ട്. പൌരസ്ത്യസുറിയാനിക്കു കൽദായസുറിയാനി എന്നു പേരു പറഞ്ഞുവരുന്നു. എങ്കിലും പൌരസ്ത്യം എന്ന വിശേഷണത്തോടാണ് പണ്ഡിതന്മാർക്കു കൂടുതൽ പ്രതിപത്തി. പൌരസ്ത്യസുറിയാനിഭാഷ റീത്തുഭാഷയായി ഉപയോഗിയ്ക്കുക നിമിത്തം നമ്മുടെ സഭയ്ക്ക് പൌരസ്ത്യ സുറിയാനിസഭയെന്നും നമുക്കു പൌരസ്ത്യ സുറിയാനിക്കാരെന്നും പേരുണ്ടായി. കേരളത്തിലെ കൽദായ (സുറിയാനി) സഭയെന്നും കേരളത്തിലെ കൽദായ (സുറിയാനി) ക്കാരെന്നും കൂടി നമ്മുടെ സഭയും നമ്മളും അറിയപ്പെടാറുണ്ട്. 'കൽദായ' എന്ന സംജ്ഞയുടെ ഉത്ഭവം പടിഞ്ഞാറൻ ദിക്കിലാണെന്നത്രെ പലരുടേയും അഭിപ്രായം. 'മലയാളസുറിയാനി' (Syro–Malabar) എന്ന വിശേഷണം നമ്മളെ സംബന്ധിച്ച് ഇടക്കാലത്തുമാത്രം ഉണ്ടായിട്ടുള്ളതാകുന്നു. തോമ്മാക്രിസ്ത്യാനികൾ, നസ്രാ

ണി മാപ്പിളമാർ, സുറിയാനിക്കാർ എന്നും മറ്റും വേറെ പേരുകളും നമുക്കുണ്ട്. ''പഴയകൂറുകാർ'' എന്ന പേര് മറു റീത്തുകാരായ കത്തോലിക്കരിൽനിന്നും അകത്തോലിക്കരിൽനിന്നും പ്രത്യേകം പുത്തൻകൂറുകാരായ യാക്കോബ്യരിൽ നിന്നും നമ്മെ വ്യത്യാസപ്പെടുത്തുന്നു.

ക്രൈസ്തവസഭയോളം തന്നെ പഴക്കമുള്ളതാണ് കേരളത്തിലെ നമ്മുടെ പൌരസ്ത്യ സുറിയാനിസഭ. ഒരു പ്രാദേശിക സഭയുടെ സകല പൂർണ്ണതകളോടുംകൂടി റോമ്മായുടെ നേരെ കീഴിലും എറണാകുളം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലും ഒരു പ്രത്യേക സഭാവിഭാഗമായി (Hierarchy) 1923–ൽ അതു പുനരുദ്ധരിക്കപ്പെട്ടു. ഇതിനു മുമ്പ് നമ്മുടെ കാനോനിക ഘടനയിൽ സംഭവിച്ചിട്ടുള്ള മാറ്റങ്ങളും നിരവധിയാണ്.

ഒരു ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട എന്നിതന്നെ നമ്മുടെ സഭയുടെ പ്രത്യേകമായ ഒരു വിശേഷത. സെലൂക്കിയാ അഥവാ ബാബേൽ പാത്രിയർക്കീസിനോട് 16–ാം ശതാബ്ദത്തിന്റെ അവസാനംവരെ അതു ബന്ധപ്പെട്ടിരുന്നു. ഈ ബന്ധത്തിന്റെ ആരംഭം എന്നെന്നോ എങ്ങിനെയെന്നോ ഖണ്ഡിതമായി പറയുക വിഷമമാണ്. അന്തിയോക്കിയാ, പേർഷ്യാ എന്നീ രണ്ടധികാരങ്ങളേയും സെലൂക്കിയാബന്ധം സ്പർശിച്ചിരുന്നതായി കാണുന്നുണ്ട്. റോമ്മായുമായി അവശ്യം ഉണ്ടായിരിക്കേണ്ടതും ഉണ്ടായിരുന്നതുമായ ബന്ധത്തെപ്പറ്റി പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ.

1599 മുതൽ 1608 വരെ ഗോവമെത്രാപ്പോലീത്തായുടെ കീഴിൽ ഒരു വെറും അങ്കമാലിരൂപതമാത്രമായിരുന്ന നമ്മുടെ പൌരസ്ത്യസുറിയാനിസഭ. 1608–1887 വരെ വിദേശികളും സ്വദേശികളും ആയ ഭരണാധികാരികളുടെ നേതൃത്വത്തിൽ റോമ്മായുടെ നേരെ കീഴിൽ നമുക്കൊരു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തൻ സിംഹാസനമുണ്ടായിരുന്നെന്നു മൊത്തത്തിൽ പറയാവുന്നതാണ്. പോർട്ടുഗൽ രാജാവിന്റെ സംരക്ഷണത്തിൽ സ്ഥി

തിചെയ്തിരുന്നതുകൊണ്ട് കൊടുങ്ങല്ലൂർ ഭരണം 'പദ്രൊ ആദോ' ഭരണം എന്ന വിളിക്കപ്പെടുന്നു (Padroado= Patronage=സംരക്ഷണം). മേൽപ്രസ്താവിച്ച അങ്കമാലി രൂപതയും പ്രസ്തുത 'സംരക്ഷണത്തിൽ' തന്നെയാണ് സ്ഥിതിചെയ്തിരുന്നതു്. കൊടുങ്ങല്ലൂർ എന്ന പേരിൽ അങ്കമാലി രൂപാന്തരപ്പെടുകയാണുണ്ടായതെന്നും പ്രസ്താവയോഗ്യമത്രേ. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തൻ സീറോ ഹാസനത്തിലെ ഭരണാധികാരികളുടെ ഗണത്തിൽ നമ്മുടെ അഭിമാനപാത്രങ്ങളായ കരിയാറിൽ മെത്രാപ്പോലീത്തായും, പാറേമ്മാക്കൽ തോമ്മാ കത്തനാരും, ശംക്കുരിക്കൽ ഗീവറുഗീസു കത്തനാരും ഉൾപ്പെടുന്നു.

1653—ൽ നടന്ന കൂനൻകുരിശു സത്യത്തിന്റെശേഷം നമ്മുടെ സഭാംഗങ്ങളിൽ ഒരു ഭാഗം മലയാളത്തിന്റെ (വരാപ്പുഴ) വികാരി അപ്പസ്തോലിക്കാമാരാൽ ഭരിക്കപ്പെട്ടുപോന്നു. ആ വികാരി അപ്പസ്തോലിക്കാമാരിൽ ഒരാളാണ് കറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ. ചില സന്ദർങ്ങളിൽ നമ്മുടെ സഭ മുഴുവനും കൊടുങ്ങല്ലൂർക്കീഴും മറ്റു ചിലപ്പോഴും വികാരി അപ്പസ്തോലിക്കാമാരുടെ കീഴും സ്ഥിതിചെയ്തിട്ടുണ്ട്. 1838 മുതൽ 1857 വരെ കൊടുങ്ങല്ലൂർ ഭരണം താല്ക്കാലികമായി നിറുത്തലാക്കപ്പെട്ടമിരുന്നു.

1887 മുതൽ 1923 വരെ ആദ്യം രണ്ടും, പിന്നെ മൂന്നും, ഒടുവിൽ നാലും വികാരി അപ്പസ്തോലിക്കാമാരാൽ നമ്മുടെല്ലാവരും ഭരിക്കപ്പെട്ടു. ഇവരിൽ 1896 മുതൽ ഭരണം നടത്തിയവർ ഏതദ്ദേശീയരാണ്. 1923—ൽ ഒരു പ്രാദേശിക സഭയുടെ സകല പൂർണ്ണതകളും നമുക്കു കൈവരുകയും എറണാകുളം അതിരൂപതയും, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം എന്ന രൂപതകളും സ്ഥാപിക്കപ്പെടുകയും ചെയ്തു.

1917—ൽ പൌരസ്ത്യതിരുസംഘം സ്ഥാപിക്കപ്പെട്ടതുവരെ നമ്മുടെ വികാരി അപ്പസ്തോലിക്കാമാരെ നിയമിച്ചിരുന്നതു് പ്രൊപ്പാഗാന്ത തിരുസംഘമാകയാൽ,

അന്നുവരെയുള്ള വികാരി അപ്പസ്തോലിക്കാമാരുടെ ഭരണത്തിനു ''പ്രൊപ്പഗാന്തഭരണ''മെന്നു പറയാറുണ്ട്. പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ പൌരസ്ത്യവിഭാഗമാണ് 1917 വരെ പൌരസ്ത്യറീത്തുകാരുടെ കാര്യങ്ങളും അന്വേഷിച്ചിരുന്നതു്. പൌരസ്ത്യതിരുസംഘം സ്ഥാപിക്കപ്പെട്ടതോടെ നമ്മുടെ അതിന്റെ കീഴിലായിതീർന്നു. മാപ്പാപ്പാതന്നെയാണു് അതിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുന്നതു്.

റീത്തു് എന്നാൽ എന്തു്

ലത്തീനിലെ 'റീത്തുസും' (Ritus) ഇംഗ്ലീഷിലെ 'റൈറ്റും' (Rite) ആണു് മലയാളത്തിലെ 'റീത്തു', 'രീതി' എന്നുമാത്രമാണു് ഇതിന്റെ അർത്ഥം. കർബാന ചൊല്ലുക, കാനോനികജപം നടത്തുക, കൂദാശകളും മറ്റും ശുശ്രൂഷിക്കുക, നോമ്പും ഉപവാസവും അനുഷ്ഠിക്കുക ആദിയായി ദൈവാരാധനയിലും ക്രൈസ്തവനടപടികളിലും സ്വീകരിച്ചിരിക്കുന്ന രീതി എന്നാണു് ''റീത്തിനു'' വൈദികഭാഷയിലുള്ള സാങ്കേതികമായ അർത്ഥം. ക്രിസ്തീയവിശ്വാസവും ക്രിസ്തീയ ജീവിതവും പുരാതനങ്ങളായ സംസ്കാരങ്ങളോടു് ആദിമശതകങ്ങളിൽതന്നെ കൂട്ടിയിണക്കിയതിന്റെ ഫലമാണു് തിരുസഭയിൽ ഇന്നു കാണുന്ന വിവിധറീത്തുകളും. പുതിയറീത്തുകളും ഉണ്ടാക്കുവാനോ, പഴയറീത്തുകളും അലങ്കോലപ്പെടുത്തുവാനോ തിരുസഭ സമ്മതിക്കാത്തതിനുള്ള ഒരു കാരണം ഇവിടെ നാം കാണുന്നു.

ഓരോ റീത്തുകാരുടെ കാനോൻ നിയമങ്ങളേയും റീത്തിന്റെ നിർവ്വചനത്തിൽ ചിലർ ഉൾപ്പെടുത്താറുണ്ട്. നോമ്പു്, ഉപവാസം ആദിയായവയെ നിയന്ത്രിക്കുന്ന നിയമങ്ങളും കാനോൻ നിയമങ്ങളായി ചിലപ്പോൾ പരിഗണിയ്ക്കപ്പെടുന്നു. പള്ളി, പള്ളിസ്സാമാനങ്ങളും, തിരുവസ്ത്രങ്ങളും, വൈദികപഞ്ചാംഗം, വൈദികഗാനം, വൈദികരുടെ വേഷഭൂഷണങ്ങളും ആദിയായവയും റീത്തിൽപെട്ടവയത്രേ.

കുർബാനക്രമം, ഭാഷ

ഓരോ റീത്തിലും കേന്ദ്രസ്ഥാനം വഹിയ്ക്കുന്നതു് അതതു റീത്തിലെ കുർബാനക്രമം ആണു് (Liturgy). കുർബാനക്രമത്തെ ആശ്രയിച്ചാകുന്നു മറ്റു ക്രമങ്ങളും വളർന്നു വന്നിട്ടുള്ളതു്.

അബിസീനിയൻ, അർമ്മേനിയൻ, കൽദായ, ഗ്രീക്കു, ലത്തീൻ, സുറിയാനി ആദിയായ പല റീത്തുകളും ഇന്നു കത്തോലിയ്ക്കാസഭയിൽ ഉപയോഗിയ്ക്കപ്പെടുന്നുണ്ടു്. ഇവ നാലാം ശതാബ്ദത്തോടുകൂടി മാത്രമേ പല ഭാഷകളിൽ വ്യവസ്ഥാപിതമായ ഓരോ രൂപം സ്വീകരിച്ചുള്ളു. അതിനുമുമ്പു് കുർബാനചൊല്ലുവാനും മറ്റും ശ്രീഹന്മാർ സ്വീകരിച്ചിരുന്ന ''റീത്തു്'' കാലദേശവ്യത്യാസങ്ങളനുസരിച്ചു് അവ്യവസ്ഥിതമായും ഒന്നിലധികം ഭാഷകളിലും ഉപയോഗിയ്ക്കപ്പെട്ടിരുന്നു.

ശ്രീഹന്മാർ ഓർശ്ലെത്തായിരുന്നപ്പോഴും അവരുടെ സംസാരഭാഷയായ 'ആറാമായ' അഥവാ സുറിയാനി കുർബാന ചൊല്ലുവാനും മറ്റും അവർ ഉപയോഗിച്ചിരുന്നെന്നു കരുതുന്നതിൽ അബദ്ധമില്ല. 'തലീത്താകൂമി'—'ഏലി ഏലി ലംമാശബക്കംത്താനി'—'ആബാ' ആദിയായ പദപ്രയോഗങ്ങളും നമ്മുടെ കർത്താവു് അരുളിച്ചെയ്ത രൂപത്തിൽതന്നെ വേദപുസ്തകത്തിൽ കാണപ്പെടുന്നുണ്ടു്. ഇതിൽനിന്നു് നമ്മുടെ കർത്താവും ശ്രീഹന്മാരും സംസാരിച്ചിരുന്നതു് സുറിയാനിയാണെന്നു അനുമിയ്ക്കാം. കുർബാന സ്ഥാപിച്ചപ്പോഴും നമ്മുടെ കർത്താവു പയോഗിച്ച ഭാഷയും ഇതുതന്നെ ആയിരിയ്ക്കുണമല്ലൊ. നമ്മളും ഉപയോഗിയ്ക്കുന്ന പൌരസ്ത്യ സുറിയാനിയോടു്, അഥവാ കൽദായ സുറിയാനിയോടു് ആണു് മേൽപറഞ്ഞ പദപ്രയോഗങ്ങളും ഉച്ചാരണത്തിൽ സാധർമ്മ്യം വഹിയ്ക്കുന്നതെന്നുള്ളതും നമുക്കു അഭിമാനകരംതന്നെ.[1]

---

1. ''ആറാമായ'' ഭാഷയുടെ ദേശീയവിഭാഗങ്ങളിൽ ഒന്നായ പൌരസ്ത്യ ആറാമായ, വ്യാകരണവിധിപ്രകാരം സംസ്കരിച്ചതാ

നാലാം ശതാബ്ദത്തോടെ കർബാനക്രമങ്ങളും വ്യവസ്ഥാപിതങ്ങളായി പ്രത്യക്ഷപ്പെട്ടുതുടങ്ങി. അതോടെ മറ്റു ക്രമങ്ങളും അവ്യവസ്ഥിതരൂപത്തിൽനിന്നുമാറി വ്യവസ്ഥിതരൂപം സ്വീകരിച്ചു.

ണു് (Classical) ഇന്നത്തെ നമ്മുടെ സുറിയാനി. അടിമത്തം കഴിഞ്ഞു സ്വദേശത്തേയ്ക്കു മടങ്ങിയ യൂദന്മാർ പൌരസ്ത്യ ആറാമായ ആണു് സംസാരിച്ചിരുന്നതു്. ഇങ്ങനെ പാശ്ചാത്യ ആറാമായ പ്രാബല്യത്തിലിരുന്ന പലസ്തീനായിൽ പൌരസ്ത്യ ആറാമായ സ്ഥാനം ലഭിച്ചു. നമ്മുടെ കർത്താവു് യൂദന്മാരുടെ സംസാരഭാഷയാണല്ലൊ ഉപയോഗിച്ചിരുന്നതു്. വ്യാകരണവിധിപ്രകാരം സംസ്കരിയ്ക്കപ്പെട്ടതോടെ വ്യാകരണത്തിൽ ചില ചില്ലറ വ്യത്യാസങ്ങളും അതിൽ പ്രത്യക്ഷമായി. ലിപികളും കാലാന്തരത്തിൽ വ്യത്യാസപ്പെട്ട. എന്നാൽ ഉച്ചാരണത്തിൽ പറയത്തക്ക വ്യത്യാസം വന്നില്ല. ഇതു് പഴയ മലയാളവും പുതിയ മലയാളവും തമ്മിലുള്ള വ്യത്യാസംപോലെയേ കരുതേണ്ടതുള്ളു. സംസ്കൃത സുറിയാനിയുടെ ഉച്ചാരണത്തിലും ലിപികളിലും യാക്കോബായക്കാർ സാരമായ ചില വ്യത്യാസങ്ങളും വരുത്തി. യാക്കോബായക്കാരുടേതു പാശ്ചാത്യ സുറിയാനി എന്നും നമ്മുടേതു പൌരസ്ത്യ അഥവാ കൽദായ സുറിയാനി എന്നും അറിയപ്പെടുന്നു. രണ്ടിനും പൊതുവായ ലിപിയാണു് എസ്രൻഗേലാ. എസ്രൻഗേലായിൽ നിന്നു പൌരസ്ത്യ അഥവാ കൽദായ ലിപികളും പാശ്ചാത്യലിപികളും (സെർത്തോ) ഉത്ഭവിച്ചു. ഉച്ചാരണം കുറിയ്ക്കുവാൻ പൌരസ്ത്യസുറിയാനിക്കാർ കുത്തുകളും പാശ്ചാത്യ സുറിയാനിക്കാർ ചില ഗ്രീക്കു ലിപികളും രൂപാന്തരപ്പെടുത്തിയവയും ഉപയോഗിയ്ക്കുന്നു. എസ്രൻഗേലാ പ്രചാരത്തിൽവരുന്നതിനുമുമ്പു് ഇന്നത്തെ എബ്രായ അഥവാ കാൽഡി ലിപികളിൽ പൌരസ്ത്യ ആറാമായ എഴുതപ്പെട്ടിരുന്നു. ഈ ലിപികളിലും പലസ്തീനായിൽ യൂദന്മാർ ഉപയോഗിച്ചിരുന്ന ആറാമായ ഭാഷയിലും ക്രിസ്ത്വബ്ദം ആദിമ ശതകങ്ങളിൽ എഴുതപ്പെട്ട ''തർഗം'' എന്ന യഹൂദ വേദപുസ്തക വ്യാഖ്യാനങ്ങളിൽനിന്നു സംസ്കൃത സുറിയാനിയിൽ വന്നിട്ടുള്ള വ്യത്യാസങ്ങളും ഏവയെന്നു ഏറെക്കുറെ ഗ്രഹിയ്ക്കാം. കൊച്ചിയിലുള്ള വെളുത്ത യൂദന്മാരെല്ലാവരും അടുത്ത കാലംവരെ സുറിയാനിഭാഷ പഴയ രീതിയിൽ അഭ്യസിച്ചിരുന്നു. ഇങ്ങനെ അഭ്യസ

ഓർശ്ലെത്തു താമസിയ്ക്കുമ്പോഴും ശ്ലീഹന്മാർ സുറിയാനിയിൽ ഉപയോഗിച്ചിരുന്നതും അവ്യവസ്ഥിതവും ആയ കുർബാനക്രമം സ്ഥലകാലവ്യത്യാസങ്ങളനുസരിച്ചു പല രൂപത്തിൽ രൂപവൽക്കരിയ്ക്കപ്പെടുക നിമിത്തം പല കുർബാനക്രമങ്ങളും പ്രത്യക്ഷീഭവിച്ചു. അവ്യവസ്ഥിതമായ ആ കുർബാനക്രമം ശ്ലീഹന്മാർതന്നെ ഒന്നിലധികം ഭാഷകളിൽ ഉപയോഗിച്ചിട്ടുണ്ടാകാം. നാലാം ശതാബ്ദത്തോടെ വ്യവസ്ഥാപിതരൂപം സ്വീകരിച്ച കുർബാനക്രമങ്ങളിൽ ആദ്യത്തേതു് ഏതാണെന്നും, ഏതു ഭാഷയിലാണെന്നും, പിന്നീടുണ്ടായവ ആരംഭത്തിൽ ഖണ്ഡിതമല്ലാതെ കിടന്ന ക്രമങ്ങളിൽനിന്നു നേരിട്ടുണ്ടാവിച്ചവയോ, ആദ്യമുണ്ടായ വ്യവസ്ഥാപിത രൂപത്തെ ആശ്രയിച്ചുണ്ടായവയോ എന്നും നിശ്ചയമില്ലാതെയാണിരിയ്ക്കുന്നതു്. പൌരസ്ത്യ സുറിയാനിക്കാരുടെ ''ശ്ലീഹന്മാരുടെ കുർബാന'' (സാരാംശത്തിൽ നമ്മുടെ ഇപ്പോഴത്തെ ഉപയോ

നം നടത്തിയ വൃദ്ധന്മാർ ഇന്നും അവരുടെയിടയിലുണ്ടു്. അവരിൽ ചിലരുമായി എഴുത്തുകാരൻ സുറിയാനി സംസാരിയ്ക്കുകയും കാൽഡി ലിപികളിലുള്ള അവരുടെ സുറിയാനി പ്രാർത്ഥനകളും വായിയ്ക്കുകയും ചെയ്തിട്ടുണ്ടു്. ഇതു നമ്മുടെ കർത്താവിന്റെ കാലത്തെ സുറിയാനി തന്നെയാണു്. ആറാമായ ഭാഷയുടെ മറ്റു ദേശീയ വിഭാഗങ്ങൾക്കു പ്രത്യേക ലിപികളും, ഉച്ചാരണവും, വ്യാകരണവിധികളും ഉണ്ടായിരുന്നു. യൂന്മാർ പൌരസ്ത്യ ആറാമായയെ പലസ്തീനായിലേയ്ക്കു കൊണ്ടുവരുകനിമിത്തം, പലസ്തീനായിലെ പാശ്ചാത്യ ആറാമായ അതിനെ കുറെയെല്ലാം സ്വാധീനിയ്ക്കുവാനിടയായി. പൌരസ്ത്യ ആറാമായ കൽദായ എന്നും, പാശ്ചാത്യ ആറാമായ ചിലപ്പോൾ സുറിയാനി എന്നും വിളിയ്ക്കപ്പെട്ടിരുന്നതുകൊണ്ടു്, പാശ്ചാത്യ ആറാമായ സ്പർശിച്ചതും യൂദന്മാർ കൊണ്ടുവന്നതും ആയ പൌരസ്ത്യ ആറാമായ ''കൽദായ സുറിയാനി'' എന്നു ചിലപ്പോൾ വിളിയ്ക്കപ്പെട്ടിരുന്നു. ഇപ്പോഴാകട്ടെ സംസ്കരിച്ച ആറാമായയെ നമ്മുടെ കൽദായ (സുറിയാനി) അഥവാ പൌരസ്ത്യ സുറിയാനി എന്നും, യാക്കോബായക്കാർ (പാശ്ചാത്യ) സുറിയാനി എന്നും പറയുന്നു. രണ്ടിനും സുറിയാനി എന്ന പേരും നടപ്പിലുണ്ടു്.

ഗിയ്യുന്ന കുർബാന) ആരംഭത്തിൽ ഖണ്ഡിതമല്ലാതെ കിടന്ന സുറിയാനി രൂപത്തിൽനിന്നു നേരിട്ടുത്ഭവിച്ച താണെന്നു വിചാരിയ്യുന്നവരുണ്ട്. ആദ്യത്തെ ഖണ്ഡിത രൂപം ഇതാകുവാനും വഴിയില്ലാതില്ല.

റീത്തും റീത്തുഭാഷയും

റീത്തും റീത്തുഭാഷയും വിഭിന്നങ്ങളാണ്. പല റീത്തുകളും ആരംഭത്തിൽ അവ അനുഷ്ഠിയ്യപ്പെട്ടിരുന്ന ഭാഷകളുടെ പേരിൽ ഇന്നും അറിയപ്പെടുന്നു. എങ്കിലും, ഒരേ ഒരു റീത്തു് പല ഭാഷകളിൽ അനുഷ്ഠിയ്യപ്പെടാം. ഭാഷയിലുള്ള വ്യത്യാസം റീത്തിൽ വ്യത്യാസം വരുത്തുന്നില്ല. റീത്തിന്റെ വിശേഷത ഭാഷയിൽ മാത്രമല്ല സ്ഥിതിചെയ്യുന്നതു്. ഗ്രീക്കു റീത്തു പല ഭാഷകളിൽ നടത്തപ്പെടുന്നുണ്ടു്. അപ്രകാരംതന്നെ അന്തിയോക്കിയൻ അഥവാ പാശ്ചാത്യ സുറിയാനി റീത്തു അറബിയിലും മലയാളത്തിലും അനുഷ്ഠിയ്യപ്പെടുന്നുണ്ടെങ്കിലും അതിനു മാറ്റം സംഭവിച്ചതായി ആരും കരുതുന്നില്ല. ഈ സ്ഥിതിയ്യു് നമ്മുടെ റീത്തിലും മലയാളം കലരുന്നപക്ഷം അതു കൊണ്ടു റീത്തു മാറിപ്പോകുമെന്നു ഭയപ്പെടേണ്ടതില്ല.

റീത്തും പാത്രിയർക്കീസും

ഒരു പ്രത്യേക ഭാഷയോടു് എന്നതുപോലെതന്നെ, ഒരു പ്രത്യേക ഭരണാധികാരിയോടും ഏതെങ്കിലുമൊരു റീത്തു ബന്ധപ്പെട്ടിരിയ്യുണമെന്നു നിർബന്ധമില്ല. ''ഒരു റീത്തിനു ഒരു പാത്രിയർക്കീസു വീതം'' എന്നൊരുവയ്പുണ്ടു്. പക്ഷെ, ആ പാത്രിയർക്കീസിനു ആ റീത്തുപയോഗിയ്യുന്ന പ്രാദേശികസഭകളുടെമേൽ ഏതെങ്കിലുമധികാരമുണ്ടെന്നു് ഇതിൽനിന്നു സിദ്ധിയ്യുന്നില്ല. അന്തിയോക്കിയൻ അഥവാ പാശ്ചാത്യ സുറിയാനി റീത്തിന്റെ തലവൻ അന്തിയോക്കിയാ സുറിയാനി പാത്രിയർക്കീസാണു്. എങ്കിലും അതേ റീത്തു സ്വീകരിച്ചിട്ടുള്ള ''മലങ്കര അന്തിയോക്കിയൻസഭ''യുടെ മേൽ അദ്ദേഹത്തിനു യാതൊരധികാരവുമില്ല.

രണ്ടാം അദ്ധ്യായം

ആദിമശതാബ്ദങ്ങൾ

തോമ്മാശ്ലീഹായുടെ റീത്ത്

മാർ തോമ്മാശ്ലീഹായാണല്ലൊ നമ്മുടെ സഭയുടെ സംസ്ഥാപകൻ. അദ്ദേഹം ഇവിടെ ഏതോ ഒരു റീത്തിൽ വൈദികകർമ്മങ്ങളും നടത്തിയിട്ടുണ്ട്. ശ്ലീഹന്മാർ ഓർ ശ്ലൈത്തുപയോഗിച്ചിരുന്ന അവ്യവസ്ഥിതറീത്തായിരിക്കണം ആ റീത്ത്. തോമ്മാശ്ലീഹാ അതിൽ സ്വല്പം ചില വ്യത്യാസങ്ങളും വരുത്തിയെന്നും വരാവുന്നതാണ്. അദ്ദേഹത്തിൽനിന്നു് അവ്യവസ്ഥിതമായ ആ റീത്തു സ്വീകരിച്ചവർ അതിനെ ഒരു പക്ഷെ അദ്ദേഹത്തിന്റെ നാമത്തോടു ഘടിപ്പിച്ചിരിയ്ക്കാം.

16—ാം ശതാബ്ദത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോഴും നമ്മളുപയോഗിച്ചിരുന്നതു് പൌരസ്ത്യ സുറിയാനി അഥവാ കൽദായ സുറിയാനി റീത്തായിരുന്നു. പൌരസ്ത്യ സുറിയാനിയായിരുന്നു അന്നത്തെ റീത്തുഭാഷ. അന്നു നമ്മുടെ 'ബാബേൽ' പാത്രിയർക്കീസിന്റെ അധികാരം സ്വീകരിച്ചുമിരുന്നു. ''തോമ്മായുടെ നിയമം'' എന്നുപോലും വിളിയ്ക്കുവാൻ തക്കവണ്ണം അത്രയധികം നമ്മുടെ പൂർവ്വന്മാർ സ്നേഹിച്ചിരുന്ന പൌരസ്ത്യ സുറിയാനി റീത്തും ഭാഷയും കേരളത്തിൽ പ്രവേശിച്ചതു് എന്നെന്നും എങ്ങനെയെന്നും ആരായുക രസാവഹമാണ്.

പൌരസ്ത്യസുറിയാനിറീത്ത്

എദേസ്സാ (ഉറഹായി), ബാബേൽ (സെലൂക്കിയാ),1 പേഷ്യാ (പാറൈസ്) എന്നീ സഭകളിൽ വളർന്ന വ്യവ

1. മുറിപ്പെടുത്തിയാൽ ബാബേലും സെലൂക്കിയായും ഒന്നല്ല. എങ്കിലും സെലൂക്കിയാസഭ ബാബേൽസഭ എന്നറിയപ്പെടുന്നുണ്ട്.

സ്ഥാപിതരൂപം സ്വീകരിച്ച ഒന്നാണ് പൌരസ്ത്യ സുറിയാനിറീത്ത്. ഈ സഭകളുടെ ഉത്ഭവം തോമ്മാശ്ലീഹായോട് ഘടിപ്പിച്ചുകാണുന്നുണ്ട്. 'ബാബേലിലെ' വൈദികാദ്ധ്യക്ഷന്മാരുടെ പട്ടികയിൽ ഒന്നാം സ്ഥാനം തോമ്മാശ്ലീഹായിക്കു നൽകിയിരിക്കുന്നു. തോമ്മാശ്ലീഹാ ആ പ്രദേശങ്ങളെല്ലാം സന്ദർശിച്ചിട്ടുണ്ടെന്നാണ് തൽസഭാംഗങ്ങളുടെ ധാരണ. ശ്ലീഹായുടെ നിർദ്ദേശപ്രകാരമാണത്രേ ഹട്ടി എന്ന പ്രേഷിതൻ എദേസ്സായിലും, ഹട്ടിയുടെ ശിഷ്യനായിമാറി മെസൊപ്പൊത്താമ്യയിലും (ബെസ്നഹറിൻ) സുവിശേഷപ്രസംഗം നടത്തിയത്. പേഷ്യാസഭയുടെ സംസ്ഥാപകൻ തോമ്മാശ്ലീഹായാണെന്നുകൂടി ഒരു പാരമ്പര്യമുണ്ട്.[2] ആധുനിക വിമർശകന്മാരാകട്ടെ ഈവക വൃത്താന്തങ്ങളും അശേഷം വിശ്വസിക്കുന്നില്ല. പിൽക്കാലങ്ങളിൽ (ആറാം ശതാബ്ദത്തോടുകൂടി?) നിർമ്മിക്കപ്പെട്ട ചില കൃതികളിൽ കാണുന്ന പ്രസ്തുത വിവരണങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്നത്രേ അവരുടെ സിദ്ധാന്തം.[3] എങ്ങനെയായാലും പൌരസ്ത്യസുറിയാനിറീത്ത് തോമ്മാശ്ലീഹായുടെ നാമത്തോടു ബന്ധിയ്ക്കപ്പെടുവാൻ ഇവയെല്ലാം കാരണമായിട്ടുണ്ടാകാം. ധാരാളം പ്രചാരം സിദ്ധിച്ചിട്ടുള്ള ഐതിഹ്യങ്ങളും അശേഷം അടിസ്ഥാനരഹിതങ്ങളാണെന്നു കരുതാവുന്നതുമല്ല.

പൌരസ്ത്യസുറിയാനിറീത്ത് നാലാം ശതാബ്ദത്തോടുകൂടി വ്യവസ്ഥാപിതരൂപം സ്വീകരിച്ചുതുടങ്ങി. അവ്യവസ്ഥിതമായിരുന്നപ്പോഴും, വ്യവസ്ഥാപിത

---

2. Cf. Khayyath: Syri Orientales seu Chaldaei Nestoriani et Romanorum Pontificum Primatus. P 161.

Mingna: The Early Spread of Christianity in India. p. 33.

3. Fortescue: The Lesser Eastern Churches. pp. 28 Sq. pp. 38. sq.

രൂപം സ്വീകരിച്ചുതുടങ്ങിയപ്പോഴും. ശ്ലീഹന്മാരുടെ കാലത്തും അതിൽ പിന്നീടും, പൌരസ്ത്യസുറിയാനിഭാഷയിലല്ലാതെ വേറെ ഏതെങ്കിലും ഭാഷയിൽ അതു പ്രചരിച്ചിരുന്നെന്നു തോന്നുന്നില്ല. എദേസ്സാ ആയിരുന്നു അതിന്റെ വളർച്ചയുള്ള പ്രധാനസ്ഥലം.[4] അതിൽ കേന്ദ്രസ്ഥാനം വഹിയ്ക്കുന്ന ''ശ്ലീഹന്മാരുടെ കുർബാന'' (നമ്മുടെ ഇപ്പോഴത്തെ ഉപയോഗിയ്ക്കുന്ന കുർബാന) ഹട്ടി, മാറി (Addai Mari) എന്ന രണ്ടു പ്രേഷിതന്മാരുടെ നാമത്തോടാണു ഘടിപ്പിയ്ക്കപ്പെട്ടിരിക്കുന്നതു്. ഇവർ രണ്ടുപേരുമാണു ''ശ്ലീഹന്മാരുടെ കുർബാന'' എന്ന തലക്കെട്ടിലെ ''ശ്ലീഹന്മാർ.'' ഹട്ടി തോമ്മാശ്ലീഹായുടേയും, മാറി ഹട്ടിയുടേയും ശിഷ്യനാണെന്നു ചില പൌരസ്ത്യസുറിയാനിരേഖകളിൽ കാണുന്നു.[5] വേറെ ചില രേഖകളിൽ ഹട്ടി (Addai – Addaeus – Thaddaeus) നമ്മുടെ കർത്താവിന്റെ 72 ശിഷ്യരിൽ ഒരുവനായിട്ടും പ്രത്യക്ഷനാകുന്നുണ്ടു്.

എദേസ്സായിൽ ഹട്ടി ആദ്യമായി സുവിശേഷപ്രസംഗം ചെയ്തെന്നും, അതു് തോമ്മാശ്ലീഹായുടെ നിർദ്ദേശപ്രകാരം നടന്നെന്നും പൌരസ്ത്യ സുറിയാനിക്കാർ വിശ്വസിയ്ക്കുന്നുണ്ടെന്നു് മുകളിൽ പ്രസ്താവിച്ചുവല്ലൊ. തോമ്മാശ്ലീഹായുടെ വിശുദ്ധാവശിഷ്ടങ്ങൾ ഇൻഡ്യയിൽ നിന്നു എദേസ്സായിലേയ്ക്കു കൊണ്ടുപോകപ്പെട്ട. വി. അപ്രേമിന്റെ നിര്യാണകാലമായ 393 നു മുമ്പു് അവ അവിടെ എത്തുകയും, ശ്ലീഹായുടെ നാമത്തിൽ പണിയപ്പെട്ടിരുന്ന ഒരു വലിയ പള്ളിയിൽ 393–ൽ സാഘോഷം സ്ഥാപിയ്ക്കപ്പെടുകയും ചെയ്തു.[6] ഇതു കൊണ്ടുകൂടിയാണോ എദേസ്സായിൽ വളർച്ച പ്രാപിച്ച പൌരസ്ത്യ സുറിയാനിറീത്തിനെ ''തോമ്മായുടെ നിയമ'' മായി കേരളീയർ പരിഗണിച്ചതു്? കേരളത്തിനു ബന്ധ

4. Fortescue: op. c. p. 140.
5. Khayyath: op. c. p. 164.
6. Chronicon Edessenum: XXXVIII,

മുണ്ടായിരുന്ന പേഷ്യായിലും 'ബാബേലി'ലും ഒരു പക്ഷേ അതു് തോമ്മായുടെ നാമത്തോടു വല്ലവിധത്തിലും ബന്ധപ്പെട്ടിരുന്നെന്നുവരാം. തോമ്മാശ്ലീഹായെ തൽസഭോംഗങ്ങളെല്ലാം തങ്ങളുടെ മദ്ധ്യസ്ഥനും ശ്ലീഹായും ആയി പരിഗണിച്ചുന്നുണ്ടല്ലൊ.

പൌരസ്ത്യസുറിയാനിറീത്തും കേരളവും

16–ാം ശതാബ്ദത്തിനു വളരെ മുമ്പു് പൌരസ്ത്യസുറിയാനിറീത്തു അതിന്റെ വ്യവസ്ഥാപിതവും വികസിതവും ആയ രൂപത്തിൽ കേരളത്തിൽ സ്വീകരിക്കപ്പെട്ടു. തോമ്മായുടേതായിട്ടാണു് കേരളീയർ അതിനെ പരിഗണിച്ചിരുന്നതു്. തോമ്മാശ്ലീഹാ കേരളത്തിൽ കൊണ്ടുവന്ന അവ്യവസ്ഥിതറീത്തുമായി പേരിലെന്നപോലെ കാര്യത്തിലും അതിനു് ഏതോ സാമ്യമുണ്ടായിരുന്നിരിക്കാം. അതു നീക്കംചെയ്തു് അതിന്റെ സ്ഥാനത്തു് ലത്തീൻറീത്തു സ്ഥാപിക്കുവാൻ പോർട്ടുഗീസുകാർ നടത്തിയ പരിശ്രമം കേരളീയർക്കു വരുത്തിയ ഹൃദയവേദന അവർണ്ണനീയമാണു്. ''തോമ്മായുടെ നിയമ''ത്തെ (Lex Thomae) മുറുകെ പിടിക്കുണമെന്നും, അതിനു യാതൊരു ഹാനിയും വരുത്തരുതെന്നും ആയിരുന്നു കേരളീയരുടെ ആഗ്രഹം. ''തോമ്മായുടെ നിയമം'' കത്തോലിയ്ക്കാവിശ്വാസത്തിൽനിന്നു ഭിന്നമായ ഒരു വിശ്വാസമാണെന്നു പോർട്ടുഗീസുകാർ ധരിച്ചുവശായി. എന്നാൽ ''തോമ്മായുടെ നിയമം'' പരിരക്ഷിക്കുവാൻ അതിയായി പരിശ്രമിച്ചിരുന്ന കേരളീയർ അതേ സമയത്തു് മാർപാപ്പായുടെ പരമാധികാരത്തിനു വിധേയരായി പ്രവർത്തിച്ചിരുന്നു. ഇതിൽനിന്നു് ''തോമ്മായുടെ നിയമ''ത്തിനു അവർ കല്പിച്ച അർത്ഥം ഏതെന്നു വിശദമാകുന്നുണ്ടല്ലൊ. അതെ, വിദേശത്തുനിന്നുവന്ന പൌരസ്ത്യ സുറിയാനിറീത്തിന്റെ വ്യവസ്ഥാപിതരൂപത്തെ തോമ്മാക്രിസ്ത്യാനികളായ കേരളീയർ അന്യമോ തങ്ങൾക്കു യോജിക്കാത്തതോ ആയികരുതിയില്ല. അതവർക്കു് ''തോമ്മാശ്ലീഹായുടെ

നിയമ''മായി പരിണമിച്ചു. സെലൂക്കിയായുടേയും പേഷ്യായുടേയും അധീശത്വവും, വിദേശസുറിയാനിക്കാരോടുള്ള വേഴ്ചയും പൌരസ്ത്യസുറിയാനിറീത്തിനെ പ്രത്യേകവിധം സ്നേഹിക്കുവാൻ കേരളീയർക്കു പ്രേരകങ്ങളായിട്ടുണ്ട്. എന്നാൽ തോമ്മാശ്ലീഹായോടുള്ള ആത്മീയബന്ധമായിരിക്കണം അവരെ ഈ സംഗതിയിൽ കൂടുതൽ പ്രേരിപ്പിച്ചിട്ടുള്ളതു്. ''തോമ്മായുടെ നിയമ''ത്തിനു പോർട്ടുഗീസു രേഖകളിൽ കാണുന്ന പ്രാധാന്യം ഈ അനുമാനത്തെ സ്ഥിരീകരിയ്ക്കുന്നു. കേരളീയർക്കു ആരംഭത്തിൽ ലഭിച്ച ''തോമ്മായുടെ റീത്തും'' (അവ്യവസ്ഥിതമായ റീത്തു്) പൌരസ്ത്യസുറിയാനി റീത്തും തമ്മിൽ പ്രത്യേകമായ ഏതോ ബന്ധമുണ്ടായിരിയ്ക്കാമെന്നു് ഇതിൽനിന്നു് ഊഹിയ്ക്കുന്നതോ?

പൌരസ്ത്യസുറിയാനി റീത്തു് വികസിതരൂപത്തിൽ കേരളപ്രവേശനം ചെയ്തതു് എന്നെന്നോ എങ്ങനെയെന്നോ ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. വിദേശത്തു് അതിനുണ്ടായ സ്ഥാനവും വളർച്ചയും പ്രചാരവും ആരംഭം മുതൽ കേരളം അറിഞ്ഞിരിയ്ക്കുവാനിടയുണ്ടു്. ഒറ്റതിരിഞ്ഞുള്ള ഒരു സമൂഹമല്ലായിരുന്ന കേരളത്തിലെ ക്രൈസ്തവസഭ. ബാബേൽ സഭാംഗങ്ങളും നമ്മളും ഇപ്പോഴും ഉപയോഗിക്കുന്ന കാനോൻ ജപത്തിൽ, തോമ്മാശ്ലീഹായുടെ പ്രയത്നഫലമായി ഇൻഡ്യമുഴുവനും സഭകളും (പള്ളികളും) സ്ഥാപിക്കപ്പെട്ടെന്നു കാണുന്നു. 250 നോടടുത്തു് എദേസ്സായിൽ എഴുതപ്പെട്ടെന്നു കരുതുന്ന ''ശ്ലീഹന്മാരുടെ ഉപദേശസംഹിത'' (The Doctrine of the Apostles) എന്ന കൃതിയിൽ ''ഇൻഡ്യയും അതിന്റെ എല്ലാ പ്രദേശങ്ങളും അതിനു ചുറ്റുമുള്ളവയും.... യൂദാ തോമ്മായിൽ നിന്നു്'' പൌരോഹിത്യം സ്വീകരിച്ചു എന്നാണു് പ്രസ്താവിച്ചിട്ടുള്ളതു്.[7] പേഷ്യാ

---

7. 1943–ൽ കാലം ചെയ്ത പാറേമ്മാക്കൽ ബ. മത്തായി ക്കത്തനാരുടെ ഗ്രന്ഥസഞ്ചയത്തിൽ ഈ കൃതിയുടെ ചില ഭാഗങ്ങളും അടങ്ങിയ ഒരു കയ്യെഴുത്തു സുറിയാനിപ്പുസ്തകം ഉണ്ടായി

മുതൽ ഇൻഡ്യയിലേയ്ക്കുള്ള വഴി മുഴവൻ– ''ഇൻഡ്യയുടെ വടക്കു പടിഞ്ഞാറും, പടിഞ്ഞാറും, തെക്കുപടിഞ്ഞാറും ഭാഗങ്ങളും''– 225 ന മുമ്പ് മെത്രാസനങ്ങളും കൊണ്ടു നിറഞ്ഞിരുന്ന (Strewn with bishoprics) എന്നു് ഗവേഷണ പട്ടവായ ഡോ. മിൻഗാനാ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്.[8] ഇൻഡ്യാ പേഷ്യാ മുതലായ രാജ്യങ്ങളും തമ്മിൽ ക്രിസ്ത്വബ്ദാരംഭത്തിനു മുമ്പുതന്നെ കരമാർഗ്ഗേണ കച്ചവടം നടന്നിരുന്നെന്നും ഓക്കേണ്ടതാണു്: ആകയാൽ വിദേശത്തു വളർന്ന ''തോമ്മായുടെ നിയമത്തിനു്'' അഥവാ പൌരസ്ത്യസുറിയാനി റീത്തിനു് 225 ന മുമ്പ് കേരളത്തിൽ പ്രവേശനം ലഭിച്ചെന്നു വരാം. ഇതിലേയ്ക്കു് നായി തൊമ്മന്റെ കാലമെന്നു വിശ്വസിക്കപ്പെടുന്ന 345 വരെയോ ചിലർ വിചാരിയ്ക്കുന്നതുപോലെ ആറാം ശതാബ്ദം വരെയോ കാത്തിരിയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.[9] ഒരു കേന്ദ്രഭരണത്തിൽ പെട്ടവർ ഒരേ റീത്തുമാത്രം സ്വീകരിയ്ക്കണമെന്നു് ഇന്നുള്ളതുപോലെ ഒരു നിർബന്ധം പുരാതനകാലങ്ങളിൽ ഇല്ലായിരുന്നതിനാൽ, പേർഷ്യാബന്ധവും ബാബേൽ ഭരണവും ആരംഭിച്ചതിന്റെ ശേഷം മാത്രമേ പൌരസ്ത്യ സുറിയാനി റീത്തു് അതിന്റെ വൈദേശിക വിശേഷതകളോടുകൂടി കേരളത്തിൽ പ്രവേശിച്ചുള്ള എന്നു തീർത്തു പറയാവുന്ന

രുന്നു. അതു് പരേതനായ പീടിയേയ്ക്കൽ ബ. കൊച്ചേപ്പച്ചന്റെ കൈവശം വരുകയും അതിരമ്പുഴ ലിസ്യൂ ആശ്രമത്തിൽ ഇപ്പോഴും സൂക്ഷിയ്ക്കപ്പെടുകയും ചെയ്യുന്നു. 1598 ലാണു് അതെഴുതപ്പെട്ടതു്. തോമ്മാശ്ലീഹായെപ്പറ്റി മേലുദ്ധരിച്ച ഭാഗം അതിലുണ്ടു്. യാൽദസു് മെൽസാ ആലാഹാ (ദൈവമായ വചനത്തിന്റെ മാതാവു്) എന്നാണു് പ. ക. മറിയത്തെപ്പറ്റി ഈ കയ്യെഴുത്തു പ്രസ്താവിക്കുന്നതു്.

8. Bulletin: John Rynald's Library, July 1926.

9. കുനായി തൊമ്മന്റെ കാലം മുതലാണു് നമ്മുടെ ''സുറിയാനിക്കാർ'' എന്നു വിളിക്കപ്പെട്ട തുടങ്ങിയതെന്നു ചിലർ പറയുന്നതു് വെറും ഊഹം മാത്രമാണു്. കേരളത്തിൽ റീത്തും പ്രചാരത്തിൽ വന്നതോടെ പ്രസ്തുത സംജ്ഞ നടപ്പിൽ വന്നതാകാം.

തല്ല. ആറാം ശതാബ്ദത്തിനുമുമ്പുള്ള ഓലകളോ, ഗ്രന്ഥങ്ങളോ നമ്മുടെ കൈവശമുണ്ടായിരുന്നെങ്കിൽ, സുറിയാനി ലിപികളിലും വ്യാകരണവിധികളിലും അന്നുണ്ടായ വ്യത്യാസങ്ങളും ഒരു പക്ഷേ അവയിൽ കാണാമായിരുന്നു. രണ്ടും മൂന്നും ശതാബ്ദത്തോടെ വിദേശസുറിയാനിക്കാർ കൈവെടിഞ്ഞെന്നു കരുതുന്ന ചില ഉച്ചാരണങ്ങളുംകൂ (എസ്നകർ=എസ്നവർ=ബിസ്മാ ആദിയായവ) കേരളത്തിൽ ഇന്നും പ്രാബല്യമുണ്ട്. [10] കേരളത്തിലെ പുത്തൻകൂറു യാക്കോബായക്കാർ പാശ്ചാത്യസുറിയാനിയാണു് ഇപ്പോഴും ഉപയോഗിക്കുന്നതെങ്കിലും ചില വാക്കുകളും (ശ്ലീഹാ — കുർബാന — കാസാ ആദിയായവ) പൌരസ്ത്യസുറിയാനി രീതിയിൽ ഉച്ചരിച്ചുവരുന്നു. ഒരു കാലത്തു് അവർ പൌരസ്ത്യസുറിയാനി ഉപയോഗിച്ചിരുന്നു എന്നതിനു് ഇതൊരു സ്മാരകലക്ഷ്യമാണു്. താദ്ദശമായ ഒരന്തരീക്ഷത്തിലേയ്ക്കു വിദേശത്തു പ്രചാരമുപഗമിച്ച മുകളിൽ പ്രസ്താവിച്ച ഉച്ചാരണരീതി വഴിതെളിക്കുന്നതായി കരുതുന്നവരുണ്ടു്.

കേരളവും പൌരസ്ത്യ സുറിയാനിയും

കേരളത്തിലെ അവ്യവസ്ഥിതമായ ആദിമ റീത്തു് സുറിയാനിഭാഷയിലാണു് തോമ്മാശ്ലീഹാ സ്ഥാപിച്ചതെങ്കിൽ, പൌരസ്ത്യസുറിയാനി റീത്തിന്റെ വ്യവസ്ഥാപിതരൂപം കേരളത്തിൽ പ്രവേശിച്ചതു് കേരളത്തിലേ ആ ആദിമറീത്തിന്റെ കേവലം സ്വാഭാവികമായ ഒരു

10. എട്ടുകർ, എട്ടുവർ എന്നിങ്ങനെയുള്ള വിദേശോച്ചാരണങ്ങളും കേരളത്തിൽ പ്രവേശിച്ചിട്ടു് 95 കൊല്ലം ഇനിയും പൂർത്തിയായിട്ടില്ല. പുത്തൻപള്ളിയിൽ അച്ചടിച്ച സുറിയാനി പുസ്തകങ്ങളിൽ ഉച്ചാരണം ഈ വിധത്തിൽ രേഖപ്പെടുത്തി തുടങ്ങി. അതിനുള്ള കാരണം അച്ചടിയിൽ സഹകരിച്ച ഇസഹാക്കു് എന്ന വിദേശീയന്റെ സഹകരണവും മൂസലിൽ അടിച്ച സുറിയാനി പുസ്തകങ്ങളും ആകാം. അതോടെ വിദേശോച്ചാരണം നമ്മുടെയിടയിൽ നടപ്പായി തുടങ്ങി. എന്നാൽ പ്രായംചെന്നവരും ചില ചെറുപ്പക്കാരും ഇപ്പോഴും പഴയ മുറ സ്വീകരിക്കുന്നു.

വളർച്ച മാത്രമായിട്ടേ ആയിരുന്നുള്ളു. ഇങ്ങനെ ആ ആദിമ റീത്തു്, വ്യവസ്ഥാപിതമായ പ്രസ്തുത റീത്തിൽ ലയിച്ചെന്നും കരുതാം. അവ്യവസ്ഥിതമായ ആ ആദിമറീത്തിന്റെ യാതൊരവശേഷവും നമ്മുടെ കൈവശമില്ല. അതു് കേരളത്തിൽ വളർന്നു് വ്യവസ്ഥാപിതമായതോ അല്ലാത്തതോ ആയ ഒരു പ്രത്യേക കേരള റീത്തായി തീർന്നിരുന്നുവെന്നു പറയുവാൻ തെളിവുകളും നമുക്കില്ല. അവ്യവസ്ഥിതമായിരുന്നതിനാൽ മിക്കവാറും വാമൊഴിയിൽ അതു പ്രചരിച്ചിരുന്നതായി കരുതാം. ഇന്നത്തെ റീത്തുകർമ്മംപോലെ അതു ദീർഘമോ വികസിതമോ ആയിരുന്നില്ല. അതിന്റെ ഉള്ളടക്കം കുർബാനയ്ക്കും ക്ഷുദ്രാശകർമ്മങ്ങൾക്കും അവശ്യംവേണ്ട മന്ത്രങ്ങളും ക്രിയകളും കുറെ ജപങ്ങളും മാത്രമായിരിക്കുവാനേ മാർഗ്ഗമുള്ളു. യഹൂദന്മാരുണ്ടായിരുന്നിടത്തു് വേദപുസ്തകത്തിലെ ചില ഭാഗങ്ങളും വായിക്കപ്പെട്ടിരുന്നു. വൈദികപദത്തിൽ ഉയർത്തപ്പെട്ടവർ ഇതു ചുരുങ്ങിയ ഒരു റീത്തിൽ ശുശ്രൂഷകർമ്മം നടത്തുവാൻ മാത്രം സുറിയാനി പരിചയമുള്ളവരായിരുന്നെന്നു വന്നാൽ, കേരളത്തിലേ റീത്തുഭാഷ ആരംഭം മുതൽ സുറിയാനിയായിരുന്നെന്നു വിചാരിക്കാവുന്നതാണു്. വേണ്ടത്തക്ക പരിശീലനം നൽകാതെ തോമ്മാശ്ലീഹാ ആരേയും വൈദികപദത്തിൽ ഉയർത്തിയിരിക്കയില്ല.

തോമ്മാശ്ലീഹായുടെ കാലത്തു തന്നെ സുറിയാനി നമ്മുടെ റീത്തുഭാഷയായി തീർന്നുവെന്നു് അഭിപ്രായപ്പെടുന്ന ധാരാളമാളുകൾ ഇന്നു് നമ്മുടെയിടയിലുണ്ടു്. ഇതൊരു നൂതനാഭിപ്രായമല്ല. 1578–ൽ കേരളീയ നസ്രാണികളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു് മൂന്നു് അൽമായ പ്രമുഖന്മാർ 13–ാം ഗ്രീഗോരിയോസു് മാർപ്പാപ്പായിയ്ക്കയച്ച ഒരപേക്ഷയിൽ ഇങ്ങനെ കാണുന്നു:– "....ഞങ്ങളുടെ പ്രാർത്ഥനകൾ (orationes) ഞങ്ങളുടെ നാഥനായവി. തോമ്മാ ഞങ്ങൾക്കു നൽകിയ സുറിയാനി അഥവാ കൽദായ ഭാഷയിലാകുന്നു. (.... lingua syriaca vel chaldaica nobis a Domino nostro Sancto Thoma tradita). ഞങ്ങളും ഞങ്ങളുടെ പൂർവ്വന്മാരും ഈ ഭാഷ

അഭ്യസിച്ചിട്ടുള്ളവരും ആണു്.'' 11 ഇവർ വിദേശ സുറിയാനിക്കാരുടെ സന്താനങ്ങളാണെന്നു് മുമ്പൊരിക്കൽ ആരോ പറഞ്ഞതായി കേട്ടിട്ടുണ്ടു്. എന്നാൽ, വിദേശ സുറിയാനിക്കാക്കു് തോമ്മാശ്ലീഹാ സുറിയാനി ഭാഷ നൽകേണ്ട ആവശ്യമില്ലായിരുന്നു. സുറിയാനിയായിരുന്നല്ലൊ അവരുടെ സംസാരഭാഷ.

ആദിമശതാബ്ദങ്ങളിൽ കേരളീയരുടെയിടയിൽ സുറിയാനിഭാഷയ്ക്കു പ്രചാരമുണ്ടായിരുന്നെങ്കിൽ, മേലുദ്ധരിച്ച പ്രസ്താവന നിസ്സാരമാക്കി തള്ളുവാൻ നിവൃത്തിയില്ല. ഒന്നാം ശതാബ്ദത്തിനു വളരെ മുമ്പു് എജീപ്തു്, സുറിയാ, പേർഷ്യാ—മുതലായ രാജ്യങ്ങളുമായി കേരളം കച്ചവടം നടത്തിയിരുന്നു. ക്രിസ്താബ്ദാരംഭത്തിനു മുമ്പു് പാർത്ത്യൻ സാമ്രാജ്യത്തിൽ പ്രാബല്യം സിദ്ധിച്ച ഒരു ഭാഷയാണു് ''സുറിയാനി''. ആ സാമ്രാജ്യവും കേരളവും തമ്മിൽ ധാരാളം ഗതാഗതവും വ്യാപാരസംസർഗ്ഗവും ഉണ്ടായിരുന്നു. സുറിയാനിയുംപ്പെടെയുള്ള സെമെററിക്കു ഭാഷകളും ദ്രാവിഡഭാഷകളും തമ്മിൽ വിസ്മയനീയമായ സാധർമ്മ്യമുണ്ടെന്നാണു് വൈയാകരണന്മാരുടെ അഭിപ്രായം. പുരാതനങ്ങളായ നമ്മുടെ ''മലയാള'' ലിപികളും, ഫിനീഷ്യൻ ലിപികളിൽ നിന്നുത്ഭവിച്ചവയാണെന്നു് കാരണസഹിതം സമർത്ഥിക്കുന്നവരുണ്ടു്[12]. മലയാളത്തിലെ കിന്നരം, തിമിരം, ത്രാസു്, കപ്പി, അരുളപ്പാടു്, അപ്പൻ, അപ്പം, സാക്ഷാ, കൂപ്പായം, തവണ, അമ്മ അമ്പലം, കീശ, കമ്മീശു്, ക്ലൂശ ആദിയായ അനവധി പദങ്ങളും സുറിയാനിയിൽനിന്നു കടം വാങ്ങിയവയാ

---

11. Giamil, Genuinae Relationes... p. Doe. 22.

12. "We have a permanent record of Phoenician influence in South India in the Vatteluttu alphabet which, according to Dr. Burnell, is "the most ancient Tamil and almost the present Malayalam character".

K. P. Padmanabha Menon, History of Kerala 11. p. 452.

ണെന്നു ഭാഷാഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.[13] ഇവയ്ക്കെല്ലാം പുറമെ ഒന്നാം ശതാബ്ദത്തിൽ കേരളത്തിൽ യൂദന്മാരുണ്ടായിരുന്നെന്നും തോമ്മാശ്ലീഹാ അവരിൽ ചിലരെ മാനസാന്തരപ്പെടുത്തിയെന്നും നമുക്കു പാരമ്പര്യമുണ്ട്. ശ്ലീഹന്മാർ എല്ലായിടത്തും ചെയ്തിരുന്നതുപോലെ തോമ്മാശ്ലീഹാ ഒന്നാമതായി യൂദന്മാരെ ആയിരിക്കണം സമീപിച്ചതു്. മാനസാന്തരപ്പെട്ട യൂദന്മാക്കായി അദ്ദേഹം ദിവ്യകർമ്മങ്ങളും അനുഷ്ഠിച്ചിരിക്കയും വേണം. യൂദന്മാരുടേയും തോമ്മാശ്ലീഹായുടേയും സംസാരഭാഷ സുറിയാനി ആയിരുന്നു. ശ്ലീഹന്മാർ ഓർശ്ലേത്തുവച്ചു സുറിയാനിഭാഷ റീത്തുഭാഷയാക്കിയിട്ടുമുണ്ടു്. ദിവ്യകർമ്മങ്ങളിൽ വായിയ്ക്കേണ്ടതിനു യൂദന്മാരുടെ പക്കൽ വേദപുസ്തകവും ഉണ്ടായിരുന്നു. (യൂദന്മാരുടെ സംഘങ്ങളിൽ (Synagogue) ആരാധന ക്രമപ്പെടുത്തിയിരുന്ന ആളാണു് ഹാസ്സാൻ (hazzan). ഇതായിരിക്കാം നമ്മുടെ ആശാൻ).

---

13. "... it is well to remember at the outset that there has been in historical times a constant and definite connection between India and Syria, and that in fact that connection has been a two-fold one — by a northern and a southern route..." "What is necessary here for us to emphasize again is the outstanding fact that of this most wonderful of transcontinental high roads, the very centre, whether in a liberal or in a metaphorical sense, lies at Peshawar, which was the Clapham Junction of the route, where the wealth of India was met by that both of China and of Syria; and where caravans from the ends of the world met and transhipped their loads"... "Perhaps it helps us to remember that this was the extent of the Persian Empire founded by Cyrus (558–530 B. C.) and that Aramaic was its common language of commerce, the lingua franca which linked the middle man of Peshawar with the merchant-princes of Antioch. Indeed, the parent Indian script, from which all our alphabets are derived, "Brahmi" is nothing but a modification of the Phoenician script, Phoenician in its turn being but a dialect of Hebrew. "Kharoshthi", another ancient Indian script

ഇങ്ങനെയെല്ലാം ആലോചിക്കുമ്പോൾ, തോമ്മാ ശ്ലീഹായുടെ കാലത്തു കേരളത്തിൽ സുറിയാനി ഏറെ ക്കുറെ ഉപയോഗഭാഷ (lingua franca) യായിരുന്നെന്നു കരുതാവുന്നതാണു്. റോമ്മായിലേ സംസാരഭാഷ പൂണ്ണ വളർച്ച പ്രാപിച്ചുകഴിഞ്ഞിരുന്ന ലത്തീൻ ആയിരുന്നെ ങ്കിലും, ഗ്രീക്കു് ആയിരുന്ന അവിടത്തേ ആദിമറീത്തു ഭാഷ. ഗ്രീക്കു് അവിടെ ഉപയോഗഭാഷയായിരുന്നതു കൊണ്ടു കൂടിയുമാണു് അവിടെ അതു റീത്തുഭാഷയായി തീർന്നതു്. ഈ സ്ഥിതിക്കു് കേരളത്തിലേ ആദിമ റീത്തുഭാഷ സുറിയാനിയായിരുന്നെന്നുള്ള അഭിപ്രായം സ്വീകാര്യമല്ലെന്നു വരാവുന്നതല്ല. സംസാരഭാഷയിൽ നിന്നു വിഭിന്നമായ വേറൊരുഭാഷ വൈദികകർമ്മങ്ങൾ ക്കായി ഉപയോഗിക്കുന്നതിൽ ഒട്ടും വിമുഖരല്ലല്ലൊ ഇൻ ഡ്യാക്കാർ. തോമ്മായുടെ ആദിമ റീത്തു് നാട്ടുഭാഷയി ലാണു് കേരളത്തിൽ പ്രചരിച്ചിരുന്നതെങ്കിൽ, തോമ്മാ യിൽനിന്നു ആ റീത്തു് നേരിട്ടു സ്വീകരിച്ച തോമ്മാ ക്രിസ്ത്യാനികൾ വിദേശഭാഷയിൽ വളരെ കഴിഞ്ഞു മാത്രം പ്രത്യക്ഷമായ പൌരസ്ത്യ സുറിയാനി റീത്തു സ്വീ കരിച്ചു് അതിനെ സംരക്ഷിക്കുവാൻ മേൽ പ്രസ്താവിച്ച തുപോലെ പരിശ്രമിക്കുമായിരുന്നോ എന്നും ചിന്തിക്കേ

(written from right to left, unlike "Brahmi") came later and was a variety of the Aramaic script, introduced in the VIth century into Gandhara (capital Purushapura, i. e. Peshawar), when Cyrus turned that country into a province of this empire. Now, Aramaic gradually developed into Syriac, as Sanskrit into Prakrit or Early into Middle English; and seeing that Syriac is the hieratic language of the church we are enquiring into, and that some of her priests can use it even still for private conversation, it is indeed curious to think that 2500 years ago there was spoken in Peshwar the very language which in these our own days natives of Travancore, at the other end of the continent, would be quite able to follow still"... "Let us now add that under his son, Darius, the province south of Gandhara, "India" i. e. Sindh, likewise was incorporated (in 516 B. C.)

ണ്ടതാണ്. എജീപ്തിലും റോമ്മായിലും പുരാതനമായിരുന്ന റീത്തുഭാഷയുടെ സ്ഥാനത്തു് നാട്ടുഭാഷ സ്വീകരിക്കപ്പെട്ടകയാണല്ലൊ ഉണ്ടായതു്. ഈ സ്ഥിതിക്കു് നാട്ടുഭാഷതന്നെ പുരാതനമായി റീത്തുഭാഷയായി ഉപയോഗിച്ചിരുന്ന കേരളീയർ പിന്നീടു് അതുപേക്ഷിച്ചു കളഞ്ഞുവോ?

തോമ്മാശ്ലീഹാ കേരളത്തിൽ ദ്രാവിഡറീത്തു സ്ഥാപിച്ചെന്നല്ലാതെ, സംസ്കൃതറീത്തു സ്ഥാപിച്ചെന്നു് നമ്മുടെയിടയിൽ ആരും വാദിച്ചുകേട്ടിട്ടില്ല. ശ്ലീഹാ അനേകം നമ്പൂതിരി ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തിയെന്നും അവരിൽ ചിലരെ വൈദികപദത്തിലുയർത്തിയെന്നും നമ്മുടെ പാരമ്പര്യം ഘോഷിക്കുന്ന സ്ഥിതിക്കു് സംസ്കൃതറീത്തിനു് എന്തുകൊണ്ടു് സ്ഥാനമില്ലാതെപോയി?

---

into the Persian Empire and that both remained Persian until Alexander the Great (+ 323 B. C.) conquered Persia, and with it of course its Eastern, Indian provinces: to the "Indus line" to use the languages of modern strategy"... "That commercial relations between Chaldea and Malabar go back at least to the VIIth century B. C. is evident from the teak beams etc. found in the ruins of Chaldea and it is quite likely that the Sumerian founders of Babylonia themselves were of Dravidian stock (Vide E. B. Havell's History of Aryan Rule in India. p. 129). This intercourse continued down the centuries; for the "Periplus" (written Circa A. D. 90.) still reports that "at the mouth of the Euphrates was the harbour Apologus, where sandal wood, teak and ebony is imported from Barygaza" (Broach). (See H. G. Rawlinson's Intercourse between Indian and the Western World. Cambridge, 1916. p. 113)". Dr. H. C. E. Zacharias, The Church of Saints Thomas and Bartholomew in Malabar. Pax, Spring 1928, pp. 9, 12, 13, 19.

മൂന്നാം അദ്ധ്യായം

പതിനാറാം ശതാബ്ദത്തിനുമുമ്പ്

റീത്തു്, സെലൂക്കിയാ, ഇൻഡ്യാ

പതിനാറാം ശതാബ്ദത്തിൽ പോർട്ടുഗീസുകാർ ഇവിടെ വന്നപ്പോഴേ വിദേശത്തു വ്യവസ്ഥാപിതരൂപം സ്വീകരിച്ച പൌരസ്ത്യസുറിയാനിറീത്തു അതേ ഭാഷയിൽ നമ്മെ ഉപയോഗിച്ചിരുന്നു. എദേസ്സായിലാണു് ഈ റീത്തു് പ്രധാനമായി വളർച്ച പ്രാപിച്ചതു്. സെലൂക്കിയാ (ബാബേൽ) യിലും പേഷ്യായിലും ആദിമകാലത്തുതന്നെ ഇതിനു പ്രചാരം സിദ്ധിച്ചു. ആറാം ശതാബ്ദത്തിനുമുമ്പു് എദേസ്സായുടെ പ്രശസ്തി ക്ഷയിച്ചുകയും, അഞ്ചാം ശതാബ്ദത്തിൽ (410) പേഷ്യാ സെലൂക്കിയായുടെ മേലദ്ധികാരം സ്വീകരിച്ചുകയും ചെയ്തതിനാൽ സെലൂക്കിയാ പൌരസ്ത്യ സുറിയാനി റീത്തിന്റെ കേന്ദ്രസ്ഥാനമായിതീർന്നു. ആരംഭകാലങ്ങളിൽ പേഷ്യാ മുഖേനയായിരുന്നു ഇൻഡ്യാ സെലൂക്കിയാബന്ധം പുലർത്തിക്കൊണ്ടിരുന്നതു്. ഇൻഡ്യാ പേഷ്യായുമായി ബന്ധപ്പെട്ടതു എന്നെന്നും എങ്ങനെയെന്നും നിശ്ചയമില്ല.

പേഷ്യാ സെലൂക്കിയാച്ചുകീഴ്പെട്ടെങ്കിലും അവസരം ലഭിച്ചപ്പോഴെല്ലാം മത്സരം പ്രദർശിപ്പിച്ചിരുന്നു. തന്നിമിത്തം ഇൻഡ്യയിൽ ചിലപ്പോഴേ (പേർഷ്യായിൽനിന്നുള്ള) മെത്രാന്മാർ ഇല്ലാതെപോലും വന്നിട്ടുണ്ടു്.[1]

പേഷ്യായുടെ മത്സരം നിമിത്തം 10—ാം ശതാബ്ദത്തിനുമുമ്പു് സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷന്മാർ

---

1. Letter of Jesuyahb to Simon of Yakut, 7 th c.

ഇൻഡ്യയ്ക്കു ഒരു മെത്രാപ്പോലീത്തായെ നൽകുകയും (മെത്രോപ്പോലീത്താ ഉതറ്ആ ദ്കൊല്ലാ ഹെൻദോ) ഇൻഡ്യാ തങ്ങളുടെ നേരെ കീഴിൽ ഇരിയ്ക്കുണമെന്നു തീരുമാനിയ്ക്കുകയും ചെയ്തു.[2] 14–ാം ശതാബ്ദത്തോടെ പേർഷ്യാസഭ നാമാവശേഷമായിതീർന്നു. സെലൂക്കിയായിൽ നിന്നു ഇൻഡ്യയ്ക്കു ഒരു മെത്രാപ്പോലീത്താ നിയമിതനാകുന്നതിനു മുമ്പു് സെലൂക്കിയൻ ഭരണാധികാരികളുടെയിടയ്ക്കിടെ ഇൻഡ്യയിലേയ്ക്കു മെത്രാന്മാരെ നേരിട്ടയച്ചിരുന്നതായും രേഖയുണ്ടു്.

പൌരസ്ത്യ സുറിയാനിറീത്തിന്റെ വളർച്ച

എദേസ്സായിൽ പ്രധാനമായി വളർന്നു് വ്യവസ്ഥാപിതരൂപം സ്വീകരിച്ച പൌരസ്ത്യസുറിയാനിറീത്തിനെ സെലൂക്കിയായിലേ വൈദികാദ്ധ്യക്ഷന്മാർ പല പ്രകാരേണയും പുഷ്ടിപ്പെടുത്തിയിട്ടുണ്ടു്. 410–ൽ സെലൂക്കിയായിൽ സമ്മേളിച്ച സൂനഹദോസിൽ വൈദിക ശ്രേഷ്ഠയിൽ ഐക്യം പാലിയ്ക്കുണമെന്നും സെലൂക്കിയായിലെരീതി എല്ലാവരും സ്വീകരിയ്ക്കുണമെന്നും തീരുമാനിക്കപ്പെട്ടു.[3] ഈ സൂനഹദോസിൽവച്ചാണു് പേർഷ്യാ സെലൂക്കിയായുടെ മേലധികാരം അംഗീകരിച്ചതു്. ആരംഭംമുതൽതന്നെ ഞായറാഴ്ചകളിലും ചില പ്രത്യേക ദിവസങ്ങളിലും ക്ഷേപിപൂവ്വം ജപിച്ചുവന്നിരുന്ന ദാവീദിന്റെ സങ്കീർത്തനങ്ങളോടു് സെലൂക്കിയായിലേ മാർ ആബാ കാതോലിക്കോസു് († 552) കാനോനാകരം (Scholia) എന്ന ഭാഗം കൂട്ടിച്ചേർത്തു.[4] സങ്കീർത്തനങ്ങളോടുകൂടി മേൽപറഞ്ഞ മാർ ആബാ, വേദസാക്ഷിയായ ശെമഒൻ ബർസബായെ മുതലായവർ മറ്റു പല ജപ

---

2. Cf. Asseman, B. O. II. 433; Bar Hebraeus, Chronicon II. 172.

3. Chabot, Synodicon Orientale; J. A. Asseman, De Catholicis seu Patriarchis Chaldaeorum et Nestorianorum Commentarius. p. 26.

4. J. A. Asseman: ibidem.

ങ്ങളും ചേർത്തു കാനോൻ ജപം നിർമ്മിച്ചു.[5] പട്ടം കൊടുക്കുന്ന ശുശ്രൂഷകളും സംബന്ധിച്ചും മാർ ആബാ ചിലതെല്ലാം ചെയ്തിട്ടുണ്ടെന്നു തോന്നുന്നു. വേദപുസ്തകത്തിന്റെ ചില ഭാഗങ്ങളുംപ്പെടെ പല ഗ്രീക്കുകൃതികളും ഇദ്ദേഹം സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്തു. നെസ്തോറീസിന്റെ നാമത്തിലുള്ള ഒരു കുർബാനക്രമം ഗ്രീക്കിൽ നിന്നു മാർ ആബാ പരിഭാഷപ്പെടുത്തിയെന്നു പറയുന്നതിൽ സംശയത്തിനു വഴിയുണ്ടു്. നെസ്തോറിയക്കാർ വണങ്ങുന്ന തീയദോറിന്റേയും, ദിയദോറിന്റേയും (?) നെസ്തോറീസിന്റേയും (ബർസൌമ്മായുടേയും ?) നാമങ്ങളോടു ഘടിപ്പിയ്ക്കപ്പെട്ട കുർബാനക്രമങ്ങളും പൌരസ്ത്യ സുറിയാനിസഭയിൽ പിൽക്കാലത്തു പ്രത്യക്ഷമായി. വി. ക്രിസോസ്തോമോസിന്റേയും (?) വി. ബസേലീസിന്റേയും ഗ്രീക്കുകുർബാനക്രമങ്ങളെ അടിസ്ഥാനമാക്കി മാർ ആബാ രചിച്ചിട്ടുള്ളവയത്രേ ഇവയിൽ രണ്ടെണ്ണം (ഒരെണ്ണം?) എന്നു ചിലർ അഭിപ്രായപ്പെടുന്നു.[5a] ''രണ്ടാമത്തേയും മൂന്നാമത്തേയും കുർബാനകളും'' എന്നു് രണ്ടെണ്ണത്തിനു പേരുണ്ടു്. നമ്മളും ഇപ്പോളും ഉപയോഗിയ്ക്കുന്നതും ''ശ്ലീഹന്മാരുടെ കുർബാന'' എന്നറിയപ്പെടുന്നതും ആയ കുർബാനക്രമം ''ഒന്നാമത്തേതു്'' എന്നാണു് വിളിയ്ക്കപ്പെടുന്നതു്. ''ഒന്നാമത്തേതു്'' (ദ്ഹ്രയൂ കദ്മായാ) എന്നു് അതിന്റെ തലക്കെട്ടോടുകൂടി കാണുന്ന വിശേഷണം, മേൽപ്രസ്താവിച്ച രണ്ടെണ്ണം ഉൾപ്പെടെയും മൂന്നു കുർബാനക്രമങ്ങളിൽ ഒന്നാമത്തേതു് എന്ന അർത്ഥം മാത്രമേ ദ്യോതിപ്പിയ്ക്കുന്നുള്ളു. നമ്മളും ഇപ്പോളും ഉപയോഗിക്കുന്ന കുർബാനയിൽ ''ലഃഏൽ നെഹവോൻ മദ് അയിക്കോൻ'' എന്നതിനുപകരം ചില ദിവസങ്ങളിൽ ചിലർ ''ലഃ ഏൽബമ്റൌമ്മെ എല്ലായെ....'' എന്നു പാടുന്നഭാഗം രണ്ടാമത്തേയും മൂന്നാമത്തേയും കുർബാനകളിലുള്ളതാണു്.

---

5. Patriarch Peter Elias, Breviarium Chaldaicum, 1887 preface.

5ª. Mar Abba''receiving baptizm at Herta (al–Hirah) from a teacher named Joseph: went for the purpose of

ഈശോയബ് പാത്രിയക്കീസു († 660) മാമ്മോദീസാ, കുമ്പസാരം, 6 പട്ടം, പള്ളികൂദാശ മുതലായവയുള്ള ശുശ്രൂഷകം ക്രമപ്പെടുത്തി. മാമ്മോദീസാ ശുശ്രൂഷയിൽ മുമ്പിലത്തെ ഒപ്പുശ്മായും ഉംപ്പെട്ടുന്നുണ്ട്. റാസദ്ശുമലായാ (പൂർത്തീകരണത്തിന്റെ കൂദാശ) എന്നാണ് മുമ്പിലത്തെ ഒപ്പുശ്മാ വിളിയ്ക്കപ്പെടുക. പട്ടത്തിന്റെ ശുശ്രൂഷ (കിറത്തോനിയാ 773–ൽ മുമ്പ് ന്സീബിനിലെ (Nisibis) കെവുപ്രിയാനോസ്, യാക്കോബുപാത്രിയക്കീസിന്റെ മേൽനോട്ടത്തിൽ കുറേക്കൂടി പരിഷ്കരിച്ചു. യാക്കോബ്, കെവുപ്രിയാൻ, മർ ആബാ, ബസ്രായിലെ ഗബ്രിയേൽ എന്നിവരുടെ പേരിൽ ഇതു അറിയപ്പെടാറുണ്ട്. ഈശോയബ് തന്നെയാണ് ദൈവാലയ

---

study to Nisibis and afterwards to Edessa, where he and his teacher Thomas translated into Syriac the liturgy of Nestorius" (Dr. Wright: A Short History of Syriac Literature, pp. 116, 117). മാർ ആബാ 530 (536) മുതൽ 552 വരെ സെലൂക്കായാ സഭയെ ഭരിച്ചു.

6. 1613–ൽ എഴുതിയ ഒരു സുറിയാനി കൈയ്യെഴുത്തു പുസ്തകത്തിൽ പഴയരീതിയിലുള്ള കുമ്പസാരക്രമം വിവരിച്ചിട്ടുണ്ട്. അതിന്റെ സംഗ്രഹം ഇങ്ങനെയാണ്. എല്ലാവരും വലിയനോമ്പിലും 25 നോമ്പിലും കുമ്പസാരിക്കണം. അന്നതാപി മഹറോനിലോ മറ്റോ വീണിട്ടുണ്ടെങ്കിൽ അവ വിമോചിക്കുവാനുള്ള പ്രാർത്ഥന പട്ടക്കാരൻ ചൊല്ലികഴിയുന്നതോടെ, അയാൾ പാപങ്ങളും വെളിപ്പെടുത്തുന്നു; തുടർന്നു പാപങ്ങളുടെ തരവ്യത്യാസം സംബന്ധിച്ചും മറ്റും പട്ടക്കാരൻ ഓരോന്നു് അയാളോടു ചോദിക്കുന്നു; അവസാനത്തിൽ അന്നതാപിയുടെ ''തലയുടെ മുകളിൽ'' ''ജീവനുള്ള ദൈവത്തിന്റെ പുത്രനായ നമ്മുടെ കർത്താവു് ഈശോമ്ശിഹാ നിന്നെ വിമോചിക്കുന്നു....'' എന്നിങ്ങനെ പട്ടക്കാരൻ ഉച്ചരിക്കുന്നു.

റമ്പാൻ യ�ൗസേപ്പു ക്സനായാ എന്നൊരാളും ഓർശ്ലെത്തുവച്ചു് എഴുതിയ കയ്യെഴുത്തു പുസ്തകത്തിന്റെ ഒടുവിൽ പകർപ്പെഴുത്തുകാരൻ ചേർത്ത ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്.

Cf. J. A. Asseman op. c. p. 206.

ഗാനങ്ങളും കാനോൻ ജപത്തിലെ ചില ഭാഗങ്ങളും (ഹ്രാ) ക്രമപ്പെടുത്തിയതു്.7

വി. അപ്രേമിന്റെ കൃതികളാണു് കാനോൻ ജപത്തിലേയും മരിച്ചവരുടെ ഒപ്പീസിലേയും ഗണ്യമായ ഒരു ഭാഗം.8 ഏഴാം ശതാബ്ദത്തിന്റെ അവസാനത്തോടെ മാർ അബ്രാഹമിന്റേയും മാർ ഗബ്രിയേലിന്റേയും ആശ്രമത്തിൽവച്ചു് (ദയറാ എല്ലായിത്താ) കാനോൻ ജപം മുഴുവനും പൂർണ്ണരൂപം സ്വീകരിച്ചു. പിന്നീടു് ഓരോ യാമപ്രാർത്ഥനകളും മറ്റും അതിനോടു കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടു്.

ഒടുവിലത്തെ ഒപ്പുശ്മാ സംബന്ധിച്ചുള്ള വിശദീകരണങ്ങൾ അർബെലിലേ ഗീവറുഗീസിന്റെ (?) കൃതികളിൽ (9—ാം ശതാബ്ദം) കാണാവുന്നതാണു്.9 സ്ബോനിലേ അവുദീശോയെപ്പോലെയുള്ള (13—ാം ശതാബ്ദം)

---

7. J. A. Asseman, op. c. pp. 47–68.

സംഗീതത്തിൽ സ്വരവ്യത്യാസം രേഖപ്പെടുത്തുന്നതിലേയ്ക്കു് പദാംശങ്ങളുടെ മുകളിൽ കുത്തതും ചുവന്നതുമായ ചെറുവരകും ഇടുകയായിരുന്നു പതിവു്. ഇങ്ങനെ അടയാളപ്പെടുത്തിയിട്ടുള്ള ചില പുസ്തകങ്ങൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ടു്. 1734—ൽ അന്നത്തെ പുത്തൻകൂറുകാരുടെ ഉപയോഗത്തിനായി മുളന്തുരുത്തിൽവച്ചു എഴുതിത്തീർത്ത ഒരു കൽദായ കാനോൻ ജപപ്പുസ്തകത്തിൽ ഈവിധത്തിലുള്ള അടയാളങ്ങൾ കാണാവുന്നതാണു്. താളം കുറിയ്ക്കുവാനുള്ള (നേമ്സാ) ഒരു വെറും ശബ്ദമാണു് ''ഈങ്ങാ'' പകരം ''ഏയാ'' എന്നും വിദേശീയർ പാടാറുണ്ടു്.

8. ലത്തീൻറീത്തിലെ ചില കീർത്തനങ്ങൾ (antiphonia liturgica cum suis canticis et pompis) വി. അപ്രേമിന്റെ കൃതികളിൽനിന്നു് കോൺസ്റ്റാന്റിനോപ്പിളിലും, അവിടെനിന്നു മിലാനിലും, മിലാനിൽനിന്നു് ഇറലിയിലെ എല്ലാ സ്ഥലങ്ങളിലും പ്രചരിച്ചു എന്നു് 15–ാം ബെനദിക്തോസു മാർപ്പാപ്പാ പ്രസ്താവിച്ചുന്നു. ഗ്രിഗോരിയൻ സംഗീതരീതിയും വി. അപ്രേമിൽനിന്നാണെന്നത്രേ മാർപ്പാപ്പാ പറയുന്നതു്.

Principi Apostolorum Petro, Oct. 5, 1920.

9. Quaesita'de Baptizmo, 42, alibi: Raulin, Historia Ecclesiae Malabaricae cum Synodo Diamperitana, p 177

ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നു വിവാഹം സംബന്ധിച്ചുള്ള ശുശ്രൂഷകളുടെ സ്വഭാവം ഗ്രഹിയ്ക്കാം. സെലൂക്കിയാ സഭയുടെ സൂനഹദോസുകളിലെ നിശ്ചയങ്ങളും, കാനോൻ നിയമങ്ങളും, ആ സഭാംഗങ്ങളിൽ ചിലരുടെ കൃതികളും ആദിയായവയിൽ റീത്തുസംബന്ധിച്ച് പല പ്രസ്താവനകളും അടങ്ങിയിട്ടുണ്ട്. പ്രദക്ഷിണം, സങ്കീർത്തനങ്ങളും ചൊല്ലേണ്ട രീതി, കുർബാന അർപ്പിയ്ക്കേണ്ട ദിവസങ്ങളും, സമയം, വൈദിക സംഗീതം, മദ്ബഹായുടെ അലങ്കാരങ്ങളും, കാനോൻജപത്തിലേ സ്തുതിപ്പുകളും ഇങ്ങനെ ഓരോ സംഗതികളും സംബന്ധിച്ച് പാത്രിയർക്കീസുമാർ ഓരോ കാലത്തു് ഓരോ നിയമങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.10

ഇങ്ങനെ 13–ാം ശതാബ്ദത്തിനുമുമ്പ് പൌരസ്ത്യ സുറിയാനി റീത്തു് എല്ലാ വിധത്തിലും പരിപുഷ്ടമാക്കപ്പെട്ടു. നോമ്പു്, ഉപവാസം, തിരുനാളുകളും ആദിയായവ സകലതും ഈ സമയംകൊണ്ടു് ക്രമപ്രകാരം സ്വീകരിച്ചു. ഹാസ്സിയേൽ പാത്രിയർക്കീസിന്റെ കാലത്തു് († 577) മൂന്നു നോമ്പു് ക്രമപ്പെടുത്തപ്പെട്ടു.11 699–ൽ മരണംപ്രാപിച്ച ഹന്നനീശോ പാത്രിയർക്കീസു് കന്യകകളുടെ നോമ്പു് നടപ്പിൽ വരുത്തി.12 പൌരസ്ത്യ സുറിയാനി റീത്തിൽ ശ്രദ്ധപതിച്ചിട്ടുള്ള വൈദികാദ്ധ്യക്ഷന്മാരിൽ ഒട്ടും അപ്രധാനനല്ല മഹാനായ മാർ തീമാസെഓസു് († 870).

നോമ്പുകളിലും, കാനോൻ ജപത്തിലും, മരിച്ചവരുടെ ഒപ്പീസിലും, പാശ്ചാത്യ സുറിയാനിറീത്തിനോടും,

---

10. Cf. J. A. Asseman, op. c. passim. കാനോൻ ജപത്തിലെ സ്തുതിപ്പുകളുംപോലെ കുർബാനയിലെ ഗ്രന്ഥാമ്മകളും മറ്റു ചില ജപങ്ങളും ഓരോ കാലത്തു നിർമ്മിയ്ക്കപ്പെടുകയുണ്ടായിട്ടുണ്ട്. എട്ടാം ശതാബ്ദത്തിൽ, സ്ലീബാസ്ക്കാ പാത്രിയർക്കീസിന്റെ കാലത്തു് ഗബിൽത്തായിലെ ബാബയി എന്നൊരാളും വൈദികസംഗീതങ്ങളും പരിഷ്ക്കരിച്ചു. (Catholic Encyclopedia: Syriac Language and Literature)

11. Ibidem. p. 32.

12. Ibidem. p. 57.

വൈദികവസ്ത്രങ്ങളിൽ ഗ്രീക്കുരീത്തിനോടും പൌരസ്ത്യ സുറിയാനിരീത്തു പൊതുവേ സാമ്യംവഹിയ്ക്കുന്നുണ്ടു്. എദേസ്സാ, സെലൂക്കിയാ മുതലായ സഭകളും അന്തിയോക്കിയായോടു ബന്ധപ്പെട്ടിരുന്നതിനാലായിരിയ്ക്കാം പൌരസ്ത്യ സുറിയാനിപ്പഞ്ചാംഗത്തിൽ അന്തിയോക്കിയാമയം കാണുന്നതു്. ഈ രീത്തിന്റെ വിവിധ ഭാഗങ്ങളെ സംബന്ധിച്ചുള്ള വിവരണങ്ങളും ഇവിടെ വിട്ടുകളയുന്നു. (പതിന്നാലാം അദ്ധ്യായം കാണുക.)

പൌരസ്ത്യസുറിയാനിരീത്തും കലർപ്പും

സ്വന്തം പ്രകൃതിയ്ക്കു ഭംഗംവരാതെ, പുരാതന രീത്തുകളെല്ലാം അന്യരീത്തുകളുംകൊണ്ടു് പുഷ്ടിപ്പെട്ടിട്ടുണ്ടു്. എന്നാൽ കലർപ്പുകുറഞ്ഞ രീത്തുകളിൽ ഒന്നാണു് പൌരസ്ത്യസുറിയാനി രീത്തു്. അതിൽ കേന്ദ്രസ്ഥാനം വഹിക്കുന്ന ''ശ്ലീഹന്മാരുടെ കുർബാന'' മറ്റു കുർബാനകളിൽനിന്നു് സാരമായി വ്യത്യാസപ്പെട്ടതാണു്. പൌരസ്ത്യകുർബാനകളുടെയെല്ലാം മാതൃസ്ഥാനം അന്തിയോക്കിയൻ (Jerusalem - Antiochean of St. James) കുർബാനയ്ക്കാണെന്നു പൊതുവെ ഒരു വയ്പുള്ളതൊഴിച്ചാൽ, കാര്യത്തിൽ സ്വതന്ത്രമായ ഒന്നാണു് ''ശ്ലീഹന്മാരുടെ കുർബാന''.[13] ''ഈ കുർബാന മറ്റു് എല്ലാ കുർബാനകളേയുംകാളും നല്ലതാണെന്നും (optima)'', ''വ്യാജാനകരണത്തിനു് എളുപ്പത്തിൽ വിധേയമാകാതെ, പുരാതനത്വത്തിനു സ്വന്തമായ പരിപാവനമായ ആ അകൃത്രിമപ്രകൃതി എല്ലാത്തിലും ഇതു പ്രദർശിപ്പിയ്ക്കുന്നുണ്ടെന്നും'', ഇതിന്റെ ''പ്രധാനഭാഗം മുഴുവനും ശ്ലീഹന്മാരുടെ കാലത്തോടു ബന്ധപ്പെട്ടതാണെന്നു് ശ്രദ്ധാപൂർവ്വം ഇതു വായിയ്ക്കുന്ന ഏവനും ബോദ്ധ്യമാകുന്നതാണു്. അതു ഭക്തിചൈതന്യവും, പരിശുദ്ധാത്മാവിലുള്ള മാധുര്യവും, അന്യാദൃശമായ നിഷ്കളങ്കതയും

13. Fortescue. op. c. p. 141.

ഇതിലുണ്ടെന്നും'' റോളിൻ പ്രസ്താവിയ്ക്കുന്നു.14 ഇത്ര വിശിഷ്ടമായ കുർബാനക്രമത്തെ അനുകരിച്ചാണു് ഈ റീത്തിലെ മറ്റു ശുശ്രൂഷകളെല്ലാം ഉണ്ടായിട്ടുള്ളതെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഈ കാരണത്താൽ, ക്രൈസ്തവവിശ്വാസം സംബന്ധിച്ചു് നിഷ്പക്ഷങ്ങളായ ധാരാളം തെളിവുകൾ പ്രദാനംചെയ്യുവാൻ പൌരസ്ത്യ സുറിയാനി റീത്തിനു സാധിയ്ക്കുമെന്നു് അകത്തോലിയ്ക്കരും സമ്മതിയ്ക്കുന്നു.15

പൌരസ്ത്യസുറിയാനി റീത്തും നെസ്തോറിയത്വവും

ആറാം ശതാബ്ദത്തോടെ സെലൂക്കിയാസഭ നെസ്തോറിയത്വത്തിൽ നിപതിച്ചു. പൌരസ്ത്യ സുറിയാനി റീത്തു പരിപുഷ്ടമാക്കിയ വൈദികാദ്ധ്യക്ഷന്മാർ പൊതുവെ നെസ്തോറിയൻ ചാച്ചിലുള്ളവരായിരുന്നതിനാൽ, നെസ്തോറീസു്, തീയഡോർ ആദിയായവരുടെ നാമങ്ങൾക്കും ആശയങ്ങൾക്കും, നർസൈയെപോലെയുള്ളവരുടെ കൃതികൾക്കും വൈദികശുശ്രൂഷകളിൽ സ്ഥാനം ലഭിയ്ക്കുവാനിടയായി. നെസ്തോറീസിന്റെയും നർസൈയുടേയും ബർസൌമ്മായുടേയും പേരിൽ കുർബാനയുണ്ടായിരുന്നെന്നു പറയുന്നുണ്ടു്. എന്നാൽ നെസ്തോറിയത്വം സെലൂക്കിയായിൽ പ്രവേശിയ്ക്കുന്നതിനു വളരെമുമ്പു് പൌരസ്ത്യസുറിയാനി റീത്തു് വ്യവസ്ഥാപിത രൂപം സ്വീകരിച്ചുകഴിഞ്ഞിരുന്നു. കൂടാതെയും, നെസ്തോറിയത്വത്തിൽ നിപതിച്ച സെലൂക്കിയാസഭ, റോമാ മാർപാപ്പായുടെ പരമാധികാരം ഔദ്യോഗികമായി സ്വീകരിച്ചു് അതിനു സ്വയം വിധേയമാണെന്നു് സദാ പ്രസ്താവിച്ചിരുന്നു. റീത്തിനെ പുഷ്ടിപ്പെടുത്തിയ വൈദികാദ്ധ്യക്ഷന്മാരും ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തിയിട്ടുണ്ടു്.16

---

14. Raulin. op. c. pp. 289, 290.

15. H. S. Scott. The Eastern Churches and the Papacy, p. 58.

16. ''കുനൻകുരിശിനു മുമ്പു്'' എന്ന പുസ്തകം കാണുക.

ഈ റീത്ത് സ്വീകരിച്ചിട്ടുള്ള സഭകൾ

വിദേശത്തും തുശ്രൂരും ഉള്ള നെസ്റ്റോറിയൻകാരും, കത്തോലിയ്ക്കരായ ബാബേൽ സഭാംഗങ്ങളും പുരാതനമായ പൌരസ്ത്യ സുറിയാനി റീത്താണ ഇപ്പോഴും ഉപയോഗിയ്ക്കുന്നത്. 15–ാം ശതാബ്ദത്തോടെ ''കൽദായ റീത്ത്'' എന്നും ഇത വിളിയ്ക്കപ്പെട്ടുതുടങ്ങി. നെസ്റ്റോറിയത്വമുള്ള ഭാഗങ്ങളെല്ലാം ഇതിൽനിന്നു കത്തോലിയ്ക്കർ വിട്ടുകളയുന്നു. ഇടക്കാലത്തു സ്വീകരിച്ച ലത്തീൻ സമ്പ്രദായങ്ങളും അവർ നീക്കംചെയ്തവരുകയാണ്. തുശ്രൂരുള്ള നെസ്റ്റോറിയക്കാരാകട്ടെ, 1874–നു ശേഷം മാത്രം നമ്മിൽനിന്നു പിരിഞ്ഞവരാകയാൽ നമ്മുടെ പക്കലുള്ള ചിലലത്തീൻ ക്രമങ്ങൾവച്ചു സൂക്ഷിയ്ക്കുന്നുണ്ട്. നമ്മുടെ കൈവശമുള്ള പൌരസ്ത്യ സുറിയാനിറീത്ത് പലവിധത്തിലുള്ള മാറ്റങ്ങൾക്കധീനമായിതീർന്നു.

ഈ റീത്തിന്റെ വിശേഷത

പൌരസ്ത്യസുറിയാനി റീത്തിന്റെ പ്രകൃതി ശരിയായി ഗ്രഹിച്ചിട്ടുള്ളവരെല്ലാം അതിനെ മുക്തകണ്ഠം പ്രശംസിയ്ക്കുമാത്രമേ ചെയ്തിട്ടുള്ളൂ. ബാബേൽ സഭാംഗങ്ങൾക്കും നമുക്കുമായി 1938–ൽ തിരുസിംഹാസനം പ്രസിദ്ധീകരിച്ച കാനോൻ ജപത്തെപ്പറ്റി പ്രസ്താവിയ്ക്കുവെ, പൌരസ്ത്യ തിരുസംഘത്തിന്റെ കാര്യദർശി കാർഡിനൽ റിസറന്റു അതിന്റെ മുഖവുരയിൽ ഇങ്ങനെ പറയുന്നു: ''പൌരസ്ത്യ സുറിയാനിക്കാരുടെ റീത്തിന്റെ പുരാതനത്വവും, സമ്പൽസമൃദ്ധിയും, വിസ്മയനീയമായ മനോജ്ഞതയും, തെളിയിയ്ക്കുയോ സ്ഥാപിയ്ക്കുയോ ചെയ്യേണ്ട ആവശ്യമില്ല. എന്തെന്നാൽ വലിയ ആദരത്തോടും വിസ്മയത്തോടുംകൂടി എല്ലാവരാലും അവ സമ്മതിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ റീത്ത് തിരുസഭയുടെ പൊതുവായ പ്രാർത്ഥന സംബന്ധിച്ചുള്ള പാരമ്പര്യം കാത്തുപാലിച്ച് വിശ്വസ്തതയോടെ (നമുക്ക്) ഏല്പിച്ചുതന്നിട്ടുണ്ടെന്നും തിരുസഭയുടെ റീത്തുകളിൽ പാണ്ഡിത്യം സമ്പാ

ദിച്ചിട്ടുള്ള എല്ലാവരും ഐകകണ്ഠ്യേന സാക്ഷ്യപ്പെടുത്തുന്നു. ഇതാണല്ലൊ പൌരസ്ത്യരുടെ വിസ്മയനീയങ്ങളായ റീത്തുകളെല്ലാം പരിപൂർണ്ണമായി സംരക്ഷിയ്ക്കുവാൻ ശ്ലൈഹിക സിംഹാസനത്തെ പ്രേരിപ്പിയ്ക്കുകയും പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യുന്ന കാരണം. വലിയവനായ മ്ശീഹാ രാജാവിന്റെ കിരീടത്തിൽ പതിച്ചിരിയ്ക്കുന്ന അമൂല്യരത്നങ്ങളാണ് ഈ റീത്തുകൾ''.

''പ്ശീത്താ''യാണ് ഇത്ര വിശിഷ്ടമായ റീത്തിൽ പ്രതിഷ്ഠലഭിച്ചിട്ടുള്ള വേദപുസ്തക വിവർത്തനം. ''പ്ശീത്താ'' ഇപ്പോൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തി തുടങ്ങിയിട്ടുണ്ടല്ലൊ.

ഇതുപ്പെടെയുള്ള മറ്റു ചില റീത്തുകളും കേരളവും

14–ാം ശതാബ്ദത്തോടെ പേർഷ്യായുമായുള്ള നമ്മുടെ ബന്ധം അശേഷം അവസാനിച്ചു. 9–ാം ശതാബ്ദത്തിനുശേഷം ഒരു പക്ഷെ പേർഷ്യായുമായി യാതൊരു ബന്ധവും ഇല്ലായിരുന്നെന്നുംവരാം. 424–ൽ സെലൂക്കിയാ അന്തിയോക്കിയാബന്ധം ത്യജിക്കുകയാൽ, അന്തിയോക്കിയായുടെ കീഴിൽ ഒരു കാസോലിക്കോസ് സ്ഥാനി ഇൻഡ്യയിൽ അധികാരം അവകാശപ്പെട്ടിരുന്നു. ആറും ഏഴും ശതാബ്ദങ്ങളിൽ ചില കേരളീയർ അലക്സാന്ത്രിയാ പാത്രിയക്കീസിനെ സമീപിച്ചെന്നും, 7–ാം ശതാബ്ദത്തിൽ ഏകസ്വഭാവവാദിയായ ഒരു മെത്രാൻ കേരളത്തിൽ വന്നെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ ഈ സംഭവമൊന്നും ഗ്രീക്കു്, എഫ്രപ്പായാ പാശ്ചാത്യസുറിയാനി എന്നീ റീത്തുകൾക്കു് കേരളത്തിൽ യാതൊരു സ്ഥാനവും നൽകിയില്ല. 16–ാം ശതാബ്ദത്തിനു മുമ്പു് സെലൂക്കിയൻ പ്രത്യേകതയോടുകൂടിയ പൌരസ്ത്യസുറിയാനിറീത്താണ് കേരളത്തിൽ പ്രചരിച്ചിരുന്നതു്. 1301–ൽ കൊടുങ്ങല്ലൂർവച്ചു് ''സ്ലൂറിയായുടെ പുത്രനായ യൌസേപ്പിന്റെ പുത്രനായ സ്ലൂറിയാ'' എന്ന ശമ്മാശ് എഴുതിയതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ

ഇരിക്കുന്നതും ആയ ഒരു സുറിയാനികയ്യെഴുത്തുപുസ്തകം [17] ഈ വാസ്തവം നിസ്സംശയം തെളിയിക്കുന്നുണ്ട്. കുർബാന യിൽ ആണ്ടുവട്ടം മുഴുവൻ വായിക്കേണ്ടതിനായി വി. പൌലോസിന്റെ ലേഖനഭാഗങ്ങളും (ഗ്രീഹാ) ഞായറാഴ്ചകളുടേയും തിരുനാളുകളുടേയും പേരോട് കൂടി ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു. അന്നു കേരളം സെലൂക്കിയായിലെ മാർ യബാലാഹാ പാത്രിയർക്കീ സിന്റെ കീഴിലായിരുന്നെന്നും ഇതിൽ കാണുന്നുണ്ട്. കേരളത്തിൽ അന്നുപയോഗിച്ചിരുന്ന റീത്തിന്റേയും വൈദികപഞ്ചാംഗത്തിന്റേയും പ്രകൃതി ഇതിൽനിന്നു ധാരാളം ഗ്രഹിക്കാം. സെലൂക്കിയായുടെ പ്രത്യേകതകളും കേരളം സ്വീകരിച്ചതു് എന്നാണെന്നു് ഖണ്ഡിതമായി പറയുക വിഷമമാണു്. റീത്തിലുള്ള സെലൂക്കിയൻ പ്രത്യേകതകളെപ്പറ്റി എന്നപോലെ സെലൂക്കിയാ അധികാരത്തെപ്പറ്റിയും ഇതുതന്നെയാണു് പറയേണ്ടതു്. അതെ, കേരളം സെലൂക്കിയാ അധികാരവും, പൌരസ്ത്യ സുറിയാനി റീത്തിലുള്ള സെലൂക്കിയൻ പ്രത്യേകതകളും സ്വീകരിച്ചതു് എന്നാണെന്നു് നമുക്കു നിശ്ചയമില്ല. (സെലൂക്കിയാ റോമ്മായുടെ പരമാധികാരം അനുസരിച്ചു പറഞ്ഞിരുന്നതുകൊണ്ടും മറും കേരളം റോമ്മാ ഐക്യം കൈവെടിഞ്ഞിരുന്നില്ലെന്നു വിചാരിക്കാവുന്നതാണു്.)

പേർഷ്യൻ അവശേഷങ്ങൾ

കേരളം സെലൂക്കിയൻ പ്രത്യേകതകളുള്ള റീത്തു സ്വീകരിച്ചെങ്കിലും പേർഷ്യാബന്ധത്തിന്റെ ചില അ

---

(17) Codex Vaticanus. Syr. 22. olim 12.

16–ാം ശതാബ്ദത്തിന്റെ ആരംഭഘട്ടംവരെ കേരളം പാശ്ചാത്യസുറിയാനിറീത്തു സ്വീകരിച്ചിരുന്നെന്നും, അതിന്റെശേഷം പൌരസ്ത്യസുറിയാനിറീത്തു കേരളത്തിൽ പ്രവേശിച്ചെന്നും പുത്തൻകൂറുകാരായ ചില കേരളീയ യാക്കോബായക്കാർ കുറെനാളായി പറഞ്ഞുതുടങ്ങിയിരിക്കുന്നതു് ചരിത്രദൃഷ്ട്യാ സ്വീകാര്യമല്ലെന്നു് ഇതും മറ്റു പല സംഗതികളും തെളിയിക്കുന്നു– ''കൂനൻ കുരിശിനുമുമ്പു്'' എന്ന പുസ്തകത്തിൽ പ്രസ്തുത വാദം പരിശോധിക്കപ്പെട്ടിട്ടുണ്ടു്.

വശേഷങ്ങൾ വച്ചു സൂക്ഷിച്ചിരുന്നതായി തോന്നുന്നു. നമ്മുടെ പട്ടക്കാർക്കു പൊതുവെ ഇഷ്ടമില്ലായിരുന്ന ഒന്നാണു് കുരുത്ത കുപ്പായം. വെളുത്ത കുപ്പായത്തോടായിരുന്നു നമുക്കു കൂടുതൽ പ്രതിപത്തി. പുത്തൻകൂറുകാർ 1875 നു ശേഷം മാത്രമേ കുരുത്ത കുപ്പായം സ്വീകരിച്ചുള്ളു. പേർഷ്യായിലെ വൈദികാദ്ധ്യക്ഷന്മാർ സെലൂക്കിയായോടു മത്സരിച്ചിരുന്നപ്പോൾ അനുഷ്ഠിച്ചിരുന്ന പ്രത്യേകതകളിൽ ഒന്നു് (പേർഷ്യായിലുള്ള?) ഇടവകപ്പട്ടക്കാരെപ്പോലെ വെളുത്ത കുപ്പായം ധരിക്കുക എന്നതായിരുന്നു. എട്ടാം ശതാബ്ദത്തിൽ സെലൂക്കിയാ അവരെ രമ്യതപ്പെടുത്തിയപ്പോൾ ഉണ്ടാക്കിയ ഒരു വ്യവസ്ഥ കുപ്പായം വെളുത്തതായാലും രോമംകൊണ്ടുള്ളതായിരിക്കണമെന്നത്രേ.[18] നമ്മുടെ വെളുത്ത കുപ്പായത്തിനു ഇതുമായി വല്ല ബന്ധവുമുണ്ടോ? ചില പഴയ പള്ളികളിൽ ''പേർഷ്യൻതൊപ്പി'' എന്നും ''താമരമൊട്ടൻതൊപ്പി'' എന്നും പറയുന്ന ചുവന്നതും മുകൾഭാഗം വട്ടംകൂടി പരന്നതും ആയ ഒരു വക തൊപ്പി ചില തിരുനാൾ പ്രദക്ഷിണത്തിനു് കാർമ്മികൻ ഉപയോഗിച്ചിരുന്നു. കുടമാളരും, ഭരണങ്ങാനത്തും അടുത്തകാലംവരെ ഇതുണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. മുട്ടുചിറ, കടമറ്റം, കോട്ടയം, ആലങ്ങാടു് മുതലായ സ്ഥലങ്ങളിൽ കാണുന്ന പേർഷ്യൻ (?) കുരിശും പേർഷ്യാബന്ധത്തിന്റെ അവശേഷമായിരിക്കുമോ ''മൈലാപ്പൂർ കുരിശെ''ന്നും ''തോമ്മാശ്ലീഹായുടെ കുരിശെ''ന്നും വിളിച്ചിരുന്ന ഈ കുരിശിനു് കേരളത്തിൽ ധാരാളം പ്രചാരമുണ്ടായിരുന്നെന്നു് പോർട്ടുഗീസുകാർ രേഖപ്പെടുത്തിയിട്ടുണ്ടു്.[19] മദ്രാസിനടുത്തുള്ള തോമ്മാ മലയിലേ[20] കുരിശിന്റെ അനുകരണമാണു് ഈ കുരിശുകളെ

---

18. J. A. Asseman: op. c. p. 78.

19. Raulin: op. c. p. 394.

20. ആദംബാ മല എന്നാണു് നമ്മുടെ പഴയ എഴുത്തുകളിലെല്ലാം ഈ മലയുടെ പേരു പറഞ്ഞുകാണുന്നതു്. ആദംബാ മലയിൽ തോമ്മാശ്ലീഹായുടെ കുരിശു അത്ഭുതകരമായി വിയർത്തതിന്റെ ഓർമ്മ മൻകാലങ്ങളിലേപ്പോലെ ഇന്നും ഡിസംബർ 18–ാംനു നമ്മൾ ആഘോഷിക്കുന്നുണ്ടു്.

ല്ലാം. നമ്മുടെ ചില പള്ളികളിലേ ''നകാരം'' പേർ ഷ്യനാണോ? കബ്ളായിഖാന്റെ യുദ്ധോപകരണങ്ങളിൽ ഒന്നു് ''നകാര'മായിരുന്നു (war drum). മാക്കോപോളോയുടെ യാത്രാവിവരണങ്ങളിൽ നകാര (Naccara) മെന്നതന്നെയാണു അതിനെ വിളിച്ചിരിക്കുന്നതു്. കബ്ളായിഖാൻ മൊൻഗോളിയനായ ചീനച്ചക്രവർത്തിയായിരുന്നെന്നുള്ള വാസ്തവം വിസ്മരിക്കേണ്ടതല്ല. വെള്ളം വറ്റിക്കുവാൻ നമ്മളുപയോഗിക്കുന്ന 'ചക്രം' ''പേർഷ്യൻ ചക്രം'' എന്നു വിളിക്കപ്പെടുന്നു. കേരളം പേർഷ്യായോടു ബന്ധപ്പെടുന്നതിനു മുമ്പുതന്നെ പൌരസ്ത്യസുറിയാനി റീത്തു കേരളത്തിൽ ഉണ്ടായിരുന്നിരിക്കണം എന്നും കരുതാവുന്നതാണു്. (രണ്ടാം അദ്ധ്യായം കാണുക)

സെലൂക്കിയാ ബന്ധവും റീത്തും

കേരളവും സെലൂക്കിയായും തമ്മിലുള്ള ബന്ധം പലപ്പോഴും ഇടമുറിഞ്ഞിരുന്നു. അക്കാലത്തു അച്ചടിയും ഇല്ലായിരുന്നു. തന്നിമിത്തം പൌരസ്ത്യസുറിയാനിറീത്തു പരിപൂർണ്ണമായി കേരളത്തിൽ അനുഷ്ഠിക്കപ്പെട്ടിരിക്കുവാൻ ഇടയില്ല. ഇതുകൊണ്ടായിരിക്കാം ഏതോ ഒരു മാർ യോഹന്നാൻ (1490?) കേരളീയർക്കായി കാനോൻ ജപം ക്രമപ്പെടുത്തിയതു്.[21] കൈയെഴുത്തുപുസ്തകങ്ങളിൽ കൂടി വിദേശത്തുണ്ടായിരുന്ന അബദ്ധങ്ങൾ അറിയാതെ കേരളത്തിൽ പ്രവേശിച്ചിട്ടുണ്ടു്. 1301—ൽ എഴുതിയതെന്നു മുൻപറഞ്ഞ പുസ്തകത്തിൽ നെസ്റോറീസിന്റേയും, തീയദോറിന്റേയും, ദീയദോറിന്റേയും തിരുനാൾ കുറിച്ചുകാണുന്നതു് ഇങ്ങനെ വന്നിട്ടുള്ളതാകാം. എന്നാൽ നെസ്റോറീസിന്റെ പേരു് അതിൽതന്നെ മഷി പടർത്തി വെട്ടിയിട്ടുണ്ടു്. വെട്ടിയതു് പാശ്ചാത്യരായിരുന്നെങ്കിൽ മറ്റു രണ്ടുപേരുകൾകൂടി വെട്ടുമായിരുന്നില്ലയൊ?

---

21. Do Conto, Da Asia, Dec., 12, 13, c. 5, Lisbon 1788, 1. 8. p. 288.

നമ്മുടെ സംസ്ക്കാരവും ചരിത്രവും

പൌരസ്ത്യസുറിയാനിറീത്തിനെ സ്വന്തം സംസ്കാര ത്തോടുകൂട്ടിയിണക്കുകയാണ് കേരളം ചെയ്തത്. പോർട്ട ഗീസുകാരുടെ വരവിനുമുമ്പ് നമ്മുടെ പള്ളികളും അമ്പ ലങ്ങളും പോലെ പണതിരുന്നു. 22 മൈലക്കൊമ്പ്, പൂഞ്ഞാർ (പഴയത്), കുണ്ടറ, കല്ലുപ്പാറ മുതലായ പള്ളി കൾക്കു ഇന്നും ''മുഖവാര''മില്ല. നേർച്ച, പള്ളികളിലേ സദ്യ ആദിയായവ ആദിമക്രിസ്ത്യാനികളുടെ ''സ്നേഹ വിരുന്നിനെ'' (agape) യല്ലയോ അനുസ്മരിപ്പിക്കുന്നത്? നമ്മുടെ സാമുദായികാചാരങ്ങളും പലതും വൈദികങ്ങ ളാക്കപ്പെട്ടിട്ടുണ്ട്. താലികെട്ട്, മധുരംവയ്പ്, കച്ചതഴ ക്കു, പുലകുളി, ചാത്തം ഇത്യാദിപലതും ക്രൈസ്തവങ്ങ ളാക്കപ്പെട്ട ഹൈന്ദവാചാരങ്ങളാണ്. ഉപവാസത്തിനു മുമ്പ് പുരാതനനസ്രാണികളും ഹിന്ദുക്കളെപ്പോലെ കുളി ച്ചിരുന്നു. 23 ഇങ്ങനെയുള്ള ചില സംഗതികളിൽ അന്ധ വിശ്വാസവും കലർന്നിരുന്നെന്നു സമ്മതിക്കേണ്ടതുണ്ട്. എട്ടു നോമ്പ് നമുക്കു മാത്രമുള്ളതാണ്. 9–ാം ശതാബ്ദ ത്തിൽ മഹമ്മദീയർ കൊടുങ്ങല്ലൂർ നശിപ്പിച്ചപ്പോൾ കന്യാത്വം നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി നസ്രാണി യുവതികൾ നേർന്നതാണത്രേ എട്ടുനോമ്പ്. ഡിസംബർ 18–ാം തു യിലെ ''തോമ്മാശ്ലീഹായുടെ കുരിശുവിയ ത്ത'' തിരുനാളും നമുക്കു തനിച്ചുള്ളതാകുന്നു. സുറിയാനി പ്പള്ളികളുടെ ഒരു പ്രത്യേകതയാണല്ലൊ ''കുരിശിൻ തൊട്ടി''. കൊടിമരം, കൊടികയറ്റു, കതിനാവെടി ആലവട്ടം, ചെണ്ട, മുത്തുക്കുട, തഴക്കുട ആദിയായവ ക്രൈസ്തവമാക്കപ്പെട്ടതു സൂക്ഷിച്ചാലും. ഇവയിൽ ചിലവ നസ്രാണികളുടെ ഉന്നതസ്ഥാനമാനങ്ങളെ ദ്യോതിപ്പിക്കു ന്നവയാണ്. രാജകീയചിഹ്നമായ മുത്തുക്കുട പള്ളി കളിൽ മാത്രമല്ല, കല്യാണാഘോഷങ്ങളും മുതലായവ

---

22. Cf. Medlycott: India and the Apostle Thomas, p. 30, note.

23. Synodus Diamper. VIII. 13.

യിൽ കൂടിയും നമ്മെ ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെ പൌരസ്ത്യസുറിയാനി റീത്തിനെ—തോമ്മാശ്ലീഹായോട് ആത്മീയമായി ബന്ധപ്പെട്ട ആ റീത്തിനെ— കേരള സംസ്ക്കാരത്തോട് കൂട്ടിയിണക്കി കേരളീയമായി രൂപാന്തരപ്പെടുത്തുകയാണ് നമ്മുടെ പൂർവ്വന്മാർചെയ്തത്. ആര്യദ്രാവിഡ യഹൂദ കൽദായ സംസ്ക്കാരങ്ങളെ സമ്മേളിച്ചുണ്ടായ കേരളക്രൈസ്തവസംസ്ക്കാരത്തിനു്, അതൊരു മകുടാലങ്കാരമായി ഭവിച്ചു. ഇപ്രകാരമാണു് കത്തോലിസ്സാവിശ്വാസം ജാതീയ സംസ്ക്കാരത്തെ നശിപ്പിയ്ക്കാതെ അതിനെ ആദ്ധ്യാത്മികമായി ഉജ്ജീവിപ്പിക്കുന്നതു്. പുരാതന റീത്തുകളെ പുനരുദ്ധരിക്കുവാൻ മാർപാപ്പാമാർ അശ്രാന്തം പരിശ്രമിയ്ക്കുന്നതിനുള്ള ഒരു കാരണം കണ്ടോ! കേരളത്തിലെ പൌരസ്ത്യസുറിയാനിറീത്തു നശിപ്പിക്കുവാൻ പോർട്ടുഗീസുകാർ നടത്തിയ ശ്രമങ്ങൾ നമ്മുടെ പൂർവ്വന്മാക്കു് ഹൃദയവേദനവരുത്തിയതിൽ എന്താണു് വിസ്മയം?

സെലൂക്കിയൻ പ്രത്യേകതകളോടുകൂടിയ പൌരസ്ത്യസുറിയാനിറീത്തിനെപ്പറ്റിയാണല്ലൊ ഈ അദ്ധ്യായത്തിൽ പ്രധാനമായി പ്രസ്താവിച്ചിട്ടുള്ളതു്. സെലൂക്കിയൻ പ്രത്യേകതകൾ കേരളത്തിൽ പ്രവേശിയ്ക്കുന്നതിനു മുമ്പുതന്നെ പൌരസ്ത്യസുറിയാനിറീത്തു് പ്രവേശിച്ചിരുന്നു എന്നു വിചാരിയ്ക്കാവുന്നതാണ്. (രണ്ടാം അദ്ധ്യായം കാണുക)— ക്നായി തോമ്മായുടെ കാലത്തോ, സെലൂക്കിയായിൽ നിന്നു നേരിട്ടു നിയമിയ്ക്കപ്പെട്ട മെത്രാന്മാർ മുഖേനയോ, വേറെ ഏതെങ്കിലും വിധത്തിലോ ആയിരിക്കാം സെലൂക്കിയൻ പ്രത്യേകതകൾ നമുക്കു കൈവന്നതു്.

നാലാം അദ്ധ്യായം

നമ്മുടെ ചില പുരാതനാചാരങ്ങൾ

പൌരസ്ത്യസുറിയാനിറീത്തു കേരളക്രൈസ്തവ സംസ്കാരത്തോടുകൂട്ടിയിണക്കപ്പെട്ടതു സംബന്ധിച്ചു പ്രസ്താവിച്ചുകഴിഞ്ഞു. 16—ാം ശതാബ്ദത്തിനുമുമ്പു് ആ റീത്തിലെ ഓരോരൊ ഭാഗങ്ങളും നമ്മെ എങ്ങനെ അനുഷ്ഠിച്ചിരുന്നെന്നു പൂർണ്ണമായി ഗ്രഹിയ്ക്കുവാൻ വേണ്ടിടത്തോളം രേഖകൾ നമ്മുടെ കൈവശമില്ല. വിദേശികളായ ദേശ സഞ്ചാരികളുടേയും മറ്റും വിവരണങ്ങളിൽ നിന്നു രസാവഹങ്ങളായ പല സംഗതികളും നമുക്കു ലഭിക്കുന്നുണ്ടു്. റീത്തിനോടു ബന്ധമുള്ള ചിലവ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

തീഓഫിലസ്

354— നോടടുത്തു് ഇൻഡ്യാക്കാരൻ എന്നു വിളിക്കപ്പെടുന്ന ഒരു തീഓഫിലസ് ഇൻഡ്യൻ സഭയിലേ (?) ചില ആചാരങ്ങൾ ഭേദപ്പെടുത്തിയതായി കാണുന്നുണ്ടു്. അതിനു മുമ്പു് കുർബാന സമയത്തുള്ള സുവിശേഷവായന ഇരുന്നുകൊണ്ടാണു് ജനങ്ങൾ കേട്ടിരുന്നതു്. കോൺസ്റ്റൻസു ചക്രവർത്തി ഇദ്ദേഹത്തെ ഇൻഡ്യയിലേയ്ക്കു് അയച്ചെന്നു പറയുന്നു.[1]

സന്യാസികൾ

6—ാം ശതാബ്ദത്തിൽ ഇൻഡ്യാ സന്ദർശിച്ച കോസ്മൂസ്, മെത്രാന്മാരെയും പട്ടക്കാരെയും, ശമ്മാശന്മാരെയും,

---

1. Philostorgius: Hist. Eccl. III- 5.

സന്യാസികളെയും അവിടെ കണ്ടു. ചില സന്യാസികൾ മറ്റു സന്യാസികളിൽനിന്നു മാറി സദാ മൌനമനുഷ്ഠിച്ചുകൊണ്ട് പ്രാർത്ഥനയിൽ സമയം ചെലവഴിച്ചിരുന്നു.[2] പിൽക്കാലങ്ങളിലേ ചില രേഖകളും സന്യാസിമാരെയും സന്യാസിനിമാരെയും സംബന്ധിച്ച പ്രസ്താവിക്കുന്നുണ്ട്. 6—ാം ശതാബ്ദംവരെയെങ്കിലും നിലനിന്നിരുന്നതാണല്ലൊ മൈലാപ്പൂരെ തോമ്മാശ്ലീഹായുടെ ആശ്രമം (ഉമ്റാദ്മാർ തോമ്മാശ്ലീഹാ)[3]

ഹനാൻ വെള്ളം

കേരളീയർ തോമ്മാശ്ലീഹായുടെ കബറിടത്തിൽ നിന്നെടുത്ത മണ്ണു വെള്ളത്തിൽ കലക്കി രോഗികളെ കുടിപ്പിച്ചിരുന്നു എന്നു മാക്കോപോളെ പറയുന്നുണ്ട് (13—ാം ശതാബ്ദം)— ഉദയമ്പേരൂർ സൂനഹദോസു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുപോലെ ഈ വെള്ളംതന്നെയാണ് ''ഹനാൻവെള്ള''മായി നമ്മുടെ പൂർവ്വന്മാർ ഉപയോഗിച്ചിരുന്നതു്. വിശ്രുതന്മാരുടെ കബറിടത്തിൽ നിന്നെടുത്ത മണ്ണോ മറ്റു അവശിഷ്ടങ്ങളോ എണ്ണ പുരട്ടി വെള്ളത്തിൽ കലക്കി കൽദായക്കാർ ഇന്നും ഉപയോഗിക്കുന്നുണ്ട്. അതിനു ''ഹനാനാ'' എന്നാണു് പറയുക.

പ്രതിമകൾ

മൈലാപ്പൂരുള്ള തോമ്മാശ്ലീഹായുടെ പള്ളി വിഗ്രഹങ്ങൾ കൊണ്ടു നിറഞ്ഞിരുന്നെന്നു് ഹിയത്തോനൂസി നെപ്പോലെയുള്ളവർ (1300) രേഖപ്പെടുത്തിയിട്ടുണ്ട്. ഹൈന്ദവക്ഷേത്രങ്ങളിൽ കാണുന്നതരം കൊത്തുപണികളോ ഭാരതീയ ശില്പകലയനുസരിച്ചുള്ള പ്രതിമകളൊ ആകാം ഈ ''വിഗ്രഹങ്ങൾ.''

---

2. Raulin: op c. p. 381.

3. ആശ്രമംപോലെയുള്ള പരിശീലനസ്ഥാപനങ്ങൾക്കു് മദ്രാശ്ത്താ എന്നു് സുറിയാനിയിലും മദ്രാശ എന്ന അറബിയിലും പേരുണ്ട്. ഇതാണോ മദ്രാസി''ന്റെ ഉത്ഭവം? പൂർവ്വന്മാർ മദ്രാസിനു മദിരാശി എന്നാണല്ലൊ പറഞ്ഞിരുന്നതു്. മദ്രാസിൽ സാരസൻ (അറബി) കുടിപാപ്പുണ്ടായിരുന്നു.

16–ാം ശതാബ്ദത്തിനുമുമ്പ്

1501–ൽ പോർട്ടുഗീസുകാരോടുകൂടി ലിസ്ബൺ, റോമ്മാ, മുതലായ സ്ഥലങ്ങൾ സന്ദർശിച്ച കൊടുങ്ങല്ലൂർക്കാരൻ യൌസേപ്പുകത്തനാരിൽനിന്നു കേട്ടവിവരങ്ങൾ അന്നുതന്നെ യൂറോപ്പിൽ രേഖയാക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ വിവരണങ്ങളും, 16–ാം ശതാബ്ദത്തിൽ ചരിത്രമെഴുതിയ മഫെയുടെ പ്രസ്താവനകളും, ഉദയമ്പേരൂർ സൂനഹദോസിന്റെ നിയമങ്ങളും, 16–ാം ശതാബ്ദത്തിലേ മറ്റു ചില രേഖകളും നമുക്കു പ്രദാനം ചെയ്യുന്ന ചില സംഗതികൾ ചുരുക്കത്തിൽ ഇവിടെ എടുത്തു പറയാം.[4]

കുർബാന

വി. കുർബാനയോട് കേരളീയർ വിസ്മയനീയമായ ഭക്തിപ്രദർശിപ്പിച്ചിരുന്നു. കുർബാനയ്ക്കു പുളിച്ച അപ്പമില്ലെങ്കിൽ പുളിക്കാത്തതും ആകാമായിരുന്നത്രേ (?) അപ്പം ചുടുവാൻ എണ്ണയും ഉപ്പും ഉപയോഗിച്ചിരുന്നുപോൽ. മദ്ബഹായുടെ മുകൾഭാഗത്തുള്ള തട്ടിന്മേൽ വച്ചു ചുടുന്ന അപ്പം ഇല (താമരയില) യിൽ പൊതിഞ്ഞു് നൂലിൽ കെട്ടി കാമ്മികന്റെ പക്കൽ എത്തിക്കുന്ന പതിവുണ്ടായിരുന്നു. അപ്പം ചുട്ടിരുന്നതു് പലപ്പോഴും ശമ്മാശന്മാരാണു്. ചുടുന്ന സമയത്തു് അവർ സങ്കീർത്തനങ്ങൾ ചൊല്ലിയിരുന്നു. സാമാന്യം വലുപ്പമുള്ളതാണു് അപ്പം. ഉണക്കമുന്തിരിങ്ങാ പിഴിഞ്ഞെടുത്തുണ്ടാക്കിയതായിരുന്നു വീഞ്ഞു്. കുർബാന സമയത്തു് കാപ്പയാണു് കാമ്മികന്റെ വസ്ത്രം. ക്ഷാരംചെയ്ത പലകമേലോ കല്ലിൻമേലോ വച്ചു് ബലിയപ്പണം നടത്തിയിരുന്നു. ആറാം പട്ടക്കാരനല്ലെങ്കിലും ശുശ്രൂഷകനു് ഊറാറ ആവശ്യമത്രേ. പകരം തോളമുണ്ടാണെങ്കിൽ അതു് ഊറാറപ്പോലെ ധരിച്ചിരിയ്ക്കണം. ''അക്കാലത്തിലെ കപ്യാര

4. Of. Raulin, op. c. pp. 386–396; Decreta Synod Diamper &c.

ന്മാർ ശുശ്രൂഷിക്കുമ്പോഴും നെടിയ ഊറാറപോലെ ഒരു വസ്ത്രം ധരിച്ചിരുന്നു'' എന്നു ഗോവെയാ സാക്ഷിച്ചിട്ടുണ്ട്. കാമ്മികനും ശുശ്രൂഷകനും സംഗീതമയത്തോടെ ജപങ്ങളും ചൊല്ലിയിരുന്നു. കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ യാത്രാവിവരണത്തിലും ഇങ്ങനെതന്നെ കാണുന്നുണ്ടല്ലൊ. ചില പഴയ പള്ളികളിലേ മണിയുള്ള കാസായും ചുവട്ടുള്ള പീലാസായും എത്ര പഴക്കമുള്ളതായിരിക്കും? അമ്പലത്തിൽ സേവിച്ചിരുന്നവരെ കാഫ്രേ (Cafre) എന്നു വിളിച്ചിരുന്നതായി ചില രേഖകളിൽ കാണുന്നുണ്ട്. കാഫ്റ് ആണോ നമ്മുടെ കപ്യാർ?

മാമ്മോദീസാ, മുമ്പിലത്തെ ഒപ്പുശ്മാ

മരണാപകടമില്ലെങ്കിൽ ശിശുക്കളുടെ മാമ്മോദീസാ 40–ാം ദിവസമേ നടത്തിയിരുന്നുള്ളു. പഴയ നിയമത്തിലും സുവിശേഷങ്ങളിലുമുള്ള പേരുകൾക്കായിരുന്നു കൂടുതൽ പ്രചാരം.[4a] ഈശോ എന്നും പേരുണ്ടായിരുന്ന ഓമനപ്പേരുകളും ക്രൈസ്തവനാമങ്ങളുടെ തത്ഭവങ്ങളും വളരെയാണ്. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ 40 ദിവസവും പെൺകുട്ടിയെ പ്രസവിച്ചവൾ 80 ദിവസവും പള്ളിയിൽ പോകയില്ല. പ്രസവത്തിൻറശേഷം ആദ്യം

4a. ഗീവറുഗീസ്, ഉറുമീസ്, കൂര്യാക്കോസു മുതലായി ചുരുക്കം ചില പേരുകളൊഴിച്ച്, 16–ാം ശതാബ്ദത്തിനു മുമ്പ് നമ്മുടെ പേരുകളെല്ലാം വേദപുസ്തകത്തിലുള്ളവയായിരുന്നു. 16–ാം ശതാബ്ദം മുതൽ ദേവസ്യാ, അന്തോനി, ത്രേസ്യാ, റോസ, കത്രീനാ ആദിയായി പാശ്ചാത്യസഭയിൽ പ്രചരിച്ചിരുന്ന പേരുകളും നടപ്പിൽ വന്നു. എന്നാൽ അവ അധികമില്ലായിരുന്നു. കൊവേന്തകളും മഠങ്ങളും വർദ്ധിച്ചതോടെ പാശ്ചാത്യരുടെയിടയിലുള്ള പേരുകളും ധാരാളം പ്രചരിച്ചുതുടങ്ങി. അൽമായരുടെയിടയിലും ഈ പേരുകൾക്കു പ്രസക്തിയില്ലാതില്ല. ആംഗ്ലേയരൂപത്തിലുള്ള ഓമനപ്പേരുകൾക്കും ഇപ്പോഴും പ്രചാരമുണ്ട്. ലത്തീൻ മുറയുള്ള പഞ്ചാംഗങ്ങളും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും ഇതിനു വളരെ സഹായമാകുന്നുണ്ട്.

പള്ളിയിൽ പോകുമ്പോഴും ശിശുവിനെ ദൈവത്തിനു സമർപ്പിയ്ക്കേണ്ടിയിരുന്നു. മഹറോൻ ശിക്ഷയിൽ വീണിരുന്നവരുടെ കുട്ടികളെ മുക്കിയിരുന്നില്ല. 1493–ൽ കേരളം സന്ദർശിച്ച ഉയി കടമുസ്സ് പറയുന്നതു് അന്നു കോഴിക്കോട്ടുള്ളവർ ഒരു നദിയിൽ മാമ്മോദീസാ മുങ്ങിയിരുന്നു എന്നാണ്. പട്ടക്കാർ കുറവായിരുന്നതിനാൽ മൂന്നു കൊല്ലത്തിൽ ഒരിക്കൽ മാത്രമേ ഇതു നടന്നിരുന്നുള്ളു. ചില പള്ളികളിൽ മാമ്മോദീസാ നൽകുന്ന സ്ഥലത്തു് ആ സമയം പട്ടക്കാർ ഉച്ചരിക്കേണ്ട വാക്കുകളും എഴുതിവച്ചിരുന്നതായി കാണുന്നുണ്ടു്. അവ ഗ്രീക്കുകാരുടെ വാക്കുകളോടു സാമ്യമുള്ളവയാണു്.

മാമ്മോദീസായുടെകൂടെയാണു് മുമ്പിലത്തെ ഒപ്രുശ്മാ നൽകിക്കൊണ്ടിരുന്നതു്. അതിനുപകരം വെളിച്ചെണ്ണയോ നല്ലെണ്ണയോകൊണ്ടു് അഭിഷേകം നടത്തിയിരുന്നതായി ഉദയമ്പേരൂർ സൂനഹദോസു പ്രസ്താവിയ്ക്കുന്നു.

കുർബാന, കുമ്പസാരം

കുർബാന സ്വീകരിയ്ക്കുന്നതിനു മുമ്പു് എല്ലാവരും കുമ്പസാരിയ്ക്കുക പതിവായിരുന്നെന്നു് മഫെയും യൌസേപ്പും പറയുന്നുണ്ടെങ്കിലും, ഉദയമ്പേരൂർ സൂനഹദോസിന്റെ പ്രസ്താവനകളും വായിച്ചാൽ കുമ്പസാരമില്ലായിരുന്നെന്നു തോന്നിപ്പോകും. എന്നാൽ സൂനഹദോസിനുമുമ്പു് പരസ്യകുമ്പസാരവും രഹസ്യകുമ്പസാരവും നടപ്പിലുണ്ടായിരുന്നെന്നു ധാരാളം തെളിവുകളുണ്ടു്. രണ്ടു ''സാദൃശ്യ''ങ്ങളിലും എല്ലാവരും കുർബാന സ്വീകരിച്ചിരുന്നു. മരണാപകടത്തിൽ നിർബന്ധമായ ഒന്നാണു് കുർബാനസ്വീകരണം. പെസഹാവ്യാഴവും മറ്റു ചില തിരുനാളുകളുമാണു് കുർബാനസ്വീകരണത്തിനുള്ള പ്രത്യേകാവസരങ്ങൾ. കുർബാനസ്വീകരണത്തിനുള്ള ഉപവാസം പാതിരാവു മുതൽ ആരംഭിച്ചിരുന്നു.

ഒടുവിലത്തെ ഒപ്പുശ്മാ

പട്ടക്കാർ രോഗികളെ ആശീർവ്വദിച്ചിരുന്ന എന്നല്ലാതെ ഒടുവിലത്തെ ഒപ്പുശ്മായെപ്പററി ഈ രേഖകളാതൊന്നും പറയുന്നില്ല. 1555—ൽ കേരളത്തിൽ വന്ന അന്തൊനീന്യസു് എന്ന ഒരു ഡൊമിനിസ്കൻ വൈദികൻ ഈ ക്രമം കേരളീയരുടെയിടയിൽ പ്രചരിപ്പിച്ചു എന്നു പറയുന്നുണ്ടു്. അജ്ഞതകൊണ്ടോ അശ്രദ്ധകൊണ്ടോ ഒരു പക്ഷേ ഇതു ശ്രശ്രൂഷിസ്കപ്പെട്ടിരുന്നില്ലെന്നുവരാം. ''രോഗികളുടെമേൽ'' ഏവൻഗലിയോൻ വായിസ്കുക, ചില വേദവാക്യങ്ങളം ഓലയിലും മററും എഴുതി സൂക്ഷിസ്കുക എന്നിങ്ങനെ ചില നടപ്പുകളം കേരളത്തിലുണ്ടായിരുന്നു.

പട്ടം, പട്ടക്കാർ

പലപ്പോഴും ഒരേ കുടുംബത്തിൽനിന്നുള്ളവരായിരുന്ന പട്ടക്കാർ. രൂപതസ്കൂവേണ്ടിയല്ല, ഇടവകസ്കൂ വേണ്ടിയാണു് മിക്കപ്പോഴും ''പട്ടംകൊട'' നടത്തിയിരുന്നതു്. യോഗംകൂടി ദേശക്കുറി കൊടുത്താൽ മാത്രമേ ഒരാളം പട്ടത്തിനു അർഹനാവുകയുള്ള. ദേശക്കുറിയുടെ വില ഇന്നത്തേ ''പത്രിമോനി''യുടേതുതന്നെ. ഓരോ പള്ളിയിലും ''ദേശത്തു പട്ടക്കാർ'' തവണമുറസ്കു ജോലിനോക്കിയിരുന്നു. ദേശത്തു പട്ടക്കാരിൽ പ്രായംകൂടിയ ആളാണു് മൂപ്പച്ചൻ. മൂപ്പച്ചനു ചില പ്രത്യേക വരുമാനങ്ങളുണ്ടായിരുന്നു. 17—ം 18—ം വയസ്സിൽ കുർബാനപ്പട്ടം സ്വീകരിസ്കുക അപൂവ്വമല്ല. പട്ടം വടിസ്കുന്നതിനു പകരം മുടി വളർത്തിയിരുന്നെന്നും, പട്ടം കുരിശാകൃതിയിൽ വടിച്ചിരുന്നെന്നും കാണുന്നു. എല്ലാ പട്ടക്കാർക്കും വേണ്ടതാണു് താടിമീശ. വെളുത്ത ഒരുവക കുപ്പായമുണ്ടായിരുന്നതു് (ഇപ്പോഴം പുത്തൻകൂറുകാർ ഉപയോഗിസ്കുന്നതരം) എപ്പോഴും ധരിച്ചിരുന്നില്ല. വെളുത്തതോ കറുത്തതോ ആയിരുന്ന പുറംകുപ്പായം. ഒരുവക കറുത്ത തൊപ്പിയും ചിലപ്പോഴം ഉപയോഗിച്ചിരുന്നതേ. പസാരംപോലെ

യുള്ള വരുമാനങ്ങളാണു് ഉപജീവനമാർഗ്ഗം.[5] അൽമായക്കാരോടൊപ്പം ചില ലൌകിക തൊഴിലുകളിലും പട്ടക്കാർ ഏർപ്പെട്ടിരുന്നു. ഉച്ചകഴിഞ്ഞും രാവിലെയും ഇങ്ങനെ രണ്ടുനേരം പട്ടക്കാരും ശമ്മാശന്മാരും പള്ളിയിൽ കൂടി കാനോൻജപം നടത്തണം. കാനോൻജപത്തിന്റെ ആരംഭത്തിലും അവസാനത്തിലും മൂപ്പച്ചനിൽനിന്നുള്ള കൈക്കസ്തൂരി എല്ലാവരും സ്വീകരിയ്ക്കേണ്ടതാണു്. വൈദികർക്കു രണ്ടാംകെട്ടു് അനുവദിച്ചിരുന്നില്ല. പട്ടക്കാരുടെ ഭാര്യമാർ കത്തനാരത്തിമാരാണു് (Catatiara). അവക്കു പള്ളിയിൽ പ്രത്യേക ബഹുമാനവും ചില വരുമാനങ്ങളും അനുവദിച്ചിരുന്നു. പൊന്നുകൊണ്ടോ മറ്റേതെങ്കിലും ലോഹംകൊണ്ടോ ഉള്ള ഒരുവിധം വലിയ കുരിശു് അവർ കഴുത്തിൽ ധരിയ്ക്കുക പതിവായിരുന്നു.

മെത്രാൻ വിദേശീയനായിരുന്നപ്പോഴും അക്ദിയാക്കോനിലാണു് സഭാഭരണം നിക്ഷേപിയ്ക്കപ്പെട്ടിരുന്നതു്. ഒരേ കുടുംബാംഗങ്ങളായിരുന്ന അക്ദിയാക്കോൻമാർ. അവരുടെ സ്വാധീനശക്തി അന്യാദൃശമാണു്. ഒന്നിലധികംപേർ സ്ഥാനാർത്ഥികളായി പ്രത്യക്ഷരായാൽ തിരഞ്ഞെടുപ്പുണ്ടായിരുന്നതായി തോന്നുന്നുണ്ടു്[5a]

വിവാഹം

വിവാഹം ചെറുപ്പത്തിൽ നടത്തുകയാണു് പതിവു്. ഒത്തുകല്യാണത്തിനു വധൂവരന്മാരുടെ അപ്പന്മാരോ രക്ഷാകർത്താക്കളോ പള്ളിയിൽചെന്നു് അച്ചന്റെ മുമ്പിൽ കൈപിടിയ്ക്കണം. താലികെട്ടിനാണു് പ്രാധാന്യം. അച്ച

---

5. നമ്മുടെ ദേശക്കുറി, പസാരം, റാസക്കഞ്ഞി മുതലായവ പുരാതനസഭയിലെ ചില നടപടികളെയും കർബാനധർമ്മം (Stipend) പോലെയുള്ള ചില സംഗതികളുടെ അത്ഥഗാംഭീര്യത്തെയും ആണു് അനുസ്മരിപ്പിയ്ക്കുന്നതു്. (Cf. De La Taille: The Mystery of Faith and Human Reason–Mass offerings, p. 84. sq.)

5a. Raulin, op. c. p. 19, nota, b.

ന്മാരില്ലാത്തിടത്തു് അതിനുമാത്രമേ സ്ഥാനമുണ്ടായിരുന്നുള്ള. പൌരസ്ത്യസുറിയാനിറീത്തു പ്രകാരം വൈദികർ വീട്ടിൽ ചെന്നു നടത്തുന്ന ഒരു ശുശ്രൂഷയാണു് അടച്ചുതുറ (ക്ത്തർഗ്നോനാ; ശ്രായ്ഗ്നോനാ). നമുക്കാകട്ടെ അതൊരു വെറും സാമുദായിക ചടങ്ങായിമാത്രം പരിണമിച്ചു. കുറെ മുമ്പുവരെ പട്ടക്കാരും അതിൽ സംബന്ധിച്ചിരുന്നെന്നു കേട്ടിട്ടുണ്ടു്. വിവാഹമോചനം സംബന്ധിച്ചു് നസ്രാണികളുടെയിടയിൽ കേട്ടകേൾവിപോലുമില്ലായിരുന്നു. കല്യാണത്തിന്റെ ശേഷം നാലുദിവസത്തേയ്ക്കു വധൂവരന്മാർ പള്ളിയിൽ പോയിരുന്നില്ല. ഭർത്താക്കന്മാർ മരിച്ച സ്ത്രീകൾ സ്ത്രീധനവുംകൊണ്ടു് തിരിച്ചുപോകാറുണ്ടായിരുന്നെങ്കിലും, ദുഃഖാചരണത്തിനുള്ള കൊല്ലം അവസാനിച്ചശേഷമേ പുനർവിവാഹം നടത്തിയിരുന്നുള്ള. അപ്പന്റെ സ്വത്തിന്റെ അവകാശികൾ ആൺമക്കൾ മാത്രമാണു്. പെൺമക്കൾക്കു സ്ത്രീധനം മാത്രമേ കൊടുത്തിരുന്നുള്ള. പതിനായിരം പുത്തൻ അഥവാ ചക്രം ആയിരുന്നു സ്ത്രീധനനിരക്കു്. (ആയിരം പണമിടപൊന്നു്). സ്ബോനിലേ അവുദീശോയുടെ (13—ാം ശതാബ്ദം) കാനോൻ സഞ്ചയത്തിൽ സ്ത്രീധനം പതിനായിരം ഡ്റാക്മായിൽ കൂടരുതെന്നു കാണുന്നു. ഇതാണോ നമ്മുടെ പതിനായിരം ചക്രം? ആൺമക്കളില്ലാത്തവരുടെ സ്വത്തു് അടുത്ത ബന്ധത്തിൽപെട്ട പുരുഷന്മാർ അനുഭവിച്ചിരുന്നു. ചിലപ്പോഴും അന്യകുടുംബങ്ങളിൽനിന്നു് ആൺകുട്ടികളെ ദത്തെടുക്കുന്ന ഒരു പതിവുണ്ടു്. ദത്തെടുക്കുന്നവർ മെത്രാന്റെ മുമ്പിൽവച്ചു് വിവരം ഏറ്റുപറയുകയും മെത്രാൻ സംഗതി ഓലയിൽ (olla) എഴുതുകയും വേണം.

വിവാഹത്തോടു് അനുബന്ധപ്പെട്ടുള്ള നമ്മുടെ സാമുദായികാചാരങ്ങളും അന്നും ഉണ്ടായിരുന്നിരിയ്ക്കണം. തെക്കുംഭാഗക്കാരും വടക്കുംഭാഗക്കാരും നായർസ്ത്രീകളെ വിവാഹം ചെയ്തിരുന്നെന്നു് 16—ാം ശതാബ്ദത്തിൽ കേരളം സന്ദർശിച്ച ഫാദർ മോൺസെറാറ്റ് എസ്. ജെ.

രേഖപ്പെടുത്തിയിരിയ്ക്കുന്നു.6 താഴ്ന്ന ജാതികളിൽനിന്നുള്ള വിവാഹത്തിൽ പതിത്വമുണ്ടായിരുന്നതേ.

പള്ളി

പള്ളികളിൽ കുരിശിനും കെടാവിളക്കിനുമായിരുന്നു പ്രധാന സ്ഥാനം. കുരിശുകൾ മിക്കവയും ''മൈലാപ്പൂർ കുരിശി''ന്റെ ആകൃതിയിൽ നിർമ്മിച്ചിരുന്നു. അമ്പലങ്ങളുടെപോലെയാണ് പള്ളികളുടെ പണിവിശേഷം. ദർശനം പടിഞ്ഞാറോട്ടവേണം. സ്വന്തം ചെലവിൽ ജനങ്ങൾ പള്ളിപണിയുക പതിവായിരുന്നു. രാജാക്കന്മാരും ഇടപ്രഭുക്കന്മാരും വയ്പിച്ച പള്ളികളും കുറവല്ല. പല പള്ളികൾക്കും കരമൊഴിവുള്ള വസ്തുക്കൾ ഉണ്ടായിരുന്നു. കെട്ടിമേച്ചിലും, ചില തിരുനാളുകൾക്കുള്ള ചെലവും സർക്കാരിൽനിന്നു നടത്തികൊടുത്തിരുന്ന ചില പള്ളികളുണ്ട്. ഇങ്ങനെയുള്ള ചെലവുകൾക്കായി ചിലപ്പോൾ പള്ളിയുടെ പേരിൽ വസ്തുക്കൾ സർക്കാരിൽനിന്നു കൊടുത്തിരുന്നു. മിക്ക പള്ളികളിലും മരമണിയാണുപയോഗിച്ചിരുന്നതു്. പള്ളിയിൽ പ്രവേശിയ്ക്കുന്നവർ മുൻപറഞ്ഞതരം ''ഹനാൻവെള്ളം'' നെറ്റിയിൽ തൊട്ടു കുരിശുവരയ്ക്കും. ''ബാവായിയ്ക്കും പുത്രനും വച്ചിരുന്നതു്'' വലത്തുനിന്നു് ഇടത്തോട്ടാണു്. ഗ്രീക്കുകത്തോലിയ്ക്കർ ഇന്നും ഇങ്ങനെ ചെയ്യുന്നു. 25 നോമ്പുവീടലിനും 50 നോമ്പുവീടലിനും പള്ളിയിൽ വഴന (എടന)യില വിതറുക ഒരു പഴയ നടപ്പാണെന്നു തോന്നുന്നു. പുൽക്കൂട്ടും മറ്റും ഉണ്ടാക്കിതുടങ്ങിയതു് വളരെയടുത്തകാലത്താണു്. മദ്ബഹായിൽ അൽമായക്കു്, പ്രത്യേകം സ്ത്രീകൾക്കു് പ്രവേശനമില്ലായിരുന്നു. ബാബേൽക്കാരുടെ ചില പഴയ പള്ളികളിൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള സ്ഥലങ്ങൾ അഴിയിട്ടതിരിച്ചിട്ടുണ്ടു്. നമ്മുടെ ചില പഴയ പള്ളികളിലും ഇങ്ങനെ കാണുന്നുണ്ടല്ലൊ. അവരുടെയിടയിലും പുരുഷന്മാർ മുമ്പി

6. Cochin, 12 Jan. 1579, Malabar Herald, 6 May, 1933.

ലും സ്ത്രീകളും പിമ്പിലുമാണ് നില്ക്കുന്നത്. അവരുടെ പഴയ പള്ളികളിൽ ''ആനവാതൽ'' ഇല്ല. നമുക്കുള്ളതുപോലെ അവർക്കും മദ്ബഹായുടെ മുമ്പിൽ വിരിയുണ്ട്; എന്നാൽ അതു് രണ്ടുപാളിയിലല്ല. നമ്മുടെ പഴയപള്ളികളുടെ മദ്ബഹായും അതിന്റെ മേൽക്കൂട്ടും മറ്റു ഭാഗത്തിൽനിന്നു വിട്ടു കുറെ പൊങ്ങിയാണല്ലൊ നില്ക്കുന്നതു്. പൊങ്ങിനില്ക്കുന്ന ഭാഗത്തിനു് തോറാ (Tower?) എന്നു പറയാറുണ്ടു്. തോറാ ഒരുപക്ഷെ ഒരു പോർട്ടുഗീസു വാക്കായിരിയ്ക്കാം. എങ്കിലും മദ്ബഹാ വേർപെട്ടു നില്ക്കുക എന്നതു് പുരാതന കൽദായരീതിയോടു കുറെ യോജിയ്ക്കുന്നുണ്ടു്. ''മുഖവാര''വും മോണ്ടളവും പിൽക്കാലത്തുണ്ടായവയാണു്.

കുരിശു്

നമ്മുടെ പള്ളികളുടെ മുമ്പിൽ ''കുരിശിൻതൊട്ടി'' ഒഴിച്ചുകൂടാത്ത ഒന്നാണു്. തിരുനാൾ ദിവസങ്ങളിൽ അതിനു ചുറ്റും വിളക്കു കത്തിക്കണം. പ്രദക്ഷിണത്തിൽ സംബന്ധിക്കുന്ന പട്ടക്കാർ ചെറിയ കുരിശു് കയ്യിൽ പിടിക്കുക പതിവായിരുന്നു. ആ സമയത്തു ജനങ്ങളും അതു മുത്തുകയും ചെയ്തിരുന്നു. പള്ളികളുടെ മുൻവശത്തു കാണുന്ന വലിയ കൽകുരിശുകളും വിജയനഗരശില്പകലയനുസരിച്ചു നിർമ്മിക്കപ്പെട്ടവയാണെന്നു പറയുന്നവരുണ്ടു്. അങ്ങനെയെങ്കിൽ ആ കലയനുസരിച്ചുള്ള കുരിശുകളും അത്രവളരെ പഴക്കമുള്ളവയല്ലെന്നുവരാം.

ഞായറാഴ്ച

ഞായറാഴ്ച ദിവസം ജനങ്ങളും കുർബാന കണ്ടു് പ്രസംഗം കേട്ടിരുന്നെന്നാണു് ചില രേഖകളും പ്രസ്താവിക്കുന്നതു്. കൽദായസുറിയാനിഭാഷയിൽ എഴുതിയിരുന്ന വേദപുസ്തകം വ്യാഖ്യാനസഹിതം വായിക്കുക അന്നത്തെ നടപ്പാണു്. പൊതുസ്ഥലങ്ങളിൽവച്ചു് വായനയും വ്യാഖ്യാനവും നടന്നിരുന്നു. വെള്ളയങ്കിയാണു് വ്യാഖ്യാതാക്കളുടെ പ്രത്യേക വേഷം.

തിരുനാളുകൾ

അറുപതു നാഴികയാണു് നസ്രാണികളുടെ ഒരു ദിവസം. കൊല്ലമാകട്ടെ പാശ്ചാത്യരെപ്പോലെ അവർ കണക്കുകൂട്ടിയിരുന്നു. ജൂലിയൻ പഞ്ചാംഗമാണു് നടപ്പിലിരുന്നതു്. നോമ്പു്, ഉപവാസം, ഞായറാഴ്ചക്കടം ആദിയായവസ്തുള്ള സമയം സന്ധ്യമുതൽ സന്ധ്യവരെയാണു്. പിറവി, ദെനഹാ, ഉയിർപ്പു്, സ്വർഗ്ഗാരോഹണം, പന്തക്കുസ്താ, രൂപാന്തരീകരണം എന്നിവയായിരുന്ന നമ്മുടെ കത്താവിന്റെ തിരുനാളുകൾ. ദെനഹാ (13–ാം തിരുനാൾ) നമ്മുടെ കത്താവിന്റെ മാമ്മോദീസായെ പ്രധാനമായി സൂചിപ്പിച്ചിരുന്നു. ലത്തീൻ തീയതിയനുസരിച്ചു് നമ്മുടെ തക്സായിൽ ദെനഹാ ദിവസം ''മൂന്നു രാജാക്കന്മാരുടെ'' ഓർമ്മയാണു് കൊണ്ടാടപ്പെട്ടുന്നതു്. കാനോൻ ജപത്തിലാകട്ടെ മാമ്മോദീസായുടെ സ്മരണയാണു് ദെനഹാത്തിരുനാൾ.[7] ദെനഹാത്തിരുനാൾ ഇന്നും ചില സ്ഥലങ്ങളിൽ ''രാക്കുളിപ്പെരുന്നാളാ''ണു്. നമ്മുടെ കത്താവിന്റെ മാമ്മോദീസായെ സ്മരിച്ചുകൊണ്ടു് നമ്മുടെ പൂർവ്വന്മാർ ഈ തിരുനാളിന്റെ തലേരാത്രി കുളിച്ചിരുന്നു. തക്സായും, കാനോൻജപവും, നാട്ടനടപ്പും തമ്മിൽ യോജിക്കാത്തതു സൂക്ഷിച്ചാലും! പെസഹാ വ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഉയിർപ്പുകഴിഞ്ഞുവരുന്ന തിങ്കളാ, ചൊവ്വാ, (ബുധൻ?) പന്തക്കുസ്താ കഴിഞ്ഞുവരുന്ന തിങ്കളാ, ചൊവ്വാ എന്നീ ദിവസങ്ങളും കടമുള്ള ദിവസങ്ങളായിരുന്നു, മാതാവിന്റെ തിരുനാളുകളിൽ ജനനത്തിനും, കരേറത്തിനും ആയിരുന്ന പ്രാധാന്യം. പള്ളിയുടെ കല്ലിട്ടപെരുനാളും, (പള്ളിയുടെ പുണ്യവാന്റെ പെരുനാളും) ഗീവറുഗീസുസഹദായുടെ പെരുനാളും ഇങ്ങനെ വേറെയും തിരുനാളുകളുണ്ടു്. നമ്മുടെ കത്താവിന്റെ പിറവിമുതൽ അമ്പതുനോമ്പുവരെയുള്ള വെള്ളിയാഴ്ചകളിലായിരുന്ന ശ്ലീഹന്മാരുടേയും മറ്റും സ്മരണ. കർക്കടകം 3–ം (1 എന്നു ചില രേഖകളിൽ കാണുന്നതു തെറ്റാ

---

7. ദെനഹായുടെ ''ശമ്പൂആ''യിൽ ഞായറാഴ്ച ''റംശാ''യുടെ ''മിൻആലം'' കാണുക.

യിരിക്കണം) പുത്തഞായറും, വൃശ്ചികം 21—ം, തുലാം 18—ം തോമ്മാശ്ലീഹായുടെ ദിവസങ്ങളാണ്. തിരുനാളുകളും ഞായറാഴ്ച വന്നാൽ ആഘോഷിക്കാറില്ല. എന്നാൽ തോമ്മാശ്ലീഹായുടെ കക്കടകം 3—ലേ തിരുനാളിനു ഈ നിയമം ബാധകമല്ല. വൃശ്ചികം 21—ൽ ആണത്രേ തോമ്മാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയതു്. അന്നു തീർത്ഥയാത്രചെയ്തു് അനേകർ കൊടുങ്ങല്ലൂർക്കു പോയിരുന്നു. പറവൂർ വച്ചായിരുന്നു അന്നത്തെ തിരുനാൾ സദ്യ. അമ്പലങ്ങളിലെ വാദ്യഘോഷങ്ങളും തന്നെയാണു് പള്ളികളിലും നടത്തിയിരുന്നതു്.

നോമ്പു്, ഉപവാസം

50 നോമ്പു്, 25 നോമ്പു്, 15 നോമ്പു്, 8 നോമ്പു്, 3 നോമ്പു് ഇവയാണു് പ്രധാന നോമ്പുകളും, പന്തക്കുസ്താമുതൽ 50 ദിവസത്തേയ്ക്കുള്ള ശ്ലീഹന്മാരുടെ നോമ്പു് നിർബന്ധമല്ല. 8 നോമ്പിനു പള്ളികളിൽ ''ഭജനമിരിക്കും.'' 3 നോമ്പിനു് പള്ളികളിൽ സദ്യയും പതിവാണു്. 3—നോമ്പിന്റെ പ്രാർത്ഥനകളും മറ്റാഘോഷങ്ങളും കഴിഞ്ഞുരുത്തി, പുളിങ്കുന്നു മുതലായ സ്ഥലങ്ങളിൽ ഇന്നും നടത്തിവരുന്നുണ്ടല്ലൊ. 50 നോമ്പിലും 25 നോമ്പിലും ഒരിക്കൽ മാത്രമേ ഭക്ഷണമുള്ളു. അതും സന്ധ്യകഴിഞ്ഞു മാത്രം. മുട്ട, മീൻ ആദിയായവയും വിവാഹജീവിതവും ആ കാലങ്ങളിൽ വർജ്ജിക്കേണ്ടതാണു്. പുലർകാലത്തും, സന്ധ്യാസമയത്തും, അർദ്ധരാത്രിയിലും എല്ലാവരും പള്ളിയിൽകൂടി പ്രാർത്ഥിച്ചിരുന്നു. പള്ളിയിൽ കയറിയാലുടൻ പട്ടക്കാരന്റെ പക്കൽനിന്നു് കൈക്കസ്തൂരി വാങ്ങണം. പരസ്യപാപികൾക്കും, മഹറോൻ ഏറ്റവക്കും കൈക്കസ്തൂരി കൊടുക്കാവുന്നതല്ല. നോമ്പു ലംഘിച്ചാൽ മഹറോനാണു് ശിക്ഷ. ഒരു ദിവസം ലംഘിച്ചാൽ മുഴുവനും ലംഘിച്ചതായി കരുതിയിരുന്നു. എന്നാൽ വൃദ്ധന്മാക്കൊഴിവുണ്ടു്. പെസഹാ വ്യാഴാഴ്ച ഉച്ചമുതൽ ദുഃഖശനിയാഴ്ച സന്ധ്യവരെ യാതൊന്നും ഭക്ഷിച്ചിരുന്നില്ല. ഇണ്ടറിയും കൊഴക്കട്ടയും ഒഴിക്കണമെന്നു തോന്നുന്നുണ്ടു്.

ആ ദിവസങ്ങളിൽ വീടുകളിൽപോലും മൌനം അനുഷ്ഠിച്ചിരുന്നു. ദുഃഖവെള്ളിയാഴ്ച രാത്രിമുഴുവനും പ്രാർത്ഥനയിലും പ്രസംഗം കേൾക്കുന്നതിലുമാണ് വിനിയോഗിച്ചിരുന്നതു്. ഇന്നും ദുഃഖവെള്ളിയാഴ്ച മുറമടിക്കപോലും ചെയ്യാറില്ലല്ലൊ. 18—ാംശതാബ്ദം മുതൽ മാത്രമേ പാനവായന നടപ്പിൽവന്നുള്ളു.

വെള്ളിയാഴ്ചയും, ബുധനാഴ്ചയും മാംസവും മത്സ്യവും, ശനിയാഴ്ച (?) മാംസംമാത്രവും വർജ്ജിക്കേണ്ടിയിരുന്നു. ബുധനാഴ്ചയാണ് മാതാവിന്റെ ദിവസം. കാനോൻ ജപത്തിൽ ഇന്നും അങ്ങനെ തന്നെ. വെള്ളിയും ബുധനും 50 നോമ്പിലെ ദിവസങ്ങൾപോലെ ആചരിക്കേണ്ടിയിരുന്നെന്നു കരുതുവാൻ വഴിയില്ലാതില്ല.

ശേഷക്രിയകൾ

മൃതശരീരം ഭൂമിദാനം ചെയ്യപ്പെട്ടിരുന്നു. പ്രത്യേകമൊരു വളപ്പല്ലായിരുന്നു സിമിത്തേരി. പള്ളിക്കു ചുറ്റുമാണ് കബറിടങ്ങൾ കുഴിച്ചിരുന്നതു്. ശവസംസ്കാരത്തിൽ ധാരാളമാളുകൾ കൂടിയിരുന്നു. അതു കഴിഞ്ഞു എട്ടു ദിവസം സദ്യയുണ്ടു്. ചാത്തവും ഉണ്ടായിരുന്നു. വിദേശത്തുള്ള കൽദായക്കാർ മരണം കഴിഞ്ഞു മൂന്നാം ദിവസവും, ഏഴാം ദിവസവും, പതിനഞ്ചാം ദിവസവും, മുപ്പതാം ദിവസവും ആണു് മുൻകാലങ്ങളിൽ ആഘോഷങ്ങൾ നടത്തിയിരുന്നതു്.[8] ഇതിൽനിന്നു വ്യത്യസ്തമാണല്ലൊ നമ്മുടെ പതിവു്. നമ്മുടേതു നാട്ടുനടപ്പു ക്രിസ്ത്യീയമാക്കിയതാകുന്നു. പുല, ചാത്തം, ആദിയായ പേരുകൾതന്നെ സൂക്ഷിച്ചാലും.

നേർച്ചകൾ

ഊട്ടു, തമുക്കു്, പാച്ചോർ മുതലായ നേർച്ചകളും പഴയകാലങ്ങളിൽ ഉണ്ടായിരുന്നു. പള്ളിക്കെത്തുവച്ചും നേർച്ച വിളമ്പാറുണ്ടു്. മദ്ബഹായുടെ തളമാണു് നേർച്ച

8. J. A. Asseman, op. c. p. 137.

ഭക്ഷിക്കുവാൻ പട്ടക്കാർക്കുള്ള ഇരിപ്പിടം. പള്ളിച്ചെല വിലും നേർച്ച കഴിക്കാറുണ്ട്.

പ്രാർത്ഥനകൾ

തോമ്മാശ്ലീഹായുടെ അപദാനങ്ങളടങ്ങിയ ഗാന ങ്ങൾ കൂട്ടികളെ പ്രധാനമായി പഠിപ്പിച്ചിരുന്നു. ''ആ കാശങ്ങളിൽ ഇരിക്കുന്ന'' ''നന്മനിറഞ്ഞ മറിയമെ'' ആദിയായ ജപങ്ങൾ എല്ലാവരും സുറിയാനിയിൽ ചൊ ല്ലിയിരുന്നു. ''നന്മനിറഞ്ഞമറിയമെ'' എന്ന ജപത്തിൽ ''ശുദ്ധമാനമറിയമെ'' എന്നു തുടങ്ങുന്നഭാഗം ഇല്ലായിരു ന്നെന്നും തന്നിമിത്തം നസ്രാണികൾ കത്തോലിക്കരല്ലാ യിരുന്നെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ പ്രസ്തുത ഭാഗം വി. തോമ്മസ് അക്വീനാസിന്റെ കാലത്തു് ലത്തീൻസഭയിലും ഇല്ലായിരുന്നെന്നു് സാധാരണ ആരും മനസ്സിലാക്കിയിട്ടില്ല.

വേഷ ഭൂഷണങ്ങൾ

കുട്ടിക്കനും, കുട്ടിമ്മയും പുരുഷന്മാർക്കു സാധാരണമാ ണു്. മുടിക്കെട്ടിൽ സ്വർണ്ണാഭരണമോ കുരിശോ തിരുകി യിരുന്നു. സ്ത്രീകളുടെ പെരുമാറ്റത്തിലും വസ്ത്രധാരണ ത്തിലും മര്യാദയും വിനയവുമാണു് വിദേശികളെ വിസ്മ യിപ്പിച്ചിരുന്നതു്. പള്ളിയിലും പട്ടക്കാരുടെ മുമ്പിലും വച്ചു് കണ്ണുവരെ എത്തുന്ന (നീല) മുണ്ടു് കൊണ്ടു് അവർ ദേഹം മുഴുവനും മറയ്ക്കുകയാണു് പതിവു്. മെത്രാൻ പള്ളി യിൽ വന്നാൽ കൈമുത്തിയശേഷം 9 നിലംവരെ കുനി ഞ്ഞു് ആശീർവ്വാദം വാങ്ങിയിരുന്നു. അതിന്റെശേഷം മാത്രമേ കുട്ടികളെ അദ്ദേഹത്തിന്റെ പക്കൽ കൊണ്ടുചെ ന്നിരുന്നുള്ളു. ഇങ്ങനെ ചെയ്തിരുന്നതാകട്ടെ ഓരോരുത്ത രായിട്ടുമാണു്. ഏതോ ഒരുസ്ത്രീ ഒരു കേസിൽ മെത്രാന്റെ മുമ്പിൽവച്ചു് മൂന്നുദിവസം വാദം നടത്തിയെന്നു് പല

9. കൈമുത്തല്ലായിരുന്നിരിക്കാം. കൈ പിടിച്ചു നെറ്റി യിൽവച്ചു ബഹുമാനം പ്രദർശിപ്പിക്കുക ആയിരുന്നിരിക്കണം.

വിദേശികളും പ്രശംസാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വീകരം പഴയ നിയമത്തിലേ വിശുദ്ധകളെ അനുകരിച്ചിരുന്നു. 1599—ൽ മെനേസീസു മെത്രാപ്പോലീത്താ നമ്മുടെ പള്ളികരം സന്ദർശിച്ചപ്പോരം കൊച്ചുകുട്ടികളെ കസേരയ്ക്കു ചുറരും മുട്ടുകുത്തിച്ചു് മലയാളത്തിൽ കാമ്മാശ് (Chamaz?) എന്നു പറയുന്ന ഒരു പ്രാർത്ഥന അവരെക്കൊണ്ടു ചൊല്ലിച്ചശേഷം അദ്ദേഹം അവരെ ആശീർവ്വദിച്ചിരുന്നെന്നു ഡി ഓർസി പറയുന്നുണ്ട്. 9a

മഹറോൻ

മെത്രാനായിരുന്നു എല്ലാതക്കങ്ങളും തീർത്തിരുന്നതു്. എല്ലാ അധികാരവും അദ്ദേഹത്തിനുണ്ടായിരുന്നു. മഹറോൻ ശിക്ഷപോലെ വേറൊന്നും അത്രയധികം ജനങ്ങരം ഭയപ്പെട്ടിരുന്നില്ല. മഹറോനിൽ വീണവരുടെ വീട്ടിൽ പട്ടക്കാർ കയറുകയില്ലായിരുന്നു. വടികൊണ്ടു ലഘുവായി അടിച്ചുകൊണ്ടു് മഹറോൻ വിമോചിച്ചിരുന്നു. ''തീയും വെള്ളവും വിലക്കുന്ന'' ശിക്ഷയുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്.

x x x x

റീത്തിനോടു ബന്ധമില്ലാത്ത സാമുദായികാചാരങ്ങളും രാഷ്ട്രീകവും, സാമുദായികവുമായി നസ്രാണികരംക്കുണ്ടായിരുന്ന ഉന്നത സ്ഥാനമാനങ്ങളും എടുത്തുപറയാതെ ഇവിടെ വിട്ടുകളയുന്നു. ഇതുകൊണ്ടാണു് 345—ൽ കേരളത്തിൽ വന്നെന്നു വിശ്വസിക്കപ്പെടുന്ന കനായി തോമ്മായെപ്പററി യാതൊന്നും പ്രസ്താവിക്കാതിരിക്കുന്നതു്. കനായി തോമ്മായുടേയും മറു വിദേശികളുടേ

9a. Alex. D'Orsey, Portuguese Discoveries & Dependencies, p. 236.

കാമ്മാശ് എന്തായിരിക്കാം? ഗസ്സാ നമസ്ക്കാരത്തിൽ കാമീസ് എന്നുപറയുന്ന ചില ഗാനങ്ങളുണ്ടു്. കാമീസ് എന്നയാരം രചിച്ചതുകൊണ്ടു് അവ അങ്ങനെ അറിയപ്പെടുന്നു. കാമീസ് ആയിരിക്കുമോ കാമ്മാശ്?

യും ആഗമനംമൂലം പൌരസ്ത്യസുറിയാനിറീത്തിനു പ്രാബല്യവും പരിപൂർണ്ണതയും കേരളത്തിൽ സിദ്ധിച്ചിട്ടുണ്ട്. ആ റീത്തിന്റെ സെലൂക്കിയൻ പ്രത്യേകതകളും കേരളപ്രവേശം ചെയ്തതു അന്നായിരിക്കുമോ?10

വിദേശസഞ്ചാരികളുടേയും ചരിത്രകാരന്മാരുടേയും പ്രസ്താവനകളെ അടിസ്ഥാനമാക്കി മുകളിൽ പ്രതിപാദിച്ചിട്ടുള്ളവ മുഴുവനും സ്വീകാര്യമാണെന്നു പറയാവുന്നതല്ല. അവർ എല്ലാ സംഗതികളും ശരിയായി ഗ്രഹിച്ചില്ലെന്നുവരാം. ഗ്രഹിച്ചവയിൽ തന്നെയും ന്യൂനതകളുണ്ടാകാം.

(''മഫെ'', ''റോളിൻ'' ഉദയമ്പേരൂർ, സൂനഹദോസിന്റെ നിയമങ്ങളും, 16–ാം ശതാബ്ദത്തിൽ ചില പോർട്ടുഗീസുകാർ കേരളത്തിൽനിന്നു യൂറോപ്പിലേയ്ക്കയച്ച ചില ലേഖനങ്ങളും എന്നീ രേഖകളാണു ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളവയുടെ ആധാരം.)

---

10. പൌരസ്ത്യ സുറിയാനിറീത്തു് പൌരസ്ത്യ സുറിയാനിറീത്തിന്റെ സെലൂക്കിയൻ പ്രത്യേകതകളും എന്നിങ്ങനെ രണ്ടു സംഗതികളും നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതുണ്ടു്. സെലൂക്കിയൻ പ്രത്യേകതകളും കേരളത്തിൽ പ്രവേശിക്കുന്നതിനുമുമ്പു് പൌരസ്ത്യ സുറിയാനിറീത്തു കേരളത്തിൽ പ്രവേശിച്ചിരുന്നു എന്നുവരാം. ഇതിനുള്ള ചില ന്യായങ്ങളും രണ്ടാമദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടല്ലൊ.

അഞ്ചാം അദ്ധ്യായം

പതിനാറാം ശതാബ്ദം

പോർട്ടുഗീസുകാർ

പതിനാറാം ശതാബ്ദത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോഴും സഹോദരന്മാരെ എന്നപോലെ നസ്രാണികളും അവരെ അഭിവാദ്യം ചെയ്തു. പോർട്ടുഗീസുകാക്കു് അവർ നൽകിയ ഒരു വിവരണത്തിൽ പള്ളികളിൽ കുരിശല്ലാതെ പ്രതിമകളില്ലായിരുന്നെന്നു കാണുന്നുണ്ടു്. കത്തോലിക്കരായ പൌരസ്ത്യസഭാംഗങ്ങളും പൊതുവെ പ്രതിമകളും ഉപയോഗിക്കാറില്ല. ചിത്രങ്ങളുംക്കാണു് അവരുടെയിടയിൽ പ്രാധാന്യം. 1501—ൽ ''ഇൻഡ്യാക്കാരനായ യൌസേപ്പു്'' സ്വസഹോദരനൊരുമിച്ചു് പോർട്ടുഗീസു കപ്പലിൽ ലിസ്ബൺ, റോമാ മുതലായ സ്ഥലങ്ങളും സന്ദർശിക്കുവാൻ പുറപ്പെട്ടു. കേരളീയസഭ മാപ്പ്വാപ്പായുടെ പരമാധികാരത്തിൽ വിശ്വസിച്ചിരുന്നെന്നു് റോമ്മായിൽവച്ചു് യൌസേപ്പുചെയ്ത പ്രസ്താവനയിൽനിന്നു വിശദമാകുന്നുണ്ടു്.1 വാസ്കോഡിഗാമായുടെകൂടെ രണ്ടാം പ്രാവശ്യം ഇൻഡ്യയിൽ വന്ന ഒരാളും നമ്മുടെ പൂർവ്വന്മാരെപ്പറ്റി ഇങ്ങനെ പറയുന്നു: ''ക്രിസ്ത്യാനികളുംക്കു മറ്റാളുകളുമായി യാതൊരിടപാടുമില്ല. അവർ നല്ല ക്രിസ്ത്യാനികളാണു്. വിശുദ്ധദിവസങ്ങളിൽ അവർ യാതൊന്നും വില്ക്കുകയോ വാങ്ങുകയോ ചെയ്യുന്നില്ല. അവർ കോഴികളേയും, ആടുകളേയുംകൊണ്ടു് ഞങ്ങളുടെ കപ്പലുകളിലേയ്ക്കു സസന്തോ

---

1. Schurhammer S. J., The Malabar Church and Rome. pp. 8. 9.

ഷം വരുകയും ഞങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്തു. സത്യവിശ്വാസം അറിയുന്നതിലേയ്ക്ക് അവർ റോമ്മാ മാപ്പ്വാപ്പായുടെ പക്കലേയ്ക്ക് പട്ടക്കാരെ അയച്ചുകഴിഞ്ഞിരിക്കുന്നു.''[2] 16—ാം ശതാബ്ദത്തിന്റെ ആരംഭം വരെ ഭരണം നടത്തിയിരുന്നെന്നു തോന്നുന്ന നസ്രാണിരാജാവിന്റെ ചെങ്കോൽ വാസ്ക്കോഡിഗാമായെ ഏല്പിച്ചുകൊണ്ട് പോർട്ടുഗൽ രാജാവിന്റെ കടാക്ഷത്തിനു് തങ്ങളെത്തന്നെ നസ്രാണികളും ഭരമേല്പിച്ചു.

മെത്രാന്മാർ

1503—ൽ കേരളീയ സഭയെ ഭരിയ്ക്കുവാൻ വന്ന വിദേശീയരായ സുറിയാനി മെത്രാന്മാരെ പോർട്ടുഗീസുകാർ സാദരം സ്വീകരിച്ചു് സ്വന്തം പ്രാത്ഥനാലയത്തിൽ കർബാനചൊല്ലിച്ചു് അവർക്കു വിലയേറിയ സമ്മാനങ്ങളും നൽകി.[3] ഈ മെത്രാന്മാരിൽ ഒരാളാണു് വി. ശൌര്യാരിന്റെ ആപ്തമിത്രമായ മാർ യാക്കോബു്.

പോർട്ടുഗീസുമൈത്രി

ഇതേ തുടർന്നു പോർട്ടുഗീസുകാർ എല്ലാ കാര്യത്തിലും നസ്രാണികളുടെ സ്നേഹിതന്മാരായി വർത്തിച്ചിരുന്നു. പള്ളിപണിയിക്കുക, നന്നാക്കുക, മെത്രാന്മാർക്കു് ധനസഹായം ചെയ്യുക, പള്ളികളിൽ പ്രസംഗിയ്ക്കുക, പഠിപ്പി

---

2. Ferroli S. J., The Jesuits in Malabar, p. 99. പട്ടക്കാർ എന്നു പറയുന്നതു് യൌസേപ്പിനേയും മറ്റും ഉദ്ദേശിച്ചായിരിക്കാം. ''ക്രിസ്ത്യാനികളും വളരെ ഭക്തരാണു്: എന്നാൽ മതസിദ്ധാന്തങ്ങളും സംബന്ധിച്ചു് അവക്കു വലിയ അറിവുകുറവുണ്ടു്: തോമ്മാശ്ലീഹായുടേയും മാതാവിന്റെയും നാമത്തിൽ അവക്കു രണ്ടു പള്ളികളുണ്ടു്.'' എന്നിങ്ങനെയാണു് ബർബോസാ കൊടുങ്ങല്ലൂരുണ്ടായിരുന്ന ക്രിസ്ത്യാനികളെപ്പറ്റി പറഞ്ഞിട്ടുള്ളതു്.

3. Schurhammer, S. J. ibid

ക്കുക. ഇങ്ങനെ എല്ലാ സംഗതികളും അവർ ഏറെറടുത്തു നടത്തി. നമ്മുടെ പഴയപള്ളികളം മിക്കതും ''മുഖവാര'' ത്തോടെയും പോർട്ടുഗീസു രീതിയിലും പരിഷ്ക്കരിയ്ക്കപ്പെട്ടതു് ഇങ്ങനെയാണു്. പോർട്ടുഗീസുകാരോടുള്ള സാമീപ്യം നിമിത്തം ചില ലത്തീൻ തിരുനാളുകളും (ഉദാ: ഡിസംബർ 21—ലെ തോമ്മാശ്ലീഹായുടെ തിരുനാളം) നമ്മുടെയിടയിൽ ആഘോഷിക്കപ്പെട്ടുതുടങ്ങി. 1517 മുതൽ തീർത്ഥയാത്രക്കാരായ നസ്രാണികളം പോർട്ടുഗീസുകാരുടെ സഹായത്തോടെ മൈലാപ്പൂരിലേയ്ക്കു പോയിരുന്നു.4

ഡിസംബർ 21

പോർട്ടുഗീസുകാർ ലത്തീൻ രീതിപ്രകാരം ഡിസംബർ 21—ാം നു- യാണു് തോമ്മാശ്ലീഹായുടെ മരണത്തിരുനാളം ആഘോഷിച്ചിരുന്നതു്. ആ ദിവസം മൈലാപ്പൂർ ദേവാലയത്തിൽ ദണ്ഡവിമോചനങ്ങളം നൽകപ്പെട്ടിരുന്നു. ഇങ്ങനെ നമ്മുടെയിടയിൽ ഡിസംബർ 21—ലെ തിരുനാളം പ്രാബല്യത്തിൽ വന്നുതുടങ്ങി. എന്നാൽ അതു മരണത്തിരുനാളാണെന്നുള്ള ധാരണ പൊതുവെ പ്രബലമായില്ല. നമ്മുടെ രീത്യനുസരണം ജൂലായി 3—ാംനു- ആണു് ശ്ലീഹായുടെ മരണത്തിരുനാളം. അന്നത്തേയുള്ള പുരാതന കാനോൻ ജപത്തിൽ, തിരുനാളാഘോഷം മരണദിവസത്തിൽ തന്നെയാണെന്നുകൂടി കാണുന്നുണ്ടു് (മ്ശീഹാ ദൌറെബു് അദ്ഏദെ ദത്ഓമ്മാബ്യോം ഉൻദാനെ). ഇതുംപ്പെടെ കാനോൻ ജപത്തിലെ ചില ഭാഗങ്ങളംക്കു് ഉദയമ്പേരൂർ സൂനഹദോസിൻെറശേഷം നമ്മുടെയിടയിൽ പ്രചാരം കുറഞ്ഞുപോയി. ഇപ്പോളുള്ളതുതന്നെ എല്ലാവരും ജപിക്കുന്നുമില്ല. തന്നിമിത്തം നമ്മുടെയിടയിൽ ഡിസംബർ 21 മരണത്തിരുനാളാണെന്നു

4. Ibid.

ചിലർ വിചാരിച്ചു പോയിട്ടുണ്ട്.[5] അന്തിയോക്കിയൻ സുറിയാനി റീത്തുപ്രകാരവും ജൂലായി 3 ആണ് ശ്ലീഹായുടെ മരണത്തിരുനാൾ. ശ്ലീഹാ മരിച്ചതും അന്നുതന്നെയാണെന്നു് ആ റീത്തിൽ ആ ദിവസത്തേയ്ക്കുള്ള കാനോൻ ജപത്തിൽ കാണുന്നു. കേരളത്തിലേ പുരാതനമായ പാരമ്പര്യവും ഇങ്ങനെ തന്നെ.

വൈദികങ്ങളിൽ സംസർഗ്ഗം

നസ്രാണികളും പോർട്ടുഗീസുകാരും തമ്മിലുണ്ടായ മൈത്രിനിമിത്തം വൈദിക ശുശ്രൂഷകൾ ഒരേ പള്ളിയിൽതന്നെ രണ്ടു റീത്തിലും നടത്തപ്പെട്ടിരുന്നു.[6] വിൻസൻറു എന്ന ഒരു ഫ്രാൻസിസ്കൻ സന്യാസി കൊട്ടങ്ങല്ലൂരിൽ നടത്തിയിരുന്ന ഒരു സെമിനാരിയിൽ 1549-ൽ മാന്യകുടുംബത്തിൽപെട്ട ഒരു നൂറോളം യുവാക്കന്മാർ പഠിച്ചിരുന്നെന്നു് വി. ശെയ്യാർ പ്രസ്താവിക്കുന്നുണ്ട്.[7] ഇപ്രകാരമുള്ള പല സംഗതികളും നസ്രാണികൾ അന്നു കത്തോലിക്കരായിരുന്നു എന്നതിനു് വിളിച്ചറിയിക്കുന്നതു്.

മനഃസ്ഥിതി മാറുന്നു

കുറേ കഴിഞ്ഞപ്പോൾ പോർട്ടുഗീസുകാരുടെ മനഃസ്ഥിതി പാടേ വ്യത്യാസപ്പെട്ടു. ഗോവമെത്രാനു് സുറി

---

5. ലത്തീൻസഭയിൽപോലും ചില സ്ഥലങ്ങളിൽ ജൂലായി 3 ശ്ലീഹായുടെ മരണത്തിരുനാളായിരുന്നു. ചില രേഖകളിൽ ഡിസംബർ 21 മരണത്തിൻറെയും അസ്ഥിമാറ്റത്തിൻറെയും ഓർമ്മയായി കുറിച്ചിട്ടുണ്ട്. പിന്നീടു് ഡിസംബർ 21 മരണത്തിൻറെയും ജൂലായി 3 അസ്ഥിമാറ്റത്തിൻറെയും ഓർമ്മയ്ക്കായി ലത്തീൻസഭ മുഴുവനിലും സ്വീകരിക്കപ്പെട്ടു. "It is common belief that St. Thomas's feast was assigned to December 21st –the shortest day – to mark the shortness of his faith". Herald (Calcutta) Sept. 6, 1943, p, 5.

6. Castetes, S. J., The Examiner, 1922, p. 203.

7. Monumenta Xaveriana, Matsiti, 1900, p. 480, 481.

യാനിക്കാരുടെമേലും അധികാരമുണ്ടെന്നായിരുന്നു അവരുടെ ധാരണ. ബാബേൽ പാത്രിയർക്കീസിന്റെ അധികാരം കേരളത്തിൽനിന്നു നീക്കം ചെയ്യുവാനാണ് തുടർന്നുണ്ടായ പരിശ്രമം. സുറിയാനിക്കാരെ ലത്തീൻക്കാരാക്കണമെന്നു അവർ നിശ്ചയിച്ചു. സുറിയാനിക്കാരുടെ അജ്ഞതയും, പുസ്തകങ്ങളിൽ കടന്നുകൂടിയിരുന്ന അബദ്ധങ്ങളും, ''ബബേലിലേ'' കത്തോലിക്കരായ പാത്രിയർക്കീസുമാരോട് മത്സരിച്ചു നിന്നിരുന്ന ഒരു കക്ഷിയിൽപെട്ട ചില മെത്രാന്മാരുടെ കേരള പ്രവേശനവും പോർട്ടുഗീസുകാരുടെ ആഗ്രഹങ്ങൾക്കും പരിശ്രമങ്ങൾക്കും കൂടുതൽ സഹായകങ്ങളായി പരിണമിച്ചു.

റീത്തുമാറ്റുവാൻ ശ്രമം

1503 മുതൽ 1550 വരെ ഭരണം നടത്തിയ മുൻപറഞ്ഞ മാർ യാക്കോബിന്റെ കാലത്താണ് നമ്മെ ലത്തീൻകാരാക്കുവാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചതു്. മാർ യാക്കോബു് മാമ്മോദീസാ നൽകിയിരുന്ന രീതിസംബന്ധിച്ചു് അവർ വഴക്കുപറഞ്ഞു. പോർട്ടുഗീസുകാർ, പ്രത്യേകം ഒരു പെന്തേയാദോപാദ്രി, തങ്ങൾക്കു മാമ്മോദീസാ നൽകേണ്ടതല്ലെന്നായിരുന്നു സുറിയാനിക്കാരുടെ ശാഠ്യം. സുറിയാനിക്കാരെ എല്ലാത്തിലും ലത്തീൻകാരാക്കുവാൻ സദാ ശ്രമിച്ചിരുന്ന ആളാണു് ഈ പാദ്രി. തന്റെ മരണത്തിന്റെശേഷം സുറിയാനിക്കാർ പോർട്ടുഗീസു് വൈദികരെ സ്വീകരിക്കുന്നതിൽ മാർ യാക്കോബു് വിമുഖനല്ലായിരുന്നു. പള്ളിയുടെ വാതിൽക്കൽവച്ചു് കല്യാണം നടത്തുക മുതലായ ചില ക്രമങ്ങൾക്കു ചിലരെല്ലാം വിധേയരായി[8]. റോമ്മാ സഭയുടെ നടപടികളം (Custume da Igreia da Roma) സ്വീകരിക്കുവാൻ മനസ്സുണ്ടായിരുന്നിട്ടും ഭയം നിമിത്തം ചിലർ അങ്ങനെ ചെയ്തില്ലെന്നു് 1530—ലെ ഒരെഴുത്തിൽ മാർ യാക്കോബു് പ്രസ്താവിക്കുന്നുണ്ടു്. റോമ്മാസഭയുടെ നടപടികളം സസന്തോഷം സ്വീകരിച്ച ചിലരെപ്പറ്റി

8. Schurhammer S. J. Ibid.

ആ എഴുത്തിൽ സൂചനയുള്ളതിൽനിന്നു് അവർ ലത്തീൻ റീത്തോ ലത്തീൻ റീത്തിലേ ആചാരങ്ങളോ മുഴുവനായി സ്വീകരിച്ചെന്നു അനുമിക്കാവുന്നതല്ല. റോമ്മാസഭയുടെ നടപടികളും (Custume) ലത്തീൻ റീത്താകണമെന്നില്ലല്ലൊ.9 അങ്ങുമിങ്ങുമായി ചില സുറിയാനിക്കാർ ലത്തീൻകാരായി കാണണം. പക്ഷെ, സുറിയാനിക്കാക്കു റീത്തുമാറ്റം ഒട്ടും രസിച്ചില്ല. കൊടുങ്ങല്ലൂർ സെമിനാരിയിൽ പഠിച്ചു് ലത്തീൻ റീത്തിൽ പട്ട മേറ്റ വൈദികർ സുറിയാനി പള്ളികളിൽ ലത്തീനിൽ കുർബാന ചൊല്ലുവാൻ അനുവദിക്കപ്പെട്ടിരുന്നില്ല. പറവൂർക്കാരും മാന്യകുടുംബാംഗങ്ങളും ആയ രണ്ടുപേർ പോർട്ടുഗളിൽ പഠിച്ചു് പട്ടമേറ്റുവന്നപ്പോൾ അവരുടെ വീട്ടുകാർതന്നെ അവരെ പുറത്താക്കുകയാണുണ്ടായതു്.10 അവർ രണ്ടുപേരും മരണംവരെ നാടുകടത്തപ്പെട്ടവരായി കൊടുങ്ങല്ലൂരിൽ താമസിച്ചു. അവരുടെ ആവശ്യത്തിനായിത്തന്നെ അവിടെ വി. യോഹന്നാന്റെ നാമത്തിൽ ഒരു പുതിയപള്ളി പണിയിക്കേണ്ടതായും വന്നു. അവരിൽ ഒരാൾ മരിച്ചതു് 1598–ൽ ആണു്.11 ഇതായിരുന്ന മാന്യകുടുംബത്തിൽപെട്ട ആ വൈദികരുടെ സ്ഥിതി. ലത്തീൻ റീത്തിനോടു യോജിക്കാതിരുന്നതെല്ലാം പാഷണ്ഡതയും അബദ്ധവും ആണെന്നു കരുതി

---

9. മാർ യാക്കോബിന്റെ എഴുത്തിൽ custume da lgreia da Roma റോമ്മാസഭയുടെ നടപടികളാ (customs) എന്നാണു് കാണുന്നതു്. ഇതിനെ ലത്തീൻ റീത്തായി ഫാദർ ഷൂർ ഹാമ്മർ മനസ്സിലാക്കുകയും സുറിയാനിക്കാരിൽ ഒരു ഭാഗം അന്നു ലത്തീൻകാരായെന്നു വിചാരിക്കുകയും ചെയ്യുന്നു (op. c. p. 18, 19). പക്ഷെ റോമ്മാസഭയുടെ നടപടികളാ അഥവാ ആചാരങ്ങളാ (customs) സ്വീകരിക്കുക ലത്തീൻറീത്തു സ്വീകരിക്കുക തന്നെയാകണമെന്നില്ല. മാർ യാക്കോബിനെപ്പറ്റി ഇതേ വിധത്തിൽ വി. ശൊര്യാർ എഴുതിയിട്ടുള്ളതിനെ ഫാദർ ഹെറാസു്എസു്. ജെ. വ്യാഖ്യാനിക്കുന്ന ഭാഗം താഴെ ചേർത്തിട്ടുണ്ടു്. അതിൽനിന്നു് ഇതു് കൂടുതൽ വിശദമാകുന്നതാണു്.

10. D'Souxa: Oriente Conquistado. 11. 17.

11. Gouvea: Jornada. 1. 10.

കൊണ്ടു് കുർബാനയിൽ പുളിക്കാത്ത അപ്പം ഉപയോഗിക്കണമെന്നും, ഉപവാസദിവസം മത്സ്യം ഭക്ഷിക്കണമെന്നും, നോമ്പുദിവസങ്ങളിൽ വീഞ്ഞു കുടിക്കണമെന്നും പോർട്ടുഗീസുകാർ നിർബന്ധിക്കുക നിമിത്തം കൊടുങ്ങല്ലൂർ താമസിച്ചിരുന്ന സുറിയാനിക്കാർ മലകളിലേയ്ക്കു ഓടി രക്ഷപ്രാപിച്ചു. [12] ഇത്രയും പ്രസ്താവിച്ചതിൽ നിന്നു റീത്തുമാറ്റം സംബന്ധിച്ചുള്ള സുറിയാനി മനഃസ്ഥിതി ധാരാളം വിശദമാകുന്നുണ്ടല്ലൊ. ലത്തീൻ ആചാരങ്ങൾ മുഴുവനായി സ്വീകരിക്കുകയോ, ലത്തീൻ റീത്തു സ്വീകരിക്കുകയോ ചെയ്ക അന്നത്തെ സുറിയാനിക്കാരുടെ സംഖ്യയും സാമുദായികനിലയും ഇതിൽനിന്നു ഏകദേശം ഊഹിക്കാവുന്നതാണു്.

മെത്രാനും റീത്തും

വാദ്ധ്യദശയിൽ കൊച്ചിയിലെ ഫ്രാൻസിസ്കൻ സന്യാസികളുടെകൂടെ താമസിച്ചിരുന്ന മാർ യാക്കോബു് റോമാസഭയുടെ നടപടികളോടു് (customs) വളരെ അനുസരണമുള്ളവനായിരുന്നെന്നു് വി. ശൌര്യാർ പ്രസ്താവിക്കുന്നു. ഇതു റീത്തു മാറ്റമാണെന്നു് ചിലർ വിചാരിക്കുന്നതു് സ്വീകാര്യമാകണമെന്നില്ല. ഫാദർ ഷൂർഹാമ്മർ ഈ അഭിപ്രായത്തെ അനുകൂലിക്കുന്നവനായി കാണപ്പെട്ടിരുന്നെങ്കിലും മാർ യാക്കോബു് ലത്തീൻ റീത്തു് എത്രമാത്രം സ്വീകരിച്ചെന്നു് അറിയുവാൻ വയ്യെന്നാണു് പിന്നീടു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്. (How far Mar Jacob went in accepting the Roman Rite we do not know) [13] ഒരു മെത്രാനെയും ജനങ്ങളെയും അവരുടെ ആചാരങ്ങളിൽനിന്നു മാറുവാൻ ഫ്രാൻസിസ്കൻ സന്യാസികൾക്കു സാധിച്ചെന്നു് ചില രേഖകളിൽ കാണുന്നതു് ഏതു മെത്രാനെക്കുറിച്ചായാലും അതു് മുമ്പുള്ള റീത്തുമാറ്റമായിരുന്നെന്നു സിദ്ധിക്കുന്നില്ല. റീത്തും

12. Schurhammer S. J. op. c. p. 22. 23.
13. Op. c. p. 37.

(Rite) ആചാരങ്ങളും (customs) തമ്മിൽ വ്യത്യാസമുണ്ടു്. 14 സുറിയാനിക്കാരുടെ പൊതുവെയുള്ള മനഃസ്ഥിതി മുകളിൽ വിശദീകരിച്ചതാണല്ലൊ. ആ സ്ഥിതിക്കു് അവരിൽ ഗണ്യമായ ഒരു ഭാഗം മെത്രാനോടുകൂടിയോ അല്ലാതെയോ ലത്തീൻറീത്തു് സ്വീകരിച്ചെന്നു പറയാമെന്നു തോന്നുന്നില്ല. 15 എന്നാൽ 16—ാം ശതാബ്ദത്തിൻറെശേഷം, പ്രത്യേകം ലത്തീൻ ഭരണം പ്രാബല്യ

---

14. "St. Francis never says that Mar Jacob became very obedient, but he only states that he was very obedient in his old days, when on account of his age, infirmities and labours in the field of the Lord such a faithful observance was still more edifying. Nor does St. Francis say anything of the Rites of the Church of Rome, but he only speaks of the "customs" or usages. For instance, it is a custom of the Church of Rome that the fast law does not apply to those persons who are touching the 60th year of their age. Yet a person continue fasting after the 60th year even when the law does not bind. This strict adherence to the Church of Rome would be highly praiseworthy. The phrase of St. Francis Xavier cannot be understood but in this or a similar sense".

Heras, S. J. The Examiner, 12 May, 1934. p. 221.

15. ഗോവയിലെ മെത്രാൻ കേരളത്തിൽവന്നു് ചില സുറിയാനിക്കാരെ (?) സന്ദർശിച്ചതായി ചില രേഖകളിൽ കാണുന്നുണ്ടു്. അങ്ങനെ സന്ദർശിക്കപ്പെട്ടവർ റീത്തുമാറിയ സുറിയാനിക്കാരാണെന്നു സിദ്ധിക്കുന്നില്ല. കാരണം, ഗോവമെത്രാനു് സുറിയാനിക്കാരുടെമേലും (അവരുടെ റീത്തു മാറാതെതന്നെ) അധികാരമുണ്ടെന്നായിരുന്നു പോർട്ടുഗീസുകാരുടെ ധാരണ. ഈ ധാരണയോടെ ഗോവമെത്രാൻ ചില സുറിയാനിക്കാരെ സന്ദർശിച്ചിരിക്കാം. അതിൽനിന്നു അവർ റീത്തുമാറിയവരായിരുന്നു എന്നു സിദ്ധിക്കുന്നില്ലല്ലൊ.

ത്തിലിരുന്ന 18—ം 19—ം ശതാബ്ദങ്ങളിൽ, ചില സുറി യാനിപ്പള്ളികളും കുറെയധികം സുറിയാനിക്കാരും ല ത്തീൻകാരായിട്ടുണ്ട്. അന്നു ചില സ്ഥലങ്ങളിൽ ചില സുറിയാനിക്കാർ തങ്ങളുടെ സുറിയാനിറീത്തു പാലിക്കേ ണ്ടതിനായി ഇടവക മാറുകയോ, പുതിയ പള്ളി പണി യുകയോ ചെയ്യുകയുണ്ടായെന്നു കേട്ടിട്ടുണ്ട്.

ചില ലത്തീൻ ആചാരങ്ങൾ

പോർട്ടുഗീസുകാരോടുള്ള സാമീപ്യം നിമിത്തം ചില ലത്തീൻ ആചാരങ്ങളും തിരുനാളുകളും സുറിയാ നിക്കാർ സ്വീകരിക്കുവാനിടവന്നു. 1578—ൽ ഫ്രാൻ സിസ്കു ദിയനീസിയോ, എസ്. ജെ. കൊച്ചിയിൽനി ന്നു ഇങ്ങനെ എഴുതുന്നു: ''.... നമ്മുടെ കർത്താവിന്റെ തിരുനാളുകളും (മാതാവിന്റെ) സ്വർഗ്ഗാരോഹണ (ത്തിരു നാളും) പോലെ നമുക്കുള്ള ചില തിരുനാളുകളും തോമ്മാ ക്രിസ്ത്യാനികൾക്കുണ്ട്. നമ്മുടെ ചില തിരുനാളുകളും അ വരുടെയിടയിൽ അടുത്തകാലത്തു് നടപ്പിൽവന്നിട്ടുണ്ട്. ഉദാ. മംഗളവാർത്ത'' 16. 1579—ൽ നമ്മൾ 25 നോമ്പും, 50 നോമ്പും, 12 (15) നോമ്പും, 3 നോമ്പും, ശ്രീഹന്മാരു ടെ ഉപവാസവും (കർത്താവിന്റെ പിറവികഴിഞ്ഞുള്ള 12 വെള്ളി) അനുഷ്ഠിച്ചിരുന്നെന്നും, നമ്മുടെ കർത്താവി ന്റെ രൂപാന്തരീകരണത്തിരുനാൾ ദിവസം ഉപവസി ച്ചിരുന്നെന്നും അന്തോനിയൂസു് മോൺസെറാറ്റു്, എസ്. ജെ, പ്രസ്താവിക്കുന്നു. എന്നാൽ മറ്റു തിരുനാളുകളും സം ബന്ധിച്ചു് ലത്തീൻ പഞ്ചാംഗത്തോടു നമ്മുടെ പഞ്ചാംഗം ''അധികം യോജിച്ചിരുന്നില്ല'' എന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിയ്ക്കുന്നതു്.17 മുൻപറഞ്ഞ മാർ യാ

---

16. Goa, 12, 439 original. (മംഗളവാർത്ത കിഴക്കർക്കു മുള്ള ഒരു തിരുനാളാണു്).

17. Goa. 33, 149, V, original. ഫാദർ ദിയനീസിയോ യുടേയും ഫാദർ മോൺസെറാറ്റിന്റെയും ലേഖനങ്ങളും ഫാദർ ഫൂർഹാമ്മർ എസ്. ജെ. എഴുത്തുകാരനു് അയച്ചുതന്നിട്ടുള്ളവ യാണു്.

ക്കോബൂ് 1504—ൽ എഴുതിയ ഒരു സുറിയാനി കയ്യെഴുത്തു പുസ്തകത്തിൽ നമ്മുടെ ഒരു തിരുനാൾപ്പട്ടിക ചേർത്തിട്ടുണ്ട്. അതിപ്രകാരമാണു്: ജനുവരി 1 ഛേദനാചാരം; ജനുവരി 6, ദെനഹാ, മ്ഗ്രശേമാർ, മാമ്മോദീസാ, വെള്ളം വീഞ്ഞാക്കിയതു്; ജനുവരി 25, വി. പൌലോസിന്റെ മാനസാന്തരം; ഫെബ്രുവരി 2, ശുദ്ധീകരണം; ഫെബ്രുവരി 22, വി. പത്രോസിന്റെ സിംഹാസനം; ഫെബ്രുവരി 25, വി. മത്തിയാ, എല്ലാ നാലാം വർഷംതോറും വേദസാക്ഷികൾ; മാർച്ചു് 25, മംഗളവാത്ത; ഏപ്രിൽ 22, വി. ഗീവറുഗീസ്; മാർച്ചു് 25, മർക്കോസു് ഏവൻഗലീസ്ത; മേയ് 1, വി. പിലീപ്പോസും യാക്കോബും; മേയ് 3, വി. കുരിശു്; മേയ് 6, വി. യോഹന്നാൻ ഏവൻഗലീസ്തായെ തിളയ്ക്കുന്ന എണ്ണയിൽ ഇട്ടതു്. മെയ് 15, വി. മറിയം; ജൂൺ 11, വി. ബർണബാ; ജൂൺ 12, വി. ബസേലീസു്; ജൂൺ 24, വി. യോഹന്നാൻ മാംദാനായുടെ ജനനം; ജൂൺ 29, വി. പത്രോസും പൌലോസും: ജൂലായി 2, മാതാവിന്റെ സന്ദർശനം; ജൂലായി 3, വി. തോമ്മാശ്ലീഹായുടെ ഒക്കറാനാ; ജൂലായി 15, വി. കുര്യാക്കോസു്; ജൂലായി 22, വി. മറിയം മശലയിത്താ; ജൂലായി 25, വി. യാക്കോബു് ശ്ലീഹാ; ആഗസ്റ്റു് 6, രൂപാന്തരീകരണം; ആഗസ്റ്റു് 15, മാതാവിന്റെ സ്വർഗ്ഗാരോഹണം; സെപ്റ്റംബർ 8, മാതാവിന്റെ ജനനം; സെപ്റ്റംബർ 13, വി. കുരിശു്; സെപ്റ്റംബർ 21, വി. മത്തായി; സെപ്റ്റംബർ 29, വി. മികായേൽ; ഒക്ടോബർ 29, വി. ശെമഓനും യൂദായും; നവംബർ 1, സകല വിശുദ്ധന്മാർ; നവംബർ 30, വി. അന്ത്രയോസു്; ഡിസംബർ 8, മാതാവിന്റെ ഉത്ഭവം (മെസ്ബത്നാന്യസാ); ഡിസംബർ 18, തോമ്മാശ്ലീഹായുടെ അത്ഭുതം; ഡിസംബർ 21, തോമ്മാശ്ലീഹായുടെ തിരുനാൾ (ഏദാശ്ബീഹാ); ഡിസംബർ 25, ന. ക. പിറവി; ഡിസംബർ 26, വി. എസ്തപ്പാനോസു്; ഡിസംബർ 26 (?) വി. യോഹന്നാൻ ഏവൻഗലീസ്ത — നമ്മുടെ കർത്താവിന്റെ ഉയർപ്പും അതുകഴിഞ്ഞുള്ള മൂന്നു ദിവസവും; പന്തക്കുസ്താ

യും അതുകഴിഞ്ഞുള്ള രണ്ടുദിവസവും, വിശുദ്ധ കുർബാനയുടെ തിരുനാൾ ദിവസവും, ഈ ദിവസങ്ങളിൽ ഇൻഡ്യയിൽ വേലചെയ്യുകയില്ല. (ലാ മെസ്പ്രലഹ)—18

ഇതിൽ ലത്തീൻ തിരുനാളുകൾ കുറെയുണ്ടെന്നു വിശദമാണല്ലൊ. പുരാതന സുറിയാനിത്തിരുനാളുകളിൽ ചിലവയുടെ (ഉദാ. വി. ഗീവറുഗീസു്) തീയതി മാറിയിട്ടുള്ളതായി തോന്നുന്നു. ഡിസംബർ 21—നും ഇവിടെ സ്ഥാനമുണ്ടു്. പോർട്ടുഗീസുകാരോടുള്ള സാമീപ്യം ആരംഭിച്ചപ്പോൾതന്നെ നമ്മൾ ലത്തീൻ തിരുനാളുകൾ സ്വീകരിച്ചുതുടങ്ങിയെന്നു് 1504—ലെ ഈ രേഖ വിളിച്ചറിയിക്കുന്നു. എന്നാൽ പഞ്ചാംഗത്തിൽ സ്ഥലംപിടിച്ചതല്ലാതെ ഈ തിരുനാളുകളിൽ മിക്കവയും പ്രാധാന്യമർഹിച്ചിരുന്നില്ലെന്നു് ഫാദർ ദിയനീസിയുടേയും ഫാദർ മോൺസെറാറിന്റേയും ലേഖനങ്ങളിൽനിന്നു ഊഹിക്കാം. പോർട്ടുഗീസുകാരുമായുണ്ടായ ഏതാദ്ദശബന്ധത്തിൽനിന്നു് അക്കാലത്തെ നസ്രാണികൾ ശീസ്മക്കാരല്ലായിരുന്നെന്നു വിശദമാകുന്നുണ്ടു്.

മാർ യൌസേപ്പു മുതലായവർ

1549—ൽ മാർ യാക്കോബു് മരണംപ്രാപിച്ചു. 1554—ൽ മാർ യൌസേപ്പു്, മാർ ഏലിയാ എന്ന രണ്ടു മെത്രാന്മാർ ''ബാബേലിൽ''നിന്നു് കേരളത്തിലേക്കു

---

18. Fragments De Mar Aba IVe au Ve siecle. Deux Notices Relatives.

Au Malabar Trois Petits Calendriers - F. Nau - Paris Librairie A Picard Et Fils, 82, Rue Bonaparte, 1912.

(Extrait de la Revue De L'orient Chretien. T. xvii. 1912, N. 1)

pp. 83. sqq. — Ms. Syriaque no 25 de Paris.

N. B. പൌരസ്ത്യസുറിയാനി റീത്തനുസരിച്ചു സെപ്റ്റംബർ 13—ം 14—ം വി. കുരിശിനുള്ള ദിവസങ്ങളാണു്: തന്നിമിത്തം ചില പഞ്ചാംഗങ്ങളിൽ 13 എന്നും മറ്റു ചിലതിൽ 14 എന്നും കാണാം.

പുറപ്പെട്ട. മാർ ഏലിയാ അന്നത്തെ പാത്രിയർക്കീസിന്റെ പ്രതിപുരുഷനായിരുന്നു. അവരുടെകൂടെ ഡൊമിനിക്കൻ സന്യാസികളായ അബ്രോസീസുമെത്രാനും അന്തൊനീസുസ് പട്ടക്കാരനും കേരളത്തിലേയ്ക്കുതന്നെ യാത്രതിരിച്ചു. പൌരസ്ത്യപ്രദേശങ്ങളിൽ മാർപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന സ്ഥാനമാണ് അബ്രോസീസുമെത്രാനുണ്ടായിരുന്നതു്. എന്നാൽ 18 മാസത്തേയ്ക്കു് ഇവരെയെല്ലാവരേയും പോർട്ടുഗീസുകാർ തടഞ്ഞുനിറുത്തി. മാർ യൌസേപ്പിനേയും മാർ ഏലിയായേയും ലത്തീൻ പഠിപ്പിച്ചു് ലത്തീനിൽ കുർബാന ചൊല്ലിയ്ക്കുകൂടി അവർ ചെയ്തു. ഗോവ മെത്രാപ്പോലീത്തായുടെ സമ്മതമില്ലാതെ യാതൊന്നും പ്രവർത്തിയ്ക്കരുതെന്നു ധരിപ്പിച്ചശേഷം മാത്രമേ പോർട്ടുഗീസുകാർ ഇവർക്കു കേരളത്തിലേയ്ക്കു പോകുവാൻ അനുമതി നൽകിയുള്ളു. അബ്രോസീസുമെത്രാൻ കൊച്ചിയിൽവച്ചു നിര്യാതനായി. മാർ ഏലിയാ അദ്ദേഹത്തിന്റെ പാത്രിയർക്കീസിന്റെ പക്കലേയ്ക്കും അവിടെനിന്നു് റോമ്മായിലേയ്ക്കും പുറപ്പെട്ടു. കേരളീയർ കൽദായക്കാരാകയാൽ കൽദായ മെത്രാന്മാരോടല്ലാതെ പോർട്ടുഗീസുമെത്രാന്മാരോടു് അവർക്കു തൃപ്തിയില്ലെന്നു് മാർ ഏലിയാ റോമ്മായിൽ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു. കുറെ കഴിഞ്ഞു അന്തൊനീസുസ് റോമ്മായിലേയ്ക്കു വിളിക്കപ്പെട്ടു.

കുമ്പസാരം, ഒട്ടുവിലത്തെ ഒപ്പുശ്മാ

കേരളീയരുടെയിടയിൽനിന്നു് താൻ പല ദുരാചാരങ്ങളും നീക്കിയെന്നും, കുമ്പസാരവും ഒട്ടുവിലത്തെ ഒപ്പുശ്മായും നടപ്പിലാക്കിയെന്നുമാണു് അന്തൊനീസുസ് തന്റെ റിപ്പോർട്ടിൽ പ്രസ്താവിയ്ക്കുന്നതു്. രഹസ്യകുമ്പസാരം ഇന്നത്തേപ്പോലെ അന്നു് കേരളത്തിൽ അത്രയധികം പ്രചരിച്ചിരുന്നില്ല. അന്നു് പരസ്യകുമ്പസാരം ഉണ്ടായിരുന്നു.[19] രഹസ്യകുമ്പസാരത്തിൽ പാപം വിമോചിയ്ക്കുന്നതിനു് പട്ടക്കാരൻ ഉച്ചരിയ്ക്കുന്ന വാക്യ

19. Raulin, op. c. p. 274.

ങ്ങും മാർ യാക്കോബു് ലത്തീനിൽനിന്നു് സുറിയാനി യിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ മാർ യൌസേപ്പിന്റെ തർജ്ജമ മേന്മകൂടിയതായിരുന്നെന്നു പറയുന്നുണ്ടു്.20 ഈ തർജ്ജമയാണോ നമ്മും ഇപ്പോഴും ഉപയോഗിയ്ക്കുന്നതു്? കേരളത്തിലെ യാക്കോബായക്കാരുപയോഗിയ്ക്കുന്നതു് ലത്തീനിൽനിന്നുള്ള വിവർത്തനമാണെന്നു് മിക്കവാറും തീർച്ചയാണു്. നമ്മുടേതിൽനിന്നു അതു് കുറെ വ്യത്യസ്തമത്രേ. പാപവിമോചനം ശിക്ഷാവിമോചനത്തിനുമുമ്പാണു് അതിൻപ്രകാരം നൽകപ്പെടുന്നതു്. മാർ യാക്കോബിന്റേയോ മാർ യൌസേപ്പിന്റേയോ വിവർത്തനവുമായി അതിനു ബന്ധമുണ്ടോ?

മാർ യൌസേപ്പിന്റെ പരിഷ്ക്കാരങ്ങൾ

മാർ യൌസേപ്പു് 1569–ൽ റോമ്മായിവച്ചു് നിര്യാതനായി.21 കുർബാനയിൽ പുളിയ്ക്കാത്ത അപ്പവും,

---

20. Schurhammer op. c. p. 22.

21. അന്തൊനീസു റോമ്മായിലേയ്ക്കു വിളിയ്ക്കപ്പെട്ട അവസരത്തിൽ, നെസ്റോറിയൻ പാഷണ്ഡത ആരോപിച്ചുകൊണ്ടു് മാർ യൌസേപ്പിനെ പോർട്ടുഗീസുകാർ പോട്ടുഗളിലേയ്ക്കു കൊണ്ടുപോയി. അവിടെ നടന്ന വിസ്താരത്തിൽ നിരപരാധിയാണെന്നു തെളിയുകയാൽ അദ്ദേഹം റോമ്മായിൽകൂടി കേരളത്തിലേയ്ക്കു് മടങ്ങിവന്നു. മാപ്പാപ്പായിൽനിന്നു് ഒരു പ്രശംസാലേഖനവും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം കേരളത്തിൽ മടങ്ങിവന്നപ്പോഴും മാർ അബ്രാഹം എന്ന വേറൊരു മെത്രാൻ പാത്രിയക്കീസിന്റെ പക്കൽനിന്നു് ഇവിടെ വന്നിട്ടുണ്ടായിരുന്നതിനാൽ സസ്രാണികളും രണ്ടു കക്ഷിയായി പിരിഞ്ഞു. പോർട്ടുഗീസുകാർ മാർ യൌസേപ്പിനെ ആദരിച്ചു. കുറെകഴിഞ്ഞു് മാർ യൌസേപ്പു് പാഷണ്ഡനാണെന്നു പ്രസ്താവിച്ചുകൊണ്ടു് അദ്ദേഹത്തെ വിസ്താരത്തിനായി പോർട്ടുഗീസുകാർ റോമ്മായിലേയ്ക്കു കൊണ്ടുപോയി. അപ്പോഴും കുറ്റം തെളിഞ്ഞില്ല. അദ്ദേഹം കർത്താവിന്റെ സ്ഥാനത്തിനു് അർഹനാണെന്നു മാപ്പാപ്പാ തീരുമാനിച്ചെന്നുകൂടി പോർട്ടുഗീസുകാർ പറയുന്നുണ്ടു്. ആ സ്ഥാനം പ്രാപിക്കുന്നതിനുമുമ്പു് റോമ്മായിൽവച്ചു് അദ്ദേഹം നിര്യാതനായി. അദ്ദേഹം വഞ്ചകനായിരുന്നു എന്നാണു് പോർട്ടുഗീസുകാരുടെ അഭിപ്രായം.

പോർട്ടുഗീസു വീഞ്ഞും, ലത്തീൻ കുപ്പായവും അദ്ദേഹം നടപ്പിലാക്കി. കർബാനയിലും, കനോൻജപത്തിലും അദ്ദേഹം ക്രമംവരുത്തുകയും, പല അബദ്ധങ്ങളും നീക്കുകയും, ചില ശിക്ഷകളും ഇല്ലാതാക്കുകയും ചെയ്തെന്നുകൂടി കാണുന്നുണ്ട്.22

കുദാശവാക്കുകളും അവയോടു തൊട്ടുമുൻപു കിടക്കുന്ന ഭാഗത്തോടുകൂടി ''ശ്രീഹന്മാരുടെ കർബാന''യിൽ എഴുതിച്ചേർത്തതു് ''ബാബേലിൽ''നിന്നു വന്ന ഒരു മെത്രാപ്പോലീത്തായാണെന്നു ഗോവെയായും റോളിനും പ്രസ്താവിയ്ക്കുന്നു. ഈ മെത്രാപ്പോലീത്താ 1569—ൽ കാലംചെയ്ത ഈ മാർ യൌസേപ്പു തന്നെയാണോ? അതിനുമുമ്പു് സൂലാക്കാ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടെന്നു് ചിലർ പറയുന്ന വേറൊരു മാർ യൌസേപ്പാണു് ഇങ്ങനെ ചെയ്തതെന്നു വിചാരിയ്ക്കാവുന്നതാണു്.

പൌരസ്ത്യ സുറിയാനിറീത്തുപ്രകാരം പട്ടം കൊടുക്കുവാനും മറ്റുമുള്ള ശുശ്രൂഷാക്രമം (Pontificals) 1569—ൽ കാലംചെയ്ത പ്രസ്തുത മാർ യൌസേപ്പു പകർത്തിയെഴുതിയതു് ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇരിപ്പുണ്ടു്. അവുദീശോ പാത്രിയക്കീസു് എഴുതിയ മൂന്നു പദ്യങ്ങളും മാർ യൌസേപ്പുപകർത്തി പ്രസ്തുത ശുശ്രൂഷാക്രമത്തോടുകൂട്ടിച്ചേർക്കുകയുണ്ടായി. ആ പദ്യങ്ങളിൽ നെസ്തോറിയതത്വവും നെസ്തോറീസിനെ സ്തുതിക്കുകയും വി. കൂറില്ലോസിനെ ശപിയ്ക്കുകയും ചെയ്യുന്ന ഭാഗങ്ങളും കാണപ്പെടുന്നതുകൊണ്ടു മാർ യൌസേപ്പു നെസ്തോറിയനായിരുന്നെന്നു അസ്സെമാൻ കരുതുന്നു.23 എന്നാൽ മാർ യൌസേപ്പു ഏതു പ്രതിയിൽനിന്നു പകർത്തിയോ ആ പ്രതിയിൽ കണ്ടതുപോലെ പകർത്തി എന്നു മാത്രമേ വിചാരിയ്ക്കേണ്ടതുള്ളു; അവുദീശോയുടെ പദ്യങ്ങളിൽ വേറെ ആരോ വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ടെന്നും അസ്സെമാൻ തന്നെ സമ്മതിക്കുന്നുമുണ്ടു്. അസ്സെമാൻ നെസ്തോറിയതത്വം ആരോപി

---

22. D'Souza, Oriente Conquistado I. 86.
P. Vincenzio, Viaggio ... p. 186–192.

23 Bibliotheca Orientalis, 1. 540 sq.

ക്കുന്ന പദപ്രയോഗങ്ങളും വാസ്തവത്തിൽ നെസ്തോറിയ
ത്വം അടങ്ങിയിട്ടില്ലവയും അല്ല.

മാർ അബ്രാഹവും പരിഷ്ക്കാരങ്ങളും

മാർ യൌസേപ്പിന്റെ സമകാലികനും അദ്ദേഹം മരിച്ച ശേഷം കേരളീയ സുറിയാനിക്കാരെ എല്ലാവരെയും ഭരിച്ച ആളും ആണ് മാർ അബ്രാഹം.24 പോർട്ടുഗീസുകാരും ഈശോസഭക്കാരും തന്നെയും തന്റെ ആളുകളെയും ലത്തീൻറീത്തുപ്രകാരം നടത്തുവാൻ ശ്രമിക്കുന്നെന്നു 1578—ൽ മാർ അബ്രാഹം മാപ്പ്രാപ്പായെ ധരിപ്പിച്ചു.25 1582—ൽ ഈശോസഭക്കാരുടെ സഹായത്തോടെ

---

24 മാർ യൌസേപ്പ് പോർട്ടുഗളിലേയ്ക്കു ആദ്യം കൊണ്ടുപോകപ്പെട്ടപ്പോഴും മെത്രാന്മാരെ കിട്ടുവാൻ നസ്രാണികൾ പാത്രിയർക്കീസിന്റെ പക്കൽ അപേക്ഷയയച്ചു. മാർ അബ്രാഹം പ്രച്ഛന്നവേഷനായി കേരളത്തിൽ വന്നെത്തി. തദവസരത്തിലാണ് മാർ യൌസേപ്പ പോർട്ടുഗളിൽനിന്നു റോമാവഴി കേരളത്തിൽ തിരിച്ചെത്തിയതു്. ഇങ്ങനെ കേരളീയർ രണ്ടു കക്ഷിയായിതീർന്നു. കുറെ കഴിഞ്ഞപ്പോഴും പോർട്ടുഗീസുകാർ മാർ അബ്രാഹത്തെ ബന്ധിച്ചു് പോർട്ടുഗളിലേയ്ക്കു കൊണ്ടുപോയി. മാഗ്മദ്ധ്യേ അദ്ദേഹം രക്ഷപെട്ടു് പാത്രിയർക്കീസിന്റെ ശ്രുപാർശക്കത്തോടുകൂടി റോമ്മായിലെത്തി. കേരളം മാർ യൌസേപ്പിനും മാർ അബ്രാഹത്തിനും ആയി വിഭജിച്ചുകൊടുക്കണമെന്നു് മാപ്പ്രാപ്പാ തീരുമാനിച്ചു. ഇങ്ങനെ മാർ അബ്രാഹം മാർപാപ്പായുടെ കത്തുകളോടുകൂടി തിരിച്ചുവന്നെങ്കിലും ഗോവയിൽ തടവുകാരനാക്കപ്പെട്ടു. തടവുചാടി അദ്ദേഹം തന്റെ ആസ്ഥാനമായി മാർപാപ്പാ നിശ്ചയിച്ച അങ്കമാലിയിൽവന്നു് ഭരണം തുടങ്ങി. മാർ യൌസേപ്പ്, മാർ അബ്രാഹം എന്നിവരിൽ ആരെങ്കിലും മരിച്ചാൽ അപ്പാൻ നസ്രാണികളെ എല്ലാവരെയും ഭരിക്കണമെന്നായിരുന്നു നിശ്ചയം. അതിൻപ്രകാരം മാർ അബ്രാഹം 1569—ൽ ശേഷം എല്ലാവരുടേയും മെത്രാനായിത്തീർന്നു. മാർ അബ്രാഹത്തിന്റെ ഭരണകാലത്തു് ഒരു മാർ ശെമഓൻ വിദേശത്തുനിന്നു കേരളത്തിൽ വരുകയും കുറെപ്പേർ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. എന്നാൽ മാപ്പ്രാപ്പായുടെ നിർദ്ദേശപ്രകാരം മാർ അബ്രാഹവും നസ്രാണികളും പോർട്ടുഗീസുകാരുംകൂടി അദ്ദേഹത്തെ ഇവിടെനിന്നു ബഹിഷ്ക്കരിച്ചു.

25. Giamil, op. c. p. 74.

നടത്തിയ അങ്കമാലി സൂനഹദോസിൽവച്ച് മാർ അബ്രാഹം പുസ്തകങ്ങളും തിരുത്തുകയും, വൈദികരുടെ വസ്ത്രധാരണരീതി, ചാരിത്രം ആദിയായവ സംബന്ധിച്ച് നിയമങ്ങളും സൃഷ്ടിക്കുകയും ചെയ്തു.[26] 1535–ൽ ചേന്നമംഗലത്തു (വൈപ്പിക്കോട്ട) സ്ഥാപിച്ച സെമിനാരി ഈശോസഭക്കാരാണ് നടത്തിയിരുന്നത്. സുറിയാനി റീത്തു് ഉന്മൂലനം ചെയ്യണമെന്നായിരുന്നു അന്നും പോർട്ടുഗീസുകാരുടെ ആഗ്രഹം. സുറിയാനിഭാഷ നിറുത്തലാക്കട്ടെയോ എന്നുകൂടി അവർ റോമ്മായിൽ ചോദിച്ചു. അതൊരിക്കലും ചെയ്യരുതെന്നും റീത്തിലേ വിവിധത്വം തിരുസ്സഭയുടെ അലങ്കാരമാണെന്നും ആയിരുന്നു റോമ്മായുടെ മറുപടി.[27]

വൈദികരുടെ വസ്ത്രധാരണരീതി സംബന്ധിച്ച് അങ്കമാലി സൂനഹദോസു ചെയ്ത തീരുമാനം ലത്തീൻ രീതിക്കനുസൃതമായിട്ടാകുവാനേ വഴിയുള്ളൂ. പ്രസ്തുത സൂനഹദോസു മുതലോ, ചേന്നമംഗലം സെമിനാരിയിൽ നിന്നോ ആയിരിക്കാം ഒരുവക കറുത്ത കുപ്പായം വൈദികരുടെയിടയിൽ കുറെയധികം പ്രചാരത്തിൽ വന്നതു്. നമ്മുടെ റീത്തു സംബന്ധിച്ച് പലതും പ്രവർത്തിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ചേന്നമംഗലം സെമിനാരി.

ഗോവസൂനഹദോസ്

1585–ൽ നടന്ന ഗോവസൂനഹദോസിൽ മാപ്പ്പ്പായുടെ കല്പനപ്രകാരം മാർ അബ്രാഹം സംബന്ധിച്ചു. മെത്രാന്മാരും പട്ടക്കാരും ക്രമാശകരും മുതലായവ ശ്രുശ്രൂഷ ചെയ്യുന്നതിനുപയോഗിക്കുന്ന പുസ്തകങ്ങളും (Pontificals and Ritual) ലത്തീൻ തക്സാ, ലത്തീൻ കാനോൻ ജപം എന്നിവ കേരളീയ സഭയുടെ ഉപയോഗത്തിനു് ലത്തീനിൽനിന്നു സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്യണമെന്നു് ആ സൂനഹദോസിൽ തീരുമാനിയ്ക്കപ്പെട്ടു. സുറി

26. Ferroli, S. J. The Jesuits in Malabar, 1. p. 171.
27. Castetes, S. J. The Examiner. 1922. p. 204.

യാനിമുറസ്സ പട്ടം സ്വീകരിച്ചവക്ക വീണ്ടും പട്ടം കൊട്ക്കണമെന്നുകൂടി നിശ്ചയമുണ്ടായി. വിവത്തനജോലിസ്സമാർ അബ്രാഹത്തിന്റെ സഹായകനായി ചേന്നമംഗലം സെമിനാരിയുടെ അദ്ധ്യക്ഷനായ ഫാദർ റോസ് എസ്. ജെ. നിയമിസ്സപ്പെട്ടെങ്കിലും മാർ അബ്രാഹം അതിനു മുഴവനും വഴങ്ങിപ്പെട്ടില്ല. മലയാളഭാഷയിൽ ഒരു വേദോപദേശപുസ്തകം എഴുതേണ്ടതാണെന്നും പ്രസ്തുത സൂനഹദോസു തീരുമാനിച്ചു.

ഉദയമ്പേരൂർ സൂനഹദോസ്

മാർ അബ്രാഹം നെസ്തോറിയനാണെന്നും മറും റോമ്മായിൽ ഹർജി ബോധിപ്പിസ്സപ്പെട്ട. അബ്രാഹത്തെയും കൂറക്കാരായിവല്ലവരുമുണ്ടെങ്കിൽ അവരെയും വിസ്തരിച്ചു റിപ്പോർട്ടയസ്സുവാനും, കൂറക്കാരനാണെങ്കിൽ അദ്ദേഹത്തെ തടവിലാക്കുവാനും പകരം ലത്തീൻകാരനായ ഒരാളെ വികാരി അപ്പസ്തോലിക്കാ ആക്കുവാനും 1595—ൽ 2—ാം ക്ലേമിസ് മാർപ്പാപ്പാ ഗോവ മെത്രാപ്പോലീത്തായെ അധികാരപ്പെടുത്തി. ഈ വികാരി അപ്പസ്തോലിക്കായിസ്സ പട്ടംകൊട്ക്കുവാൻ അധികാരമില്ലായിരുന്നു. എന്നാൽ അതേ മാർപ്പാപ്പാതന്നെ 1597—ൽ ഗോവ മെത്രാപ്പോലീത്തായിക്കു വേറൊരു കല്പനകൊടുത്തു. അബ്രാഹം മരിച്ചശേഷം ഒരു പിൻഗാമി (റോമ്മായിൽ നിന്നു) നിശ്ചയിസ്സപ്പെടുന്നതുവരെയുള്ള കാലയളവിൽ സുറിയാനിക്കാരെ ഭരിക്കുവാൻ ഒരു വികാരി അപ്പസ്തോലിക്കായെ നിശ്ചയിസ്സുണമെന്നു മാത്രമേ അതിൽ കാണുന്നുള്ളു. ഈ രണ്ടു കല്പനകളിൽ ആശ്രയിച്ചുകൊണ്ടും താൻ പൌരസ്ത്യദേശങ്ങളിലോ ''പ്രിമാത്തുസ്'' ആണെന്നു പ്രസ്താവിച്ചുകൊണ്ട് ഗോവയിലേ മെനേസീസു മെത്രാപ്പോലീത്താ കേരളത്തിൽവന്ന് പട്ടംകൊട്ക്കുകയുംപ്പെടെ എല്ലാവിധത്തിലുമുള്ള അധികാരങ്ങളും പ്രയോഗിക്കുകയും ചരിത്രപ്രസിദ്ധമായ ഉദയമ്പേരൂർ സൂനഹദോസ് നടത്തുകയും ചെയ്തു (1599). അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ നൈയാമികസാധുതയെപ്പറ്റി ഇവിടെ യാതൊ

ന്നും പറയുന്നില്ല.28 സുറിയാനിഭാഷകൂടി ഇല്ലാതാക്കണ മെന്നായിരുന്ന അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഉദയമ്പേരൂർ സൂനഹദോസു നമ്മുടെ റീത്തു സംബന്ധിച്ചു പ്രവർത്തി ച്ചവയെപ്പററി തുടർന്നു പ്രസ്താവിക്കാം.

---

28. വികാരി അപ്പസ്തോലിക്കായെ നിയമിക്കുവാനുള്ള കല്പനവന്നതോടെ മെത്രാൻ മരിച്ചശേഷം ഭരണം നടത്തുക എന്നുള്ള അക്കദിയാക്കോന്റെ അവകാശം ഇല്ലാതായി. അന്നത്തെ അക്ക ദിയാക്കോൻ പാലയൂർ മെത്രാനായി മാർപ്പാപ്പായാൽ അംഗീക രിക്കപ്പെട്ട ഗീവറുഗീസായിരുന്നു. മാർ അബ്രാഹം മരിച്ചശേഷം ഭരണം നടത്തുവാൻ അദ്ദേഹം നിയുക്തനും ആയിരുന്നു. എന്നാൽ പ്രസ്തുത കല്പന നിമിത്തം അദ്ദേഹത്തിന്റെ അവകാശം നഷ്ട പ്പെട്ടു. ഈ വിവരമറിയാതെ ആയിരിക്കണം, മാർ അബ്രാഹം മരിച്ചുടനെ അദ്ദേഹം ഭരണമാരംഭിച്ചു. ഗോവയിലെ മെനേസീസു മെത്രാപ്പോലീത്താ ആദ്യം ഫാദർ റോസിനേയും പിന്നീടു് അർ ക്കദിയാക്കോനെതന്നെയും ഭരണാധികാരിയായി നിശ്ചയിച്ചു. എന്നാൽ അദ്ദേഹത്തിൽനിന്നു അധികാരം സ്വീകരിക്കുവാനും അദ്ദേഹം ആവശ്യപ്പെട്ട രീതിയിൽ വിശ്വാസസത്യം ചെയ്യു വാനും അക്കദിയാക്കോൻ വിമുഖനായിരുന്നു. കേരളത്തിലുണ്ടാ യിരുന്ന പോർട്ടുഗീസുകാർ മിക്കവരും അദ്ദേഹം കത്തോലിക്ക നാണെന്നു പരസ്യമായി പ്രസ്താവിച്ചുമിരുന്നു. അങ്ങനെയിരിക്ക വെയാണു് മെനേസിസ്സു് കേരളത്തിൽ വന്നതു്. മെനേസീസു് അധികാരം പ്രവർത്തിച്ചുതുടങ്ങിയപ്പോഴും അക്കദിയാക്കോൻ പ്രതി ഷേധം പുറപ്പെടുവിച്ചു എങ്കിലും പല കാരണങ്ങളും നിമിത്തം മെനേസീസിനു് ഒരു കക്ഷിയുണ്ടാകുകയും അർക്കദിയാക്കോൻ അദ്ദേഹത്തിനു കീഴ്പെടുകയും ചെയ്തു. ഉദയമ്പേരൂർ സൂനഹ ദോസും അതോടെ നടന്നു. സൂനഹദോസു് കഴിഞ്ഞശേഷം അർ ക്കദിയാക്കോനെ 'ഗോൺസ്സാലോ' ആയി മെനേസീസു നിശ്ചയി ച്ചു. കേരളത്തിനു ഒരു വികാരി അപ്പസ്തോലിയ്യായെ നിയമിക്കാ നല്ലയോ റോമ്മാ പറഞ്ഞിരുന്നതു്? ഗോൺസ്സാലോ വികാരി അപ്പ സ്തോലിക്കാ അല്ലല്ലോ.

ആറാം അദ്ധ്യായം

ഉദയമ്പേരൂർ സൂനഹദോസും കൂർബാനയും

1599–ൽ ഗോവയുടെ മെനേസീസുമെത്രാപ്പോലീത്താ ഉദയമ്പേരൂർ എന്ന സ്ഥലത്തു വിളിച്ചുകൂട്ടിയ സൂനഹദോസ് നമ്മുടെ റീത്തിലും, കനോൻ നിയമത്തിലും, സാമുദായികാചാരങ്ങളിലും ഒരു സമൂല പരിവർത്തനം വരുത്തി. നിവൃത്തിയുള്ളപക്ഷം സുറിയാനിഭാഷകളെയും നിറുത്തലാക്കണമെന്നായിരുന്നു മെനേസീസിന്റെ ഉദ്ദേശ്യം. റീത്തിനെ സാരമായി സ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ചു മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളൂ. ആദ്യമായി നമുക്കു കൂർബാനയിലേയ്ക്കു കടക്കാം.

തിരുത്തിയ തക്സാ

''ശ്ലീഹന്മാരുടെ കൂർബാന''യുടെ ഒരു കയ്യെഴുത്തുപ്രതിയിൽ സൂനഹദോസ് അനേകം മാറ്റങ്ങളും വരുത്തി. അതിലെ ഒരു ഹുത്താമായും (അവസാനപ്രാർത്ഥന) ഒരു ജപവും ഇന്നത്തെ നമ്മുടെ കൂർബാനയിൽ കാണുന്നില്ല. ഇന്നത്തെ നമ്മുടെ റാസയിലുള്ള ചില ഭാഗങ്ങളും അതിലുണ്ട്. ഉറുമീസ് എന്ന നാമം ഒടുവിലത്തെ ഒരു ഹുത്താമ്മായിൽ കാണുന്നതുകൊണ്ട്, ഉറുമീസിന്റെ നാമത്തിൽ പണികഴിച്ചിരുന്ന അങ്കമാലി കിഴക്കേപള്ളിയിൽ അതുപയോഗിച്ചിരുന്നെന്നു ചിലർ ഊഹിക്കുന്നു. ഈ കയ്യെഴുത്തു തക്സായുടെ തർജ്ജമ ഗോവെയാ, റോളിൻ മുതലായവർ സ്വകൃതികളിൽ ഉദ്ധരിച്ചിട്ടുണ്ട്. വിദേശത്തോ

കേരളത്തിലോ ഇപ്പോഴുള്ള ''ശ്ലീഹന്മാരുടെ കുർബാന'' യോടു് പ്രാർത്ഥനകളുടെ സ്ഥാനക്രമത്തിൽ ഈ കയ്യെഴുത്തു യോജിക്കുന്നില്ല. മെനേസിസിന്റെ ഉപയോഗത്തിനു തർജ്ജമചെയ്ത ഈ കയ്യെഴുത്തു പ്രതിയിൽ പ്രാർത്ഥനകൾ ക്രമമില്ലാതെ പല സ്ഥലത്തു കിടക്കുന്നതുകൊണ്ടോ, തർജ്ജമചെയ്ത ഭാഗങ്ങൾ മറിച്ചുതിരിച്ചു കൂട്ടിച്ചേർത്തതു കൊണ്ടോ ആയിരിക്കാം ഈ വ്യത്യാസം കാണുന്നതു്. അച്ചടിയില്ലായിരുന്ന ആ കാലത്തു് ഓരോരുത്തൻ ഓരോ വിധത്തിൽ പ്രാർത്ഥനകൾ ക്രമപ്പെടുത്തിയിരുന്നെന്നു വരാം. ബാഡ്ജർ സ്വകൃതിയിൽ 1 ഉദ്ധരിച്ചിട്ടുള്ള കുർബാനയും ഉദയമ്പേരൂർ സൂനഹദോസു് തിരുത്തിയ കുർബാനയും തമ്മിൽ ഈ വിഷയത്തിൽ യോജിപ്പു കാണുന്നുണ്ടു്. എന്നാൽ കുർബാനയുടെ ഇടയ്ക്കു വായിക്കേണ്ട വേദപുസ്തകഭാഗങ്ങളുടെ സ്ഥാനം ഇവിടെയും വ്യത്യാസപ്പെട്ടുനില്ക്കുന്നു. പ്രസ്തുത കയ്യെഴുത്തിൽ കാണുന്ന വേദപുസ്തകഭാഗങ്ങൾ ഇവയാണു്: 2 കോറി. 5:1—10; എബ്രാ. 4:12—18; യോഹ. 5:18—29. ഇവയിൽ പൌലോസ്ശ്ലീഹായുടെ ലേഖനഭാഗങ്ങൾ രണ്ടും ഒരുമിച്ചു ചേർത്തിരിക്കുന്നു.

ഏതായാലും ഉദയമ്പേരൂർ സൂനഹദോസു് നമ്മുടെ കുർബാനയിലെ പ്രാർത്ഥനകളുടെ സ്ഥാനക്രമത്തിൽ ഏതെങ്കിലും വ്യത്യാസം വരുത്തിയതായി തോന്നുന്നില്ല. ഇനി സൂനഹദോസു വരുത്തിയ മാറ്റങ്ങളിലേക്കു പ്രവേശിക്കാം.

കൂദാശവാക്യങ്ങൾ

കൂദാശാവാക്യത്തിലാണു ഒന്നാമതു് മാറ്റം വരുത്തിയതു്.

1) മാറ്റത്തിനു മുമ്പു്:— ''സത്യമായും ഇതു് എന്റെ ശരീരമാകുന്നു.''

---

1) G. P. Badger. The Nestorians and their Rituals, 1852, 11 p. 218 sq.

മാറ്റത്തിനു ശേഷം:— ''എന്തുകൊണ്ടെന്നാൽ ഇതു് എന്റെ ശരീരമാകുന്നു.''

(ഇതുതന്നെയാണു് നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്നതു്. ഇതു ലത്തീനോടു പൂണ്ണമായി യോജിക്കുന്നു.)

2) മാറ്റത്തിനു മുമ്പു്:— ''സത്യമായും ഇതു് നിങ്ങൾക്കും വളരെപ്പേർക്കുംവേണ്ടി കുടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ആയി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തത്തിന്റെ കാസാ ആകുന്നു. ഇതു് നിങ്ങൾക്കു എന്നന്നേയ്ക്കും അച്ചാരമായിരിക്കും.''

മാറ്റത്തിനു ശേഷം:— ''എന്തുകൊണ്ടെന്നാൽ ഇതു് നിങ്ങൾക്കും വളരെ പേർക്കുംവേണ്ടി പാപങ്ങളുടെ മോചനത്തിനായി ചിന്തപ്പെടുന്ന പുതിയതും നിത്യവും ആയ നിയമത്തിലെ വിശ്വാസത്തിന്റെ രഹസ്യമായ എന്റെ രക്തത്തിന്റെ കാസായാകുന്നു.'' ''ഇതു നമുക്കു ലോകാവസാനം വരെ അച്ചാരമായിരിക്കും.''

(അവസാനവാക്യം ഇപ്പോൾ നമ്മുടെ കുർബാനയിൽ ഇല്ല. മറുഭാഗം മുഴവനും ലത്തീനോടു പൂണ്ണമായി യോജിക്കുന്നു. മാറ്റത്തിനുമുമ്പു് ''എന്റെ രക്തത്തിന്റെ കാസാ'' എന്നു ചൊല്ലിയിരുന്നതു് ലത്തീൻ വാക്യത്തെ അനുകരിച്ചായിരിക്കണമെന്നു തോന്നുന്നു. മാർ യൗസേപ്പു് ആയിരിക്കാം(?) അങ്ങനെ ആക്കിയതു്. ''എന്റെ രക്തമാകുന്നു'' എന്നതായിരിക്കാം പുരാതന(?) രൂപം. മാർ യൗസേപ്പു് (?) ക്ലദായവാക്യങ്ങൾ എഴുതിച്ചേർക്കുന്നതിനുമുമ്പു്

''ശ്രീഹന്മാരുടെ കർബാന''യിൽ ക്ലാദാശവാക്യങ്ങളും ഇല്ലായിരുന്നു എന്നാണ് കാണുന്നതു്. ഇതിൽനിന്നു് ക്ലാദാശവാക്യം ഉച്ചരിക്കാതെ ആ കർബാന എപ്പോഴും ചൊല്ലിയിരുന്നു എന്നു സിദ്ധിക്കുന്നില്ല. മറ്റു രണ്ടു കർബാനകളിൽ അവയുണ്ടു്. ഒരു കാലത്തു് ശ്രീഹന്മാരുടെ കർബാനയുടെ പ്രാധാന്യമില്ലാതെവന്നതാണു് ഇതിനു കാരണമെന്നു ചിലർ അഭിപ്രായപ്പെടുന്നു.

ക്ലാദാശവാക്യങ്ങളോടു തൊട്ടു മുമ്പുനില്ക്കുന്ന ഭാഗങ്ങളും സംബന്ധിച്ചു് സൂനഹദോസു് യാതൊന്നും പറയുന്നില്ല. അവ ഇപ്പോഴും ലത്തീനോടു പൂർണ്ണമായി യോജിക്കുന്നു. സൂനഹദോസിന്റെ ശേഷമായിരിക്കാം ഈ യോജ്യത വരുത്തിയതു്. കാസാ ക്ലാദാശചെയ്യുന്നതിനുമുമ്പു് ''ഈ അപ്പം ഭക്ഷിക്കുകയും ഈ കാസാ പാനംചെയ്കയും ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മ നിങ്ങളും ഓർക്കുന്നു'' എന്നു ക്ലൂടി സൂനഹദോസിനു മുമ്പു് നമ്മളും ചൊല്ലിയിരുന്നു.

പ്രസ്തുത കയ്യെഴുത്തിലുള്ള സുവിശേഷവാക്യങ്ങളിൽ യോഹ. 5:28–ൽ ''അവന്റെ സ്വരം'' എന്നതിനു പകരം ''ദൈവപുത്രന്റെ സ്വരം'' എന്നു് സൂനഹദോസു തിരുത്തി. സുറിയാനി പ്ശീത്തായിലാകട്ടെ ''അവന്റെ സ്വരം'' എന്നു് ഇന്നും കാണുന്നു.

നടപ്പിൽവരാത്ത മാറ്റങ്ങൾ

ഇപ്പോഴും പറഞ്ഞവയ്ക്കു പുറമെ മുപ്പതിൽപരം മാറ്റങ്ങൾകൂടി കർബാനയിൽ വരുത്തേണ്ടതാണെന്നു സൂനഹദോസു തീരുമാനിച്ചു. അവയിൽ ആറെണ്ണം ഒരു ഉത്താമ്മായിൽ ആണു്. നെസ്തോറിയത്വത്തെ ഭയന്നും, അക്രൈസ്തവരാജാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാവുന്നതല്ലെന്നു കരുതിയും, കത്തോലിക്ക സിദ്ധാന്തങ്ങൾ കൂടുതൽ വിശദീകരിക്കണമെന്നുദ്ദേശിച്ചും ചെയ്തിട്ടുള്ളവയാണു് ആ ആറു

തിരുത്തലുകളും. വേദശാസ്ത്രദൃഷ്ട്യാ അവ അനാവശ്യകങ്ങളാകയാലും, പ്രസ്തുത ഗ്രന്ഥകാരൻ ഇപ്പോൾ നമ്മുടെ പക്കൽ ഇല്ലാത്തതിനാലും അവ സംബന്ധിച്ചു കൂടുതൽ പറയണമെന്നു കരുതുന്നില്ല. 24 മാറ്റങ്ങളും യാതൊരു വ്യത്യാസവും കൂടാതെ (മാറുന്നതിനു മുമ്പുണ്ടായിരുന്ന) പൂർവ്വസ്ഥിതിയിൽതന്നെ ഇന്നു നമ്മുടെ തക്സായിൽ കാണുന്നതുകൊണ്ടു് അവ സംബന്ധിച്ചും വിവരിച്ചു പറയേണ്ട ആവശ്യമില്ല. തിരുശ്ശരീരം തിരുരക്തത്തിൽ മുക്കുന്നതും, മുക്കിയ അറ്റം മടക്കുന്നതും പരമാബദ്ധമാണെന്നു സൂനഹദോസു വിധിച്ചതു ഈ 24–ൽ പെടുന്നു! ഇന്നും നമ്മളിങ്ങനെ ചെയ്യുന്നുണ്ടല്ലോ.

കാസോലിക്കോസു്

ബാക്കിയുള്ള എട്ടു മാറ്റങ്ങളിൽ ഒന്നു്, ഒരു ഗ്രന്ഥകാരനായിൽ ''പൌരസ്ത്യ കാതോലിക്കോസിന്റെ സിംഹാസനം'' എന്നതു ''റോമാ സിംഹാസനം'' എന്നാക്കിയതാണു്. എന്നാൽ നമ്മുടെ തക്സായുടെ ഔദ്യോഗിക പതിപ്പുകളിൽ ഈ മാറ്റത്തിനു ഇന്നു സ്ഥാനമില്ല. ലത്തീൻ പരിഭാഷയോടുകൂടിയുള്ള നമ്മുടെ കുർബാനയുടെ ഒരു പതിപ്പിൽ ഈ ഭാഗം ''റോമ്മാനിയാകാസോലിക്കോസിന്റെ സിംഹാസനം'' എന്നു മാറ്റിയിട്ടുണ്ടു്. ഇതബദ്ധമാണു്. കാരണം, കാസോലിക്കോസു് പാത്രിയാക്കീസിന്റെ സ്ഥാനപതിയാകയാൽ മാർപ്പാപ്പായെ കാസോലിക്കോസു് എന്നു വിളിക്കാവുന്നതല്ല. ഇതു സംബന്ധിച്ചു് മി. കോഡ്റിൻഗ്റ്റൻ ഇങ്ങനെ പറയുന്നു: "The author of the absurdity "Catholicos Romania" by which the Pope is meant, clearly did not that know a Catholicos was the Vicar General of a Patriarch; the Synod of Diamper more sensibly prescribed "the glorious Roman throne."[2] കാസോലിക്കോസു് ''സാവ്ത്രികൻ'' ആ

2) H. W. Codrington, Pax, Oct. 1935 Eastern Churches, No. p. 162.

ണെന്നു വിചാരിച്ചു് ഉദയമ്പേരൂർ സൂനഹദോസു് ക്ഷോഭിച്ചുവശായി. ഈ ധാരണ ചാവറ കുര്യാക്കോസച്ചനു മുണ്ടായിരുന്നെന്നു് അദ്ദേഹത്തിന്റെ ''ക്രോണിക്കാ''യിൽ നിന്നു ഗ്രഹിക്കാം. ''കാസോലിക്കോസിന്റെ സിംഹാസനം'' എന്നതിനടുത്തുതന്നെ മെത്രാന്റെ(?) പേരു ചൊല്ലേണ്ട സ്ഥാനത്തു് മാപ്പ്രാപ്പയുടെയും മെത്രാന്റെയും പേരു ചൊല്ലണമെന്നു സൂനഹദോസു തീരുമാനിച്ചു. എന്നാൽ ഇപ്പോഴും അവിടെ ''മാർതോമ്മാ'' എന്നാണു് കാണുന്നതു്, മേൽപറഞ്ഞ ലത്തീൻ പരിഭാഷയിൽ മാർതോമ്മാ എന്നതിനു പകരം N. എന്നു കാണുന്നു. അപ്രകാരംതന്നെ 1708–ൽ എഴുതിയ ഒരു കയ്യെഴുത്തു തക്സയിലും (അനുബന്ധം 3) ''ഇന്നാർ'' (പ്ലൻ) എന്നു മാത്രമേയുള്ളു.

വേറെ മാറ്റങ്ങൾ

ഇനി ഏഴു മാറ്റങ്ങളെക്കുറിച്ചുകൂടി പറയുവാനുണ്ടു്. ''മ്ശീഹായുടെ മാതാവു്'' എന്നതിനു പകരം ''ദൈവത്തിന്റെ മാതാവു്'' എന്നു തിരുത്തിയതാണു് അവയിൽ രണ്ടെണ്ണം. അവ ഇപ്പോഴും ദൈവത്തിന്റെ മാതാവായി തക്സായിൽ കാണപ്പെടുന്നു[3]. ''ബാബേൽ'' പാത്രിയക്കീസിന്റെ പേരിനു പകരം മാർപ്പാപ്പായുടെ പേരു ചേർക്കണമെന്നു രണ്ടു സ്ഥലങ്ങളിൽ സൂനഹദോസു കല്പിച്ചിട്ടുണ്ടു്. എന്നാൽ ഒരിടത്തു് ഇന്നും പാത്രിയക്കീസിന്റെ പേരു് കാണപ്പെടുന്നു.''[4] പാത്രിയക്കീസിന്റെ പേരിനു പകരം കുർബാനയിലും കാനോൻജപത്തിലും

---

3. മറിയം ദൈവമാതാവല്ലെന്നു പറഞ്ഞിരുന്ന കൃതികൾ കേരളത്തിലുണ്ടായിരുന്നെങ്കിലും, മറിയം ദൈവമാതാവാണെന്നു നസ്രാണിവൈദികർ പരസ്യമായി പ്രസംഗിച്ചിരുന്നെന്നു് ഫാദർ റോസു് എസ്. ജെ സമ്മതിക്കുന്നു. Orientalia Christiana, No. 40, p. 21.

4. റോമ്മായിൽ രണ്ടാമതടിച്ച തക്സായുടെ ചില പ്രതികളിൽ പാത്രിയക്കീസിന്റെ പേരു വിട്ടുകളഞ്ഞിരിക്കുന്നതു സംബന്ധിച്ചു് പിന്നീടു പറഞ്ഞുകൊള്ളാം.

മാപ്പ്വാപ്പയുടെ പേരു ചൊല്ലണമെന്നു് സൂനഹദോസിനു മുമ്പു് മഹറോൻ ശിക്ഷ കല്പിച്ചുകൊണ്ടു് മെനേസിസു് എല്പാവരോടും ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. പാഷണ്ഡരുടെ നാമങ്ങൾക്കു പകരം വിശുദ്ധന്മാരുടെ നാമങ്ങൾ ചൊല്ലണമെന്നു സൂനഹദോസു രണ്ടു സ്ഥലത്തു കല്പിച്ചു. ആ സ്ഥലങ്ങളിൽ ഒന്നിൽ പാഷണ്ഡരുടേയോ വിശുദ്ധരുടേയോ നാമങ്ങൾ കാണുന്നില്ല. മറേടത്തു് (ഉദയംപേരൂർ) ഉറുമീസു് എന്നതിനു പകരം തോമ്മാ എന്നു തിരുത്തിയതു് ഇന്നും തോമ്മാതന്നെ. തകിടുസായുടെ ചില പ്രതികളിൽ നെസ്തോറീസു മുതലായവരുടെ നാമങ്ങൾ ഉണ്ടായിരുന്നെന്നും, വേറെ ചിലവയിൽ അവമായിച്ചുകളഞ്ഞിരുന്നെന്നും സൂനഹദോസു പ്രസ്താവിക്കുന്ന സ്ഥിതിക്കു് നസ്രാണികൾ മന:പൂർവ്വം അവരെ വണങ്ങിയിരുന്നില്ലെന്നു കരുതാം. കൂടാതെയും കാനോൻ ജപങ്ങളിൽ ഇതേ നാമങ്ങൾതന്നെ ഉണ്ടായിരുന്നിട്ടും അവർ അവ ചൊല്ലാതെ വിട്ടുകളഞ്ഞിരുന്നെന്നു ഫാദർ റോസു് എസു്. ജെ. പ്രസ്താവിക്കുന്നുമുണ്ടു് 5.

വിശ്വാസപ്രമാണം

ലത്തീൻ കർബ്ബാനയിൽ ചൊല്ലുന്ന വിശ്വാസപ്രമാണത്തോടു വാക്കുകളിൽപോലും നമ്മുടെ വിശ്വാസപ്രമാണം പരിപൂർണ്ണമായി യോജിയ്ക്കുവാൻ ചെയ്തതാണു് ബാക്കിയുള്ള ഒരു മാറ്റം. അതിൻപ്രകാരം ''ദൈവത്തിൽനിന്നുള്ള ദൈവം'' എന്ന വാചകങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു.6 കത്തോലിയ്ക്കരായ കൽദായക്കാരുടെ വിശ്വാസപ്രമാണത്തിൽ ഈ വാചകങ്ങളിൽ അവസാനത്തേതു മാത്രമേ കാണുന്നുള്ളു. ഇപ്പോഴത്തെ പറഞ്ഞ മാറ്റത്തിനു പുറമെ, ''ഒരേ ഒരു സ്വഭാവം'' (Consubstantial) എന്നതിനു നമ്മൾ ഉപയോഗിച്ചിരുന്ന ''ബർക്യാനാ ദാബൂയി''യ്ക്കു പകരം ''ഹോമ്മാസിയോസു്'' എന്നു സൂന

---

5. Orientalia Christiana, No. 40. p. 23.

6. ഇവ മുഴുവനും മൂലത്തിലില്ലെങ്കിലും ലത്തീൻ കർബാനയിലെ ഉപയോഗത്തിനായി ലത്തീൻസഭ കൂട്ടിച്ചേർത്തവയാണു്.

ഹദോസു മാററി. നമ്മം ഉപയോഗിച്ചിരുന്നതു സുറി യാനിയും സൂനഹദോസു ചേർത്തതു ഗ്രീക്കും ആണെന്നു മാത്രമേ ഇതു സംബന്ധിച്ചു പറയേണ്ടതുള്ള. കൽദായ ക്കാർക്കു് ഇന്നും ''ബർക്യാനാ ദാബൂയി'' തന്നെയാ ണു്. നമ്മം ഇപ്പോം കുർബാനയിൽ ചൊല്ലുന്ന വി ശ്വാസപ്രമാണം ലത്തീനിൽനിന്നു് നേരിട്ടു് തർജ്ജമ ചെയ്തിട്ടുള്ളതാകുന്നു. ലത്തീനിൽ പീഡസഹിച്ചു മരിച്ചു എന്നതിനു് പാസ്സൂസു് (Passus) എന്ന ഒററപദമാണു് പ്രയോഗിച്ചിട്ടുള്ളതു്. വേദസാക്ഷികളുടെ പീഡാസ ഹന മരണങ്ങൾക്കു് ലത്തീനിൽ ''പാസ്സിയോ'' (Passio) എന്നു പറയാറുണ്ടു്. ''പാസ്സൂസു്'' (Passus) എന്നതിനു അനുപദ തർജ്ജമയായി സുറിയാനിയിൽ ഇപ്പോം സ്വീകരിച്ചിട്ടുള്ള ''ഹശു്'' ശബ്ദത്തിനു ലത്തീൻപോലെ അത്ഥവ്യാപ്തിയുണ്ടോ എന്നു സംശയ മുണ്ടു്. ലത്തീനിലുള്ള ''ഞാൻ വിശ്വസിയ്ക്കുന്നു'' എന്ന തിനു ''ഞങ്ങം വിശ്വസിയ്ക്കുന്നു എന്നാണു് സുറി യാനി.7 ''മ്സെ അഹീദ്കോൽ'' എന്ന പ്രയോഗ വും അത്ര നല്ലതല്ല.

വിശ്വാസപ്രമാണത്തിൽ ഇപ്പോം പറഞ്ഞ വ്യ ത്യാസങ്ങം വരുത്തിയാൽ അതു് ലത്തീൻ വിശ്വാസ പ്രമാണത്തോടു് എല്ലാത്തിലും യോജിക്കുമെന്നു് സൂന ഹദോസു പറയുന്നതിൽനിന്നു് അന്നു നമ്മം പരിശു ദ്ധാത്മാവു് പുത്രനിൽനിന്നുകൂടി (Filioque) പുറപ്പെടുന്നു എന്നു് വിശ്വാസപ്രമാണത്തിൽ ചൊല്ലിയിരുന്നതായി തെളിയുന്നു.

കുർബാന (Liturgy) സംബന്ധിച്ചു് ഉദയമ്പേരൂർ സൂനഹദോസു് ഏർപ്പെടുത്തിയ നിയമങ്ങം ചുരുക്ക ത്തിൽ താഴെ ചേർക്കുന്നു.

---

7. For the changes cf. The Decrees of the Synod of Diamper; Codrington, 1. c.

The Eastern Churches Quarterly, Oct. 1937, pp, 208 sq.

ചില കർബാനകൾ നിറുത്തലാക്കി

തീയദോറിന്റേയും ദീയദോറിന്റേയും നാമത്തിൽ അറിയപ്പെട്ടിരുന്ന രണ്ടാമത്തേയും മൂന്നാമത്തേയും (?) കർബാനകളും നെസ്റ്റോറീസിന്റെ നാമത്തിലുണ്ടായിരുന്ന വേറൊന്നും (?) നിറുത്തലാക്കി.

ലത്തീൻ പരിഭാഷ

സുറിയാനിക്കുർബാന ദീർഘമാകയാൽ രഹസ്യത്തിൽ കുർബാനചൊല്ലുന്നവർക്കു് ലത്തീൻ കുർബാനയുടെ സുറിയാനി തർജ്ജമ തയാറാകുമ്പോൾ അതുപയോഗിയ്ക്കാമെന്നും, മെനേസീസു തിരുത്തുന്ന പാട്ടകുർബാനക്രമം സുറിയാനിയിൽ ഉപയോഗിയ്ക്കണമെന്നും, ലത്തീൻ അറിയാവുന്നവർക്കു് ലത്തീൻ ശ്രുപതകളിൽ അതതു ശ്രുപതകളിലെ മെത്രാന്മാരുടെ സമ്മതത്തോടെ ലത്തീൻ കുർബാനയോ ലത്തീൻകുർബാനയുടെ സുറിയാനി വിവർത്തനമോ ഉപയോഗിയ്ക്കാമെന്നും സൂനഹദോസു വിധിച്ചു. ഫാദർ റോസു് എസ്. ജെ. ഈ വിവർത്തനങ്ങൾ ശരിപ്പെടുത്തണമെന്നും ആജ്ഞാപിയ്ക്കപ്പെട്ടു. ലത്തീൻകുർബാനയുടെ ചില ഭാഗങ്ങൾ സുറിയാനിയിലാക്കിയതു വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇന്നു കാണുന്നുണ്ടു്. ഇവ ഫാദർ റോസിന്റെ പരിശ്രമഫലമായിരിയ്ക്കാം. സാരാംശത്തിൽ പഴയ കുർബാനതന്നെ ഉപയോഗിയ്ക്കുവാൻ നമുക്കിടവന്നതു് പട്ടക്കാരുടെ പ്രതിഷേധം നിമിത്തമാണെന്നു് പ്രൊപ്പഗാന്തസ്സംഘത്തിന്റെ 1767 ജനുവരി 8—ലെ ഒരു രേഖയിൽനിന്നു വിശദമാകുന്നുണ്ടു്.[8]

ശ്രുശ്രൂഷകൻ

പിഴയിടിയ്ക്കുന്നതിനുമുമ്പു് ശ്രുശ്രൂഷകൻ പീലാസായിൽ തൊട്ടിരുന്ന മുറ നിറുത്തലാക്കി, ആറാം പട്ടക്കാ

---

8. Hanssens S. J. Institutiones Liturgicae de Ritibus Orientalibus II. p. 505.

രനോ അഞ്ചാം പട്ടക്കാരനോ അല്ലെങ്കിൽ കല്ലിൻമേൽ മാത്രമേ തൊടാവൂ എന്നു തീരുമാനിച്ചു. ആറാം പട്ടക്കാരല്ലാത്ത ശുശ്രൂഷകന്മാർ ഊറാറ ഇടേണ്ടതല്ല. ആറാം പട്ടക്കാർ തന്നെയും സാധാരണ തോളുമുണ്ടുപയോഗിയ്ക്കാതെ വെളുത്തയങ്കിയും കൈ ഊറാറയും ധരിച്ചു് ലത്തീൻകാർ ചെയ്യുന്നതുപോലെ ഊറാറ ഇടത്തേ തോളിൽനിന്നു് നീട്ടിയിട്ടു് വലത്തേ കയ്യുടെ കീഴിൽ കെട്ടണം (പൌരസ്ത്യർ ഊറാറ ഇടത്തേ തോളിൽ ഇരുവശത്തുമായി തൂക്കിയിടുകയാണു് ചെയ്യുന്നതു്). കൈ ഊറാറസ്സു പകരം ഇരുകൈകയ്ക്കും കഴൽപോലെ തയിച്ച ഉറയാണു് (അന്തിയോക്കിയൻ റീത്തിലുള്ളവപോലെ) നമ്മുടെ ഉപയോഗിച്ചിരുന്നതു്. അവ പട്ടക്കാക്കുമാത്രമേ ഉണ്ടായിരുന്നുള്ളു.

ഓസ്തി, വീഞ്ഞു് മുതലായവ

''ഓസ്തി'' അടിസ്ഥാനം എല്ലാ പള്ളികളിലും അച്ചുണ്ടായിരിയ്ക്കണം. (നമ്മുടെ ഓസ്തിയിൽ ഇന്നു് I.H.S. മുതലായ അടയാളങ്ങളൊ ഐകരൂപ്യമില്ലാതെ കാണുന്നുണ്ടു്. ചില സ്ഥലങ്ങളിൽ മൈലാപ്പൂർ കുരിശു കാണുന്നതു് പഴമക്കാക്കു സന്തോഷകരമാണു്). ഓസ്തിയും ഓസ്തിയ്ക്കുള്ള ഗോതമ്പും വീഞ്ഞും ഭദ്രമായി സൂക്ഷിയ്ക്കുകയും ഓസ്തിയടിയ്ക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിയ്ക്കുകയും വേണം. പോർട്ടുഗീസുവീഞ്ഞാണു് ഉപയോഗിയ്ക്കേണ്ടതു്. കൃത്രിമചെയ്ത കുർബാനക്കല്ലുകളിൻമേൽ മാത്രമേ കുർബാന ചൊല്ലാവൂ. സൂനഹദോസിനു മുമ്പു് പറവൂർവച്ചു് മെനേസീസു് കൃത്രിമചെയ്തിരുന്ന കല്ലുകളും സൂനഹദോസിനുശേഷം പട്ടക്കാർക്കു നൽകപ്പെട്ടകയും ചെയ്തു. പൊന്നു്, വെള്ളി, സാധാരണമോ ''ഇൻഡ്യനോ'' ആയ വെള്ളീയം എന്നീ ലോഹങ്ങളും കൊണ്ടു നിർമ്മിയ്ക്കപ്പെടാത്ത കാസാ മേലിൽ ഉപയോഗിച്ചുകൂടാ. പള്ളിയിലെ വരവുകൊണ്ടു് കുർബാനക്കുപ്പായവും മറ്റും ഉണ്ടാക്കേണ്ടതാണു്. കാസാ, കെത്താനാ, വിരിക്കുട്ടങ്ങളും ആദിയായവ സൂനഹദോസിൽവച്ചതന്നെ പട്ടക്കാക്കു നൽകപ്പെട്ടു.

കുർബാന കാണുന്നതു്

മൂന്നുപ്രാവശ്യം അറിയിച്ചിട്ടും ഞായറാഴ്ചയും കടമുള്ള ദിവസവും കുർബാന കാണാത്തവർക്കു് പള്ളിയിൽവച്ചു് കൈക്കസ്തൂരി കൊടുക്കരുതു്. കുർബാനയുടെ മദ്ധ്യത്തിൽ ''ശ്ലാമ്മാ'' കഴിഞ്ഞു് എല്ലാവരും പട്ടക്കാരനിൽനിന്നു കൈക്കസ്തൂരി വാങ്ങി അന്യോന്യം കൊടുത്തിരുന്നതിനെ ആയിരിയ്ക്കാം ഈ നിശ്ചയം സൂചിപ്പിയ്ക്കുന്നതു്. തിരുനാളുകളിൽ വാദ്യഘോഷങ്ങൾക്കായി വരുന്ന അക്രൈസ്തവരേയും മഹറോനിൽ വീണവരേയും നോക്കിയാൽ കുർബാന കാണുവാൻ നിവൃത്തിയില്ലാത്ത സ്ഥലത്തുമാത്രമെ നില്ക്കുവാൻ അനുവദിയ്ക്കാവൂ.

കുർബാന ചൊല്ലിക്കുന്നതു്

മരിച്ചശേഷം കുർബാന ചൊല്ലിയ്ക്കുവാൻ ഏർപ്പാടു ചെയ്യാതെ മരിയ്ക്കുന്നവർക്കു് 2000 പണത്തിൽ കൂടുതൽ സ്വത്തുണ്ടെങ്കിൽ, അതിൽനിന്നു 5 കുർബാന ചൊല്ലിയ്ക്കേണ്ടതാണു്. അതിനുള്ള പണം കൈക്കാരൻ സൂക്ഷിയ്ക്കുകയും സ്ഥലത്തെ പട്ടക്കാർക്കു് വികാരി മുതൽ മൂപ്പുമുറയ്ക്കു് വീതിച്ചുകൊടുക്കുകയും വേണം.

മൂന്നുകുർബാന

ന. കർത്താവിന്റെ പിറവിത്തിരുനാളിൽ കൂട്ടത്തിൽ ജപിയ്ക്കാറുള്ള കാനോൻ ജപവും പതിവുള്ള പ്രദക്ഷിണവും പകൃതിരാത്രിയോടുകൂടി അവസാനിച്ചിരിയ്ക്കണം. അതിന്റെശേഷം ആഘോഷപൂർവ്വം പാട്ടുകുർബാന നടത്തണം. (പാട്ടു) കുർബാന കഴിഞ്ഞു നേരം വെളുത്തുതുടങ്ങുമ്പോഴെ (aurora) ഒന്നും, സാധാരണസമയത്തു് വേറൊന്നും ഇങ്ങനെ രണ്ടു കുർബാനകളും കൂടി അന്നു് എല്ലാ പട്ടക്കാർക്കും ചൊല്ലാം. മൂന്നും ഒറ്റക്കുർബാനയാണെങ്കിൽ ജനങ്ങളെ സംബന്ധിയ്ക്കേണ്ടതിനു് ഒന്നു പകൃതി രാത്രിയിൽ ചൊല്ലണം. അല്ലാത്തപക്ഷം

രഹസ്യത്തിൽ മൂന്നും രാവിലേ (diluculo) ചൊല്ലാവു ന്നതാണു്. അപ്രകാരം തന്നെ പകൃതിരാത്രിയിൽ ഒന്നു ചൊല്ലിയശേഷം ശേഷമുള്ളവ രണ്ടും തുടർച്ചയായി രാവിലെ (diluculo) ചൊല്ലുന്നതിൽ വിരോധമില്ല. ജനങ്ങളെ സംബന്ധിക്കുന്ന പരസ്യകുർബാന പകൃതി രാത്രിയലത്രേ ചൊല്ലേണ്ടതു്.8a ഒന്നാമത്തേയും രണ്ടാമ ത്തേയും കുർബാനകളിൽ കൈകഴുകുന്ന വെള്ളം പട്ട ക്കാർ കുടിയ്ക്കേണ്ടതല്ല.

(ലത്തീൻ റീത്തുകാരായ പട്ടക്കാക്കെല്ലാം ഇപ്പോഴും നവംബർ രണ്ടാം തീയതിയും മൂന്നു കുർബാന ചൊല്ലാ മെന്നുണ്ടല്ലൊ. ഈ ആനുകൂല്യം കിഴക്കർക്കും ഉണ്ടോ, ഇ ല്ലെങ്കിൽ നൽകണമോ, നൽകുന്നപക്ഷം ഏതു ദിവസ ത്തേയ്ക്കാണു് നൽകേണ്ടതു് എന്നിങ്ങനെ അന്വേഷണം നടത്തിയപ്പോഴും, കിഴക്കർക്കു് ഈ ആനുകൂല്യമില്ലെന്നും നൽകപ്പെടേണ്ടതല്ലെന്നും 1916 മാർച്ചു് 22–ാംനു പ്രൊ പ്പഗാന്ത തിരുസ്സംഘം ഉത്തരം നൽകി.9 കിഴക്കരെല്ലാ വരും അന്നു പ്രൊപ്പഗാന്ത തിരുസ്സംഘത്തിന്റെ അധി കാരത്തിലാണല്ലൊ നിന്നിരുന്നതു്.)

8a. പിറവി ദിവസം ചൊല്ലുന്ന മൂന്നു കുർബാനകളുടെ സമ യം സംബന്ധിച്ചും മറും ലത്തീൻ സഭയിൽ പിൽക്കാലത്തുണ്ടാ യിട്ടുള്ള മാറ്റങ്ങളും നമുക്കും അതേപടി സ്വീകരിക്കാമോ?

9. Acta Apostolicae Sedis, VIII. d. 104.

ഏഴാം അദ്ധ്യായം

ഉദയമ്പേരൂർ സൂനഹദോസും കൂദാശകളും

കൂദാശകളെ ശുശ്രൂഷചെയ്യേണ്ട രീതിയിൽ ഉദയമ്പേരൂർ സൂനഹദോസു് നമ്മുടെയിടയിൽ വരുത്തിയ പ്രധാനപ്പെട്ട വ്യത്യാസങ്ങളെ സംബന്ധിച്ചാണു് ഇനി പ്രതിപാദിക്കുവാനുള്ളതു്. അതോടനുബന്ധപ്പെട്ടവയും രീത്തിനെ സാരമായി സ്പർശിക്കുന്നവയും ആയ മറ്റു സംഗതികളെക്കുറിച്ചും ചുരുക്കത്തിൽ പ്രസ്താവിക്കാം.

ശുശ്രൂഷിക്കേണ്ട രീതി

കൂദാശകളെ ശുശ്രൂഷിക്കുന്നതിൽ, ലത്തീൻ (റോമൻ) രീത്തിലെ പുസ്തകം (Rituale Romanum) സുറിയാനിയിലേക്കു വിവർത്തനംചെയ്യുതു് പട്ടക്കാരെല്ലാവരും ഉപയോഗിക്കണമെന്നു് സൂനഹദോസു കല്പിച്ചു. മെത്രാന്മാർ നടത്തുന്ന ശുശ്രൂഷകളെ സംബന്ധിച്ചു് സൂനഹദോസിന്റെ മനഃസ്ഥിതി എന്തായിരുന്നെന്നു് ഇതിൽനിന്നു വിശദമാണു്. സൂനഹദോസു് അവസാനിച്ചശേഷം എല്ലാവരും പിരിയുന്നതിനുമുമ്പു്, പുതുതായി നിയമിക്കപ്പെട്ട വികാരിമാർക്കു് (അന്നുവരെ വികാരിമാരില്ലായിരുന്ന) മലയാളത്തിലെഴുതിയ വേദോപദേശപ്പുസ്തകവും (ഇതായിരിക്കാം മലയാളത്തിലുള്ള ഒന്നാമത്തെ ''വേദോപദേശം'') മുൻപറഞ്ഞ സുറിയാനി വിവർത്തനവും നൽകപ്പെട്ടു.[1] ഈ വിവർത്തനമായിരിക്കാം മാമ്മോദീസായിക്കും മറ്റും ഇന്നും നമ്മുടെ ഉപയോഗിക്കുന്ന പുസ്തകം. പ

1. Actio ix.

ക്ഷെ, ഇന്നത്തെ നമ്മുടെ പുസ്തകത്തിൽ സൂനഹദോസു് പ്രസ്താവിക്കുന്ന ചില സംഗതികളുടെ പരിഭാഷ കാണുന്നില്ല. മാമ്മോദീസാ, ഒടുവിലത്തെ ഒപ്രുശ്മാ, കല്യാണം, കല്യാണവാഴ്ു, കുമ്പസാരം, കുർബാന എഴുന്നള്ളിച്ചുകൊണ്ടുപോകുക, പിശാചിനെ ഒഴിക്കുക, ഹന്നാൻ വെള്ളം, കുരി, തിരി, ഓല ഇവ ആശീർവ്വദിക്കുക, പള്ളിയും സിമിത്തേരിയും ശുദ്ധീകരിക്കുക (Reconciliation) എന്നീ ശുശ്രൂഷകളടങ്ങിയ പരിഭാഷയാണു് സൂനഹദോസു നൽകുന്നതെന്നു സൂനഹദോസിന്റെ ഒരു നിയമം പ്രസ്താവിക്കുന്നു. 2 ഇവയിൽ ചിലവ നമ്മുടെ ഇന്നത്തെ പുസ്തകത്തിൽ ഇല്ലല്ലൊ. ഇന്നത്തെ നമ്മുടെ പുസ്തകം അന്നു പോർട്ടുഗളിലെ ബ്രാഗാശ്രുപതയിൽ ഉപയോഗിച്ചിരുന്നതിന്റെ പരിഭാഷയാണു്. 3 അതോടുകൂടി അങ്ങുമിങ്ങും ചില ചില്ലറ വ്യത്യാസങ്ങളുമുണ്ടു്. ഉദാ: കുമ്പസാരക്രമത്തിൽ മഹറോനാദി ശിക്ഷകളുടെപേരുപറയാതെ ''കോൽകാനോനാ ഏുത്താനായാ'' എന്നുമാത്രം പറഞ്ഞിരിക്കുന്നു. തജ്ജമയിലെ ഭാഷ അത്രവിശേഷമല്ല. ഫാദർ റോസു് തജ്ജമചെയ്തെന്നു് പല രേഖകളിലും കാണുന്നുണ്ടു്.

സൂർപ്പിലേശ്ു്, ഉൗറാറാ

ക്രുദാശകാലം കൊടുക്കുന്ന പട്ടക്കാരൻ ''സൂർപ്പിലേശ്രും ഉൗറാറ''യും ധരിച്ചിരിക്കണമെന്നു സൂനഹദോസു് തീരുമാനിച്ചു. അന്നുവരെ സുറിയാനിക്കാർക്കു് ''സൂർപ്പിലേശി''ല്ലായിരുന്നു. തന്നിമിത്തം സൂനഹദോസിൽവ

---

2. Actio XII. decree. 22.

3. 'Beltrami La Chiesa Caldea nel sccolo dell' unione p. 126 note. തശത്തിൽ തക്സാ മിക്കവാറും മുഴുവനായി സുറിയാനിയിലേയ്ു വിവർത്തനം ചെയ്യപ്പെട്ടെങ്കിലും അതു കയ്യെഴുത്തിൽമാത്രം അറിയപ്പെട്ടക അച്ചിൽ പതിയാതിരിക്കുകയും ചെയ്തെന്നു ബൊംത്രാമി (Beltrami, Ibid) പറയുന്നു. എന്നാൽ നമ്മുടെ ഇന്നത്തെ തക്സാ, കുർബാനയുടെ ഭാഗമൊഴിച്ചു് മുഴുവനുംതന്നെ തജ്ജമയാണു്.

ച്ചതന്നെ പട്ടക്കാർക്കു അവ നൽകപ്പെട്ടു. കയ്യുള്ള ''സൂർപ്പിലേശു'' നമ്മാം ഉപയോഗിച്ചുതുടങ്ങിയിട്ടു $1\frac{1}{2}$ ശതാബ്ദത്തിലധികമായിട്ടുണ്ടെന്നു തോന്നുന്നില്ല. ചാവറ പ്രിയോരച്ചൻ (+ 1871) പാലയ്ക്കൽ തോമ്മാമല്പാനച്ചന്റെ ചരിത്രത്തിൽ ഇങ്ങനെ പറയുന്നു:— ''അതുവരെ പള്ളികളിൽ സൂർപ്പിലേശു എന്നു പേരുപറഞ്ഞുവരുന്ന വട്ടത്തിൽ വെട്ടി നടുവിൽ കഴത്തിലിടുവാൻ തക്കവണ്ണം വെട്ടിയിരുന്ന രണ്ടു മൂന്നു സൂർപ്പ്ലേസു് ഉണ്ടായിരിക്കും. ഇതും പള്ളിവക ആയിരിക്കും. പട്ടക്കാക്കു സൂർപ്പ്ലേസു് വേണമെന്നും ആയതു് കയ്യുള്ളതായിരിക്കണമെന്നും ഇദ്ദേഹം പറഞ്ഞു. എങ്കിലും ഇപ്പോഴും എല്ലാവർക്കും ഉണ്ടായിട്ടില്ല.''

ഇനി ഓരോ കൂദാശയിലേയ്ക്കും കടക്കാം

മാമ്മോദീസാ, വി. തൈലങ്ങൾ

കുട്ടികളെ സാധാരണമായി എട്ടുദിവസത്തിനകം മുക്കണം. വീട്ടുമാമ്മോദീസാ നൽകുവാൻ പരിശീലനം സിദ്ധിച്ചവരുണ്ടാകേണ്ടതാണു്. മഹറോനിൽ വീണവരുടെ കുട്ടികളെ മുക്കാതിരിക്കരുതു്. മൂറോൻ (Chrism), സ്നാനാർത്ഥികളുടെ തൈലം (Oleum catechumenorum), രോഗികളുടെ തൈലം (Oleam infirmorum) ഇവ ലത്തീൻസഭയിലേപ്പോലെതന്നെ ആശീർവ്വദിച്ചുപയോഗിക്കപ്പെടണം. (ലത്തീൻമെത്രാന്മാർ ഇവ ആശീർവ്വദിച്ചിരുന്നപ്പോഴും സുറിയാനിപ്പട്ടക്കാർ Ave Sanctum Oleum, Ave Sanctum Chrisma എന്നിവക്കുപകരം ''ശ്ലാം ലാക് മെശ്ഹാ കന്തീശാ'', ''ശ്ലാം ലാക് മൂറോൻ കന്തീശാ'' എന്നു സുറിയാനിയിൽ പാടിയിരുന്നു. നാട്ടുമെത്രാന്മാർ വരുന്നതുവരെ ഇങ്ങനെ നടന്നിരുന്നെന്നു കേട്ടിട്ടുണ്ടു്. ഇപ്പോഴും ലത്തീനിൽതന്നെയാണല്ലൊ പാടുന്നതു്.) മാമ്മോദീസായിൽ തലതൊടുന്ന ആളോ ആളുകളോ ആവശ്യമാണു്. ത്രെന്തോസു് സൂനഹദോസിന്റെ

നിശ്ചയപ്രകാരം തലതൊട്ടന്നതുകൊണ്ട് ആദ്ധ്യാത്മിക ബന്ധമുണ്ടാകുന്നു. ഈശോ എന്ന പേരു് ആക്കും നൽകേണ്ടതല്ല, പുതിയനിയമത്തിലേ വിശുദ്ധന്മാരുടെ നാമങ്ങളും ധാരാളം പ്രചരിപ്പിക്കണം. ഓമനപ്പേരു വിളിക്കുന്ന നടപ്പു നിറുത്തേണ്ടതാണു്. മാമ്മോദീസാത്തൊട്ടി ചെറിയ ദ്വാരത്തോടുകൂടി ഉണ്ടാക്കണം. മാമ്മോദീസാ സ്വീകരിക്കുന്നവരുടെ പേരെഴുതുവാൻ ഒരു പുസ്തകം ആവശ്യമാണു്.

മൂമ്പിലത്തെ ഒപ്പുശ്മാ

ലത്തീൻ സഭയിലേപ്പോലെതന്നെ മൂമ്പിലത്തേ ഒപ്പുശ്മാ ശ്രദ്ധിക്കപ്പെടണം. ഉദയമ്പേരൂർ സൂനഹദോസു മുതൽ നമ്മുടെ പട്ടക്കാർ ഈ ക്രമം നൽകാതായി. പറവൂർവച്ചു് മെനേസീസു ഈ ക്രമം നൽകിയപ്പോഴും, കവിളിൽ അടിയ്ക്കുന്നതുകണ്ടു് ഇതൊരു ക്രമമല്ലെന്നു പറഞ്ഞു് നസ്രാണികളും ബഹളം കൂട്ടി. ലത്തീൻ രീതി പരിചയമില്ലാഞ്ഞിട്ടാണു് അവർ അങ്ങനെ ചെയ്തതു്. ത്രെന്തോസു സൂനഹദോസിന്റെ നിശ്ചയപ്രകാരം ഇതിനും തലതൊട്ടന്നയാം വേണം. ആ ആളുടെ ആത്മികബന്ധം ത്രെന്തോസിൽ തീരുമാനിക്കപ്പെട്ടതുതന്നെ.

കുർബാന

വി. കുർബാനയുടെ തിരുനാൾ ലത്തീൻസഭയിലേതുപോലെ ആഘോഷിയ്ക്കണം. ലത്തീൻബന്ധം നിമിത്തം അന്നു നമ്മൾ സ്വീകരിച്ചിരുന്ന തിരുനാളുകളിൽ ഒന്നു് ഇതാണെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. വികാരിയിൽനിന്നോ, അദ്ദേഹം അധികാരപ്പെടുത്തുന്ന പട്ടക്കാരനിൽനിന്നോ പെസഹായുടെ അവധിയിൽ കുർബാന സ്വീകരിയ്ക്കണം. മരണസമയത്തും ദീർഘയാത്രയ്ക്കു പുറപ്പെടുന്നതിനുമുമ്പും മറിതുപോലെയുള്ള സാഹചര്യങ്ങളിലും കുർബാന കൈക്കൊള്ളേണ്ടതാണു്. ആഘോഷപൂർവ്വം നടത്തുന്ന പാട്ടുകുർബാന

യിൽ ആറാംപട്ടക്കാരനും അഞ്ചാംപട്ടക്കാരനും കർബാന കൈക്കൊള്ളണം. ലത്തീൻമുറയ്ക്കുള്ള പാട്ടകർബാന യെപ്പററിയുള്ള സൂചന കണ്ടാലും ! കർബാന സ്വീകരിയ്ക്കുന്നതിനുമുമ്പുള്ള ഉപവാസം പകുതിരാത്രിമുതലാണ് തുടങ്ങേണ്ടതു്. കുമ്പസാരിയ്ക്കാതെ കർബാന സ്വീകരിയ്ക്കേണ്ടതല്ല. സൂനഹദോസിന്റെ ശേഷമായിരിയ്ക്കാം ഒരു ''സദ്ദശ്യ''ത്തിൽ മാത്രമുള്ള കർബാന സ്വീകരണം നടപ്പിലായതു്. നമ്മം രണ്ട ''സാദ്ദശ്യ''ങ്ങളിലും കർബാന സ്വീകരിച്ചിരുന്നെന്ന 1580–ലേ ഒരു രേഖയിൽ കാണുന്നു.3a

കുമ്പസാരം

ആണ്ടുകുമ്പസാരം നിർബന്ധമാണു്. അപകടകരമായ രോഗത്തിലും ആണ്ടിൽ പലപ്രാവശ്യവും എല്ലാവരും കുമ്പസാരിക്കണം ''നന്മതിന്മ തിരിച്ചറിയുന്ന പ്രായം'' സാധാരണമായി ഏഴുവയസ്സാണെന്നത്രേ കണക്കാക്കിയിരിക്കുന്നതു്. മന:പൂർവ്വം കുമ്പസാരിക്കാതെ മരിക്കുന്നവരുടെ മൃതശരീരം സഭാനിയമപ്രകാരം സംസ്ക്കരിയ്ക്കുവാനുന്നതല്ല. അവരുടെ ചാത്തവും (Chatta) കഴിച്ചുകൂടാ. സാധുവായി കുമ്പസാരിപ്പിക്കുവാൻ മെത്രാനിൽനിന്നു അധികാരം പ്രാപിച്ചിരിക്കണം. ത്രുപതയിൽ മെത്രാൻ ''പിടിച്ചിരിക്കുന്ന'' പാപങ്ങം പ്രത്യേകാധികാരം കൂടാതെ ആക്കും വിമോചിക്കാവുന്നതല്ല. കുമ്പസാരം കേട്ടശേഷം ചില പട്ടക്കാർ പാപികളെ വിമോചനത്തിനായി മെത്രാന്റെ പക്കലേയ്ക്കയച്ചിരുന്നെന്നു സൂനഹദോസു പറയുന്നതിൽനിന്നു് ചില പാപങ്ങം ''പിടിക്കപ്പെട്ടവ''യായി പണ്ടുണ്ടായിരുന്നെന്നു് അനുമിക്കാമോ? ''പിടിക്കപ്പെട്ട'' പാപങ്ങം, മഹാരോനാദിശിക്ഷകം മുതലായവ സംബന്ധിച്ചു് സൂനഹദോസു് ഏർപ്പെടുത്തിയ നിശ്ചയങ്ങം കാനോൻ

3.a Extracts from some Jesuit annual letters, 1581,–The Indian Athenaeum, Aug. 1923.
(The Residence of Vaipicotta.)

നിയമത്തെ സ്പശ്രിക്കുന്നവയാകയാൽ ഇവിടെ വിട്ടകള യുന്നു.3'' കുമ്പസാരക്കുടിനെപ്പററി ചാവറ പ്രിയോര ച്ചൻ മുൻപറഞ്ഞ ചരിത്രത്തിൽ ഇങ്ങനെ പ്രസ്താവിക്കു ന്നു: ''....പള്ളികളിൽ സിമിത്തേരി വേണമെന്നും ആയ തിൽ ശവമടക്കണമെന്നും കുമ്പസാരക്കുട്ട ഉണ്ടാക്കണ മെന്നും കൊമ്പിരിയാ ഉണ്ടാക്കണമെന്നും മറ്റുമുള്ള ചട്ടം ഇദ്ദേഹം (മിലേസ്യോപ്രംതർഗാസ്സ് എന്ന വരാപ്പുഴവി കാരി അപ്പസ്തോലിക്കാ) കല്പിച്ചു. അതിനുമുമ്പ് സിമി ത്തേരിയും കുമ്പസാരക്കുട്ടും ലത്തീൻപള്ളികളിലും ഇല്ലാ യിരുന്നു.''

ഒട്ടുവിലത്തെ ഒപ്പുശ്മ

അന്നു് ലത്തീൻ സഭയിൽ ഏതെല്ലാം അവയവ ങ്ങളം പൂശിയിരുന്നുവോ, അവയെല്ലാം പൂശേണ്ടതാണു് (ഇന്നത്തെ നമ്മുടെ ശ്രൂശ്രൂഷപുസ്തകത്തിൽ കാണുന്നവയെ ല്ലാം). ഈ കൂദാശ നൽകുവാൻ പോകുന്ന പട്ടക്കാരൻ സ്വർപ്പിലേശ്രും ഊറാറയും ധരിക്കണം. ഒരു ശമ്മാശൻ (Chamaz) കുരിശ്രു കയ്യിൽ പിടിച്ചു് മുൻപിൽ നടന്നു പോകേണ്ടതാണു്. ഈ ശമ്മാശനോ വേറെ ആരെങ്കി ലുമൊ ഹനാൻ വെള്ളപ്പാത്രം എടുത്തിരിശ്ശണം. രാത്രി യാണെങ്കിൽ ഒരു വിളക്കിനും സ്ഥാനമുണ്ടു്. കൂദാശകൊ ടുത്തശേഷം രോഗിയുടെ തലയ്ക്കൽ ഒരു കുരിശ്രു സ്ഥാപി ച്ചശേഷമേ പട്ടക്കാരൻ തിരിച്ചുപോകാവൂ.

പട്ടം, കനോൻജപം ആദിയായവ

ലത്തീൻറീത്തുപ്രകാരമുള്ള പട്ടങ്ങളെല്ലാം ആ രീതി യിൽതന്നെ നൽകപ്പെടണമെന്നാണു് സൂനഹദോസി ന്റെ ആശയം. ത്രെന്തോസു സൂനഹദോസു നിശ്ചയിച്ചി ട്ടുള്ള വയസ്സു് പട്ടമേൽക്കുന്നവക്കുണ്ടായിരിക്കണം. ആ പ്രായത്തിനുമുമ്പു് പട്ടമേറ്റവർ പ്രായം തികയുന്നതുവരെ ശ്രൂശ്രൂഷനടത്തരുതു്. ലത്തീൻകാർ ലത്തീൻ പഠിക്കുന്നതു

3''. അവ അന്നത്തെ ലത്തീൻ നിയമങ്ങംതന്നേയാണു്.

പോലെ സുറിയാനിക്കാർ സുറിയാനി പഠിക്കണം— രോഗങ്ങളും നിമിത്തവും മറ്റും ശുശ്രൂഷകളും നടത്തുന്നതിലുണ്ടാകുന്ന പ്രതിബന്ധങ്ങളും (Irregularities and Impediments) കാനോൻ നിയമത്തിലെ ഭാഗമാകയാൽ ഇവിടെ വിട്ടുകളയുന്നു. അവ അന്നത്തെ ലത്തീൻ നിയമങ്ങളും തന്നെയാകയാൽ അവ സംബന്ധിച്ച് പ്രത്യേകമൊന്നും പറയേണ്ടതില്ല.

അഞ്ചാംപട്ടം മുതൽ എല്ലാവരും കാനോൻ ജപം ചൊല്ലണം. നിവൃത്തിയുള്ളപക്ഷം കത്തനാരന്മാരും ശമ്മാശന്മാരും പതിവുപോലെ രണ്ടുപ്രാവശ്യം നിശ്ചിതസമയത്തു പള്ളിയിൽ സമ്മേളിച്ച് അതുചൊല്ലണം. അപ്പോൾ കൈക്കസ്സൂരികൊടുത്തു തുടങ്ങേണ്ടതു് മൂപ്പച്ചനല്ല, വികാരിയാണു്. ആരും വത്തമാനം പറയുകയോ രസക്ഷയം നിമിത്തം കസ്സൂരിവാങ്ങാതിരിക്കുകയോ ചെയ്യരുതു്. കൂട്ടത്തിൽ ചേരുവാൻ കഴിവില്ലാത്തവർ തനിച്ചു നമസ്ക്കരിക്കണം. കൂട്ടത്തിൽ എപ്പോഴെങ്കിലും വന്നുചേർന്നാൽ പോരാ. ഏതെങ്കിലും ഭാഗം കൂട്ടത്തിൽ ജപിക്കാതിരുന്നാൽ അതു തനിച്ചു ജപിക്കേണ്ടതാണു്. ഞായറാഴ്ചയും കടമുള്ള ദിവസവും കൂട്ടത്തിൽ ചേരാത്തവക്കു വരുമാനം കൊടുക്കേണ്ടതല്ല. അച്ചന്മാരിൽ മൂത്തയാൾ അവരുടെ പേരു കുറിച്ചു സൂക്ഷിച്ചുകൊള്ളണം. പുസ്തകമില്ലാത്തവർ രാവിലെയുള്ള ജപങ്ങൾക്കു് പകരം 303 ആ നന്മ. ത്രീ. സ്തുതിയും കൊന്തയുപയോഗിച്ചു ചൊല്ലണം. അതോടുകൂടി 9 ആ. നന്മ. മറിയവും മരിച്ചവക്കു വേണ്ടിയും, ഒന്നു മെത്രാനുവേണ്ടിയും ചൊല്ലണം. ഉച്ചകഴിഞ്ഞുള്ള ജപത്തിനുപകരം 303 ആ. നന്മ. ത്രീ. സ്തുതിയും ചൊല്ലുന്നതിനു പുറമെ മാതാവിനെക്കുറിച്ചു് 9 നന്മ. കൂടി ചൊല്ലേണ്ടതാണു്.

കാനോൻ ജപം ദിവസത്തിൽ രണ്ടുപ്രാവശ്യം മാത്രമുള്ളതായിട്ടാണല്ലൊ ഇവിടെ കാണുന്നതു്. ലെലിയായും, സപ്രായും, ഒരുമിച്ചു് രാവിലെ നടത്തിയിരുന്നതാണു് ഇതിന്റെ കാരണം. ''ബാബേൽ'' സഭാംഗങ്ങളും ഇന്നും ഇങ്ങനെ ചെയ്യുന്നുണ്ടു്. മുൻപറഞ്ഞ ചരി

ത്രത്തിൽ ചാവറ പ്രിയോരച്ചൻ ഇങ്ങനെപറയുന്നു: ''അഞ്ചുമണിക്കു റംശാ; അക്കാലങ്ങളിൽ തലേദിവസമേ ലിലിയാ എത്തിക്കാം എന്നുള്ള പതിവു ഇല്ലായിരുന്നു. പിന്നെയോ എത്ര ദീഘ്രമുള്ളതായാലും പിറവിയുടേതു നീക്കി ശേഷമൊക്കെയും പുലർകാലമേ എത്തിച്ചു തുടങ്ങുകയുള്ളു''. കാനോൻ ജപം ചൊല്ലേണ്ട സമയം സംബന്ധിച്ച് സൂനഹദോസു യാതൊരു വ്യത്യാസവും വരുത്താതെ പഴയ നടപ്പു് അംഗീകരിക്കുകയാണു് ചെയ്തതു്.

പിറവിയുടെ നമസ്ക്കാരമുംപ്പെടെയുള്ള ''വലിയ കാനോൻ ജപം'' (Breviarium magnum) വലിയ നോമ്പിനുള്ള ജപങ്ങളും, ഹ്രാ, ഗസ്സാ, മരിച്ചവരുടെ ഒപ്പീസു് ഇതുയും പുസ്തകങ്ങളുടെ പേരുകളും സൂനഹദോസു് എടുത്തുപറയുന്നുണ്ടു്. കാനോൻ ജപത്തിലെ ചില ഗാനസഞ്ചയങ്ങളിൽ ഒന്നാണു് സൂനഹദോസു് പ്രസ്താവിയ്ക്കുന്ന 'വർദാ'. കാമീസു്, വർദാ ആദിയായവരുടെ നാമങ്ങളിൽ അവരുടെ കൃതികളും അറിയപ്പെട്ടിരുന്നു. ഇവയിൽ പല തെറ്റുകളുമുണ്ടായിരുന്നു. തെറ്റുകളും തിരുത്തണമെന്നും, തിരുത്തുവാൻ സാധിയ്ക്കാത്ത പുസ്തകങ്ങളും ചുട്ടുകളയണമെന്നും സൂനഹദോസു തീരുമാനിച്ചു. സൂനഹദോസു് ചൂണ്ടിക്കാണിക്കുന്ന ചില തെറ്റുകളും വാസ്തവത്തിൽ തെറ്റുകളല്ല. മരിച്ചവരുടെ ഒപ്പീസിൽ ചൂണ്ടിക്കാണിക്കുന്ന ഒന്നു് ഇന്നും നമ്മുടെ പക്കൽ കാണാവുന്നതാണു്. വി. അത്തനാസിയൂസിന്റെ വിശ്വാസപ്രമാണം തർജ്ജമചെയ്ത കാനോൻ ജപത്തിന്റെകൂടെ ചൊല്ലേണ്ടതാണെന്നു് നിശ്ചയിക്കപ്പെട്ടു. സൂനഹദോസുകഴിഞ്ഞു് മെനേസീസു നടത്തിയ പള്ളിസന്ദർശനത്തിൽ ചില സ്ഥലങ്ങളിൽ ഈ നിശ്ചയങ്ങളും കുറെയെല്ലാം നടപ്പിൽവരുത്തി. കാനോൻജപത്തിലെ ചില ഭാഗങ്ങളും അശേഷം മുടക്കപ്പെട്ടു.

''ബാബേൽ'' പാത്രിയക്കീസു് ശീസ്മക്കാരനാണെന്നും അദ്ദേഹത്തിന്റെപേരു് കുർബാനയിലും കാനോൻ ജപത്തിലും ചൊല്ലരുതെന്നും കർശനമായ കല്പ

നയാണുണ്ടായതു്. അന്നത്തെ പാത്രിയക്കീസാകട്ടെ മാപ്പ്പ്പായിൽനിന്നു 'പാല്ലിയം' സ്വീകരിക്കുകകൂടി ചെയ്തിരുന്ന കത്തോലിക്കനായ ദെനഹാശെമശാനായിരുന്നു.

നെസ്റ്റോറീസു് ആദിയായ പാഷണ്ഡരെക്കുറിച്ചുള്ള ജപങ്ങൾക്കു പകരം ന. ക. പിറവികഴിഞ്ഞുവരുന്ന വെള്ളിയാഴ്ച അത്തനാസിയൂസു്, നസ്സിയൻസിലെ ഗ്രീഗോറിയോസു്, ബസേല്യൂസു്, ക്രിസോസ്റ്റോമോസു്, ക്യറിലോസു് എന്നീ വിശുദ്ധന്മാരെക്കുറിച്ചു് ജപങ്ങൾ ചൊല്ലേണ്ടതാണു്. അപ്രകാരംതന്നെ ന. ക. പിറവിയുടെ ശേഷമുള്ള ഏഴാമത്തെ വെള്ളിയാഴ്ച മറ്റു നെസ്റ്റോറിയൻ വിശുദ്ധന്മാരല്ല, പ്രത്യുത, ആഗ്സ്തീനോസു്, അമ്പ്രോസീസു്, ഗ്രീഗോറിയോസു്, മാപ്പ്പ്പാ അപ്രേം എന്നീ വിശുദ്ധന്മാരാണു് സ്മരിയ്ക്കപ്പെടേണ്ടതു്. അപ്രേം അന്നും ഈ ദിവസത്തിൽ സ്മരിക്കപ്പെട്ടിരുന്നു. ബുധനാഴ്ചതോറും കുർബാനയിലും ഈ വിശുദ്ധന്മാരുടെ ഓമ്മകൊണ്ടാടേണ്ടതാണു്— നെസ്റ്റോറീസിനേറെയും മറ്റും സ്മരണ കേരളീയർ മനഃപൂവ്വംകൊണ്ടാടിയിരുന്നില്ലെന്നു് ദർ റോസു് പ്രസ്താവിക്കുന്നതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അവരുടെ പേരുകളും പുസ്തകങ്ങളിലുണ്ടായിരുന്നെന്നു സമ്മതിക്കേണ്ടതാണു്.

പുറമേ സഞ്ചരിക്കുമ്പോൾ വെള്ളപ്പു്, കറുപ്പു്, നീല ഈ നിറങ്ങളിൽ ഏതിലെങ്കിലുമുള്ള കുപ്പായം പട്ടക്കാർ ധരിക്കണം. ഈ നിറങ്ങളിലുള്ള കുപ്പായം സാധാരണമായിരുന്നത്രേ. വൈപ്പിക്കോട്ട സെമിനാരിയിൽ നിന്നായിരിക്കാം കറുപ്പും നീലയും പ്രചരിച്ചതു്. അവിടത്തെ ശമ്മാശന്മാരുടെ കുപ്പായം ഒരുതരം നീലനിറമുള്ളതായിരുന്നെന്നു് ചില രേഖകളിൽ കാണുന്നുണ്ടു്. എന്നാൽ പിന്നീടു് കറുപ്പും നീലയും പ്രചാരമൊഴുങ്ങളായി. പട്ടക്കാർ മുണ്ടുടുത്തു് വെളിയിൽ കാണപ്പെടരുതു്. അന്നു് അങ്ങനെ നടപ്പുണ്ടായിരുന്നതാണു് ഈ നിയമത്തിനു കാരണം. ഇപ്പോൾ പുരുൻകുറുകാരച്ചന്മാർ ധരിക്കുന്നതരം കുപ്പായമാണു് നമ്മുടെയിടയിൽ പ്രചരിച്ചി

രുന്നതെന്നു് പാലയ്ക്കൽ മല്പാനച്ചന്റെ മുൻപറഞ്ഞ ചരിത്രത്തിൽനിന്നൂഹിക്കാം. അതിന്റെകൂടെ ''തോളിൽ നല്ലൊരു നാടൻമുണ്ടും'' ''വയറുവരെ നീളമുള്ള ഒരു കൊന്തയും'' ഉണ്ടായിരുന്നു. പാലയ്ക്കലച്ചന്റെ പരിശ്രമം നിമിത്തം ഇന്നത്തേരീതിയിലുള്ള ''ളോവ'' സാധാരണമായിത്തീർന്നു. അതുവരെ പള്ളികളിൽ പൊതുവായിരണ്ടോ മൂന്നോ ''ളോവ''കുപ്പായമാത്രമേ ഉണ്ടായിരുന്നുള്ളു. ശുശ്രൂഷസമയത്തു് അതാണു് ധരിച്ചിരുന്നതു്. പാലയ്ക്കലച്ചൻ ''കറുപ്പുവേണ്ട, വെള്ളയാകട്ടെ എന്നുപറഞ്ഞു'' അതിന്റെശേഷം മെത്രാനച്ചനെ കാണ്മാൻ വരാപ്പുഴെ ചെല്ലുമ്പോഴും ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽചെന്നുകൂടൂ എന്നൊരു സ്വരം ഉണ്ടായി'' എന്നത്രെ ചാവറയച്ചൻ എഴുതിയിരിക്കുന്നതു്. 18–ാം ശതാബ്ദത്തിൽ പുത്തൻകൂറുകാരായ പട്ടക്കാരും കഴുത്തിൽ കൊന്ത ധരിച്ചിരുന്നു. (See, Vissche, Letter XVI.)

ലത്തീൻമെത്രാന്മാരിൽ നിന്നായാലും സുറിയാനിക്കാർ പട്ടമേറ്റിരുന്ന നടപ്പു സംബന്ധിച്ചു് ചാവറ പ്രിയോരച്ചൻ പറയുന്നതിങ്ങനെയാണു്: ''അതുവരെയും (പാലയ്ക്കലച്ചന്റെ കാലം) ഉണ്ടായിരുന്ന സുറിയാനിക്കാരുടെ ക്രമത്തിനു തക്കതിൻവണ്ണം, അതായതു് അവക്കു പട്ടം കൊടുക്കുമ്പോഴും ഒന്നുകിൽ ആസ്ഥപ്പാട്ടം നാലു പട്ടവുംകൂടി ഒരുമിച്ചു് ഒരു ദിവസത്തിൽ, അല്ലെങ്കിൽ ഒരിയ്ക്കലാസ്ഥപ്പാട്ടം പിന്നെ നാലുപട്ടവും ഇങ്ങനെ കൊടുക്കുന്നതല്ലാതെ ചെറിയ പട്ടങ്ങളും 1, 2, 3, 4, ഇങ്ങനെ വേർതിരിച്ചുകൊടുക്കുമാറില്ല.'' പഴയ പൌരസ്ത്യ സുറിയാനിറീത്തുപ്രകാരം ആദ്യത്തെപട്ടം ''കാറോയാ''യുടേതാണു്. അതിനു ലത്തീനിലേ നാലാം പട്ടത്തോടു സാമ്യമുള്ളതുകൊണ്ടായിരിയ്ക്കാം ഇങ്ങനെ നടന്നിരുന്നതു്. കുർബാനപ്പട്ടമേല്ക്കുന്നവർ ലത്തീൻമെത്രാനോടുകൂടി കുർബാന ചൊല്ലിയിരുന്നതു് സുറിയാനിയിലാണെന്നും ലത്തീൻ കുർബാനയോടൊപ്പിയ്ക്കുവാൻ സുറിയാനികുർബാനയുടെ ചില ഭാഗങ്ങളും വിട്ടുകളഞ്ഞിരുന്നെന്നും കേട്ടിട്ടുണ്ടു്. ''ആസ്ഥപ്പാട്ടപട്ട''ത്തിന്റെ ശേഷം വീടുകയ

റവും ''മധുരംവയ്ക്കലും'' ചില സ്ഥലങ്ങളിലുണ്ടായിരുന്നു. പുത്തൻകുഴ്ചാനയ്ക്കു വീടുകയറലുമുണ്ടായിരുന്നല്ലൊ.

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പുള്ള സ്ഥിതികളും ഗ്രഹിയ്ക്കുവാൻ വേണ്ടിയാണു് 19—ാം ശതാബ്ദത്തിലേയ്ക്കു കടന്നു് ഇതുയും സംഗതികളും ഇവിടെ പ്രസ്താവിയ്ക്കുവാൻ ഇടയായതു്.

യുവവൈദികർ മീശ വളർത്തരുതെന്നു് സൂനഹദോസു തീരുമാനിച്ചു. നീണ്ട മീശയുള്ളവർ കുർബാന ചൊല്ലുമ്പോഴും തിരുരക്തം പുരളാതിരിയ്ക്കുവാൻ മേൽമീശയുടെ അറ്റം കുറെ വെട്ടിക്കളയണം. പട്ടംതെളിച്ചുവടിയ്ക്കണം.[4] മുടി വളർത്തിക്കൂടാ. കച്ചവടം, പട്ടാളസേവനം ആദിയായ വയെല്ലാം പട്ടക്കാർക്കു മുടക്കപ്പെട്ടു. ഇവയെല്ലാം കാനോൻ നിയമത്തിൽ പെട്ടവയാകയാൽ വിസ്തരിച്ചു പറയുന്നില്ല.

---

4. നവീകരണ (മാത്തോമ്മാ)ക്കാരായ അച്ചന്മാർ ഇപ്പോഴും പട്ടംവെട്ടുന്നതു സൂക്ഷിയ്ക്കുക. സൂനഹദോസിന്റെ ശേഷം നമ്മുടെ അച്ചന്മാർ പട്ടം വലുതായി വടിച്ചുതുടങ്ങി. ഇന്നും പ്രായംചെന്ന അച്ചന്മാർ അങ്ങനെ ചെയ്യുന്നു. തലയുടെ മുൻവശത്തെ മുടി കുറെ വളർത്തി അതിനൊപ്പിച്ചു ചെവിയുടെ മുകളിൽക്കൂടി ചുറ്റും വടിയ്ക്കുകയും നടുവിൽ വലിയ പട്ടം തെളിയ്ക്കുകയും ആണു് സൂനഹദോസിന്റെ ശേഷമുള്ള സുറിയാനിപ്പട്ടം. നവീകരണക്കാരുടേതു് ഇതിനോടടുത്തുവരുന്നുണ്ടു്. അങ്കമാലിൽ യാക്കോബായപ്പള്ളിയുടെ മദ്ബഹായുടെ തെക്കേഭിത്തിയിൽ ''മാർതോമ്മാ മെത്രാപ്പോലീത്താ''യുടെ ഛായാപടത്തോടുകൂടി ഒരച്ചന്റെ പടവും ഉണ്ടു്. ആ അച്ചന്റെ പട്ടം ഇപ്പോഴും പറഞ്ഞ രീതിയിൽ അവിടെ കാണാം. 1875—ൽ പത്രോസു പാത്രിയർക്കീസുവന്നു് യാക്കോബായക്കാർക്കു പട്ടത്തിനു പകരം തൊപ്പി നിർബന്ധമാക്കി. അദ്ദേഹത്തോടു മത്സരിച്ച നവീകരണക്കാർ തൊപ്പി സ്വീകരിയ്ക്കാതെ പട്ടംതന്നെ വച്ചുകൊണ്ടിരിയ്ക്കുന്നു. കൊവേന്തക്കാരുടെ പട്ടം കമ്മെലീത്തരുടെയാണെങ്കിലും പഴയതിനോടു അടുത്തുവരുന്നുണ്ടു്. നമ്മുടെ ശമ്മാശന്മാർ പുത്തൻപള്ളി സെമിനാരിയിൽ പഠിച്ചുതുടങ്ങിയതോടെ പട്ടം ചെറുതായിതുടങ്ങി.

അപ്രകാരംതന്നെ വൈദികരുടെ വിവാഹം, വരുമാന ങ്ങളം ആദിയായവയെല്ലാം കാനോൻനിയമത്തിലേ ഭാ ഗങ്ങളാകയാൽ ഇവിടെ വിട്ടകളയുന്നു. ഉദയമ്പേരൂർ സൂനഹദോസിൻെറശേഷം വിവാഹം ഇല്ലാതായി. പു ത്തൻകൂറുകാർപോലും വളരെനാളത്തേയ്ക്കു വിവാഹം കഴിച്ചിരുന്നില്ലല്ലൊ.

വിവാഹം

ത്രെന്തോസു സൂനഹദോസിൻെറ നിശ്ചയപ്രകാര മാണ് വിവാഹം ആശീർവ്വദിയ്ക്കേണ്ടതു്. ആ സൂനഹദോസു നിശ്ചയിച്ചപ്രായം വധൂവരന്മാക്കുണ്ടായിരിയ്ക്കുണം. കട മുള്ള മൂന്നുദിവസങ്ങളിൽ വിളിച്ചുചൊല്ല നടത്തേണ്ടതാ ണു്. മാമ്മോദീസാപ്പുസ്തകത്തിൽ കല്യാണംനടന്ന വി വരം രേഖപ്പെടുത്തണം. വിവാഹത്തിനു പ്രതിബന്ധങ്ങ ളായ രക്തബന്ധം, ആദ്ധ്യാത്മികബന്ധം, ബന്ധുത എ ന്നിവ ത്രെന്തോസിലേ നിശ്ചയപ്രകാരം ക്രമപ്പെടുത്തേ ണ്ടതാണു്. അവയും അവയിൽനിന്നുള്ള മോചനവും സം ബന്ധിച്ചുള്ള ഭാഗങ്ങളം കാനോൻ നിയമത്തിൽ പെടുന്ന വയാകയാൽ വിസ്തരിച്ചുപറയുന്നില്ല. ആഗമനകാലത്തും, അമ്പതുനോമ്പിലും കല്യാണാഘോഷങ്ങളം നടത്തേണ്ട തല്ല. ഒത്തുകല്യാണത്തിൽ സമ്മതം നൽകുന്നതു് കക്ഷി കളം തന്നെയായിരിയ്ക്കുണം. അവക്കു വേണ്ടതു പ്രായവും വേണം. അവക്കു പ്രായം തികയുന്നതിനുമുമ്പു് രക്ഷാക ത്താക്കളം നടത്തുന്ന ഒത്തുകല്യാണം പതിവുപോലെ കൈപിടിച്ചുകൊണ്ടോ, എഴുത്താലോ, വേറെ ഏതെങ്കി ലും വിധത്തിലോ ആകാം. കല്യാണംകഴിഞ്ഞു് നാലു ദിവസത്തേയ്ക്കു വധൂവരന്മാർ പള്ളിയിൽ പോകാതിരി യ്ക്കുന്നതു തെറ്റാണു്. സ്ലീഹനത്തിൻെറ ''പസ്സാരം'' പ ള്ളിയിൽ കൊടുക്കുന്ന മുറ സ്തുത്യർഹംതന്നെ. ആ നടപ്പു എല്ലായിടത്തും പ്രചരിപ്പിയ്ക്കുണം. കുളിയും മറ്റും യൂദ മര്യാദയാകയാൽ വേണ്ടെന്നാണു് സൂനഹദോസിൻെറ ആശയം.

താലികെട്ടും മന്ത്രകോടിയും പഴയക്രമങ്ങളുടെ അവശേഷങ്ങളാണു്. കൊന്തവാഴ്ത്തൽ 16—ാം ശതാബ്ദത്തോടെയോ അതിനുശേഷമോ ഉണ്ടായതായിരിയ്ക്കാം. ചിലസ്ഥലങ്ങളിൽ പുത്തൻകൂറുകാക്കു് ഇന്നും കൊന്തവാഴ്ത്തലുണ്ടു്. 153 മണിയുള്ള കൊന്തയാണു് മുൻകാലങ്ങളിൽ വാഴ്ത്തിയിരുന്നതു്. മണികൾ മുഴുവനുമോ, അല്ലെങ്കിൽ 15 എണ്ണമോ (ആകാശ:ജപത്തിനുള്ളവ) സ്വർണ്ണനിർമ്മിതങ്ങളുമായിരുന്നു. പഴയറീത്തിൽ ''വസ്ത്രം വാഴ്ത്തൽ'' എന്നൊരു പ്രത്യേക ശുശ്രൂഷയുണ്ടായിരുന്നു. ആ വസ്ത്രത്തിന്റെ സ്ഥാനത്തു് ഹൈന്ദവനടപ്പുപ്രകാരം മന്ത്രകോടികയറിപ്പറ്റിയതാകാം. ''ബാബേൽ''ക്കാക്കു മോതിരമാണെങ്കിലും നമുക്കു പണ്ടം താലിയായിരുന്നു. അന്തിയോക്കിയാ സുറിയാനിറീത്തുപ്രകാരം പുത്തൻകൂറുകാർ മോതിരമുപയോഗിയ്ക്കുന്നുണ്ടെങ്കിലും താലികെട്ടുപേക്ഷിച്ചിട്ടില്ല.

നമ്മുടെ പുസ്തകങ്ങളിൽ നെസ്തോറിയൻ അബദ്ധങ്ങളും പാഷണ്ഡരുടെ പേരുകളുമുണ്ടായിരുന്നതിൽനിന്നു് നമ്മെ മാപ്പ്വാപ്പായിൽനിന്നു ഭിന്നിച്ചുനിന്നിരുന്ന ഒരു സഭാവിഭാഗമാണെന്നു സിദ്ധിക്കുന്നില്ല. പ്രത്യക്ഷ മാപ്പ്വാപ്പായുമായുള്ള നമ്മുടെ ബന്ധത്തെ ലോകസമക്ഷം വിളിച്ചറിയിയ്ക്കുന്ന ഒന്നത്രേ അന്നത്തെ നമ്മുടെ ചരിത്രം.[5]

5. ''കൂനൻകുരിശിനുമുമ്പു്'' എന്ന പുസ്തകം കാണുക.

എട്ടാം അദ്ധ്യായം

ഉദയമ്പേരൂർ സൂനഹദോസും ചില ആചാരങ്ങളും

ഇടവക വിഭജനം

മെനേസീസു മെത്രാപ്പോലീത്താ കേരളീയസഭയെ 80 ഇടവകകളായി തിരിച്ചു് ഓരോ ഇടവകപ്പള്ളിയ്ക്കും ''വികാരി''യായി ഒരു പട്ടക്കാരനെ നിശ്ചയിച്ചു. ഓരോ ഇടവകയിലുമുള്ള മറ്റു അച്ചന്മാരും ശമ്മാശന്മാരും വികാരിയ്ക്കു കീഴ്പെട്ടു് പള്ളിയിൽ നിന്നുള്ള വരുമാനം സ്വീകരിച്ചുകൊള്ളണമെന്നായിരുന്നു നിയമം. കീഴുള്ളവരുടെ കാര്യങ്ങളും അന്വേഷിക്കുക, വിവരങ്ങളും ഒരു പുസ്തകത്തിൽ കുറിയ്ക്കുക ആദിയായി പലതും വികാരിയുടെ ചുമതലകളിൽപെടുന്നു. യോഗത്തേയും കൈക്കാരന്മാരേയും സംബന്ധിച്ചുള്ള സൂചനകളും സൂനഹദോസു നിയമങ്ങളിൽ കാണുന്നുണ്ടു്. കൈക്കാരന്മാരുടെ നിയമനവും ഉദ്യോഗവും വിശദമായി അവയിൽ കാണാം. ഇടവക തിരിയ്ക്കുക, അതിത്തി മാറുക, വികാരിയെ മാറുക, ആദിയായവയെല്ലാം മെത്രാന്റെ ഇഷ്ടംപോലെ ചെയ്യാവുന്നവയാണു്. ഒരു വികാരി രണ്ടു പള്ളികളും ഭരിയ്ക്കേണ്ടതല്ലെങ്കിലും, സമർത്ഥന്മാരില്ലാത്തപക്ഷം അങ്ങനെയാകാം. സംബന്ധക്കാർ പണിയിച്ച പള്ളികളാണെന്നുള്ള കാരണത്തിൽ ചിലർ ഒന്നിലധികം പള്ളികളുടെ അന്വേഷണം നടത്തിയിരുന്നതു നിറുത്തലാക്കപ്പെട്ടു. വളരെനാളം കുമ്പാനമുടങ്ങിക്കിടക്കുന്ന പള്ളികളിലേയ്ക്കു സദാ ശിക്ഷകളും നൽകിക്കൊണ്ടുകൂടെയും മെത്രാനു് അച്ചന്മാരെ അയയ്ക്കാവുന്നതാണു്.

വി. തൈലങ്ങൾ

വി. തൈലങ്ങൾ പ്രത്യേകതരം പാത്രങ്ങളിലാക്കി മദ്ബഹായുടെ സമീപത്തോ, മാമ്മോദീസാത്തൊട്ടിയുടെ അത്തോ പൂട്ടിസൂക്ഷിയ്ക്കണം. ഇതു സാധിയ്ക്കുകയില്ലെങ്കിൽ, വികാരിയുടെ പക്കൽ വെടിപ്പുള്ള ഒരു സ്ഥലത്തു് സൂക്ഷിയ്ക്കാവുന്നതാണു്. വികാരിതന്നെയോ, തിരുപ്പട്ടമുള്ള ഒരു ശമ്മാശനോ ആണു് ആവശ്യത്തിനു അവ എടുത്തുകൊണ്ടുവരേണ്ടതു്. വി. തൈലങ്ങൾ ആശീർവ്വദിയ്ക്കുന്നതും, ആണ്ടുതോറും പുതുക്കുന്നതും, മിച്ചമുള്ളതു കത്തിയ്ക്കുന്നതും ലത്തീൻ സഭയിലേപ്പോലെ ചെയ്യേണ്ടതാകുന്നു.

കടമുള്ള ദിവസങ്ങൾ

ഞായറാഴ്ചകൾക്കു പുറമെ താഴെപ്പറയുന്ന ദിവസങ്ങൾ കടമുള്ളവയായി ആചരിയ്ക്കണം.[1]

നു. കർത്താവിന്റെ ക്ലേദനാചാരം, ദനഹാ, രൂപാന്തരീകരണം,* പിറവി, ഉയർപ്പു കഴിഞ്ഞുവരുന്ന തിങ്കൾ,* ചൊവ്വ,* ബുധൻ, പെസഹാവ്യാഴാഴ്ച നമസ്കാരം തുടങ്ങുന്ന സമയം മുതൽ വലിയ ശനിയാഴ്ച, പകൽതിരാത്രി വരെ,* സ്വർഗ്ഗാരോഹണം, പന്തക്കുസ്താ കഴിഞ്ഞുവരുന്ന തിങ്കൾ, ചൊവ്വാ, വി. കുബ്ബാനയുടെ തിരുനാൾ, * കുരിശിന്റെ പുകഴ്ച, * മാതാവിന്റെ ശുദ്ധീകരണം, മംഗളവാർത്ത, സന്ദർശനം, കരേറ്റം, പിറവി, അമലോത്ഭവം, ശ്രീഹന്മാരായ മത്തിയ, പീലിപ്പോസും യാക്കോബും, പത്രോസും പൗലോസും, യാക്കോബ്, ബർത്തൊൽമൈ, മത്തായി, ശെമഓനും യൂദായും, അന്ത്രയോസും ഇവരുടെ

---

1 * ഈ അടയാളമിട്ടിരിയ്ക്കുന്ന തിരുനാളുകൾ കേരളത്തിൽ ആചരിച്ചിരുന്നെന്നു സൂനഹദോസു പ്രസ്താവിയ്ക്കുന്നുണ്ടു്. തീയതി കാണിയ്ക്കാത്ത തിരുനാളുകളെല്ലാം ലത്തീൻ സഭയിൽ അവ ആചരിച്ചിരുന്ന തീയതികളിൽ തന്നെയാണു് ആചരിക്കേണ്ടതു്. ഈ പട്ടികയിൽ കാണുന്നവയിൽ ചിലതിന്റെ കടം പിന്നീടു നീക്കപ്പെട്ടു. നമ്മുടെ ഇപ്പോഴത്തെ പഞ്ചാംഗത്തിൽ കടം നീക്കപ്പെട്ടവ ഏവയെന്നു രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ.

86565

തിരുനാളുകളും, തോമ്മാശ്ലീഹായുടെ ജൂലായ് 8–ലേയും, * ഡിസംബർ 18–ലേയും, * ഡിസംബർ 21 ലേയും തിരുനാളുകളും, യോഹന്നാൻ മാംദാനായുടെ പിറവി, ഗീവറുഗീസു, എസ്തപ്പാനോസു്, യോഹന്നാൻ ഏവൻഗലീസ്താ, വി. ശ്ലീഹക്കളും, സകല വിശുദ്ധർ എന്നിവരുടെ തിരുനാളുകളും, ഓരോ പള്ളിയിലും അതിൽ മദ്ധ്യസ്ഥന്മാരുടേയും നാമകരണദിവസവും തിരുനാളുകളും, നമ്മുടെ കർത്താവിന്റെ പിറവി മുതൽ 50 നോമ്പുവരെയുള്ള വെള്ളിയാഴ്ചകളും കടമുള്ള ദിവസങ്ങളായി മേലിൽ ആചരിക്കേണ്ടതില്ല. വികാരിമാർ ഞായറാഴ്ച ദിവസം കടമുള്ള തിരുനാളുകളും പള്ളിയിൽ വിളിച്ചുചൊല്ലിയിട്ടുണ്ടം—തിരുനാളുകളും സംബന്ധിച്ചും മറും വൈദിക പഞ്ചാംഗത്തിൽ കടന്നുകൂടിയ മാററങ്ങളും ഇവിടെ കാണാവുന്നതാണല്ലൊ.

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പഴയനടപ്പുപോലെ ഉച്ചകഴിഞ്ഞു വേല ചെയ്യരുതു്. മൂന്നുപ്രാവശ്യം ഗ്രൂണദോഷിച്ചിട്ടും ഫലപ്പെടാതെവന്നാൽ അങ്ങനെ ചെയ്യുന്നവക്കു കസ്സൂരികൊടുക്കുകയോ പട്ടക്കാർ അവരെ സമീപിയ്ക്കയോചെയ്യുകൂടാ.

നോമ്പും ഉപവാസവും

മാംസവർജ്ജനവും ഉപവാസവും താഴെ പറയുന്നപ്രകാരം ക്രമപ്പെടുത്തപ്പെട്ടു:

50 നോമ്പു്, 25 നോമ്പു്, 15 നോമ്പു്, 8 നോമ്പു് ഇവ ഉപവാസദിവസങ്ങളാകുന്നു. ഇവയിൽ 50 നോമ്പിലേയും, 25 നോമ്പിലേയും ഉപവാസം കല്പിയ്ക്കപ്പെടുകയും മറു രണ്ടു നോമ്പുകളിലേതു് അംഗീകരിയ്ക്കപ്പെടുകയും ചെയ്യു.

താഴെ പറയുന്ന തിരുനാളുകളുടെ ''തലേനാളുകളും'' ഉപവാസദിവസങ്ങളായിരിയ്ക്കുണം:

ന. കർത്താവിന്റെ പിറവി; മാതാവിന്റെ ജനനം, ശുദ്ധീകരണം, കരേററം; ശ്ലീഹന്മാരായ മത്തിയാ,

Dharmaram College Library

യാക്കോബു്, പത്രോസും പൌലോസും, ബത്ത്ലഹെം, മത്തായി, ശെമഓനും യൂദായും, അന്ത്രയോസു് എന്നിവരുടെ തിരുനാളുകളും; തോമ്മാശ്ലീഹായുടെ ഡിസംബർ 21—ലേ തിരുനാളും; യോഹന്നാൻ മാംദാനായുടെ പിറവി; കുരിശിന്റെ പുകഴ്ച, സകല വിശുദ്ധന്മാരുടെ തിരുനാളും ഇവയ്ക്കും പുറമേ ചതുർഷ്ക്കാലങ്ങളിലേ ബുധനും, വെള്ളിയും, ശനിയും ഉപവാസദിവസങ്ങളാണു്—ഇപ്പോളും പറഞ്ഞവയിൽ ചില ദിവസങ്ങളും മേൽപ്രസ്താവിച്ച നോമ്പുകാലങ്ങളിൽ വരുന്നവയത്രേ. പന്തക്കുസ്താ കഴിഞ്ഞുള്ള 50 ദിവസത്തേ ഉപവാസം നിർബന്ധമല്ല. മൂന്നുനോമ്പിനു പള്ളികളിൽ സദ്യയുള്ളതുകൊണ്ടു് വിലക്കപ്പെട്ട വസ്തുക്കളും ഭക്ഷിയ്ക്കുന്നതെന്നല്ലാതെ, ഉപവസിയ്ക്കണമെന്നു സൂനഹദോസു കല്പിച്ചിട്ടില്ല. 50 നോമ്പിൽ മുട്ട, പാൽ, കാപ്പി, മത്സ്യം, മദ്യം, വിവാഹജീവിതം ഇവ വർജ്ജിയ്ക്കുന്ന നടപ്പു് പ്രോത്സാഹിപ്പിയ്ക്കപ്പെടണം. ഉപവാസദിവസങ്ങളിൽ വിലക്കപ്പെട്ടവ ഭക്ഷിയ്ക്കരുതു്. ആ ദിവസങ്ങളിൽ നിശ്ചിതസമയത്തു് ഒരിയ്ക്കൽ മാത്രമേ ഭക്ഷിയ്ക്കാവൂ. സൂര്യനസ്തമിച്ചു കഴിഞ്ഞു് വല്ലതും കുറച്ചുകൂടി ഭക്ഷിയ്ക്കാം. ഒരു ദിവസം നോമ്പു ലംഘിച്ചാൽ, പിന്നീടു ആ നോമ്പു് അനുഷ്ഠിയ്ക്കേണ്ടതില്ലെന്നുള്ള ധാരണ അബദ്ധമാണു്. ഉപവാസദിവസം കളിച്ചില്ലെങ്കിൽ തെറ്റൊന്നുമില്ല. താഴ്ന്ന ജാതിയിൽ പെട്ടവരെ തൊട്ടതുകൊണ്ടും ഉപവാസത്തിനു കേടില്ല. ഇവയെല്ലാം അന്ധവിശ്വാസപരവുമാണു്. ഞായറാഴ്ച ഒഴിച്ചുള്ള തിരുനാൾ ദിവസങ്ങളിൽ ഉപവാസം വന്നാൽ ഉപവസിയ്ക്കണം. 21 വയസ്സിനു കീഴിലുള്ളവർ, വളരെ വയസ്സുചെന്നു ക്ഷീണിച്ച വൃദ്ധന്മാർ, രോഗികളും, ഗർഭിണികളും, മുലകുടിപ്പിയ്ക്കുന്നവർ, ന്യായപൂർവ്വം അത്യാവശ്യപ്പെട്ട നിർബന്ധം നിമിത്തം ഉപവസിയ്ക്കുവാൻ നിവൃത്തിയില്ലാത്ത തരത്തിൽ കഠിനമായി അടിമവേല ചെയ്യുന്നവർ, ഇത്രയുമാളുകളും ഉപവാസത്തിൽനിന്നു് ഒഴിവാക്കപ്പെട്ടതു. എന്നാൽ ഇവരും വിലക്കപ്പെട്ടവ ഭക്ഷിയ്ക്കരുതു്. രോഗികൾക്കും, ഗർഭിണികൾക്കും ഇവിടെയും ഒഴിവുണ്ടു്. 50 നോമ്പു് 50—ാം ഞായറാഴ്ച കഴി

ഞ്ഞുടനെ തുടങ്ങുമെങ്കിലും അടുത്ത ബുധനാഴ്ച തലേ ക്കൊല്ലം ആശീർവ്വദിച്ച കുരുത്തോല കരിച്ചെടുക്കുന്ന കരി കൊണ്ട് ലത്തീൻ റീത്തിലേപ്പോലെ കുരിശുവര നടത്തണം. കുരിശുവര ശുശ്രൂഷയിൽ നോമ്പാരംഭിയ്ക്കുന്നു എന്നു് പ്രഖ്യാപനം ചെയ്യപ്പെടുന്നു. നമ്മുടെ നോമ്പാകട്ടെ രണ്ടു ദിവസം മുമ്പേ ആരംഭിച്ചു കഴിഞ്ഞു!

(വെള്ളിയാഴ്ചയുടെ പുറമേ) ശനിയാഴ്ച മാംസം വജ്ജിയ്ക്കണം. ബുധനാഴ്ചത്തേ മാംസവജ്ജനം നിർബന്ധമാക്കുന്നില്ല. പഴയ മുറയ്ക്ക് ബുധനാഴ്ച മാതാവിന്റെ സ്മൃതിയ്ക്കായി മാംസവജ്ജനമുണ്ടായിരുന്നു. മറ്റു പൌരസ്ത്യസഭകളിലെല്ലാം ഇന്നും ഇങ്ങനെതന്നെയാണ്. വെന്തിങ്ങാഭക്തിയ്ക്കുള്ള ബുധനാഴ്ചത്തേ മാംസവർജ്ജനം പിന്നീടു സ്വീകരിയ്ക്കപ്പെട്ടതത്രേ

ഉപവാസം, മാംസവജ്ജനം, തിരുനാൾക്കുടം ഇവ പകുതിരാത്രി മുതൽ പകുതിരാത്രിവരെ അനുഷ്ഠിയ്ക്കപ്പെടണം. സന്ധ്യ മുതൽ സന്ധ്യവരെ എന്നുള്ളതു് തെറ്റാണെന്നു് സൂനഹദോസു വിധിച്ചു. പക്ഷെ സന്ധ്യമുതൽ സന്ധ്യവരെ ദിവസം കണക്കാക്കി ഉപവസിയ്ക്കുകയും മറ്റും ചെയ്യുന്ന പൌരസ്ത്യർ ഇന്നും കത്തോലിയ്ക്കാ സഭയിലുണ്ട്.

ഉപവാസവും മാംസവജ്ജനവും വികാരിമാർ ഞായറാഴ്ചദിവസം പള്ളിയിൽ വിളിച്ചറിയിക്കണമെന്നും തീരുമാനിക്കപ്പെട്ടു.

ഹനാൻ വെള്ളം

ലത്തീൻ ക്രമങ്ങൾ തജ്ജമചെയ്തു് ഹനാൻവെള്ളമുണ്ടാക്കി ഉപയോഗിയ്ക്കണം. ശനിയാഴ്ച ഉച്ചകഴിഞ്ഞോ ഞായറാഴ്ച രാവിലേയോ ആണു് വെള്ളം ആശീർവ്വദിയ്ക്കേണ്ടതു്. അതിന്റെശേഷം ഞായറാഴ്ച ''ആംവ''യും ഉറാറയും ധരിച്ചു് വികാരി എല്ലാവരേയും ഹനാൻ വെള്ളം തളിക്കണം. ഇതിലും അനുഷ്ഠിയ്ക്കേണ്ടതു ലത്തീൻ ക്രമം തന്നെ. അതു സുറിയാനിയിലേയ്ക്കു വിവർ

ത്തനം ചെയ്തിരിയ്ക്കുണമെന്നൊരു വ്യത്യാസംമാത്രം. വലിയ തിരുനാൾ ദിവസങ്ങളിലെ ''ഹനാൻവെള്ളം തളിയ്ക്കൽ'' ആറാംപട്ടക്കാരനു നടത്താം. എന്നാൽ ആ ശുശ്രൂഷയിലെ പ്രാർത്ഥന (oratio, സ്തോസാ) പട്ടക്കാരൻ തന്നെ ചൊല്ലണം. പള്ളിയിൽ കയറുമ്പോഴും എല്ലാവരും ഹനാൻവെള്ളം തൊട്ടു കുരിശുവരയ്ക്കുണ്ടതാണു്. അപ്പോഴും അതുവരെ ചൊല്ലി വന്നിരുന്നിരുന്ന പ്രാർത്ഥന ചൊല്ലിക്കൂടാ. അതു നെസ്തോറിയൻകാരുടെയാണത്രേ—തോമ്മാശ്ലീഹായുടെ കബറിടത്തിൽ നിന്നെടുത്ത മണ്ണു കലക്കിയുണ്ടാക്കുന്ന ഹനാൻവെള്ളം സൂനഹദോസു നിറുത്തലാക്കി.

പ്രാർത്ഥനകൾ

''ആകാശങ്ങളിലിരിയ്ക്കുന്ന'' ''നന്മനിറഞ്ഞ മറിയം'' ''വിശ്വാസപ്രമാണം'' ''ദൈവപ്രമാണങ്ങൾ'' തിരുസ്സഭയുടെ കല്പനകൾ ഇവ എല്ലാവരും പഠിച്ചിരിയ്ക്കണം. പഠിയ്ക്കുന്നതു മുൻ നടപ്പുപോലെ സുറിയാനിയിലാകരുതു്; മലയാളത്തിലായിരിയ്ക്കണം. സുറിയാനിയുടെ അർത്ഥം എല്ലാവരും ഗ്രഹിച്ചിരുന്നില്ല. ''നന്മനിറഞ്ഞമറിയം'' ലത്തീനിൽനിന്നു മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തതേ ഉപയോഗിയ്ക്കാവൂ. ''ഈശോ'' എന്നു കേൾക്കുമ്പോൾ എല്ലാവരും തലകുനിയ്ക്കുകയും തലയിൽ വല്ലതുമുണ്ടെങ്കിൽ അതു നീക്കുകയും ചെയ്യണം. കുരിശുവരയ്ക്കുമ്പോൾ ''ബാവായിയ്ക്കും പുത്രനും'' വയ്ക്കുന്ന സമയത്തു് പഴയ നടപ്പുപോലെ ചെയ്യാതെ കൈ ഇടത്തേതോളിൽനിന്നു വലത്തേ തോളിലേയ്ക്കു കൊണ്ടുപോകേണ്ടതാണു്. ''ശ്രദ്ധമാന സ്ലീവായുടെ അടയാളത്താലെ'' എന്ന ജപവും അതു ചൊല്ലുമ്പോൾ നെറ്റിയിലും, ചുണ്ടിലും, മാറിടത്തും കുരിശുവരയ്ക്കുന്നസമ്പ്രദായവും പോർട്ടുഗീസുകാരിൽനിന്നു നമുക്കു കിട്ടിയതാണു്. യൂറോപ്പിൽ പോർട്ടുഗീസുകാർ മാത്രമേ ഈ രീതിയിൽ കുരിശുവരയ്ക്കുന്നുള്ളൂ.

തിരിവെഞ്ചരിപ്പ്, കൊമ്പിരിയ, ലുത്തിനിയ

എല്ലാ പള്ളികളിലും മാതാവിന്റെ ശുദ്ധീകരണത്തിരുനാൾ ദിവസം തിരിവെഞ്ചരിച്ചശേഷം കത്തിച്ചുപിടിച്ചുകൊണ്ടു പ്രദക്ഷിണം നടത്തണം. ഇതിനുള്ള ശുശ്രൂഷകൾ ലത്തീനിൽനിന്നു വിവർത്തനം ചെയ്യപ്പെട്ടവയാണ്. ന. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽവച്ചിയ ലുത്തിനിയാ ചൊല്ലണം. എല്ലാ പള്ളികളിലും ദർശനം (കൊമ്പിരിയാ, Confraternity) സ്ഥാപിച്ചുകൊള്ളണം.

പള്ളി, അലങ്കാരങ്ങൾ

ഒരു തിരിയെങ്കിലുമുള്ള കെടാവിളക്ക് ത്രോണോസിന്റെ മുമ്പിൽ കത്തിച്ചിരിയ്ക്കണം. കപ്യാർ (Capiarius)ആഴ്ചയിൽ മൂന്നു പ്രാവശ്യമെങ്കിലും പള്ളി അടിസ്ഥാനമായും മദ്ബഹാ വെടിപ്പാക്കുകയും ചെയ്യേണ്ടതാണ്. പള്ളിമുതലിൽനിന്നു കപ്യാക്കു ശമ്പളമുണ്ടായിരിയ്ക്കുന്നതാണ്. എണ്ണ ഒഴിച്ചുവയ്ക്കുന്നപാത്രം പള്ളിയ്ക്കു വെളിയിൽ ഒരുപ്രത്യേക സ്ഥലത്താണ് സൂക്ഷിയ്ക്കേണ്ടതു്. ഉരുളി, വാപ്പ്, മുതലായ പള്ളിവസ്തുക്കൾ കപ്യാരുടേയൊ കൈക്കാരന്റേയോ വീട്ടിൽ സൂക്ഷിച്ചാൽ മതി. കാസാ മുതലായവ ചിതമായി സൂക്ഷിയ്ക്കുവാൻ ചമയമുറിയിൽ പൂട്ടുള്ള ഒരു സ്ഥലമുണ്ടാകണം. ഇല്ലെങ്കിൽ വികാരിയുടെ താമസസ്ഥലത്തല്ലാതെ മദ്ബഹായിൽ അവ വയ്ക്കേണ്ടതല്ല. ഈ പൂട്ടിന്റെ താക്കോൽ വികാരിയാണ് സൂക്ഷിയ്ക്കേണ്ടതു്. മദ്ബഹായിൽ വെളിച്ചവും കാറ്റും കടക്കത്തക്കവണ്ണം ജനൽ വെട്ടിവയ്ക്കണം. എന്നാൽ അതു് പുറത്തു നില്ക്കുന്ന അക്രൈസ്തവർ കുർബാന കാണുവാൻ തക്കവണ്ണമാകരുതു്. വീതികുറഞ്ഞു നീളം കൂടിയവയും നിലത്തുനിന്നു വളരെ പൊങ്ങിയവയും ആയ ജനലുകൾ പഴയ പള്ളികളിൽ കാണപ്പെട്ടതുടങ്ങിയതു് ഈ നിയമം നിമിത്തമായിരിക്കാം. ത്രോണോസുകളിൽ പ്രതിമകളോടുകൂടി ''രത്നം'' പണിയേണ്ട

താണു്. ''റത്താഛ''കളിൽ കുരിശിനായിരിക്കണം പ്ര ഥമസ്ഥാനം. പ്രസംഗത്തൊട്ടിയും വാപ്പു മണിയും എ ല്ലാപള്ളികളിലും വേണ്ടതാണു്. തൽക്കാലത്തേക്കു് പഴ യപതിവുപോലെ മരമണി അനുവദിയ്ക്കപ്പെടാം. പള്ളി അശുദ്ധമാകുന്നതിനുള്ള കാരണങ്ങളും ഏവയെന്നും ശുദ്ധീ കരിയ്ക്കേണ്ടതു ആരെന്നും എങ്ങിനെയെന്നും അന്നത്തെ ലത്തീൻ കാനൻ നിയമ പ്രകാരം സൂനഹദോസു വിശദ മാക്കി. രോഗികളും മറ്റും ഉദ്ദിഷ്ടകാര്യം ലഭിക്കുവാൻ പള്ളികളിൽ ഭജനമിരിക്കുന്ന സമ്പ്രദായം നിറുത്തലാ ക്കപ്പെട്ടു.[2] പ്രസവാനന്തരം യൂദമര്യാദപ്രകാരം സ്ത്രീകളും അശുദ്ധരാണെന്നുള്ള ധാരണനീക്കി സുഖമുള്ളവർ പള്ളി യിൽ പോകണമെന്നു സൂനഹദോസു് കല്പിച്ചു.

ശവമടക്കു്

മൃതശരീരങ്ങളും, മലംപ്രദേശത്തു മരിക്കുന്നവരുടെ യായാലും, വേണ്ട വിധത്തിൽ സംസ്ക്കരിയ്ക്കപ്പെടണം. സൂർപ്പിലേശ്രൂം ഊറാറയും ധരിച്ചു് വികാരി ശവമഞ്ച ത്തെ അനുഗമിക്കേണ്ടതാണു്. ഈ പ്രക്ഷിണത്തിന്റെ മുമ്പിൽ കുരിശുമുണ്ടായിരിയ്ക്കണം. മസൂരിദീനക്കാരുടെ മൃതശരീരങ്ങളെ അനുഗമിയ്ക്കുമ്പോൾ അടുത്തുനില്ക്കണമെ ന്നില്ല.-

പരേതർ

മരിച്ചവരുടെ നിശ്ചയങ്ങൾ നടപ്പിലാക്കുവാൻ പിൻഗാമികളെ ഉപദേശിയ്ക്കേണ്ട കടമ മെത്രാനുണ്ടു്, ദുഷ്ടന്മാരെന്ന കരുതപ്പെട്ടിരുന്നവക്കുവേണ്ടി അവർ മരി ച്ചശേഷം ആരും പ്രാർത്ഥിയ്ക്കുക പതിവില്ലായിരുന്നു. അ വർ മരണസമയത്തു കുമ്പസാരിച്ചെന്നറിഞ്ഞാലും, അവ രുടെ കുറ്റങ്ങൾ തെളിയിയ്ക്കപ്പെടാതിരുന്നാലും ഇങ്ങനെ

---

2. എന്നാൽ ഭജനമിരുപ്പു് നമ്മുടെയിടയിൽ ഇല്ലാതായില്ല. നാഗപ്പഴപ്പള്ളിയിൽ അക്കൈസ്സവസ്ത്രീകളും കൂടി കത്തോലിക്ക സ്ത്രീകളോടൊപ്പം ഇന്നും സെപ്റ്റംബർ 8–ന-യുള്ള തിരുനാളിനു മുമ്പു് ഭജനമിരുന്നവരുന്നു. എട്ടുനോമ്പിനുള്ള ഭജനം പൂത്തൻക്കുറു കാരുടെയിടയിൽ വളരെ സാധാരണമാണു്.

തന്നെയാണ്‌ ചെയ്തിരുന്നതു്. ഈ നടപ്പു നിറുത്തലാക്കി മഹറോനിൽ മരിച്ചവരുടെ കാര്യത്തിൽ മാത്രമേ ഇങ്ങനെ ചെയ്യാവൂ എന്നു തീരുമാനിക്കപ്പെട്ടു.

റീത്തിനെ സംപർശിക്കാത്തവ

ക്രിസ്ത്യാനികളെല്ലാവരും മലംപ്രദേശങ്ങളിൽനിന്നു മാറി ഗ്രാമങ്ങളിൽ താമസിയ്ക്കണമെന്നുകൂടി സൂനഹദോസു തീരുമാനം ചെയ്തു. കേസുകൾ മെത്രാന്റെ കച്ചേരിയിൽ കൊടുക്കാതെ മറ്റു കച്ചേരികളിൽ കൊടുത്തുതുടങ്ങിയിരുന്നതു അപലപിയ്ക്കപ്പെട്ടു. ആൺമക്കൾക്കും പെൺമക്കൾക്കും പിതൃസ്വത്തിൽ സമാവകാശമുണ്ടായിരിയ്ക്കണം. മക്കളില്ലെങ്കിൽ മാത്രമേ അന്യകുടുംബത്തിൽനിന്നു ദത്തെടുക്കാവൂ. വസ്തുവിഭജനം സംബന്ധിച്ചു നിശ്ചയം ചെയ്യാതെ മരിയ്ക്കുന്നവരുടെ മക്കൾക്കുള്ള അവകാശം അന്നത്തെ പോർട്ടുഗീസു നിയമപ്രകാരം അംഗീകരിയ്ക്കപ്പെടണം. ഇപ്രകാരം പലതും സൂനഹദോസിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കയുണ്ടായി. ഇവയൊന്നും റീത്തിനെ സ്പർശിക്കുന്നതല്ലല്ലൊ. അപ്രകാരംതന്നെ തീണ്ടൽ, കുട്ടിക്കൻ, കൂട്ടമ്മ, മദ്യവില്പന, ''ഓണക്കളികൾ'' ആദിയായവയെക്കുറിച്ചുള്ള നിയമങ്ങളും റീത്തിനോടു ബന്ധമില്ലാത്തവയാണ്‌. അന്യായപലിശ, ക്ഷുദ്രപ്രയോഗം, അന്ധവിശ്വാസം സ്ഫുരിയ്ക്കുന്ന അനവധി മൂഢാചാരങ്ങൾ ഇങ്ങനെ പലതും മുടക്കപ്പെട്ടു.

സൂനഹദോസും റീത്തും

ഉദയമ്പേരൂർ സൂനഹദോസിൽവച്ചു് മെനേസീസു മെത്രാപ്പോലീത്താ സ്വതൃർഹങ്ങളായ പല പ്രവൃത്തികളും ചെയ്തെന്നു് നന്ദിപൂർവ്വം സ്മരിയ്ക്കേണ്ടതാണ്‌. നമ്മുടെ റോമ്മായോടു ബന്ധപ്പെട്ടിരുന്നെങ്കിലും അജ്ഞത നിമിത്തം നമ്മുടെയിടയിൽ നുഴഞ്ഞുകയറിയിരുന്ന അബദ്ധങ്ങളും ദുരാചാരങ്ങളും അദ്ദേഹം മുഖേന ഉന്മൂലനം ചെയ്യപ്പെടുകയും, നമ്മിൽ കത്തോലിയ്ക്കാ ചൈതന്യം നവീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ അതി

തീക്ഷ്ണതയും, പൌരസ്ത്യ സംഗതികളിലുള്ള അജ്ഞതയും ഹേതുവാൽ നമ്മുടെ റീത്തിനെ വാസ്തവത്തിൽ അദ്ദേഹം അംഗഭംഗപ്പെടുത്തി. സ്തുത്യർഹങ്ങളായ നമ്മുടെ പല സാമുദായികാചാരങ്ങളും അബദ്ധങ്ങളെന്നു കരുതി അദ്ദേഹം നമ്മിൽനിന്നു ദൂരീകരിച്ചു. നമ്മെ ശീസ്മക്കാരായിരുന്നെന്നുള്ള ധാരണ ലോകം മുഴുവനും പ്രചരിയ്ക്കുവാൻ അദ്ദേഹം കാരണഭൂതനും ആയിതീർന്നു. മെനേസീസു മെത്രാപ്പോലീത്താ ഉദയമ്പേരൂർ സൂനഹദോസിൽവച്ചു പ്രവർത്തിച്ചവയെല്ലാം നന്മയ്ക്കായാലും തിന്മയ്ക്കായാലും അധികാരമില്ലാതെയാണു പ്രവർത്തിച്ചതെന്നുകൂടി പറയേണ്ടതായിട്ടുണ്ടു്. നമ്മുടെയിടയിൽ ഒരു ''ശ്രുതാസൂനഹദോസു്'' നടത്തുവാൻ അദ്ദേഹത്തിനു് അധികാരമില്ലായിരുന്നു. ഇങ്ങനെയാണു് നമ്മുടെ ഇന്നത്തെ റീത്തിന്റെ ഉത്ഭവം. ഡോക്ടർ അഡ്റിയാൻ ഫോർട്ടെസ്ക്യൂ (Dr. Adrian Fortescue) പറയുന്നു: ''The only case in which an ancient Eastern Rite has been wilfully romanized is that of the Uniat Malabar Christians where it was not the Roman authority but the misguided zeal of Alexius de Menezes Archbishop of Goa and his Portuguese advisers at the Synod of Diamper (599) that spoiled the old Malabar Rite''.[2]

പതിനൊന്നാം പീയൂസ് മാപ്പാപ്പാ ഇങ്ങനെ പറയുന്നു: ''Si nonnulli, nimie unitatis concordia que amore compulsi cum non satis Orientalium res atque indoleem cognoscerent, vel sacros eorum ritus corrumpere veleos ad Latinos ritus redigera enisi sunt, ar Romani Pontifices, decessores Nostri, hisce nisibus pro facultate, nullisque parcendo laboribus, obstiterunt''

Mota Proprio Sancta Dei Ecclesia. April 25, 1938.

---

2. The Catholic Encyclopedia, Rites.

(പൌരസ്ത്യ റീത്തുകളെ അലങ്കോലപ്പെടുത്തുവാനോ, അവയെ ലത്തീൻറീത്തിനോടു അനുരൂപപ്പെടുത്തുവാനോ ചിലരെല്ലാം ശ്രമിച്ചിട്ടുണ്ടെങ്കിൽ അവരുടെ ശ്രമങ്ങളെ തങ്ങളുടെ കേന്ദ്രസ്ഥനസ്വതമായി എല്ലാവിധത്തിലും റോമാ മാപ്പാപ്പാമാർ എതിർക്കുകയാണു് ചെയ്തിട്ടുള്ളതു്).

ഒന്പതാം അദ്ധ്യായം

പതിനേഴാം ശതാബ്ദം

ലത്തീൻഭരണം കൊടുങ്ങല്ലൂർ

നമ്മുടെ റീത്തിൽ ഉദയമ്പേരൂർ സൂനഹദോസു് വരുത്തിയ സമൂലപരിവർത്തനത്തെക്കുറിച്ചു പ്രസ്താവിച്ചു കഴിഞ്ഞല്ലൊ. സൂനഹദോസിന്റെ ശേഷം നമ്മെ ലത്തീൻമെത്രാന്മാരാൽ ഭരിയ്ക്കപ്പെട്ടതുടങ്ങി. സൂനഹദോസിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം പ്രാപിച്ചിരുന്ന യാളും, നമ്മുടെ റീത്തിൽ ഭേദഗതികളും വരുത്തുവാൻ വളരെക്കാലം ഉറ്റുശ്രമിച്ചിരുന്ന ദേഹവും ആയ ഫാദർ ഫ്രാൻസീസു് റോസു് എസു്. ജെ ആയിരുന്നു നമ്മുടെ ആദ്യത്തെ ലത്തീൻ മെത്രാൻ. ഗോവമെത്രാപ്പോലീത്താ യുടെ കീഴിൽ 1599—ൽ അദ്ദേഹം അങ്കമാലി മെത്രാ നായി വാഴിയ്ക്കപ്പെട്ടു. അങ്കമാലിയുടെ മെത്രാപ്പോലീ ത്തൻസ്ഥാനം നിറുത്തലാക്കിയതിൽ സുറിയാനിക്കാർ സങ്കടം ബോധിപ്പിയ്ക്കുക നിമിത്തം 1608—ൽ അതും വീണ്ടും മെത്രാപ്പോലീത്തൻ പദവിയിലുയർത്തപ്പെടുകയും കൊടുങ്ങല്ലൂരേയ്ക്കു മാറ്റിസ്ഥാപിയ്ക്കപ്പെടുകയും ചെയ്തു. ഇങ്ങനെയാണു് നമ്മുടെ കൊടുങ്ങല്ലൂർ അതിരൂപത ആവിർഭവിച്ചതു്. 1600 മുതൽ അങ്കമാലിയും 1608

മുതൽ കൊടുങ്ങല്ലൂരും പോർട്ടുഗീസു രാജസംരക്ഷണത്തിൽ (പട്ടുവാടൊ) ഉൾപ്പെടുത്തപ്പെട്ടു. എന്നാൽ ഗോവയുടെ അധീശത്വം 1608–ൽ മിക്കവാറും ഇല്ലാതായി.[1]

---

1. മാർ അബ്രാഹം സംബന്ധിച്ച 585–ലെ ഗോവാസൂനഹദോസിന്റെ നിശ്ചയപ്രകാരം മേലാൽ നസ്രാണികളെ ഭരിക്കേണ്ടിയിരുന്നതു് 'ബാബേൽ' പാത്രിയക്കീസയയ്ക്കുന്ന മെത്രാനല്ല, പോർട്ടുഗീസുരാജാവു് പേരുകൊടുത്തു് റോമ്മാ അംഗീകരിക്കുന്ന മെത്രാനായിരുന്നു. 595–ൽ എട്ടാം ക്ലെമീസു മാപ്പാപ്പാ ഗോവമെത്രാനയച്ച കല്പനപ്രകാരം' പ്രസ്തുത സൂനഹദോസിലേ നിശ്ചയമനുസരിച്ചു് റോമ്മാ അയയ്ക്കുന്ന മെത്രാനല്ലാതെ പാത്രിയക്കീസയയ്ക്കുന്ന മെത്രാനു് കേരളത്തിൽ ഭരണം ഉണ്ടാകേണ്ടതല്ലായിരുന്നു. മാർ അബ്രാഹത്തെപ്പറ്റി പരാതികൾ റോമ്മായിലെത്തുകയാൽ അദ്ദേഹത്തെ വിസ്മരിയ്ക്കുവാനും കറുക്കാരനെങ്കിൽ ഒരു വികാരി അപ്പസ്തോലിയ്ക്കായെ അങ്കമാലിൽ സ്ഥാപിക്കുവാനും മറ്റും പ്രസ്തുത കല്പനയിൽ മാപ്പാപ്പാ ആവശ്യപ്പെട്ടെങ്കിലും, മാർ അബ്രാഹം മരിച്ചശേഷം, റോമ്മായിൽനിന്നു പിൻഗാമി നിശ്ചയിക്കപ്പെട്ടന്തുവരെയുള്ള കാലയളവിൽ ഭരണം നടത്തുവാൻ ഒരു വികാരി അപ്പസ്തോലിയ്ക്കായെ ഏർപ്പെടുത്തണമെന്നാണു് 1597–ൽ അതേ മാപ്പാപ്പാ ഗോവമെത്രാപ്പോലീത്തായെ അറിയിച്ചതു്. ഇങ്ങനെ പലരെപ്പറ്റിയും ആലോചിച്ചശേഷം ഫാദർ റോസു് റോമ്മായിൽ നമ്മുടെ മെത്രാനായി നിയമിയ്ക്കപ്പെട്ടു. ബാബേൽ പാത്രിയക്കീസിനെ ശപിപ്പിയ്ക്കുകയും റോമ്മാ നേരിട്ടു നിശ്ചയിയ്ക്കുന്ന മെത്രാനെ മാത്രമേ സ്വീകരിയ്ക്കയുള്ളു എന്നു് സത്യംചെയ്യിക്കുകയും ആണു് മെനേസീസു ഉടയമ്പേരുർവച്ചു് നസ്രാണികളോടു ചെയ്തതു്. ഇതൊന്നും അറിയാതെയാണു് റോസിന്റെ നിയമനം നടന്നതു്. മെനേസീസിനേയോ റോസിനെയൊ തങ്ങൾക്കു മെത്രാനായി കിട്ടണമെന്നു് നസ്രാണികൾ അയച്ച (നസ്രാണികളെക്കൊണ്ടു് അയപ്പിച്ച) അപേക്ഷയും റോമ്മായിലെത്തുന്നതിനുമുമ്പു് റോസു നിയമിയ്ക്കപ്പെട്ടു. മേൽപറഞ്ഞ ഗോവ സൂനഹദോസിന്റെ നിശ്ചയപ്രകാരം പോർട്ടുഗീസു രാജാവിനും ഈ നിയമനത്തിൽ കയ്യുണ്ടായിരുന്നു. രാജസംരക്ഷണം നസ്രാണികളുടെമേൽ ''ചുമത്തുവാൻ'' പോർട്ടുഗീസു ഗവണ്മെൻറിന്റെ ആളുകൾ ഉടയമ്പേരുർ ഹാജരുണ്ടായിരുന്നു. ഇങ്ങനെ നസ്രാണികൾ ലത്തീൻഭരണത്തിനും പട്ടുവാടൊയിസ്സും വിധേയരായിതീർന്നു. ഉടയമ്പേരുർ സൂനഹദോസിന്റെശേഷം റോസിന്റെ നിയമനംവരെ അക്കാലയാക്കോൻ ഗോണ്ണ്ടോരായി'' മെനേസീസിനാൽ നിയമിയ്ക്കപ്പെട്ടിരുന്നു. വികാരി അപ്പസ്തോലിയ്ക്കായും ഗോവണ്ടോരും ഒരേ അധികാരമുള്ളവരല്ല. വികാരി അപ്പസ്തോലിയ്ക്കായെ നിയമിയ്ക്കുവാനല്ലയോ റോമ്മാ ആവശ്യപ്പെട്ടിരുന്നതു്?

റോസുമെത്രാനും കുർബാനയും

ഉദയമ്പേരൂർ സൂനഹദോസിന്റെ നയം തുടന്നുപോകുന്നതിൽ റോസുമെത്രാൻ അത്യധികം ഉൽസുകനായി കാണപ്പെട്ടു. പട്ടം കൊടുക്കുവാനും മറ്റും ലത്തീൻമെത്രാൻമാർ ഉപയോഗിക്കുന്ന ശ്രൂശ്രൂഷപ്പുസ്തകത്തിന്റെ (പൊന്തിഫിക്കലം—Pontificale) പല ഭാഗങ്ങളും അദ്ദേഹം സുറിയാനിയിലേയ്ക്കു വിവർത്തനംചെയ്തു. 1603 ഡിസംബർ 7—ാംനു നടന്ന അങ്കമാലി സൂനഹദോസിൽവച്ചു് റീത്തിനെ സ്പർശിക്കുന്ന പല നിയമങ്ങളും ഏർപ്പെടുത്തപ്പെട്ട അവിടെ വച്ചു് റോസുമെത്രാൻ സുറിയാനിയിൽ പാട്ടുകുർബാന ചൊല്ലി എല്ലാവരേയും സന്തോഷിപ്പിച്ചതായി ദുക്സാക്ഷിയായ ഫാദർ കമ്പോറി രേഖപ്പെടുത്തിയിട്ടുണ്ടു്.2 ഉദയമ്പേരൂർ സൂനഹദോസിന്റെ നിശ്ചയപ്രകാരം പരിഷ്ക്കരിച്ചതായിരിക്കാം ഈ പാട്ടുകുർബാന (അഥവാ റാസ.)

റോസുമെത്രാന്റെ റാസ

അങ്കമാലി സൂനഹദോസിൽവച്ചു് റോസുമെത്രാൻ ഏർപ്പെടുത്തിയ ഒരു റാസക്രമം ചില പഴയ സുറിയാനിപ്പുസ്തകങ്ങളിൽ കാണുന്നുണ്ടു്. തൃശ്ശൂർ ലൂർദുപള്ളിയിൽ ഇരുന്നതും മാന്നാനത്തു സൂക്ഷിച്ചിരിക്കുന്നതും ആയ ഒരു സുറിയാനി കയ്യെഴുത്തുപുസ്തകത്തിൽ ഇങ്ങനെ കാണുന്നു: ''ഇൻഡ്യൻസഭയിലേ റാസചൊല്ലുവാനുള്ളക്രമം. തന്റെ ഭരണത്തിന്റെ നാലാം കൊല്ലം നാലാം മാസം അങ്കമാലിൽ സൂനഹദോസിൽവച്ചു് മാർ ഫ്രാൻസിസ്സോസു് (— റോസു്) ക്രമപ്പെടുത്തിയതു് (എസ്നഹർ). ശ്രൂശ്രൂഷയ്ക്കു മതിയാകുവോളം പട്ടക്കാരും ശമ്മാശന്മാരും ഉള്ള സ്ഥലത്തു് പ്രധാന തിരുനാളുകളിലും ഞായറാഴ്ചകളിലും റാസക്കുർബാന അർപ്പിക്കപ്പെടണം. ഇതിലേയ്ക്കു പട്ടക്കാരനും, ആറാം പട്ടക്കാരനും, അഞ്ചാം പട്ടക്കാരനും,

---

2. Ferroli, op. c. p. 300.

കുറഞ്ഞതു് നാലു ശമ്മാശന്മാരും ഉണ്ടായിരിക്കേണ്ടതത്രേ. രണ്ടുപേർ ആറാം പട്ടക്കാരെപോലെ വസ്ത്രം ധരിക്കണം. മറ്റുള്ളവർ വെള്ളയങ്കിയിടണം. മദ്ബഹായുടെ വലത്തുവശത്തു് നിലത്തുറച്ചുനിൽക്കുന്ന ഒരു മേശയും അതിന്മേൽ രണ്ടു തിരിയും, കെറിയാനായും (പ്രധാനമായി പഴയനിയമഭാഗം) ശ്ലീഹായും (പൌലോസ്ശ്ലീഹായുടെ ലേഖനഭാഗം) അടങ്ങിയ പുസ്തകം ഒരുക്കിവക്കേണ്ടതാണു്; ഏവൻഗലീയോൻ പുസ്തകമാകട്ടെ പീഠത്തിന്മേൽ തന്നെ ഇരിക്കണം. ശുശ്രൂഷക്കാവശ്യപ്പെട്ടവരെല്ലാവരും തയാറായി കഴിയുമ്പോഴം (ശുശ്രൂഷ) ആരംഭിക്കുന്നു. കാമ്മികന്റെ വലത്തുവശത്തു് ആറാം പട്ടക്കാരനും ഇടത്തുവശത്തു് അഞ്ചാം പട്ടക്കാരനും കുറെ പുറകിലേയ്ക്കു മാറി നില്ക്കുന്നു. മറ്റുള്ളവർ ക്രമത്തോടെ മുട്ടുകുത്തുന്നു. എല്ലാവരും അതതുദിവസത്തേയ്ക്കു മർമീസാ ചൊല്ലുന്നു....''

ലത്തീൻമുറയനുസരിച്ചു് ശമ്മാശന്മാക്കു് മദ്ബഹായുടെ പടിയിന്മേൽ ഇരിക്കാമെന്നു ഇതിൽ പറഞ്ഞിരിക്കുന്നു. ഇന്നു നാം റാസയിൽ അനുഷ്ഠിക്കുന്ന ക്രമങ്ങളെല്ലാം സാരമായ വ്യത്യാസംകൂടാതെ ഈ പുസ്തകത്തിൽ കാണുന്നുണ്ടു്. ഇതിനു എത്ര പഴക്കമുണ്ടെന്നു നിശ്ചയിക്കുക എളുപ്പമല്ല. നമുക്കിപ്പോഴുള്ള ഗ്രന്ഥാമ്മാകളിൽ ചിലതും ഇല്ലാത്ത പലതും ഇതിലുണ്ടു്. എന്നാൽ ഉദയമ്പേരൂർ സൂനഹദോസു കല്പിച്ച പല ''തിരുത്തലുകളും'' ഇതിൽ സ്ഥാനമില്ല. പാലാക്കുന്നേൽ വല്യച്ചന്റെ ഡയറിയിൽ ''ഏഴുപട്ടക്കാരുടെ കുർബാനയാകുന്ന റാസക്കുർബാന'' എന്നു കാണുന്നതും റോസുമെത്രാന്റെ റാസകുർബാനയും തമ്മിൽ സാമ്യമുണ്ടു്. മൂന്നുമേൽറാസ മുടക്കപ്പെട്ടിട്ടു് അധികനാളായിട്ടില്ലല്ലൊ.[2a]

2a മാക്കീൽ മെത്രാനച്ചൻ മൂന്നുമേൽ റാസ കഠിനമായി മുടക്കി. ''മൂന്നിന്മേൽ കു. പ്രത്യേകാനുവാദം കൂടാതെ ചൊല്ലരുതെന്നു മുടക്കു'' എന്നത്രേ ''എറണാകുളം അതിരൂപതയിലെ നിയമസംഹിത'' കല്പിക്കുന്നതു്. p. 21.

പാട്ടുകുർബാനയും ചില ക്രമങ്ങളും

നമ്മുടെ ഇപ്പോഴത്തെ പാട്ടുകുർബാനകളും (മൂന്നുപേരുടേയും ഒരാളുടേയും) റോസുമെത്രാനിൽനിന്നായിരിക്കാം ഉത്ഭവിച്ചതു്. എന്നാൽ ഏകദേശം 150 കൊല്ലം മുമ്പാണു് ഇവയുണ്ടായതെന്നു് ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇന്നത്തേതുപോലെ ഇവ പ്രചാരത്തിൽ വന്നിട്ടു 150 കൊല്ലമേ ആയിട്ടുള്ളു എന്നുവരാം. കൽദായക്കാക്കു ഒറ്റ കുർബാനയും റാസയും മാത്രമേ ഉള്ളു. പ്രാർത്ഥനകളെല്ലാം പാടി ചൊല്ലുന്നതാണു് അവരുടെ റാസയുടെ ഒരു പ്രത്യേകത. ഇതിൽനിന്നു വ്യത്യാസപ്പെട്ടതും ലത്തീൻമയം കലർന്നതുമാണല്ലൊ നമ്മുടെ റാസ. നമ്മുടെ പാട്ടുകുർബാനകളാകട്ടെ ലത്തീൻ പാട്ടുകുർബാനകളുടെ അനുകരണങ്ങളും മാത്രമാണു്. തക്സാ ഇടത്തേസ്സും വലത്തേസ്സും മാറ്റിവയ്ക്കുക, ഒറ്റക്കുർബാനസ്സു് ജനങ്ങളുടെ നേരെ തിരിഞ്ഞു ഏവൻഗലിയോൻ വായിക്കാതിരിക്കുക ആദിയായവ റോസുമെത്രാന്റെ കാലം മുതലായിരിക്കാം നടപ്പിൽ വന്നതു്.

തക്സാ, പഞ്ചാംഗം മുതലായവ

ലത്തീൻപഞ്ചാംഗത്തിലേയും ''മിസ്സാളെ''യിലേയും തിരുനാളുകളും വത്സരവിഭാഗവും, ശ്രുശ്രൂഷകളും അനുസരിച്ചു് നമ്മുടെ വൈദികപഞ്ചാംഗവും, തക്സായും, തക്സായിലേ ശ്രുശ്രൂഷകളും വായനകളും ക്രമപ്പെട്ടുത്തപ്പെട്ട. ഇവയിലെല്ലാം റോസുമെത്രാന്റെ കയ്യുണ്ടായിരുന്നതായി വിചാരിക്കാവുന്നതാണു്. സുറിയാനിയിൽ അച്ചടിച്ച തക്സാകളും മാർപ്പാപ്പാ അയയ്ക്കുന്നതുവരെ അന്നത്തേ തക്സാ തിരുത്തിയുപയോഗിക്കണമെന്നായിരുന്ന ഉദയമ്പേരൂർ സൂനഹദോസിന്റെ തീരുമാനം.[3] എന്നാൽ തക്സായിലെ പകരം സുറിയാനിയക്ഷരങ്ങളും ഒരച്ചടിയന്ത്രവും മാർപ്പാപ്പാ അയച്ചെന്നും 1602–ൽ

3. Actio V. de Sacri Missae Decr. 1.

ഫാദർ ആംബ്രോർട്ട് ലേർസിയോ എസ്. ജെ. (Albert Lertio S J.) അവ ചേന്നമംഗലത്തു കൊണ്ടുവന്നെന്നും ''റോമൻ സെരിമോനിയലും'' (Caeremoniale Romanum = തിരുനാൾ ശുശ്രൂഷകളാദിയായവ) മറ്റു ചില പ്രാർത്ഥനകളും സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്തു ആദ്യമായി അടിച്ചെന്നും, അതിന്റെ ഒരു പ്രതി ഈശോസഭയുടെ അദ്ധ്യക്ഷനു 1606–ൽ അയച്ചുകൊടുത്തെന്നും, തിരുത്തപ്പെട്ട തക്സായും കാനോൻ ജപവുമാണ് തുടർന്ന് അടിക്കേണ്ടിയിരുന്നതെന്നും ചിലരേഖകളിൽ കാണുന്നു. ആദ്യം അച്ചടിക്കപ്പെട്ടതു് കൂദാശകളും നൽകുവാനുള്ള ക്രമങ്ങളാണെന്നും (Ritual) 1610–ലും അതിനുമുമ്പായി പല പുസ്തകങ്ങളും അച്ചടിക്കപ്പെട്ടെന്നും വേറെ ചില രേഖകളും പ്രസ്താവിക്കുന്നു.[4] എന്നാൽ ഏതെങ്കിലുമൊരു പുസ്തകം അക്കാലത്തു സുറിയാനിയിൽ ഇവിടെ അച്ചടിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

കാനോൻ ജപം

കാനോൻ ജപത്തിലും വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. പുതിയ പുസ്തകങ്ങളും നൽകപ്പെട്ടുന്നതുവരെ പഴയവ തിരുത്തിയുപയോഗിക്കണമെന്നായിരുന്നു ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയം. സൂനഹദോസ് ആവശ്യപ്പെട്ടതുപോലെ ലത്തീനിൽനിന്നു വി. അത്തനാസിയൂസിന്റെ വിശ്വാസപ്രമാണം സുറിയാനിയിൽ വിവർത്തനം ചെയ്തു കാനോൻ ജപത്തിൽ ചേർക്കപ്പെട്ടു. അപ്രകാരം തന്നെ സൂനഹദോസ് നിർദ്ദേശിച്ച തിരുത്തലുകളും ചിലതെല്ലാം കാനോൻജപത്തിൽ വരുത്തുകയും, പാഷണ്ഡരുടെ പേരുകൾക്കുപകരം ചില വിശുദ്ധന്മാരുടെ പേരുകളും എഴുതിച്ചേർക്കുകയും മറ്റും ചെയ്തു. കാനോൻ ജപത്തിന്റെ ചിലഭാഗങ്ങളും അബദ്ധസംപൂർണ്ണങ്ങളെന്ന

4. Ferroli op. c. p. 194.

ന്യായേന ദഹിപ്പിക്കപ്പെട്ടിട്ടും ഉണ്ട്.[5] തക്സായിക്കും ഈ അനുഭവം ഏറെക്കുറെയുണ്ടായി.

തക്സായിലും വൈദികപഞ്ചാംഗത്തിലും വരുത്തിയ വ്യത്യാസങ്ങൾക്കനുസൃതമായി കാനോൻ ജപത്തിലും വ്യത്യാസങ്ങൾ കാണുന്നുണ്ട്. വി. കുർബാനയുടെ തിരുനാളിനുള്ള ജപത്തിന്റെ ഗണ്യമായ ഭാഗം 1605–ൽ ലത്തീനിൽനിന്നു സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്തതായി രേഖയുണ്ട്.[6] വി. കുർബാനയെക്കുറിച്ച് കടവിൽ ചാണ്ടിക്കത്തനാർ രചിച്ച 22 സുറിയാനി ഗീതങ്ങളിൽ ഒന്നുപോലും വി. കുർബാനയുടെ തിരുനാളിനുള്ള ഇന്നത്തെ ജപസഞ്ചയത്തിൽ കാണുന്നില്ല.

പണ്ടു നമുക്കുണ്ടായിരുന്നവയും, ലത്തീനിൽനിന്നു തർജ്ജമചെയ്തവയും, പുതുതായുണ്ടാക്കിയവയും ആയ ജപങ്ങൾ കൂട്ടിച്ചേർത്തു, പുതുതായി ഏർപ്പെടുത്തിയ പഞ്ചാംഗത്തിനനുരൂപമായ നവീനക്രമത്തിലും (പുരാതന ഗസ്സായിൽനിന്നു വിഭിന്നമായ ക്രമത്തിൽ) തക്സായിലെ പുതിയ തിരുനാളുകളോടു ചേർന്നുള്ള ദിവസങ്ങളിൽ യോജിച്ചവിധത്തി

---

5. ഉദയമ്പേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളെ അതിജീവിച്ച് നമ്മുടെ പക്കൽ വന്നെത്തിയിട്ടുള്ള പുസ്തകങ്ങളും വളരെ കുറച്ചുമാത്രമേയുള്ളൂ. പിൽക്കാലങ്ങളിലും പല പുസ്തകങ്ങളും ദഹിപ്പിക്കപ്പെട്ടിട്ടുണ്ട്. 1525–ൽ മാർ ശെമഓൻ പാത്രിയക്കീസിന്റേയും മാർ അബ്രാഹം മെത്രാപ്പോലീത്തായുടേയും കാലത്തു് കോതമംഗലത്തു് ''പ്രകാശത്തിന്റേയും ജീവന്റേയും മാതാവായ വി. കന്യകമറിയത്തിന്റെ പള്ളിയിൽ വച്ചു്'' പുന്നൂർകോടൻ യൌസേപ്പു കശീശായുടെ പുത്രൻ മത്തായി എഴുതിയ ഒരു കാനോൻ ജപപുസ്തകം (കശ്ക്കോൽ) തൃശ്ശൂർ നൊസ്റാറിയൻ മെത്രാൻ മാർ അബീമ്ലെകിന്റെ കൈവശമുണ്ട്. അതിൽ നെസ്റോറീസിന്റെയും, തീയഡോറിന്റേയും, ദീയഡോറിന്റെയും പേരുകളും ചില പദപ്രയോഗങ്ങളും വെട്ടിയിട്ടുണ്ട്. പ്രസ്തുത ശെമഓൻ പാത്രിയർക്കീസു് മാർപ്പാപ്പായിൽനിന്നു പാല്ലിയം വാങ്ങിയ ആളും എന്നാൽ ഉദയമ്പേരൂർവച്ചു് ശീസ്മക്കാരനായി ശപിക്കപ്പെട്ട ദേഹവും ആണു്.

6. Ms Notes of Fr. Hosten, S. J. on the office of 3rd July.

ലും തിരുനാളുകൾക്കുള്ള കാനോൻ ജപം ക്രമപ്പെടുത്തപ്പെട്ടു. തക്സായിലും കാനോൻജപത്തിലും കാണുന്ന ഈ ദുശവ്യത്യാസങ്ങൾ റോസുമെത്രാന്റേയോ അദ്ദേഹത്തിന്റെ അടുത്ത പിൻഗാമികളുടേയോ കാലത്തായിരിക്കാം നടപ്പിൽവന്നതു്.7 ചാവറപ്രിയോരച്ചൻ കാനോൻ ജപത്തിൽ ചിലതെല്ലാം ലത്തീനിൽനിന്ന തർജ്ജമചെയ്തു ചേർത്തതു് പഴയതിനെ പൂർത്തിയാക്കുവാൻ മാത്രമായിരുന്നു. അദ്ദേഹം കാനോൻ ജപത്തിൽ കൈവയ്ക്കുന്നതിനു മുമ്പുള്ള കയ്യെഴുത്തു പ്രതികൾ ഇപ്പോൾ പറഞ്ഞ രൂപത്തിലാണു് കാണപ്പെടുന്നതു്—നമ്മുടെ പുരാതന കാ

---

7. ഉദയമ്പേരൂർ സൂനഹദോസുകഴിഞ്ഞു് ഫാദർ റോസും താനുംകൂടി പുസ്തകങ്ങൾ തിരുത്തുക, കീറുക, ദഹിപ്പിക്കുക ആദിയായി പലതും ചെയ്തെന്നു് ഫാദർ ജോൺ കമ്പോറി എസ്. ജെ. 1599 നവംബർ 28–ൽ ചേന്നമംഗലത്തുനിന്ന എഴുതിയിട്ടുണ്ടു്. മാർപ്പാപ്പായുടേയും വിശുദ്ധന്മാരുടേയും നാമങ്ങൾ സ്മരിക്കപ്പെട്ടിരുന്നെന്നും പാഷണ്ഡരുടെ വായ് അടയ്ക്കപ്പെട്ടെന്നും അദ്ദേഹം പറയുന്നു.

"...Peter Franciscus Roz et ego libris examinandis incumbimus. Delemus, scindimus, integraque volumina in ignem Conjicimus. Miraculo tribuebant omnes hoe: adeo enim prius suis libris addicti erant ut a nobis nec aperiri paterentur. Jam vero pro libito eos abradere detruncare, integrosque comburere non moleste ferebant ... Jam hujus Ecclesiae faciem alteram diceres: ubique enim in Ecclesiis Summi Pontificis nomen resonat: Augustini, Hieronymi, Ambrosii aliorumgue sanctorum quos Catholica veneratur Ecclesia nomina sanctissima exaudiuntur. Obmuthi Nestorii oliorumque impudentium os".

പാഷണ്ഡരുടെ നാമങ്ങൾ നസ്രാണികൾ മനഃപൂർവ്വം സ്മരിച്ചിരുന്നതല്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. നമ്മുടെ വൈദികഗ്രന്ഥങ്ങളോടു് പ്രത്യേകം കാനോൻ ജപസഞ്ചയത്തോടു് എത്ര വലിയ കടുംകയ്യാണു് പോർട്ടുഗീസുകാർ പ്രവർത്തിച്ചതെന്നു് മേലുദ്ധരിച്ച രേഖയിൽനിന്ന ഏറെക്കുറെ മനസ്സിലാക്കാം. അബദ്ധങ്ങൾ അശേഷമില്ലായിരുന്ന ഭാഗങ്ങൾപോലും അബദ്ധസംപൂർണ്ണങ്ങളെന്നു ധരിച്ചതാണു് ഇതിനു കാരണം.

നോൻ ജപത്തിന്റെ പ്രകൃതി എങ്ങനെയായിരുന്നെന്നു കൽദായറീത്തിനെപ്പററി 14–ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുവാനിരിക്കുന്നതിൽനിന്നു ഗ്രഹിക്കാം.

കാനോൻ ജപത്തിലെ പ്രാത്ഥനകളുടെ തലക്കെട്ടുകളിലും, സ്ഥാനക്രമത്തിലും പഴയ രീതിതന്നെയാണ്. എല്ലായിടത്തും പാലിച്ചുകാണുന്നതു്. ലത്തീൻ ക്രമങ്ങളും സുറിയാനിയിൽ പകർത്തുവാനുള്ള പരിശ്രമങ്ങളുംകിടയ്ക്കും സുറിയാനിക്കാരോടും സുറിയാനി പ്രാത്ഥനകളോടും പോർട്ടുഗീസുകാർ കുറെയെല്ലാം ആദരം കാണിച്ചിട്ടുണ്ടെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. സുറിയാനിക്കാരെ റീത്തുമാററി ലത്തീൻകാരാക്കുകയാണു് അന്നവർ ചെയ്തതെന്നു ചിലർ വിചാരിക്കുന്നതിൽ അത്മമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ റോസുമെത്രാപ്പോലീത്താ സുറിയാനിയിൽ കുർബാനചൊല്ലുകയോ, തന്റെ പിൻഗാമിയായി താനുദ്ദേശിച്ച എസ്സുപ്പാനോസു ബ്രിട്ടോ സുറിയാനി പഠിക്കണമെന്നു് നിർബന്ധിയ്ക്കുകയോ ചെയ്യുകയില്ലായിരുന്നു.8

റോസു മെത്രാപ്പോലീത്തായുടെ മറെറാരു പരിശ്രമങ്ങം

റോസു മെത്രാപ്പോലീത്താ 1624–ൽ മരണംപ്രാപിച്ചു. വേദപുസ്തകത്തിന്റെ ചില ഭാഗങ്ങം സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്യുക,9 മലയാളത്തിൽ വേദോപദേശം എഴുതുക, ആദിയായി പലതും അദ്ദേഹം ചെയ്യിട്ടുണ്ടു്. നമ്മുടെ ഇന്നത്തേ തക്സായിൽ ചേത്തിരിക്കുന്ന വേദപുസ്തകഭാഗങ്ങളിൽ ലത്തീൻ വേദപുസ്ത

---

8. Roz to the General, S. J. Dec. 1615.

9. കയ്യെഴുത്തായി കേരളത്തിലുണ്ടായിരുന്ന സുറിയാനി വേദപുസ്തകത്തിൽ ഇല്ലായിരുന്നവയാണു് ഈ ഭാഗങ്ങം. ചില വാക്യങ്ങം ലത്തീൻ വുൽഗാത്തയോട് യോജിക്കാതെ കാണപ്പെട്ടതു് പാഷണ്ഡർ വരുത്തിയ വ്യത്യാസം നിമിത്തമാണെന്നു ഉദയമ്പേരൂർ സൂനഹദോസു പ്രസ്താവിക്കുന്നതു ശരിയല്ല. സുറിയാനി വേദപുസ്തകത്തിൽ ഇല്ലായിരുന്ന ഭാഗങ്ങം പാഷണ്ഡർ നശിപ്പിച്ചവയും അല്ല.

കത്തിനനുസൃതമായി ചില വാക്യങ്ങൾ വ്യത്യാസപ്പെടുത്തിയതു് അദ്ദേഹമായിരിക്കാം. ലത്തീൻ ക്രമങ്ങളും ആചാരങ്ങളും നമ്മുടെയിടയിൽ പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചിട്ടുള്ള ലത്തീൻ മെത്രാന്മാരിൽ പ്രഥമഗണനീയനാണു് റോസുമെത്രാപ്പോലീത്താ.

റോസുമെത്രാന്റെ പിൻഗാമികൾ

റോസു മെത്രാപ്പോലീത്തായുടെ പിന്നാലെ എസ്സ്പ്ലാനോസു ബ്രിട്ടോയും, അദ്ദേഹത്തിന്റെ പിന്നാലെ 1671 മുതൽ ഫ്റാൻസിസുഗാർഷ്യായും നമ്മെ ഭരിച്ചു. ഇവരെല്ലാവരും ഈശോസഭാംഗങ്ങളാണു്. ഗീവറുഗീസും തോമ്മായും ആയിരുന്ന അന്നത്തെ അർക്കദിയാക്കോൻമാർ. ഗീവറുഗീസു് അർക്കദിയാക്കോൻ 1637 വരെ ഭരണം നടത്തിയതായി കാണുന്നുണ്ടു്.

ഗീവറുഗീസു് അർക്കദിയാക്കോൻ

പുരാതനകാലങ്ങളിൽ സുറിയാനി മെത്രാന്മാരുടെ കീഴിൽ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യവും കാനോനികാവകാശങ്ങളും[10] ലത്തീൻ ഭരണത്തോടുകൂടി അർക്കദിയാക്കോൻമാർക്കു നഷ്ടപ്പെട്ടു. തന്നിമിത്തം ഗീവറുഗീസു അർക്കദിയാക്കോനും തോമ്മാ അർക്കദിയാക്കോനും അന്നത്തെ ലത്തീൻ മെത്രാന്മാരോടും അവരുംപ്പെട്ടിരുന്ന ഈശോസഭയിലേ വൈദികരോടും സദാ വഴക്കടിച്ചുകൊണ്ടിരുന്നു. ഇതോടുകൂടി റീത്തിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങളും സുറിയാനിക്കാരുടെയിടയിൽ വലിയ ക്ഷോഭങ്ങൾക്കു കാരണമായിതീർന്നു. റോസുമെത്രാപ്പോലീത്താ

10. നിയമങ്ങളിൽ നിന്നുള്ള സകലവിധ ഒഴിവുകളും കൊടുക്കുക, പള്ളികൾക്കു ഭരണകർത്താക്കളെ ഏർപ്പെടുത്തുക, പട്ടം സ്വീകരിക്കേണ്ടവർ ആരെല്ലാമെന്നു നിശ്ചയിക്കുക, പള്ളിവസ്തുക്കളുടെ ഭരണംനടത്തുക എന്നിങ്ങനെയുള്ള അവകാശങ്ങൾ അർക്കദിയാക്കോൻ അനുഭവിച്ചിരുന്നു (Cf. states S. J. The Examiner, 1922, p. 214) കേരളീയസഭയിൽ അനേക നാളുകളായി അർക്കദിയാക്കോന്മാർ അനുഭവിച്ചിരുന്നവയാണു് ഇവയെല്ലാം.

യുമായുള്ള വഴക്കുകളുടെയിടയ്ക്കു് ഒരിയ്ക്കൽ ഗീവറു ഗീസു അക്ദിയാക്കോൻ മഹറോൻ ചൊല്ലപ്പെട്ടു. അക്ദിയാക്കോനെ മഹറോനിൽനിന്നു വിമോചിച്ചതു് ചേന്നമംഗലത്തുവച്ചാണെന്നും, കേരളത്തിലെ പതിവുപോലെ വടികൊണ്ടു ലഘുവായി അടിച്ചുകൊണ്ടാണു് വിമോചനം നൽകിയതെന്നും റോസുമെത്രാപ്പോലീത്താ പ്രസ്താവിക്കുന്നു.11 തന്റെ സങ്കടങ്ങളെല്ലാം ഗീവറുഗീസു അക്ദിയാക്കോൻ 1608—ൽ ലിസ്ബണിൽ താമസിച്ചിരുന്ന മാപ്പ്രാപ്പായുടെ പ്രതിപുരുഷനെ അറിയിച്ചു.

ബ്രിട്ടോ മെത്രാപ്പോലീത്തായും വൈദികരും

പട്ടക്കാരുടേയും ശമ്മാശന്മാരുടേയും സംഖ്യ മുന്നൂറിലധികമായിരുന്നതിനാൽ അതു നിയന്ത്രിക്കേണ്ടതിനായി ബ്രിട്ടോ മെത്രാപ്പോലീത്താ 1627—ൽ ഇടപ്പള്ളിൽ ഒരു യോഗം വിളിച്ചുകൂട്ടി. വികാരിമാർ കൂട്ടികളെ പട്ടത്തിനു പഠിപ്പിക്കരുതു്12; ചേന്നമംഗലം സെമിനരിയിൽ വരുന്ന കുട്ടികളെ ഉടൻതന്നെ കൂപ്പായം കൊടുത്തു സ്വീകരിയ്ക്കേണ്ടതല്ല; കർശമായ പരിശോധനയുടെശേഷം പട്ടത്തിനു യോഗ്യതയുള്ളവരായി കാണപ്പെടുന്നവർക്കു കൂപ്പായം (Cola = ളോവ ?) കൊടുക്കാം; എല്ലാവരെയും മലയാളവും വേദോപദേശവും പഠിപ്പിക്കണം; വി. കുർബാനയോടും, വൈദികകാര്യങ്ങളോടും, വൈദികരോടും ഭക്തിബഹുമാനങ്ങളും എല്ലാവരിലും ഉള

---

11. Roz, to the General, S. J. 27th Dec. 1615.

12. പട്ടമേല്പാനുദ്ദേശിച്ചിരുന്നവർ അവരവരുടെ സ്വന്തം പള്ളിയിലുള്ള അച്ചന്മാർക്കു ശിഷ്യപ്പെട്ടാണു് വൈദികപഠനങ്ങളും നടത്തിയിരുന്നതു്. തന്നിമിത്തം എല്ലാ പള്ളികളിലും ശമ്മാശന്മാരുണ്ടായിരുന്നു. വൈപ്പിക്കോട്ട അഥവാ ചേന്നമംഗലത്തു സെമിനരി സ്ഥാപിച്ചെങ്കിലും എല്ലാവരും അവിടെ പഠിച്ചിരുന്നില്ല. അവിടെ പഠിച്ചവർ സുറിയാനിക്കു പുറമെ ലത്തീനും പോർട്ടുഗീസും അഭ്യസിച്ചിരുന്നു. മല്പാന്മാരുടെ കീഴുള്ള പഠനം സ്വന്തം പള്ളിയിലേ അച്ചന്മാരുടെ കീഴുള്ള പഠനംതന്നെ കുറെ മേന്മകൂടിയതായിരുന്നു.

വാക്കണം; കപ്പായത്തിനു അയോഗ്യരായി കാണപ്പെട്ടവരെ ഈ പഠനത്തിന്റെ ശേഷം വീട്ടുകളിലേയ്ക്കു പറഞ്ഞുവിടണം എന്നിവയായിരുന്നു ആ യോഗത്തിന്റെ നിശ്ചയങ്ങൾ.13

ബ്രിട്ടോ മെത്രാപ്പോലീത്തായുടെ കാലത്തുതന്നെ പട്ടക്കാർക്കായി ഇടപ്പള്ളിൽ ഒരു സന്യാസസമൂഹം (Racolta) സ്ഥാപിതമായി. എന്നാൽ വേഗത്തിൽ അതു നാമാവശേഷമായിത്തീർന്നു.

ദൊനാത്തോ

1628–ൽ ഗീവറുഗീസു അർക്കദിയാക്കോൻ മാപ്പ്രാപ്പായുടെ പ്രതിപുരുഷന്റെ പേർക്കു് ലിസ്ബണിലേയ്ക്കു വീണ്ടും ഹർജിയയച്ചു. കടത്തുരുത്തിയിൽ മുമ്പു താമസിച്ചിരുന്ന ഡൊമിനിക്കൻ സന്യാസികളിൽ ഒരാളായ ദൊനാത്തോയെ ബ്രിട്ടോയുടെ സഹായമെത്രാനായി കിട്ടണമെന്നു് ആ ഹർജിയിൽ അപേക്ഷിച്ചതു് സഫലമായെങ്കിലും ദൊനാത്തോ കടൽക്കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടുപോയി.

അക്കദിയാക്കോന്റെ സങ്കടങ്ങൾ

സുറിയാനിമെത്രാന്മാരാൽ ഭരിക്കപ്പെടുവാൻ നസ്രാണികൾക്കുണ്ടായിരുന്ന ആഗ്രഹവും, ബ്രിട്ടോ മെത്രാപ്പോലീത്തായിക്കു സുറിയാനി പരിചയമില്ലായിരുന്നതിനാൽ റീത്തിൽ വന്നിരുന്ന പിശകുകളും, ഈശോസഭക്കാർ എല്ലാ സ്ഥലങ്ങളിലും സുറിയാനി പഠിപ്പിച്ചിരുന്നില്ലെന്നുള്ള സങ്കടവും, കുർബാനധർമ്മം ശരിയായി നൽകപ്പെടുന്നില്ലെന്നുള്ള ധാരണയും 1632–ൽ ഗീവറുഗീസു അർക്കദിയാക്കോൻ പോർട്ടുഗൽ രാജാവിനെ അറിയിച്ചു. ഈശോസഭക്കാർ ലത്തീൻ ക്രമങ്ങളോടു യോജിക്കാതിരുന്നവയെല്ലാം നീക്കിക്കളയുകയും നിവൃത്തിയുള്ളിടത്തോളം ലത്തീൻക്രമങ്ങൾ പള്ളികളിൽ നട

13. Ferroli, op. c. p. 30.

ത്തുകയും (ഇതു സുറിയാനിയിലായിരിക്കണം) ചെയ്തതി നാൽ, കേരളത്തിൽ വലിയ അസ്വസ്ഥതയുണ്ടായിരുന്നെന്നു് 1636–ലോ 1637–ലോ കേരളം സന്ദർശിച്ച കർമ്മലീത്താ സഭാദ്ധ്യക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ബ്രിട്ടോ മെത്രാപ്പോലീത്തായോടു വഴക്കടിക്കുക ഹേതുവാൽ ചില കാനോനികാവകാശങ്ങളെല്ലാം അക്കദിയാക്കോൻ കരസ്ഥമാക്കിയതായി ചില രേഖകളിൽ കാണുന്നുണ്ടു്.

കൂനൻകുരിശു സത്യം

ബ്രിട്ടോ മെത്രാപ്പോലീത്തായുടെ പിൻഗാമി ഗാർഷ്യായും ഗീവറുഗീസു അക്കദിയാക്കോന്റെ പിൻഗാമി തോമ്മായും ആയിരുന്നു. തോമ്മാ അക്കദിയാക്കോന്റെ അസ്വസ്ഥതി വളർന്നു 1657–ൽ നടന്ന കൂനൻകുരിശുസത്യത്തിൽ പര്യവസാനിച്ചു. അതേതുടർന്നു ശീസ്മയും സുറിയാനിക്കാരിൽ ആവിർഭവിച്ചു. ശീസ്മക്കാർ യാക്കോബായക്കാരായി തീരുകയും പുത്തൻകൂറുകാർ എന്നു അറിയപ്പെടുകയും ചെയ്തു. 12 വൈദികർകൂടി വാഴിച്ച തോമ്മാ അക്കദിയാക്കോനാണു് അവരുടെ ആദ്യത്തെ മാർ തോമ്മാമെത്രാപ്പോലീത്താ.[14] പഴയ വിശ്വാസം പാലിച്ചവർ പഴയകൂറുകാരെന്നു വിളിക്കപ്പെട്ടു.

---

14 അങ്കമാലി യാക്കോബായപ്പള്ളിയുടെ വടക്കേച്ചാത്തിൽ അമ്പാട്ടു മാർ കൂറിലോസു മെത്രാപ്പോലീത്തായെ സംസ്കരിച്ചിരിക്കുന്നു. ആ ചാത്തിന്റെ തെക്കേ ഭിത്തിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. ''നി. വ. ദി. ശ്രീ. അങ്കമാലി ഇടവകയുടെ ഗീവറുഗീസു കൂറിലോസു മെത്രാപ്പോലീത്താ തിരുമേനി ക്രിസ്താബ്ദം 1891–ക്കു് കൊല്ലം 1066 കുംഭം 25–ാംനു കാലംചെയ്തു ഇവിടെ അടക്കിയിരിക്കുന്നു. ഈ പിതാവാണു് ആലുവായിൽ പള്ളി സ്ഥാപിച്ചതു്. ഈ പിതാവിനെ കൂടാതെ പകലോമറ്റം തറവാട്ടിലെ ഗീവറുഗീസു അക്കദിയാക്കോനും മാർ തോമ്മാമെത്രാപ്പോലീത്തായും ഈ പള്ളിയിൽ കാലംചെയ്തു് അടക്കിയിട്ടുണ്ടു്. ഇവരുടെ അസ്ഥികളും മദ്ബഹായുടെ തെക്കേചുമരിൽ നിക്ഷേപിച്ചിരിക്കുന്നു. ഇവരിൽ അക്കദിയാക്കോന്റെ ഓമ്മ കർക്കടകം 25–ാംനു മാർ തോമ്മാമെത്രാപ്പോലീത്തായുടെ ഓമ്മ മേടം 12–ാംനു ആണു്. ഈ പിതാക്കന്മാരുടെ ഓമ്മ നമുക്കു കോട്ടയായിരിക്കട്ടെ.'' മദ്ബഹായുടെ തെക്കേചുമരിൽ അസ്ഥിവച്ചിരിക്കുന്നി

കമ്മെലീത്തർ; അന്നത്തെ റീത്തു്

നമ്മുടെ പൂവ്വന്മാരുടെ അപേക്ഷപ്രകാരം കമ്മെലീത്തർ റോമ്മയിൽനിന്നും കേരളത്തിലേക്കയയ്ക്കപ്പെട്ടു. ജോസഫ് സെബസ്ത്യാനി അവരിൽ പ്രധാനനായിരുന്നു. അദ്ദേഹം കേരളം സന്ദർശിച്ചശേഷം, റോമ്മായിലെത്തി റിപ്പോർട്ട സമർപ്പിക്കുകയും മെത്രാൻപട്ടം സ്വീകരിച്ചു് കേരളത്തിന്റെ ഭരണാധികാരിയായി തിരിച്ചെത്തുകയും ചെയ്തുകയാൽ ഗാർഷ്യാമെത്രാപ്പോലീത്തായുടെ അധികാരം തടയപ്പെട്ടു. (പ്രൊപ്പഗാന്തഭരണം).

അക്കാലത്തേ നമ്മുടെ റീത്തിനെക്കുറിച്ചു് ഫാദർ വിൻസന്റു് മരിയ എഴുതിയ വിവരണത്തിൽ, പള്ളിക്രമങ്ങളം, ഉപവാസം, കാനോൻജപം മുതലായവ ഏറെക്കുറെ കൽദായരീതിയിൽ നമ്മം നടത്തിയിരുന്നെന്നു കാണുന്നു.15 ഉദയമ്പേരൂർ സൂനഹദോസിന്റെശേഷം ഈശോസഭക്കാർ 63 സംവത്സരം ശ്രമിച്ചിട്ടും നമ്മിൽനിന്നു കൽദായമയം നിശ്ശേഷം നീക്കുവാൻ അവർക്കു് സാധിച്ചിട്ടില്ലെന്നു ഇതിൽനിന്നു മനസ്സിലാക്കാം.

ചാണ്ടിമെത്രാനും റീത്തും

ഡച്ചുകാരുടെ ശല്യംനിമിത്തം ജോസഫ് സെബസ്ത്യാനി സ്ഥലം വിടേണ്ടതായി വന്നപ്പോഴം 1663–ൽ കുറവിലങ്ങാട് ഇടവക പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ നമ്മുടെ വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടു. സെബസ്ത്യാനിയുടേതുപോലെ ചാണ്ടിമെത്രാന്റെ ഭരണവും പ്രൊപ്പഗാന്തഭരണമാണു്.

ടത്തു് കരിങ്കല്ലിലുള്ള കൽദായസുറിയാനി ലിഖിതം മുഴവനും തെളിവുള്ളതല്ല. ''ഇൻഡ്യയുടെ ഗീവറുഗീസു അക്കദിയാക്കോൻ'' ''മരിച്ചു'' ''കൊല്ലം'' ''കക്കടകം 15'' ''അസ്ഥികം'' ''വച്ചിരിക്കുന്നു'' എന്നിങ്ങനെയുള്ള ചില സുറിയാനിപ്പദങ്ങം മാത്രമേ എഴുത്തുകാരനു വായിക്കുവാൻ കഴിഞ്ഞുള്ളു. ഇവിടെ പറയുന്നമാർ തോമ്മാമെത്രാപ്പോലീത്താ തോമ്മാ അർക്കദിയാക്കോനാണു്.''

15. Giamil, op. c. p. 569.

അന്നത്തെ ആശയഗതിയനുസരിച്ച് റീത്തുസംബന്ധമായി ചാണ്ടിമെത്രാൻ ലത്തീൻമെത്രാന്മാരെ അനുഗമിച്ചിരുന്നതായി തോന്നുന്നു. കുറവിലങ്ങാട്ടു പള്ളിമേടയിലിരിക്കുന്ന ചിത്രത്തിൽ അദ്ദേഹം ലത്തീൻ മെത്രാന്മാരെപ്പോലെ വടി, മുടി, മോതിരം മുതലായവ ധരിച്ചിരിക്കുന്നതു കാണാം.16

റോസുമെത്രാപ്പോലീത്താ തയാറാക്കിയ ലത്തീൻ പൊന്തിഫിക്കളിന്റെ (മെത്രാന്മാരുടെ ശുശ്രൂഷപ്പുസ്തകം) സുറിയാനിവിവർത്തനം ഫാദർ മച്ചാദൊ എന്ന ഒരു ഈശോസഭാവൈദികന്റെ സഹായത്തോടെ ചാണ്ടി മെത്രാൻ പൂർത്തിയാക്കി17. അന്നു് അമ്പഴക്കാട്ടു സ്ഥാപിക്കപ്പെട്ടിരുന്ന സമ്പാളൂർ സെമിനാരിയുടെ അദ്ധ്യക്ഷനായിരുന്ന ഈ ഫാദർ മച്ചാദൊ. ഡച്ചുശല്യംനിമിത്തം ചേന്നമംഗലം (വൈപ്പിക്കോട്ട) സെമിനാരി മാറ്റി സ്ഥാപിച്ചതാണു സമ്പാളൂർ സെമിനാരി.

എന്നാൽ സെബസ്ത്യാനി മെത്രാൻ കേരളം വിട്ടതിനുമുമ്പു്, റോസുമെത്രാൻ ആരംഭിച്ചിരുന്ന പൊന്തിഫിക്കാലം വിവർത്തനം പൂർത്തിയാക്കുവാൻ കടവിൽ ചാണ്ടിക്കത്തനാരെ ഭരമേല്പിച്ചെന്നും, പ്രതിഫലമായി അദ്ദേഹത്തിനു 400 പുത്തൻ സംഭാവന ചെയ്യെന്നും, അദ്ദേഹം മറ്റു ചിലരുടെ സഹായത്തോടെ വിവർത്തനം പൂർത്തിയാക്കിയെന്നും സെബസ്ത്യാനിതന്നെ പ്രസ്താവിക്കുന്ന രേഖയും നമ്മുടെ കൈവശമുണ്ടു്.17a

---

16. അങ്കമാലി യാക്കോബായപ്പള്ളിയുടെ തെക്കേപ്പുമരിൽ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ എന്നു പറയുന്ന ഒരു ഛായാപടമുണ്ടു്. അതിൽ മുടിയും വടിയും ലത്തീൻകാരുടെയാണു്. വലത്തുകയ്യിൽ പൌരസ്ത്യ മെത്രാന്മാരുടെ കൈക്കുരിശുണ്ടു്. പട്ടുകുപ്പായത്തിനു പുറമേ സൂർപ്പിലേശു കാണാം. അതിനുംപുറമേ ലത്തീൻകാരുടേതുപോലെ ഒരു കാപ്പയുണ്ടെന്നു തോന്നുന്നു. ഒരു പക്ഷേ, ഒന്നാം മാർത്തോമ്മാ എന്നു വിളിക്കപ്പെടുന്ന തോമ്മാ അക്ദിയാക്കോന്റെ പടമായിരിക്കാം ഇതു്. ഇദ്ദേഹത്തിന്റെ അസ്ഥിയായിരിക്കാം ഗീവറുഗീസു് അക്ദിയാക്കോന്റെ അസ്ഥിയോടുകൂടി ആ ഭിത്തിയിൽതന്നെ സ്ഥാപിച്ചിരിക്കുന്നതു്.

17. Casletes S. J. The Examiner, 1922. p. 223.

17a. Viaggio Liv. II. c. 2.

മുമ്പിലത്തെ ഒപ്പുശ്മാ നൽകുമ്പോഴും, പള്ളി സന്ദർശിക്കുമ്പോഴും, സിമിത്തേരി ആശീർവ്വദിക്കുമ്പോഴും മെത്രാന്മാർ നടത്തുന്ന ശ്രൂശ്രൂഷകളും 1906–ൽ പഴയപറമ്പിൽ മാർ ളൂയീസുമെത്രാൻ അടിപ്പിച്ച പ്രസിദ്ധീകരിക്കുകയുണ്ടായി. ഇവ ലത്തീനിൽനിന്നുള്ള തർജ്ജമയാണ്. സിമിത്തേരി ആശീർവ്വദിക്കുന്ന ശ്രൂശ്രൂഷകളുടെ കൂട്ടത്തിൽ ചേർത്തിരിക്കുന്ന രണ്ടു ഗാനങ്ങളും (മാത്രാശ) ലത്തീൻ പൊന്തിഫിക്കലും പുസ്തകത്തിന്റെ ഒരു പുരാതന വിവർത്തനത്തിൽ നിന്നെടുത്തവയാകുന്നു. വൈപ്പിക്കോട്ട സെമിനാരിയിലെ ഈശോസഭാവൈദികർ ഇവ പരിഭാഷപ്പെടുത്തുകയോ, പരാവർത്തനം ചെയ്കയോ ചെയ്തെന്നും ചാണ്ടിമെത്രാൻ ഇവ ഉപയോഗിച്ചിരുന്നെന്നും വിശ്വസിക്കപ്പെടുന്നു എന്നു് മാർ ളൂയീസുമെത്രാൻ പ്രസ്താവിക്കുന്നുണ്ടു്.

അമ്പഴക്കാട്ട കൊവേന്തയിൽ ''മെത്രാൻ നടത്തുന്ന ശ്രൂശ്രൂഷകളുടെ വിവരണം'' (തുക്കാസെദ്റമ്പ്ക്കമറാ) എന്ന പേരിൽ ഒരു കയ്യെഴുത്തു പുസ്തകം സൂക്ഷിക്കപ്പെടുന്നുണ്ടു്. അതു് ചാണ്ടിമെത്രാൻ ഉപയോഗിച്ചിരുന്നതാണെന്നത്രേ ചിലർ പറയുന്നതു്. കർമ്മവിവരങ്ങളും (Rubrics) മലയാളമാണു്. എങ്കിലും 'കർസോൻ' എന്നു പറഞ്ഞുവരുന്ന ലിപികളിലാകുന്നു മലയാളമെഴുതിയിരിക്കുന്നതു്. അതായതു ലിപികളും സുറിയാനിയും ഭാഷ മലയാളവും.18 റാസക്കുർബാനയ്ക്കും മറ്റുമുള്ള ക്രമങ്ങളും

---

18. കർസോൻ എന്ന പദം ഗറശ് (വലിച്ചു) എന്ന സുറിയാനി ധാതുവിൽ നിന്നുത്പാദിച്ചതായിരിക്കാം. Garshiune എന്നാണു് യൂറോപ്യൻ ലിപികളിൽ കാണുന്നതു്. വിദേശസുറിയാനിക്കാർ സുറിയാനി ലിപികളിൽ അറബിഭാഷ എഴുതുന്നതുപോലെ നമ്മുടെ പൂർവ്വന്മാർ സുറിയാനി ലിപികളിൽ മലയാളഭാഷ എഴുതിയിരുന്നു. നമ്മുടെയിടയിൽ ഈ നടപ്പു് എന്നുമുതൽ ആരംഭിച്ചെന്നു നിശ്ചയമില്ല. പുത്തൻകൂറുകാരും ഇങ്ങനെ ചെയ്തിരുന്നു. കർസോനിൽ എഴുതിയിട്ടുള്ള വ്യാകരണങ്ങളും, നിഘണ്ടുക്കളും ആദിയായി പല പുസ്തകങ്ങളും ഇപ്പോഴും നമ്മുടെ കൈവശമുണ്ടു്. ങ, ഴ, ര, ന, ഷ, ള, ട, ണ എന്നിങ്ങനെ സുറിയാനിയിലില്ലാത്ത ലിപികളും ഇതിലേക്കു പ്രത്യേകം നിർമ്മിച്ചിരിക്കുകയാണു്.

അതിൽ വിവരിച്ചുപറയുന്നുണ്ട്, പുസ്തകത്തിനു വളരെ പഴക്കം തോന്നിക്കുന്നു (അനുബന്ധം 6 കാണുക).

റപ്പായേൽ മെത്രാൻ പ്രൊപ്പഗാന്ത; പട്ടവാദൊ

ചാണ്ടിമെത്രാൻ 1687—ൽ (?) മരണംപ്രാപിച്ചു. അദ്ദേഹത്തിന്റെ സഹായകനും പിൻഗാമിയുമായി നിയമിക്കപ്പെട്ടതു ലത്തീൻകാരനായ റപ്പായേൽ ഫിഗ്വരേദൊ ആയിരുന്നു. റപ്പായേൽ മെത്രാൻ സുറിയാനിക്കാരുടെ വലിയ ശത്രുവായിരുന്നതിനാലും മറ്റും സ്ഥാനഭ്രംശം ചെയ്യപ്പെട്ടു[19]. വലിയ മുഗളിന്റെ വികാരി അപ്പസ്തോലിക്കാമാരായ ക്രസ്തോദിയൂസു ദ് പിഞ്ഞാ, പീറർ പോലം (?) എന്ന രണ്ടുപേർ (?) റപ്പായേൽ മെത്രാന്റെ അധികാരം നീക്കപ്പെട്ടശേഷം 1700 വരെ സുറിയാനിക്കാരുടെ കാര്യം അന്വേഷിച്ചിരുന്നതായി കാണുന്നു (പ്രൊപ്പഗാന്തരേണം). അന്നത്തെ അക്ദ്യാക്കോൻ ചാണ്ടിമെത്രാന്റെ ചാർച്ചക്കാരനായ മത്തായിക്കത്തനാരായിരുന്നു. 1700 മുതൽ പ്രൊപ്പഗാന്തസംഘത്തിന്റെ കീഴിൽ കമ്മെലീത്താരേണം (വരാപ്പുഴരേണം) നമ്മുടെയിടയിൽ ആരംഭിച്ചു. ഇതാണു പ്രൊപ്പഗാന്തരേണം. അതിനു മുമ്പുതന്നെ ഗാർഷ്യാമെത്രാപ്പോലീത്തായുടെ പിൻഗാമികളായി പോർട്ടുഗൽ രാജസംരക്ഷണത്തിൽ (പട്ടവാദൊ) കൊടുങ്ങല്ലൂർ അതിരൂപതയുടെ രേണകത്താക്കന്മാർ നിയമിക്കപ്പെട്ടിരുന്നു. ഇവരുടേതാണല്ലോ പട്ടവാദൊരേണം. ഇവരിലാരും 1704—വരെ കേരളത്തിൽ വരുകയുണ്ടായില്ല.

---

19. (വൈക്കം) പള്ളിപ്പുറത്തുപള്ളിയുടെ മദ്ബഹായിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടു. († 1694)

പത്താം അദ്ധ്യായം

പതിനെട്ടാം ശതാബ്ദം

ചരിത്രഭാഗം

18—ാം ശതാബ്ദത്തിൽ നമ്മുടെ റീത്തിലുണ്ടായ പരിവർത്തനങ്ങളെക്കുറിച്ചു പറയുന്നതിനു മുമ്പായി, നമ്മുടെ അന്നത്തെ ഭരണാധികാരികളെക്കുറിച്ചു സ്വല്പം പ്രതിപാദിക്കാം.

പ്രൊപ്പഗാന്തക്കീഴിൽ 1700—ൽ കമ്മെലീത്തനായ ആഞ്ചലൂസ് ഫ്രാൻസീസ് മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. ലത്തീൻ മെത്രാന്മാർ ആരും അദ്ദേഹത്തിനു വാഴ്ചകൊടുക്കാഞ്ഞതിനാൽ കൽദായക്കാരനായ ഒരു മാർ ശെമഓനാണ് അദ്ദേഹത്തിനു ആലങ്ങാട്ടുവച്ചു മെത്രാൻപട്ടം കൊടുത്തത്.[1] 1701—ൽ ആഞ്ചലൂസ് ഫ്രാൻസീസ് വരാപ്പുഴെവച്ച് ഭരണം സ്വീകരിച്ച അവസരത്തിൽ അക്കദിയാക്കോനും സുറിയാനിക്കാരുടെ പ്രതിപുരുഷന്മാരും അവിടെ ഹാജരുണ്ടായിരുന്നെന്നും, അവരുടെ സാന്നിദ്ധ്യസഹകരണങ്ങളോടുകൂടി ആ ചടങ്ങ് അത്യാഡംബരപൂർവ്വം നിർവ്വഹിക്കപ്പെട്ടെന്നും അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.[2] എന്നാൽ 1704—ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീ

---

1. മാർ ശെമഓൻ ഒരു ശീസ്മക്കാരനോ ധർമ്മസമ്മതമായ അധികാരത്തിൽനിന്നു ഭിന്നിച്ചുനിന്നവനോ അല്ലെന്നു ഈ സംഭവം വിളിച്ചറിയിക്കുന്നു. ആലങ്ങാട്ടുനിന്നു അദ്ദേഹം പുതുശേരിക്കു (പോണ്ടിശേരി) അയയ്ക്കപ്പെട്ടു. അവിടെവച്ചു കിണറ്റിൽവീണു മരിക്കയാണുണ്ടായതു. കേരളത്തിലെ യാക്കോബായക്കാരെ മാനസാന്തരപ്പെടുത്തുവാൻ അദ്ദേഹം ഇവിടെ വന്നതാണെന്നു പറയുന്നുണ്ട്.

2. Analecta, O. C. D. 1937, Jan. p. 21.

ത്താ ജോൺറിബേയിറൊ പദ്രോ ആദൊക്കീഴിൽ സുറി യാനിക്കാരുടെ ഭരണകർത്താവായി കേരളത്തിൽ ആഗ തനാകുക നിമിത്തം ആഞ്ചലൂസു മെത്രാൻ ഉദ്യോഗം രാ ജിവച്ചു.[3] കമ്മെലീത്തർ താമസിച്ചുപോകരുതെന്നു് സുറി യാനിക്കാരിൽ കുറേപ്പേർ കടുത്തുരുത്തി യോഗത്തിൽ വച്ചു് അപേക്ഷിച്ചതുകൊണ്ടും, 1709–ൽ കേരളത്തിൽ വന്ന ചിലതെല്ലാം നിയമവിരുദ്ധമായി പ്രവർത്തിച്ച ഗബ്രിയേൽ എന്ന ഒരു കൽദായമെത്രാൻ നിമിത്തവും[4] പദ്രോ ആദൊ അധികാരത്തിൽപെട്ട ചില സ്ഥലങ്ങ ളിൽ ഡച്ചുകാർ ശക്തിചെലുത്തിയിരുന്നതുകൊണ്ടും പ്ര സ്തുത സ്ഥലങ്ങളിലെ വിശ്വാസികളെ സമീപിക്കുന്ന തിൽ പോർട്ടുഗീസുമെത്രാന്മാക്കു സ്വാതന്ത്ര്യം ലഭിക്കുന്ന തുവരെ ആ വിശ്വാസികളുടെമേലും 1709–ൽ ആഞ്ചലൂ സുമെത്രാനു അധികാരം നൽകപ്പെട്ടു. ഇങ്ങനെ പ്രൊപ്പ ഗാന്ത, പദ്രോ ആദൊ എന്ന രണ്ടധികാരങ്ങൾക്കു സുറി യാനിക്കാർ വിധേയരായി.

കമ്മെലീത്തർ സ്ഥാപിച്ചു നടത്തിയിരുന്ന ആ ലങ്ങാട്ടു സെമിനാരിയിൽ പഠിച്ചശേഷം റോമ്മായിൽ

---

3. കൊച്ചി, കൊട്ടങ്ങല്ലൂർ എന്ന സ്ഥലങ്ങളിലേ അധികാ രികളും കേരളത്തിൽ വരുന്നതുവരെ മാത്രമേ ആഞ്ചലൂസുമെത്രാനു് തൽസ്ഥലങ്ങളിലെ വിശ്വാസികളുടെമേൽ അധികാരമുണ്ടായിരു ന്നുള്ളു. (ibid p. 17)

4. ഗബ്രിയേൽ ഒരു നെസ്റ്റോറിയനായിരുന്നെന്നു പറയുന്ന വരുണ്ടു്. എന്നാൽ അദ്ദേഹം ഒരു കത്തോലിക്കനായിട്ടത്രേ കേര ളത്തിൽ പ്രത്യക്ഷനായതു്. അന്യനായ ഒരു (കത്തോലിക്കാ) മെ ത്രാനെപ്പോലെ കേരളത്തിൽ വ്യാപരിച്ചുകൊള്ളാമെന്നു വാശ്ദാനം ചെയ്തുക നിമിത്തം കേരളത്തിൽ താമസിച്ചുകൊള്ളുവാൻ കമ്മെ ലീത്തർ അദ്ദേഹത്തെ അനുവദിച്ചു. എന്നാൽ പുത്തൻകൂറിലും പ ഴയകൂറിലുംപെട്ട ചിലപള്ളികളും അദ്ദേഹത്തെ അനുഗമിക്കുകയും വാശ്ദാനം ലംഘിച്ചു് അദ്ദേഹം അവയെ ഭരിക്കുകയും ചെയ്തു. ഇ ങ്ങനെ അദ്ദേഹം ശിക്ഷാർഹനായിതീർന്നു. കോട്ടയത്തു പുത്തൻ കൂറുകാരുടെ ചെറിയ പള്ളിയിൽവച്ചു് മാർ ഗബ്രിയേൽ മരിച്ച അവിടെ സംസ്കരിക്കപ്പെട്ടു. ഈശോസക്കോരെ എന്നതിനേക്കാളും ഗബ്രിയേലിനെ അനുഗമിക്കുന്നതിൽ സുറിയാനിക്കാർ ഉത്സുക രായിരുന്നെന്നു് റോമ്മായിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുണ്ടായി.

പോയി ബിരുദസമ്പാദിച്ച കരിയാറ്റിൽ യൌസേപ്പു മല്പാൻ 1783–ൽ ലിസ്ബണിൽവച്ച് പദ്രൊ ആദോ ക്വീഴിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി അഭി ഷേചനം ചെയ്യപ്പെട്ടു,[5] കേരളത്തിലെത്തി ഭരണം കയ്യേ ല്ക്കുന്നതിനുമുമ്പ് 1786–ൽ ഗോവയിൽവച്ച് അദ്ദേഹം നിര്യാതനാകുകയും[6] സഹചരനായിരുന്ന പാറേമ്മാക്കൽ തോമ്മാകത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോർ ണ്ണദോർ (Administrator) ആകയും ചെയ്തു. തോമ്മാക്ക ത്തനാരുടെ മരണകാലമായ 1799 വരെ സുറിയാനിക്കാ

---

5. റോമായിൽ പ്രോപ്പഗാന്ത കോളെജ്ജു ഡയറിയിൽ ക രിയാറ്റിൽ മെത്രാപ്പോലീത്തായെപ്പറ്റി ഇങ്ങനെ കാണുന്നു: Giuseppe Cariatti (catalogo di 1756) di Mangatte nel Malabao: di eta 13–di Rito' soriano del aluonoto Di S. Onofrin: entro nel collegi le 7 Aprile dell'anno 1755: studia gramatica: Ritrovai anche nel catalogo dell'anno 1762: che studia il '1 anno di filosotia: ma diversifica per altro il solo nome delia patria: cioe di Menzate net Malabar: e nel libro 2' did giurament' pagina 394 si legge come segue: Anno Dominl 1760 die 7 decembris Joseph Cariatti filius Pauli Pudiceri dioscesis Mangatensis xc. Per cui viene a rilevarol, che nel giorno 7 decembris 1760 presto li soliti giuramenti, mortuus est Episcopus"

(നമ്പ്യാപറമ്പിൽ ബ. കുര്യാക്കോസച്ചൻ പി. എച്ച്. ഡി. ഡി. ഡി. അവർകളം ഡയറിയിൽനിന്നു കുറിച്ചെടുത്തു് എഴുത്തു കാരനെ ഏല്പിച്ചതാണു് ഈ ഭാഗം) – മലയാളത്തുള്ള മങ്ങാട്ടുകാരൻ യൌസേപ്പു കരിയാറ്റിൽ, വയസ്സു 16: റീത്തു സുറിയാനി: വി. ഒനോപ്രിയൂസിന്റെ സ്ഥലത്തു താമസം: 1750 ഏപ്രിൽ 7–ൽ കോളേജിൽ പ്രവേശിച്ചു വ്യാകരണം പഠിക്കുന്നു: 1762–ൽ തത്വ ശാസ്ത്രം ഒന്നാം കൊല്ലത്തേ പഠനം നടത്തുന്നു: മങ്ങാട്ടിനു പകരം മെൻസാട്ടു് എന്നു് പേരുമാറി കാണുന്നു. സത്യപ്രതിജ്ഞയുടെ രണ്ടാം പുസ്തകം 390–ാം പുറത്തു ഇങ്ങനെ കാണുന്നു: ''ക്രിസ്താ ബ്ദം 1770–ൽ ഡിസംബർ 7–ൽ മങ്ങാട്ടു രൂപതക്കാരൻ പത്രോശ്ശേരി പൌലോസിന്റെ പുത്രൻ യൌസേപ്പു കരിയാറ്റിൽ....: മെത്രാനാ യി മരിച്ചു''– ഇങ്ങനെയാണു് മേലെഴുതിയതിന്റെ ചുരുക്കം.

6. ഗോവയിലെ ഭ്രോസനദൈവാലയമായ വി. കുരീനാ യുടെ പള്ളിയിൽ മദ്ബഹായിൽ എൻഗത്താ ഭാഗത്തു് കരിയാ

രെല്ലാം കൊട്ടങ്ങല്ലൂർ ഭരണത്തിൽ നിന്നിരുന്നു. അക്കാലത്തു് പുത്തൻചിറകാരൻ പണ്ടാരിപൌലോസു് (വർദ്ദാമെത്രാൻ?) കൽദായ പാത്രിയർക്കീസിൽനിന്നു് മെത്രാൻ പട്ടം സ്വീകരിച്ചു് കേരളത്തിൽ താമസിച്ചിരുന്നെങ്കിലും, തോമ്മാക്കത്തനാർ മെത്രാൻ പട്ടത്തിന്റെ പ്രവൃത്തികളൊന്നും അദ്ദേഹത്തെകൊണ്ടു ചെയ്യിച്ചിരുന്നില്ല. തോമ്മാക്കത്തനാർ മരിച്ചശേഷം കട്ടക്കയത്തു മല്പാനും പൌലോസു മെത്രാനും പ്രമുഖന്മാരായിതീർന്നു. ചങ്ങനാശേരിൽവച്ചു് പൌലോസുമെത്രാൻ ചിലക്കെല്ലാം പട്ടം കൊടുത്തു. അപ്പോഴും കൊച്ചിയിലേയും കൊട്ടങ്ങല്ലൂരേയും ഗോണ്ണ്ടോരായിവന്ന റിബാമർശംക്കരിക്കൽ ഗീവറുഗീസുകത്തനാരെ കൊട്ടങ്ങല്ലൂർ ഭരണം നിർവ്വഹിക്കുവാൻ തന്റെ പ്രതിപുരുഷനായി നിയോഗിച്ചു. ഗീവറുഗീസു കത്തനാർ റോമ്മായിൽ പ്രൊപ്പഗാന്ത കോളെജിൽ പഠിച്ചുവന്ന ആളായിരുന്നു. പാറേമ്മാക്കൽ ഗോവണ്ണ്ടോരച്ചൻ മരിച്ചുകഴിഞ്ഞപ്പോഴും സുറിയാനിക്കാർ വീണ്ടും പ്രൊപ്പഗാന്ത അധികാരത്തിലും പട്ട ആ ദൊ അധികാരത്തിലും ആയി വിഭജിക്കപ്പെട്ടു. ഇങ്ങനെ പതിനെട്ടാം ശതാബ്ദം അവസാനിക്കുന്നു. ഇനി റീത്തിലേയ്ക്കു പ്രവേശിക്കാം.

---

൦൧ മെത്രാപ്പോലീത്തായുടെ അവശിഷ്ടങ്ങളും സംസ്കരിക്കപ്പെട്ടിരിക്കുന്നു. അവിടെയിട്ടിട്ടുള്ള മാർബിൾക്കല്ലിൽ ഇങ്ങനെ കാണുന്നു:

Sepultura De
Dom Jose Cariatti
Arcebispo De
Crangonor
Donde era natural
Fallaceu Em Goa
Aio De Setembro De
1786

(മാർ യൌസേപ്പു കരിയാറ്റിയുടെ കബറിടം കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ: അവിടെത്തന്നെ ജനനം: 1086 സെപ്റ്റംബർ 10–ൽ ഗോവയിൽവച്ചു മരിച്ചു) (9–ാംനു മരിച്ചെന്നാണു് വേറെ ചില രേഖകളും പറയുന്നതു്.)

തക്സാ

കുർബാനത്തക്സായും, മാമ്മോദീസാ മുതലായ കൂദാശകളുടെ ക്രമങ്ങളും റോമ്മായിൽ അച്ചടിക്കപ്പെട്ട താണ്. റീത്തുസംബന്ധമായ 12–ാം ശതാബ്ദത്തിൽ നടന്ന പ്രധാനസംഗതി. 1774–ൽ അത്രെ കുർബാനത്തക്സാ ആദ്യമായി അച്ചടിക്കപ്പെട്ടതു്.[7] തച്ചിൽ അബ്രാഹം മല്പാനും പ്യാത്തോട്ടത്തിലച്ചനുംകൂടി ക്രമപ്പെടുത്തി കൊടുത്തതാണ് ഈ തക്സാ എന്നു കേട്ടിട്ടുണ്ട്. തക്സാ അടിക്കുന്നതിനുമുമ്പ് 1757, 1767, 1768–ലും പ്രൊപ്പഗാന്ത തിരുസ്സംഘത്തിൽനിന്നു പുറപ്പെട്ട രേഖകളുടെ താല്പര്യം ഇവിടെ ചേർക്കുന്നു.

1. കമ്മെലീത്തനായ ഇഗ്നേഷ്യസ് എന്ന ഒരു പട്ടക്കാരൻ നമ്മുടെ തക്സാ തെറ്റുതിരുത്തി അടിപ്പിയ്ക്കണമെന്നു് 1757–ൽ അപേക്ഷിച്ചപ്പോൾ, മെനേസിസു വരുത്തിയ തിരുത്തൽകളോടുകൂടിമാത്രമേ അടിപ്പിച്ചുകൂടൂ എന്നായിരുന്നു തിരുസ്സംഘത്തിന്റെ തീരുമാനം.[8]

---

7. കുർബാനത്തക്സായും മറ്റു ശ്രുശ്രൂഷപ്പുസ്തകങ്ങളും അച്ചടിക്കപ്പെടുന്നതിനുമുമ്പ് നമ്മുടെയിടയിൽ ഉപയോഗത്തിലിരുന്ന കയ്യെഴുത്തു പ്രതികളിൽ പല ശ്രുശ്രൂഷകളും കൂട്ടിക്കുഴച്ചു് എഴുതിയിരിക്കുന്നതു കാണാം. പുത്തൻകൂറുകാരുടെ കൈവശമിരുന്നവയിൽ നമ്മുടെ ശ്രുശ്രൂഷകളും യാക്കോബായ ശ്രുശ്രൂഷകളും കൽദായ സുറിയാനിയിലും അന്ത്യോക്കിയൻ സുറിയാനിയിലും ഇടകലർത്തിയെഴുതിയിരിക്കുന്നതും കാണാം. അവരുപയോഗിച്ചിരുന്ന പല പുസ്തകങ്ങളും നമ്മളുപയോഗിച്ചിരുന്നവതന്നെയാണു്. അവ കൽദായ ഭാഷയിൽ എഴുതപ്പെട്ടമിരുന്നു. യാക്കോബായമയം അങ്ങുമിങ്ങും ചിലതിൽ വരുത്തിയിരുന്നു.

8. Ferroli, S. J. op. c. p. 194. തെറ്റുതിരുത്തി തക്സാ അടിപ്പിയ്ക്കുവാൻ കേരളത്തിൽനിന്നു (വരാപ്പുഴനിന്നു) അപേക്ഷിച്ചപ്പോൾ പ്രൊപ്പഗാന്ത തിരുസംഘം, പൌരസ്ത്യരുടെ പുസ്തകങ്ങൾ തിരുത്തുന്ന ജോലി നിവ്വഹിച്ചിരുന്ന തിരുസംഘത്തെ ആ ഭാരം ഏല്പിച്ചു. മെനേസീസു തിരുത്തിയ തക്സായുടെ ഒരു പ്രതി കൽദായയിലും അതിന്റെ പരിഭാഷ ലത്തീനിലും എഴുതിഅയച്ചു കൊടുക്കുവാനാണു് പ്രൊപ്പഗാന്ത തിരുസംഘം ഈ അവസരത്തിൽ ആവശ്യപ്പെട്ടതു്. മെനേസീസിന്റെ തക്സാ തന്നെ അടിയ്ക്കണമെന്നായിരുന്നു തിരുസംഘത്തിന്റെ നിർബന്ധം. Analecta, O. C. D. 1938, p. 37.

2. വി. കോൺറാഡിന്റെ കാർളോസ് എന്ന ഒരു കമ്മെലീത്താ വൈദികൻ തക്സായുടെ രണ്ടു പ്രതികം റോമായിൽ കൊണ്ടുചെന്നിരുന്നു. ഒന്നു കുറെ പുരാതനവും പൂണ്ണവും, മറേറതു പുതിയതും അപൂണ്ണവും ആയി കാണപ്പെട്ടു. കാർളോസു വൈദികനുമുമ്പു റോമായിലെത്തിയ വേറൊരു കമ്മെലീത്താ വൈദികൻ കൊണ്ടുപോയിരുന്ന തക്സായിൽനിന്നു് ഇവ വ്യത്യസ്തങ്ങളും ആയിരുന്നു. തന്നിമിത്തം കാർളോസു വൈദികന്റെ പ്രതികം കേരളത്തിലെല്ലായിടത്തും ഉപയോഗിച്ചിരുന്നവയാണോ എന്നു സംശയം ജനിച്ചു. ഇതിൽ തരണം ചെയ്യുവാൻ നിവൃത്തിയില്ലാത്തതരം വിഷമതകളുണ്ടാകുന്നപക്ഷം, മെനേസിസു തിരുത്തിയ തക്സായാണു് കേരളീയർക്കു നൽകപ്പെടേണ്ടതെങ്കിലും അവരുടെ വൈമനസ്യം നിമിത്തം അതിനുദ്യമിയ്ക്കേണ്ടതല്ലെന്നു 1767—ൽ തീരുമാനിയ്ക്കപ്പെട്ടു.[9] ഈ രേഖയിൽ ''കൽദായക്കാർ'' എന്നാണു് കേരളീയർ വിളിയ്ക്കപ്പെടുന്നതു്.

3. 1768 ജനുവരി 28 ആണു് മൂന്നാമത്തെ രേഖയുടെ തീയതി. ''ക്ദംത്രോനോസു്'' എന്ന പ്രാത്ഥന മെസോപ്പോത്താമ്യരുടെ (കൽദായക്കാരുടെ) തക്സായിലും മെനേസീസു തിരുത്തിയ തക്സായിലും ഉള്ളതിനാൽ നമ്മുടേതിലും ചേർക്കപ്പെടണമെന്നും, ''ലാക് സെമഹാദ് ശ്രുബ്ഹെ'' എന്നതിൽ ''ക്നോമ്മാ''യിശ്ശു പകരം ''സാരാംശം'' എന്ന അത്ഥം വരുന്ന പദം ചേർക്കേണ്ടതല്ലെന്നും; മെസെപ്പൊത്താമ്യരുടെ തക്സായിലേപ്പോലെ പാത്രിയർക്കീസിന്റേയും മെത്രാന്റേയും പേരുള്ളിടത്തു് മാപ്പ്പ്പായുടെ പേരും ചേർക്കണമെന്നും; നമ്മുടെ തക്സായിൽ കാണിച്ചിരുന്നപോലെ കുദാശ വാക്യങ്ങളും ഉച്ചരിച്ചു കഴിഞ്ഞാലുടനെ തിരുശ്ശരീര രക്തങ്ങളും

9. Cardinal Castelli to Mgr. Florence, Vic. Ap. of Malabar, Jan. 8. 1767.

ഉയത്തേണ്ടതാണെന്നും[10] അത്രേ ഈ രേഖയുടെ ഉള്ളടക്കം.[11] ആരോ ചോദിച്ച ചില സംശയങ്ങൾക്കു നൽകിയ സമാധാനമാണു് ഈ രേഖ.

തക്സായുടെ ഉള്ളടക്കം

1774–ൽ തക്സാ (മലയാളത്തിലേ കൽദായതക്സാ) റോമ്മായിൽ ആദ്യമായി അച്ചടിയ്ക്കപ്പെട്ടു. പക്ഷേ, ഇതു് തിരുസിംഹാസനത്തിൽനിന്നു് ഔദ്യോഗികമായി പുറപ്പെട്ട പതിപ്പാണെന്നു തോന്നുന്നില്ല. റോമ്മായിലച്ചടിയ്ക്കുന്ന ഏതു പുസ്തകത്തിലും കാണുന്ന രീതിയിലുള്ള വൈദികാനുമതി മാത്രമേ ഇതിനുള്ളു. ഇതിലേ ഉള്ളടക്കം കർബാനയുടെ ഭാഗമൊഴിച്ചു് ലത്തീൻ മിസ്സാളിലേപ്പോലെ ക്രമപ്പെടുത്തിയിരിയ്ക്കുന്നു. പഞ്ചാംഗവും, തിരുനാൾക്കുറിപ്പുകളും അവശ്യമുള്ള വായനകളും മിക്കവാറും ലത്തീനിലേപോലെതന്നെ. തോമ്മാശ്ലീഹായുടെ ജൂലായി 3–ലേയും, ഡിസംബർ 18–ലേയും തിരുനാളുകൾ ഇതിലുണ്ടെങ്കിലും മൂന്നു നോമ്പിനു സ്ഥാനമില്ല. ഫെബ്രുവരി 2–ലേ തിരിവെഞ്ചരിപ്പും, വലിയ നോമ്പിലേ ഒന്നാം ബുധൻ, ഓശാന ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി എന്നീ ദിവസങ്ങൾക്കുള്ള കർമ്മങ്ങളും ലത്തീനിൽനിന്നു വിവർത്തനംചെയ്തു ചേർത്തിരിയ്ക്കയാണു്. എന്നാൽ ദുഃഖശനിയാഴ്ചയ്ക്കു യാതൊരു ശുശ്രൂഷയുമില്ല. ദുഃഖവെള്ളിയാഴ്ച ദിവസം കർബാനയടക്കുന്ന ക്രമം (Mass of the Presanctified) ലത്തീന്റെ തർജ്ജമയാണെങ്കിലും അതിലേ

---

10. കൽദായക്രമമനുസരിച്ചു് കുർബാശവാക്യങ്ങൾ ഉച്ചരിച്ചാലുടൻ തിരുശ്ശരീരരക്തങ്ങൾ ഉയർത്തുന്നില്ല. കുറെ കഴിഞ്ഞു് തിരുശ്ശരീരം ഉയർത്തുകയും തുടർന്നു ''വിജനശുശ്രൂഷ'' നടത്തുകയും, അതിന്റെശേഷം തിരുരക്തമുയർത്തുകയും ആണു് ചെയ്യുന്നതു്. ഈ ''ഉയർത്തലുകൾ'' ലത്തീൻകാരിൽനിന്നു സ്വീകരിച്ചതല്ലയോ എന്നു സംശയിയ്ക്കുന്നു. വി. കുർബാന സ്വീകരിയ്ക്കുന്നതിനു മുമ്പാണു് പൌരസ്ത്യരുടെയിടയിൽ ആഘോഷപൂർവ്വം ഉയർത്തലും ആരാധനയും നടത്തുക. ആ സമയത്തു ഇപ്പോൾ നമ്മൾ നടത്തുന്ന ഉയർത്തൽ ലത്തീന്റെ അനുകരണമായി രൂപാന്തരപ്പെട്ടുപോയി.

11. Hanssens S. J. op. c. p. 506.

''അശ്വാലൻ'' സുറിയാനിയാണു്. ഓശാനദിവസം പ്രദക്ഷിണത്തിൽ വൈദികൻ പള്ളിയുടെ വാതിലിൽ മുട്ടുമ്പോഴും ചൊല്ലുന്ന ''ആറിംതറഫ്ഖ'' ലത്തീനിലില്ല. ലത്തീൻ വൃംഗാത്തയനുസരിച്ചു് സുറിയാനി വേദവാക്യങ്ങളും അനാവശ്യമായി തിരുത്തിയതും ഇതിൽ കാണാം. ഭാഷാ സംബന്ധമായ തെറ്റുകളും ധാരാളമുണ്ടു്. ഇതിൽ ചേർത്തിട്ടുള്ള പുരാതനമായ കുർബാനയിൽ കാണുന്ന നിസ്സാരമായ ലത്തീൻമയം (തിരുശ്ശരീര രക്തങ്ങളും ഒരുമിച്ചു യർത്തുക ആദിയായവ) 16—ാം ശതാബ്ദത്തിന്റെ ആരംഭം മുതൽ നമുക്കു ലത്തീൻകാരോടുണ്ടായ സമ്പർക്കത്തിന്റെ അവശേഷമാകുന്നു. (ഉദയംപേരൂർ സൂനഹദോസും നമ്മുടെ കുർബാനയും എന്ന അദ്ധ്യായം കാണുക). അതിപുരാതനമായ ''ശ്ലീഹന്മാരുടെ കുർബാന''യോടു് പ്രാർത്ഥനകളുടെ സ്ഥാനക്രമത്തിൽ ഈ കുർബാന പരിപൂർണ്ണമായി യോജിച്ചുന്നില്ല. നമ്മുടെ ഇന്നത്തെ റാസയിൽ അപ്പവും വീഞ്ഞും കൂദാശചെയ്യുന്നതു് കുറെ മുമ്പോട്ടു മാറ്റിവച്ചാൽ അതു് പുരാതനമായ ''ശ്ലീഹന്മാരുടെ കുർബാന''യോടു ഈ വിഷയത്തിലും ഏറെക്കുറെ യോജിച്ചുവരും. 1774—ൽ അച്ചടിച്ച തക്സായിൽ കാണുന്ന റാസക്രമം ഇപ്പോഴും നമ്മളുപയോഗിച്ചുന്നതുപോലെ വിശദമല്ല.[12]

''ആബാദ്ക്കുശ്ത്താ'' ഉംപ്പെടെയുള്ള ചില പ്രാർത്ഥനകളും വേറൊരു പ്രതിയിൽ കണ്ടുവെയാണെന്നു പറഞ്ഞു് 1774—ൽ അച്ചടിച്ച തക്സായിൽ കുർബാനയുടെ അവസാനഭാഗത്തു ചേർത്തിട്ടുണ്ടു്. ഒരു വിശുദ്ധനെന്നു ചിലർ കരുതിയിരുന്ന യാക്കോബായക്കാരനായ സ്രോഗിലെ യാക്കോബാണു് ''ആബാദ്ക്കുശ്ത്താ''യുടെ കർത്താവു്. മാറോനായ റീത്തിലും അന്തിയോക്കിയൻ റീത്തിലും ''ആബാദ്ക്കുശ്ത്താ'' കുർബാനയിൽ ചൊ

12. റാസയിലേ 12 കുമ്പിടൽ നമ്മുടെ മാത്രമേ ഇപ്പോഴും നടത്തുന്നുള്ളൂ. പുരാതനകാലങ്ങളിൽ മെസൊപ്പോത്തമ്യരും അതു നടത്തിയിരുന്നതായി ചില പുരാതന കുർബാനക്രമങ്ങളിൽനിന്നു മനസ്സിലാക്കാം. കുരിശും ഏഴുൻഗലിയോൻ പുസ്തകവും എടുത്തുകൊണ്ടു് റാസയിൽ അഞ്ചും ആറും പട്ടക്കാർ പാടിനടത്തുന്ന ശുശ്രൂഷയും നമ്മുടെയിടയിൽ അവശേഷിച്ചിട്ടുണ്ടു്.

ല്ലിവരുന്നു. എന്നാൽ രണ്ടുമൂന്നു വാക്കുകളിൽ മാറോനായരുടേതു് അന്തിയോക്കിയരുടേതിൽനിന്നു വ്യത്യസ്തമാണു്. നമ്മുടേതു് മാറോനായരുടേതിനോടു് പരിപൂർണ്ണമായി യോജിയ്ക്കുന്നു. 1774—ൽ അച്ചടിച്ച തക്സാ പരിശോധിച്ചതു് ഒരു മാറോനായനായിരുന്നതാകാം ഇതിന്റെ കാരണം. ''മ്ബാറകത്തുമറിയാ'' എന്ന പ്രാർത്ഥനയുടെകൂടെയാണല്ലൊ ''ആബാദ്ക്കുശ്ത്താ'' നമ്മളിപ്പോഴും ചൊല്ലുന്നതു്. ഉദയമ്പേരൂർ സൂനഹദോസു് തിരുത്തിയ തക്സായിൽ ''മ്ബാറകത്തുമറിയാ'' മുഴുവനും കാണുന്നുണ്ടു്. ഇന്നാകട്ടെ അതിന്റെ പകുതിമാത്രമേ നമ്മുടെ തക്സായിലുള്ളു.[13] 1708—ൽ ഊക്കൻ ഇട്ടിച്ചെറിയതു

---

13. ''മ്ബാറകത്തു മറിയാ''യുടെ തർജ്ജമ: ''കർത്താവേ, ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, നീ അനുഗ്രഹീതനാകുന്നു. നിന്റെ നാമം എന്നേയ്ക്കും (പുകഴ്ത്തപ്പെട്ടും) സ്തുതിയ്ക്കപ്പെട്ടും ഇരിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പാപങ്ങൾക്കു തക്കവണ്ണമല്ല നീ ഞങ്ങളോടു പ്രവർത്തിച്ചതു്. നിന്റെ അനുഗ്രഹാധിക്യത്താൽ അന്ധകാരശക്തിയിൽനിന്നു ഞങ്ങളെ നീ രക്ഷിയ്ക്കുകയും ഞങ്ങളുടെ കർത്താവു് ഈശോമ്ശിഹാ ആയ നിന്റെ പുത്രന്റെ രാജ്യത്തിലേയ്ക്കു് ഞങ്ങളെ നീ ക്ഷണിയ്ക്കുകയും ചെയ്തു. അവൻ മുഖേന മരണത്തിന്റെ ശക്തിയെ തട്ടിയുടച്ചു് ഇല്ലാതാക്കുകയും നശിച്ചുപോകാത്ത നിത്യജീവൻ ഞങ്ങൾക്കു നീ പ്രദാനം ചെയ്കയും ചെയ്തു. വെടിപ്പുള്ളതും വിശുദ്ധവുമായ നിന്റെ മദ്ബഹായുടെ മുമ്പിൽ നില്പുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിയ്ക്കുന്ന ഈ സമയത്തു് 'കർത്താവേ നിന്റെ കൃപയാൽ സകല നിർമ്മലതയോടും വിശുദ്ധിയോടുംകൂടി ഈ ബലി സ്വീകരിയ്ക്കുവാൻ ഞങ്ങളെ നീ യോഗ്യരാക്കേണമേ. ഇതു ഞങ്ങൾക്കു് ശിക്ഷാവിധിയ്ക്കും പ്രതികാരത്തിനും കാരണമാകാതെ, അനുഗ്രഹത്തിനും, കൃപയ്ക്കും, പാപമോചനത്തിനും, മരിച്ചവരുടെയിടയിൽനിന്നുള്ള ഉയർപ്പിനും, നിത്യജീവനും കാരണമായി ഭവിയ്ക്കുട്ടെ ഞങ്ങളെല്ലാവരും നിന്റെ സ്തുതി പൂർണ്ണമാക്കുന്ന സാക്ഷികളും, നിന്റെ നിവാസത്തിനു (പറുദീയ) വെടിപ്പുള്ള മാളികകളും വിശുദ്ധാലയങ്ങളും ആയിതീരട്ടെ. ആയതു് നിന്റെ മ്ശിഹായുടെ ശരീരത്തോടും രക്തത്തോടും സംയോജിപ്പിയ്ക്കപ്പെട്ടിട്ടു് മഹത്തായതും പ്രശോഭപൂർണ്ണവുമായ അവന്റെ പ്രത്യക്ഷീകരണത്തിൽ നിന്റെ വിശുദ്ധന്മാരെല്ലാവരോടുകൂടി ഞങ്ങളും പ്രശോഭിയ്ക്കുന്നതിനായിതന്നെ. നിനക്കും, അവനും പരിശുദ്ധാത്മാവിനും, സ്തുതിയും ബഹുമാനവും പുകഴ്ചയും അരാധനയും ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും ഉണ്ടാകട്ടെ.''

കത്തനാർ എഴുതിയ ഒരു കയ്യെഴുത്തു കുർബാനത്തക്സായിലും പകുതിമാത്രമാണു കാണപ്പെടുന്നതു്.[14] കൽദായക്കാരുടെ ഇന്നത്തെ തക്സായിൽ മുഴുവനുമുണ്ടു്. 1767—ൽ റോമായിലടിച്ച അവരുടെ തക്സായിൽ നമ്മുടേതിലേപ്പോലെ അതു് അടിച്ചു ചേർത്തിരുന്നു. ''ആബാദ് ക്കുശ്ത്താ'' ഇപ്പോഴും അവർ സ്ഥാനം മാറ്റി കുർബാന കഴിഞ്ഞു ചൊല്ലുമെന്നു വച്ചിരിയ്ക്കയാണു്. വിശ്വാസികൾക്കു കുർബാനകൊടുക്കുന്ന അവസരത്തിൽ അതു പാടാറുമുണ്ടു്.

''ആബാദ്ക്കുശ്ത്താ''യും അതിന്റെകൂടെയുള്ള ജപങ്ങളും നമ്മുടെ ചൊല്ലിത്തുടങ്ങിയിട്ടു് 150 കൊല്ലത്തിൽ കൂടുതലായിട്ടില്ലെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. കുർബാനയ്ക്കു മുമ്പും പിമ്പും ചൊല്ലേണ്ടതായി (ത്രയാബാ, സൂമ്മാറാ) നമ്മുടെ തക്സായിൽ കാണുന്ന പ്രാർത്ഥനകളും ലത്തീനിൽ നിന്നുള്ള പരിഭാഷയാണു്. അപ്രകാരംതന്നെ ''പിഴയിടിക്കുമ്പോൾ' ചൊല്ലുന്ന ജപവും, കുർബാന കൈക്കൊള്ളുന്നതിനുമുമ്പുള്ള ''ഞാൻ പിഴയാളി''യും കുർബാന കൈക്കൊള്ളുന്നതിനുമുമ്പും കൊടുത്തുകഴിഞ്ഞും

---

14. ഈ തക്സാ ഇപ്പോൾ ചെത്തിപ്പുഴെ ആശ്രമത്തിൽ സൂക്ഷിയ്ക്കപ്പെടുന്നു. കുർബാനയുടെ ഇടയ്ക്കു മാപ്പ്രാപ്പായ്ക്കും പാത്രിയർക്കീസിനും മറ്റും വേണ്ടിയുള്ള പ്രാർത്ഥന ഇതിലില്ല. ഓശാനദിവസം കുർബാനയിൽ പീഡാനുഭവചരിത്രമല്ല ഏവൻഗേലിയോനായി വായിയ്ക്കുവാൻ നിർദ്ദേശിച്ചിരിയ്ക്കുന്നതു്. അടുത്ത ചൊവ്വാബുധൻ എന്ന ദിവസങ്ങളിലേയ്ക്കും കുർബാനയ്ക്ക ദീർഘമായ ഏവൻഗലിയോൻ കൊടുത്തിട്ടില്ല. കാസോലിക്കോസ് റോമാനിയാ എന്നു് ഒരു ഹത്താമ്മായിലുണ്ടു്. ആബാദ്ക്കുശ്ത്തായോ ദുഃഖശനിയാഴ്ച ശ്രൂശ്മയോ ഇതിലില്ല. കുർബാനയോടുകൂടി മാമ്മോദീസാ മുതലായ കൂദാശകൾക്കുള്ള ശ്രൂശ്മകളും ഇതിൽ ചേർത്തിരിയ്ക്കുന്നു. പഞ്ചാംഗത്തിന്റെ അവശേഷം ഉദയമ്പേരൂർ സൂനഹദോസിന്റെ നിശ്ചയപ്രകാരമുള്ളതാണു്. ഡിസംബർ 21 തോമ്മാശ്ലീഹായുടെ മരണമാണത്രേ. പട്ടക്കാർക്കു വിമോചിയ്ക്കുവാൻ അധികാരമില്ലാത്ത 10 പാപങ്ങളും ഇതിൽ കൊടുത്തിട്ടുണ്ടു്. അനുബന്ധം 3 കാണുക.

നൽകപ്പെട്ടന്ന ആശീർവ്വാദങ്ങളും ലത്തീനിൽനിന്നുള്ളവ യാകുന്നു.15

കൽദായക്കാക്കു ''പുക്ക്ദാനകോൻ'' ഇല്ല. അതി നുമുമ്പുള്ള ''കന്തിശ്, കന്തിശ്'' 1767–ൽ അടിച്ച അവരുടെ തക്സായിൽ കുർബാനമദ്ധ്യേയാണ് പ്രത്യ ക്ഷമാകുന്നതു്. ഇന്നത്തെ അവരുടെ തക്സായിൽ അവി ടെയും ഇല്ല.16

മാമ്മോദീസാ മുതലായവ

1775–ൽ മാമ്മോദീസാ മുതലായ കൂദാശക്രമങ്ങളും റോമ്മായിൽ അച്ചടിയ്ക്കപ്പെട്ടു. അതും ഔദ്യോഗികപതി പ്പാണെന്നു തോന്നുന്നില്ല. അതിൽ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വളരെപേർക്കും മാമ്മോദീസാ നൽകു വാനുള്ള ക്രമവും, ഹന്നാൻവെള്ളം വെഞ്ചരിക്കുക, കല്യാ ണം കെട്ടിച്ചു് വാഴകൊടുക്കുക, മഹറോൻപോക്കുക, കുമ്പസാരിപ്പിക്കുക, ഒടുവിലത്തെ ഒപ്രൂശ്മകൊടുക്കുക, മരണസമയത്തുള്ള ബന്ധവിമോചനവും മറ്റും നൽകുക, പുതിയ വീടും സ്ഥലങ്ങളും വെഞ്ചരിക്കുക എന്നീ ക്രമ ങ്ങളും അടങ്ങിയിരിക്കുന്നു. ഇവയെല്ലാം ലത്തീനിൽനി ന്നുള്ള പരിഭാഷയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. സാ മാന്യം നീളംകൂടിയ ഈ പതിപ്പ് ഇപ്പോഴും ദുർല്ലഭമാ ണു്. മാന്നാനം കൊവേന്തയിലും പള്ളിപ്പുറത്തുകൊവേ ന്തയിലും ഓരോ പ്രതി സൂക്ഷിച്ചിട്ടുണ്ടു്.

---

15. കൽദായക്രമപ്രകാരം പിഴയിടിക്കുന്ന സമയത്തു ജന ങ്ങൾക്കു കാണത്തക്കവണ്ണം പട്ടക്കാരൻ തിരുശരീരം കാസായുടെ മുകളിൽ ഉയർത്തിപിടിക്കുന്നു. ആ സമയത്തു് കൽദയാക്കാരും ചിലപ്പോൾ ലത്തീനിൽനിന്നെടുത്ത ജപം ചൊല്ലാറുണ്ടു്.

16. കൽദായക്കാരുടെ 1767 ലേയും ഇപ്പോഴത്തേയും തക് സാകയും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ഇപ്പോഴത്തേതു് മിക്ക വാറും പഴയതിനോടു യോജിക്കുന്നു. 1767–ലേതിൽ ലത്തീൻമയം ധാരാളമുണ്ടായിരുന്നു.

കരിയാറ്റിലെത്രാന്നും റീത്തും

പോർട്ടുഗളിൽ താമസിക്കുമ്പോഴും ലത്തീൻ പൊന്തിഫിക്കളിന്റെ സുറിയാനി വിവർത്തനമുപയോഗിച്ചുകൊണ്ടു നാലാംപട്ടവും ലത്തീനിൽതന്നെ മുമ്പിലത്തെ ഒപ്രൂശ്മായും കരിയാറ്റിൽ മെത്രാപ്പോലീത്താ നൽകിയതായി ''വർത്തമാനപ്പുസ്തക''ത്തിൽ പാറേമ്മാക്കലച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ പൊന്തിഫിക്കളിന്റെ ഒരു (കൽദായ) സുറിയാനി വിവർത്തനം. (ഒരു മാറോനായക്കാരൻ [പാശ്ചാത്യസുറിയാനിയിൽ] തയാറാക്കിയതിന്റെ പകർപ്പ്) മാന്നാനം കൊവേന്തയിൽ ഇരുപ്പുണ്ട്. അതിലെ കാര്യവിവരണങ്ങളും (Rubrics) മലയാളഭാഷയിൽ സുറിയാനി ലിപികളിൽ (കർസോൻ) എഴുതപ്പെട്ടിരിക്കുന്നു. പാറേമ്മാക്കലച്ചൻ ഈ വിധത്തിൽ അതു കേരളത്തിൽ കൊണ്ടുവന്നതാണെന്നു കേട്ടിട്ടുണ്ട്. എടത്വായിൽനിന്നാണു (വടയാറ്റുനിന്നു?) അതു മാന്നാനത്തു ചെന്നെത്തിയതെന്നു കേൾക്കുന്നു. വടയാറ്റായിരുന്ന പാറേമ്മാക്കലച്ചന്റെ പുസ്തകങ്ങളും മിക്കതും സൂക്ഷിച്ചിരുന്നതു.[17] മാറോനായക്കാർ തയാറാക്കിയ വിവർത്തനം നമ്മുടെ ഉപയോഗത്തിനായി കൽദായ ലിപികളിൽ പകർത്തിയതായിരിക്കാം ഈ പുസ്തകം.

പോർട്ടുഗളിൽ ആയിരിക്കവെ ''നമ്മുടെ സുറിയാനിപേജുകളിലെ'' പിശകുകളും തീർക്കുവാനായി കരിയാറ്റിൽ മെത്രാപ്പോലീത്താ പല ആലോചനകളും നടത്തിയിരുന്നു. മെസൊപ്പൊത്താമ്യയിൽ നിന്നു മല്പാന്മാരെ കേരളത്തിൽ കൊണ്ടുവരണമെന്നു അദ്ദേഹം വിചാരിച്ചിരുന്നത്രേ.

രാമപുരത്തു സൂക്ഷിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കുരിശും മോതിരവും ലത്തീൻറീത്തുപ്രകാരമുള്ളവയാകയാൽ

---

17. കരിയാറ്റിലെത്രാപ്പോലീത്താ പ്രോപ്പഗാന്തയിൽനിന്നു ഡി. ഡി. ബിരുദം സമ്പാദിച്ചപ്പോൾ അദ്ദേഹത്തിനു നൽകപ്പെട്ട സാക്ഷിപത്രം (Diploma) മാന്നാനത്തും അതിന്റെ ഒരു ശരിപ്പകർപ്പ് മുത്തോലിലും ഉണ്ട്.

അദ്ദേഹം ലത്തീൻ മെത്രാന്മാരെപ്പോലെ വേഷഭൂഷണങ്ങളണിഞ്ഞിരുന്നു എന്നു കരുതേണ്ടതാണ്.[18] ലത്തീൻ റീത്തു സ്വീകരിച്ചുകൊള്ളാമെന്നു വാശ്ദാനം ചെയ്തശേഷമാണു് കരിയാറിൽ മെത്രാപ്പോലീത്താ മെത്രാൻപട്ടം സ്വീകരിച്ചതെന്നു ചിലർ പ്രസ്താവിച്ചുകേൾക്കുവാൻ ഇടയായിട്ടുണ്ടു്. ഇതു വാസ്തവമെങ്കിൽ, വാഗ്ദാനംനടന്ന സ്ഥലമായ പോർട്ടുഗലിൽ വച്ചുപോലും സുറിയാനിയിൽ കുർബാന ചൊല്ലിയതും, സുറിയാനിഭാഷയിൽ പട്ടം കൊടുത്തതും എങ്ങനെയെന്നു മനസ്സിലാകുന്നില്ല. ലത്തീൻറീത്തിൽനിന്നുള്ള വിവരത്തനങ്ങളാൽ നമ്മുടെ റീത്തിനെ പൂർത്തിയാക്കാമെന്നായിരുന്നോ ഒരു പക്ഷേ ആ വാഗ്ദാനം? ലത്തീൻറീത്തിലുള്ള ക്രമങ്ങളനുസരിച്ചു് കിഴക്കരും കുദാശകരും ശുശ്രൂഷിക്കണമെന്നൊരു നിർബന്ധമനസ്ഥിതി പാശ്ചാത്യരിൽ അക്കാലത്തുണ്ടായിരുന്നു. അതനുസരിച്ചു് കൽദായക്കാർ കുറെക്കാലത്തേയ്ക്കു് ലത്തീൻ പൊന്തിഫിക്കളിന്റെ സുറിയാനി വിവർത്തനം ഉപയോഗിച്ചിട്ടുണ്ടു്. ഈ ആശയമാണു് മേൽപറഞ്ഞ വാഗ്ദാനത്തിൽ പ്രത്യക്ഷമാകുന്നതെന്നുവരാം. കൊടുങ്ങല്ലൂർ അധികാരത്തിൽപെട്ട ലത്തീൻകാരുടെ (?) കാര്യം വല്ലതുമാണോ ഇവിടെ സൂചിപ്പിക്കപ്പെടുന്നതെന്നും സംശയിപ്പാൻ വഴിയില്ലാതില്ല. ഏതോ വാഗ്ദാനം നടന്നെന്നുള്ള സങ്കല്പത്തിൽ ഇവിടെ ഇത്രയും പ്രസ്താവിക്കുന്നതാണു്.

സംക്ഷേപവേദാർത്ഥം

തക്സാ അച്ചടിച്ച കാലത്തോടടുത്തുതന്നെ (1772) മലയാള ഭാഷയിൽ ഒരു വേദോപദേശവും (സംക്ഷേപവേദാർത്ഥം) റോമ്മായിൽ അച്ചടിക്കപ്പെട്ടു. ഒരു പക്ഷേ കരിയാറിൽ മല്പാൻ ആലങ്ങാട്ടു പഠിപ്പിച്ചിരുന്ന ''വേദാർത്ഥ''മായിരിക്കാം ഇതു്. കുദാശക്രമങ്ങളും, നോമ്പു

18. പാറേമ്മാക്കലച്ചന്റെ പല്ലക്കിന്റെ തണ്ടും രാമപുരത്തുണ്ടു്.

കം ആദിയായവ സംബന്ധിച്ച് ലത്തീൻ മുറയുള്ള പഠനങ്ങം മല്പാൻ ആലങ്ങാട്ട പഠിപ്പിച്ചിരുന്നെന്ന കരുതാവുന്നതാണ്.19 അക്കാലത്തു സെമിനാരികളിലും ഇടവകപ്പള്ളികളിലും വൈദികവിദ്യാത്ഥികളെ പഠിപ്പിച്ചിരുന്നവർ മല്പാൻ സ്ഥാനത്തേയുമെത്രാന്മാരാൽ ഉയർത്തപ്പെടുക പതിവായിരുന്നു. മോതിരം ധരിക്കുക മല്പാന്മാരുടെ അവകാശമാണ്. കരിയാറ്റിയാകട്ടെ റോമായാൽ മല്പനാക്കപ്പെട്ട ഒരാളായിരുന്നു.

---

19. 1768-ൽ കരിയാറ്റിൽ മല്പാൻ രചിച്ച ''വേദതക്കം'' (''സകലജ്ഞായ നമ:തക്ശാസ്ത്രം പുത്തൻകൂറുകാരോടുപറയുന്നതു'') എന്ന കൃതിയിൽനിന്ന് മല്പാന്റെ ആശയങ്ങളിൽ ലത്തീൻ മയം ധാരാളം കലർന്നിരുന്നെന്ന ഗ്രഹിക്കാവുന്നതാണ്. മാപ്പാപ്പായുടെ പരമാധികാരം, സ്വർഗ്ഗപ്രവേശനക്കം, പട്ടക്കാരുടെ വിവാഹം, മുട്ടുകുത്തൽ, പട്ടം വടിക്കൽ, മാമ്മോദീസായിൽ പച്ചവെള്ളവും ചൂടുവെള്ളവും കലർത്തുന്നതു, കല്യാണത്തിനു മണവാട്ടിയെ മണവാളന്റെ ഇടത്തുവശത്തു നിറുത്തുന്നതിലുള്ളയുക്തി, മ്ശിഹായുടെ ഇരുസ്വഭാവങ്ങളും റൂഹാദ്കുദ്ശായുടെ പുറപ്പാട്, കുർബാനയുടെ പുളിക്കാത്ത അപ്പംതന്നെയാണ് ഉപയോഗിക്കേണ്ടതു, ബേസ്പൂർക്കാനാ ഇതുയും സംഗതികളാണ് ''വേദതക്ക''ത്തിലേ പ്രതിപാദ്യവിഷയങ്ങം. മുട്ടുകുത്തുന്നതുസംബന്ധിച്ച് മല്പാൻ പറയുന്നു: ''എടോ പുത്തൻകൂറുകാരാ ഇപ്പോം നിങ്ങം കുർബാനകാണുമ്പോളും കുർബാനകൈകൊള്ളുമ്പോളും നമസ്ക്കരിക്കുമ്പോളും ഉടയതമ്പുരാനോടു വേണ്ടുന്ന ആചാരമൊക്കെയും മുട്ടുകുത്തി ആചാരം ചെയ്യാതെ നിന്നുകൊണ്ടു ചെയ്വാൻ എന്തവകാശം?.... ഇങ്ങനെ നിവ്യന്മാരും ശ്രീഹന്മാരും സഹദേന്മാരും പുണ്യവാളന്മാരും അടിയാരും രാജാക്കളും രാജാക്കളുടെ രാജാവായ മിശിഹാതമ്പുരാൻകൂടെയും മുട്ടുകുത്തി നമസ്ക്കരിച്ചു എന്നു എഴുത്തുപെട്ടിരിക്കുന്നു എന്നാൽ നിന്നുകൊണ്ടു നമസ്കരിച്ചു എന്നും ചില സംഗതിക്കു ചിലർ ചെയ്യുപ്രകാരം എഴുത്തുപെട്ടിട്ടുണ്ടെങ്കിലും മുട്ടുകുത്തി നമസ്ക്കരിക്കുന്നതത്രേ പട്ടാങ്ങയുള്ള ആചാരവഴക്കം എന്നു എല്ലാവർക്കും അറിയാമല്ലൊ. അതെന്തേ രാജാവും അടിയാനും ഒരിടത്തു

ഗോർണ്ണദോരച്ചൻ

പാറേമ്മാക്കൽ ഗോണ്ണദോരച്ചന്റെ കാലത്തു് സഭാഭരണസംബന്ധമായി ചില നിയമങ്ങളും ഏർപ്പെടുത്തപ്പെട്ടതല്ലാതെ റീത്തിനെ സ്പർശിയ്ക്കുന്നതായി പ്രത്യേകമൊന്നും നടന്നിട്ടുണ്ടെന്നു തോന്നുന്നില്ല. പന്ത്രണ്ടു പട്ടക്കാർ ഒരുമിച്ചു താമസിച്ചു് (canons) സുറിയാനിപ്പള്ളികളുടേയും സമുദായത്തിന്റെയും ഗുണാഭിവൃദ്ധിയ്ക്കായി ''വേദാധികാരിയെ'' (മെത്രാനെ) ബോധിപ്പിച്ചു എല്ലാ

നിലയ്ക്കുമ്പോഴും നിലകൊണ്ടു് അവർ ഒപ്പമായിനിലയ്ക്കുന്നു. അപ്പോഴും വിശേഷിച്ചു് ഒരാചാരവഴക്കം നിലകൊണ്ടുണ്ടായിരുന്നില്ലല്ലൊ. നിലയ്ക്കുന്ന രാജാവിന്റെ തിരുമുമ്പിൽ അടിയാൻ മുട്ടുകുത്തി ആചാരവഴക്കം ചെയ്യുമ്പോഴും രാജാവടിമുട്ടുത്ത ആചാരവഴക്കങ്ങളും ചെയ്യുവെന്നറിയാമല്ലൊ. ഇങ്ങനെയല്ലൊ ക്രമമാകുന്നു.

അപ്പോഴും സകല രാജാക്കളുടെ രാജാവും കർത്താക്കളുടെ കർത്താവും മാനുഷരുടേയും മാലാഖമാരുടെയും സൃഷ്ടിസ്ഥിതിചെയ്യുന്ന സർവ്വരാജാവുമായ തമ്പുരാന്റെ തിരുമുൻപിൽ എത്രയും ഏറെയേറെ ആചാരവഴക്കം ചെയ്യേണ്ടുന്നതു് മുട്ടുകുത്തി തലയിൽക്കൈകൂപ്പി തലയും ചാച്ചു് പിഴയും കുത്തി കുമ്പിട്ടു സാഷ്ടാംഗം ചെയ്വാൻ ന്യായമാകുന്നോ ചെന്നു നിന്നനിലയിൽനിന്നുകൊണ്ടു് ചെയ്വാൻ ന്യായമാകുന്നോ എന്നു നിങ്ങളും വഴിയെ വിചാരിപ്പിൻ.''

(കോട്ടയം മാസിക. 1920 സെപ്റ്റംബർ: കരിയാറ്റിൽ മല്പാന്റെ വേദതർക്കം മി. റവ. കെ. ജോസഫ് ബി. എ. എൽ. റവ.)

പട്ടംവടിക്കുക, മുട്ടുകുത്തുക, മാമ്മോദീസായിക്കു പച്ചവെള്ളവും ചൂടുവെള്ളവും കലത്തുക, മണവാട്ടി വലത്തുവശത്തു നില്ക്കുക, പുളിച്ച അപ്പം ഉപയോഗിക്കുക, എന്നിവയെല്ലാം റീത്തിനെ സംബന്ധിക്കുന്നവയും ഓരോറീത്തുകാരും അവരവരുടെ റീത്തിലേ വിധിപോലെ ചെയ്യേണ്ടവയും ആണു്. ഇവസംബന്ധിച്ചുള്ള മല്പാന്റെ ആശയം കുറെകടന്നതാണു്. അന്നത്തേ ലത്തീൻ മനഃസ്ഥിതിയാണു് മല്പാനിലും കാണുന്നതു്—പട്ടക്കാരുടെ വിവാഹം റീത്തിനെ സ്പർശിക്കുന്നതല്ല.

സംഗതികളും ചെയ്യണമെന്നു് ഗോർണ്ണദോറിന്റെ കീഴിൽ 1787–ൽ അങ്കമാലി വലിയപള്ളിയിൽ കൂടിയ യോഗം ഒരു നിശ്ചയം ചെയ്തു[20]. ഈ പന്ത്രണ്ടുപേർ ലത്തീൻസഭയിലേ കാനൻമാരുടെ (canons) സ്ഥാനത്തായിരുന്നതിനാൽ കാനോൻജപവും മറ്റു വൈദിക ശുശ്രൂഷകളും അവർ ഒരുമിച്ചുകൂടി നടത്തേണ്ടതാണെന്നുള്ള ധാരണ യോഗാംഗങ്ങൾക്കു ഉണ്ടായിരുന്നിരിയ്ക്കാൻ വഴിയുണ്ടു്. ഇവർ ഗോർണ്ണദോരിന്റെ ആലോചനക്കാരായിരുന്നു. തനിയ്ക്കും ആലോചനക്കാക്കും സക്കാരിൽ അംഗീകരിയ്ക്കപ്പെട്ട ബഹുമതികളും സ്വാതന്ത്ര്യാവകാശങ്ങളും ലഭിയ്ക്കുന്നതിനുവേണ്ടിയും ഗോണ്ണദോർ പരിശ്രമിയ്ക്കാതിരുന്നില്ല.[21]

പൌലോസു മെത്രാൻ

ചങ്ങനാശേരിൽവച്ചു് പണ്ടാരി പൌലോസു മെത്രാൻ ഏഴുപേർക്കു കർബാനപ്പട്ടം കൊടുത്തെന്നു ചാവറ പ്രിയോരച്ചൻ റോക്കോസു ശീസ്മയെപ്പററി എഴുതിയ നാളാഗമത്തിൽ പ്രസ്താവിയ്ക്കുന്നു. സുറിയാനിയിലായിരിയ്ക്കണം പൌലോസുമെത്രാൻ പട്ടംകൊടുത്തതു്. പക്ഷെ, ലത്തീനിൽനിന്നുള്ള വിവർത്തനമായിരുന്നിരിയ്ക്കാം ആ സുറിയാനിക്രമം.

തിരുസിംഹാസനം

സുറിയാനിപുസ്തകങ്ങൾ തിരുത്തുവാനും, നമ്മുടെ റീത്തു ശരിപ്പെടുത്തുവാനും കൽദായക്കാരായ രണ്ടു മല്പാന്മാരെ കേരളത്തിലേയ്ക്കയയ്ക്കുവാൻ പ്രൊപ്പഗാന്തതിരുസംഘം തീരുമാനിച്ചിരുന്നു എന്നു് 18–ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ റോമ്മായിൽ സമർപ്പിച്ച

20. മാർത്തോമ്മാ ക്രിസ്ത്യാനികൾ, II. p. 232.

21. Ibid. p. 228.

ഒരു റിപ്പോർട്ടിൽ പൌളീനോസു എന്ന കമ്മെലീത്താ മിഷനറി പ്രസ്താവിയ്ക്കുന്നു.22

---

22. Analecta, O. C. D., 1937, P. 263.– കൽദായക്കാരെ വരുത്തിക്കൊണ്ടോ, മിഷനറിമാർ വരുന്നവഴിക്കു് മെസോപ്പൊത്തൊമ്യായിൽ താമസിച്ചു സുറിയാനി പഠിച്ചുകൊണ്ടോ ഈ സംഗതി നടപ്പിലാക്കാമെന്നാണു് പൌളീനോസു പറയുന്നതു്. കൽദായ മല്പാന്മാരോ സുറിയാനി പരിചയമുള്ള മിഷനറിമാരോ ശ്രമിച്ചില്ലെങ്കിൽ നമ്മുടെ റീത്തു നന്നാകുകയില്ലെന്നും അദ്ദേഹം പറയുന്നു. ഇവിടെയുള്ള കത്തനാരന്മാർ സുറിയാനി ശരിയായി പഠിയ്ക്കുന്നില്ലെന്നും റീത്തു നന്നാക്കുന്നതിൽ ശ്രദ്ധിയ്ക്കുന്നില്ലെന്നും, സുറിയാനി പരിചയമില്ലാത്ത ഇടയന്മാരും വൈദികരും ഇതിൽ യാതൊന്നും പ്രവർത്തിയ്ക്കയില്ലെന്നും അദ്ദേഹം പ്രസ്താവിയ്ക്കുന്നു. Illi catanares seu sacerdotes syro-chaldaei qui in Malabaria existunt hanc linguam obiter addiscunt et de emendando ritu librisque corrigendis parum aut nihil solliciti sunt; pigri alioquin et zelo religionis dilatandae carentes. Et dum pastor et sacerdotes linguae ritusque imperiti sunt, quid boni in hac materia sperari potest? (Ibid) പൌളീനോസു് മലയാളത്തിലെഴുതിയ സന്മാർഗ്ഗശാസ്ത്രം അച്ചടിക്കപ്പെട്ടില്ല. അബ്രാഹം എക്കെല്ലെന്റെ (Ecchellensis) സുറിയാനിവ്യാകരണം കേരളീയർക്കായി അടിപ്പിക്കണമെന്നും അദ്ദേഹം റോമ്മയിൽ ശുപാശ് ചെയ്തു. (P. 278)

പതിനൊന്നാം അദ്ധ്യായം

പത്തൊൻപതാം ശതാബ്ദം

ചരിത്രഭാഗം

പതിനെട്ടാം ശതാബ്ദത്തിന്റെ അവസാനത്തിൽ സുറിയാനിക്കാർ പ്രൊപ്പഗാന്ത (വരാപ്പുഴ) പദ്രൊ ആദൊ (കൊട്ടങ്ങല്ലൂർ) എന്നീ രണ്ടധികാരങ്ങൾക്കു വീണ്ടും വിധേയരായ സംഗതി കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചുവല്ലൊ. 1831–ൽ സുറിയാനി കർമ്മെലീത്താ സന്യാസസമൂഹം മാന്നാനത്തു് സമാരംഭിക്കപ്പെട്ടു. പാലയ്ക്കൽ തോമ്മാ മല്പാനും, പോരുക്കര തോമ്മാ മല്പാനും അതിന്റെ പ്രാരംഭപ്രവർത്തകന്മാരായിരുന്നു. ചില കൃപ്പങ്ങൾ നിമിത്തം പദ്രൊ ആദൊ ഭരണം തൽക്കാലത്തേയ്ക്കു നിറുത്തലാക്കപ്പെട്ടതോടെ സുറിയാനിക്കാരെല്ലാവരും വരാപ്പുഴക്കീഴ് ചെന്നുചേർന്നു (1838). വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്കു് തദവസരത്തിൽ സുറിയാനിക്കാരുടെ അപേക്ഷപ്രകാരം ബഹുമാനസൂചകമായി മെത്രാപ്പോലീത്തൻ സംജ്ഞ നൽകപ്പെട്ടു.[1] 1861

---

1. "Praeterea, a. 1840 insistentibus Catholicis Syro-Malabaricis, usque ad annum 1838 Archiepiscopatui Cranganorensi nunc vero Vicario Ap. Verapolitano subjectis, Vicarius Ap. noster D. Franciscus Xaverius Pescetto titulo et dignitate Archiepiscopi Sardinani (Sardes...) insignitus fuit "Ob suorum meritorum de catholica religione in illis regionibus praestantium" per Breve Ap. Sub die 10 Apr. 1840 editum." Analecta, O. C. D., 1938, p. 295.

ഈ സംജ്ഞ ഇദ്ദേഹത്തിന്റെ പിൻഗാമികൾക്കും നൽകപ്പെട്ടു. പ്രൊപ്പഗാന്തക്കീഴുള്ള ഇൻഡ്യൻ ഹയരാർക്കി സ്ഥാപിക്കപ്പെട്ടപ്പോൾ വരാപ്പുഴ ഒരു മെത്രാപ്പോലീത്തൻ രൂപതയായി പരിണമിച്ചു.

മുതൽ 1864 വരെ പല സുറിയാനിപ്പള്ളികളും റോക്കോസു ശീസ്മയ്യ വിധേയമായി. ബെഞ്ചർദീനോസുമെത്രാപ്പോലീത്താ ആയിരുന്ന അന്ന വരാപ്പുഴത്തെ ഭരണാധികാരി. 1857-ൽ തിരുസിംഹാസനവും പോർട്ടുഗൽ ഗവമ്മെണ്ടും തമ്മിലുണ്ടായ ഉടമ്പടി നടപ്പിൽ വന്നതോടെ പുനഷ്ഠാപിയ്ക്കപ്പെട്ട കൊട്ടങ്ങല്ലൂർ (പദ്രൊ ആദൊ) അധികാരത്തിലും വരാപ്പുഴ (പ്രൊപ്പഗാന്ത) അധികാരത്തിലും ആയി. 1864-ൽ സുറിയാനിക്കാർ വീണ്ടും വിഭജിയ്ക്കപ്പെട്ടു. റോക്കോസു ശീസ്മയിൽനിന്നു പദ്രൊ ആദോകുഴപ്പത്തിൽ നിപതിച്ച പള്ളികളും ഈ സന്ദർഭത്തിൽ തിരിച്ചുപോരുകയുണ്ടായി. 1874-ൽ മേലൂസു് ശീസ്മയുത്ഭവിച്ചു. 1877-ൽ മേലൂസു് മെസോപ്പൊത്താമ്യയിലേയ്ക്കു തിരിച്ചുപോയെങ്കിലും അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ട ഗണ്യമായ ഒരു ഭാഗം 20-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ (1908) നെസ്തോറിയൻകാരായി (സുറായികളായി) തീർന്നു. തൃശ്ശൂരാണു് ഇവരുടെ ആസ്ഥാനം. വിദേശത്തുള്ള നെസ്തോറിയൻകാരുടെ കൈവശമുള്ള പൌരസ്ത്യസുറിയാനി റീത്തുതന്നെ പലതിലും ഇവർ സ്വീകരിച്ചിരിയ്ക്കുന്നു. ഇപ്പോഴും യാക്കോബായയിലും നവീകരണത്തിലും ലയിച്ചുപോയിട്ടുള്ള ചേന്നങ്കരി ശീസ്മക്കാരുടെ നേതാവു് കുരുവിളയച്ചൻ തൃശ്ശൂർ വച്ചു നിര്യാതനായി. റോക്കോസിന്റെ കൂടെ മെസൊപ്പോത്താമ്യയിലെത്തി നെസ്തോറിയൻ പാത്രിയർക്കീസിന്റെ പക്കൽനിന്നു് മെത്രാൻപട്ടം സ്വീകരിച്ചു് (?) അവുദീശോ നാമധാരിയായി തിരിച്ചെത്തിയ തൊണ്ടനാട്ട അന്തോനിക്കത്തനാർ അനുതപിച്ചെങ്കിലും മേലൂസു് ശീസ്മയുടെ കാലത്തു രണ്ടു പ്രാവശ്യം അധഃപതിയ്ക്കുയും, മേലൂസിന്റെ വേർപാടിൽ തൃശ്ശൂരുള്ള ശീസ്മക്കാരെ ഭരിയ്ക്കുകയും അവിടെവച്ചു മരണംപ്രാപിയ്ക്കുകയും ചെയ്തു. എളന്തോട്ടത്തു താമസിച്ചിരുന്നതുകൊണ്ടു് ''എളന്തോട്ടത്തു മെത്രാൻ'' എന്നും ഇദ്ദേഹം വിളിയ്ക്കപ്പെട്ടുണ്ടു്. മേലൂസിന്റെ സഹായകനായി മെസൊപ്പൊത്താമ്യയിൽനിന്നു വന്ന മാർ യാക്കോബിന്റെ മാനസാന്തരമാണു് അദ്ദേഹത്തിന്റെ അവസാനത്തെ അധഃപതന

ത്തിനു കാരണം. മെസൊപ്പൊത്താമ്യനായ ആഗ്രസ്തീനോസ് എന്ന ഒരു കോർ അപ്പസ്കോപ്പായും തൃശ്ശൂർ താമസിച്ചിരുന്നു. തൃശ്ശൂരെ ശീസ്മക്കാർ മുകളിൽ പറഞ്ഞതുപോലെ നെസ്തോറിയൻകാരായിതീർന്നു.[1a]

1875—ൽ ബോബയിലെ മെത്രാൻ വികാരിയാർ അപ്പസ്തോലിക്കു് ആയി ഇവിടെവന്നു. ഇതേതുടർന്നു് 1877—ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായ ലെഒനാർദ്ദു മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി മർസ്ലിനോസുമെത്രാൻ സുറിയാനിക്കാർക്കു വേണ്ടി നിയമിക്കപ്പെട്ടു. 1868—ൽ പ്രൊപ്പഗാന്തക്കീഴിലുള്ള ഇൻഡ്യൻ ഹയരാർക്കി സ്ഥാപിക്കപ്പെട്ടുകയും പദ്രോ ആദൊ ഭരണം പുനഃസംഘടിപ്പിക്കപ്പെട്ടുകയും ചെയ്തപ്പോഴും കൊടുങ്ങല്ലൂർ അധികാരം നിറുത്തലാക്കപ്പെട്ടു. 1887—ൽ കോട്ടയം, തൃശ്ശൂർ എന്ന രണ്ടു ശ്ലൈഹികവികാരിയാത്തുകളും സ്ഥാപിക്കപ്പെട്ടുകയും ലവീഞ്ഞു, മെഡലിക്കോട്ടു് എന്ന രണ്ടു ലത്തീൻമെത്രാന്മാരെ അവ ഭരമേല്പിക്കപ്പെട്ടുകയും ഉണ്ടായി. മുമ്പിലത്തേ ഒപ്പുശ്മാനൽകുക ആദിയായി ലത്തീൻ സഭയിൽ മെത്രാന്മാർ നടത്തുന്ന ചില കർമ്മങ്ങളും നടത്തേണ്ടതിനു് നാട്ടുകാരിൽനിന്നു് വികാരി ജെനറാളന്മാരും നിയമിതരായി. 1896—ൽ ചങ്ങനാശേരി, എറണാകുളം, തൃശ്ശൂർ എന്ന ശ്ലൈഹിക വികാരിയാത്തുകളും സ്ഥാപിക്കപ്പെട്ടതോടെ നാട്ടുമെത്രാന്മാരുടെ ഭരണം ആരംഭിച്ചു, ഇങ്ങനെ 19—ാം ശതാബ്ദം അവസാനിക്കുന്നു.

1a. എളന്തോട്ടത്തിൽ മെത്രാൻ മരിച്ചശേഷം കോറപ്പസ്കോപ്പാ ശീസ്മക്കാരെ ഭരിച്ചിരുന്നു. എന്നാൽ 1908—ൽ കാൻറർ ബറി ആർച്ചുബിഷോപ്പുവഴി ശീസ്മക്കാർ നടത്തിയ പരിശ്രമത്തിൻറെ ഫലമായി മാർ തിമാത്തെഒസ് അബീമ്ലെക്കു് എന്ന നെസ്തോറിയൻ മെത്രാൻ തൃശ്ശൂർ എത്തി. ഇദ്ദേഹത്തെ അനുഗമിച്ചവർ സുറായികളെന്നും (നെസ്തോറിയക്കാർ) കോർ അപ്പസ്തോപ്പായെ ആദരിച്ചവർ സ്വതന്ത്രർ (''ഇൻഡിപ്പെൻഡൻറ്സ്'') എന്നും വിളിയ്ക്കപ്പെട്ടു. ഇരുകക്ഷികളും തമ്മിലുണ്ടായ വ്യവഹാരങ്ങൾ അവസാനിച്ചു് സുറായികളായ വിജയികളായതോടെ സ്വതന്ത്രകക്ഷി മിക്കവാറും കത്തോലിയ്ക്കരായി.

1. റീത്തു് (കൊട്ടങ്ങല്ലൂർക്കീഴു്)

കൊട്ടങ്ങല്ലൂർ അധികാരസ്ഥാനത്തുനിന്നു് റീത്തു സംബന്ധിച്ചു നൽകപ്പെട്ടിട്ടുള്ള പ്രധാന നിർദ്ദേശങ്ങളെക്കുറിച്ചു് ആദ്യമായി പ്രസ്താവിക്കാം.

റാസ

1838 – ൽ മരണംപ്രാപിച്ച പെയിശിയോത്തു് (Paisciote) ഗോണ്ണ്ടോരിന്റെ അനുവാദത്തോടെ ചില സ്ഥലങ്ങളിൽ മൂന്നു വൈദികർമാത്രം റാസയുടെ സംബന്ധിച്ചു തുടങ്ങി.[1] കാമ്മികനുംപ്പെടെയാണു് മൂന്നുപേർ. ഈ നടപ്പു് തൃശൂർ രൂപതയിൽ ഇന്നും ഉള്ളതാണു്.

പടിസാധനം

1868–ൽ ഫെബ്രുവരി 6–ൽ അന്തോനികൊറെയാ പുറപ്പെടുത്തിയ പടിസാധനത്തിൽ[2] നേരിട്ടല്ലെങ്കിലും റീത്തിനെ സ്പർശിക്കുന്ന ചില സംഗതികളും കാണുന്നുണ്ടു്. പടിസാധനത്തിന്റെ മുരുക്കം ഇവിടെ ചേർക്കുന്നു:–

മാമ്മോദീസാ, കല്യാണം, മരണം എന്നിവ രേഖപ്പെടുത്തുവാൻ എല്ലാ പള്ളികളിലും പുസ്തകങ്ങളും ഉണ്ടായിരിയ്ക്കുണം: 24 മണിക്കൂറിനകം ഇവ രേഖപ്പെടുത്താഞ്ഞാൽ വികാരി അംശമുടക്കിലുംപ്പെടുന്നതാണു്. കർബാനക്കുടം തീർത്തതും തീക്കുവാനുള്ളതും പ്രധാന തിരുനാളിനുമുമ്പു് സത്യവാങ്മൂലം മേലധികാരിയെ അറിയിക്കണം: വികാരിയും കൈക്കാരന്മാരും ഏറ്റിട്ടുള്ള ബാധ്യതകളും നിറവേറ്റണം: മരണപത്രികയനുസരിച്ചു

---

1. മാത്തോമ്മാ ക്രിസ്ത്യാനികളും II. p.251.

2. ''എക്ലീസിയാസ്റ്റിക്കാം † ഗൊണ്ണ്ടോർ.
അരമനയിൽനിന്നും
കൊട്ടങ്ങല്ലൂർ രൂപതയിൽ സുറിയാനിപള്ളികൾക്കു എഴുതുന്ന പടിസാധന കല്പന.'' എന്നിങ്ങനെയാണു് അതിന്റെ തലക്കെട്ടു്.

പ്രവർത്തിയ്യുവാൻ വിശ്വാസികളെ വികാരി പ്രേരിപ്പിയ്യുകയും അങ്ങനെചെയ്യാത്തവരെപ്പററി മേലധികാരിയ്യു അറിവുകൊടുക്കുകയും ചെയ്യേണ്ടതാണു്: കടമുള്ള ദിവസങ്ങളിൽ പ്രസംഗം പറയാതിരിക്കുന്നപക്ഷം ഏതെങ്കിലുമൊരു നല്ല പുസ്തകത്തിൽനിന്നു കുറെ ഭാഗങ്ങളും വായിയ്യേണ്ടതാണു്: ആ ദിവസങ്ങളിൽ പള്ളിയിൽ ജനങ്ങളോടുകൂടി വികാരി കൊന്തനമസ്ക്കാരം നടത്തണം: പുറമെനിന്നുവരുന്ന പട്ടക്കാർ അനുവാദപത്രം കാണിയ്ക്കാത്തപക്ഷം കുമ്പസാരിപ്പിയ്ക്കുവാൻ വികാരി അവർക്കു സമ്മതം നൽകരുതു്: മറിച്ചുചെയ്താൽ അംശമുടക്കാണു് ശിക്ഷ. കുമ്പസാരത്തിനു പണം വാങ്ങുന്നവർക്കും ഇതുതന്നെ ശിക്ഷ:[3] ആണ്ടുകുമ്പസാരത്തിനുമുമ്പു് വേദപാഠംസംബന്ധിച്ചു് വിശ്വാസികളെ പരീക്ഷിയ്യുണം: എല്ലാ കൊല്ലവും വി. കുർബാനയുടെ തിരുനാളിനു മുമ്പു് (ആണ്ടുകുമ്പസാരത്തിന്റെ അവധി ഇതായിരുന്നു) ''ആത്മസ്ഥിതിക്കണക്കു്'' വികാരി മേലധികാരിയെ ബോധിപ്പിയ്ക്കണം: എല്ലാ പട്ടക്കാരും ഉടൻ കുമ്പസാരാനുവാദം വാങ്ങേണ്ടതാണു്: എല്ലാ പട്ടക്കാരും അൽഫോൻസുപുണ്യവാന്റെ ''ചെറിയ ക്ലേശപുസ്തകം''[4] വാങ്ങിയ്ക്കുകയും രണ്ടാഴ്ചയിൽ ഒരിയ്യൽ ഒരു സ്ഥലത്തു

---

3. കുർബാനധർമ്മംപോലെ മുമ്പു് കുമ്പസാരധർമ്മവുമുണ്ടായിരുന്നു.

4. അക്കാലത്തെ സന്മാർഗ്ഗശാസ്ത്രഗ്രന്ഥങ്ങൾ എങ്ങനെയുള്ളവയായിരുന്നെന്നു ഗ്രഹിയ്യേണ്ടതിലേയ്യു 1871—ൽ അച്ചടിച്ച ഒന്നിൽ നിന്നു ഒരു ഭാഗം താഴെ പകർത്തുന്നു.

ചൊ: ഒരുനേരത്തിന്റെ നോയമ്പുനോല്ക്കുന്നതിനു എത്ര കാര്യങ്ങൾ വേണം.

ഉ. മൂന്നുകാര്യങ്ങൾ കൂടിയെ മതിയാവു. അതായതു 1–ാമതു, ഒരുനേരം തിന്നണം. 2–ാമതു്, ഉച്ചയ്യുമുമ്പു ഒന്നും രസിക്കാതെ ഉച്ചക്കെങ്കിലും ഉച്ചകഴിഞ്ഞിട്ടെങ്കിലും തിന്നുകയും വേണം. 3–ാമതു്, ഇറച്ചിയും മൊട്ടയും പാലും, കേശ്വും ഇവകൊണ്ടുള്ള വസ്തുക്കളും തിന്നാതിരിക്കയും വേണം.... വൈകിട്ടത്തെ അത്താഴത്തിനു അല്പമായിട്ട അതായതു ഉഴക്കരിയുടെ ചോറെങ്കിലും കഞ്ഞിയെങ്കിലും അനുഭവിക്കയും ലത്തീൻകാരായിരുന്നാൽ അല്പമായിട്ട മീൻകൂടെയും കൂട്ടുകയുമാം. എങ്കിലും കാലത്തു ഒന്നും തിന്നുകൂടാ.

സമ്മേളിച്ച് സന്മാഗ്ഗശാസ്ത്രം സംബന്ധിച്ച് വാദപ്രതിവാദം നടത്തുകയും ചെയ്യണം. ആ സമ്മേളനത്തിൽ വികാരിയാണ് അദ്ധ്യക്ഷനാകേണ്ടതു്: അദ്ധ്യക്ഷൻ ഒന്നര മണിക്കൂർ സമയം ചോദ്യങ്ങൾ ചോദിക്കണം: ക്രമാശപ്പുസ്തകത്തിലെ ഒരദ്ധ്യായം വായിയ്ക്കുകയും ഹാജരാകാത്ത പട്ടക്കാരുടെ പേരുകൾ വികാരി മേലധികാരിയുടെ പക്കൽ കുറിച്ചയയ്ക്കുകയും ചെയ്യേണ്ടതാണ്: കുമ്പസാരാനന്തരവാദം പുതുക്കുന്നസമയത്തു് വികാരിയുടെ സാക്ഷിയും ഹാജരാക്കേണ്ടതാണ്: പട്ടക്കാർ പള്ളിമുറിയിൽ താമസിയ്ക്കാഞ്ഞാൽ അംശമുടക്കുണ്ടു്: ളോഹയും ചെരിപ്പും ധരിക്കാതെ പട്ടക്കാർ പള്ളിയിൽ പ്രവേശിയ്ക്കരുതു്: പള്ളിശുശ്രൂഷ നടത്തുമ്പോൾ എല്ലാവക്കും സപ്പാത്തും മേസും ഉണ്ടായിരിക്കണം: വിവാഹംസംബന്ധിച്ചു് ഒഴിവുകളാവശ്യപ്പെടുമ്പോൾ മാമ്മോദീസായുടെ തീയതിയുംപ്പെടെ മറ്റു വിവരങ്ങൾ വിശദമായി അറിയിയ്ക്കേണ്ടതാണ്: വിചാരണയ്ക്കയയ്ക്കുന്ന അപേക്ഷകൾ മറുപടിസഹിതം തിരിച്ചയയ്ക്കണം: വികാരിയും കൈക്കാരന്മാരും എല്ലാകൊല്ലവും ആലുവാ സെമിനാരിയിലുള്ള വിചാരണക്കാരുടെ പക്കൽ പള്ളിക്കണക്കുകൾ ബോധിപ്പിയ്ക്കാത്തപക്ഷം പ്രധാന തിരുനാൾ മുടക്കപ്പെടും: മറ്റു ശിക്ഷകളും ഇതിന്റെകൂടെ നൽകപ്പെടുന്നതാണ്: വൈദികർ ആത്മാക്കളെ രക്ഷിയ്ക്കുന്നതിനു എല്ലാപ്രകാരത്തിലും തീക്ഷ്ണതയുള്ളവരാകണം: അടുത്ത സെപ്റ്റംബർ മാസത്തിൽ ആലുവാ സെമിനാരിയിൽ നടത്തുന്ന ധ്യാനത്തിൽ പട്ടക്കാരെല്ലാവരും സംബന്ധിയ്ക്കണം: എല്ലാകൊല്ലവും സൌകര്യത്തെ ഉദ്ദേശിച്ചു് ടി സെമിനരിയിൽ മൂന്നു പ്രാവശ്യം ധ്യാനം ഉണ്ടായിരിയ്ക്കുന്നതാണ്.

(മലയാളത്തിൽ പ്രസിദ്ധീകരിച്ച ഈ പടിസാധനത്തിന്റെ പ്രതികൾ ചില പഴയ പള്ളികളിൽ ഇന്നും കാണുവാനുണ്ടു്.)

വസ്ത്രധാരണം

വരാപ്പുഴക്കീഴ നിന്നിരുന്നവർ പള്ളിയിൽ പോകുമ്പോഴും ചിതമായി വസ്ത്രം ധരിച്ചിരിയ്ക്കണമെന്നുണ്ടായ കല്പനയെ തുടർന്നു 1870 മാർച്ച് 18–ൽ ഫ്റാൻസീസ് ദെജെസ് എന്ന ഗോവർണ്ണദോരും താദ്ശമായ ഒരു കല്പന പുറപ്പെടുത്തി. ചിതമായി വസ്ത്രധാരണം ചെയ്യുമ്പോഴും സുറിയായിൽനിന്നു വന്ന അവരുടെ പൂവ്വന്മാരെ നസ്രാണികളും അനുകരിയ്ക്കയത്രെ ചെയ്യുന്നതെന്നു് ഈ കല്പനയിൽ കാണുന്നു.

ദർശനം, പള്ളി മുതലായവ

1877 മെയ് 25–ലെ ഒരു കല്പനയിൽ കാശ്മീർ ഗോണ്ണദോർ പള്ളികളുടെ സംഖ്യ, ദർശനസമൂഹം, പള്ളിവസ്തുക്കൾ, ജനസംഖ്യ, പള്ളിക്കൂടങ്ങൾ ആദിയായവയോടൊപ്പം പൂജാപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ മുതലായവ സംബന്ധിച്ചും അന്വേഷണങ്ങൾ നടത്തി.

(കൊട്ടങ്ങല്ലൂർ അധികാരസ്ഥാനത്തുനിന്നു പുറപ്പെട്ടിട്ടുള്ള കല്പനകളുടെ സംഗ്രഹം Mitras Lusitanas No. Oriente II. (2 ed. 1924. pp. 56 sq) എന്ന കൃതിയിൽ കാണാവുന്നതാണു്.)

II. റീത്ത് (വരാപ്പുഴക്കീഴ്)

ബെണ്ടർദീനോസു മെത്രാപ്പോലീത്താ (1853–1868) നടപ്പിലാക്കിയ ചിലതുരുത്തുകളുടെ വരാപ്പുഴക്കീഴിൽ നടന്ന പ്രധാന സംഗതികളെക്കുറിച്ചാണു് ഇനി പ്രസ്താവിയ്ക്കുവാനുള്ളതു്.

പള്ളിസന്ദർശനം, വൈദികർ

1821 മുതൽ 1828 വരെ വികാരി അപ്പസ്തോലിക്കായിരുന്ന മിലെസ് പ്രെൻഡെർഗാസ്റ്റ്[4a] പള്ളികളും

4a മീലെസു മെത്രാനും അദ്ദേഹത്തിന്റെ അടുത്ത പിൻഗാമിസ്ബിലീനി മെത്രാനും സപ്പാട്ടിക കമ്മെലീത്താ സഭയുടെ അംഗ

വൈദികാദ്ധ്യക്ഷന്മാർതന്നെ നേരിട്ട സന്ദർശിയ്ക്കുന്ന പതിവാരംഭിച്ചു. അതിനുമുമ്പ് മിഷനറിമാരാണ് ഈ കൃത്യം നിവ്വഹിച്ചിരുന്നതു്. ഇദ്ദേഹം ആദ്യമായി കൂടമാളൂർ പള്ളി സന്ദർശിച്ചു.

വൈദികരുടെ ജീവിതരീതി പരിഷ്ക്കരിക്കുവാൻ മിലെസുമെത്രാൻ വളരെയധികം പരിശ്രമിച്ചു. എപ്പോഴും കുപ്പായം ധരിക്കണമെന്നും മെത്രാന്റെ പ്രത്യേകാനുവാദമില്ലാതെ ഒരു ദിവസത്തേയ്ക്കായാലും പള്ളി വിട്ടു പോകരുതെന്നും, പള്ളിയിൽവച്ചു കുമ്പസാരക്കൂട്ടിലല്ലാതെ കുമ്പസാരം കേൾക്കരുതെന്നും, ചിതമായ രീതിയിൽ വി. കർബാന വച്ചു സൂക്ഷിക്കണമെന്നും എല്ലാ ഞായറാഴ്ചയും ഏവൻഗലിയോനെ അടിസ്ഥാനപ്പെടുത്തി പ്രസംഗം പറയണമെന്നും അദ്ദേഹം നിഷ്ക്കർഷിച്ചു. ഇതിലേയ്ക്ക അദ്ദേഹം അനേകം ഇടയലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും പട്ടക്കാർക്കായി ഒരു ചെറിയ സന്മാർഗ്ഗശാസ്ത്രഗ്രന്ഥവും ശമ്മാശന്മാക്കായി വേദപുസ്തക വ്യാഖ്യാനവും, പിതാക്കന്മാരുടെ ഉപദേശങ്ങളും സുനഹദോസു നിയമങ്ങളും, സഭാചരിത്രവും, കാനോൻ നിയമവും എഴുതിയുണ്ടാക്കുകയും ചെയ്തു. ലത്തീൻ പട്ടക്കാർ അദ്ദേഹത്തിനു വിരോധമായി ചില ഹർജികൾ റോമ്മായിൽ ബോധിപ്പിച്ചു. [4b]

കർബാന, സിമിത്തേരി

നമ്മുടെ കർബാനയിൽ തിരുശ്ശരീരം തിരുരക്തത്തിൽ മുക്കുന്ന മുറ നിറുത്തണമെന്നു മേല്പറഞ്ഞ മിലെസ്

ങ്ങളായിരുന്നു. നിഷ്പാടുകരിൽ യോഗ്യനായി ആരുമില്ലെന്നു തൽസഭാധികാരികളും പറയുകയാലാണ് ഐർലണ്ടുകാരനായ മീലെസു മെത്രാൻ കേരളത്തിലേയ്ക്കയയ്ക്കപ്പെട്ടതു്. തന്റെ സഭയുടെ ഒരാശ്രമം (Novitiate) കേരളത്തിൽ സ്ഥാപിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടപ്പോഴും തല്ക്കാലം വേണ്ടെന്നായിരുന്നു (Dilata) മറുപടി. Analecta, O. C. D. 1938, pp. 226, 231.

[4b] Ibidem pp. 228, 229— പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളോടുകൂടി മാത്രമെ വേദപുസ്തകം പ്രസിദ്ധീകരിക്കാവു എന്നു് അദ്ദേഹം കല്പിച്ചു. (Idid).

മെത്രാൻ ബലമായി നിഷ്ക്കർഷിച്ചെങ്കിലും മല്പാന്മാരും കൊട്ടങ്ങല്ലൂർ ഗോവണ്ണ്ടോരും വിസമ്മതിക്കയാൽ അതു നടന്നില്ല.5

ഇദ്ദേഹത്തിന്റെ കാലത്തു് പള്ളികളിൽ സിമിത്തേരിയും, കുമ്പസാരക്കൂട്ടും, ദർശനവും (?) ഉണ്ടായി. ദർശനം സംബന്ധിച്ചുള്ള നിയമങ്ങളും ഇന്നത്തേരൂപത്തിൽ നടപ്പിലാക്കിയതു് പ്രധാനമായി ലെയോനാർദുമെത്രാപ്പോലീത്തായാണു് (1879)

പാലയൂക്കലച്ചന്റെ പരിഷ്ക്കാരം

പെ. ബ. പാലയ്ക്കൽ മല്പാന്റെ പരിശ്രമ ഫലമായി വടയാറും മറ്റു ചില സ്ഥലങ്ങളിലും കമ്മെല മാതാവിന്റെ ദർശനപ്പെരുനാളും ആഘോഷിക്കപ്പെട്ടുതുടങ്ങി.6 ദർശനം നടപ്പിൽവന്നതോടെ പോർട്ടുഗീസു് മുറയുള്ള ദർശനപ്പെരുനാളും മറ്റു ചടങ്ങുകളും പ്രചാരത്തിൽ വന്നു. ഓപ്പ, മോറീസു്, തോച്ചക്കാൽ, കുമ്മഞ്ഞിമേന്തു്, ജന്മദോർ, വങ്കേത്തി, പ്രസേന്തി, കപ്പോൻ ആദിയായ അനേകം പോർട്ടുഗീസു പദങ്ങളും ഇങ്ങനെ പള്ളികളിൽ പ്രചരിച്ചു. മേശ, കസേര, ജനലു് വെഞ്ചരിപ്പു്, പടത്തീഞ്ഞു്, സങ്കീഞ്ഞു, വീഞ്ഞു ആദിയായവ ഇതിനു മുമ്പുതന്നെ പ്രചരിച്ചിരിക്കണം. ഇന്നത്തെ രീതിയിലുള്ള നമ്മുടെ പൊൻകുരിശും വെള്ളിക്കുരിശും ദർശനത്തോടുകൂടി ഉണ്ടായതാണോ എന്നു സംശയിക്കുന്നു. കുരിശിന്റെ അടുത്തുപിടിക്കുന്ന 'ശ്രീഹായും' പോർട്ടുഗീസു് ആണല്ലൊ. നമ്മുടേതുപോലെയുള്ള കുരിശുകളും പോർട്ടുഗളിൽ അപൂവ്വമായി കാണുവാനുണ്ടു്. ദർശനപ്പെരുനാളോടുകൂടി പോർട്ടുഗീസുമുറയുള്ള സദ്യയും വിഭവങ്ങളും പള്ളികളിൽ നടപ്പിൽ വന്നു.

1841—ൽ മരണം പ്രാപിച്ച പെ. ബ. പാലയ്ക്കൽ മല്പാന്റെ പരിശ്രമത്താൽ വെള്ള 'ളോവ'യും കയ്യുള്ള

---

5. മാത്തോമ്മാ ക്രിസ്ത്യാനികളും II. p. 263.
6. പാലയ്ക്കലച്ചന്റെ ചരിത്രം

സൂർപ്പലേശ്രൂം പ്രചാരത്തിൽ വന്നു. ''അതിന്റെശേഷം മെത്രാനച്ചനെ കാണ്മാൻ വരാപ്പുഴ ചെല്ലുമ്പോഴ്ം ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുൻപിൽ ചെന്നുകൂട്ട എന്നൊരു സ്വരമുണ്ടായി''7 അതോടെ ളോവയും കയ്യുള്ള സൂർപ്പിലേശ്രൂം ഇല്ലാത്തവർക്കു പട്ടം കൊടുക്കയില്ലെന്നും ആയി.8 പഴയമുറയ്ക്കു പഠിപ്പിച്ചിരുന്ന ഒരു മല്പാനച്ചനാണു പെ. ബ. പാലയ്ക്കലച്ചനെങ്കിലും ''വലിയ ഓത്തിന്റെ അത്ഥ''വും ഞാറയ്ക്കൽ മല്പാൻ, കരിയാറിൽ മല്പാൻ, പൌളിനോസു മൂപ്പച്ചൻ എന്നിവരാൽ ഉണ്ടാക്കപ്പെട്ട ''ക്രുദാശപ്പുസ്തകങ്ങളും'' അദ്ദേഹം വായിച്ചു ശിഷ്യരെ പഠിപ്പിച്ചിരുന്നു. സുറിയാനി വേദപുസ്തകം ശിഷ്യന്മാരെക്കൊണ്ടു് അദ്ദേഹം പകർത്തിക്കുകയും അവരിൽ ചിലരെ ലത്തീൻ പഠിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. തമിഴ പുസ്തകങ്ങളോടുണ്ടായിരുന്ന പ്രതിപത്തി നിമിത്തം ''പാണ്ടി മല്പാൻ'' എന്നു ചിലർ അദ്ദേഹത്തെ വിളിച്ചിരുന്നു.

പോത്രുക്കരയച്ചന്റെ പരിഷ്ക്കാരങ്ങൾ

''വരാപ്പുഴെ സെമിനാരിയുടെ മുറ്റ്ത്തു പട്ടമേറ്റനാൾ മുതൽ'' ളോവ ധരിച്ചു നടന്നിരുന്ന ഒരാളാണു് പെ. ബ. പാലയ്ക്കലച്ചന്റെ സഹപ്രവത്തകനായ പോത്രുക്കരെ പെ. ബ. തോമ്മാ മല്പാൻ. പള്ളികളിലെ പാട്ടും കൊട്ടും സംബന്ധിച്ചു പോത്രുക്കരയച്ചൻ പ്രവത്തിച്ചതിനെ പെ. ബ. ചാവറ പ്രിയോരച്ചൻ ഇങ്ങനെ വിവരിക്കുന്നു: ''അക്കാലത്തിൽതന്നെ റബേക്കു കൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിനായി തെക്കുനിന്നു ഒരു മേസ്ത്രിയെ കൊണ്ടുവന്നു തന്റെ സഹോദരന്മാരു മുത

---

7. Ibid

8. Ibid. ഇപ്പോഴ്ം പുത്തൻകൂറുകാരച്ചന്മാരിടുന്ന തരം ഉട്ടുപ്പാണു് നമ്മുടെ അച്ചന്മാർ ഇട്ടിരുന്നതു്. അതോടുകൂടി കഴുത്തിൽ നീണ്ട ഒരു കൊന്തയും ഉണ്ടായിരുന്നു. പുത്തൻ കൂറുകാർ അച്ചന്മാക്കു 18-ാം ശതാബ്ദത്തിൽ കൊന്തയുണ്ടായിരുന്നതായി രേഖയുണ്ടു്.

ലായി പലരെയും പഠിപ്പിച്ചു. (ചമ്പക്കുളം) പള്ളിയിൽ പാട്ടുകളും കൊട്ടുകളും നടന്നു. ആ കാലം പള്ളിപ്പാത്തും നടന്നു.''9 ''ഉഅൽ അറഅ'' ''ആബോ ദാ'' മുതലായ സംഗീതങ്ങളിൽ ഗോവരീതി ധാരാളമുണ്ടെന്നും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്. വി. യൌസേപ്പിനോടുള്ള ഭക്തി കേരളത്തിൽ പ്രചരിപ്പിച്ചവരിൽ ഒരാളാണ് പെ. ബ. പോത്രുക്കരയച്ചൻ.10

ലത്തീൻ പള്ളികളിൽ വികാരിയായിരുന്നപ്പോൾ വേസ്പര, കുമ്മഞ്ഞിമെന്ത് മുതലായവ അദ്ദേഹം ലത്തീനിൽ നടത്തിയിരുന്നു. കല്യാണത്തിനുള്ള അന്തംചാർത്തും കൂളിയും സ്വന്തത്തിൽപെട്ട ചിലരിൽനിന്നുമാത്രം ബഹിഷ്ക്കരിക്കുവാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. അവ അവിശ്വാസപരങ്ങളെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ.11

തക്സാ, ക്ലാശക്രമങ്ങൾ

1844–ൽ തക്സായും 1345–ൽ മാമ്മോദീസാ മുതലായവസ്തുള്ള ശുശ്രൂഷകളും റോമ്മായിൽ വീണ്ടും അച്ചടിക്കപ്പെട്ടു. ഇവയും തിരുസിംഹാസനത്തിൽനിന്നുള്ള ഔദ്യോഗിക പതിപ്പുകളാണെന്നു തോന്നുന്നില്ല മാമ്മോദീസാ മുതലായവസ്തുള്ള ശുശ്രൂഷകളുടെകൂടെ ഹാനാൻവെള്ളം വെഞ്ചരിച്ചു തളിക്കുക, സ്ഥലങ്ങൾ, തിരി, ഭക്ഷണസാധനങ്ങൾ, പ്രതിമകൾ, പടങ്ങൾ ആദിയായവ വെഞ്ചരിക്കുക, പള്ളി ശുദ്ധീകരിക്കുക എന്നീ ശുശ്രൂഷകൾ (1775–ൽ അച്ചടിച്ചവയിൽ ഇല്ലാത്തവ) 1945–ൽ അച്ചടിച്ചതിലുണ്ട്. കൂട്ടികൾക്കും പ്രായം ചെന്നവക്കുമുള്ള മാമ്മോദീസാക്രമം ഒന്നുതന്നെ. പ്രായം ചെന്നവ

---

9. പോത്രുക്കരയച്ചന്റെ ചരിത്രം– N. B. വൈദിക ഗാനങ്ങളിൽ പൌരസ്ത്യർ സംഗീത സാമഗ്രികൾ പൊതുവെ ഉപയോഗിക്കാറില്ല.

10. Ibid

11. Ibid

ക്കു് ലത്തീൻസഭയുപയോഗിക്കുന്ന ക്രമത്തിലെ ചില പ്രാർത്ഥനകളും ഇതിൽ കാണുന്നുണ്ടു്. ''പ്രായം ചെന്ന വരെ മുക്കുന്ന ക്രമം'' എന്ന തലക്കെട്ടിൽ ഇതേ വല്യപ്പത്തിൽ റോമ്മായിലച്ചടിച്ചിട്ടുള്ള കടലാസുകളും ചില സ്ഥലങ്ങളിൽ കാണുവാനിടയായിട്ടുണ്ടു്. ഇവയെല്ലാം ലത്തീനിൽനിന്നുള്ള വിവർത്തനമാണെന്നു പറയേണ്ടതില്ലല്ലോ. തകു്സായിൽ വ്യത്യാസമൊന്നുമില്ല.

ബെർണ്ണർദീനോസു മെത്രാപ്പോലീത്താ

ബെർണ്ണർദീനോസു മെത്രാപ്പോലീത്താ കേരളത്തെ നാലായി ഭാഗിച്ചു് ഓരോ ഭാഗത്തേയ്ക്കും തന്റെ പ്രതിപുരുഷനായി (ദെപ്പുത്താം) ഒരു കൊവേന്തക്കാരനെ നിശ്ചയിച്ചു. റോക്കോസു ശീസ്മയുടെ കാലത്തു സുറിയാനിക്കാരുടെ വികാരിജെനറാളായി ചാവറ പ്രിയോരച്ചൻ നിയമിതനായി.

ഉപവാസം

കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാർ റോമ്മായിൽ നിന്നു വാങ്ങിയ ഒരു ഒഴിവുപ്രകാരം 25 നോമ്പിലും 50 നോമ്പിലും എല്ലാ ദിവസവും (ഞായറും, ശനിയും ഒഴിച്ചു്) ഉപവസിയ്ക്കാതെ ആണ്ടിൽ 9 ദിവസം മാത്രം ഉപവസിച്ചാൽ മതിയെന്നായിരുന്നു സുറിയാനിക്കാരുടെ ധാരണ. ഈ ആനുകൂല്യം ലത്തീൻകാക്കുമാത്രം നൽകിയതാണെന്നു ബെർണ്ണർദീനോസു മെത്രാപ്പോലീത്തായുടെ അന്വേഷണംകൊണ്ടു വിശദമായി. എങ്കിലും 9–ാം പീയൂസു മാർപ്പാപ്പാ 1255–ാമാണ്ടോടടുത്തു സുറിയാനിക്കാക്കും പ്രസ്തുതാനുകൂല്യം നൽകി [12]

മാസവണക്കം നവനാൾ

ദൈവമാതാവിന്റെയും യൌസേപ്പു പിതാവിന്റെയും മാസവണക്കങ്ങളും പ്രസ്തുത മെത്രാപ്പോലീത്താ ആദ്യ

12. ചാവറ കുര്യാക്കോസു് ഏലിയാച്ചൻ. p. 103.

മായി ആരംഭിച്ചു. ഇതേ തുടർന്നാണു് മറ്റു മാസവണക്കങ്ങൾ ഇപ്പോഴും ധാരാളമുണ്ടായിട്ടുള്ളതു്. തിരുനാളുകളുടെ ''നവനാളുകൾ'' ലത്തീനിൽ നിന്നു സുറിയാനിയിലേയ്ക്കു വിവർത്തനംചെയ്ത പ്രാർത്ഥനകളോടുകൂടി അദ്ദേഹം ''കൈക്കൊണ്ടു് റോമ്മായിൽനിന്നു വന്നിരിക്കുന്ന അനുവാദപ്രകാരം'' 1863–ൽ മാന്നാനത്തു് അച്ചടിക്കപ്പെട്ടു.[13] ഇങ്ങനെയൊക്കെയായിരിക്കാം ''നവനാൾ'' കളും ''ത്രിദിന''ങ്ങളും നമ്മുടെയിടയിൽ ഉത്ഭവിച്ചതു്. വിശുദ്ധന്മാരുടെ സ്തുതിക്കായി നവനാൾ അവസരത്തിലും മറ്റും പള്ളികളിൽ പാടുന്ന സുറിയാനിപ്പാട്ടുകളിൽ ചിലവ ''ഞങ്ങളൊക്കെക്കൂടി വകഞ്ഞതാണെ''ന്നു ഒരു വൃദ്ധവൈദികനിൽനിന്നു കേട്ടിട്ടുണ്ടു്.

മറ്റു പരിഷ്ക്കാരങ്ങൾ

കുർബാനധർമ്മം 9 ചക്രത്തിൽനിന്നു 12 ചക്രമാക്കിയതും, പട്ടത്തിനു ദേശകുറി നിറുത്തൽ ചെയ്തതും, എട്ടുനോമ്പും പതിനഞ്ചുനോമ്പും നിറുത്തൽചെയ്തു് ഇന്നത്തെപ്പോലെ ചില തിരുനാളുകളുടെ തലേദിവസം മാംസവർജ്ജനം കല്പിച്ചതും ഈ മെത്രാപ്പോലീത്താതന്നെ. ഈ മാംസവർജ്ജനം ഉദയമ്പേരൂർ സൂനഹദോസു കല്പിച്ചിരുന്നതാണു്. ശമ്മാശന്മാർ ചില പ്രത്യേക സെമിനാരികളിൽ മാത്രമേ പഠിക്കാവു എന്നു് ഇദ്ദേഹം തിരുമാനിച്ചു.[13a] ''സംക്ഷേപ വേദാർത്ഥം'' പട്ടക്കാരെല്ലാവരും പ

---

13. ഈ പുസ്തകത്തിന്റെ പ്രതികൾ അപൂർവ്വമായി കാണുവാനുണ്ടു്.

13a. പുത്തൻപള്ളി, മാന്നാനം, പുളിങ്കുന്നു, വാഴക്കുളം, എൽത്തുരുത്തു ഇവയായിരുന്നു ഈ സെമിനാരികൾ. പുത്തൻപള്ളി കേന്ദ്ര സെമിനാരിയായി ഉയർത്തപ്പെട്ടു. പൂഞ്ഞാർ, പാലാ, രേണങ്ങാനം, പള്ളിപ്പുറം, നാഗപ്പുഴ, കാരക്കുന്നം, കുത്തിയതോടു്, ഒല്ലൂർ ഇങ്ങനെ ഇരുപതോളം സ്ഥലങ്ങളിൽ താമസിച്ചിരുന്ന മല്പാന്മാരുടെ കീഴിലും അന്നുവരെ ശമ്മാശന്മാർ പഠിച്ചിരുന്നു. Analecta, O. C. D. 1939, p. 29. മാന്നാനം, പുളിങ്കുന്നു, വരാപ്പുഴ എന്ന സ്ഥലങ്ങളിൽ പുതുക്രമ്മ്യാനികൾക്കായി നടത്തിയിരുന്ന സ്ഥാപനങ്ങളും അവിടത്തെ അദ്ധ്യായനവും ബെന്ദ്ദർത്തിനോസു മെത്രാപ്പോലീത്താ പരിഷ്ക്കരിച്ചു. (Ibid p. 30)

ഠിക്കണം; ഞായറാഴ്ചതോറും ഏവൻഗലിയോൻ കഴി
ഞ്ഞു പ്രസംഗിക്കുകയൊ, വല്ല നല്ല പുസ്തകം വായിക്കു
കയോ ചെയ്യണം: കുർബാന കഴിഞ്ഞു വിശ്വാസം, ശര
ണം, ഉപവി എന്നിവയുടെ പ്രകരണങ്ങളും ''എത്രയും
ദയയുള്ള'' എന്ന ജപവും ചൊല്ലണം; മാമ്മോദീസാ മുക്കു
വാൻ സ്ത്രീകളെ പഠിപ്പിക്കണം; കടമുള്ള ദിവസങ്ങളിൽ
ജനങ്ങളുടെ സൌകര്യംപോലെ കുർബാന ക്രമപ്പെടുത്തു
കയും ഓരോ കുർബനാസ്സുമുമ്പു കാൽനാഴിക മുമ്പു് വലി
യ മണി കൊട്ടുകയും വേണം; കുർബാന ചൊല്ലുന്നതു
സാവകാശത്തിലും ക്രമത്തോടും ആയിരിക്കണം; കാസാ
മുതലായവ പട്ടക്കാർതന്നെ പീഠത്തിലേസ്സു കൊണ്ടുപോ
കയും തിരിച്ചു കൊണ്ടുപോരുകയും ചെയ്യണം: ശോശപ്പാ
യും കെത്താനായുടെ ഉറയും കുർബാനക്കുപ്പായത്തിന്റെ
നിറത്തിലുള്ളവയാകണം: നിത്യക്കുർബാനകും ഇടവക
യിലെ അച്ചന്മാർ വീതിച്ചു ചൊല്ലണം; ചൊല്ലാതെ
വരുന്നവ പുറമെ കൊടുക്കരുതു്; കുർബാനക്കുപ്പായങ്ങും
അഞ്ചുനിറത്തിലുണ്ടാക്കണം; തിരുവസ്ത്രങ്ങും വെടിപ്പു
ള്ളവയും പ്രതിമകും ഭക്തിജനകങ്ങളും ആയിരിക്കണം:
മൃഗങ്ങളുടെ പ്രതിമകും വിശുദ്ധന്മാരുടെ പ്രതിമകളുടെ
സമീപത്തു സ്ഥാപിക്കരുതു്: ത്രോണോസുകളിൽ വളരെ
പ്രതിമകും ഉണ്ടാകരുതു്; മിശിഹായുടെ പ്രതിമയുണ്ടെ
ങ്കിൽ അതിനായിരിക്കണം ഒന്നാം സ്ഥാനം; സാധാര
ണ കാണുന്ന രീതിയിലല്ലാതെ മൂന്നാളകളുടെ ഛായ
യിൽ ത്രിത്വം ചിത്രിക്കപ്പെടരുതു്, തിരുശേഷിപ്പുകും
സാക്ഷിപത്രത്തോടും അരുളിക്കായിലുമല്ലാതെ വണക്ക
ത്തിനു പ്രദർശിപ്പിക്കരുതു്; അവ വി. കുർബാന സൂക്ഷി
ക്കുന്ന പാത്രത്തിൽ നിക്ഷേപിക്കേണ്ടതല്ല; പള്ളികളി
ലും മറ്റും നീർമനുഷ്യർ, ആന, പിശാച മുതലായവയു
ടെ പടങ്ങളും മറ്റും ഉണ്ടാകേണ്ടതല്ല; മാമ്മോദീസാക്ക
ല്ലു് വെടിപ്പുള്ളതും മൂടികയുള്ളതും ആകണം; സൈത്തു്
വിരലുകൊണ്ടു മാത്രമേ തൊട്ടെടുക്കാവു; തക്ക പാത്രത്തിൽ
സൂക്ഷിക്കുകയും ചെയ്യണം; ഹനാൻ വെള്ളപ്പാത്രം സൌ
കര്യമുള്ളിടത്തു് വെടിപ്പോടെ സൂക്ഷിക്കണം; വിശ്വാ
സികും ഹനാൻവെള്ളം വീടുകളിലും ഉപയോഗിക്കണം;

കുമ്പസാരക്കൂടുകളിലല്ലാതെ സ്ത്രീകളെ കുമ്പസാരിപ്പിച്ചു കൂടാ; നേർച്ച വിളമ്പുന്നതു പള്ളിക്കു പുറത്തുവച്ചു മാത്രമേ ആകാവൂ; സ്ത്രീകളും പുരുഷന്മാരും ശബ്ദം കേൾപ്പിക്കാതെ വേർതിരിഞ്ഞിരുന്നു് അതു വാങ്ങിക്കണം; ന. കുഞ്ഞാവിന്റെ പിറവിദിവസം നടത്തുന്ന ''തീയുഴലിച്ച ശുശ്രൂഷ'' മേലിൽ നടത്തുന്നവക്കു പള്ളിക്കുറവും; ചാത്തത്തിനു വീടുകളിൽ ചാരം മുതലായവ ഉപയോഗിക്കേണ്ടതല്ല; എന്നിങ്ങനെ പലതും ബെൽത്തർദീനോസു മെത്രാപ്പോലീത്താ ഏർപ്പെടുത്തി നടത്തുവാൻ പരിശ്രമിച്ചു. 14 അമ്പത്തുമൂന്നുമണിജപവും മറു ജപങ്ങളും എല്ലാ വീടുകളിലും നടത്തണമെന്നു് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. ക്ഷുദ്രപ്രയോഗം, അന്ധവിശ്വാസം ആദിയായവ നിറുത്തലാക്കുകയും പള്ളിഭരണം, വേദപഠനം മുതലായവ സംബന്ധിച്ചു് പല നിബന്ധനകളും അദ്ദേഹം നടപ്പിലാക്കുകയും ചെയ്തു. 15 അടച്ചുതുറപ്പുള്ള പട്ടക്കാർ പോകരുതെന്നു കല്പിച്ചതും അദ്ദേഹമായിരിക്കാം. 1858—ലെ ഒരു പരസ്യക്കല്പനയിൽ കുമ്പസാരം, കുമ്പസാരക്കൂടു്, വിശുദ്ധ വസ്തുക്കളെ ക്രയവിക്രയം ചെയ്യുക എന്ന ''സിമോനിയാ'' ആദിയായി ചില സംഗതികളെപ്പറ്റി ബെൽത്തർദീനോസു മെത്രാപ്പോലീത്താ പ്രസ്താവിക്കുന്നുണ്ടു്. 16

ബാബേൽ

1860 ജനുവരി 12—ൽ റോമായിൽനിന്നു ബെൽത്തർദീനോസു മെത്രാപ്പോലീത്തായുടെ പേക്കെഴുതിയ ഒരു

---

14. ദൈവത്താളന്മാക്കു കൊടുത്ത കല്പന—പുലയടിയന്തിരത്തിനു ദക്ഷിണയിടുന്നവർ ഇന്നും ജീവകം സ്വീകരിക്കുന്നുണ്ടല്ലൊ.

15. വരാപ്പുഴ പള്ളിയിൽ അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾക്കു മുകളിൽ സ്ഥാപിച്ചിട്ടുള്ള ശാലയിൽ ഈ സംഗതികളും ചുരുക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

16. പരസ്യക്കല്പനകളിൽ കാണുന്ന ഈദൃശ സംഗതികളും നമ്മുടെ രീത്തിനെ പലവിധത്തിലും സ്പർശിച്ചിട്ടുണ്ടു്. ഇവിടെ എല്ലാം വിസ്തരിച്ചു പറയുന്നില്ല. എന്തുകൊണ്ടെന്നാൽ അവയെല്ലാം ലത്തീൻമയം പൂർവ്വാധികം നമ്മുടെ രീത്തിൽ കലർത്തുകയേ ചെയ്തിട്ടുള്ളു.

കല്പനയിൽ ബാബേൽ പാത്രിയക്കീസിനു കേരളത്തിൽ അധികാരമില്ലെന്നു പ്രസ്താവിച്ചിട്ടുണ്ട്. അതിൽ ''സുറിയാനി മലബാർ' ജനമെന്നാണു് നമ്മളെ വിളിച്ചിരിക്കുന്നതു്.

ബാബേലിൽപോയിവന്ന നമ്മുടെ ചില ആളുകൾ കൽദായമുറയ്ക്കു മീശവളർത്തുകയും കുർബാനചൊല്ലുകയും ശമ്മാശന്മാർ കൽദായവേഷം ധരിക്കുകയും ചെയ്തിരുന്നെങ്കിലും അവയൊന്നും നമ്മുടെ റീത്തിനെ ഏതെങ്കിലും വിധത്തിൽ സ്പർശിച്ചില്ല. റോക്കോസു മെത്രാൻ കേരളത്തിൽവന്നു ശീസ്മയുണ്ടാക്കി പട്ടം കൊടുത്തപ്പോൾ ഉപയോഗിച്ച പൊന്തിഫിക്കൽ ലത്തീനിൽനിന്നുള്ള തർജ്ജമയായിരിക്കണമെന്നതോന്നുന്നു. കൽദായക്കാരുപയോഗിച്ചിരുന്ന തർജ്ജമയുടെ ഒന്നിലധികം പ്രതികൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ കാണുവാനുണ്ടു്.

പന്ത്രണ്ടാം അദ്ധ്യായം

പത്തൊൻപതാം ശതാബ്ദം

(തുടർച്ച)

ബെണ്ടർദീനോസു മെത്രാപ്പോലീത്താ നടപ്പിലാക്കിയ പല സംഗതികളും സംബന്ധിച്ചു പ്രസ്താവിച്ചുകഴിഞ്ഞു. അദ്ദേഹത്തിനേറയും പിൻഗാമിയായ ലെൊനാർദു് മെത്രാപ്പോലീത്തായുടേയും കാലത്തു പെ. ബ. ചാവറ പ്രിയോരച്ചൻ († 1871) മുഖേന നടന്നവ ചുരുക്കത്തിൽ തുടർന്നു പ്രസ്താവിക്കാം. അതിനൊക്കുടെ 1896 വരെയുണ്ടായ മറ്റു സംഗതികളെക്കുറിച്ചും പ്രതിപാദിക്കുന്നതാണു്.

ത്രുക്കാസാ, പഞ്ചാംഗം ആദിയായവ

കർബാനയിലെ കർമ്മാനുഷ്ഠാനവിധികളടങ്ങിയ ''ത്രുക്കാസാ'' വി. കർബാന എഴുന്നള്ളിച്ചുകൊടുക്കുന്ന ക്രമം, മൂന്നുപേരുടെ പാട്ടുകർബാനയുടെ ക്രമം 1 വേസ്പര, മരിച്ചവരുടെ അന്നീദാ, വൈദീക പഞ്ചാംഗം, ലദീഞ്ഞ് എന്നിവയെല്ലാം പെ. ബ. ചാവറയച്ചൻ എഴുതിയുണ്ടാക്കി. എല്ലാത്തിലും ലത്തീൻമയം ധാരാളമുണ്ടെന്നു പറയേണ്ടതില്ലല്ലൊ. തക്സായിൽ കൊടുത്തിട്ടുള്ള പഞ്ചാംഗം തന്നെ ലത്തീൻരീതിയിൽ തിരുനാൾക്കുറിപ്പുകളും കർബാനക്കുപ്പായത്തിന്റെ നിറം ആദിയായവയും ചേർത്തു് ലത്തീൻമുറയ്ക്കു ക്രമപ്പെടുത്തിയതാണു് അദ്ദേഹമുണ്ടാക്കിയ വൈദികപഞ്ചാംഗം. അന്നീദായും ലദീഞ്ഞിന്റെ പ്രധാനഭാഗവും ലത്തീന്റെ തർജ്ജമതന്നെ. കാനോൻ ജപത്തിലെ രംശായാണു് ''വേസ്പര''2 ''മാറൻ അമകോൻ'' ''ന്നസല്ലെ'', ''മെത്തോൽ മാറൻ'', ''ഹാവുദ ഹായെ'' എന്നിങ്ങനെയുള്ള പദങ്ങളും തർജ്ജമയെ സൂചിപ്പിക്കുന്നു.

ദുഃഖശനിയാഴ്ചക്രമം ലത്തീനിൽനിന്നു തർജ്ജമചെയ്തു് ചില പള്ളികളിൽ നടത്തിയതും3 നാല്പതുമണിയാരാധന ക്രമപ്രകാരമാരംഭിച്ചതും, അതിന്റെ ക്രമങ്ങളും ലത്തീനിൽനിന്നു മലയാളത്തിലാക്കിയതും, വി. കർബാനയുടെ തിരുനാൾ നമസ്ക്കാരം എട്ടുദിവസത്തേയ്ക്കു കൊവേന്തകളിൽ നടത്തിതുടങ്ങിയതും, വി. കർബാനയുടെ പ്രദക്ഷിണമാരംഭിച്ചതും പെ. ബ. ചാവറയച്ചന

---

1. ''ഉഅൽ അറഅ'' ഇപ്പോഴും ലത്തീൻമുറയ്ക്കു പാട്ടുകർബാനയിൽ നമ്മുടെ പാട്ടുണ്ടു്. എന്നാൽ കാനോൻജപത്തിലല്ലാതെ കർബാനയിൽ ഈ ഭാഗം പൌരസ്ത്യർ ചൊല്ലാറില്ല. എല്ലാ റീത്തുകാർക്കും ഈ ഗാനം ഉണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

2. ചാവറയച്ചന്റെ ചരിത്രം (പോരുക്കര കുര്യാക്കോസു് ഏലിശാച്ചൻ എഴുതിയതു്.)

3. വത്തിക്കാൻ സൂനഹദോസിനു പോയപ്പോഴും ലെഒനാർദ മെത്രാപ്പോലീത്താ ഇതിനു അനുവാദം വാങ്ങിയതായി കാണുന്നു:— ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ p. 225.

ത്രേ. ധൂമക്കുറ്റിക്കുടാതെ ഒറ്റക്കുർബാന ചൊല്ലുവാനും, കുർബാനയുടെ ഒടുവിൽ ലത്തീൻ കുർബാനയിലേപോലെ ഏവൻഗലിയോൻ വായിക്കുവാനും അദ്ദേഹം റോമായിൽ ചോദിച്ചതിനു അനുമതി ലഭിച്ചില്ല.4

നാല്പതുമണിയാരാധന നടപ്പിൽവന്നതോടെ വി. കുർബാനയുടെ വാഴ്വും പൂവ്വാധിക്യം പ്രചാരത്തിൽ വന്നതായി കരുതാം.4a വി. കുർബാനയുടെ തിരുനാളിനുള്ള കാനോൻജപത്തിൽ വാഴ്വിനു പാടുന്ന പാട്ടുകൂടി കാണാവുന്നതാണു്. ''ശമ്പഹ്ലെശാൻ'' ''കൊല്ലൻ ദശ്നെ'' എന്നിവ ലത്തീനിൽനിന്നുള്ള അനുപദതർജ്ജമകളല്ല. ''കൊല്ലൻദശ്നെ''യിൽ വി. അപ്രേം വിശ്വാസത്തെപ്പറ്റി പ്രകാശിപ്പിയ്ക്കുന്ന ആശയത്തിനു സ്ഥാനമുണ്ടു്. തിരുനാൾ പ്രദക്ഷിണത്തിനുള്ള പ്രാർത്ഥനകളും കൊടികയറ്റുവാനുള്ള ശുശ്രൂഷയും ഇതുപോലെയുള്ള മറ്റു ചില ശുശ്രൂഷകളും ഇന്നത്തെ രീതിയിൽ ക്രമപ്പെട്ടതിയതു പെ. ബ. ചാവറയച്ചനായിരിക്കുമോ?

മറ്റു ചില പരിഷ്ക്കാരങ്ങൾ

കല്യാണമാദി അടിയന്തിരങ്ങൾ കടമുള്ള ദിവസങ്ങളിൽ മുടക്കപ്പെട്ടതും, ആഴ്ചയിലെ ഓരോ ദിവസത്തി

---

4. ദുഃഖശനിയാഴ്ചക്രമം നടത്തുവാൻ ചോദിച്ചതിനോടുകൂടി ഇവയും അനുവാദം പ്രൊപ്പഗാന്ത സംഘത്തോടു് 1861 മേയ് 31—ൽ ചോദിച്ചു. ആ അപേക്ഷയുടെ ആരംഭം ഇങ്ങനെയാണു്: ''വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയ ബെർണ്ണർദീനോസു മെത്രാന്റെ അധികാരത്തിൽപെട്ട അങ്ങയുടെ മക്കളായ കത്തോലീത്താ മൂന്നാം സഭക്കാരായ പട്ടക്കാരും, കീഴ്ക്കേ ഇൻഡ്യയിലുള്ള അതായതു് — മലയാളത്തിലെ സകല കൽദായ സുറിയാനി പട്ടക്കാരും ശമ്മാശന്മാരും ക്ഷ്യാദരപൂവ്വം അങ്ങയുടെ പാദത്തിൽ സമർപ്പിക്കുന്ന ഹർജി''.

കാനോൻജപം ക്രമപ്പെടുത്തിയതു അനുവദിക്കുവാനും ഇതിന്റെകൂടെ അപേക്ഷയുണ്ടായിരുന്നു.

4a. വാഴ മാസത്തിൽ ഒന്നും മറ്റുമാണു് ആരംഭത്തിലുണ്ടായിരുന്നതു്. മാസത്തിൽ ഒരു പ്രാവശ്യം മാത്രം നടത്തിയിരുന്ന വാഴ്വിൽ സംബന്ധിക്കുവാൻ ഏഴെട്ടു മൈൽ നടന്നു് എൻതുരുത്തു കൊവേന്തപ്പള്ളിയിൽ ആളുകൾ ചെന്നിരുന്നു.

നും ലത്തീൻ സഭയിലുള്ളതുപോലെ ഒരു പ്രത്യേകഭക്തി പൂവ്വാധികം പ്രചാരത്തിൽ വന്നതും പെ. ബ. ചാവറ യച്ചന്റെ കാലത്താണു്. എന്നാൽ ബുധനാഴ്ച യൌസേപ്പുപിതാവിനും ശനിയാഴ്ച മാതാവിനും പ്രതിഷ്ഠിയ്ക്കുക പൌരസ്ത്യറീത്തുകൎമ്മങ്ങളോജിയ്ക്കാത്ത ഒന്നാണു്. സുറിയാനിക്കാർക്കു ബുധനാഴ്ചയാണല്ലൊ മാതാവിന്റെ ദിവസം. നമ്മുടെ കാനോൻജപം ഇതിനു സാക്ഷ്യം വഹിയ്ക്കുന്നുണ്ടു്. ഇന്നു നമ്മൾ ചെയ്യുന്നതുപോലെ ചില ദിവസങ്ങളിൽ ത്രികാലജപം നിന്നുകൊണ്ടു ചൊല്ലണമെന്നും, വീടുകളിൽ പ്രാൎത്ഥന കഴിഞ്ഞു് മക്കളും മാതാപിതാക്കന്മാരും സ്തുതിപറഞ്ഞുകൊണ്ടു് അവരുടെ കൈമുത്തണമെന്നും മറ്റും ചാവറയച്ചന്റെ എഴുത്തുകളിൽ കാണുന്നുണ്ടു്.5

മഹറോൻ വിമോചനവും മറ്റും

റോക്കോസു കേരളത്തിൽവന്നു ശീസ്മയുണ്ടാക്കിയശേഷം തിരിച്ചുപോയപ്പോൾ അദ്ദേഹത്തെ അനുഗമിക്കുകയും, നെസ്റ്റോറിയൻ പാത്രിയർക്കീസിൽനിന്നു മെത്രാൻപട്ടം സ്വീകരിക്കുകയും (?) മടങ്ങിവന്നശേഷം അനുതപിയ്ക്കുകയും ചെയ്ത തൊണ്ടനാട്ടച്ചന്റെ മഹറോൻ പോക്കുവാൻ ലത്തീൻ പൊന്തിഫിക്കളിലെ ഒരുഭാഗം സുറിയാനിയിലാക്കിയതാണു്. പെ. ബ. പോത്രുക്കരെ കുര്യാക്കോസച്ചൻ ഉപയോഗിച്ചതു്. മീശ വടിച്ചശേഷം മാത്രമേ തൊണ്ടനാട്ടച്ചനു് അന്നു കുർബാന നൽകിയുള്ളൂ.6

ലത്തീൻ സഭയിൽ പ്രചാരലുപ്തമായ ക്രമത്തിനു സരിച്ചായിരുന്നു ബെർണ്ണർദീനോസു മെത്രാപ്പോലീത്താ റോക്കോസിനെ മഹറോൻ ചൊല്ലിയതെന്നു പ്രസ്താവയോഗ്യമാണു്.7

---

5. ചാവറ കുര്യാക്കോസു ഏലിയാച്ചൻ passim (ഫാദർ വലേറിയൻ ഠറി. ഒ. സി. ഡി.)

6. Ibid.

7. Ibid. p. 171

തൊണ്ടനാട്ടു മാർ അവുദീശോ (ഇളന്തോട്ടത്തു മെത്രാൻ) പട്ടംകൊടുത്തതു് എങ്ങനെയായിരുന്നെന്നു് ആരും പറഞ്ഞുകേട്ടിട്ടില്ല. മീശയും പുറംകുപ്പായവുമൊഴിച്ചു് മറ്റു സംഗതികളിൽ അദ്ദേഹം ലത്തീൻ മെത്രാന്മാരെപ്പോലെ വേഷമണിഞ്ഞിരുന്നു.[8]

കത്തോലിസ്സത്വവും ലത്തീൻറീത്തും ഒന്നു തന്നെയാണെന്നും നന്മയെല്ലാം ലത്തീൻറീത്തിൽ മാത്രമാണെന്നും ഒരു ധാരണ അക്കാലത്തു പലരിലുമുണ്ടായിരുന്നു. പെ. ബ. ചാവറയച്ചന്റെ കൃതികളിലും ഇതിന്റെ ധ്വനി കാണുവാനുണ്ടു്.

കാനോൻജപം

കാനോൻജപം ക്രമപ്പെടുത്തിയതാണു് പെ. ബ. ചാവറയച്ചന്റെ വലിയ പരിശ്രമങ്ങളിൽ ഒന്നു്. കൊവേന്തകളുടെ ആരംഭം മുതൽ കാനോൻജപം ഇടവകക്കാരായ ശമ്മാശന്മാർ കൂടെയും ഒരുമിച്ചുകൂടി ജപിച്ചിരുന്നു. പുത്തൻകൂറുകാരുടെ പക്കൽനിന്നുകൂടിയും ഇതിലേയ്ക്കു നമ്മുടെ കയ്യെഴുത്തു നമസ്ക്കാരങ്ങൾ വിലയ്ക്കുവാങ്ങേണ്ടിവന്നിട്ടുണ്ടു്. എന്നാൽ അവ പലരീതിയിലാണു് കിടന്നിരുന്നതു്. ഹദ്രാ, ഗസ്സാ, കശ്ക്കോൽ (ക്ദം ഉബാസർ ഉംപ്പൈടെ) എന്നിവ പോർട്ടുഗീസുകാർ കൈവച്ച രീതിയിൽ അങ്ങുമിങ്ങും ക്രമമില്ലാതെ കിടന്നിരുന്നു. തന്നെയുമല്ല, അശ്രദ്ധനിമിത്തം സുറിയാനി കാനോൻജപം മിക്കവാറും നാമാവശേഷമായേക്കുമെന്നുയപ്പെടേണ്ട ഒരവസരമായിരുന്നു അതു്.

1861 മേയ് 31—ാംനു- പ്രൊപ്പഗാന്ത സംഘത്തിന്റെ അദ്ധ്യക്ഷന്റെ പേർക്കു് പെ. ബ. ചാവറയച്ചനയച്ച അപേക്ഷയിൽ ഇങ്ങനെ കാണുന്നു: ''റോമ്മായിൽ

8. The Rev. W. J. Richards ന്റെ The Indian Christians of St. Thomas എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ പടമുണ്ടു്. p. 63. Agur, The Church History of Travancore എന്ന പുസ്തകത്തിലും ഈ പടമുണ്ടു്.

നിന്നുള്ള കല്പനപ്രകാരം ഞങ്ങൾ അയച്ചിരിയ്ക്കുന്ന ആണ്ടുവട്ടത്തിലുള്ള എല്ലാ ഞായറാഴ്ചകളിലേയും, തിരു നാളുകളിലേയും, ഓമ്മദിനങ്ങളിലേയും ചുരുങ്ങിയ നമ സ്ക്കാരം ഉപയോഗിയ്ക്കുന്നതിനുമുള്ള അനുവാദങ്ങളും അങ്ങയോടു ഞങ്ങൾ സവിനയം യാചിക്കുന്നു.''[9]

(സുറിയാനിയിൽ കടമുള്ള തിരുനാളുകൾക്കു് 'ഏദാ' എന്നും കടമില്ലാത്തവയ്ക്കു് 'ദുകറാനാ' എന്നും സാധാ രണ പറയുന്നു. ഇതാണു് ''തിരുനാളുകൾ'' (ഏദാ) ''ഓമ്മദിനങ്ങൾ'' (ദുകറാനാ) എന്നു് ചാവറയച്ചൻ ഇവിടെ പ്രസ്താവിയ്ക്കുന്നതിനു സുറിയാനിപ്രകാരമുള്ള സാധാരണയത്ഥം. കർക്കടകം 3—ലേ തോമ്മാശ്ലീഹാ യുടെ തിരുനാൾ വെറും 'ദുകറാനാ'യല്ല. ഏദെ ദ്ദുക റാനാ എന്നാണു് കാനോൻജപത്തിൽ അതിനെ വിളി ച്ചിരിക്കുന്നതു്.)

പഴയ കൽദായക്രമമനുസരിച്ചു് ഞായറാഴ്ചകൾക്കും ചില ഇടദിവസങ്ങൾക്കും തീയതിമാറിവരുന്ന ''ഏദാ'' കൾക്കും ''ദുകറാനാ'' കൾക്കുമുള്ള നമസ്ക്കാരം ''ഹദ്രാ'' എന്നും തീയതി മാറിവരുന്ന ''ഏദാ'' കൾക്കും ''ദുക റാനാ'' കൾക്കുമുള്ളതു ''ഗസ്സാ'' എന്നും അറിയപ്പെടുന്നു. മറ്റു സാധാരണ ദിവസങ്ങളിലേയ്ക്കുള്ളതാണു് ''കശ് ക്കോൽ''... ഇവ കൽദായ മുറയ്ക്കുള്ള പഞ്ചാംഗമനു സരിച്ചാണു് ക്രമപ്പെടുത്തിയിരുന്നതു്. എന്നാൽ ഉദയ മ്പേരൂർ സൂനഹദോസിനെറശേഷം നമ്മൾ (പ്രത്യേകം തക്സായിൽ) ലത്തീൻ പഞ്ചാംഗം സ്വീകരിയ്ക്കുണ്ടി വന്നു. ലത്തീൻപഞ്ചാംഗപ്രകാരം നമ്മുടെ നമസ്ക്കാരം മുഴുവനും ക്രമപ്പെടുത്തുവാനുള്ള പരിശ്രമമാണു് സൂനഹ ദോസിനെറ ശേഷം നടന്നതു്. ആ പരിശ്രമം മുഴുവനും സഫലമായില്ല. തക്സായിലേ പഞ്ചാംഗവും രീതിയു മനുസരിച്ചു് 'ഞായറാഴ്ചകൾ', 'തിരുനാളുകൾ', 'ഓമ്മ ദിനങ്ങൾ' ഇവയ്ക്കു പറഞ്ഞിയവിധത്തിൽ മുമ്പുണ്ടായി

---

9. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. p. 226. (ഫാ ദർ വലേറിയൻ റവി. ഒ. സി. ഡി.)

രുന്നതും ഉദയമ്പേരൂർ സൂനഹദോസിന്റെശേഷം മുൻപ റഞ്ഞപ്രകാരം മാറ്റപ്പെട്ടതും ആയ നമസ്ക്കാരങ്ങ ചുരുക്കി ക്രമപ്പെടുത്തുകയാണു് ചാവറയച്ചൻ ചെയ്തതു്. ഇതു സംബന്ധിച്ചു് പെ. ബ. പോത്രക്കര കുര്യാക്കോ സച്ചൻ പെ. ബ. ചാവറയച്ചന്റെ ചരിത്രത്തിൽ ഇങ്ങ നെ പറയുന്നു: ''സുറിയാനി നമസ്ക്കാരപ്പുസ്തകം ഓരോരോ പള്ളികളിൽ പലവിധമായിട്ടും പലവ്യത്യാ സമായിട്ടും നടപ്പായിരിയ്ക്കയാൽ എല്ലായിടത്തും ഒന്നി പ്പും ഒരു ക്രമവും ഉണ്ടാകുവാൻവേണ്ടി നമ്മുടെ പ്രിയോ രച്ചൻ എ. പെ. പെ. ബ. വികാരി അപ്പസ്തോലിക്കാ യുടെ കല്പനപ്രകാരം പലയിടത്തിൽനിന്നും ഇവ'ിടെ (മാന്നാനത്തു) നിന്നും പൂർവ്വപുസ്തകങ്ങളൊക്കെയും അന്വേ ഷിച്ചു വരുത്തുകയും പല മല്പാനച്ചന്മാരെയും കൂട്ടമായി കൂനമ്മാവുങ്കൽ കൂട്ടുകയും വ്യത്യാസങ്ങളൊക്കെയും തീർക്ക യും ചെയ്തതിന്റെശേഷം എത്രയും പ്രയാസത്തോടുകൂടെ ഇദ്ദേഹത്തിന്റെ കയ്യെഴുത്തായെ തന്നെ വെടിപ്പായിട്ടും ക്രമമായിട്ടും നമസ്ക്കാരപ്പുസ്തകം മുഴുവനും എഴുതിയു ണ്ടാക്കി.'' എന്നാൽ ഇങ്ങനെ ക്രമപ്പെടുത്തിയതിൽ മുമ്പില്ലായിരുന്ന ചില പ്രാർത്ഥനകളും ലത്തീനിൽനിന്നു പുതുതായി വിവർത്തനം ചെയ്ത ചില ഭാഗങ്ങളും കൂട്ടി ച്ചേർക്കപ്പെട്ടു.

പെ. ബ. പോത്രക്കര കുര്യാക്കോസച്ചൻ തുടർന്നു പറയുന്നു: ''റോമ്മായിൽനിന്നു കാനോനാ നമസ്ക്കാര പ്പുസ്തകം, അന്നത്തെ കാലസ്ഥിതിക്കു അച്ചടിച്ചുവരുവാൻ പ്രയാസമെന്നുകണ്ടു്, കൂനമ്മാവുങ്കൽ അടിപ്പിക്കാമെന്നു നിശ്ചയിച്ചു പുസ്തകവിലയായിട്ടു പട്ടക്കാരിൽനിന്നും ശെമ്മാശന്മാരിൽനിന്നും പണം മുമ്പേറായിട്ടു വാങ്ങിച്ചു തിനാലും മാന്നാനത്തിൽനിന്നുള്ള സഹായത്താലും അ വിടെയും സുറിയാനി, മലയാഴ്മ, ലത്തീൻ അച്ചടി പ്പുണ്ടാക്കിക്കൊണ്ടു്, മസ്മോറാ അടിപ്പിക്കയും, നമസ് ക്കാരം അടിപ്പിക്കുന്നതിനുള്ള അനുവാദത്തിനു കാത്തി രിക്കയും ചെയ്തു.''

ഇതു സംബന്ധിച്ചു പെ. ബ. ചാവറയച്ചൻ പറ യുന്നതു കേട്ടാലും. സുറിയാനിക്കാരായ പട്ടക്കാർക്കും

ശമ്മാശമ്മാക്കും 1869 കുംഭം 1–ൽ അദ്ദേഹം എഴുതുന്നു: ''നമ്മുടെ സുറിയാനിക്രമത്തിനു തക്കവണ്ണം റോമയിൽ നിന്നും വാസ്ഥവപ്പെട്ടത്തി അടിച്ചു തന്നിരിക്കുന്ന തക്സായിലുള്ള ആണ്ടുവരെയുള്ള ഞായറാഴ്ച പെരുന്നാൾ ക്രമംപോലെയും എല്ലാവരും ഒരുപോലെയും നടന്നുവരുവാൻ തക്കവണ്ണം ആണ്ടുവരെ നടപ്പാനായിട്ടു കലംഭാരിയും[10] ആയതിൻവണ്ണം കുർബാനയിൽ തക്സായിൽ വിവരം കാണിക്കാത്ത ഒരോ അല്പമായ ക്രമങ്ങളും ഒരുപോലെ ചെയ്വാൻ തക്കവണ്ണം ചെറുതായി കുർബാനക്രമവും[11] അച്ചടിച്ചിരിക്കയാൽ ആയതും ഒരു ക്രമമായി നടപ്പാൻ ദൈവസഹായത്താൽ ഇടയായിരിക്കുന്നു. ഇനി രണ്ടാം പങ്കായിരിക്കുന്ന കാനോനാ നമസ്ക്കാരം ഇതുസ് നോയമ്പുദിവസങ്ങളിൽ 7 ഹ്രലാലയും,[12] ഞായറാഴ്ച പത്തും, പിറവിക്കു 21–ാ ഇങ്ങനെ ഭാരത്താലും പെരുന്നാളുകളും ഈ വണ്ണം നീളമുള്ളതുമാകയാലും പെരുന്നാൾ പുസ്തകം എഴുതിപ്പാനുള്ള പ്രയാസത്താലും ആയതും, തക്സായിൽ ഉള്ള പെരുന്നാൾ മിക്കതും ഇല്ലായ്കയാലും ഇങ്ങനെ പല മുഖാന്തരങ്ങളാൽ പലരും പല പ്രകാരത്തിൽ ഈ കാനോനാ നമസ്ക്കാരം എത്തിച്ചു വരുകയും കുർബാന ഒരു പുണ്യവാളന്റേറയും കാനോനാ നമസ്ക്കാരം ആഴ്ചയുടേയും ഇങ്ങനെ ക്രമക്കേടായി നടക്കയാൽ ഈ കാനോനാനമസ്ക്കാരം ചുരുക്കി കുർബാനയും, നമസ്ക്കാരവും ഒന്നായിട്ടു നടപ്പാൻ തക്കവണ്ണം കാലംചെയ്ത പെ. ബ. മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ക്രമപ്പെട്ടത്തി ആ പുസ്തകങ്ങളും അദ്ദേഹം വഴിയായിട്ടതന്നെ ഇവിടെ അടിപ്പിക്കുന്നതല്ലാതെ അവിടെനിന്നും മറുവഴിയായിട്ടും അടിപ്പാൻ ഈ കാലങ്ങളിൽ പ്രയാസമായിരിക്കയാലും ഇപ്പോളും ആയതു

---

10. വൈദിക പഞ്ചാംഗം.

11. ത്രുക്കാസാ.

12. കുറെയധികം സങ്കീർത്തനങ്ങളുടെ സമുച്ചയം 21. ഹ്രലാലയിൽ സങ്കീർത്തനങ്ങളും മുഴുവനും വേറെ ചിലവയും കൂടി ഉൾപ്പെടുന്നു!

നമസ്ക്കരിപ്പാൻ അനുവാദം കിട്ടിയിരിക്കയാൽ എഴുതി സാധിപ്പാൻ പ്രയാസമാകകൊണ്ടും കല്ലുപ്രസ്സിൽ എന്റെ സൂക്ഷത്തിൻകീഴിൽതന്നെ ഇപ്പോഴെ അച്ചടിപ്പാൻ നിശ്ചയിച്ച് ശട്ടം കെട്ടിയിരിക്കകൊണ്ടും ഇപ്പോഴെ നടന്നുവരുന്ന നമസ്ക്കാരപുസ്തകവും ആണ്ടുവരെയുള്ള ഞായറാഴ്ച പെരുന്നാളും നോയമ്പു് ഇങ്ങനെയുള്ള ആണ്ടുമുഴുവനും തക്സാപ്രകാരമുള്ള പെരുന്നാളുകളുംകൂടി അടിപ്പാൻവേണ്ടിയ ചെലവിനു വകയുണ്ടാക്കുവാനും എത്ര പുസ്തകം അടിപ്പിക്കണമെന്നു് ഒരു കണക്കുണ്ടാക്കേണ്ടതിനും ആയിട്ടു ഈ എഴുത്തു യാത്രയാക്കുന്നു'' (തുടർന്നു് തുകസംബന്ധിച്ചുപറയുന്നു.)[13]

''നമസ്ക്കാരം ആഴ്ചയുടേതു'' എന്നു പറയുന്നതു് അനുപയോഗിച്ചിരുന്ന ''ആഴ്ചപ്പടി'' അഥവാ സാധാരണ ദിവസങ്ങൾക്കുള്ള (കശ്ക്കോൽ) നമസ്ക്കാരത്തെ ഉദ്ദേശിച്ചാകുന്നു. അതുതന്നെയാണു് സാരാംശത്തിൽ ഇപ്പോഴും നമ്മൾ ജപിക്കുന്ന ''ആഴ്ചപ്പടി'' അഥവാ ''ശഹീമ്മാ'' നമസ്ക്കാരം.

പെ. ബ. ചാവറയച്ചൻ ബെണ്ടർദീനോസു മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം ചുരുക്കിയതു് ഞായറാഴ്ചകൾക്കും ഏദാകൾക്കും ദുക്റാനാകൾക്കുമുള്ള നമസ്ക്കാരമാണെന്നും, മുൻപറഞ്ഞ ''ആഴ്ചപ്പടി''യോടുകൂടെ അദ്ദേഹം ചുരുക്കിയെടുത്തതും ഉപയോഗിപ്പാൻ അനുവദിക്കപ്പെട്ടിരുന്നെന്നും മേലുദ്ധരിച്ച എഴുത്തിൽ നിന്നു വിശദമാകുന്നു.

പെ. ബ. പോരുക്കര കുര്യാക്കോസച്ചൻ പറയുന്നതുപോലെ ചാവറയച്ചൻ ''മസ്സോറാ'' അടിപ്പിക്കയും നമസ്കാരം അടിപ്പിക്കുന്നതിനുള്ള അനുവാദത്തിനു കാത്തിരിക്കയും ചെയ്തു'' അദ്ദേഹം 1871—ൽ മരണം പ്രാപിച്ചു. അനുവാദത്തിനായി റോമ്മായിലേയ്ക്കയച്ച പുസ്ത

13. ചാവറ കുര്യാക്കോസ് ഏലിയാച്ചൻ pp. 315, 316. (ഫാദർ വലേറിയൻ റ്റി. ഒ. സി. ഡി.)

കം അവിടത്തെ കല്പനപ്രകാരമയച്ചതാണെന്നു മുകളിൽ പറഞ്ഞതിൽനിന്നു വിശദമാണു്.

ലെയോനാർദ്ദു മെത്രാപ്പോലീത്താ വത്തിക്കാൻ സൂനഹദോസിനു പോയിരുന്ന അവസരത്തിൽ ''അമ്പതുനോമ്പിൽ ചൊല്ലുന്ന നമസ്കാരവും'' ആണ്ടുവട്ടം മുഴുവനും ചെല്ലുന്ന നമസ്കാരവും'' ചുരുക്കിയെടുത്തു നടപ്പിലാക്കുവാനുള്ള അനുവാദം 9–ാം പീയൂസു മാപ്പാപ്പായിൽ നിന്നു വാങ്ങിച്ചു. പട്ടക്കാരുടെ ആവശ്യപ്രകാരമാണു് അദ്ദേഹം ഇങ്ങനെ ചെയ്തതു്. വിദഗ്ദ്ധന്മാരുടെ സഹായത്തോടെ 1876–ൽ ഇപ്പോഴും എല്ലാദിവസവും നമ്മൾ ജപിക്കുന്ന ''ആഴ്ചപ്പടി'' അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതു മുമ്പുണ്ടായിരുന്നതുതന്നെയാണു്. കയ്യെഴുത്തു പ്രതികളിലുണ്ടായിരുന്ന തെറ്റുകളും തിരുത്തുകയും[13a] ഒരോ ദിവസവും ചൊല്ലേണ്ട സങ്കീർത്തനങ്ങളുടെ സംഖ്യകുറയ്ക്കുകയും, സൌകര്യത്തിനുവേണ്ടി ഓരോദിവസത്തെ പ്രാർത്ഥനകളും ഒരുമിച്ചുചേർത്തു ക്രമപ്പെടുത്തുകയും, മ്ശീഹായുടെ മാതാവെന്നും ഈശോയുടെ മാതാവെന്നും ഉള്ള പ്രയോഗങ്ങളും ദൈവത്തിന്റെ മാതാവു് എന്നു മാറ്റുകയും[14] ഞായറാഴ്ച ലെലിയാ ചില ചില്ലറ വ്യത്യാസങ്ങളോടുകൂടി മദ്രാശ ഉംപ്പെടെ ആണ്ടുവട്ടം മുഴുവനും

13a. ''ലവ്റെ ദാലാഹാ മ്റൈമ്മാ,'' ''കാലെദവറാശ് മാലാ ആസർ'' എന്നിവയിൽ സാക്ഷാൽ തെറ്റുകളുണ്ടായിരുന്നു. ''ലാസാപ്സീൻ റൌമ്മാ'' എന്നതിലേ ''പർക്കെമിൻ മൌത്താ'' എന്ന പാദം ഇനിയും തിരുത്തേണ്ടതായിട്ടുണ്ടെന്നു് നമുക്കു കൽദായക്കാക്കുമായി റോമ്മായിൽ അച്ചടിച്ചിട്ടുള്ള കാനോൻ ജപപുസ്തകത്തിൽനിന്നു വിശദമാണു്. ''പർക്കൻ മിൻ മൌത്താവസ്ലെക്കു് ലശ്മയ്യാ വീസെവ് ല് ഏൻ മിൻ കോൽ മാറാ ഉശല്ലീത്താ'' എന്നാണു് റോമൻ പതിപ്പിൽ കാണുന്നതു്.

14. വലിയനോമ്പിൽ ഓശാന ഞായർവരെ കൽദായക്കാർ കുർബാനയിൽ ''ഓശാന'' എന്ന പദം ഉച്ചരിക്കയില്ല. ഹല്ലെലൊയ്യായിക്കുപകരം ശ്ബഹാലാക് ആലാഹാ 70–ാം ഞായർ മുതൽ ഉയർപ്പുവരെ നമ്മളിപ്പോഴും ലത്തീൻ മുറയ്ക്കു ചൊല്ലുന്നുണ്ടു്. കാനോൻജപം അച്ചടിക്കുന്നതിനുമുമ്പേ തന്നെ ഇങ്ങനെ നടന്നിരിക്കാം.

ഒന്നാക്കുകയും ചെയ്തതാണു് ഇതു സംബന്ധിച്ചു ചെയ്തിട്ടുള്ള പ്രധാന സംഗതികളും.15 സങ്കീർത്തനങ്ങളുടെ സംഖ്യ ചുരുക്കിയതിനാൽ ഒരിക്കലും ചൊല്ലാത്ത ചില ജപങ്ങളും ഇതിൽ കാണാവുന്നതാണു്. ഇതിൽ ഞായറാഴ്ച, റംശാ പഴയ കൽദായ രീതിയിലുള്ള വത്സര വിഭാഗമനുസരിച്ചു ക്രമപ്പെടുത്തിയിരിക്കുന്നു. തക്സായിലും പഞ്ചാംഗത്തിലുമാകട്ടെ വത്സരവിഭാഗം ലത്തീൻ രീതിപ്രകാരമാണു് കാണപ്പെടുന്നതു്! ഇടദിവസങ്ങളിൽ ചൊല്ലുന്ന ലെലിയായുടെ ''നേമ്മർ'' സ്ഥലം മാറ്റി വച്ചുകൊണ്ടു് 1886–ൽ മർസ്ലീനോസു മെത്രാന്റെ അനുവാദത്തോടെ കൂനമ്മാവിൽ ഇതു വീണ്ടും അച്ചടിക്കപ്പെട്ടു. ഇതിന്റെ ചില പ്രതികളിൽ ''വേസ്പര''ുള്ള പ്രത്യേക ജപങ്ങളും അടിച്ചു ചേർത്തിട്ടുണ്ടു്. തിരുനാളുകളുടെ ''റംശാ'' നമസ്കാരമാണല്ലൊ ''വേസ്പര.'' ഇതിനിപ്പോഴും ''ആഴ്ചപ്പടി'' എന്നു പേരുപറഞ്ഞുവരുന്നു. ''നമസ്ക്കാരം ആഴ്ചയുടെയും'' എന്നു പെ. ബ. ചാവറയച്ചൻ പറയുന്നതു് (മുകളിൽ നോക്കുക.) ഇതുതന്നെയാണു്. ഇതു് ഈ രീതിയിൽ ആദ്യം അടിപ്പിക്കുവാൻ ഉത്സാഹിച്ചവരിൽ പ്രധാനി തട്ടാച്ചേരിലച്ചനായിരുന്നു. ജെരാർദ്ദ മൂപ്പച്ചനും വളരെ സഹായിച്ചിട്ടുണ്ടു്.

ഞായറാഴ്ചകളും, തിരുനാളുകളും (ഏദായും ദുക്റാനായും) മറ്റു സാധാരണ ദിവസങ്ങളിൽ (ശ്ഹീമ്മാ)

---

15. ലെലിയായുടെ ''മൈത്വാകൽക്കു്'' പുരാതന കൽദായ നടപ്പനുസരിച്ചു് ഓരോ വത്സരവിഭാഗത്തിനും യോജിച്ച ''കാലാ''കളാണു് ചൊല്ലേണ്ടതു് ഈ കാലാകളും ആട്ടവട്ടം മുഴുവനും ഞായറാഴ്ചകളിലും ചിലപ്രത്യേക ദിവസങ്ങളിലും തിരുനാളുകളും (ഏദായോ ദുക്റാനായോ) അല്ലാത്ത (ശ്ഹീമ്മാ) ദിവസങ്ങളിലും വത്സരവിഭാഗമനുസരിച്ചു മാറിമാറിവരും. ഇപ്പോഴത്തെ മുറ്റുസു നമ്മം ആണ്ടുവട്ടം മുഴുവനും ഒരേകാലാകളും ചൊല്ലുന്നു1734–ൽ പുത്തൻകൂറുകാരുടെ ഉപയോഗത്തിനെഴുതിയ ഒരു കയ്യെഴുത്തുപ്രതിയിലും മിക്കവാറും ഇങ്ങനെ തന്നെ കാണുന്നു. ആരായിരിക്കാം ഇങ്ങനെ അവ ക്രമപ്പെടുത്തിയതു്? പുത്തൻകാരുടെ ഉപയോഗത്തിനെഴുതിയ പ്രസ്തുത പുസ്തകത്തിൽ ഞായറാഴ്ച ലെലിയായും നമുക്കുള്ളതുപോലെതന്നെയാണു്. മദ്രാശയില്ല.

എന്നീ ദിവസങ്ങൾക്കുള്ള നമസ്കാരത്തിന്റെ ഒന്നാം ഭാഗവും കുനമ്മാവിൽ അച്ചടിക്കപ്പെട്ട. സൂബാറായുടെ ഒന്നാം ഞായർ മുതൽ 50 നോമ്പുവരെ ജപിക്കേണ്ട പ്രാർത്ഥനകളും ഇതിലടങ്ങിയിട്ടുണ്ട്. ഓരോ ഞായറാഴ്ചയും ഈ അവധിയിൽ വരുന്ന മാറ്റമുള്ളതും ഇല്ലാത്തതും ആയ തിരുനാളുകളും (ഏദായും ദുക്റാനായും) ഇടദിവസങ്ങളും (ശ്ഹീമ്മാ) ഓരോ ഗണത്തിൽപെട്ട വിശുദ്ധന്മാരുടെ തിരുനാളുകളും (Commune Sanctorum) ഉള്ള നമസ്കാരങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ഇടദിവസങ്ങളും (ശ്ഹീമ്മാ) നമസ്കാരം മിക്കവാറും 1876–ലും 1886–ലും കുനമ്മാവിലടിച്ചെന്നു മുകളിൽ പറഞ്ഞ ''ആഴ്ചപ്പടി'' (ശ്ഹീമ്മാ അഥവാ കശ്ക്കോൽ) തന്നെയാണ്. എന്നാൽ അതിലുള്ള ചില തെറ്റുകളും (സാക്ഷാൽ വിശ്വാസത്തെ സ്പർശിക്കുന്ന തെറ്റുകളും) 1876–ലേയും 1886–ലേയും പതിപ്പുകളിൽ തിരുത്തിയിട്ടുണ്ട്. പ്രാർത്ഥനകളുടെ സ്ഥാനക്രമത്തിലും ''കൽത്താ'' എന്ന ചെറുജപങ്ങളിലും ഇവതമ്മിൽ വ്യത്യാസം കാണുന്നു. ഞായറാഴ്ച ''മൌത്വാ''യുടെ പൊതുവായ ഭാഗം രണ്ടിലും ഒന്നുതന്നെ. പെ. ബ. ചാവറ പ്രിയോരച്ചൻ ക്രമപ്പെടുത്തിയെന്നു മുകളിൽ പ്രസ്താവിച്ച നമസ്കാരങ്ങളുടെ ഒന്നാം ഭാഗമാണ് ഈ പുസ്തകം. ഇതിൽ മുമ്പില്ലായിരുന്ന ചില പ്രാർത്ഥനകളും ലത്തീനിൽനിന്ന് കൊവേന്തക്കാരെ ഉദ്ദേശിച്ചും മറ്റും തർജ്ജമ ചെയ്ത ചേർത്ത കുറെ ഭാഗങ്ങളും കാണപ്പെടുന്നുണ്ട്. പഴയതു ചുരുക്കിയെടുക്കുന്നതല്ലാതെ പുതുതായി ചേർക്കുന്നതു അംഗീകരിയ്ക്കുവാൻ തനിയ്ക്കധികാരമില്ലെന്നു പറഞ്ഞു വൈദികാദ്ധ്യക്ഷൻ ഈ പുസ്തകം തടഞ്ഞതായി കേട്ടിട്ടുണ്ട്. പഞ്ചാംഗത്തിൽ പെരുനാൾ നമസ്കാരം (ന. കു. പെ.) കുറിച്ചിരിയ്ക്കുന്ന ദിവസങ്ങളിലും ''ആഴ്ചപ്പടി''തന്നെ ഇടവകപ്പട്ടക്കാർ ആണ്ടുവട്ടം മുഴുവനും ജപിയ്ക്കുവാനുള്ള കാരണം ഇതാണ്. കൊവേന്തക്കാർ ''പെരുനാൾപ്പടി'' ജപിക്കുന്നതിനെപ്പറ്റി പിന്നീടു പറഞ്ഞുകൊള്ളാം. വൈദികാദ്ധ്യക്ഷൻ തടഞ്ഞെന്നു മുകളിൽ പറഞ്ഞ പുസ്തകം ''പെരുനാൾ നമസ്കാരം'' എന്നു വിളിയ്ക്കപ്പെടാറുണ്ട്.

തകഴ്സാ

ലെഒനാർദ്ദ മെത്രാപ്പോലീത്തായുടെ കാലത്താണഴ് മേലൂസുശീസ്സയുടെ ഉത്ഭവം. അന്നു പെ. ബ. പോത്രക്കരെ കുര്യാക്കോസച്ചൻ (തോമ്മാ മല്പാന്റെ അനുജൻ) പെ. ബ. ചാവറയച്ചന്റെ സ്ഥാനത്തു സുറിയാനിക്കാരുടെ വികാരിജനറാളായി ഉയത്തപ്പെട്ടു.

ലെഒനാർദ്ദ മെത്രാപ്പോലീത്താ വത്തിക്കാൻ സൂനഹദോസിൽനിന്നു തിരിച്ചുവന്നപ്പോഴം 1844–ൽ റോമ്മായിലടിച്ച തകഴ്സായുടെ ചില പ്രതികളിൽ ചില വ്യത്യാസങ്ങഴം പ്രത്യക്ഷമായി. (ബാബേൽ) പാത്രിയക്കീസിന്റെ പേരുള്ള കടലാസുകഴം പ്രസ്തുത പ്രതികളിൽനിന്നു നീക്കംചെയ്തഴ് തൽസ്ഥാനത്തുഴ് ആ പേരു നീക്കിയുള്ള മറ്റു സംഗതികഴം കൂട്ടികുറഞ്ഞ കടലാസിൽ അടിച്ചുചേത്തതാണഴ് ഒരു വ്യത്യാസം. റോമ്മായിലാണഴ് കൂട്ടികുറഞ്ഞ ഈ കടലാസുകഴം അച്ചടിക്കപ്പെട്ടതു. ഒടുവിലത്തെ ഒരു ഹത്താമ്മായിൽ പാപ്പാ, അപ്പസ്തോപ്പാ എന്നെല്ലാം ചേത്തുകൊണ്ടഴ് ''റോമ്മാനിയാ കാസോലിക്കോസു'' എന്നു തിരുത്തിയിരിയ്ക്കുന്നു. ഇതുഴ് അബദ്ധമാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ[16] റോമ്മായിൽനിന്നുള്ള കല്പന നിമിത്തം പാത്രിയക്കീസിന്റെ പേരു നീക്കപ്പെട്ടെന്നഴ് വിസിറ്ററർ അപ്പസ്തോലിയ്ക്കായായ മെവുറീൻ മെത്രാൻ തൃശ്ശൂരെ ശീസുക്കാരെ അറിയിച്ചതായി 1876–ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു പരസ്യലേഖനത്തിൽ കാണുന്നു. എന്നാൽ റോമ്മാ

16. നമ്മുടെ കർബാനയുടെ ലത്തീൻതർജ്ജമ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഈ പ്രയോഗമുണ്ടഴ്. കാസോലിക്കോസു പാത്രിയക്കീസിന്റെ വികാരിജനറാളാകയാൽ ആ സംജ്ഞ മാപ്പാപ്പായിക്കു യോജിച്ചതല്ല. കാനോൻജപവും അച്ചടിക്കുപ്പെടുന്നതിനു മുമ്പഴ് ഉപയോഗത്തിലിരുന്ന കയ്യെഴുത്തുപ്രതികളിൽ മാപ്പാപ്പായെ ''റോമ്മാകാസോലിക്കോസു'' ''എന്നും കാസോലിക്കാ പാത്രിയക്കീസു'' എന്നും അഭിസംബോധനം ചെയ്തിരിക്കുന്നു. കാസോലിക്കോസിന്റെ അത്ഥം ''സാവ്തികൻ'' എന്നാണെന്നുള്ള അബദ്ധധാരണയാണഴ് ഇതിന്റെ പ്രധാന കാരണം.

യിൽനിന്നു ഇതുസംബന്ധിച്ചു ഏതെങ്കിലും രേഖ പുറപ്പെട്ടിട്ടുള്ളതായി അറിവില്ല. ''റോമ്മാനിയാ കാസോലിക്കോസു്'' എന്ന പ്രയോഗം റോമ്മായുടെ അറിവോടെ തക്സായിൽ സ്ഥലം പിടിയ്ക്കുവാൻ ഇടയില്ലല്ലൊ. കൂടാതെയും പാത്രിയക്കീസിന്റെ പേരു മാറ്റരികളഞ്ഞതോടുകൂടി അതിനു മുൻപും പിൻപും നില്ക്കുന്ന ബഹുവചനപ്രയോഗവും മാറേറണ്ടതായിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. ഇതിന്റെശേഷം കേരളത്തിലടിച്ച തക്സായുടെ ഔദ്യോഗിക പതിപ്പുകളിലെല്ലാം പാത്രിയക്കീസിന്റെ പേരു കാണുന്നുമുണ്ടു്.

കുർബാനമദ്ധ്യേ കല്യാണവാഴ കൊടുക്കുവാനുള്ള ക്രമം ലത്തീനിൽനിന്നു തർജ്ജമചെയ്തു തക്സായിൽ ചേർത്തതാണു് വേറൊരു വ്യത്യാസം. ഇതും കട്ടിക്കുറഞ്ഞ കടലാസിൽ റോമ്മായിൽതന്നെ അച്ചടിക്കപ്പെട്ട. ഈ തർജ്ജമ തയാറാക്കിയതു് പെ. ബ. ചാവറയച്ചനാണെന്നു കേട്ടിട്ടുണ്ടു്. കുർബാനമദ്ധ്യേ മാത്രം കല്യാണവാഴ കൊടുക്കണമെന്നുള്ള നിയമം സുറിയാനിക്കാരുടെയിടയിൽ ചില്ലറക്ഷോഭങ്ങൾക്കു കാരണമായിരുന്നു.

പുതിയ വായനകൾ ആദിയായവ

തക്സായിൽ കുറിച്ചിട്ടുണ്ടെങ്കിലും വായന ചേർത്തിട്ടില്ലാത്ത തിരുനാളുകളുടെയും മൂന്നുനോമ്പിന്റേയും (മൂന്നുനോമ്പു തക്സായിലില്ല.) വായനകളും മാതാവിന്റെ ഛായാമ്മായും 1879—ൽ കുനമ്മാവിലടിച്ച തക്സായോടു ചേർക്കപ്പെട്ട. ഈ ഛായാമ്മായുടെ ഉത്ഭവം എന്നാണെന്നു നിശ്ചയമില്ല. മുൻപറഞ്ഞ 1708—ൽ എഴുതിയ കയ്യെഴുത്തു തക്സായിൽ ഇതു കാണുന്നുണ്ടു്. 1879 ൽതന്നെ കർമ്മലീത്താ തിരുനാളുകളുടെ കുറിപ്പും വായനകളും തക്സായിൽ അടിച്ചു ചേർക്കപ്പെട്ട. 1863—മുതൽ കർമ്മലീത്താ തിരുനാളുകൾ കൊവേന്തകളിൽ ആചരിച്ചു തുടങ്ങിയിരുന്നു.

ഇവയെല്ലാം വൈദികാനുമതിയോടെയാണു് ചെയ്തിട്ടുള്ളതു്.

ലെഒനാർദ്ദോ മെത്രാപ്പോലീത്താ

1879–ൽ ലെഒനാർദ്ദോ മെത്രാപ്പോലീത്താ ''വിശ്വാസം, കൂദാശകൾ, പെരുന്നാളുകൾ, നോമ്പു്, ദേവാലയങ്ങൾ മുതലായവകളും സംബന്ധിച്ചുള്ള കല്പനകളും നിയമങ്ങളും'' പ്രസിദ്ധീകരിച്ചു. അവയിൽ റീത്തിനെ സ്പർശിയ്ക്കുന്ന പലതുമുണ്ടു്. പാട്ടുകാർ അങ്കക്കയോ ഒപ്പയോ ധരിച്ചിരിയ്ക്കണം; പള്ളിയിൽ പോകുമ്പോൾ എല്ലാവരും ചിതമായി വസ്ത്രധാരണം ചെയ്യണം; വി. കുർബാന സൂക്ഷിയ്ക്കുവാൻ സക്രാരിയുണ്ടാകേണ്ടതാണു്; ശവസംസ്കാരത്തിനു കുരിശും മണിയും എപ്പോഴുമുണ്ടായിരിയ്ക്കേണ്ടതും, ''ഏറമർമാക'' ചൊല്ലി കുഴിയിൽ ഹനാൻവെള്ളം തളിയ്ക്കേണ്ടതുമാണു്; കല്യാണവാഴ്ച കുർബാനമദ്ധ്യേ മാത്രമേ കൊടുക്കാവൂ; അതിനുള്ള ക്രമം ലത്തീനിൽനിന്നു തർജ്ജമചെയ്തതു് ലത്തീൻ കുർബാനയിലെപ്പോലെ സുറിയാനിക്കുർബാനയിലും ഉപയോഗിച്ചുകൊള്ളണം, ഒരു നേരം നോക്കുവാൻ കടമില്ലാത്തവരും[17] മോരും, പാലും, കേശും മീനും അനുഭവിച്ചുകൂടാ; ഒരുനേരം ഞായറാഴ്ച വന്നാൽ തലേശനിയാഴ്ച അതനുഷ്ഠിയ്ക്കണം; ഇങ്ങനെ പലതും പ്രസ്തുത നിയമസംഹിതയിൽ കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കുർബാന, കുർബാനക്കുപ്പായം, ദേവാലയം, മദ്ബഹാ, ദർശനം, പള്ളിവസ്തുക്കൾ മുതലായവ സംബന്ധിച്ചും പല സംഗതികളും അതിലുണ്ടു്. മഹറോൻ വിമോചിക്കുവാൻ ലത്തീനിൽനിന്നു സുറിയാനിയിലേയ്ക്കു വിവർത്തനംചെയ്ത ക്രമവും അതിൽ കാണാം. മിക്കതും ബെർണ്ണർദ്ദീനോസു മെത്രാപ്പോലീത്താ കല്പിച്ചിരുന്നവ തന്നെയാണു്. ഇവയെല്ലാംതന്നെ അന്നു ലത്തീൻ സഭയിൽ നടന്നിരുന്ന നിയമങ്ങളാകയാലും, മാക്കീൽ മെത്രാനച്ചന്റെ ''ദെക്രേത്തിൽ'' കുറേക്കൂടി പരിഷ്കരിച്ചു ചേർത്തിട്ടുള്ളവയാകയാലും ഇവസംബന്ധിച്ചു കൂടുതലായി എന്തെങ്കിലും പറയേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല.

---

17. ഒരുനേരത്തിനുള്ള പ്രായം ലത്തീൻസഭയിലെപ്പോലെയെന്നാണു് ധാരണ.

കടമുള്ള ദിവസങ്ങളുടെയും മാംസവർജ്ജനവും ഒരുനേരവും ഉള്ള ദിവസങ്ങളുടെയും പട്ടിക ഇപ്പോഴും നമ്മുടെ കൈവശമുള്ളതുതന്നെയാണു്. കടമുള്ള തിരുനാളുകളും: ഛേദനാചാരം; ദെനഹാ; മാതാ: ശ്രുദ്ധീകരണം; മംഗലവാർത്ത; സ്വർഗ്ഗാരോഹണം; വി. കുർബാന; പത്രോസു് പൗലോസു് ശ്ലീ; ദുകറാനാ; മാതാ. കരേറാം; മാതാ. പിറവി; സകല വിശുദ്ധർ; അമലോത്ഭവം; ന. ക. പിറവി. 50 നോമ്പു്; 15 നോമ്പു്, 3 നോമ്പു്; ആണ്ടുവട്ടത്തിലുള്ള വെള്ളി, ശനി; ചതുഷ്ക്കാലത്തിലെ ബുധൻ; ചില തിരുനാളുകളുടെ തലേദിവസം ഇവയാണു് മാംസവർജ്ജനത്തിനുള്ള ദിവസങ്ങൾ. 50 നോമ്പിലെ വെള്ളിയാഴ്ചകളും, ദുഃഖശനിയും, ന. ക. പിറവിയുടെ തലേ ദിവസവും ഒരുനേര ദിവസങ്ങളാണു്.

ഇടവകഭരണം സംബന്ധിച്ചു സുറിയാനിക്കാർക്കായി 41—ഉം ലത്തീൻകാക്കായി 28—ഉം ഖണ്ഡികകളടങ്ങിയ ഒരു പടിസാധനം 1871—ൽ ലെഒനാർദു മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. പള്ളികളിലെ വഴക്കങ്ങൾ തീർക്കുവാൻ ഇതു വളരെ ഉപകാരപ്രദമായിത്തീർന്നു.[17a]

മരിച്ചവരുടെ ഒപ്പീസു്

പെ. ബ. ചാവറയച്ചൻ[18] കൂട്ടിച്ചേർത്തു വച്ചിരുന്ന മരിച്ചവരുടെ ഒപ്പീസു് 1882—ൽ വൈദികാനുമതിയോടെ പെ. ബ. പോർത്തുക്കരയച്ചൻ മാന്നാനത്തു് അച്ചടിപ്പിച്ചു. കൂട്ടികളെ സംസ്ക്കരിക്കുന്ന ക്രമം പുതുതായി ലത്തീ

17a. Analecta, O. C. D. 1939. p. 41.

18. തിരുഹൃദയഭക്തി കേരളത്തിൽ പ്രചരിപ്പിച്ചവരിൽ അഗ്രഗണ്യനാണു് പോർത്തുക്കരയച്ചൻ. അദ്ദേഹം പ്രസിദ്ധീകരിച്ച ''നിത്യാരാധന'' ഇതിനു വളരെ പ്രോത്സാഹനം നൽകിയിട്ടുണ്ടു്. കുറെമുമ്പുവരെ സ്തുതിനത്തിന്റെ ഒരു ഭാഗം എന്നപോലെ കരുതപ്പെട്ടിരുന്ന ''നിത്യാരാധന''യുടെ പ്രചാരം ഇപ്പോൾ വളരെ കുറഞ്ഞുപോയി.

നിൽനിന്നു തജ്ജമചെയ്തതാണെന്നു മുഖവുരയിൽ പോത്രു ക്കരയച്ചൻ പറയുന്നുണ്ട്. അവസാനഭാഗത്തു കൊടുത്തി രിക്കുന്നതും കൊവേന്തകളിൽ തിങ്കളാഴ്ചതോറും ചൊല്ലി വരുന്നതും ആയ ഭാഗത്തു ചിലതെല്ലാം ലത്തീനിൽനി ന്നെടുത്തവയായി കാണുന്നു. ഇതിൽ മൂന്നുനോമ്പിനുള്ള പഴയ നമസ്ക്കാരത്തിലെ ചില ഭാഗങ്ങളുമുണ്ട്. ''അന്നീദാ'' തജ്ജമയാണ്. മറ്റുഭാഗങ്ങളും ശ്രുശ്രൂഷ ചെയ്യപ്പെടുന്നരീതിയിൽ ലത്തീൻ മയമുണ്ടെങ്കിലും അവ പഴയവതന്നെ. എങ്കിലും അങ്ങുമിങ്ങും ചില പദപ്രയോ ഗങ്ങളിൽ പഴയതിൽനിന്നു വ്യത്യാസം വന്നിട്ടുണ്ട്. ''ഏസ്തിക്കുട്ടുക'' മുതലായവയിൽ ലത്തീൻ മയമുണ്ടല്ലൊ. ദർശനം പ്രചാരത്തിൽ വന്നതോടെ ''കുമ്മഞ്ഞിമേന്തു'' accompaniment) ഉണ്ടായി.

എൻഗ്രീദിയോൻ

1881—ൽ ''പട്ടക്കാരുടെ എൻഗ്രീദിയോൻ'' പെ. ബ. വലിയവീട്ടിൽ ഗീവറുഗീസു മല്പാനച്ചൻ വൈദി കാനുമതിയോടെ വരാപ്പുഴെനിന്നും പ്രസിദ്ധീകരിച്ചു. ത്രികാലജപം തുടങ്ങി പട്ടക്കാർക്കാവശ്യമുള്ള എല്ലാ പ്രാർത്ഥനകളും അതിലുണ്ട്. തിരുവസ്ത്രങ്ങളും വെഞ്ചരി ക്കുക, പള്ളിയ്യുകല്ലിടുക, പുതിയ പള്ളി വെഞ്ചരിക്കുക, സ്ലീവാപ്പാഥ സ്ഥാപിക്കുക ആദിയായവയ്ക്കുള്ള ജപങ്ങളെ ല്ലാം അതിൽ ചേർത്തിരിക്കുന്നു. എല്ലാം ലത്തീനിൽനി ന്നുള്ള വിവർത്തനം തന്നെ. ഭാഷ അത്ര നല്ലതല്ല.

പൌരസ്ത്യ റീത്തുകളുടെ നിർമ്മലത പരിരക്ഷിക്കുന്ന തിൽ ശ്രദ്ധ പതിച്ചിട്ടുള്ള റോമ്മാ സിംഹാസനം വിവർത്ത നങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നു കോപ്റ്റുകാരുടെ കാര്യത്തിൽ ചെയ്ത ഒരു തീരുമാനത്തിൽനിന്നു ഗ്രഹിക്കാം. [19]

---

19. Acta Apostolicar Sedis, 1934. p. 302.
മർസ്ലിനോസു മെത്രാൻ പല പരസ്യക്കല്പനകളും പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. ബണ്ണ്ടിനോസു, ലെഒനാർദു എന്നീ മെത്രാ

പള്ളിപണി

19–ാം ശതാബ്ദത്തിലാണ് പള്ളികൾ കിഴക്കോട്ടും തെക്കോട്ടും മറും തിരിച്ചുപണിയുവാൻ തുടങ്ങിയതെന്നു തോന്നുന്നു. നിവൃത്തിയുണ്ടെങ്കിൽ പള്ളി പടിഞ്ഞാട്ടു തിരിച്ചു പണിയണമെന്നാണ് ലത്തീൻകാരുടെയിടയിൽ പോലുമുള്ള വയ്പ്. ''അച്ചന്റെ പടിഞ്ഞാട്ടു തിരിഞ്ഞുള്ള റൂശ്മാ'' എന്നും മറും നമ്മുടെയിടയിലുള്ള പ്രയോഗങ്ങൾ ഈ വിഷയത്തിൽ നമ്മുടെ നടപ്പ് എന്തായിരുന്നെന്നും എങ്ങനെയായിരുന്നെന്നും വിശദമാക്കുന്നുണ്ട്. കൂടുവിവരണങ്ങളുടെകൂടെ ''തെക്കൂ'' ''വടക്കൂ'' എന്നു കാണുന്നവയും ചിന്താവിഷയമത്രേ. ''വലം'' ''ഇടം'' എന്നു കാണുന്നതിൽ കുഴപ്പമുണ്ടാകാം. പൌരസ്ത്യരുടെ, പ്രത്യേകം കൽദായക്കാരുടെ ആശയമനുസരിച്ച് നമ്മൾ ഇപ്പോൾ ഏംഗത്താ വായിക്കുന്നതു് ഇടത്തുവശവും ഏവൻ ഗെലിയോൻ വായിക്കുന്നതു് വലത്തുവശവും ആണ്.

മദ്ബഹായുടെ മുമ്പിലിട്ടിരുന്ന തിരശീലയും പള്ളികളിലെ വിളക്കുകളും ഇപ്പോൾ ഇല്ലാതായി വരുകയാണല്ലൊ. ലത്തീൻ ബന്ധത്തോടുകൂടി മാത്രമേ പ്രസംഗപീഠങ്ങൾ പള്ളികളിലുണ്ടായി തുടങ്ങിയുള്ളു. അവയുടെ ഉത്ഭവത്തെപ്പറ്റി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ.

കൊവേന്തകളും റീത്തും

19–ാം ശതാബ്ദത്തിൽ പല കർമ്മലീത്താ കൊവേന്തകളും കേരളത്തിൽ സ്ഥാപിക്കപ്പെട്ടു. കാനോൻജപം എല്ലാവരുംകൂടി ജപിക്കുന്ന സമയത്തു കൊവേന്തകളിൽ അനുഷ്ഠിക്കുന്ന രീതി ലത്തീനിൽനിന്നു സ്വീകരിച്ചിട്ടുള്ള

പ്പോലീത്താമാരുടെ കല്പനകളുംപോലെ അവയും നമ്മുടെ റീത്തിനെ കുറെയെല്ലാം സ്പർശിക്കാതിരുന്നിട്ടില്ല. അവയെപ്പറ്റി ഇവിടെ വിസ്തരിച്ചു പറയേണ്ട ആവശ്യമില്ല.

20. മെത്രാന്മാരുടെ സിംഹാസനവും, റാസയും പാട്ടുകുർബാനയും കാർമ്മികന്റെ ഇരിപ്പിടവും സ്ഥാപിക്കേണ്ടതെവിടെയാണു്? പാട്ടുകുർബാനയുടെ കാര്യത്തിൽ ഇപ്പോൾ ഐകരൂപ്യമില്ല.

താണു്. ''കോത്രുസു്'' എന്നു ലത്തീനിൽ എഴുതിവയ്ക്കുന്നതിനുപകരം ''ബസേലിക്കാ'' എന്നാണു് എഴുതിവച്ചിരിക്കുന്നതു്. എങ്കിലും പഴയമുറയ്ക്കുള്ള കൈക്കസ്ുരിയുപേക്ഷിച്ചിട്ടില്ല. ഭക്ഷണശാലയിലും, പ്രാർത്ഥനാലയത്തിലും മറ്റും ചൊല്ലുന്ന പ്രത്യേക ജപങ്ങളെല്ലാം തജ്ജമയാണു്. ആ സമയത്തെ ആചാരങ്ങളും ലത്തീൻ കമ്മലീത്തരുടെ തന്നെ. സന്യാസ്യ വസ്ത്രധാരണം, വ്രതവാഗ്ദാനം മുതലായ സന്ദർഭങ്ങളിലുപയോഗിക്കുന്ന ശുശ്രൂഷകളും തജ്ജമ ചെയ്തവയത്രെ — കൽദായ സന്യാസികളും സന്യാസിനികളും വസ്ത്രധാരണവും വ്രതവാഗ്ദാനവും നടത്തുമ്പോഴും ഉപയോഗിക്കുന്ന ശുശ്രൂഷകളും Bibliotheca Orientalis എന്ന കൃതിയിൽ അസ്സെമാനി പകർത്തിയിട്ടുണ്ടു്.

ഇവയ്ക്കു പുറമെ ന. കത്താവിന്റെ പിറവിയുടെ തലേദിവസം രാവിലെ ''റോമൻ മാർട്ടിറോളജി''യിൽനിന്നുള്ള ഭാഗം സുറിയാനിയിൽ പാടി ''പിറവി അറിയിക്കുക'' സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പു് മൂന്നുദിവസം സകല പുണ്യവാന്മാരുടെ ലുത്തിനിയാ ചൊല്ലുക ആദിയായി പല ലത്തീൻമുറകളും കൊവേന്തകളിൽ ആചരിച്ചുവരുന്നു. നമ്മുടെ കന്യകാമഠങ്ങളിലും ഇവയെല്ലാം ഏറെക്കുറെ പകർത്തിയിട്ടുണ്ടു്. ഇടവകപ്പട്ടക്കാരുടേതിൽനിന്നു് കുറെ വ്യത്യസ്തവും കമ്മെലീത്താ തിരുനാളുകളും ചേർത്തിട്ടുള്ളതും ആയ പഞ്ചാംഗമാണു് 1896 മുതൽ കൊവേന്തകളിലുപയോഗിക്കുന്നതു്. [21] അതിൽ പെരുന്നാളും നമസ്കാരം (ന. കു. പെ.) കുറിച്ചിട്ടുള്ള പല ദിവസങ്ങളിലും പെരുന്നാളും നമസ്കാരംതന്നെ ചൊല്ലുന്നുണ്ടു്. 1868—വരെ കൊവേന്തപ്പട്ടക്കാർ കുർബാനയ്ക്കു മുക്കോണൻ തൊപ്പിയും

21. പെരുന്നാളുകളും കുറിക്കുന്നതിലും മാറ്റിവയ്ക്കുന്നതിലും മറ്റും ലത്തീൻ റീത്തിനെയാണു് പഞ്ചാംഗമുണ്ടാക്കുന്നവർ അഭയം പ്രാപിക്കുന്നതു്. തന്നിമിത്തം പഞ്ചാംഗത്തിൽ ലത്തീൻമയം പൂർവ്വാധികം കലർന്നു വരുന്നു. ലത്തീൻ റീത്തിൽനിന്നു സ്വീകരിക്കുന്ന നിർദ്ദേശങ്ങളും ഏതുവിധത്തിൽ നമ്മെ ബാധിക്കുമെന്നുള്ളതു സംബന്ധിച്ച വിദഗ്ദ്ധന്മാരുടെ അഭിപ്രായം അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നു.

കഴത്താരവും ഉപയോഗിച്ചിരുന്നു. (പതിമൂന്നാം അദ്ധ്യായവും പതിന്നാലാം അദ്ധ്യായവും കൂടി കാണുക.)

മുമ്പിലത്തെ ഒപ്പുശ്മാ, തൂയാബാ

കോട്ടയം തൃശ്ശൂർ എന്ന വികാരിയാത്തുകളും സ്ഥാപിക്കപ്പെട്ടപ്പോൾ വികാരി ജെനറാളന്മാർ മുമ്പിലത്തെ ഒപ്പുശ്മാ കൊടുക്കുവാനുപയോഗിക്കേണ്ട ശുശ്രൂഷകളും ലത്തീനിൽനിന്നു സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടു. റോമായിൽനിന്നു അതിനു അംഗീകരണവും ലഭിച്ചു. ഇതു് 1906—ൽ ളയീസുമെത്രാനച്ചൻ അച്ചടിപ്പിച്ചതായി മുമ്പുപറഞ്ഞിട്ടുണ്ടല്ലൊ.

വികാരി ജെനറാളന്മാരിൽ ഒരാളായ അഭിവന്ദ്യ നിധീയിരിക്കൽ മാണിക്കത്തനാർ മെത്രാന്റെ വടിയോടും മുടിയോടുംകൂടി എടുപ്പിച്ച പടം ചില സ്ഥലങ്ങളിൽ അപൂർവ്വമായി കാണുവാനുണ്ടു്. കുറവിലങ്ങാട്ടു പള്ളിമേടയിലിരിക്കുന്നതു് അതു നോക്കി വരച്ചിട്ടുള്ളതത്രേ. ഈ വികാരി ജെനറാളന്മാക്കു മെത്രാന്മാരെപ്പോലെ ''പൊന്തിഫിക്കലും'' കർബാന പാടുവാൻ അവകാശമുണ്ടായിരുന്നു. നിധിയിരിക്കൽ മാണിയച്ചൻ പാലായിലാണു് ആദ്യം ആ കർബാന നടത്തിയതു്. ലവീഞ്ഞുമെത്രാനച്ചന്റെ കാലത്തു് ''തൂയാബാ'' പുസ്തകം തനിച്ചടിക്കപ്പെട്ടു.

റീത്തു പുനരുദ്ധാരണം

ലവീഞ്ഞുമെത്രാനച്ചൻ ജോലികയ്യേറ്റപ്പോൾ അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രത്തിൽ പുരാതനറീത്തു പുനസ്ഥാപിച്ചു കിട്ടണമെന്നു പട്ടക്കാർ അദ്ദേഹത്തോടപേക്ഷിച്ചു. മറുപടി അനുകൂലമായിരുന്നു.

"Your ancient Rite will be restored to its former splendour. It will be my earnest endeavour as it is the earnest desire of our Holy Father,

the Pope to see your Church raised to the fulness and vigour of life which will pave the way to the full accomplishment of all your wishes." [22]

പതിമൂന്നാം അദ്ധ്യായം

നാട്ടുമെത്രാന്മാരുടെ കാലം

ചരിത്രഭാഗം

1896—ൽ ചങ്ങനാശേരി, എറണാകുളം, തൃശ്ശൂർ എന്ന മൂന്നു ശ്രൈഹിക വികാരിയാത്തുകളും സ്ഥാപിക്കപ്പെടുകയും നാട്ടുമെത്രാന്മാർക്കു ഭരമേല്പിക്കപ്പെടുകയും ചെയ്തു. 1911—ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം സ്ഥാപിക്കപ്പെട്ടു. 1923—ൽ എറണാകുളം അതിരൂപതയും മറ്റുള്ളവ ഉപരൂപതകളും ആയി ഉയർത്തപ്പെട്ടപ്പോൾ നമ്മുടെ റീത്തിൽ സ്വന്തം അദ്ധ്യക്ഷന്മാരുടെ കീഴിൽ ചിരപ്രതീക്ഷിതമായ ആ ''ഹയരർക്കി'' നമ്മുടെ സഭയ്ക്കു കൈവന്നു.

---

22. മംഗളപത്രത്തിൽ അപേക്ഷിച്ചതിങ്ങനെയാണ്.

"Consequent upon the want ofBishops of our own rite, our ancient customs and rites have, with the flow of time, become marred in their beauty, and it is in the regime of Your Lordship that we hope to see them restored to their ancient prestige and glory and still more to find ourselves soon raised from the low state of education in which we are, by the establishment of a College an d its affiliated English schools for which oursevles and our Jacobite brethren have entered into certain social conventions."

16—ാം ശതാബ്ദത്തിനുശേഷം ചില പള്ളികളും കുറെയധികം ജനങ്ങളും ലത്തീൻറീത്തിൽ ചേർന്നവിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

നാട്ടമെത്രാന്മാരുടെ കാലത്തു റീത്തുസംബന്ധമായി നടന്നിട്ടുള്ളവയും നടന്നുകൊണ്ടിരിക്കുന്നവയും ആയ പ്രധാനസംഗതികളെക്കുറിച്ചു ചുരുക്കത്തിൽ പ്രസ്താവിക്കാം.

മെത്രാന്മാർ

ലത്തീൻ മെത്രാന്മാരുടെ ഉടുപ്പുകളും, വടി, മുടി മുതലായവയുമാണു് നമ്മുടെ മെത്രാന്മാർ ഉപയോഗിക്കുന്നതു്. കുർബാനക്കുപ്പായത്തിന്റെ മുകളിൽ കുരിശു ധരിക്കുന്നതു് ഒരു വ്യത്യാസമായി കരുതാം.

പട്ടം കൊടുക്കുക, പള്ളിക്കൂദാശചെയ്യുക, സൈത്തു വെഞ്ചരിക്കുക മുതലായശുശ്രൂഷകളിൽ ലത്തീൻ ക്രമങ്ങളും ലത്തീൻ ഭാഷയിൽതന്നെ സുറിയാനി ക്രമങ്ങളോടു് ഇടകലർത്തിയുപയോഗിക്കുന്നു. [1] മുമ്പിലത്തെ ഒപ്പുശു്മായിക്കുള്ള ശുശ്രൂഷ സുറിയാനിയിലേയ്ക്കു പരിഭാഷപ്പെടുത്തിയതാണു്. കോട്ടയം, തൃശ്ശൂർ എന്ന വികാരിയാത്തുകളിലെ (1886) വികാരി ജനറാളന്മാരുടെ ഉപയോഗത്തിനു തയാറാക്കിയ ഈ പരിഭാഷ 1906—ൽ ളയീസുമെത്രാനച്ചൻ പുത്തൻപള്ളിയിൽനിന്നു അച്ചടിച്ചു പ്രസിദ്ധീകരിച്ചു. മെത്രാന്മാർ പള്ളിസന്ദർശിക്കുമ്പോഴും സിമിത്തേരി ആശീർവ്വദിക്കുമ്പോഴും നടത്തുന്ന കർമ്മങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്. സിമിത്തേരി ആശീർവ്വദിക്കുന്ന കർമ്മത്തിനു് ചാണ്ടിമെത്രാന്റെ പൊന്തിഫിക്കളിലെ ഒരുഭാഗം കൂടിയുണ്ടെന്നു മുമ്പു പ്രസ്താവിച്ചതാണല്ലൊ. 1941—ൽ ഇതു കുറെക്കൂടി പരിഷ്കരിച്ചു് (രഹസ്യോപയോഗത്തിനായി) മംഗലപ്പുഴെ അച്ചടിക്കപ്പെട്ടു. പൊന്തിഫിക്കളും പാട്ടുകുർബാനയുടെ ക്രമം ലത്തീന്റെ അനുകരണം മാത്രമാണു്. [1a]

---

1. ലത്തീൻ പൊന്തിഫിക്കളുംപ്രകാരം ലത്തീൻകാർക്കുള്ള ചെറിയ പട്ടങ്ങളെല്ലാം ഇപ്പോഴും നമുക്കുമുണ്ടു്. എന്നാൽ പൌരസ്ത്യർക്കു് ഇതിൽ വ്യത്യാസമുണ്ടു്.

1a. ലത്തീൻ മെത്രാന്മാർ കുർബാനയാരംഭിച്ചശേഷം പീഠത്തിലേയ്ക്കു കയറുമ്പോഴും മാത്രമാണു് കയ്യുറാറ ധരിക്കുന്നതു്. നമ്മുടെ മെത്രാന്മാരും അങ്ങിനെ ചെയ്യുന്നു.

റോമ്മായിൽനിന്നു് ഓരോ പ്രാവശ്യവും പ്രത്യേകാനുവാദം വാങ്ങിയശേഷം നമ്മുടെ ചില പട്ടക്കാർ മുമ്പിലത്തേ ഒപ്പുരശ്മാ നൽകാറുണ്ടു്. ഇങ്ങനെയുള്ള പ്രത്യേകാനുവാദമില്ലാതെ നമ്മുടെ പട്ടക്കാക്കു് ഈ കടാശ സാധുവായി നൽകിക്കൂടയോ എന്നൊരു സംശയത്തിനു വഴിയില്ലാതില്ല.

നാട്ടമെത്രാന്മാരിൽ ആദ്യം ഭരണം നടത്തിയവരുടെ കാലത്തു് ലത്തീൻ പൊന്തിഫിക്കളിന്റെ ഒരു സുറിയാനിവിവർത്തനമുണ്ടാക്കി അംഗീകരിപ്പിക്കുവാനുള്ള പരിശ്രമങ്ങം നടന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. ചില മല്പാന്മാരും അതിനായി പരിശ്രമം നടത്തിയിട്ടുണ്ടത്രേ. 1929—ൽ ഒരു തജ്ജമ പരിഷ്ക്കരിച്ചു് അംഗീകരണത്തിനായി റോമ്മായിൽ സമർപ്പിച്ചെന്നും കേട്ടിട്ടുണ്ടു്. മുൻപറഞ്ഞ വിവർത്തനം ആരംഭിച്ചകാലത്തു് അതിനു വിരോധമായി പട്ടക്കാർ പൊതുഹർജികം റോമ്മായിൽ സമർപ്പിച്ചു. പുരാതനറീത്തു പുനരുദ്ധരിച്ചു കിട്ടണമെന്നാണു് ഹർജികളുടെ താല്പര്യം. എന്നാൽ ബാബേൽ ബന്ധത്തെപ്പററി അവയിൽ കുറെയധികം കടത്തി പറഞ്ഞിട്ടുണ്ടു്. 2

ആരാധന മംങ്ങളിൽ വസ്ത്രധാരണവും പ്രതവാശാനവും ലത്തീൻമുറയ്ക്കു നടത്തപ്പെടുന്നു. ലത്തീൻ ക്രമങ്ങം ലത്തീൻഭാഷയിൽ സുറിയാനി കുർബാനയോടു ചേർത്തു പയോഗിക്കയത്രേ ചെയ്യുന്നതു്. മലയാളഭാഷയ്ക്കും അതിൽ സ്ഥാനമില്ലാതില്ല. 1938—ൽ ഈ ക്രമം മാന്നാനത്തു് അച്ചടിക്കപ്പെട്ടു.

വൈദികർ

വെളുത്തതും കറുത്തതുമായ കുപ്പായങ്ങം, പട്ടം, തിരുവസ്ത്രങ്ങം ആദിയായവയിൽ ലത്തീൻ മുറയാണല്ലൊ വൈദികർ സ്വീകരിച്ചിട്ടുള്ളതു്. പട്ടക്കാരുടെ വേഷം

2. Giamil, op. e. pp. 622 sqq.

സംബന്ധിച്ചു മാക്കീൽ മെത്രാനച്ചന്റെ ദെക്രേത്തു പുസ്തകം നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. 3 നമ്മുടെ ശമ്മാശന്മാർ ലത്തീൻകാർ നടത്തുന്ന സ്ഥലങ്ങളിൽ പരിശീലിപ്പിക്കപ്പെടുകനിമിത്തം ലത്തീൻ മുറയുള്ള പല ആശയങ്ങളും ആചാരങ്ങളും നാമറിയാതെ നമ്മുടെയിടയിൽ കടന്നുകൂടിക്കൊണ്ടിരിക്കുന്നു. പള്ളികളുടെ അകത്തും പുറത്തും തിരുവസ്ത്രങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ലത്തീൻ ലിഖിതങ്ങളും ചിഹ്നങ്ങളും ഇതിനൊരു സാക്ഷ്യമായി കരുതാവുന്നതാണ്.

അൽമായർ

സുറിയാനിക്കാരെന്നുള്ള പേരല്ലാതെ അൽമായക്കാർക്കു റീത്തിൽ പറയത്തക്ക ഭോഗഭോഗിത്വമൊന്നുമില്ല. നമ്മുടെ പൂർവ്വന്മാരുടെ സ്ഥിതി ഇതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു. റീത്തിനോടൊരുവിധത്തിൽ അനുബന്ധപ്പെട്ട സാമുദായികാചാരങ്ങളും, കല്യാണാഘോഷങ്ങളും, ചാത്തം, പുലകുളി ആദിയായവ ക്രമേണ ഇല്ലാതായിവരുകയാണ്. പണച്ചെലവത്രേ ഇതിനൊരു പ്രധാന കാരണം. പക്ഷെ, മറ്റു തരത്തിലുള്ള ആഘോഷങ്ങൾക്കായി കൂടുതൽ പണം നമ്മൾ ചെലവാക്കുന്നില്ലയൊ എന്നു ചിന്തിക്കേണ്ടതുണ്ട്.

ശുശ്രൂഷപ്പുസ്തകങ്ങൾ

പലതരത്തിലും പലതവണയും ശുശ്രൂഷപ്പുസ്തകങ്ങൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതുകളെപ്പറ്റി മാത്രമേ ഇവിടെ എന്തെങ്കിലും പ്രസ്താവിക്കുന്നുള്ളു.

---

3. p. 79–നമ്മുടെ പട്ടക്കാരുടെവേഷം ഗോവ വൈദികരുടേതിനോടു സാമ്യംവഹിക്കുന്നു. വെള്ളക്കുപ്പായത്തിന്റെകൂടെയുള്ള ''മോറീസ്'' കോട്ടയം ശ്രുതയിൽ എല്ലാവരും ഉപയോഗിക്കുന്നുണ്ട്.

തക്സാ

1905–ൽ കുറെ പുതിയ തിരുനാളുകളും,[4] 1930–ൽ മിശിഹാ രാജാവിന്റേയും വി. കൊച്ചുത്രേസ്യായുടേയും തിരുനാളുകളും, അമലോത്ഭവത്തിരുനാളിനുള്ള ഏവൻഗലിയോനും റോമ്മായിലെ അനുവാദത്തോടെ തക്സായിൽ ചേർക്കപ്പെട്ടു. നമ്മുടെ തക്സായുടെ റോമൻപതിപ്പിൽ അമലോത്ഭവത്തിരുനാളിനുണ്ടായിരുന്ന ഏവൻഗലിയോനുപകരം ഇന്നത്തെ ലത്തീൻ മിസ്സാളിലുള്ള ഏവൻഗലിയോൻ സ്വീകരിച്ചതാണു ഇപ്പോഴും പറഞ്ഞ ഏവൻഗലിയോൻ. കുർബാനയിലേ വേദപുസ്തകവായനകളിലുള്ള വ്യത്യാസം മാത്രമാണ് നമ്മുടെ തിരുനാളുകളുടെ പ്രത്യേകതയെന്നും പ്രസ്താവിക്കേണ്ടതാണ്–പുതിയ തിരുനാളുകളും സ്വീകരിക്കുവാൻ അധികാരസ്ഥാനത്തുനിന്ന് അനുമതിലഭിച്ചുകഴിഞ്ഞാൽ ആ തിരുനാളുകൾക്കുള്ള കാനോൻ ജപവും, കുർബാനയിലുള്ള വായനകളും ഏവയെന്നു നമുക്കു തന്നെ ക്രമപ്പെടുത്താവുന്നതല്ലെന്നു ഇതിൽനിന്നു വിശദമാകുന്നതായി തോന്നുന്നു. വേറൊരനുമതികൂടെയില്ലാതെ ഈ സംഗതിയിൽ ലത്തീൻറീത്തിനോടു നമ്മുടെ വായനകളും കാനോൻ ജപവും അനുരൂപപ്പെടുത്താമെന്നു തോന്നുന്നില്ല.

പുത്തൻപള്ളിയിൽനിന്നു ഒന്നിലധികം പ്രാവശ്യവും, 1928–ൽ മാന്നാനത്തുനിന്ന് ഒരു പ്രാവശ്യവും ആയി തക്സായുടെ പല പതിപ്പുകളും വെളിക്കുവന്നിട്ടു

---

4. വി. അപ്രേമിന്റെ തിരുനാൾ ഇങ്ങനെ നമുക്കു ലഭ്യമായി. പൌരസ്ത്യസഭയിൽ പൊതുവെ ജൂൺ 18 ആണ് വി. അപ്രേമിന്റെ തീയതി. ലത്തീൻകാർ ജൂലയി 9–ൽ അതു ഘോഷിച്ചിരുന്നതിനാൽ നമുക്കും ജൂലായി 9–ൽ കുറിക്കപ്പെട്ടു. എന്നാൽ വി. അപ്രേം സാവ്വത്രികസഭയുടെ മല്പാൻ ആക്കപ്പെട്ടതോടെ പൌരസ്ത്യരുടെ തീയതി ലത്തീൻകാരും സ്വീകരിച്ചു. നമുക്കാകട്ടെ ഇന്നും പഴയ ലത്തീൻ തീയതിതന്നെ. ആ തീയതി മാർ തോമ്മാശ്ലീഹായുടെ തീരുനാളിന്റെ എട്ടാമിടമുമാണ്. കൊവേന്തപ്പഞ്ചാംഗത്തിൽ ഇപ്പോഴും ജൂൺ 18 ആണ് ഈ തിരുനാൾ– നമ്മുടെ തിരുനാളുകളും സംബന്ധിച്ച് ഇങ്ങനെ പലതും പറയുവാനുണ്ട്.

ണ്ട്. കുർബാനയിൽ ചൊല്ലുന്ന ജപങ്ങളും തിരുനാൾക്കുറിപ്പുകളും അതതിന്റെ സ്ഥാനത്തു ചേർക്കുവാൻ ഈ പതിപ്പുകളെല്ലാം ഓരോവിധത്തിൽ ശ്രദ്ധപതിച്ചിട്ടുള്ളതായി കാണുന്നു. വിവിധങ്ങളായ ഈ പതിപ്പുകളും തമ്മിലുള്ള വ്യത്യാസങ്ങളും സംബന്ധിച്ചു സ്വല്പം പ്രതിപാദിക്കാം.

1906–ലേയും 1928–ലേയും പതിപ്പുകളിൽ ലത്തീനനുസരിച്ചു കിടന്ന വേദപുസ്തകഭാഗം പ്രൊട്ടസ്റ്റാന്തന്മാരനുസരിച്ചു മാറ്റിയിട്ടുണ്ട്. 1929–ലേതിൽ ലത്തീൻരൂപം വീണ്ടും പ്രത്യക്ഷപ്പെടുന്നു. 1929–ലേതിൽ മൂന്നുനോയമ്പിനുള്ള വായനയും മാതാവിന്റെ ഹ്രത്താമ്മായും ഇല്ല. 1906–ലേതിൽ മൂന്നുനോമ്പിനുള്ള വായന കൽദായക്കാരുടേതുപോലെ കിടക്കുന്നു. എന്നാൽ അതിന്റെ അനുവാദപത്രത്തിൽ പഴയ തക്സായുടെ അനുബന്ധത്തെപ്പറ്റി സൂചനയുണ്ട്. ആ അനുബന്ധത്തിലാകട്ടെ മൂന്നുനോമ്പിനുള്ള വായന വേറെയാണ്. അവയത്രേ 1928–ലേ പതിപ്പിൽ കാണുന്നതു.[5] പട്ടക്കാർ കുർബാനസ്വീകരിക്കുന്നതിനുമുമ്പു ചൊല്ലുവാനായി 1906–ലേതിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനകളും (അവ ലത്തീന്റെ പരിഭാഷയാണ്)അവസാനപതിപ്പുകളിൽ കാണുന്നില്ല.[6] ''രാസക്രമത്തിലും വ്യത്യാസമുണ്ട്. പാട്ടുകുർബാനക്രമവും കുർമ്മെലീത്താതിരുനാളുകളും എല്ലാത്തിലുമില്ല. റോമൻപതിപ്പിൽ കട്ടികുറഞ്ഞ കടലാസിൽ അടിച്ചു ചേർത്തിട്ടുള്ള

---

5. സുറിയാനിക്കാരുടെയിടയിൽ പൊതുവെ മൂന്നുനോമ്പിനുള്ള പ്രാധാന്യം ഇപ്പോൾ നമ്മുടെയിടയിലില്ല. തക്സായിൽ പുതിയ തിരുനാളുകൾ കൂട്ടിച്ചേർത്തതോടെ മൂന്നുനോമ്പിനും വലിയനോമ്പിനും പഞ്ചാംഗത്തിൽ പ്രാധാന്യം കുറഞ്ഞുപോയി– ചാവറ പ്രിയോരച്ചൻ ക്രമപ്പെടുത്തിയ കാനോൻ ജപത്തിൽ നോമ്പുകാലത്തേക്കു പ്രത്യേക നമസ്ക്കാരമുണ്ടായിരുന്നു. റംശാ, ലെലിയാ, സപ്രാ എന്നീ പ്രാർത്ഥനകൾക്കുപുറമേ ''സൂബാ ആ'' ''ക്ലത്താ ആ'' എന്ന രണ്ടു യാമപ്രാർത്ഥനകൾകൂടി പഴയമുറയ്ക്കു അതിൽ ചേർത്തിരുന്നു.

6. ''തിരുരക്തം ഉൾക്കൊള്ളുന്നതിനുമുമ്പ്'' ''ദൈവമാതാവേ'' ചൊല്ലേണ്ടതല്ല'' (എറണാകുളം അതിരൂപതയിലെ നിയമസംഗ്രഹം p. 21.)

കല്യാണവാഴ പുതിയപതിപ്പുകളിലുണ്ടെങ്കിലും, അതേ റോമൻ പതിപ്പിൽ കട്ടികുറഞ്ഞ കടലാസിൽ കാണുന്ന വ്യത്യാസപ്പെട്ട ഭാഗങ്ങളും പുതിയ പതിപ്പുകളിലില്ല. ഇങ്ങനെ വേറെയും ചില വ്യത്യാസങ്ങളും ചൂണ്ടിക്കാണിക്കുവാനുണ്ട്. അച്ചടിക്കാരുടെ അശ്രദ്ധമൂലം കടന്നുകൂടിയ സ്പഷ്ടങ്ങളായ അബദ്ധങ്ങളും അവയ്ക്കു തുല്യങ്ങളുമായവ റോമൻ പതിപ്പിൽനിന്നു നീക്കി ആ പതിപ്പിനോടു യോജിപ്പിച്ചാണ് 1929–ലേ പതിപ്പു തയാറാക്കിയിരിക്കുന്നതെന്നു് അതിന്റെ അനുവാദപത്രത്തിൽ കാണുന്നു. ഇതിൽനിന്നു റോമൻപതിപ്പു തിരുസിംഹാസനത്തിൽനിന്നു പുറപ്പെട്ട ഔദ്യോഗികപതിപ്പല്ലെന്നു അനുമാനിക്കാമല്ലൊ.

ദുഃഖശനിയാഴ്ചക്രമം എല്ലായിടത്തേക്കുമായി അനുവദിച്ചതു് 1933–ൽ മാന്നാനത്തു് അച്ചടിക്കപ്പെട്ട. മുമ്പുണ്ടായിരുന്ന കയ്യെഴുത്തുപ്രതിയും അച്ചടിച്ച പ്രതിയും തമ്മിൽ ചില്വറ വ്യത്യാസങ്ങളും കാണുന്നുണ്ട്.

ചെറുപുസ്തകങ്ങൾ

തകർന്നായിലേ ചിലഭാഗങ്ങളും തനിച്ചടിച്ചിട്ടുള്ള ചെറുപുസ്തകങ്ങളും പലതാണു്. അവയിലൊന്നാണു് റാസക്രമം. റോമൻ പതിപ്പിലുള്ളതിൽ കൂടുതൽ വിശദമായി കർമ്മവിവരണം ഇതിൽ കൊടുത്തിട്ടുണ്ട്. ഉയരവരുടേയും മരിച്ചവരുടേയും റാസയ്ക്കുള്ള സങ്കീർത്തനങ്ങളും മരിച്ചവരുടേതിനുള്ള വായനയും ഇതിൽ കാണാം. ഉയരവരുടെ റാസയിൽ വായിക്കേണ്ട ''കെറിയാന'' അനിശ്ചിതമായി കിടക്കുകയാണു്. പുത്തൻപള്ളിയിലും മാന്നാനത്തുമായി റാസക്രമം ഒന്നിലധികംപ്രാവശ്യം അച്ചടിച്ചിട്ടുണ്ട്. തനിച്ചും മറ്റുക്രമങ്ങളോടുകൂടിയും ഇതു ലഭിക്കാവുന്നതാണു്.

ത്രയാബാ ആദിയായവ

''ത്രയാബാ'' മുതലായവയും തനിച്ചും മറ്റു ക്രമങ്ങളോടു കൂടിയും വീണ്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ട

ക്കാരുടെയുപയോഗത്തിനായുള്ള ജപങ്ങളും, കുർബാന യിൽ ശുശ്രൂഷകൻ ചൊല്ലുന്നഭാഗങ്ങളും, റാസയുടേയും പാട്ടുകുർബാനയുടേയും ക്രമങ്ങളും, മരിച്ചവരുടെ കഴി യോത്തും ''തുമ്സാദക്ലേറോസു'' എന്ന പുസ്തകത്തിൽ കാണാം. (പുത്തൻപള്ളി 1904) ഈ പാട്ടുകുർബാനക്ര മവും കൊവേന്തകളിൽ കയ്യെഴുത്തായികാണുന്നക്രമവും തമ്മിൽ കുറെ വ്യത്യാസമുണ്ട്. 1904–ൽ പുത്തൻ പള്ളി യിലടിച്ച ''തുൽമാദ''യിൽ കുർബാനയും വലിയ ആ ഴ്ചത്തെ ശുശ്രൂഷകളും (ശനിയാഴ്ചയുള്ളതൊഴിച്ച്) ''ഇരു ട്ടുകൊട്ടുക്രമ''വും കൊടുത്തിട്ടുണ്ട്. കൽദായക്കാർ പെസ ഹാവ്യാഴാഴ്ച രാത്രിയിൽ ജപിക്കുന്ന ലെലിയായുടെ ഒരു ഭാഗമാണ് ഈ ''ഇരുട്ടുകൊട്ട്.'' തിരികളും കത്തി ച്ചുകെടുത്തുക, ശബ്ദംകേൾപ്പിക്കുകമുതലായി പലതും ലത്തീനിൽനിന്നെടുത്തു ഇതിൽചേർത്തിട്ടുണ്ട്. വലിയ ആഴ്ചയിലേ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസ ങ്ങളിൽ നമ്മുടെ സാധാരണ ലെലിയാ ജപിക്കുന്ന സമയത്തു് തിരി കത്തിച്ചു കെടുത്തുകയും ചില പ്രാർത്ഥ നകളും ചൊല്ലുമ്പോൾ ശബ്ദംകേൾപ്പിക്കുകയും ചെയ്യുകൊ ണ്ടുള്ള ''ഇരുട്ടുകൊട്ട്'' ലത്തീൻകാരുടെ ''തേനെ ബ്രെ'' (Tenebrae) യുടെ അനുകരണമാണ്. കൊവേന്തകളിൽ നടന്നിരുന്ന ഈ രീതിയിലുള്ള ഇരുട്ടുകൊട്ട് ഇനിയും അശേഷം ഇല്ലാതായിട്ടില്ല. ''തുൽമാദാ''യിലുള്ളതിനു പ്രചാരം സിദ്ധിച്ചുവരുന്നുണ്ട്.

തുക്കാസാ

പൂജാനുഷ്ഠാനവിധികളും അഥവാ ''തുക്കാസാ''(ചാവ റയച്ചുനെഴുതിയതു്) മറ്റുചില ക്രമങ്ങളും സഹിതം 1926–ൽ മാന്നാനത്തുനിന്നു പ്രസിദ്ധീകരിച്ചു.[7] പരേത

---

7. ഒരു ദിവസത്തിൽ രണ്ടു കുർബാന ചൊല്ലുന്നവർ അനു ഷ്ഠിക്കേണ്ട ക്രമങ്ങളും മാക്കീൽ മെത്രാനച്ചന്റെ മെക്രേത്തിലുണ്ട്. വി. കുർബ്ബാനയുടെ പ്രദക്ഷിണം, വഴ ആദിയായവയുള്ള ക്രമങ്ങളും മെക്രേത്തിൽ കാണാം, എല്ലാം ലത്തീൻ തന്നെ. നമ്മുടെ കാസാ, പീലാ സാ, അരുളിക്ക ആദിയായവയെല്ലാം ലത്തീൻകാരുടെയാണ്.

നായ ക. നി. മൂ. സ. ബ. മാണിക്കത്തനാരാണ് പരി
ഷ്ക്കരിച്ച ഈ പതിപ്പു തയാറാക്കിയതു്. കുർബാന
യിൽ പാത്രിയർക്കീസിന്റെ പേരു ചൊല്ലേണ്ടതില്ലെ
ന്നു് അതിൽ പറഞ്ഞിരിക്കുന്നതു ''കാര്യവും നടപ്പും''
നോക്കിയാൽ പുതുതല്ലെന്നു അംഗീകരണപത്രത്തിൽ കാ
ണുന്നു. പാത്രിയർക്കീസിന്റെ പേരു ചൊല്ലാത്തവ
രിൽ ചിലർ അതിനു മുമ്പും പിമ്പും നില്ക്കുന്ന പദങ്ങളം
തകിസായിൽ കിടക്കുന്നതുപോലെ ബഹുവചനത്തിൽ
ചൊല്ലുന്നു. പാത്രിയർക്കീസിന്റെ പേരു വിട്ടുകളയുന്നപ
ക്ഷം ഏകവചനമാണല്ലൊ വേണ്ടതു്. ''അപ്പൈസ്ക്കോ
പ്പാ മെത്രാപ്പോലീത്തിസു്'' എന്നതു് ഇപ്പോഴം അതിരു
പതയിൽ ''മെത്രാപ്പോലീത്ത'' എന്നും, രൂപതകളിൽ
''അപ്പസ്ക്കോപ്പാ'' എന്നും മാറിറിചൊല്ലുവാനുള്ള ആ
ധാരമെന്തായിരിക്കാം? കാനോൻജപത്തിൽ ''അപ്പസ്
ക്കോപ്പാ'' അല്ലെങ്കിൽ ''മെത്രാപ്പോലീത്താ'' എന്നു
കാണുന്ന മാറ്റം ലത്തീൻ മുറുക്കു വരുത്തിയിട്ടുള്ളതാണു്.
കുർബാനയിൽ ശുശ്രൂഷകനും ഇങ്ങനെ ചൊല്ലുന്നതു എന്തു
കൊണ്ടായിരിക്കാം? കുർബാനയിൽ എന്നും ''ഭുകറാൻ
മാർതോമ്മാ'' എന്നും ചൊല്ലുന്നവരും, തിരുനാളകുർക്ക
നസ്യതമായി അതു മാറിറി ചൊല്ലുന്നവരുമുണ്ടു്—തിരുനാ
ളകുർക്കനസ്യതമായി കുർബാനയിലെ ചില ഭാഗങ്ങളം
വ്യത്യാസപ്പെടുത്തുക കൂടി കൽദായക്കാർ ചെയ്യുന്നു.[8]

കുർബ്ബാനക്കല്ലു് ലത്തീൻ രീതിയിൽ (ലത്തീൻഭാഷയുപയോഗി
ച്ചുകൊണ്ടു്) കൂദാശചെയ്യപ്പെടുന്നു. വി. കുർബാനയുടെ വാഴ്ച, പ്ര
ദക്ഷിണം ആദിയായവസംബന്ധിച്ചുള്ള നിബന്ധനകളം ''എറ
ണാകുളം അതിരൂപതയിലെ നിയമസംഗ്രഹ''ത്തിലുമുണ്ടു്.

8. തിരുനാളകുർക്കനസ്യതമായി കുർബാനയുടെ ആരംഭ
ത്തിലുള്ള സങ്കീർത്തനങ്ങളും ഇടയ്ക്കുള്ള ചില പ്രാർത്ഥനകളും കൽദാ
യക്കാർ മാറിറി ചൊല്ലുന്നു. ''ന്നക്ലും ശപ്പീർ'' ''ബ്നാവൂസാ''
എന്ന പ്രാർത്ഥനകളം റാസകുർബാനയിൽ മാത്രമേ അവർ ചൊല്ല
ുന്നുള്ളു. അപ്പോഴം ഇവയുടെ ഇടയ്ക്കു കാനോൻ ജപത്തിൽ കാണുന്ന
''ന്നസ്ലെ'' എന്ന വലിയ പ്രാർത്ഥനയും അവർ ചൊല്ലുന്നു.
വീണ്ടും വെള്ളവും കാസായിലൊഴിക്കുന്നതു ''ലാകുമാറാ''യുടെ
നേരത്താണു്. അപ്പോഴം ചൊല്ലുന്ന ജപങ്ങളം നമ്മളം ചൊല്ലുന്നവ
യല്ല.

മാമ്മോദീസാ ആദിയായവ

മാമ്മോദീസാ മുതലായ കൂദാശകളും മറ്റും ശ്രുശ്രൂഷിക്കുവാനുള്ള ക്രമങ്ങളും ഒന്നിലധികം പ്രാവശ്യം പുത്തൻപള്ളിയിൽ അച്ചടിച്ചിട്ടുണ്ട്.9 അതിലെ ചില ശ്രുശ്രൂഷകളും മറ്റു പുസ്തകങ്ങളിലും കാണാം. അപ്രകാരം തന്നെ മറ്റു പുസ്തകങ്ങളിലുള്ള ചിലക്രമങ്ങളും അതിലുമുണ്ട്. ലത്തീൻ കാനോൻ നിയമം വെളിക്കുവന്നതോടെ ഒടുവിലത്തെ ഒപ്പൂശ്മയിൽ ''അരസ്സുള്ള പൂച്ച്'' ലത്തീൻകാർക്കില്ലെന്നായി. ലത്തീൻമുറയനുസരിച്ചു പഠിച്ച നമ്മുടെ വൈദികർ പലരും ഇപ്പോഴും അതുപേക്ഷിക്കുന്നതായി കേൾക്കുന്നു. ഇങ്ങനെയുള്ള സംഗതികളിൽ നമ്മുടെ പഴയ നടപ്പുവിട്ട് (പ്രത്യേകം സ്വകാര്യ വ്യക്തികൾക്ക്) എന്തെങ്കിലും പ്രവർത്തിക്കാമോ? മരണസമയത്തു പ്രാപിക്കാവുന്ന പൂർണ്ണദണ്ഡവിമോചനം ഇപ്പോഴും ലത്തീൻപട്ടക്കാർ ചെയ്യുന്നതുപോലെ മെത്രാന്റെ അനുവാദമില്ലാതെ നമ്മുടെ ഏതു പട്ടക്കാരനും പ്രദാനം ചെയ്യാമോ?10

കാനോൻ ജപം

''ആഴ്ചപ്പടി'' (ശ്ലീഹന്മാ കുനമ്മാവിൽ രണ്ടു പ്രാവശ്യം അടിയ്ക്കപ്പെട്ടതു്) പുത്തൻപള്ളിയിലും മാന്നാനത്തുമായി നിസ്സാര വ്യത്യാസങ്ങളോടുകൂടി ഒന്നിലധികം തവണ അച്ചടിച്ചിട്ടുണ്ട്. മാന്നാനത്തെ ഒന്നാം പതിപ്പിൽ ലത്തീൻമുറയനുസരിച്ചുള്ള ഭേതിയെ സൂചിപ്പി

---

9. കുമ്പസാരിപ്പിക്കുമ്പോഴും ചൊല്ലുന്ന ''കൂദാശമൊഴിയിൽ 'ഉസ്സവു്'' എന്നല്ല 'ളവു്'' എന്നാണു് വേണ്ടതു്'' (എറണാകുളം അതിരൂപതയിലെ നിയമസംഹിത.)

10. ചങ്ങനാശേരി രൂപതയിലെ ''കുമ്പസാര പത്തേന്തി'' യിൽ ഇതു പ്രത്യേകാനുവാദങ്ങളിലാണു് പെടുത്തിയിട്ടുള്ളതു്. റോമ്മായിൽനിന്നു പൌരസ്ത്യമെത്രാന്മാർക്കു കൊടുത്തിട്ടുള്ള അനുവാദങ്ങളിൽ (faculties) ഇതും ഉൾപ്പെടുന്നുണ്ടെന്നു തോന്നുന്നു.

ക്കുന്ന പടങ്ങളും ഓരോദിവസത്തേയ്ക്കുമുള്ള ജപങ്ങളുടെ ആരംഭത്തിൽ ചേർത്തിരിക്കുന്നതു ജപങ്ങളുടെ ഉള്ളടക്കത്തോടും റീത്തിനോടും യോജിച്ചതല്ല.

''പെരുനാളും നമസ്കാര''ത്തെപ്പറ്റി സ്വല്പം പ്രസ്താവിക്കാം. കുനമ്മാവിലടിച്ചതും ചാവറയച്ചൻ ക്രമപ്പെടുത്തിയതും ആണ്ടുവട്ടത്തേയ്ക്കുള്ളതുമായ നമസ്കാരത്തിന്റെ ഒന്നാംഭാഗം നടപ്പിൽവരാതെ പോയതു സംബന്ധിച്ചു മുമ്പു പ്രസ്താവിച്ചതാണല്ലൊ. അതിന്റെ ശേഷം ഞായറാഴ്ചയും ഇടദിവസങ്ങളുമായി അച്ചടിക്കപ്പെട്ട ''ആഴ്ചപ്പടി'' (ശ്ലീഹന്മാ) പൊതുവെ എല്ലാവരുമുപയോഗിച്ചുതുടങ്ങി. എന്നാൽ ന. കത്താവിന്റെ പിറവി, ഉയിർപ്പു്, വി. കുർബാനയുടെ തിരുനാളും, തോമ്മാ ശ്ലീഹായുടെ ജൂലയി 3—ലെ തിരുനാളും ഇങ്ങനെ പ്രധാനചില തിരുനാളുകളുള്ള നമസ്കാരങ്ങളും ചാവറയച്ചൻ ക്രമപ്പെടുത്തിയെന്നു മുകളിൽ പറഞ്ഞ നമസ്കാരത്തിൽ നിന്നെടുത്തു് (അച്ചടിച്ചും കയ്യെഴുത്തായും കിടന്നവ) കൊവേന്തകളിൽ മുടക്കമില്ലാതെ നടത്തിപോന്നിരുന്നു. ''പെരുനാളും നമസ്കാരം'' തനിച്ചടിക്കുവാനുള്ളശ്രമമാണു് പിന്നീടു നടന്നതു്. കുനമ്മാവിൽ രണ്ടുപ്രാവശ്യം അച്ചടിച്ചെന്നു പറഞ്ഞ ആഴ്ചപ്പടി തിരുനാളുകളോ ഓമ്മകളോ (ഏദാ, ദുകറാനാ) അല്ലാത്ത എല്ലാ ഞായറാഴ്ചകളും ഇടദിവസങ്ങളുമായി നിയോഗിക്കപ്പെട്ടു. തിരുനാളുകളും ഓമ്മകളുമായി വേറൊരു പുസ്തകമുണ്ടാകണമെന്നുള്ള കരുതലിൽ അതിന്റെ ഒന്നാം ഭാഗമായി മാതാവിന്റെ നമസ്കാരവും, ശ്ലീഹാ, ഏവൻഗലീസ്താ, സഹദാ മൌദിയാനാ, കന്യക ഇങ്ങനെ ഓരോഗണത്തിൽപെട്ട വിശുദ്ധന്മാരുടെ തിരുനാളുകളും

---

11. വി. ആഗ്നസ്തീനോസും വി. അമ്പ്രോസീസും ഫ്രീജിയായിൽ ജനിച്ചെന്നു ഇതിൽ കാണുന്നതു് അബദ്ധമാണല്ലൊ. മുമ്പുണ്ടായിരുന്ന നമസ്കാരത്തിൽ ശ്രദ്ധയില്ലാതെയൊ അത്മമറിയാതെയൊ ഈ വിശുദ്ധന്മാരുടെ പേരു കൂട്ടിച്ചേർത്തതുകൊണ്ടുണ്ടായ അബദ്ധമാണിതു്.

പൊതുവായുള്ള നമസ്കാരങ്ങളും (Commune Sanctorum) മാന്നാനത്തു് അച്ചടിച്ചു. തുടർന്നു് ഓരോ പ്രത്യേക തിരുനാളുകൾക്കുള്ള പ്രത്യേക നമസ്ക്കാരങ്ങൾ രണ്ടാം ഭാഗമായി അച്ചടിച്ചശേഷം എല്ലാംകൂടി ഒരുമിച്ചു പ്രസിദ്ധീകരിക്കുമ്പോൾ ഒന്നാംഭാഗത്തിനും രണ്ടാം ഭാഗത്തിനുംകൂടി വൈദികാനുമതി വാങ്ങാമെന്നു് ഭാരവാഹികൾ കരുതി. പുരാതനമായുണ്ടായിരുന്ന നമസ്കാരങ്ങളിൽനിന്നു ഇവയെല്ലാം ചുരുക്കിയെടുക്കുകയാണു് അവർ ചെയ്തതു്. ചാവറയച്ചൻ ക്രമപ്പെടുത്തിയ നമസ്കാരം ഇതിനു വളരെയുപകരിച്ചെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ചാവറയച്ചന്റെ ആശയത്തിൽനിന്നു സ്വല്പം ഭിന്നമായ ഒരാശയം ഇവിടെ നാം കാണുന്നുണ്ടു്. ചാവറയച്ചൻ പഴയമുറയ്ക്കു ആണ്ടുവട്ടത്തിലുള്ള ഓരോ ഞായറാഴ്ചയ്ക്കും നോമ്പിനും പ്രത്യേക നമസ്ക്കാരമുദ്ദേശിച്ചിരുന്നു; ''ആഴ്ചപ്പട്ടി'' ''പെരുനാൾപ്പട്ടി'' എന്ന ആശയം വന്നതോടെ ആണ്ടുവട്ടത്തിലുള്ള ഓരോ ഞായറാഴ്ചയുടേയും നോമ്പിന്റേയും പ്രാധാന്യം കുറെ കുറയുകയും അവ സാധാരണ ''ആഴ്ചപ്പട്ടിയിൽ'' പെട്ടുപോകുമെന്നുള്ള പതനത്തിലാവുകയും ചെയ്തു. തിരുനാൾകൊക്കും ഓർമ്മകൊക്കും (ഫ്ലോ, ദുകറാനാ) മാണു് ഈ ''പെരുനാൾപ്പട്ടി''യിൽ കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതെന്നു തോന്നുന്നു.

''പെരുന്നാൾ നമസ്കാര''ത്തിന്റെ രണ്ടാം ഭാഗം കുറെ മാന്നാനത്തടിച്ചെങ്കിലും അതിനു അംഗീകാരം ലഭിച്ചില്ല. തന്നിമിത്തം ഇടവകക്കാർ ''ആഴ്ചപ്പട്ടി'' മാത്രവും കൊവേന്തക്കാർ ''ആഴ്ചപ്പട്ടിയും'' മാന്നാനത്തടിച്ച ''പെരുന്നാൾ നമസ്കാരത്തിന്റെ ഒന്നാം ഭാഗവും (Commune Sanctorum) ന. കത്താവിന്റെ പിറവി മുതലായ തിരുനാളുകൊക്കുള്ള മുകളിൽ പറഞ്ഞ നമസ്കാരങ്ങളും ജപിച്ചുതുടങ്ങി. പിന്നീടു കുര്യാളശ്ശേരിൽ മെത്രാനച്ചന്റെ അനുവാദത്തോടുകൂടി ന. കത്താവിന്റെ ഉയർപ്പിന്റെയും വി. കുർബാനയുടേയും, തോമ്മാശ്ലീഹായു

ടെയും12 ന. കത്താവിന്റെ പിറവിയുടെയും നമസ്കാരങ്ങളും മാന്നാനത്തച്ചടിക്കപ്പെട്ട, മാന്നാനത്തച്ചടിച്ച പെരുനാളും നമസ്കാരം ഒന്നാം ഭാഗത്തോടുകൂടി കൊവേന്തകളിൽ ജപിച്ചിരുന്നവതന്നെയാണു് ഇവ. ചാവറയച്ചൻ ക്രമപ്പെടുത്തിയതുപോലെ അംഗീകരിക്കുന്ന എന്നാണു് പിറവി നമസ്കാരത്തിന്റെ അംഗീകരണത്തിൽ അംഗീകരണകത്താവു് പറയുന്നതു്. എന്നാൽ മുമ്പില്ലായിരുന്നവയും ലത്തീനിൽനിന്നെടുത്തവയുമായി ചാവറയച്ചൻ കൂട്ടിച്ചേർത്തതെന്നു പറയുന്ന ചില ഭാഗങ്ങളും പിറവിയുടെ ഈ നമസ്കാരത്തിലുണ്ടു്. മാന്നാനത്തടിച്ച ''പെരുനാളും നമസ്കാരം'' ഒന്നാം ഭാഗവും കുര്യാളശ്ശേരി മെത്രാന്റെ അനുവാദത്തോടുകൂടി അടിച്ചവയും കൂട്ടിച്ചേർത്തു. 1930—ൽ ചങ്ങനാശ്ശേരി മെത്രാന്റെ അനുവാദത്തോടെ വീണ്ടും മാന്നാനത്തുനിന്നു അടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടു. ചില വാക്കുകളും വാക്യങ്ങളും ഇതിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടു്. കൊവേന്തപ്പഞ്ചാംഗത്തിൽ ന. ക. പെ. എന്നു കാണുന്ന ചില ദിവസങ്ങളിൽ കൊവേന്തകളിൽ പെരുന്നാൾ നമസ്കാരം നടത്തപ്പെടുന്നു. 1930—ൽ അച്ചടിച്ച പുസ്തകത്തിലുള്ളവ മാത്രമേ ഇതിലേക്കുപയോഗിക്കുന്നുള്ളു. ''പെരുനാൾ നമസ്കാരം''തന്നേയും അപൂർണ്ണമാണെന്നു ഇതിൽനിന്നു വിശദമാണല്ലോ. ന. ക. പെ. കൗ ഞായറാഴ്ചയുടെ പ്രാധാന്യം പൂർവ്വാധികം കുറയ്ക്കുന്നതായാൽ അതു പൊതുനടപ്പിനും നമ്മുടെ പഴയ നടപ്പിനും വിരുദ്ധമാകുമെന്നും പറയേണ്ടതുണ്ടു്.

മംഗളിൽ നടത്തുന്ന കാനോൻ ജപത്തെപ്പറ്റി പ്രത്യേകമൊന്നും പറയുന്നില്ല. സുറിയാനിയിലും ലത്തീനിലുംനിന്നെടുത്തതാണല്ലോ അതു്.

---

12. തോമ്മാശ്ശീഹായുടെ ജൂലായി 3—ലെ തിരുനാളിനും അതു കഴിഞ്ഞു ഏഴ ദിവസത്തേയ്ക്കുമാണു് ഈ നമസ്കാരം. കൽദായക്കാർക്കു് ഒരു ദിവസത്തേയ്ക്കു മാത്രമേയുള്ള. തിരുനാൾ കഴിഞ്ഞുള്ള ഏഴ ദിവസത്തെ നമ്മുടെ നമസ്കാരത്തിൽ രണ്ടു ദിവസത്തേതിൽ ലത്തീൻ തജ്ജമ കാണുന്നുണ്ടു്.

കാനോൻ ജപത്തിലെ ഓരോ ഭാഗവും ചൊല്ലിത്തീർക്കേണ്ട സമയം സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. മറ്റു സംഗതികളിലെന്നപോലെ പുരാതനനടപ്പും ലത്തീനാശയഗതിയും തമ്മിൽ വികൃതരൂപത്തിലുള്ള ഒരു സംഘട്ടനമാണ് ഇതിലും കാണുന്നത്.

മൂന്നുനോമ്പിന്റെ നമസ്കാരം തനിച്ചടിച്ചിട്ടുള്ളതു ചില പള്ളികളിൽ നടത്തുന്നുണ്ട്. അതു പഴയതുതന്നെ. (പതിനാലാം അദ്ധ്യായവും കാണുക).

വേസ്പര മുതലായവ

വേസ്പര, കൊടിയേറ്റു, പ്രതിമ ധൂപിക്കുക, പ്രദക്ഷിണം, ലദീഞ്ഞു, ദർശനപ്പെരുനാൾ, തിരിവാഴ്ത്തൽ, ദർശനത്തിൽ കൂട്ടുക, ഉയർപ്പ്, തീയുഴലിച്ച ആദിയായവയ്ക്കുള്ള ക്രമങ്ങളും, നവനാളകർമ്മങ്ങളും തിരുനാളകർമ്മങ്ങളുമുള്ള ചില ഗാനങ്ങളും പ്രാർത്ഥനകളും 1909–ലും 1926–ലും പുത്തൻപള്ളിയിൽനിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. ലത്തീൻകാർ കൈവച്ച കാനോൻ ജപത്തിലെ രംശയാണ് വേസ്പര. മുൻപറഞ്ഞ ''പെരുനാൾ നമസ്കാര''ത്തിൽ ഈ 'വേസ്പര'കർമ്മം പലതുമുണ്ട്. ഉയർപ്പു തിരുനാളിന്റെ ശ്രൂഷ പഴയ സുറിയാനിയാണെന്നതോന്നുന്നു. ചില കയ്യെഴുത്തു പുസ്തകങ്ങളിൽ ഈ ശ്രൂഷയ്ക്കുള്ള ജപങ്ങൾ കൂടെ വ്യത്യാസപ്പെട്ടു കാണുന്നുണ്ട്. തീയുഴലിച്ച ആരംഭിക്കുന്നതു ലത്തീൻ രീതിയിലാണെങ്കിലും അതിലെ പ്രധാന ഭാഗം പഴയ സുറിയാനിതന്നെയാണ്. പ്രദക്ഷിണം കൊടികയറ്റു മുതലായവയിലും ലത്തീൻമയം കലർന്നിട്ടുണ്ട്. മറ്റുള്ളവയുടെ കാര്യം പറയേണ്ടതില്ലല്ലോ. ഈ പുസ്തകത്തിലുള്ള ചില ശ്രൂഷകളും മറ്റു പുസ്തകങ്ങളിലും കാണാവുന്നതാണ്: ലദീഞ്ഞിന്റെ ക്രമം മാക്കീൽ മെത്രാനച്ചന്റെ ദെക്രേത്തിലുണ്ട്.

ഒപ്പീസ്

ആദ്യം മാന്നാനത്തുനിന്നു പുറപ്പെട്ട ഒപ്പീസുപുസ്തകത്തിലെ ചില ഭാഗങ്ങളും വിട്ടുകളഞ്ഞും വേറെ ചിലതു പുതുതായി ചേർത്തും ഒപ്പീസുപുസ്തകം ഒന്നിലധികം പ്രാ

വശ്യം പ്രസിദ്ധീകൃതമായിട്ടുണ്ട്. മാന്നാനത്തെ പുതിയ പതിപ്പിൽ വീടുകളിൽ കഴിക്കുന്ന അടിയന്തിരങ്ങൾക്കു വൈദികർ ചൊല്ലുന്ന ജപങ്ങളും കൽദായക്കാരുടെ കൈവശമുള്ള ചില മദ്രാശകളും ചേർത്തിട്ടുണ്ട്. ചാത്തം മുതലായ അടിയന്തിരങ്ങളിൽ കപ്പിയാർ ധൂപം വീശുന്ന ക്രമം എല്ലായിടത്തുമില്ല. ചില സ്ഥലങ്ങളിൽ കൈകസ്തൂരി മാത്രമേ കൊടുക്കാറുള്ളതും. ഒപ്പീസുപുസ്തകത്തിലുള്ള ചില ജപങ്ങളും മറ്റു ചില പുസ്തകങ്ങളിലും കാണാവുന്നതാണ്.

പാട്ട്

പാട്ടുകാരുടെ ഉപയോഗത്തിനായി ''തിരുക്കർമ്മഗീതങ്ങൾ'' എൽത്തുരുത്തിൽനിന്നും മാന്നാനത്തുനിന്നും കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുറിയാനിപ്പാട്ടുകളും ''നോട്ട്'' സഹിതം 1937—ൽ പ്രസിദ്ധീകരിക്കപ്പെട്ടു. പല തരത്തിലുള്ള സംഗീതസാമഗ്രികളും പള്ളികളിലുപയോഗിച്ചുതുടങ്ങിയതോടെ ലത്തീൻ രാഗങ്ങളും വൈദികമല്ലാത്ത താളങ്ങളും പൂർവ്വാധികം നമ്മുടെയിടയിൽ കടന്നുകൂടി. ലത്തീൻ രീതിയനുസരിച്ച് സുറിയാനിപ്പാട്ടുകളും പാടരുതെന്നു ഏറണാകുളം അതിരൂപതയിൽ നിയമമുണ്ട്. ചില സ്ഥലങ്ങളിൽ പഴയ ''ഈങ്ങാ''യും മറ്റും ഇല്ലാതായിവരുന്നു.

പ്രാർത്ഥനപ്പുസ്തകം

വേസ്പരയെപ്പറ്റി പ്രസ്താവിച്ചിടത്തു സൂചിപ്പിച്ചവ ചിലതും, വാഴ, 40 മണി, 13 മണി മുതലായവയുടെ ക്രമങ്ങളും[13] വേറെ പലതും കൂര്യാളശ്ശേരിൽ മെത്രാനച്ചൻ

13. വി. കുർബാനയുടെ പ്രദക്ഷിണം നടത്തുക, വി. കുർബാന വച്ചുസൂക്ഷിക്കുക ആദിയായവയിൽ നിവൃത്തിയുള്ളിടത്തോളം ലത്തീൻക്രമങ്ങളാണ് നമ്മളനുസരിക്കുന്നതു്. 1971 ഏപ്രിൽ മാസത്തിൽ വി. കുർബാന വച്ചുസൂക്ഷിക്കുന്നതു സംബന്ധിച്ചു പൌരസ്ത്യ തിരുസംഘത്തിൽനിന്നു ഒരു കല്പന പുറപ്പെട്ടിട്ടുണ്ട്. ലത്തീൻകാക്കുള്ള നിബന്ധനകളെല്ലാം അതിലില്ല. സക്രാരിയുടെ പണിവിശേഷം ഓരോ റീത്തിന്റെയും പ്രകൃതിക്കു യോജിച്ചതാകണമെന്നു അതിൽ പറയുന്നുണ്ട്.

പ്രസിദ്ധീകരിച്ചതും ഇപ്പോഴും ചങ്ങനാശേരി രൂപത യിൽ വാഴവിനും മറ്റും ഉപയോഗിക്കുന്നതുമായ പ്രാർ ത്ഥന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഇവയിൽ പലതും 1097—ൽ മാന്നാനത്തടിച്ച ''നോവേന''പ്പുസ്തകത്തിൽ കാണും. ലത്തീൻറീത്തിലുള്ള പ്രാർത്ഥനകളാദിയായവ ഇപ്പോഴും സുറിയാനിയിലേക്ക് വിവർത്തനം ചെയ്തുകൊ ണ്ടിരിക്കുന്നു എന്നതിനു ഈ പുസ്തകവും രണ്ടാം പതി പ്പിൽ സാക്ഷ്യം വഹിക്കുന്നു. വിവർത്തനത്തിൽ ''മെ ത്തോൽ മ്ശീഹാ'' എന്നതു തെറ്ററിച്ചു പ്രയോഗിക്കാ റുള്ളതിനും ഈ പതിപ്പു തെളിവുതരുന്നുണ്ട്. പഴയ ചില സുറിയാനി സ്തോത്രകളും ഇതിൽ സ്ഥാനം പിടിച്ചിരി ക്കുന്നു. ദൈനഹായുടെ സ്തോത്രയിൽ ആ തിരുനാൾ മാ മ്മോദീസായെ സൂചിപ്പിക്കുന്നു എന്നുള്ള പഴയ ആശയം പ്രത്യക്ഷമാകുന്നുണ്ട്.

പ്ശീത്താവിവർത്തനം

പുതിയനിയമം ഉൾപ്പെടെ സുറിയാനി വേദപുസ്ത കത്തിന്റെ ഗണ്യമായ ഒരു ഭാഗം മലയാളത്തിലേക്കു വിവർത്തനം ചെയ്തുകഴിഞ്ഞിരിക്കയാണ്. ഞായറാഴ്ചക ളിലും കടമുള്ള ദിവസങ്ങളിലും പട്ടക്കാരൻ കുർബാന യിൽ വായിക്കുന്ന വേദപുസ്തകഭാഗം ഇപ്പോൾ പല സ്ഥലങ്ങളിലും മലയാളത്തിലും വായിച്ചുതുടങ്ങിയിട്ടു ണ്ട്. പ്രസ്തുത വിവർത്തനം വെളിക്കുവന്നതോടെ പട്ട ക്കാരൻ വായിക്കുന്ന സുറിയാനിയുടെതന്നെ പരിഭാഷ മലയാളത്തിലും വായിക്കാറായിട്ടുണ്ട്. അപ്രകാരംതന്നെ പ്രസംഗങ്ങൾ പറയുന്നതിലും മറ്റും സുറിയാനി വേദ പുസ്തകമില്ലാത്തവർക്ക് സുറിയാനിമുറയുള്ള പരിഭാഷ ഇപ്പോൾ ഉപയോഗപ്പെട്ടുത്താവുന്നതാണ്. ഇങ്ങനെ നമ്മു ടെ റീത്തിലും വൈദികഭാഷയിലും സ്ഥലംപിടിച്ചിട്ടുള്ള സുറിയാനിപ്പദങ്ങളും ആശയങ്ങളും നിഷ്പ്രയാസം വച്ചു സൂക്ഷിക്കുവാൻ നമുക്കു സാധിക്കുന്നു.

* * * * * *

ശ്രുശ്രൂഷപ്പുസ്തകങ്ങളെപ്പറ്റി ഇത്രയും പ്രസ്താവിച്ചതു മതിയാകുമെന്നു കരുതുന്നു. സന്യാസ സഭാംഗങ്ങളുടെ

ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും ധാരാളമാണ്. ഇവിടെ എടുത്തുപറഞ്ഞ പുസ്തകങ്ങളിലുള്ള ചില ജപങ്ങളും കമ്മങ്ങളും തനിച്ചടിച്ചിട്ടുള്ള പുസ്തകങ്ങളും കുറവല്ല. ചാഴിവിലക്കുക, കൊന്ത വെഞ്ചരിക്കുക ആദിയായി പലതിനുമുള്ള ശുശ്രൂഷകളും പുതുതായി അച്ചടിച്ചിട്ടുണ്ട്. മിക്കതും മുമ്പുപറഞ്ഞ എൻഗ്രീദിയോനിൽ ഉള്ളവയാണ്. കൊന്ത, വെന്തിങ്ങാ ആദിയായവ വെഞ്ചരിക്കുവാനും മറും ലത്തീൻക്രമങ്ങളും നമ്മും തജ്ജമ ചെയ്യുവരുന്നു. എന്നാൽ കോപ്റ്റുകാർ ഇങ്ങനെ ചെയ്യുന്നു 1934–ൽ പൌരസ്ത്യ തിരുസംഘം അംഗീകരിച്ചില്ല. ഭക്ത്യാഭ്യാസങ്ങളും പ്രചരിപ്പിക്കുന്നതിലും റീത്തിനു സ്ഥാനമുണ്ടെന്നാണ് തിരുസംഘം തദവസരത്തിൽ പറയുകയുണ്ടായതു്.14 ഒടുവിലത്തെ ഒപ്പുശ്മയിക്കു് ഒറപ്പൂച്ച നടത്തുക, വി. കുർബാന തിരുപ്പാഥേയമായി കൊടുക്കുക ആദിയായവയുള്ള ക്രമങ്ങളും ലത്തീൻമുറയ്ക്കു സുറിയാനിയിൽ നമ്മും നടത്തിവരുന്നു. ഇവയിൽ ചിലവയുടെ തജ്ജമയോടുകൂടി ചിലതെല്ലാം ചിലർ ചേർത്തുവരുന്നതായും കേൾക്കുന്നുണ്ട്. ശുശ്രൂഷപ്പുസ്തകങ്ങളുടെ വിവിധത്വത്തിനിടയ്ക്കു കൂടാശകളില്ലാത്ത കമ്മങ്ങളും ലത്തീൻ ഭാഷയിൽ നടത്തുന്നവരും ഇല്ലാതില്ല.15 ലത്തീൻ ''റീത്തുവാളെ''യിൽ ഇടക്കാലത്തു വരുത്തിയ ചില വ്യത്യാസങ്ങളും സുറിയാനിയിൽ കൂട്ടിച്ചേർത്തു ചൊല്ലുന്നവരും ഉണ്ട്.

ചലവക

പള്ളിപണിയുന്നതിൽ പഴയമുറയ്ക്കുള്ള മദ്ബഹാ, കസ്രോമ്മാ (ബേമ്മാ) ഹൈക്കൽ എന്നീ വ്യത്യാസങ്ങളും ഇപ്പോളും ഇല്ലാതായിവരുന്നു. റീത്തിനെ സംബ

---

14. Acta Apostolicae Sedis, 1934, p. 302.

15. ശുശ്രൂഷപ്പുസ്തകങ്ങളും അച്ചടിച്ചതോടെ കയ്യെഴുത്തുപ്രതികളും ഉപയോഗമില്ലാതായി. ചില കയ്യെഴുത്തുപ്രതികളിൽ കാണുന്ന ശുശ്രൂഷകളുടെയിടയ്ക്കു് ഇപ്പോളും പ്രചാരത്തിലില്ലാത്ത ചില പഴയ കൽദായ പ്രാർത്ഥനകളും കാണുന്നുണ്ട്.

ന്ധിക്കുന്ന വൈദിക ശില്പകലയുടെ നമ്മുടെയിടയിൽ സ്ഥാനമില്ലാതാകുന്നുണ്ട്. പോർട്ടുഗീസുകാരുടെ വരവോടെ രംശേത്തി മുതലായവ ഇപ്പോൾ കുറവാണ്. അലങ്കാരങ്ങളിലുണ്ടായിരുന്ന ഈയപ്പണിയുടെ സ്ഥാനത്തു മാലകളും പച്ച പൂഷ്ങ്ങളും സമൃദ്ധമായി ഉപയോഗപ്പെടുത്തിവരുന്നു. രാത്രിപ്രദക്ഷിണം, തിരുനാളാഘോഷങ്ങളോടെ ആദിയായവയിൽ നിയന്ത്രണങ്ങളുണ്ടായിട്ടുണ്ട്. കല്യാണത്തിനു മുമ്പുള്ള മനസ്സുചോദ്യം നിർബന്ധമാക്കിയതു പുതുതായിട്ടാണല്ലൊ. കല്യാണം നടത്തേണ്ട ഇടവക, താലികെട്ട് മുതലായവയിൽ ഐകരൂപ്യമില്ല. കുർബാനയുടെ ശേഷമുള്ള മൂന്നു നന്മനിറഞ്ഞമറിയവും മറ്റു ജപങ്ങളും കിഴക്കൻ റീത്തുകാർ പൊതുവെ ചൊല്ലുന്നില്ല.16 കുർബാനയിൽ ഏവൻഗലിയോൻ കഴിഞ്ഞുള്ള പ്രസംഗം സ്വീകാര്യമാണ്. കുർബാനയുടെ മുൻപും കുർബാന കഴിഞ്ഞും വി. കുർബാന കൊടുക്കുക ഒരു നടപ്പായി വരുന്നു. ഭക്തഭ്യാസങ്ങളും സഖ്യങ്ങളും ധാരാളം പ്രചാരത്തിൽ വന്നിട്ടുണ്ടെങ്കിലും മറ്റു സ്ഥലങ്ങളിലുള്ള

---

16. ''കു''(ർബാന) കഴിഞ്ഞുള്ള 3 നന്മ. തുടങ്ങിയ ജപങ്ങളും ചൊല്ലണമെന്നു നിർബന്ധമില്ല. ചൊല്ലുന്നെങ്കിൽ മാർപ്പാപ്പായുടെ നിയോഗമനുസരിച്ചു ദൈവജനത്തിനുവേണ്ടി ചൊല്ലുകയാണുവേണ്ടതു്. ''രാജകന്യക....''യുടെ ശേഷമുള്ളതു മലയാളത്തിലായിരിക്കണം. അവസാനത്തെ സുകൃതജപം ''ഈശോയുടെ എത്രയും പരിശുദ്ധഹൃയമെ, ഞങ്ങളുടെമേൽ അനുഗ്രഹിക്കണമെ'' എന്നാണു്. ഇതും ചൊല്ലാൻ നിർബന്ധമില്ല. മൂന്നുപ്രാവശ്യം ചൊല്ലിയാൽ 7 ആണ്ടത്തെ ദ. വി.—മൂന്നിന്മേൽ കു. പ്രത്യേകാനുവാദം കൂടാതെ ചൊല്ലരുതെന്നു മുടക്കു്. ഒരുപള്ളിയിൽ ഒരേസമയത്തു പാട്ടോടുകൂടിയ കർമ്മം ഒന്നുമാത്രമേ ആകാവൂ. നമ്മുടെ റീത്തിലെ പഴയ നടപടിക്രമമനുസരിച്ചുള്ള പാട്ടും രാഗങ്ങളുമേ പാടുള്ളു. മെത്രാന്മാരുടെ അംഗീകാരത്തോടുകൂടി അച്ചടിച്ചിട്ടുള്ള കുർബാനപ്പാട്ടുപുസ്തകം (ഫാ. സൽഡാനയുടെ) ഉപയോഗിക്കേണ്ടതാണു്. അഞ്ചു പട്ടക്കാർകൂടി ചൊല്ലുകയെന്നതാണു് റാസയുടെ ചട്ടം. നാലുപേരെങ്കിലുമില്ലാതെ ചൊല്ലിക്കൂടാ. എല്ലാവരും ആരംഭം മുതൽ അവസാനംവരെ (മറ്റു കർമ്മങ്ങൾക്കെന്നപോലെതന്നെ) ഉണ്ടായിരിക്കയും വേണം. മരിച്ചവരുടെ പാട്ടു കു. യ്ക്കു ശ്രുശ്രൂഷകനെകൂടാതെ പാട്ടുകാരനുമുണ്ടായിരിക്കണം.''

എറണാകുളം അതിരൂപതയിലെ നിയമസംഹിത pp 21. 22

തുപോലെ സംഘടനാശക്തിയോ സ്ഥിരതയോ നമ്മുടെയിടയിലില്ല. മുട്ടുകുത്തി പ്രാർത്ഥിക്കുന്ന മുറ ലത്തീൻകാരിൽനിന്നാണ് ഇപ്പോഴുള്ളരീതിയിൽ നമുക്കു ലഭിച്ചതു്. മുട്ടുകുത്തു ഇരുപതധികമില്ലായിരുന്നു.

ഇപ്പോഴും അച്ചടിക്കുന്ന സുറിയാനിപ്പുസ്തകങ്ങളിൽ 'എട്ടുകർ'പോലെയുള്ള ശബ്ദങ്ങളും വിദേശത്തുള്ളതുപോലെ അടിച്ചുകാണുന്നു. മുൻപു് 'എസ്ദ്കർ' എന്നടിച്ചു് 'എസ്നകർ' എന്നുച്ചരിച്ചിരുന്നു. ചില ശുശ്രൂഷപ്പുസ്തകങ്ങളുടെ തലക്കെട്ടുകളിലും അവയിലെ കമ്മവിവരണങ്ങളിലും സ്വീകരിച്ചിട്ടുള്ള സുറിയാനിഭാഷയിൽ അത്ഥമില്ലാത്തവയും തെറ്റുള്ളവയുംആയ പ്രയോഗങ്ങളും കാണുന്നുണ്ടു്.17 കർബാനയ്ക്കു കൂടുന്നവർ ചൊല്ലേണ്ട ചില ജപങ്ങളും അനുഷ്ഠിക്കേണ്ട ചില ക്രിയകളും വിട്ടുകളയുകയോ യഥാസമയത്തു നടത്താതിരിക്കുകയോ ചെയ്യുന്നു.

തിരുസിംഹാസനം

ഒരിടയ്ക്കു് 'മലയാളസുറിയാനിക്കാർ' (Syro-Malabarenses) എന്നു് റോമൻ രേഖകളിൽ നമ്മെ വിളിക്കപ്പെട്ടിരുന്നു. എന്നാൽ കൽദായക്കാർ അഥവാ

17. ''ഇറച്ചിവിലക്കു ചുരുക്കി തൽക്കാലത്തേക്കു തന്നിരിക്കുന്ന പ്രത്യേക അനുവാദമനുസരിച്ചു് ആചരിക്കേണ്ട ദിവസങ്ങൾ: എല്ലാ വെള്ളിയാഴ്ചകളും, അമ്പതു നോമ്പിലേ ബുധനാഴ്ചകളും, ന. ക. പിറവിയുടേയും മാതാവിന്റെ കരേറ്റത്തിന്റേയും തലേ നാളുകളും മാത്രം—....'' ''ഒരുനേരം: തൽക്കാലത്തേക്കുള്ള അനുവാദപ്രകാരം ഒരുനേരം അമ്പതുനോമ്പിലെ ഏഴുവെള്ളിയാഴ്ചകളും, ന. ക. പിറവിയുടെ തലേ ദിവസവുംമാത്രം. പ്രധാന ഭക്ഷണത്തിനും രാത്രി ലഘുഭക്ഷണത്തിനും മീൻ, മുട്ട, പാൽ, മോരു് എന്നിവ ഉപയോഗിക്കയും ചെയ്യാം.'' എറണാകുളം അതിരൂപതയിലെ നിയമസംഗ്രഹം pp 12–13 എറണാകുളം അതിരൂപതയിലേയും തൃശ്ശൂർ കോട്ടയം രൂപതകളിലേയും അഭിവന്ദ്യാദ്ധ്യക്ഷന്മാർ റോമായിൽനിന്നു് തങ്ങൾക്കു ലഭിച്ചിട്ടുള്ള ഈ ആനുകൂല്യം അവധിവച്ചു നൽകിവരുന്നു. (p. s. യുദ്ധമവസാനിക്കുന്നതുവരെ ചങ്ങനാശേരിൽനിന്നും ഇതുപോലുള്ള ആനുകൂല്യം നൽകപ്പെട്ടിട്ടുണ്ടു്.)

പൌരസ്ത്യ സുറിയാനിക്കാർ എന്ന സംജ്ഞയ്ക്കു് ആധുനിക റോമൻ രേഖകളിൽ പ്രാധാന്യം നൽകികാണുന്നുണ്ടു്. 1938—ൽ നമ്മുടെ പഴയ കാനോൻ ജപം പഴയ രീതിയിൽ നമുക്കും കൽദായക്കാർക്കുമായി മൂന്നുഭാഗങ്ങളിൽ തിരുസിംഹാസനം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു.[18] പുരാതന റീത്തുകളുടെ നൈർമ്മല്യത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി നിലകൊള്ളുന്ന ഒന്നാണല്ലോ പരിശുദ്ധ റോമ്മാസിംഹാസനം.

പതിനാലാം അദ്ധ്യായം

കൽദായ റീത്തു്

16—ാം ശതാബ്ദത്തിനുമുമ്പു് നമ്മളുപയോഗിച്ചിരുന്ന കൽദായാ അഥവാ പൌരസ്ത്യസുറിയാനി റീത്തിനെ അനാശാസ്യമായ രീതിയിൽ അംഗഭംഗപ്പെടുത്തി ലത്തീൻറീത്തിലെ പല ശുശ്രൂഷകളും തജ്ജമചെയ്തു് അതിനോടു കൂട്ടിപിടിപ്പിച്ചതാണു് ഇന്നത്തെ നമ്മുടെ റീത്തു് എന്നു് മുമ്പുപ്രസ്താവിച്ചുവയിൽനിന്നും വ്യക്തമായിട്ടുണ്ടെന്നു കരുതുന്നു. നമ്മുടെ പുരാതന റീത്തിന്റെ ഏകദേശസ്വഭാവം ഗ്രഹിയ്ക്കുന്നതിനു വിദേശത്തുള്ള കൽദായറീത്തിനെപ്പറ്റി ചില സംഗതികൾ ചുരുക്കത്തിൽ പ്രസ്താവിക്കുക ഉപകാരപ്രദമായിരിക്കും.

പല പരിവർത്തനങ്ങൾക്കുശേഷം മാത്രമാണു് വിദേശത്തുള്ള കൽദായ റീത്തു ഇന്നത്തെ നിലയിൽ എത്തി

18. ഇതിന്റെ മുഖവുരയിൽ പൌരസ്ത്യ തിരുസംഘത്തിന്റെ കാര്യദർശി റവിസ്സറൻറ് കാർദ്ദിനാൾ അവർകൾ ''പൌരസ്ത്യ സുറിയാനിക്കാർ'' (സുറിയായെ മദ്നഹായെ) എന്നാണു് കൽദായക്കാരേയും നമ്മളെയും അഭിസംബോധനം ചെയ്യുന്നതു്.

യിട്ടുള്ളതു്. എന്നാൽ ആധുനിക കാലത്തുണ്ടായിട്ടുള്ള പരിവർത്തനങ്ങളെല്ലാം പുരാതനസ്ഥിതിയിൽ അതിനെ പുനരുദ്ധരിക്കുവാൻ ഉണ്ടാക്കിയിട്ടുള്ളവയാണു്. തന്നിമിത്തം അതിന്റെ ഇന്നത്തെ നിലമാത്രമേ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതുള്ളു. നമ്മുടെ പുരാതന റീത്തിന്റെ സ്വഭാവം വെളിപ്പെടുത്തുവാൻ ഇതു ധാരാളം മതിയാകും.

വിദേശത്തുള്ള കൽദായ റീത്തിന്റെ ഉത്ഭവം, വളർച്ച മുതലായവ സംബന്ധിച്ചു ചിലതെല്ലാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സെലൂക്കിയാ അഥവാ ബാബേൽ സഭയിൽ പൌരസ്ത്യ സുറിയാനി റീത്തിനു വ്യവസ്ഥാപിതരൂപത്തിൽ പ്രതിഷ്ഠ ലഭിച്ചശേഷമാണു് ആ സഭ നെസ്തോറിയത്വത്തിൽ നിപതിച്ചതു്. നെസ്തോറിയൻ ആശയഗതിയോടെ ചിലർ പൌരസ്ത്യസുറിയാനി റീത്തിനെ പുഷ്ടിപ്പെടുത്തുകനിമിത്തം നെസ്തോറിയൻമയം കുറെയെല്ലാം അതിൽ കടന്നുകൂടുവാൻ ഇടവന്നു. എങ്കിലും കുറഞ്ഞപക്ഷം 16–ാം ശതാബ്ദത്തിന്റെ അവസാനംവരെയെങ്കിലും സെലൂക്കിയാസഭ റോമ്മാ മാർപ്പാപ്പായുടെ പരമാധികാരത്തിൽ വിശ്വസിക്കുകയും ആ പരമാധികാരത്തിനു സ്വയംവിധേയയാണെന്നു് ഔദ്യോഗികമായി ഏറ്റുപറയുകയും ചെയ്തിരുന്നു. റോമ്മായുമായി നേരിട്ടിടപെട്ടു് വിശ്വാസത്തിലുണ്ടായിരുന്ന പിശകുകൾ നീക്കിയവരായ സെലൂക്കിയരിൽനിന്നു ഭിന്നിച്ചു് റോമ്മാ അധികാരത്തെ ത്യജിച്ചവരത്രേ ഇന്നത്തെ നെസ്തോറിയൻകാർ. ഇരുകൂട്ടരും പൌരസ്ത്യസുറിയാനിക്കാരും പൌരസ്ത്യസുറിയാനി റീത്തുപയോഗിയ്ക്കുന്നവരും ആണു്. കത്തോലിക്കർ സാധാരണമായി കൽദായക്കാരെന്നറിയപ്പെടുന്നു. സുറായികളെന്നു നെസ്തോറിയൻകാക്കു പേരുണ്ടു്. നമ്മിൽനിന്നു 1874–നുശേഷം പിരിഞ്ഞുപോയ തൃശ്ശൂരുള്ള സുറായികളും ഈ ഗണത്തിൽപെടുന്നു, കൽദായക്കാരെന്നു് അവർ തങ്ങളെത്തന്നെ ചിലപ്പോഴും വിളിക്കാറുണ്ടു്.

ഇനി കൽദായ റീത്തിന്റെ ഓരോ ഭാഗത്തെയും പറ്റി പ്രതിപാദിക്കാം. കത്തോലിക്കരുടെ കൈവശമുള്ള കൽദായ റീത്താണ് പ്രതിപാദ്യവിഷയം.

പള്ളി

പടിഞ്ഞാറോട്ട് തിരിച്ചു പള്ളിപണിയണമെന്നു നിർബന്ധമാണ്. മദ്ബഹാ, ബേമ്മാ (കസ്രോമ്മാ), ഹൈക്കലാ എന്നു മൂന്നു വിഭാഗങ്ങളും പള്ളിക്കുണ്ടായിരിക്കണം. മദ്ബഹായുടെ മുൻപിൽ തിരശീല ആവശ്യമുണ്ട്. മദ്ബഹായാണ് ഏറ്റവും ഉയർന്നഭാഗം. അതിനു താഴെ അഴികളാൽ ചുറ്റപ്പെട്ടു ഹൈക്കലാ ഭാഗത്തെക്കാൾ കുറെ പൊങ്ങിനില്ക്കുന്നതാണ് ബേമ്മാ. ബേമ്മായിൽ പാട്ടുകാർ നില്ക്കുന്നു. കാനോൻ ജപം നടത്തുന്ന സമയത്തു പുസ്തകം വച്ചു വായിക്കുവാനുള്ള ഒരു പീഠം ബേമ്മായിലോ മദ്ബഹായിലോ സ്ഥാപിക്കാറുണ്ട്. റാസയിലെ ''കുമ്പിടൽ'' നടത്തേണ്ടതു ബേമ്മായിൽ ആകുന്നു. ബേമ്മായെ ഹൈക്കലായിൽ നിന്നുവേർതിരിക്കുന്ന ഭിത്തിയോടു ചേർന്നുള്ള മേശകളിലാണ് സാധാരണമായി ശുശ്രൂഷപ്പുസ്തകങ്ങളും സൂക്ഷിക്കാറുള്ളതു്. ബേമ്മായിൽ തന്നെയോ, ഹൈക്കലായുടെ കിഴക്കേ ഭാഗത്തോ ഇതിലേക്കായി ഒരു മേശ സ്ഥാപിക്കുന്നതിലും വിരോധമില്ല. മദ്ബഹായുടെ ഇരുവശത്തുമായി ചമയമുറിയും (ദിയാക്കോനിയാ) മാമ്മോദീസാ നൽകുന്ന സ്ഥലവും (ബേസു് മാമ്മോദീസാ) സ്ഥിതിചെയ്യുന്നു. ചിലനെസ്റ്റോറിയൻ പള്ളികളിൽ ചമയമുറിയിൽ തന്നെയാണ് മാമ്മോദീസാത്തൊട്ടി സ്ഥാപിച്ചിരിക്കുന്നതു്. മദ്ബഹായുടെ വടക്കേ ഭിത്തിയിൽ സാമാന്യം വലിയ ഒരു ദ്വാരത്തിൽ മുൻകാലങ്ങളിൽ പീലാസായും മറും സൂക്ഷിച്ചിരുന്നു. തക്സായും മറും ബലിപീഠത്തിൽ തന്നെ വയ്ക്കുകയായിരുന്നു പതിവു്. ഇപ്പോഴും ഇവയിലെല്ലാം വ്യത്യാസം വന്നിട്ടുണ്ട്. കുർബാനയ്ക്കുള്ള അപ്പം ചുടുവാൻ മദ്ബഹായിക്കടുത്തു പ്രത്യേകമൊരു സ്ഥലമുണ്ടായിരിക്കണം. ഇതു സാധാരണമായി മാമ്മോദീസാ നൽകുന്ന മുറിയിൽതന്നെയാണ് കാണപ്പെടുക.

മദ്ബഹായുടെ കിഴക്കേ ഭാഗത്തു കിഴക്കേ ഭിത്തി യോടു ചേർന്നു ബലിപീഠം സ്ഥിതിചെയ്യുന്നു. ചില പള്ളികളിൽ പ്രധാന പീഠത്തിന്റെ ഇരുഭാഗങ്ങളിലുമായി വേറെ പീഠങ്ങളും അവയുടെ മുമ്പിൽ തിരശീലയും ഉണ്ട്. പീഠത്തിന്റെ മദ്ധ്യത്തിൽ കൂദാശചെയ്ത കല്ലോ പലകയോ തെക്കുവടക്കായി സ്ഥാപിക്കപ്പെടണം. പീഠത്തിൽ കുരിശും കുറഞ്ഞതു രണ്ടുമെഴുകുതിരിയും ആവശ്യമാണ്. ലത്തീൻകാരെ അനുകരിച്ച് കൽദായക്കാർ അപ്പോഴും ബലിപീഠത്തിനു പദവികളണ്ടാക്കാറുണ്ട്. അപ്രകാരംതന്നെ പല മെഴുകുതിരിക്കാലുകളും പച്ചപ്പുഷ്പങ്ങളും ബലിപീഠത്തിൽ സ്ഥലംപിടിച്ചുവരുന്നു. പ്രധാന പീഠത്തിന്റെ മുമ്പിൽ തൂണുകളിന്മേൽ ഉറപ്പിച്ചിരിക്കുന്ന ഒരു മേൽക്കെട്ടി ചില പഴയ നെസ്റ്റോറിയൻ പള്ളികളിൽ കാണുന്നുണ്ട്. ബലിപീഠത്തിനേറയും മദ്ബഹായുടെ മുൻവശത്തുള്ള തിരശീലയുടേയും മദ്ധ്യത്തിൽ മുൻകാലങ്ങളിൽ വേറൊരു തിരശീലകൂടിയുണ്ടായിരുന്നു.

വിശുദ്ധന്മാരുടെ ''തിരുശേഷിപ്പ്'' സൂക്ഷിക്കുന്ന സ്ഥലം (ബേസ് സഹദെ; ബേസ് കട്ടീശെ) പള്ളിയുടെ ഇന്നഭാഗത്തുവേണമെന്നു അത്ര നിർബന്ധമില്ല. സാധാരണമായി അതു തെക്കുപടിഞ്ഞാറേ വശത്തായിരിക്കും സ്ഥിതിചെയ്യുന്നതു്. ഓരോ പള്ളിയിലും ആ പള്ളിയുടെ മദ്ധ്യസ്ഥന്റെ അസ്ഥിയുണ്ടെന്നാണു് സങ്കല്പം. നമ്മുടെ കാനോൻ ജപത്തിൽ പേരുപറയാതെ പലപ്പോഴും ഒരു വിശുദ്ധനെ വിളിച്ചു പ്രാർത്ഥിക്കുന്നതു് ഏതു പള്ളിയിൽ ജപം നടക്കുന്നുവോ ആ പള്ളിയുടെ മദ്ധ്യസ്ഥനെ ഉദ്ദേശിച്ചാണെന്നു് കൽദായക്കാരുടെ ഈ നടപ്പിൽ നിന്നു മനസ്സിലാക്കാം. ആ വിശുദ്ധന്റെ ശരീരത്തെപ്പറ്റി (പഗറാ) കാനോൻജപം ചിലപ്പോഴും പ്രസ്താവിക്കുന്നതു സൂക്ഷിച്ചാലും. [1]

---

1. ബുധനാഴ്ച ലെലിയായുടെ ''നേമ്മർ'' എന്ന പ്രാർത്ഥനയിൽ തോമ്മാശ്ലീഹായുടെ പേരാണല്ലൊ ഇപ്പോഴും നമ്മം ചൊല്ലുന്നതു്. എന്നാൽ കൽദായക്കാർ അതേ പ്രാർത്ഥനയിൽ കാനോൻജപം ഏതു പള്ളിയിൽ നടത്തുന്നുവോ ആ പള്ളിയുടെ മദ്ധ്യസ്ഥന്റെ പേരാണു് ചൊല്ലുക.

ഉഷ്ണകാലത്തു കാനോൻജപം നടത്തുവാൻ ചില സ്ഥലങ്ങളിൽ പള്ളിയോടുചേർന്നു ഒരു ചായിപ്പു കാണാറുണ്ടു്. പള്ളിക്കു ചുറ്റും ചിലസ്ഥലങ്ങളിൽ വരാന്തയും കാണാം.

ഹൈക്കു്ലായാണു് അൽമായക്കാർക്കുള്ള സ്ഥാനം. പുരുഷന്മാർ മുമ്പിലും സ്ത്രീകൾ പിമ്പിലും നില്ക്കുന്നു. ചിലപള്ളികളിൽ ഇരുകൂട്ടരേയും തമ്മിൽ വേർതിരിക്കുവാൻ അഴിയുമുണ്ടു്. പുരുഷന്മാർക്കു പൊതുവേ മദ്ബഹായിൽ പ്രവേശനമില്ല. സ്ത്രീകൾക്കു ഒട്ടുമില്ല. കുറെക്കാലമായിട്ടു പള്ളികൾക്കു പടിഞ്ഞാറെവശത്തു വാതിൽ വയ്ക്കാറില്ല. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം വാതിലുകളുണ്ടു്. പള്ളികളിൽ പ്രതിമകളുണ്ടെങ്കിലും ക്രായാപടങ്ങൾക്കാണു് പ്രാധാന്യം. പ്രതിമകൾ പാശ്ചാത്യരിൽനിന്നു സ്വീകരിച്ചവയത്രേ. മൃതശരീരങ്ങൾ പള്ളിക്കു ചുറ്റും സംസ്കരിക്കപ്പെടുന്നു.

കൽദായക്കാരുടെ പള്ളികളും നമ്മുടെ പഴയപള്ളികളും തമ്മിൽ വലിയ സാമ്യം കാണുന്നുണ്ടു്. നമ്മുടെ പഴയപള്ളികളെല്ലാം പടിഞ്ഞാറോട്ടു തിരിച്ചാണു് പണതിരിക്കുന്നതു്. മദ്ബഹാ, ബേമ്മാ (കസ്ത്രോമ്മാ), ഹൈക്കു്ലാ എന്നു മൂന്നു വിഭാഗങ്ങൾ അവയിൽ കാണാം. മദ്ബഹായും മദ്ബഹായുടെ മേൽക്കൂട്ടും മറ്റു ഭാഗത്തിൽനിന്നു വിട്ടു കുറെ പൊങ്ങിയാണു് സ്ഥിതിചെയ്യുന്നതു്. പൊങ്ങിനില്ക്കുന്ന ഭാഗത്തിനു ''തോറാ'' എന്നു പറയാറുണ്ടു്. തോറാ (Tower?) ഒരു പക്ഷേ ഒരു പോർട്ടുഗീസുവാക്കായിരിക്കാം. എങ്കിലും മദ്ബഹാ വേർപെട്ടു പൊങ്ങിനില്ക്കുക കൽദായരീത്തിനു യോജിച്ചതാണു്. മോണ്ടളം, മുഖവാരം ഇവയെല്ലാം പിൽക്കാലത്തുണ്ടായവയാണു്. കിഴക്കു പടിഞ്ഞാറല്ലാത്ത പീഠങ്ങളും പിന്നീടുണ്ടായവയാകാം. മദ്ബഹായുടെ മുമ്പിലുള്ള തിരശീല അശേഷം ഇല്ലാതായിട്ടില്ല. എങ്കിലും കുർബാനസമയത്തു് കൽദായരീത്തിലേപ്പോലെ അതുപയോഗപ്പെടുത്തുന്നില്ല. സ്ത്രീകളെ പുരുഷന്മാരിൽനിന്നു വേർതിരിക്കുന്ന അഴി ചില സ്ഥലങ്ങളിൽ കാണുന്നുണ്ടു്. പഴയപള്ളിക

ളിലെ കൊട്ടപുര, വാദ്യപ്പുര, ആദിയായവ ഹിന്തുക്കളിൽ നിന്നു സ്വീകരിച്ചു ക്രൈസ്തവമാക്കിയവയാണു്. മുഖവാരം, രംശേത്തി, രത്താം, കത്ത്സാം ആദിയായവ പോർട്ടുഗീസുകാരിൽനിന്നു ലഭിച്ചവയാകുന്നു. പള്ളികളിൽ കാണുന്ന തൂക്കുവിളക്കുകളും പുരാതനങ്ങളായിരിക്കാം. ''ഗ്ലോബുകളും'' പിൽക്കാലത്തുണ്ടായവയത്രേ. മുൻകാലങ്ങളിൽ കെടാവിളക്കായി ഒരു ഓട്ടുവിളക്കാണുണ്ടായിരുന്നതു്.

കൽദായക്കാരെപ്പോലെ നമ്മളും മൃതശരീരങ്ങളും പള്ളിക്കുചുറ്റുമാണല്ലൊ സംസ്ക്കരിച്ചിരുന്നതു്.

വൈദിക പഞ്ചാംഗവും തിരുനാളുകളും

ലത്തീൻരീതിയിലുള്ള പഞ്ചാംഗം കണ്ടു പരിചയിച്ചിട്ടുള്ള നമുക്കു കൽദായരീത്തിലെ വൈദികപഞ്ചാംഗം വളരെ വിചിത്രമായി തോന്നിയേക്കാം. എന്നാൽ നമ്മുടെ കാനോൻ ജപത്തിലും, ഇന്നത്തെ നമ്മുടെ പഞ്ചാംഗത്തിൽ തന്നെയും അതിന്റെ ചില അവശേഷങ്ങളും ഇപ്പോഴും കാണുവാനുണ്ടു്. ഗ്രിഗോറിയൻ കാലഗണനയാണു് കൽദായക്കാർ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളതു്. [1a] നെസ്തോറിയൻകാരാകട്ടെ ജൂലിയൻ ഗണന ഇന്നും വച്ചു സൂക്ഷിക്കുന്നു.

ശാബോ ആ (ശബൂ ആ—ആഴ്ച) എന്നറിയപ്പെടുന്ന ഏതാനും കാലഘട്ടങ്ങളായി വത്സരം മുഴുവനും വിഭജി

[1a]. സിദോനിലേ ലെഒനാർദ്ദു് അബെൽ എന്ന ലത്തീൻ മെത്രാൻ 16—ാം ശതാബ്ദത്തിൽ മാർപ്പാപ്പയുടെ പ്രതിപുരുഷനായി പൌരസ്ത്യപ്രദേശങ്ങളിലേയ്ക്കയയ്ക്കപ്പെട്ട. കൽദായക്കാരുടെ കാര്യത്തിലും അദ്ദേഹം ചിലതെല്ലാം പ്രവർത്തിച്ചിട്ടുണ്ടു്. കൽദായ അമ്മേനിയൻ ഗ്രീക്ക പാത്രിയർക്കീസുമാർ വഴിയായി ഗ്രിഗോറിയൻ കാലഗണന അവരുടെ സഭകളിൽ നടപ്പിലാക്കുവാൻ അദ്ദേഹം നിയുക്തനായിരുന്നു. ഇങ്ങനെ കൽദായക്കാരിൽനിന്നും ലത്തീൻ ബന്ധം വഴിയായും നമ്മുടെയിടിൽ ഈ കാലഗണന നടപ്പായി.

ക്കപ്പെടുന്നു. സൂബാറാ (കൽദായും) 2 ദെനഹാ 3, സൌമ്മാ 4, ക്യാത്താ അഥവാ പെസഹാ (സൂലാക്കായും) 5, ശ്ലീഹാ അഥവാ പന്തക്കൊസ്താ, കൈത്താ 6 ഏലിയാ, ഏലിയാ രണ്ടാംഭാഗം അഥവാ സ്ലീബാ, മൂശെ, ക്കുദാശ് ഏത്താ 7 എന്നാണ് പ്രസ്തുത കാലഘട്ടങ്ങളുടെ പേരുകൾ. ഇവയിൽ ഏറിയായും സ്ലീബായും ഒരുമിച്ചെടുക്കുന്നപക്ഷം മൂശെ ഒഴിച്ചുള്ളവയെല്ലാം ഇപ്പോഴും നമുക്കുണ്ട്. മൂശെയാകട്ടെ കൽദായപ്പഞ്ചാംഗത്തിൽ എല്ലാക്കൊല്ലവും പ്രത്യക്ഷമാകാറില്ല. (നമ്മുടെ ഞായറാഴ്ച, റംശായുടെ മിൻ ആലം നോക്കുക). ആകയാൽ കാനോൻ ജപത്തിൽ നമ്മുടെ വത്സരവിഭാഗം പുരാതനമാണെന്നു വിശദമാകുന്നു. തക്സായിൽ നമ്മെ സ്വീകരിച്ചിട്ടുള്ള വത്സരവിഭാഗമാകട്ടെ ലത്തീൻ മുറയുള്ളതാണ്: തക്സായും കാനോൻ ജപവും യോജിച്ചു നില്ക്കുണമെന്നുള്ളതു് എല്ലാ റീത്തിനും പൊതുവായ ഒരു തത്വമാകുന്നു. ഇതു സാരവത്തായ ഒരു സംഗതിയിൽ നമ്മുടെ റീത്തു അംഗഭംഗപ്പെട്ട ഒരു നിലയാണ് കൈവരിച്ചിട്ടുള്ളതു്.

നമ്മുടെ കത്താവിന്റെ ജീവിതം, തിരുസഭാചരിത്രം, സ്വർഗ്ഭാഗ്യം ഇവയെ സൂചിപ്പിക്കുവാൻ കൽദായക്കാർ വത്സരം മുഴവനും മേൽപ്രസ്താവിച്ച രീതിയിൽ വിഭജിച്ചിരിക്കുന്നു. ഓരോ വിഭാഗവും സൂചിപ്പിക്കുന്ന ആശയമനുസരിച്ച് അതതുകാലത്തു് ഓരോ ക്രിസ്ത്യാനിയും അവന്റെ ജീവിതത്തെ വിശുദ്ധീകരിക്കയാണ് വേണ്ടതു് (Liturgical life.) ഈ വിധത്തിലുള്ള ജീവിതക്രമമാണല്ലൊ തിരുസഭ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതും.

---

2. സൂബാറാ— ''ആഗമനം''; യൽദാ— ന. കർത്താവിന്റെ പിറവി.

3. ദെനഹാ=പ്രത്യക്ഷീകരണം(13—ാം പെരുന്നാൾ—രാക്കുളി)

4. സൌമ്മാ= വലിയനോമ്പു്.

5. ക്യാത്താ=ഉയിർപ്പു്; സൂലാക്കാ=സ്വർഗ്ഗാരോഹണം.

6. കൈത്താ= വർഷകാലം.

7. ക്കുദാശ് എത്താ= പള്ളിയുടെ അഭിഷേചനം.

മേൽപ്രസ്താവിച്ച ഓരോ വിഭാഗത്തിലും ഒന്നിലധികം ആഴ്ചകളും ഉണ്ടായിരിക്കാം. ഈ ആഴ്ചകളും വത്സരവിഭാഗത്തിന്റെ പേരിൽ തന്നെ സാധാരണമായി അറിയപ്പെടുന്നു. ഇങ്ങനെ, സൂബാറായുടെ ഒന്നാം ആഴ്ച, രണ്ടാം ആഴ്ച, സൌമ്മായുടെ ഒന്നാം ആഴ്ച, രണ്ടാം ആഴ്ച എന്നെല്ലാമുള്ള പേരുകളും അവയ്ക്കു ലഭിച്ചിട്ടുണ്ട്. ആഴ്ചകളുടെ പ്രത്യേകതകൾക്കനുസരിച്ചു ഞായറാഴ്ചകൾക്കും മറ്റു ചില ദിവസങ്ങൾക്കും ഓരോ പ്രത്യേകത കാണാവുന്നതാണു്. കുർബാനയിലും കാനോൻജപത്തിലും ഈ പ്രത്യേകത പ്രത്യക്ഷമാവുകയും ചെയ്യുന്നു.

സൂബാറായോടുകൂടി വൈദികവത്സരം ആരംഭിക്കുന്നു. ഈ കാലഘട്ടത്തിൽ ജനുവരി 15—ാംനു- യാണു് ന. കർത്താവിന്റെ പിറവിത്തിരുനാൾ. പിറവിത്തിരുനാളിന്റെ പിന്നാലെ വരുന്നതും ദനഹാതിരുനാളിനു മുമ്പുള്ളതുമായ രണ്ടാം വെള്ളി (ഒരു വെള്ളിയെ ഉള്ളുവെങ്കിൽ അതു്) മാതാവിന്റെ ഓമ്മയ്ക്കുള്ളതാണു്.

ജനുവരി 6—ൽ ആണു് ദനഹാത്തിരുനാൾ. ദനഹാത്തിരുനാൾ കഴിഞ്ഞുവരുന്ന തിങ്കൾ, ചൊവ്വാ, ബുധൻ എന്ന ദിവസങ്ങളിൽ കന്യകകളുടെ പ്രാർത്ഥനാസ്മരണ കൊണ്ടാടപ്പെടുന്നു. പ്രാർത്ഥനയുടെ ഫലമായി കുറെ കന്യകകളുടെ കന്യാത്വം സംരക്ഷിക്കപ്പെട്ടതിന്റെ ഓമ്മയാണു് ഇതു്. ഇപ്പോൾ ഈ ദിവസങ്ങളിൽ കൽദായർക്കു് ഉപവാസമില്ല. ദനഹായുടെ ഒന്നാം വെള്ളി യോഹന്നാൻ മാംദാനായുടെ തിരുനാളാണു്. തുടർന്നുള്ള വെള്ളിയാഴ്ചകളിൽ വി. പത്രോസു പൌലോസു ശ്ലീഹന്മാരുടേയും[8]. ഏവൻഗേലീസ്താമാരുടേയും, വി. എസ്തപ്പാനോസിന്റേയും, ഗ്രീക്കു മല്പാന്മാരുടേയും, അപ്രേമും പ്പെടെയുള്ള സുറിയാനി മലപാന്മാരുടേയും ഓമ്മ യഥാക്രമം ആഘോഷിക്കപ്പെടുന്നു. ദനഹായുടെ 7—ാം

---

8. മാറ്റമുള്ള തീയതികളിലും മാറ്റമില്ലാത്ത തീയതികളിലും ആഘോഷിക്കപ്പെടുന്ന തിരുനാളുകളിൽ ഒന്നാണു് ഈ തിരുനാൾ.

വെള്ളി പള്ളിയുടെ മദ്ധ്യസ്ഥനും 8–ാം വെള്ളി സകല മരിച്ചവർക്കും വേണ്ടിയുള്ളവയാണെന്നു തക്സായിൽ കാണുന്നുണ്ടെങ്കിലും. കാനോൻജപത്തിൽ 9–ാം വെള്ളി സകലമരിച്ചവക്കും 8–ാം വെള്ളി നാല്പതുവേദസാക്ഷികൾക്കുമായി നീക്കിവച്ചിരിക്കുന്നു.

വലിയ നോമ്പുതുടങ്ങുന്നതിനുമുമ്പു നമുക്കുള്ളതുപോലെ അതേ ദിവസങ്ങളിൽ കൽദായക്കാക്കു മൂന്നു നോമ്പുണ്ട്. ''നിനിവായരുടെ പ്രാർത്ഥന'' എന്നാണ് അതിന്റെ ഔദ്യോഗികനാമം. നമ്മളും യൌനാൻ നിവ്യായുടെ ഓർമ്മ ഈ ദിവസങ്ങളിൽ കൊണ്ടാടുന്നു എന്നുള്ളതിനു കുറവില്ലങ്ങാട്ടേ മൂന്നുനോമ്പാഘോഷം സാക്ഷ്യം വഹിക്കുന്നു. മൂന്നുനോമ്പിന്റെ പ്രത്യേക കാനോനിക പ്രാർത്ഥനകളും ചില പള്ളികളിൽ ഇന്നും നമ്മളും നടത്തുന്നുണ്ട്. അവ പുരാതന കൽദായപ്രാർത്ഥനകളും തന്നെയാണ്. മൂന്നുനോമ്പു വീടുന്ന വ്യാഴം ''ഉപകാരസ്മരണ'' യുള്ള ദിവസമായി കൽദായക്കാർ ആചരിക്കുന്നു.

വലിയ നോമ്പിലെ 6–ാം ഞായറാഴ്ച വി. മിഖായേലിന്റെ ഓർമ്മകൊണ്ടാടപ്പെടുന്നു. 7–ാം ഞായർ ഓശാനയാണ്.9 വലിയ നോമ്പിൽ പെസഹാവ്യാഴം, ദുഃഖവെള്ളി, വലിയശനി എന്നീ ദിവസങ്ങൾക്കു പ്രത്യേകം പ്രാധാന്യമുണ്ട്. ഉയർപ്പുകഴിഞ്ഞു വരുന്ന ആഴ്ച ''ഏറ്റവും വലിയ ആഴ്ച'' (ശബസ് ശബെ) എന്നറിയപ്പെടുന്നു. അതിലേ വെള്ളിയാഴ്ച ശാബോർ രാജാവു കൊന്ന വേദസാക്ഷികളുടെ ഓർമ്മ കൊണ്ടാടപ്പെടുന്നു. അടുത്തു ''പുതുഞായർ'' വരുന്നു.10 ഉയർപ്പു കഴി

9. വലിയ നോമ്പിലേ ഞായറാഴ്ചകളും ലത്തീൻ മുറയ്ക്കാണ് ഇപ്പോൾ നമ്മളും എണ്ണുന്നതു്. തന്നിമിത്തം ആറാം ഞായറാണ് നമുക്കു ഓശാന. 50–ാ ഞായർ, 60–ാം ഞായർ, 70–ാം ഞായർ എന്നിങ്ങനെ വലിയ നോമ്പിനുള്ള ഞായറാഴ്ചകളുടെ പേരുകളും ലത്തീനിൽ നിന്നു നമുക്കു ലഭിച്ചവയാണ്.

10. പെസഹാവ്യാഴം, ദുഃഖവെള്ളി, വലിയ ശനി, പുതുഞായർ എന്ന പേരുകളും പഴയ കൽദായപ്പേരുകളുടെ മലയാളവിവർത്തനമാണ്. ലത്തീൻ മുറയുള്ള പേരുകൾക്കു നമ്മുടെയിടയിൽ വലിയ പ്രചാരം സിദ്ധിച്ചിട്ടില്ല.

ഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ചയ്ക്കുശേഷം വരുന്ന തിങ്കളാഴ്ച 339–ൽ വേദസാക്ഷിയായി മരിച്ച ആദോർ ഒറ്റീസിന്റെ തിരുനാളാണ്. അഞ്ചാം ഞായറാഴ്ച ഹട്ടിശ്ലീഹാ സ്മരിക്കപ്പെടുന്നു. ഇതിനെ തുടർന്നു സ്വർഗ്ഗാരോഹണവും അടുത്തുള്ള ഞായറും അവയുടെ വെള്ളിയാഴ്ചകളും പ്രാധാന്യമർഹിക്കുന്നവയാണ്.

പന്തക്കുസ്താ ഞായറാഴ്ചയിൽ തുടങ്ങുന്ന ശ്ലീഹാവിഭാഗത്തിലെ ഒന്നാം വെള്ളി ''ദൈവാവെള്ളി'' (സ്വർണ്ണവെള്ളി) എന്നാണ് വിളിക്കപ്പെടുന്നത്. അതു വി. പത്രോസും വി. യോഹന്നാനും മുടന്തനെ സുഖപ്പെടുത്തിയതിന്റെ ഓർമ്മയാണ്. ശ്ലീഹാ എന്ന ഈ വിഭാഗത്തിൽ ഏഴു ഞായറാഴ്ചകളും ഏഴു വെള്ളിയാഴ്ചകളും പ്രാധാന്യമുള്ളവയത്രേ. അവസാനത്തേ വെള്ളിയാഴ്ച ശിഷ്യന്മാക്കും അവസാനത്തെ ഞായർ ശ്ലീഹന്മാർ എല്ലാവക്കും ആയി നീക്കിവച്ചിരിക്കുന്നു. ഈ വിഭാഗത്തിലേ രണ്ടാം വ്യാഴാഴ്ച വി. കുർബാനയുടേയും മൂന്നാം വെള്ളിയാഴ്ച തിരുഹൃദയത്തിന്റേയും തിരുനാളുകളായി ഇപ്പോൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

അടുത്തതു കൈത്താ വിഭാഗമാണ്. അതിന്റേയും ഞായറാഴ്ചകളും വെള്ളിയാഴ്ചകളും പ്രാധാന്യമുള്ളവയത്രേ. വെള്ളിയാഴ്ചകളിൽ പ്രധാനമായി താഴെ പറയുന്നവരുടെ സ്മരണകൾ കൊണ്ടാടപ്പെടുന്നു. ന്സീവീനിലേ മാർ യാക്കോബ് († 358), മാറിശ്ലീഹാ, മക്കബായ രക്തസാക്ഷികൾ (ശ്മോനിയും മക്കളും), ശെമഓൻ ബർസബായും കൂട്ടരും († 339), ഖർദഗ് വേദസാക്ഷി († 358).

ഏലിയാ– സ്ലീബാ വിഭാഗം സെപ്റ്റംബർ 13–14–ാം തു- കളിൽ ആഘോഷിക്കപ്പെടുന്ന കുരിശിന്റെ തിരുനാളിനു ഏകദേശം മൂന്നാഴ്ച മുൻപ് ആരംഭിച്ച് ആ തിരുനാൾ കഴിഞ്ഞു മൂന്നാഴ്ചത്തേയ്ക്കു നീണ്ടുനില്ക്കുന്നു. ഇതിന്റെ ഒടുവിലത്തേ വെള്ളിയാഴ്ചയാണ് ഏലിയാ നിവ്യായുടെ തിരുനാൾ.

മൂശെയാണു് അടുത്ത വിഭാഗം. തുടന്നു് അവസാന ത്തേതായി ക്രിസ്തുവിന്റെ വരവു്. ക്രിസ്തുവിന്റെ ഒടുവിലത്തെ വെള്ളിയാഴ്ചയാണു് മാർ ഔഗെന്റെ ഓമ്മ.

വത്സരവിഭാഗങ്ങളും ഉയർപ്പു തിരുനാളിനെ ആശ്രയിച്ചു നില്ക്കുന്നതുകൊണ്ടും ആ തിരുനാളിന്റെ തീയതി കൊല്ലംതോറും മാറിവരുന്നതുകൊണ്ടും ചില വിഭാഗങ്ങളും ദൈർഘ്യംകുടിയും കുറഞ്ഞും കാണപ്പെടുന്നു. ഉയർപ്പുതിരുനാളും താമസിച്ചുവരുന്നകൊല്ലം ദനഹാ വിഭാഗത്തിൽ ഒമ്പതു ആഴ്ചകളോളമുണ്ടാകും. മുൻകൂട്ടിവരുന്നപക്ഷം ചിലപ്പോൾ നാലാഴ്ചകൊണ്ടു് ദനഹാ വിഭാഗം അവസാനിക്കുന്നതാണു്. എട്ടോ അതിൽ കുറച്ചോ ആഴ്ചകളും മാത്രമേ ദനഹാ വിഭാഗത്തിലുള്ള എങ്കിൽ നാല്പതു വേദസാക്ഷികളുടെ തിരുനാളും (കാനോൻ ജപത്തിലേ നിർദ്ദേശപ്രകാരം) മാർച്ചു് 9—ാം നു നടത്തും. ഏഴോ അതിൽ കുറച്ചോ ആഴ്ചകളെ ഉള്ള എങ്കിൽ വി. പത്രോസു പൌലോസു ശ്ലീഹന്മാരുടെ തിരുനാളും ഉപേക്ഷിച്ചുകളയും. അഞ്ചോ അതിൽ കുറച്ചോ ആഴ്ചകളേഉള്ള എങ്കിൽ യോഹന്നാൻ മാംദാനായുടെ തിരുനാളും വിട്ടുകളയുന്നു. എന്നാൽ ഏവൻഗലീസ്തന്മാരുടേയും പള്ളിയുടെ മദ്ധ്യസ്ഥനേറയും (ഹദ്ദപർസോപ്പാ) തിരുനാളുകളും ഒരിക്കലും ഉപേക്ഷിക്കയില്ല. ദനഹായുടെ പിന്നാലെ വരുന്ന ഒന്നാമത്തെ വെള്ളി ജനുവരി 7—ാം നു യാണെങ്കിൽ മാത്രമേ അന്നു യോഹന്നാൻ മാംദാനായുടെ തിരുനാളും ആഘോഷിക്കാറുള്ളു. അല്ലാത്തപക്ഷം ആ ഒന്നാം വെള്ളി ഒരു സാധാരണ (ശ്ലീഹാമ്മാ) ദിവസം മാത്രമായി കരുതപ്പെടും.

ഉയർപ്പു തിരുനാളും വളരെ താമസിച്ചുവരുന്ന കൊല്ലത്തിൽ മൂശെ വിഭാഗത്തിനു പഞ്ചാംഗത്തിൽ സ്ഥാനമില്ല.

ഏലിയാ—സ്ലീബാ വിഭാഗത്തിലേ ഒന്നാം ഞായർ വരേണ്ടതു സെപ്റ്റംബർ 14-നു മുമ്പാണു്. എന്നാൽ സെപ്റ്റംബർ 14—ാം തീയതിയോ അതിനുശേഷമോ അതുവന്നാൽ കൈത്താ വിഭാഗത്തിൽ ആറു ആഴ്ച

കളേ ഉണ്ടാകയുള്ള. സെപ്റ്റം 14–ന മുമ്പ് പ്രസ്ഥത ഞായർ വന്നാൽ ഏലിയാ–സ്ലീബാ വിഭാഗത്തിൽ പ്രസ്ഥത തീയതിക്കുമുമ്പ് നാലുഞായറാഴ്ചകളുണ്ടാകും. ഈ വ്യത്യാസമനുസരിച്ച് തക്സായിൽ കുറിച്ചിട്ടുള്ള ഞായറാഴ്ചക്കുർബാനകൾക്കും വ്യത്യാസമുണ്ടാകുന്നതാണ്. ഏലിയാ–സ്ലീബാ വിഭാഗത്തിൽ സെപ്റ്റംബർ 14–ന ശേഷമുള്ളഭാഗം സ്ലീബാ എന്നുമാത്രം അറിയപ്പെടുന്നു.

1301–ൽ നമ്മുടെ ഉപയോഗത്തിനായി കൊടുങ്ങല്ലൂർവച്ച് എഴുതിയതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇരിക്കുന്നതുംആയ കയ്യെഴുത്തു പുസ്തകത്തിൽ കാണുന്ന വൈദികപഞ്ചാംഗവും തിരുനാളുകളും ഇതുവരെ പറഞ്ഞവയോട് ഏറെക്കുറെ യോജിക്കുന്നുണ്ട്. 15–ാം ശതാബ്ദത്തിന്റെ അവസാനംവരെ ഇവിടെ യാക്കോബായ വിശ്വാസവും റീത്തും ആണ് പ്രചരിച്ചിരുന്നതെന്നു ഇപ്പോൾ ചിലർ പറഞ്ഞുതുടങ്ങിയിരിക്കുന്നതു സ്വീകാര്യമല്ലെന്നു ഈ രേഖ വിശദീകരിക്കുന്നു. (അനുബന്ധം 1–കാണുക)

വത്സരവിഭാഗമനുസരിച്ചു തീയതി മാറിവരുന്ന തിരുനാളുകളെപ്പറ്റി പ്രസ്താവിച്ചു കഴിഞ്ഞു. തീയതി മാറാത്ത തിരുനാളുകളും കൽദായറീത്തിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇവിടെ കുറിക്കുന്നു. ഡിസംബർ 25, ന. ക. പിറവി; ഡിസംബർ 27, കറയില്ലാത്ത ശിശുക്കൾ; ജനുവരി 1, പരിച്ഛേദനം; ഫെബ്രുവരി 2, ന. കർത്താവിന്റെ ദേവാലയ പ്രവേശനം; [11] മാർച്ച് 9, നാല്പതു വേദസാക്ഷികൾ; മാർച്ച് 19, വി. യൌസേപ്പ്; മാർച്ച് 25, മംഗളവാർത്ത; ഏപ്രിൽ 23 (24) വി. ഗീവറുഗീസു സഹദാ; മെയ് 15, വിത്തുകളുടെ മാതാവ്; ജൂൺ 21, മാതാവിന്റെ സന്ദർശനം; ജൂൺ 29, വി. പത്രോസു പൌലോസു ശ്ലീഹന്മാർ;

11 ലത്തീൻമറുസ്ഥ മാതാവിന്റെ ശുദ്ധീകരണമാണ് ഈ തീയതിയിൽ നമ്മൾ ഇപ്പോൾ ആഘോഷിക്കുന്നതു്.

ജൂലായി 3, വി. തോമ്മാശ്ലീഹായുടെ മരണം; ജൂലായി 15, വി. കന്യാക്കോസും മാതാവു യൂലീത്തായും, ആഗസ്റ്റ് 6, ന. കർത്താവിന്റെ രൂപാന്തരീകരണം; ആഗസ്റ്റ് 15, മാതാവിന്റെ സ്വർഗ്ഗപ്രവേശനം; സെപ്റ്റംബർ 8, മാതാവിന്റെ ജനനം; സെപ്റ്റംബർ 13–14, കുരിശുകണ്ടെത്തിയ തിരുനാൾ; ഒക്ടോബർ 25, മാർ പെയി ശോൻ സഹദാ; നവംബർ 27, മാർയാക്കോബു് മപ്പസ്ക്കെ.....തക്സായിലില്ലെങ്കിലും അന്തിയോക്കിയൻ സുറിയാനി റീത്തിൽനിന്നു എടുത്തവയായി വിചാരിക്കപ്പെടുന്ന തിരുനാളുകൾ:— ഡിസംബർ 6, വി. നിക്കാവോസ്; ഡിസംബർ 24 വി. ബർബരാ; ജനുവരി 7, യോഹന്നാൻ മാംദനാ; ജനുവരി 8, വി. എസ്തപ്പാനോസു്.

പഞ്ചാംഗത്തിന്റെ പ്രകൃതിനോക്കിയാൽ പുതിയ തിരുനാളുകൾ സ്വീകരിക്കുന്നതിൽ വിഷമത കാണുന്നില്ല. എന്നാൽ തക്സായിലും കാനോൻജപത്തിലും അവയ്ക്കു പ്രാധാന്യം നൽകുക അത്ര എളുപ്പമല്ല.

നമ്മുടെ ഇന്നത്തെ വൈദികപഞ്ചാംഗം പഴയ കൽദായ പഞ്ചാംഗത്തിലെ ചില ഭാഗങ്ങൾ ലത്തീൻ പഞ്ചാംഗത്തോടു ചേർത്തുണ്ടാക്കിയിട്ടുള്ളതാണെന്നു വിശദമാണല്ലോ. ലത്തീൻ തിരുനാളുകൾ, അവയുടെ തരംതിരിവ്യത്യാസങ്ങൾ, അവ മാറ്റിവയ്ക്കുവാനുള്ള നിയമങ്ങൾ, വത്സരവിഭാഗം ഇങ്ങനെ പലതും നമുക്കു സ്വീകരിക്കേണ്ടതായിവന്നു. ഇന്നും ഈ സമ്പ്രദായം തുടർന്നുകൊണ്ടു പോകയാണു് ചെയ്യുന്നതു്. പഞ്ചാംഗം, തക്സാ, കാനോൻജപം ഇവതമ്മിൽ യോജിപ്പില്ലാതെയും ഇരിക്കുന്നു.

ഞായർ, 'ഏഴാ', 'ഏഴാമാറാനായ', 'ഒകറാനാ', 'ശ്ലീഹാമ്മാ' എന്നിങ്ങനെയാണു് കൽദായക്കാർ ദിവസങ്ങളെ തരംതിരിച്ചിരിക്കുന്നതു്. ഞായർ കർത്താവിന്റെ ദിവസമാകയാൽ, അപൂർവ്വം ചില തിരുനാളുകൾ മാത്രമേ അന്നു് ആഘോഷിക്കാറുള്ളൂ. ഇങ്ങനെയുള്ള ഒന്നാ

ണ്ം തോമ്മാശ്ലീഹായുടെ ജൂലായ് 3—ലെ തിരുനാൾ.[12] നമ്മുടെ കർത്താവിന്റെ തിരുനാളുകൾക്ക് ''ഏദാ'' എന്നും വിശുദ്ധന്മാരുടേതിനു ''ദുക്റാന'' എന്നും പേരുണ്ട്. കടമുള്ളവ ''ഏദാ'' എന്നും കടമില്ലാത്തവ ''ദുകറാനാ'' എന്നും ചിലപ്പോൾ പറയപ്പെടുന്നു. ഈ അർത്ഥത്തിൽ തിരുഹൃദയത്തിരുനാൾ ''ദുകറാന''യാണ്. ഞായറാഴ്ചയോ, ''ഏദാ''യോ ''ഏദാമാറാനായായോ'' ''ദുകറാന''യോ അല്ലാത്ത ദിവസം ''ശ്ഹീമ്മാ'' (സാധാരണം) എന്നു വിളിക്കപ്പെടുന്നു. തക്സായിലും കാനോൻജപത്തിലും ഈ വ്യത്യാസങ്ങളനുസരിച്ചുള്ള പ്രത്യേകതകളും കാണുവാനുണ്ട്. ''ഞായർ'' ''ഏദാ'' എന്നിവയുടെ മദ്ധ്യത്തിൽ ''ഏദാമാറാനായാ'' വരുന്നു. ''കർത്താവിന്റെ തിരുനാൾ'' എന്നാണ് ഏദാമാറാനയുടെ അർത്ഥം ''കർത്താവിന്റെ കടമുള്ള തിരുനാൾ'' എന്നാണ് ഇതിനെ കൽദായക്കാർ മനസ്സിലാക്കുന്നതു്. നമ്മുടെ തക്സായിൽ ഏദാ, ദുകറാനാ മുതലായ പദങ്ങൾ വളരെ അലക്ഷ്യമായി പ്രയോഗിച്ചിരിക്കുന്നു എന്നു വിശദമാണ്.

ഉപവാസം, മാംസവർജ്ജനം

ഇരുപത്തഞ്ചുനോമ്പ്, മൂന്നുനോമ്പ്, അമ്പതുനോമ്പ്, ശ്ലീഹാനോമ്പ്, പതിനഞ്ചുനോമ്പ് ഇവയാണ് ഇന്നുള്ളവയിൽ പ്രധാന നോമ്പുകൾ. ഇരുപത്തഞ്ചുനോമ്പിൽ ഒടുവിലത്തെ ഒമ്പതുദിവസം മാത്രമേ ഇപ്പോൾ ഉപവാസമുള്ളൂ. മൂന്നുനോമ്പിൽ മൂന്നുദിവസവും ഉപവാസമുണ്ട്. അമ്പതുനോമ്പിൽ ശനിയും ഞായറും ഒഴിച്ച് എല്ലാ ദിവസവും ഉപവസിക്കണം. ജൂൺ 29—ാം തീയതിയോടെ അവസാനിക്കുന്ന ശ്ലീഹാനോമ്പു മുൻകാലങ്ങളിൽ 50 ദിവസത്തേയുള്ളതായിരുന്നു. ഇപ്പോഴാകട്ടെ 10 ദി

12. തോമ്മാശ്ലീഹായുടെ ദുകറാന (ഏദേ് ദുകറാന) കൊല്ലത്തിൽ ഏതു ദിവസം വന്നാലും അന്നുതന്നെ ആഘോഷിക്കപ്പെടുന്നു എന്നാണ് പഴയ നമ്മുടെ കയ്യെഴുത്തു നമസ്കാരങ്ങളിൽ കാണുന്നതു്.

വസംകൊണ്ട് അവസാനിക്കുന്നു. ആഗസ്റ്റ് 15—ാംനു വീടുന്ന പതിനഞ്ചുനോമ്പ് ഇപ്പോഴും അഞ്ചുദിവസത്തേയ്ക്കു മാത്രമാക്കിയിരിക്കയാണു്. ശ്രീഹാനോമ്പും പതിനഞ്ചുനോമ്പും ഉപവാസദിവസങ്ങളാകുന്നു. ഉപവാസമുള്ള ദിവസങ്ങളിൽ മാംസം, മത്സ്യം ആദിയായവയെല്ലാം വജ്ജിക്കണം. ചുരുക്കം ചില ബുധനാഴ്ചകളും വെള്ളിയാഴ്ചകളും ഒഴിച്ചു് ആണ്ടുവട്ടത്തിലുള്ള എല്ലാ ബുധനാഴ്ചകളും വെള്ളിയാഴ്ചകളും മാംസവജ്ജനത്തിനുള്ള ദിവസങ്ങളാണു്. പഴയമുറയ്ക്കു ഉപവാസവും വേണ്ടതായിരുന്നു. മാതാവിന്റെ ദിവസമാണു് ബുധൻ.

ഉച്ചതിരിഞ്ഞു് റംശാ നമസ്കാരം കഴിഞ്ഞു് ഉപവാസവും മാംസവജ്ജനവും ആരംഭിക്കയും പിറ്റെദിവസം റംശാനമസ്കാരം കഴിയുമ്പോഴം അവസാനിക്കയും ആണു് വേണ്ടതു്. ഉപവാസദിവസങ്ങളിൽ അർദ്ധരാത്രിമുതൽ റംശാ നമസ്കാരം കഴിയുന്നതുവരെ യാതൊന്നും അനുഭവിക്കുവാനും വയ്യ. ഇപ്പോഴാകട്ടെ ഉപവാസമുള്ള ദിവസങ്ങളിൽ പ്രക്യേകാനുവാദത്തോടെ ഉച്ചയ്ക്കുമുമ്പു് റംശാ നമസ്കാരം നടത്തുന്നതിനാൽ ഉച്ചയോടെ ഉപവാസം അവസാനിക്കുന്നു. ഉദയംപേരൂർ സൂനഹദോസിനുമുമ്പു് നമ്മം ഉപവസിച്ചിരുന്നതു് മേൽപ്രസ്താവിച്ച രീതിയിലാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സൂനഹദോസിന്റെ ദൃഷ്ടിയിൽ അതു സ്വീകാര്യമല്ലാത്ത യഹൂദ മര്യാദയായികാണപ്പെട്ടു!

കാനോൻ ജപം

''ഹദ്രാ'' ''ഗസ്സാ'' ''കശ്ക്കോൽ'' എന്നിങ്ങനെ മൂന്നായിട്ടു കാനോൻജപം തരംതിരിയ്ക്കപ്പെടുന്നു. ഞായറാഴ്ചകളും ചില ഇടദിവസങ്ങളും തീയതിമാറി വരുന്ന തിരുനാളുകളുമുള്ളതാണു് ''ഹദ്രാ'' ''ഏദാ'' ''ദുകറാനാ'' എന്ന പേരുകളിൽ തീയതിമാറാതെവരുന്ന തിരുനാളുകൾക്കുള്ളതത്രേ ''ഗസ്സാ''. ''ശ്ഹീമ്മാ'' (സാധാരണ) ദിവസങ്ങൾക്കുള്ള ജപസഞ്ചയം ''കശ്ക്കോൽ'' എന്ന വിളിയ്ക്കപ്പെടുന്നു.

ഒരു ഞായറാഴ്ചയുടെ നമസ്ക്കാരവും ''കശ്ക്കോൽ'' ചുരുക്കിയതും കൂട്ടിയുണ്ടാക്കിയതാണ് ഇപ്പോഴം നമ്മളുപയോഗിയ്ക്കുന്ന ''ശഹീമ്മാ'' അഥവാ ആഴ്ചപ്പടി. ഇതു സംബന്ധിച്ചും, നമ്മുടെ ''പെരുനാളം നമസ്കാര'' ത്തെ സംബന്ധിച്ചും മുൻപു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. ഹദ്രാ, ഗസ്സാ മുതലായ നമസ്ക്കാരങ്ങളെപ്പറ്റിയുള്ള സൂചന ഉദയമ്പേരൂർ സൂനഹദോസിന്റെ നിയമങ്ങളിലുണ്ട്. ''ഹദ്രാ'' പഴയരീതിയിൽ എഴുതിയിട്ടുള്ള കയ്യെഴുത്തു പുസ്തകങ്ങളം ഇന്നും നമ്മുടെയിടയിൽ അപൂർവ്വമായി കാണുവാനുണ്ട്. സൂബാറാ, ദെനഹാ, സൌമ്മാ, പന്തക്കുസ്താ മുതലായ നാമങ്ങളം ലത്തീൻ പഞ്ചാംഗത്തിലുമുള്ളതുകൊണ്ട് ആ വത്സരവിഭാഗത്തിലുള്ള ഞായറാഴ്ചകളുംക്കും ചില ഇടദിവസങ്ങളുംക്കും ഹദ്രായിൽ കുറിച്ചിരുന്ന ജപങ്ങളും വലിയ വ്യത്യാസംകൂടാതെ ഉദയമ്പേരൂർ സൂനഹദോസിന്റെശേഷം നമ്മളും ഉപയോഗിച്ചിരുന്നു. ഗസ്സായിലെ നമസ്ക്കാരങ്ങളാകട്ടെ ലത്തീൻ പഞ്ചാംഗത്തിലെ തീയതികളുംക്കനുസരിച്ചു ക്രമപ്പെട്ടത്തപ്പെട്ടു. ഞായറാഴ്ചയും, ഏദായും, ദുക്റാനയും, അല്ലാത്ത ദിവസങ്ങളുംക്കായി ''കശ്ക്കോൽ'' മുൻപറഞ്ഞ പ്രകാരം ചുരുക്കപ്പെടുകയും ചെയ്തു. ചാവറയച്ചന്റെ കാലത്തിനു മുമ്പ് എഴുതപ്പെട്ടവയും ചാവറയച്ചൻ ക്രമപ്പെടുത്തുകയും ചെയ്ത കയ്യെഴുത്തു പുസ്തകങ്ങളം പരിശോധിച്ചാൽ ഈ സംഗതികളെല്ലാം വിശദമായി കാണുവാൻ കഴിയും. ''കദ്ദമ്മായ'' (ഒന്നാമത്തേതു) ''ഹറായാ'' (രണ്ടാമത്തേതു) എന്നിങ്ങനെ രണ്ടായിട്ടാണല്ലൊ നമ്മുടെ ''ആഴ്ചപ്പടി'' വിഭജിയ്ക്കപ്പെടുന്നതു.[13] ഇപ്പോഴം ''കദ്ദമ്മായാ'' എന്നോ ''ഹറായാ'' എന്നോ പറഞ്ഞാൽ നമ്മളം ഒരാഴ്ച മുഴവനും ആ വിധത്തിൽ മനസ്സിലാക്കുന്നു. എന്നാൽ പഴയ രീതിപ്രകാരം ''കദ്ദമ്മായ'' ആഴ്ചയിലെ ചില ദിവസങ്ങളം ''കദ്ദമ്മായാ''യും മറ്റുള്ളവ ''ഹറായാ''യും ''ഹറായാ'' ആഴ്ചയിൽ നേരെ മറിച്ചും

---

13. വെള്ളിയാഴ്ചയ്ക്ക് ''മെസ് ആയ്ത്താ'' (മദ്ധ്യം) എന്നൊരു വിഭാഗം കൂടിയുണ്ട്.

ആണ്. ദിവസങ്ങൾ തരംതിരിയ്ക്കപ്പെടുന്നതു്. നമ്മുടെ ''ആഴ്ചപ്പടി'' അഥവാ ''കശ്ക്കോൽ'' അച്ചടിയ്ക്കപ്പെടുന്നതിനുമുമ്പു് ഒരോ വത്സര വിഭാഗത്തിലും വരുന്ന ഞായറാഴ്ചകൾക്കും മറ്റു ചില ദിവസങ്ങൾക്കും അവയുടേ ക്രമമനുസരിച്ചു് പ്രത്യേകം പ്രത്യേകം സങ്കീർത്തനങ്ങളും മറ്റു ജപങ്ങളും വിധിയ്ക്കപ്പെട്ടിരുന്നു. ഇന്നാകട്ടെ ഇങ്ങനെയുള്ള നാനാത്വം ഇല്ലാതായി തീർന്നിരിയ്ക്കയാണു്.

ഓരോ ദിവസത്തെ നമസ്ക്കാരത്തിനും റംശാ, ലെലിയാ, സപ്രാ എന്നു് മൂന്നു വിഭാഗങ്ങളുണ്ടു്. നോമ്പുകാലത്തു റംശായോടുകൂടി ''സൂബാഅ്'' എന്ന വേറൊരു ഭാഗവും ജപിയ്ക്കേണ്ടതാണു്. നമ്മുടെ പഴയ കയ്യെഴുത്തു നമസ്ക്കാരങ്ങളിൽ ''സൂബാഅ്''യും കാണുന്നുണ്ടു്. ലെലിയായുടെ ഭാഗമായി ഞായറാഴ്ചകളിലും തിരുനാളുകളിലും ''കാലാദ്ശഹറാ'' ഉണ്ടായിരിയ്ക്കുണം.14 ''ക്രുത്താഅ്'' ''എട്ടാനാ'' എന്ന ഭാഗങ്ങൾ അപ്രധാനങ്ങളത്രേ.

എല്ലാവരും പള്ളിയിൽ ഒരുമിച്ചുകൂടിയാണു് കാനോൻ ജപം നടത്തുന്നതു്. മുകളിലുള്ള കൂട്ടം (ഗ്രുദാ എല്ലായാ) താഴെയുള്ള കൂട്ടം (ഗ്രുദാ തഹത്തായാ) എന്ന രണ്ടു ഭാഗമായി എല്ലാവരും മദ്ബഹായിലും ബേമ്മായിലും നില്ക്കുന്നു.15

---

14. ''മദ്രാശാ'' എന്ന സംഗീതം തിരുനാളുകളിലും ചില ഞായറാഴ്ചകളിലും ലെലിയായിൽ ആലപിയ്ക്കപ്പെടുന്നു. എല്ലാ ഞായറാഴ്ചകൾക്കും മദ്രാശയില്ല. നാമാകട്ടെ ഒരു ''മദ്രാശാ'' എല്ലാ ഞായറാഴ്ചയും ചൊല്ലിവരുന്നു. നമസ്ക്കാരം അടിപ്പിച്ചവർ അതു ചേത്തടിപ്പിയ്ക്കയാണു് ചെയ്തതു്.

15. കൊവേന്തകൾ സ്ഥാപിയ്ക്കപ്പെട്ടതോടെ നമ്മുടെയിടയിൽ എല്ലാവരുമൊരുമിച്ചു കാനോൻജപം നടത്തുന്ന പതിവു് പുനരുദ്ധരിയ്ക്കപ്പെട്ടു. എന്നാൽ ''കൈക്കസ്ത്രീ''യൊഴിച്ചു മറ്റുള്ളവയെല്ലാം ലത്തീൻകാരിൽനിന്നു സ്വീകരിച്ചുകൊണ്ടാണു് ഈ പുനരുദ്ധാരണം സാധിയ്ക്കപ്പെട്ടതു്. ലത്തീൻകാർ ഒരു സ്ഥലത്തുതന്നെ രണ്ടവശങ്ങളിലായി നിന്നുകൊണ്ടു ജപം നടത്തുന്നു. ഒരു വശത്തുള്ളവർ നില്ക്കുമ്പോൾ, മറ്റെവശത്തുള്ളവർ ഇരിയ്ക്കുന്നു. ചിലപ്പോൾ രണ്ടു കൂട്ടരും ഇരിയ്ക്കുകയും നില്ക്കുകയും ചെയ്യുന്നു. പ്രാർത്ഥ

ലെലിയായും സപ്രായും ഒരുമിച്ചു രാവിലെ ജപിയ്ക്കയാണു് പതിവു്. നമുക്കും അങ്ങനെതന്നെയായിരുന്നല്ലോ നടപ്പു്. കുർബാനയ്ക്കു മുമ്പു് അവ അവസാനിച്ചിരിയ്ക്കണം. റംശായുടെ സമയം ഉച്ചകഴിഞ്ഞാണു്.

കാനോൻ ജപത്തിന്റെ സമയത്തു് വൈദികരെല്ലാവരും പള്ളിയിൽ കൂടി അതു നടത്തണം. ജനങ്ങളും അതിൽ സംബന്ധിയ്ക്കാറുണ്ടു്. പള്ളിയിൽ കൂടി ജപിയ്ക്കുവാൻ വൈദികർക്കുള്ള കടമ ഘനമായതാണു്. തക്ക കാരണംനിമിത്തം കൂട്ടത്തിൽ ചേരുവാൻ സാധിയ്ക്കാതെ വന്നാൽ കാനോൻജപം തനിച്ചു നടത്തുവാൻ കടമില്ലെന്നാണു് പുരാതനമായ വയ്പു്. എന്നാൽ തനിച്ചു ജപിയ്ക്കുന്നവർ ഇപ്പോഴും ധാരാളമുണ്ടു്. തനിച്ചു ജപിച്ചുതുടങ്ങിയതോടെ കാനോൻ ജപത്തിലെ ഓരോ ഭാഗവും ഏതേതു സമയത്തിനുള്ളിൽ ജപിയ്ക്കണമെന്നുള്ളതിൽ അഭിപ്രായവ്യത്യാസവുമുണ്ടായി. കാനോൻ ജപത്തിന്റെ പ്രകൃതിയും സമയം കണക്കാക്കുന്ന രീതിയും നോക്കിക്കൊണ്ടു് കൽദായക്കാരായ ചില പണ്ഡിതന്മാർ താഴെ കാണുന്ന പ്രകാരം അഭിപ്രായപ്പെട്ട കേട്ടിട്ടുണ്ടു്. ''ഉച്ച മുതൽ അടുത്ത അർദ്ധരാത്രിവരെയുള്ള സമയത്തിനുള്ളിൽ റംശാ തീർന്നിരിയ്ക്കണം; 'റംശാ'യുടെ ശേഷം സൂര്യാസ്തമനം മുതൽ പിറേറദിവസം ഉച്ചവരെയുള്ള സമയത്തിനുള്ളിൽ 'ലെലിയാ' ജപിയ്ക്കാം; അർദ്ധരാത്രി മുതൽ പിറേറദിവസം ഉച്ചവരെയാണു് 'സപ്രാ'യ്ക്കുള്ള സമയം.''

നകം തുടങ്ങുവാനും മറവുമുള്ള വശം കുറിയ്ക്കുവാൻ ''കോരുസു്'' എന്നു് എഴുതിയ ഒരു പലകയോ മറേറാ ഉപയോഗപ്പെടുത്തുന്നു. ഇതുപോലെതന്നെയാണു് കൊവേന്തകളിൽ ചെയ്തുവരുന്നതു്. ''കോരുസു്'' എന്നതിനുപകരം ''ബസേലീക്കാ'' എന്നു് എഴുതിവച്ചിട്ടുണ്ടു്. ''മുകളിലുള്ള അഥവാ ഒന്നാമത്തെ കൂട്ടം'' ''താഴെയുള്ള അഥവാ മറേറ കൂട്ടം'' എന്ന വിഭാഗങ്ങൾക്കു പകരം കർമ്മവിവരണത്തിൽ ''ബസേലിക്കാകൂട്ടം'' (ഗ്രാദാ ബസേലീക്കെ) ''മറേറകൂട്ടം'' (ഗ്രാഹറേനാ) എന്നു ചിലേടത്തു മാറിയിട്ടുണ്ടു്. നമസ്ക്കാരസമയത്തുള്ള ആചാരങ്ങളെല്ലാം ലത്തീൻകാരായ കർമ്മെലീത്തരിൽനിന്നു സ്വീകരിച്ചിട്ടുള്ളവയത്രേ. നമ്മുടെ കന്യകാമഠങ്ങളിലും ഇവയുടെ അനുകരണം കാണാവുന്നതാണു്.

അർദ്ധരാത്രി മുതൽ അർദ്ധരാത്രിവരെയുള്ള 24 മണിക്കൂറു കളടങ്ങിയ ഒരു ദിവസത്തിൽ ചൊല്ലിത്തീർക്കേണ്ടതാണു് (Onus diei) കാനോൻ ജപമെന്നും, അർദ്ധരാത്രിയ്ക്കു മുമ്പു് 'റംശാ' ചൊല്ലുന്നതു ഏതോ പ്രത്യേകാനുവാദത്തോടെയാണെന്നും (Privilegium anticipationis) ഉള്ള ധാരണ ഇവിടെ കാണുന്നില്ല. ലത്തീൻ ആശയഗതിയനുസരിച്ചുള്ള ഈ ധാരണയും പഴയ ചില ധാരണകളും കൂടിയുള്ള സംഘട്ടനമാണു് നമ്മുടെയിടയിൽ ഈ വിഷയത്തിൽ പലേ അഭിപ്രായങ്ങൾക്കും കാരണമായിതീർന്നിട്ടുള്ളതു്. കാനോൻ ജപത്തിനുള്ള ദിവസമാരംഭിക്കുന്നതു് പഴയമുറയ്ക്കു 'റംശാ'യോടെയാണെന്നുള്ള വാസ്തവം പലരും വിസ്മരിയ്ക്കുന്നുണ്ടു്. പഴയ ധാരണയുള്ളവരാരും 'റംശാ' അർദ്ധരാത്രി കടത്തിവിടുകയില്ലെന്നാണു് കേൾക്കുന്നതു്. ഞായറാഴ്ചക്കടം നോമ്പു് ആദിയായവയ്ക്കു് അർദ്ധരാത്രി മുതൽ അർദ്ധരാത്രി വരെ ലത്തീൻ രീതിപ്രകാരം സമയം ക്രമപ്പെടുത്തിയ ഉദയമ്പേരൂർ സൂനഹദോസു കാനോൻ ജപത്തിനുള്ള സമയത്തെപ്പറ്റിയാതൊന്നും പ്രസ്താവിയ്ക്കുന്നില്ല.

പല പുസ്തകങ്ങളിലായി ചിതറിക്കിടന്നിരുന്ന കാനോൻ ജപങ്ങൾ ചുരുക്കി യഥാക്രമം ക്രോഡീകരിച്ചു് 1887—ൽ തിരുസിംഹാസനത്തിന്റെ അനുവാദത്തോടെ ബയ്യാൻ എന്ന വൈദികൻ ''പാരീസി''ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇതുതന്നെയാണു് 1938—ൽ കൽദായക്കാർക്കും നമുക്കുമായി പൌരസ്ത്യതിരുസംഘം പുതുതായി പ്രസിദ്ധീകരിച്ചിട്ടുള്ളതു്. കാനോൻജപം വൈദികക്കു തനിച്ചു ജപിയ്ക്കുവാനുള്ള സൌകര്യത്തിനുവേണ്ടിയാണു് ഇപ്രകാരം പുതുതായി പ്രസിദ്ധീകരിയ്ക്കുന്നതെന്നു് കാർഡിനൽ റിസറാറ്റു അവർകളും മുഖവുരയിൽ പ്രസ്താവിയ്ക്കുന്നുണ്ടു്. കാനോൻ ജപസഞ്ചയത്തിലെ ചില ഭാഗങ്ങളും തനിച്ചു് റോമായിലും മെസോപ്പോത്താമ്യയിലും അച്ചടിപ്പിച്ചിട്ടുള്ളതും കൽദായക്കാരുടെ കൈവശം കാണാവുന്നതാണു്. നെസ്തോറിയൻകാർ അംഗ്ലിയ്ക്കൻ മിഷ്യന്റെ സഹായത്തോടെ വിദേശത്തു ചില

ഭാഗങ്ങളും അച്ചടിപ്പിച്ചിട്ടുണ്ട്. ''ക്വ്ദം ഉബാസർ'' എന്നവിഭാഗം തൃശ്ശൂരുള്ള നെസ്റ്റോറിയൻകാർ 1940–ൽ അവിടെനിന്നും അച്ചടിച്ച പ്രസിദ്ധീകരിസ്സ്യയുണ്ടായി.

കാനോൻ ജപത്തിന്റെകൂടെ മരിച്ചവരുടെ ഒപ്പീസും എണ്ണപ്പെടുന്നു. കൽദായക്കാർ മൂസലിൽനിന്നു ഇതച്ചടിച്ചുവിട്ടിട്ടുണ്ട്. (1907) തൃശ്ശൂരുള്ള നെസ്റ്റോറിയൻകാർ ഇതിൽനിന്നു സംഗ്രഹിച്ചെടുത്ത ചിലഭാഗങ്ങളും 1937–ൽ അവരുടെ പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചു. നമ്മുടെ കൈവശമുള്ള 'ഒപ്പീസു' മിക്കവാറും പഴയതുതന്നെയാണു്. മൃതശരീരം കഴുകുമ്പോഴുള്ള ശുശ്രൂഷകളും (മൂന്നുമൌതപാ) വഴിക്കാലാകളും (മൃതശരീരം പള്ളിയിലേയ്ക്കു കൊണ്ടുപോകുമ്പോളും ചൊല്ലുന്നവ) സംസ്ക്കാര ശുശ്രൂഷ, സംസ്ക്കാരം കഴിഞ്ഞു് രണ്ടു ദിവസത്തേക്കു് കബറിങ്കൽ ശുശ്രൂഷ, ഇങ്ങനെയാണു് കൽദായക്കാരുടെ ഒപ്പീസിന്റെ ക്രമം. പുരുഷന്മാക്കും, സ്ത്രീകളുക്കും, ആൺകുട്ടികളുക്കും, പെൺകുട്ടികളുക്കും വിവിധ പദവികളിൽപെട്ട വൈദികക്കും പ്രത്യേകം പ്രത്യേകം ശുശ്രൂഷകളുണ്ടു്. നമ്മുടെ ശുശ്രൂഷകളും ശരിയായ ക്രമത്തിലല്ലല്ലോ കിടക്കുന്നതു്.

കുർബാന, സംഗീതം, തിരുവസ്ത്രങ്ങൾ ആദിയായവ

കൽദായരീത്തിൽ മൂന്നു കുർബാനകളുണ്ടു്. അവയിൽ ഒന്നാമത്തേതു് അഥവാ ശ്ലീഹന്മാരുടേതു് എന്നറിയപ്പെടുന്ന കുർബാന മാത്രമേ ഇപ്പോൾ നമ്മുടെ കൈവശമുള്ളു.

ഒന്നാമത്തെ കുർബാന ദുഃഖശനിയാഴ്ച മുതൽ ആഗമനകാലം (സൂബാറാ) വരെയും, മരിച്ചവരുടെ ഓർമ്മകൊണ്ടാടുന്ന ദിവസങ്ങളിലും, 'ഉകറാന' എന്നുപേരുള്ള തിരുനാളുകളിലും, സാധാരണ (ശ്ഹിമ്മാ) ദിവസങ്ങളിലും ഉപയോഗിക്കപ്പെടുന്നു. കൂദാശാവാക്യങ്ങളും അവയ്ക്കു മുമ്പുള്ള ഭാഗങ്ങളും ലത്തീൻ രീതിയെ അടിസ്ഥാ

നമാക്കി ഇടക്കാലത്തു ഈ കുർബാനയിൽ എഴുതിച്ചേർക്കപ്പെട്ട.

ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച മുതൽ ഓശാന ഞായറാഴ്ചവരെയുള്ള കാലാവധിയാണ് രണ്ടാമത്തെ കുർബാനയുടേതു്. തീയദോറിന്റെ നാമത്തോടു നെസ്റ്റോറിയൻകാർ ഈ കുർബാനയെ ഘടിപ്പിക്കാറുണ്ടെങ്കിലും ഇതിന്റെ മൂലം ഏതോ ഒരു ഗ്രീക്കുകുർബാനയാണെന്നു (വി. ക്രിസോസ്റ്റോമോസിന്റെ) (?) പണ്ഡിതന്മാർ പറയുന്നു.

ദെനഹാ, യോഹന്നാൻ മാംദാനയുടെ തിരുനാൾ, ഗ്രീക്കുമല്പാന്മാരുടെ ഓർമ്മദിവസം, മൂന്നുനോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ചു ദിവസങ്ങൾ മാത്രമാണ് മൂന്നാമത്തെ കുർബാനയുപയോഗിക്കേണ്ട ദിവസങ്ങൾ. നെസ്റ്റോറീസിന്റെ കുർബാനയെന്നു നെസ്റ്റോറിയൻകാർ ഇതിനെ വിളിക്കാറുണ്ടെങ്കിലും വി. ബസേലീസിന്റെ ഗ്രീക്കു കുർബാനയാണത്രേ ഇതിന്റെ മൂലം (?) 15.

മൂന്നു കുർബാനകളുടേയും ആരംഭവും അവസാനവും പൊതുവേയുള്ള പ്രകൃതിയും ഒന്നുതന്നെയാണെങ്കിലും, ''ലഫ്ഗൽനെഹവോൻ'' എന്നതിനോടടുത്തുള്ള ഭാഗം

---

15. ബർസെമ്മോ, തീയദോർ എന്നിവരുടെ നാമത്തിൽ മുമ്പുണ്ടായിരുന്നെന്നു ചിലർ പറയുന്ന കുർബാനകളും ഇപ്പോൾ നെസ്റ്റോറിയൻകാരുടെ കൈവശംപോലുമില്ലാത്തതിനാൽ അവയെപ്പറ്റി യാതൊന്നും പ്രസ്താവിക്കുന്നില്ല. നർസെ ഒരു കുർബാന രചിച്ചെന്നു പറയുന്നതു പൊതുവെ സ്വീകാര്യമായി കരുതപ്പെട്ടുന്നില്ല. കാരണം, കുർബാന രചിക്കുക മേല്പട്ടക്കാരുടെ മാത്രം അവകാശമായിരുന്നു. ''മറിയാ അലാഹാ ഹൈൽസാനാസയ്യാഹെ'' എന്നു നമ്മുടെ കുർബാനയിലുള്ള പ്രാർത്ഥന നർസെയുടെ ആണെന്നു പറയുന്നവരുണ്ട്. Cf. Narsai Doctoris Syri Homilia et Carmina. D. Alphonsus Mingana, Mossul, 1905 Vol. 1. pp. 14, 15. മാർ ആബായും (540–552) അദ്ദേഹത്തിന്റെ ഗുരുതോമ്മായുംകൂടി നെസ്റ്റോറീസിന്റെ ഒരു കുർബാന ഗ്രീക്കിൽനിന്നു സുറിയാനിയിലാക്കിയെന്നു ഡോ. റൈറ്റ് (Dr. Wright) പറയുന്നു. (A short History of Syriac Literature p. 117).

മുതൽ ''നേസേമാർ'' ഉംപ്പെടെയുള്ള പ്രാത്ഥനകളും മിക്കതും വ്യത്യസ്തങ്ങളാണു്. കൂദാശാവാക്യങ്ങളും അത്ഥത്തിൽ യോജിക്കുന്നുണ്ടെങ്കിലും പദപ്രയോഗത്തിൽ വിഭിന്നങ്ങളാകുന്നു. ''ലു് ഏൽ ബമ്റൌമ്മെ എല്ലായെ'' എന്നിങ്ങനെ ''ലു് ഏൽനെഹാവോനു്'' പകരം നമ്മിൽ ചിലർ പാട്ടുകുർബാനയിൽ ചിലപ്പോളും പാട്ടുന്ന ഭാഗം രണ്ടാമത്തേയും മൂന്നാമത്തേയും കുർബാനയിലുള്ളതത്രേ.

രണ്ടാമത്തേയും മൂന്നാമത്തേയും കുർബാനകളും ഉദയമ്പേത്രുർ സൂനഹദോസു നമ്മുടെയിടയിൽനിന്നു മാറ്റിക്കളഞ്ഞു. തീയദോറിനേറയും ദിയദോറിനേറയും നാമങ്ങളിലോ, തീയദോറിനേറയും നെസ്റോറിസിനേറയും നാമങ്ങളിലോ അവ അറിയപ്പെട്ടിരുന്നു. എന്നതാണു് അങ്ങനെ ചെയ്യുവാനുള്ള കാരണം. എങ്കിലും മേൽപ്രസ്താവിച്ച ''ലു് ഏൽ ബമ്റൊമ്മെ എല്ലായെ'' എന്ന ഭാഗം അവയുടെ അവശേഷമായി ഇന്നും നമ്മളം വച്ചുസൂക്ഷിക്കുന്നു. അവയുടെ വേറെ ചില ഭാഗങ്ങളും ചില പഴയ കയ്യെഴുത്തുപുസ്തകങ്ങളിൽ ഇപ്പോഴും നമ്മുടെയിടയിൽ കാണുവാനുണ്ടു്. ആണ്ടുവട്ടത്തിലുള്ള പ്രധാന തിരുനാളുകൾക്കു യോജിച്ച പ്രത്യേക ജപങ്ങളും (Proprium) കുർബാനയിലും കാനോൻജപത്തിലും കൽദായക്കാർ ചൊല്ലിവരുന്നു.

മൂന്നു കുർബാനകളിൽ ഒന്നാമത്തേതാണല്ലോ ഇപ്പോൾ നമ്മുടെ കൈവശമുള്ളതു്. നമ്മുടേതും കൽദായക്കാരുപയോഗിക്കുന്നതും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളും ഇവിടെ കുറിക്കുന്നു;— കുർബാനയുടെ ആരംഭത്തിലുള്ള സങ്കീർത്തനങ്ങളും ഇടയ്ക്കുള്ള ''അശ്വാലൻ'' പോലെയുള്ള ചില പ്രാത്ഥനകളും ഓരോ ദിവസത്തിനു യോജിച്ചവിധത്തിൽ കൽദായക്കാർ മാറ്റിചൊല്ലുന്നു. അവർക്കു ''പുക്കുദാനകോൻ'' ഇല്ല. ഒറ്റകുർബാനയ്ക്കു ധൂപക്കുറ്റി വേണ്ടാ. ''ലാകുമാറാ'' ചൊല്ലുന്ന നേരത്തു വീഞ്ഞും വെള്ളവും കാസായിൽ ഒഴിക്കുന്നു. ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നാണു് ഏവൻഗലിയോൻ വായിക്കുന്നതു്. അതിനുമുമ്പുള്ള ശ്ലാമ്മാ തകുസാകൊണ്ടതന്നെ

കൊടുക്കാറുണ്ട്. ''ന്ന്ക്ലംശപ്പീർ,'' ''ബ്ബാവൂസാ'' എന്നീ പ്രാർത്ഥനകളും റാസായിൽ മാത്രമേ ചൊല്ലുകയുള്ളൂ. അപ്പോൾ ''ന്ന്സല്ലെ'' എന്ന വലിയ പ്രാർത്ഥനയും ചൊല്ലണം. കൈകഴുകിക്കഴിഞ്ഞാണ് കാഴ്ചവയ്പ്. നമ്മൾ റാസയിൽ ''മഹയിമ്നീനൻ'' ചൊല്ലുന്ന സമയത്തും സ്ഥാനത്തുമാണ് കൽദായക്കാർ എല്ലാ കുർബാനയിലും അതു ചൊല്ലുന്നത്. നാലഞ്ചു സ്ഥലത്തു വാക്കുകളിൽ അവരുടെ ''മ്ഹയിമ്നിനൻ'' നമ്മുടേതിനോട് യോജിക്കുന്നില്ല. നമ്മുടേതു ലത്തീന്റെ പരിഭാഷയാണല്ലോ ''മ്ഹയിമ്നീനൻ'' ചൊല്ലുമ്പോഴല്ലാ അവർ മൂന്നു കുനിയുന്നതു്. 'മൈദേനാ' ഒരു പ്രാവശ്യമേ ചൊല്ലുകയുള്ളൂ. അപ്പോൾ മദ്ബഹായിൽ പല പ്രാവശ്യം മുത്തുന്നില്ല. ''മെദേനാ''യുടെ സ്ഥലം കൂദാശ കഴിഞ്ഞാണ്. ''ഏൻമാറൻ'' ചൊല്ലി മുത്തേണ്ടതു പീഠത്തിന്റെ ഇരുകോണുകളുമാണ്. വലിയ നോമ്പിൽ ഓശാനഞായറാഴ്ച വരെ ''ഓശാന'' എന്ന പദം കുർബാനയിൽ ഉച്ചരിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ റാസയിൽ കൂദാശചെയ്യുന്ന സ്ഥാനം മുമ്പോട്ടുമാറി ''നേസെമാർ'' എന്ന പ്രാർത്ഥനയ്ക്കു കുറെ മുമ്പുവച്ചാൽ നമ്മുടെ കുർബാനയും അവരുടേതും തമ്മിൽ മിക്കവാറും യോജിക്കുന്നതാണ്. കൂദാശവാക്കുകളും മിക്കവാറും നമ്മുടേതുതന്നെ. അവയ്ക്കുമുമ്പുള്ള ഭാഗം കുറെ വ്യത്യസ്തമാണ്. കൂദാശവാക്കുകൾ ഉച്ചരിക്കുമ്പോൾ അപ്പം പീലാസായോടെ എടുക്കുന്നതല്ലാതെ കയ്യിൽ തനിച്ച് എടുത്തുപിടിക്കുന്നില്ല. കൂദാശവാക്കുകളും ഉയർന്ന സ്വരത്തിൽ ഉച്ചരിക്കുന്നു. ഉടൻ മുട്ടുകുത്താതെ അരകുനിഞ്ഞു് ആരാധിക്കുകയാണ് ചെയ്യുന്നതു്. കൂദാശകഴിഞ്ഞുടനെ തിരുശ്ശരീരരക്തങ്ങൾ ഉയർത്തുന്നില്ല. കുറെകഴിഞ്ഞു് (നമ്മുടെ ''ബറേക്മാർ'' കഴിഞ്ഞു്) തിരുശ്ശരീരം ഉയർത്തി വിഭാഗവും കാസായിൽ മുക്കി റുശ്മായും നടത്തിയശേഷമേ തിരുരക്തം ഉയർത്തുന്നുള്ളൂ. തിരുശ്ശരീരരക്തങ്ങൾ ഉയർത്തുന്നതോടെ അവയെ ചുംബിക്കുന്ന ഭാവത്തിൽ കാമ്മികൻ ആരാധന നടത്തുന്നു. പിഴയിടിക്കുമ്പോൾ തിരുശ്ശരീരം കാസായുടെ മുകളിൽ പിടിച്ച് രണ്ടും ജനങ്ങളെ കാണിക്കുന്നു. കുർബാ

നയുടെ ചില ഘട്ടങ്ങളിൽ മദ്ബഹായുടെ മുമ്പിലുള്ള തിരുശ്ശീല ഇടുകയും മറ്റു ചില ഘട്ടങ്ങളിൽ അതു നീക്കുകയും ചെയ്യേണ്ടതാണു്. നമ്മുടെ തിരുശ്ശീലയാകട്ടെ ഉപയോഗമില്ലാതെ കിടക്കുന്നു. പ്രാർത്ഥനകളുടെ സ്ഥാനക്രമത്തിലും ചില പദങ്ങളിലും വ്യത്യാസം കാണുന്നുണ്ടു്. ചില പ്രാർത്ഥനകളും വ്യത്യസ്തങ്ങളാണു്.

റാസയിലുള്ള പന്ത്രണ്ടു ''കുമ്പിടൽ'' ഇപ്പോഴും കൽദായക്കാക്കില്ല. നമ്മുടെയിടയിൽ ''അഞ്ചാം പട്ടക്കാരനും'' ''ആറാം പട്ടക്കാരനും'' കുരിശ്ശും തകിടുസായും പിടിച്ചുകൊണ്ടു നടത്തുന്ന പാട്ടുകളും കൽദായക്കാരുടെ റാസയിൽ ഇല്ലാതായി വരുകയാണു്. ''ഓദമു് ഹൈമു് നീൻ'' ''ഓദേസനമ്മൻ'' എന്ന ഗാനങ്ങളും ചില സ്ഥലങ്ങളിൽ മാത്രമേ പാടാറുള്ളൂ. ''ഈങ്ങ''യിക്കു പകരം ''ഏയാ'' എന്നും ഉണ്ടു്.

റാസയും ഒറക്കുർബാനയുമല്ലാതെ മറ്റുതരത്തിലുള്ള പാട്ടുകുർബാനകളും കൽദായക്കാക്കില്ല, റാസയിൽ സംഗീതമയത്തോടെ പ്രാർത്ഥനകളും ചൊല്ലുകയും ചില ഭാഗങ്ങളും ഉയർന്നസ്വരത്തിൽ പാടുകയും ചെയ്യുന്നു. മെത്രാനാണു് റാസ ചൊല്ലുന്നതെങ്കിൽ നമ്മുടെ കാപ്പക്കാരുടെ സ്ഥാനത്തു് അക്കദിയാക്കോനും വേറൊരാളും ഉണ്ടാകും. സാധാരണ പട്ടക്കാരുടെ റാസയ്ക്കു് നമ്മുടെ കാപ്പക്കാരുടെ സ്ഥാനത്തു് ഒരാളും മാത്രമേ കാണുകയുള്ളൂ. ഇതിനും പുറമെ രണ്ടു വായനക്കാർക്കൂടി (കാറോയെ) ശമ്മാശന്മാരായി ഉണ്ടാകണം. അവക്കു് ആറാംപട്ടമോ അഞ്ചാം പട്ടമോ വേണമെന്നില്ല. (?) കാറോയാപ്പട്ടം (നാലാം പട്ടം) മാത്രമേ ആവശ്യമുള്ളൂ (?) ലത്തീൻരീതിപ്രകാരമാണു് അവരിലൊരാളും ആറാംപട്ടമെങ്കിലുമുള്ളവനായിരിക്കണമെന്നു നമ്മളും കരുതുന്നതു്. നമ്മുടെ കാപ്പക്കാരുടെ സ്ഥാനത്തുനില്ക്കുന്ന പട്ടക്കാരൻ ''ആറാം പട്ടക്കാരന്റെ ഉദ്യോഗം നടത്തുന്നതുകൊണ്ടു് പ്രത്യേകം ''ആറാം പട്ടക്കാരൻ'' അവക്കു വേണമെന്നു തോന്നുന്നില്ല.

റാസ, ഞായറാഴ്ചകളിലും ''ഏദാ'' ദിവസങ്ങളിലും ചൊല്ലുന്ന കുർബാന എന്നിതുകളിൽ നമ്മുടെ റാസ

യിലെപ്പോലെ വേദപുസ്തകത്തിൽനിന്നു മൂന്നു വായന കളും വായിക്കുന്നു (കെറിയാറാ, ശ്ലീഹാ, ഏവൻഗലി യോൻ) ഏവൻഗലിയോൻ വായിക്കേണ്ടതു കാമ്മികൻ തന്നെയാണു്. റാസയിൽ നമുക്കും അങ്ങനെതന്നെയാ ണല്ലോ.

കുർബാനയിലും മറ്റു ശ്രൂശ്രൂഷകളിലും ജനങ്ങളും പങ്കെടുക്കുന്നുണ്ടു്. വൈദികശ്രൂശ്രൂഷകളിൽ വേദപുസ്തക വായനയ്ക്കു മാത്രമേ അറബിഭാഷ (നാട്ടുഭാഷ) ഉപയോ ഗിക്കാറുള്ളു. മറ്റുള്ളവയെല്ലാം സുറിയാനിയിൽതന്നെ യാണു് നടത്തുന്നതു്. സുറിയാനിഭാഷയുപയോഗിച്ചു കൊണ്ടു് അവയിൽ സഹകരിക്കുവാൻ പരിശീലനം സിദ്ധിച്ചിട്ടുള്ളവരാണു് അൽമായർ. മദ്ബഹായുടെ അ കത്തു രണ്ടു ഭാഗമായി പട്ടക്കാരും ശമ്മാശന്മാരും നിൽ ക്കുന്നു. വെള്ളയങ്കി ധരിച്ചു കുട്ടികളും ഇവിടെ സ്ഥാ നമുണ്ടു് (ഗ്രദാഎല്ലായാ). മദ്ബഹായ്ക്കു താഴെയുള്ള കസ്രോമ്മാ അഥവാ ബേമ്മായിൽ ശമ്മാശന്മാരും ചില പ്പോഴും അൽമായരും നിന്നു പാടുന്നു (ഗ്രദാതഹത്തായാ). കുർബാനയിലേയും മറ്റു ശ്രൂശ്രൂഷകളിലേയും പാട്ടിന്റെ രീതി നമ്മുടെ പഴയ രീതി തന്നെയാണു്. താളം കുറി ക്കുവാൻ കൈമണിപോലെയുള്ള ഉപകരണങ്ങളല്ലാതെ പള്ളികളിൽ വേറെ സംഗീതസാമഗ്രികളൊന്നുമില്ല.

കുർബാനയ്ക്കും മറ്റും ഉപയോഗിക്കുന്ന തിരുവസ്ത്ര ങ്ങളും അന്തിയോക്കിയൻ രീത്തിലെ വസ്ത്രങ്ങളോടു തുല്യ ങ്ങളാണു്. പുരാതനകാലങ്ങളിൽ രണ്ടുതരം കാപ്പയുണ്ടാ യിരുന്നു. ഒന്നിന്റെ ആകൃതി അന്തിയോക്കിയൻ രീത്തി ലേ കാപ്പയുടേതുതന്നെ, മറേതു ചതുരാകൃതിയുള്ളതും മദ്ധ്യത്തിലും നാലുകോണുകളിലും കുരിശുകളുള്ളതുമാണു്. ചില പ്രത്യേക ശ്രൂശ്രൂഷകളിലും ചില ദിവസങ്ങളിൽ കുർബാനയുടെ ചിലഘട്ടങ്ങളിലും നെസ്തോറിയൻകാർ ഈ കാപ്പ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടു്. കുർബാന ചൊല്ലുന്നയാൾ മാത്രമേ കാപ്പധരിക്കയുള്ളു. കൂടുന്നവർ വെള്ളയങ്കിയും (കൊത്തീനാ) ഇടക്കെട്ടും, ഊറാറയും മാ ത്രംധരിക്കുന്നു. കുർബാനസമയത്തും മറ്റും ആശീർവ്വദിക്കു

വാൻ അറത്തു വെളുത്തതോ ചുവന്നതോ ആയ പട്ടുവസ്ത്രം തുക്കിയിട്ടുള്ള കൈക്കുരിശു മെത്രാന്മാർക്കുണ്ട്.

തലമുണ്ട്, വെള്ളയങ്കി മുതലായി ലത്തീൻകാർക്കുള്ള എല്ലാത്തരം വസ്ത്രങ്ങളും കൽദായക്കാർക്കുമുണ്ട്. വെള്ളയങ്കിയുടെ പുറത്തു ചിലപ്പോൾ നാലഞ്ചു കുരിശുകളും കാണും. ആറാം പട്ടക്കാരനേറെതിനു രണ്ടു കുരിശുമാത്രമേ ഉണ്ടായിരിക്കയുള്ളു. ഇടക്കെട്ടു വീതികൂടിയതാണ്. കയ്യുറാറ അന്തിയോക്കിയൻ റീത്തിലേപ്പോലെ രണ്ടുകൈയ്യുമുണ്ട്: ഉറപോലെയാണ് അവയുടെ ആകൃതി. നെടിയ ഊറാറയും അന്തിയോക്കിയൻ റീത്തുകാരുടേതുപോലെയുള്ളതത്രേ. അതിന്റെ മുകളംവശത്തു തലകടത്തുവാനുള്ള ദ്വാരമുണ്ട്. കഴുത്തുമുതൽ കീഴോട്ടുള്ളഭാഗം ഒന്നായി കൂട്ടിതൈച്ചിരിക്കയാണ്. ആറാം പട്ടക്കാരന്റെ ഊറാറ ഇടത്തേ തോളിൽ തുങ്ങിക്കിടക്കയാണ് വേണ്ടതു്. അതിന്റെ പുറമെ ചിലപ്പോൾ ഇടക്കെട്ടുമുണ്ടായിരിക്കും. ചെറിയ പട്ടക്കാർക്കും വെള്ളയങ്കിയും ഊറാറയുമുണ്ട്. ഇപ്പോൾ അഞ്ചാംപട്ടം മുതൽ മാത്രമേ കൽദായക്കാരുടെയിടയിൽ ഊറാറയുള്ളു. ''അഞ്ചാംപട്ടക്കാരു''ടെ ഊറാറ കഴുത്തിൽ ചുറ്റി രണ്ടറ്റവും മുൻവശത്തും പിൻവശത്തും തുങ്ങിക്കിടക്കത്തവണ്ണമത്രേ ധരിക്കേണ്ടതു്. എന്നാൽ ഇവയിലെല്ലാം വ്യത്യാസങ്ങളും ഐകരൂപ്യക്കുറവും ധാരാളമുണ്ട്. ലത്തീൻമയം കുറെയെല്ലാം കടന്നുകൂടിയിട്ടുമുണ്ട്. തിരുവസ്ത്രങ്ങളുടെ നിറവ്യത്യാസം സംബന്ധിച്ചു നിഷ്ക്കർഷയില്ല. മദ്ബഹായിൽ ശുശ്രൂഷചെയ്യുന്ന അൽമായർക്കു വെള്ളയങ്കി നിർബന്ധമാണ്. വീതിയുള്ള ഇടക്കെട്ടും അതോടുകൂടി കാണാറുണ്ട്. പഴയകാലങ്ങളിൽ കുർബാനസമയത്തുപയോഗിക്കേണ്ടതിനു പ്രത്യേക ചെരിപ്പുകളും വസ്ത്രങ്ങളും ഉണ്ടായിരുന്നു. അവ ചമയപ്പുരയിലാണ് സൂക്ഷിച്ചിരുന്നതു്. കുർബാനസമയത്തു പട്ടക്കാർ തൊപ്പിയോ മറ്റു ശിരോവസ്ത്രമോ ഉപയോഗിക്കുന്നില്ല. തിരുവസ്ത്രങ്ങൾ ധരിക്കേണ്ടതു മദ്ബഹായിൽവച്ചാണെങ്കിലും ഇപ്പോൾ അതിൽ വ്യത്യാസം വന്നിട്ടുണ്ട്. പഴയകാലങ്ങളിൽ കാസായും പീലാസായും ചമയമുറിയി

ലേയ്ക്ക കൊണ്ടുപോകുകയോ അവിടെനിന്നു മദ്ബഹായിലേയ്ക്ക കൊണ്ടുവരുകയോ ചെയ്തിരുന്നില്ല. മദ്ബഹായിൽതന്നെ അവയ്ക്ക സ്ഥലമുണ്ടായിരുന്നു. കർബാനത്തക്സായും മറ്റുപകരണങ്ങളും മദ്ബഹായിൽ തന്നേയാണ് സൂക്ഷിക്കേണ്ടിയിരുന്നതു്.

പീലാസായുടെ വക്ക് ചിലപ്പോൾ കുറെ പൊങ്ങിയിരിക്കുമെന്നല്ലാതെ പ്രത്യേകമൊന്നും അതു സംബന്ധിച്ചു പറയുവാനില്ല. മുൻകാലങ്ങളിൽ പീലാസായ്ക്ക ചുവട്ടണ്ടായിരുന്നെന്നും തോന്നുന്നു. കാസായും പീലാസായും ഓരോ ''മ്ക്കബ്ലാനാ''കൊണ്ടു കർബാന സമയത്തു മൂടേണ്ടതാണ്. കാസായ്ക്ക ചുറ്റും മണികളുണ്ടായിരുന്നോ എന്നു നിശ്ചയമില്ല. സക്രാരി, കുസ്ലോദി മുതലായവ ലത്തീൻമുറയ്ക്ക ഇപ്പോൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. കർബാനയിൽ പുളിച്ചയപ്പം ഉപയോഗിക്കുന്നു. ഇപ്പോൾ കട്ടികുറച്ച് അപ്പം ചുടാറുണ്ട്.

കുർബാന ചൊല്ലുന്നവരും സ്വീകരിക്കുന്നവരും അർദ്ധരാത്രി മുതൽ യാതൊന്നും അനുഭവിക്കരുതു്. പിറവി, ഉയർപ്പ് മുതലായ ചില വിശേഷ ദിവസങ്ങളിൽ (തലേദിവസം) ഉച്ചകഴിഞ്ഞു് റംശാ നമസ്കാരത്തിൻറശേഷമാണ് കർബാന. എന്നാൽ ആ സമയംവരെ ഉപവസിക്കുക വിഷമമാകയാൽ പ്രസ്തുത ദിവസങ്ങളിൽ പ്രത്യേകാനുവാദത്തോടെ റംശാ നമസ്കാരം ഉച്ചയ്ക്ക മുമ്പു തീർക്കുകയും തുടർന്നു കുർബാന തുടങ്ങുകയും ഉച്ചയോടെ എല്ലാം അവസാനിപ്പിക്കുകയും ആണ് ഇപ്പോൾ ചെയ്തുവരുന്നതു്.

ക്ലദാശകം

ക്ലദാശകം ശുശ്രൂഷിക്കുന്ന രീതി മിക്കവാറും കുർബാനയിലെ രീതിപോലെയാണ്. കുർബാന തുടങ്ങിയവസാനിക്കുന്നതുപോലെ ക്ലദാശാശുശ്രൂഷകം തുടങ്ങിയവസാനിക്കുന്നു.

''ഇന്നവൻ മുക്കപ്പെടുന്നു (ആമേട്, ആമട്)'' എന്നാണ് മുൻകാലങ്ങളിൽ മാമ്മോദീസാ നൽകിയിരുന്ന

പ്പോഴും ചൊല്ലിയിരുന്നതു്. എന്നാൽ 16 ''ഞാൻ മുക്കുന്നു'' എന്നു് ഇപ്പോഴും അവ മാററിയിട്ടുണ്ടു്. വിശ്വാസപ്രമാണം, പിശാചിനെ ഉപേക്ഷിക്കുക ആദിയായ ചില ക്രമങ്ങളും ലത്തീനിൽനിന്നു് ഇപ്പോഴും സ്വീകരിച്ചിട്ടുണ്ടു്.

മാമ്മോദീസായോടുകൂടി മുമ്പിലത്തെ ഒപ്പുശ്മാനൽകപ്പെടുക നിമിത്തം സാധാരണ പട്ടക്കാരൻതന്നേയാണു് അതിന്റെ കാമ്മികൻ. അതിനുള്ള വാക്കുകളും (forma) ലത്തീനിൽനിന്നു തർജ്ജമ ചെയ്തുവയാണു്.

അൽമായക്കാർ അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമേ ഇപ്പോഴും കുർബാന സ്വീകരിക്കുന്നുള്ളു. പെസഹാ വ്യാഴാഴ്ച കുർബാന ചൊല്ലാത്ത പട്ടക്കാരും ''ആറാം പട്ട''മേല്ലുന്ന ദിവസം ''ആറാംപട്ടക്കാരും'' ഇരു സാദൃശ്യങ്ങളിലും കുർബാന സ്വീകരിക്കുന്നു.

കുമ്പസാരത്തിന്റെ ശ്രുശ്രൂഷ ലത്തീനിൽനിന്നുള്ള പരിഭാഷയാണു്. ഇപ്പോഴും കുമ്പസാരക്കുട്ടമുണ്ടു്.

ഒടുവിലത്തെ ഒപ്പുശ്മായിൽ വായു്, കണ്ണു്, ചെവി, മൂക്കു്, കയ്യു് ഇവ പൂശപ്പെടുന്നു. ചില സ്ഥലങ്ങളിൽ ലത്തീൻ ക്രമത്തിന്റെ പരിഭാഷ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടത്രേ.

പട്ടം പഴയരീതിയിൽതന്നെ നൽകപ്പെടുന്നു. ഇടക്കാലത്തുപയോഗിച്ചിരുന്ന ലത്തീൻ പൊന്തിഫിക്കളിന്റെ പരിഭാഷ ഇപ്പോഴും പരിത്യജിക്കപ്പെട്ടിരിക്കയാണു്. 17 കാറോയാ (നാലാം പട്ടം), ഹെവുപ്പദ്യാക്കുനാ (അഞ്ചാംപട്ടം), ദിയാക്കോനാ (ആറാംപട്ടം 'ശമ്മാശു്'' എന്നും പറയും) കുർബാനപ്പട്ടം, മെത്രാൻപട്ടം ഇത്രയും പട്ടങ്ങളാണു് കൽദായ റീത്തിലുള്ളതു്. കൈവച്ചു്

---

16. ഇതാണു് ഗ്രീക്കുകാരുടെ രീതി എന്നു ഉദയമ്പേരൂർ സൂനഹദോസു് പ്രസ്താവിക്കുന്നതു്.

17. കൽദായ റീത്തിലെ പുസ്തകങ്ങളും അച്ചടിക്കപ്പെടാതിരുന്ന കാലത്തു അപൂർണ്ണങ്ങളായും ക്രമമില്ലാതെയും ശ്രുശ്രൂഷകളും അങ്ങുമിങ്ങും ചിതറിക്കിടന്നിരുന്നു. പുരാതനങ്ങളായ ചില ശ്രുശ്രൂ

(materia) പ്രത്യേക പ്രാർത്ഥനകളും (forma) ചൊല്ലുന്നതിൽ മാത്രം പട്ടത്തിന്റെ സാരാംശം അടങ്ങിയിരിക്കുന്നു. എല്ലാ പട്ടത്തിനും കൈവയ്പും പ്രാർത്ഥനയുമുണ്ട്. ഓരോ പട്ടത്തിനുമുള്ള തിരുവസ്ത്രങ്ങളും അതോടുകൂടി നൽകപ്പെടുന്നു. ചില പട്ടങ്ങളും നൽകപ്പെടുന്നതിനുമുമ്പ് മുടിവെട്ടാറുണ്ടെങ്കിലും റീത്തുപ്രകാരം പട്ടം വടിക്കണമെന്നില്ല. കുർബാനപ്പട്ടമുൾപ്പെടെയുള്ള എല്ലാ പട്ടങ്ങളും സ്വീകരിച്ചുകൊള്ളാമെന്നുള്ള മനഃസ്ഥിതിയുള്ളവർക്കു മാത്രമേ ആദ്യപട്ടം കൊടുക്കുവാൻ പാടുള്ളൂ എന്നു നിയമമില്ല. എന്നും ശമ്മാശന്മാരായി ജീവിച്ചുകൊള്ളാമെന്നുള്ള നിശ്ചയത്തോടെ പട്ടമേല്ക്കുന്നവരുമുണ്ട്. ഇങ്ങനെയുള്ളവർ കുടുംബജീവിതം നയിക്കുകയും അവർ സ്വീകരിച്ചിട്ടുള്ള പട്ടത്തിനു സ്വന്തമായ വൈദികശുശ്രൂഷകളും നടത്തുകയും ചെയ്യുന്നു. ശുശ്രൂഷകളുടെസമയത്തു മാത്രമേ അവർ വൈദികവസ്ത്രം ധരിക്കാറുള്ളൂ. മറ്റു സമയങ്ങളിൽ അൽമായവേഷത്തിൽ നടക്കുന്നതിനു വിരോധമില്ല.

ഒത്തുകല്യാണം, വിവാഹസമ്മതം, കിരീടധാരണം എന്ന മൂന്നു ഭാഗങ്ങളാണ് വിവാഹശുശ്രൂഷയിൽ പ്രധാന്യമർഹിക്കുന്നവ. സ്ത്രീയുടെ വീട്ടിൽവച്ച് പട്ടക്കാരന്റെ മുമ്പിൽ ഭാവി ദമ്പതിമാരുടെ പിതാക്കന്മാരോ രക്ഷാകർത്താക്കളോ കൈപിടിച്ചുകൊണ്ടു ഒത്തുകല്യാണം നടത്തുന്നു.[18] അപ്പോഴും സദ്യയും ക്ഷണിച്ചവരുന്നവർ മോതിരമിടുന്ന പതിവും ചില സ്ഥലങ്ങളിലുണ്ട്. ഒത്തുകല്യാ

ഷാക്രമങ്ങളും കൂദാശകളും സാധുവായി നൽകപ്പെടുവാൻ പര്യാപ്തമല്ലെന്നൊരു സംശയവും മിഷ്യനറിമാരിലും പ്രോപ്പഗാന്ത തിരുസംഘത്തിലെ ചില അംഗങ്ങളിലും കടന്നുകൂടി. തൽഫലമായി കൂദാശകളുടെ വാക്കുകളിലും (forma) കൂദാശക്രമങ്ങളിലും ലത്തീനിൽനിന്നുള്ള പരിഭാഷയ്ക്കു സ്ഥാനം ലഭിച്ചു. യൌസേപ്പു എന്ന ഒരു പാത്രിയർക്കീസ് ലത്തീൻക്രമങ്ങളിൽ കുറെ ഭ്രമമുള്ളവനും ആയിരുന്നു. ഇങ്ങനെ കൽദായറീത്തിൽ കടന്നുകൂടിയ തജ്ജമകളും മിക്കതും ഇപ്പോൾ മാറ്റപ്പെട്ടുകഴിഞ്ഞു.

18. ഇതുപോലെ ഒത്തുകല്യാണം കേരളത്തിൽ നടന്നിരുന്നതായി ഒരു സൂചന ഉദയമ്പേരൂർ സൂനഹദോസിന്റെ നിയമങ്ങളിലുണ്ട്. അതുസംബന്ധിച്ചു മുമ്പു പ്രസ്താവിച്ചതാണല്ലൊ.

ണം പള്ളിയിൽവച്ചും നടത്താം. സ്ത്രീധനത്തുക മുതലായവ ഒത്തുകല്യാണാവസരത്തിൽ നിശ്ചയിക്കപ്പെടുന്നു. മ്കിറൂസാ എന്നു പറയുന്ന വിവാഹസമ്മതം അഥവാ വിവാഹ വാശ്ദാനം പഴയ കാലങ്ങളിൽ വിവാഹംപോലെ കരുതപ്പെട്ടിരുന്നു. അതോടൊന്നിച്ചുള്ള കിരീടധാരണമാണ് സാക്ഷാൽ വിവാഹമെന്നു പറയുന്നവരുണ്ട്. വിവാഹസമ്മതം അഥവാ വിവാഹ വാശ്ദാനം സംബന്ധിച്ചു പഴയകാലങ്ങളിലുണ്ടായിരുന്ന ഒരു നടപ്പ് 13–ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന സബോനിലെ അവുദീശോ സ്വകൃതിയിൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്. അതിപ്രകാരമാണ്: ഇടവകപ്പള്ളിയിലെ പട്ടക്കാരന്റെ പക്കൽ പുരുഷൻ ഒരു മോതിരം ഏൽപ്പിക്കുന്നു. നിശ്ചിത ദിവസം രാവിലെ നാലു കന്യകകളും (ബനാസ്ക്യാമ്മെ പട്ടക്കാരുടെ ഭാര്യമാരും ആകാം) ആ മോതിരം സ്ത്രീയുടെ വിരലിൽ ഇട്ടുകൊണ്ട് ഇങ്ങനെ പറയും; ''ഇതു് ഇന്നിടത്ത് ഇന്നാരുടെ പുത്രനായ ഇന്നാരുടെ മോതിരമാണ്. നിന്റെ അപ്പൻ (സഹോദരൻ) നിന്നെ അവനു ഭാര്യയായി വാശ്ദാനം ചെയ്തിരിക്കുന്നു. നിനക്കു സമ്മതമുണ്ടെങ്കിൽ നിശബ്ദയായിരിക്കുക; അല്ലെങ്കിൽ മോതിരം ഊരിക്കളഞ്ഞാലും.'' സ്ത്രീ മോതിരം ഊരിക്കളയുന്നപക്ഷം വിവാഹം നടക്കുകയില്ല. അല്ലെങ്കിൽ അന്നുതന്നെ അവളുടെയിടവകയിൽവച്ച് (?) വിവാഹശുശ്രൂഷ നടത്തപ്പെടുന്നു. ശുശ്രൂഷാ സമയത്തു് ഒരു കാസായിൽ വെള്ളമൊഴിച്ചു് പ്രസ്തുത മോതിരം അതിൽ ഇടുന്നു. കുറെ പ്രാത്ഥനകളും ചൊല്ലിക്കഴിയുമ്പോൾ പുരുഷനും സ്ത്രീയും ആ വെള്ളം കുടിക്കുകയും മോതിരം സ്ത്രീയുടെ വിരലിൽ പുരുഷൻ ഇടുകയും ചെയ്യുന്നു. തുടർന്നു നടക്കുന്നതു് കിരീടധാരണമാണ്. വിവാഹം കഴിഞ്ഞുടനെ ചില സ്ഥലങ്ങളിൽ സ്ത്രീയും പുരുഷനും സ്വന്തം വീടുകളിലേയ്ക്കു പോകുന്നു. പിറേറദിവസമോ അന്നുതന്നെയോ പുരുഷൻ സ്ത്രീയെ അവളുടെ വീട്ടിൽനിന്നു സ്വന്തം വീട്ടിലേയ്ക്കു കൊണ്ടുപോകുന്നു. അവിടെവച്ച് ''അടച്ചുതുറ'' (ക്ത്തർഗ്നോനാ; ശ്രായിഗ്നോനാ) വൈദികന്റെ സാന്നിദ്ധ്യത്തിൽ ഒരു വൈദികചടങ്ങായി നടത്തപ്പെടണം.

വസ്ത്രം വാഴ്ത്തുക മുതലായ ചടങ്ങുകളും ഇതിനിടയ്ക്കു നടത്തേണ്ടതുണ്ട്. ഈ ക്രമങ്ങളും തന്നെ സാരാംശത്തിൽ ഇന്നും അനുഷ്ഠിക്കപ്പെടുന്നു. കിരീടധാരണത്തിനുള്ള മുടി ചുവപ്പും, വെളുപ്പും, നീലയും നിറങ്ങളും കലർന്നതാണ്. പതിനായിരം ദ്രാക്മാ നാണയത്തിൽ കൂടുതൽ സംഖ്യ സ്ത്രീധനമായി കൊടുത്തുകൂടെന്നു പഴയകാലത്തു നിയമമുണ്ടായിരുന്നു.

* * * * *

കൂദാശകളെ അനുകരിച്ചുള്ള ആശീർവ്വാദങ്ങളും മറ്റു ശുശ്രൂഷകളും (Sacramentals) റീത്തിന്റെ പ്രകൃതിയ്ക്കനുസരിച്ചും ലത്തീനിൽനിന്നു തർജ്ജമചെയ്തും കൽദായക്കാർ നടത്തിവരുന്നു. പള്ളികൂദാശ ഒരു വലിയ ചടങ്ങാണ്. ബലിപീഠം മുഴുവനും വി. തൈലംകൊണ്ടു അഭിഷേചനം ചെയ്യുന്നുണ്ട്. വി. കുർബാനയുടെ വാഴ്ച സാധാരണമായി കുസ്സോദികൊണ്ടാണ് കൊടുക്കുന്നതു്. അതിനുള്ള ഗാനങ്ങളും പെസഹാ വ്യാഴാഴ്ചത്തെ കാനോൻ ജപത്തിൽ നിന്നെടുത്തവയാണ്. വി. കുർബാനയുടെ തിരുനാളിൽ ലെലിയായുടെ മൌതപ്രായുടെ ആരംഭത്തിൽ നമ്മളും ചൊല്ലുന്ന രണ്ടു പാദങ്ങളാണ് ഈ ഗാനങ്ങളും. ''പട്ടം കൊട'' ''മൂറോൻകൂദാശ'' ''പള്ളികൂദാശ'' മുതലായി മെത്രാന്മാർ നടത്തുന്ന ശുശ്രൂഷകളും പുസ്തകമായി അച്ചടിച്ചിട്ടില്ല. തിരുഹൃദയഭക്തി, സ്നേഹാപ്പാഥ, കൊന്ത, വെന്തിങ്ങാ ആദിയായവയ്ക്കു കൽദായക്കാരുടെയിടയിൽ പ്രചാരമുണ്ട്.

വൈദികർ

മെത്രാന്മാർ സാധാരണ കറുത്ത കുപ്പായം ധരിയ്ക്കുന്നു. വൈദിക ശുശ്രൂഷകളും നടത്തുന്നതിനു പട്ടുകുപ്പായവുമുണ്ട്. കുപ്പായങ്ങളും മിക്കവാറും പാശ്ചാത്യരീതിയിലുള്ളവയും ചിലരുടെ കാര്യത്തിൽ മോറീസോട്ടും വീതിയുള്ള ഇടക്കെട്ടോടും കൂടിയതും ആണ്. പുറമെ സഞ്ചരിയ്ക്കുമ്പോഴും വൈദിക ശുശ്രൂഷകളും നടത്തുന്ന സമയത്തും മുൻവശം തുറന്നു് വീതിയുള്ള കൈകളുള്ള ഒരു കറു

ത്ത പുറംകുപ്പായം എല്ലാവരും ധരിയ്ക്കുന്നു. അകത്തെ അ രികിൽ ചുവപ്പുനിറമുള്ള പുറംകുപ്പായമാണ് മെത്രന്മാർ, അക്ദെിയാക്കോൻ, കോർ അപ്പസ്ക്കോപ്പാ മുതലായി ഉന്നത സ്ഥാനത്തിലിരിയ്ക്കുന്ന വൈദികർ ധരിയ്ക്കാറു ള്ളതു്. ലത്തീൻകാരുടെ സ്റ്റർപ്പിലേശിനുള്ള സ്ഥാനവും ഈ പുറം കുപ്പായത്തിനുണ്ടു്.

ലത്തീൻകാരുടെ മുക്കോണൻ തൊപ്പിയുടെ സ്ഥാ നത്തു പരന്ന വട്ടംകൂടിയ ഒരുവക തൊപ്പിയുണ്ടു്. പേർ ഷ്യൻ തലപ്പാവു് (Turbush) വൈദികമായി പകർത്തി യതാണു് ഈ തൊപ്പി. വെളിയിൽ സഞ്ചരിയ്ക്കുമ്പോഴും ഇതുപയോഗിയ്ക്കാം. അപ്പോഴും ചെറിയതരം തൊപ്പിയ്ക്കും (Cap) യൂറോപ്യൻ ഹാററിനും സ്ഥാനമില്ലാതില്ല.

മുൻകാലങ്ങളിൽ വൈദിക ശ്രേഷ്ഠയുടെ സമയ ത്തുപോലും ഉപയോഗിച്ചിരുന്ന ശിരോവസ്ത്രം (ബിറൂനാ) ഇപ്പോഴും മെത്രാന്മാക്കില്ല. ചിലർ ലത്തീൻ മെത്രാന്മാ രെപ്പോലെ ചെറിയ ചുവന്ന തൊപ്പി ഉപയോഗിയ്ക്കാ റുണ്ടു്. അംശവടി, മുടി, മോതിരം ഇവ ലത്തീൻകാ രിൽനിന്നു സ്വീകരിച്ചിരിയ്ക്കയാണു്. കുരിശും, മാലയും മുമ്പേതന്നെ ഉണ്ടായിരുന്നവയാകാം. മുൻകാലങ്ങളിലു ണ്ടായിരുന്ന വടി സർപ്പത്തലകളോടുകൂടിയ ഗ്രീക്കുവടി യോടു സദൃശമായിരിയ്ക്കുവാനാണു് എളുപ്പം. അന്നു മോ തിരമില്ലായിരുന്നു. ആശീർവ്വാദം നടത്തുന്നതിലേയ്ക്കു മുൻ പറഞ്ഞ കൈക്കുരിശു വേണ്ടതാണു്. പ്രദക്ഷിണസമയ ത്തു് മെത്രാന്റെ മുമ്പിൽ മർബ്ഹാസാ (വടിയുടെ അററത്തു വട്ടത്തിൽ ലോഹനിർമ്മിതമായി പിടിപ്പി ച്ചിട്ടുള്ള തകിടും മണികളും) ഉണ്ടായിരിയ്ക്കണം.[19]

പാത്രിയക്കീസിന്റെ വേഷത്തിൽ പറയത്തക്ക വിശേഷതയൊന്നുമില്ല. കുപ്പായത്തിനും മററും അദ്ദേഹ മുപയോഗിയ്ക്കുന്ന പട്ടിന്റെ നിറം കടും ചുവപ്പാണു്.

19. തുരുത്തുള്ള നെസ്തോറിയൻ മെത്രാപ്പോലീത്ത ലത്തീൻ വടിയും ഗ്രീക്കുമുടിയുമാണു് ഉപയോഗിക്കുന്നതു്. സൂർപ്പിലേശു പോലെയുള്ള ലത്തീൻ വസ്ത്രങ്ങളും മോതിരവും അദ്ദേഹം ഉപ യോഗിയ്ക്കാറുണ്ടു്.

പട്ടക്കാരും മെത്രാന്മാരും മീശവളർത്തേണ്ടതാണ്. ''ആറാം പട്ട'' ത്തോടെ മീശ വളർത്തിത്തുടങ്ങണം. ഒരു വൈദികന്റെ മീശ വെട്ടിയ്ക്കുന്നതോ വടിപ്പിയ്ക്കുന്നതോ ഒരു കാനോനിക ശിക്ഷയായി കരുതപ്പെടുന്നു. പൊതുവേ പട്ടം വടിയ്ക്കാറില്ല. ലത്തീൻ പൊന്തിഫിക്കളിന്റെ തജ്ജമ കുറെ മുമ്പുവരെ ഉപയോഗിച്ചിരുന്നതിന്റെ ഫലമായിരിയ്ക്കാം ചിലർ പട്ടംവടിയ്ക്കുന്നത്.

മെത്രാന്മാർ അവിവാഹിതരായിരിയ്ക്കണം. പട്ടക്കാരുടെ കാര്യത്തിൽ അവിവാഹിത ജീവിതം നിർബന്ധമല്ല. എന്നാൽ കുർബാനപ്പട്ടമേറ്റശേഷം വിവാഹം കഴിച്ചുകൂടാ. അപ്രകാരംതന്നെ ഒന്നിലധികം പ്രാവശ്യം കല്യാണംകഴിച്ചവരോ, വിധവയെ കല്യാണം കഴിച്ചവരോ കുർബാനപ്പട്ടത്തിനു അർഹരല്ല. കുർബാനപ്പട്ടത്തിനു മുമ്പും ഇങ്ങനെയുള്ള വിവാഹം നിഷിദ്ധമാണ്. വൈദികരുടെ വിവാഹം റീത്തിനെ സ്പർശിയ്ക്കാത്തതാകയാൽ ഇപ്പോഴും പ്രോത്സാഹിപ്പിയ്ക്കപ്പെടുന്നില്ല.

വൈദിക സമ്മേളനങ്ങളിൽ ഉപയോഗിയ്ക്കേണ്ട ഭാഷ സുറിയാനിയാകയാൽ സുറിയാനിഭാഷാഭ്യസനത്തിൽ കൽദായക്കാർ പ്രത്യേകം ശ്രദ്ധപതിയ്ക്കുന്നുണ്ട്.

ശുശ്രൂഷകരെ നിയന്ത്രിയ്ക്കുന്ന പട്ടക്കാരനാണ് അർക്കദിയാക്കോൻ. ശ്ലൂഹതയിലേ സ്ഥാവരജംഗമവസ്തുക്കളെ അന്വേഷിയ്ക്കേണ്ട ഭാരവും അക്കദിയാക്കോനുണ്ട്. ശ്ലൂഹതയുടെ ആസ്ഥാനത്തിനു വെളിയ്ക്കുള്ള പള്ളികളുടെ കാര്യങ്ങളും കോർ അപ്പസ്ക്കോപ്പാ അന്വേഷിയ്ക്കുന്നു. ഒരു പള്ളിയുടെ ഭരണാധികാരിയായി ഒരു വൈദികൻ നിയമിതനാകുമ്പോഴും അദ്ദേഹത്തെ സ്ഥാനാരോഹണം ചെയ്യിക്കുന്നതും കോർ അപ്പസ്ക്കോപ്പാതന്നെ. പ്രധാന പട്ടണത്തിൽ കോർ അപ്പസ്ക്കോപ്പാ പ്രധാനാചാര്യൻ (റമ്പ്കുമ്റെ) എന്നറിയപ്പെടുന്നു. അദ്ദേഹമാണ് അവിടെ വൈദികരിൽ പ്രമുഖൻ. വൈദിക ശുശ്രൂഷകളുടെ മദ്ധ്യേയാണ് ഒരാളെ അക്കദിയാക്കോൻ പദത്തിലുയർത്തപ്പെടുന്നത്. മറ്റു സ്ഥാനികളെക്കുറിച്ചും നിയമനം

മാത്രമേ ആവശ്യമുള്ള. നമ്മുടെ അക്ക്ദിയാക്കോൻമാരുടെ അധികാരം ചരിത്രപ്രസിദ്ധമാണല്ലൊ. കോർ അപ്പ സ്ക്കോപ്പായോട് ഏകദേശം തുല്യനാണ് ''പെരിയൊ ദോത്തുസ്.'' ഇപ്പോഴും ഈ സ്ഥാനം നാമാവശേഷമാ യിരിയ്ക്കയത്രേ.

സന്യാസികൾ

വി. അന്തോനീസിന്റെ സന്യാസസമൂഹത്തിനു പുരുഷന്മാരുടെയിടയിൽ പ്രചാരമുണ്ട്. കറുത്തകുപ്പായ വും, തുകൽകൊണ്ടുള്ള അരക്കെട്ടും, ശിരോവസ്ത്രത്തോട് കൂടിയ ഉത്തരീയവും (Scapular) കറുത്ത കാപ്പയും ചെ രിപ്പും ആണ്, സന്യാസികളുടെ പ്രത്യേക വേഷം. സമൂ ഹാദ്ധ്യക്ഷനു സ്ഥാനവടിയും കുരിശുംകൂടി ഉണ്ടാകാം. മിക്കവാറും ഇതേവേഷത്തോടുകൂടി സന്യാസിനികളും മുൻകാലങ്ങളിലുണ്ടായിരുന്നു. വസ്ത്രധാരണം, വ്രതവാ ഗ്ദാനം മുതലായവയ്ക്ക പ്രത്യേക ശുശ്രൂഷകളുണ്ട്. പാ ശ്ചാത്യ സന്യാസസമൂഹങ്ങളെ അനുകരിച്ച് ചില ''മൂന്നാം സഭകൾ'' സ്ത്രീകൾക്കായി സ്ഥാപിച്ചു നട ത്തിവരുന്നുണ്ട്.

അൽമായർ

വൈദിക ശുശ്രൂഷകളിൽ അൽമായർ പങ്കെടുക്കു ന്നു. പള്ളിയിൽ ഇരിയ്ക്കുകയും, നില്ക്കുകയും, മുട്ടുകുത്തുകയും ആണ് അവർ ചെയ്യുന്നതു്. ഇന്നത്തെ രീതിയിലുള്ള മുട്ട കുത്തു പാശ്ചാത്യരിൽനിന്നു സ്വീകരിച്ചതാണോ എന്നു സംശയമുണ്ട്. ചെരിപ്പു പള്ളിയിൽ കയറുകയില്ല. ശു ശ്രൂഷാസമയത്തു തൊപ്പിനീക്കുന്നു.

* * * * *

നമ്മുടെ പുരാതന രീത്തിന്റെ ഏകദേശ സ്വഭാവം ഗ്രഹിയ്ക്കുവാൻ കൽദായ രീത്തിനെപ്പറ്റി ഇത്രയും പ്രസ്താ വിച്ചതു മതിയാകുമെന്നു കരുതുന്നു. എല്ലാ രീത്തുകൾക്കും പൊതുവായ ചില പ്രകൃതിവിശേഷങ്ങളുണ്ട്. ഇതിനു പുറമേ പൌരസ്ത്യ രീത്തുകൾക്കും പാശ്ചാത്യ രീത്തുകൾ ക്കും വ്യത്യസ്തങ്ങളായ പ്രകൃതിവിശേഷങ്ങളുമുണ്ട്. പൊ

തുവായും പ്രത്യേകമായുംഉള്ള ഈ വിശേഷതകളോടുകൂടി ഓരോ റീത്തിലും അതതിന്റെ പ്രത്യേകതകളും കാണപ്പെടുന്നു. റീത്തുകളും തമ്മിൽ കൂട്ടിക്കുഴച്ചാലുള്ള ഫലം എന്താണെന്നു് ഇതിൽനിന്നൂഹ്യമാണല്ലൊ. അന്യറീത്തുകളിൽനിന്നു് ഏതെങ്കിലുമൊരു ശുശ്രൂഷ വേറൊരു റീത്തു സ്വീകരിയ്ക്കുമ്പോഴും, പൊതുവായും, പ്രത്യേകമായും ആ റീത്തിലുള്ള പ്രകൃതിവിശേഷങ്ങൾക്കു ഭംഗംവരുത്താതിരിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധപതിയ്ക്കേണ്ടതാണു്. അങ്ങനെചെയ്താൽ മാത്രമേ ആ റീത്തിനു യഥാർത്ഥമായ വളർച്ചയും കാലാനുസൃതമായ യോഗ്യതയും കൈവരുകയുള്ളൂ. അല്പാത്തപക്ഷം റീത്തുകളുടെ വൈവിധ്യം മുഖേന തിരുസഭയുദ്ദേശിയ്ക്കുന്ന ആത്മീയ നന്മകളും വൈദികർക്കും അൽമായർക്കും ലഭിയ്ക്കാതെ വന്നേയ്ക്കും.

"Moreover, the ancient Christian liturgies are works of art, the supreme works of art, manifestations of the religious, social, and cultural life of Christian communities over long centuries, and to tinker with them, to spoil their integrity by borrowing from alien cultures, is unworthy of the Catholic mind: it is not in accordance with that variety, inclusiveness, and local perfection and fittingness which are marks of the Church as the universal ark of salvation". *Donald Attwater.* The Catholic Eastern Churches, pp. 31, 32.

കൽദായറീത്തിനെപ്പറ്റിയുള്ള ചുരുങ്ങിയ ഈ വിവരണം തയാറാക്കുവാൻ ഉപയോഗിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങളുടെ പേരുകളും താഴെചേർക്കുന്നു:—

The Lesser Eastern Churches (*Fortescue*, London 1913.)
The Catholic Eastern Churches (*Attwater*, Milwaukee, 1935.)

Genuinae Relationes.... (*Giamil*, Rome, 1902.)
Institutiones Liturgicae De Ritibus Orientalibus Vol II. & III. *Hanssens S. J.* Rome 1930)
The Catholic Encyclopedia, *Chaldean Rite.*
The Eastern Churches Quaterly, 1937, Vol. 2. Nos. 2, 3, 4.
Chaldean Missals of Joseph I, of 1697 & 1767.
Chaldean missal, (Mossul edition)
Chaldean Sacramentary (Mossul edition)
Chaldean Breviary ("Paris" & Roman editions)
Chaldean Pontificals (Mss)
Chaldean Translations of the Latin Pontificals (Mss)
Chaldean Translations of the Latin Rituals (Mss)
Chaldean Office of the Dead (Mossul edition)
Nestorian Breviary (Trichur edition)
Nestorian old Breviaries (Mss)
Nestorian Office of the Dead (Trichur edition)
Old Mss of the Malabar Breviary. (*Chaldaic*, used by Catholics and Jacobites.)
La Messa Caldea detta degli Apostoli (Rome 1935)
The Nestorians and their Rituals (2 Vol 1852; *Badger*)
Liturgies, Eastern and Western (*Brightman*)
Bibliotheca Orientalis (*passim*, *J. S. Asseman*)
The Catholicos of the East and His people *Maclean* and *Browne*, London, 1892.)
De Catholicis seu Patriarchis Chaldaeorum et Nestorianorum Commentarius, *J. A. Aamessn.*)

അനുബന്ധം 1

1301–ൽ കേരളീയസഭയുടെ ഉപയോഗത്തിനായി കൊടുങ്ങല്ലൂരിൽ വച്ചെഴുതിയ സുറിയാനിപ്പുസ്തകത്തിൽ കാണുന്ന പഞ്ചാംഗവും തിരുനാളുകളും. (1)

(മൂന്നാം അധ്യായത്തിലും, പതിന്നാലാം അധ്യായത്തിലും ഇതുസംബന്ധിച്ചു പറഞ്ഞിട്ടുണ്ട്.)

സൂബാറായുടെ ഒന്നാമത്തേയും, രണ്ടാമത്തേയും, മൂന്നാമത്തേയും, നാലാമത്തേയും ഞായറാഴ്ചകൾ— ന. കർത്താവിന്റെ പിറവി— പിറവി കഴിഞ്ഞുള്ള ഒന്നാം ഞായർ— വെള്ളി: കന്യകയായ മർത്തമറിയത്തിന്റെ ഓമ്മ— പിറവികഴിഞ്ഞുള്ള രണ്ടാം ഞായർ— ദെനഹാ— വെള്ളി: യോഹന്നാൻ മാംദാനയുടെ ഓമ്മ— ദെനഹാ കഴിഞ്ഞുള്ള ഒന്നാം ഞായർ— തിങ്കൾ: കന്യകകളുടെ പ്രാർത്ഥന— ആ തിങ്കൾ— ആ ചൊവ്വാ— വെള്ളി: പത്രോസു പൌലോസുമാരുടെ ഓമ്മ— ദെനഹാ കഴിഞ്ഞുള്ള രണ്ടാം ഞായർ—

---

1. Codex Vat (Syr.) XXII olim XII.

ആണ്ടുവട്ടം മുഴവനും കർബാനയിൽ വായിക്കേണ്ട ''ശ്ലീഹാ'' (വി. പൌലോസിന്റെ ലേഖനഭാഗങ്ങൾ) യുടെ കുറിപ്പുകളാണ് ഈ കൽദായസുറിയാനിപ്പുസ്തകം. ഇപ്പോൾ കൽദായക്കാരുടെയിടയിൽ സാധാരണ നടപ്പില്ലാത്ത ചില പേരുകൾ വത്സരവിഭാഗങ്ങളിൽ ചിലതിനു് ഈപ്പുസ്തകം നൽകുന്നുണ്ട്. കൊടുങ്ങല്ലൂർവി. കുര്യാക്കോസിന്റെ പള്ളിയിൽവച്ചു് സ്ക്കറിയായുടെ പുത്രനായ യൌസേപ്പിന്റെ പുത്രനായ സ്ക്കറിയാ എന്ന ഒരു ആറാം പട്ടക്കാരനാണ് ഇതെഴുതിയതു്. യബാലാഹാ പാത്രിയർക്കീസിന്റേയും മാർ യാക്കോബു മെത്രാപ്പോലീത്തായുടേയും കാലമായ 301–ൽ ഇതെഴുതപ്പെട്ടു. ഇതിൽ കാണുന്ന പഞ്ചാംഗവും തിരുനാൾകുറിപ്പുകളും ഇന്നുള്ളവപോലെ പൂർണ്ണങ്ങളല്ല. പുസ്തകത്തിനു എല്ലാംകൂടി 94 പുറങ്ങളുണ്ട്. പുസ്തകം ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിയ്ക്കപ്പെട്ടുന്നു.

വെള്ളി: ഏവൻഗലീസ്റ്റമാരുടെ ഓമ്മ— ദെനഹാ കഴി ഞ്ഞുള്ള മൂന്നാം ഞായർ— വെള്ളി: വി. എസ്തപ്പാനോസി ന്റെ ഓമ്മ— ദെനഹാ കഴിഞ്ഞുള്ള നാലാം ഞായർ— ബുധൻ: വേദസാക്ഷികളായ സർഗീസിന്റെയും ബാ ക്കോസിന്റേയും ഓമ്മ— വെള്ളി: ഗ്രീക്കുമല്പാന്മാരുടെ ഓമ്മ (അതായതു് മാർ ദീയദോറിന്റേയും, മാർ തീയ ദോറിന്റേയും, മാർ നെസ്റ്റോറീസിന്റേയും: നെസ്തോ റീസിന്റെ പേരു് ഇവിടെ (17—ാം പുറം) മഷിപടത്തി വെട്ടിയിരിയ്ക്കുന്നു.)— ദെനഹാകഴിഞ്ഞുള്ള അഞ്ചാം ഞാ യർ— നിനിവെ പ്രാർത്ഥനയുടെ (മൂന്നുനോമ്പിന്റെ) തി ങ്കൾ— അതേ ചൊവ്വാ— അതേ ബുധൻ— വെള്ളി: സുറി യാനി മല്പാന്മാരുടെ ഓമ്മ— ദെനഹാ കഴിഞ്ഞുള്ള ആറാം ഞായർ— ശനി: ഒരു വിശ്വാസിന്റെ ഓർമ്മ— ദെനഹാ കഴിഞ്ഞുള്ള ഏഴാം ഞായർ— കാസോലിക്കോസുമാരായ ശെമഓന്റേയും, സഅദോസ്തിന്റേയും ബർബസേമി യുടേയും ഓമ്മ— ദെനഹാകഴിഞ്ഞുള്ള എട്ടാം ഞായർ— വെള്ളി: ആദത്തിന്റെ മക്കളുടെ ഓമ്മ (''മരിച്ചവരുടെ ഓമ്മ'' എന്നു് അരികിൽ എഴുതിയിരിയ്ക്കുന്നു)— നോമ്പു പിടിയ്ക്കുന്ന ഞായർ— നോമ്പിന്റെ ഒന്നാമാഴ്ചയിലെ തിങ്കൾ— അതിന്റെ— ചൊവ്വാ— അതിന്റെ ബുധൻ— അതിന്റെ വ്യാഴം— അതിന്റെ വെള്ളി— നോമ്പിന്റെ രണ്ടാം ഞായർ— വലിയനോമ്പിലേ രണ്ടാമാഴ്ചയുടെ വെള്ളി— നോമ്പിന്റെ മൂന്നാം ഞായർ— നോമ്പിലേ മൂന്നാമാഴ്ചയുടെ വെള്ളി— നോമ്പിലേ നാലാം ഞായർ— നോമ്പിന്റെ മദ്ധ്യത്തിലുള്ള ആഴ്ചയിലേ തിങ്കൾ— അ തിന്റെ ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി— നോമ്പി ലേ അഞ്ചാം ഞായർ— നോമ്പിലേ അഞ്ചാമാഴ്ചയുടെ വെള്ളി— നോമ്പിന്റെ ആറാം ഞായർ— നോമ്പിലേ ആറാമാഴ്ചയുടെ വെള്ളി— ഏഴാം ഞായർ: ഓശാന— നോമ്പിലേ അവസാനയാഴ്ചയുടെ തിങ്കൾ— അതിന്റെ ചൊവ്വാ, ബുധൻ, വ്യാഴം— നമ്മുടെ കർത്താവിന്റേയും രക്ഷകന്റേയും പീഡാസഹനത്തിന്റെ വെള്ളി— കർത്താ വിന്റെ ഉയിർപ്പ്ഞായർ തുടങ്ങുന്ന ഭാഗം— മാമ്മോദീസാ യിയ്ക്കുള്ള വായന— കുർബാനയ്ക്കുള്ള വായന— ഉയർപ്പ്ഞാ

യറാഴ്ച സപ്രാസമയത്തു മാമ്മോദീസായിയ്ക്കുള്ള വാ
യന— ഉയർപ്പിന്റെ വലിയഞായറാഴ്ചത്തേ കുർബാന
യ്ക്കുള്ള വായന— ഏററം വലിയ ആഴ്ചയിലേ (ശബ്
ബസ്ശബ്ബേ) തിങ്കൾ— അതിന്റെ ചൊവ്വാ, ബുധൻ,
വ്യാഴം— മൌദിയാനന്മാരുടെ വെള്ളി— ഉയർപ്പിന്റെ
രണ്ടാം ഞായർ— മൂന്നാം ഞായർ— നാലാം ഞായർ—
അഞ്ചാം ഞായർ— ആറാം ഞായർ— സ്വർഗ്ഗാരോഹണ
ത്തിരുനാൾ— സ്വർഗ്ഗാരോഹണം കഴിഞ്ഞുള്ള ഞായർ—
പന്തക്കുസ്താ ഞായർ— ദഹവാ (സ്വർഗ്ഗ) വെള്ളി—
ശ്ലീഹന്മാരുടെ (ശ്ലീഹാവിഭാഗത്തിലേ) രണ്ടാം ഞായർ—
ശ്ലീഹന്മാരുടെ മൂന്നാം ഞായർ— ശ്ലീഹന്മാരുടെ നാലാം
ഞായർ— ശ്ലീഹന്മാരുടെ അഞ്ചാം ഞായർ— ശ്ലീഹന്മാരു
ടെ ആറാം ഞായർ— ശ്ലീഹന്മാരുടെ ഏഴാം ഞായർ—
ഏഴാമാഴ്ചയുടെ പൂർത്തീകരണവെള്ളി: ശ്ലീഹന്മാരുടെ ഓർ
മ്മ— ശ്ലീഹാ വിഭാഗത്തിന്റെ പൂർത്തീകരണ ഞായർ—
''എന്നെ ശുദ്ധീകരിയ്ക്ക'' എന്ന വിഭാഗത്തിലേ രണ്ടാം
ഞായർ— ''എന്നെ ശുദ്ധീകരിയ്ക്ക'' എന്ന വിഭാഗത്തി
ലേ മൂന്നാം ഞായർ— ''എന്നെ ശുദ്ധീകരിയ്ക്ക'' എന്ന
വിഭാഗത്തിലേ നാലാം ഞായർ— ''എന്നെ ശുദ്ധീകരി
യ്ക്ക'' എന്ന വിഭാഗത്തിലേ അഞ്ചാം ഞായർ— ''എ
ന്നെ ശുദ്ധീകരിയ്ക്ക'' എന്ന വിഭാഗത്തിലേ ആറാം
ഞായർ— ''എന്നെ വിശുദ്ധീകരിയ്ക്ക'' എന്ന വിഭാ
ഗത്തിലേ ഏഴാം ഞായർ— വി. ഏലിയായുടെ നോ
മ്പിന്റെ ഒന്നാം ഞായർ— വി. ഏലിയായുടെ രണ്ടാം
ഞായർ— വി. ഏലിയായുടെ മൂന്നാം ഞായർ— വി.
സ്ലീബാ കണ്ടെടുത്ത തിരുനാൾ— കണ്ടെടുത്തതിന്റെ
ശേഷമുള്ള ഒന്നാം ഞായർ— കണ്ടെടുത്തതിന്റെ ശേഷ
മുള്ള രണ്ടാം ഞായർ— കണ്ടെടുത്തതിന്റെ ശേഷമുള്ള
മൂന്നാം ഞായർ— കണ്ടെടുത്തതിന്റെ ശേഷമുള്ള നാലാം
ഞായർ— കണ്ടെടുത്തതിന്റെ ശേഷമുള്ള അഞ്ചാം ഞാ
യർ— കണ്ടെടുത്തതിന്റെ ശേഷമുള്ള ആറാം ഞായർ—
കണ്ടെടുത്തതിന്റെ ശേഷമുള്ള ഏഴാം ഞായർ— കണ്ടെടു
ത്തതിന്റെ ശേഷമുള്ള എട്ടാം ഞായർ— വാതുക്കൽനിന്നു
പള്ളിയിലേയ്ക്കു പ്രവേശിയ്ക്കുന്ന ഒന്നാം ഞായർ— പ്രവേ

ശിയ്യന്നതിന്റെ രണ്ടാം ഞായർ— അതിന്റെതന്നെ മൂന്നാം ഞായർ— അതിന്റെതന്നെ നാലാം ഞായർ— അതിന്റെതന്നെ അഞ്ചാം ഞായർ—

പുതിയപള്ളി പ്രതിഷ്ഠിയ്യുമ്പോഴുള്ള വായന— പഴയപള്ളി പ്രതിഷ്ഠിക്കുമ്പോഴുള്ള വായന— കൊച്ചാനീസു പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടിരിക്കുന്ന പിതാക്കന്മാരും പാത്രിയക്കീസുമാരും ആയ അക്കാക്കിയോസ്, ബാബയി, ശിലാമൂതലായവരുടെ ഓമ്മദിവസത്തിൽ (വായന)—[2] മഴയില്ലാത്തപ്പോഴം (വായന)— മഴയില്ലാത്തപ്പോഴം വേറൊരു വായന— പഞ്ഞകാലത്തു (വായന)— പഞ്ഞകാലത്തു വേറൊരു (വായന)— ഭൂമികുലുക്കമുള്ളപ്പോഴം (വായന)— അതിനുതന്നെ വേറൊരു (വായന)— മരിച്ചവക്കും ആദ്യത്തെ മെത്രാന്മാക്കുംവേണ്ടി (വായന)— വിശുദ്ധിയിൽ പ്രമുഖന്മാരായ മെത്രാന്മാക്കും പട്ടക്കാക്കും വേണ്ടി വേറൊരു വായന— മല്പാനായ പട്ടക്കാരനുവേണ്ടി വേറൊരു വായന— ആറാം പട്ടക്കാക്കും, വിദ്യാർത്ഥികൾക്കും, സന്യാസികൾക്കും വേണ്ടി (വായന)— പകർച്ചവ്യാധിയുള്ളപ്പോഴം (വായന)— അക്കദിയാക്കോനെ വാഴിയ്യുമ്പോഴം (വായന)— പുതിയ മല്പാനെ നിയമിയ്യുമ്പോഴം (വായന) അനുഗ്രഹീതനായ നമ്മുടെ മേല്പട്ടക്കാരനും, ഉത്തമ ഭരണകർത്താവും ആയ മാറൻപാത്രിയക്കീസിനുവേണ്ടി (വായന) വി. ശീറീൻ വേദസാക്ഷിയുടെ ഓമ്മദിവസത്തിൽ (വായന)

വി. തോമ്മാശ്ലീഹായുടെ ദുകറാനാ— വി. ഗ്രിഗോരിയോസിന്റെ ഓമ്മ— വി. കുര്യാക്കോസിന്റെ ഓമ്മ—

---

2. ഇവർ നെസ്തോറിയൻ ആശയഗതിയുണ്ടായിരുന്നവരായിരിയ്ക്കാം പിൽക്കാലത്തു കൊച്ചാനീസു നെസ്തോറിയൻ പാത്രിയർക്കീസിന്റെ ആസ്ഥാനമായിത്തീർന്നു. ആരുടെ ഭരണകാലത്തു് ഈ പുസ്തകം എഴുതപ്പെട്ടുവോ, ആ യബാലാഹാ പാത്രിയക്കീസു് റോമ്മായിലേയ്ക്കു തന്റെ വിശ്വാസത്യം അയയ്ക്കുകയും മാപ്പ്പ്പായുടെ പരമാധികാരം സമ്മതിയ്ക്കുകയും ചെയ്തിട്ടുള്ള ഒരാളാണു്.

Giamil, op. c. p. 5–8.

സെപ്റ്റംബർ 18–ൽ സബറീശോ പാത്രിയക്കീസിന്റെ ഓമ്മ– ശ്മോനിയുടേയും മക്കളുടേയും ഓമ്മ– താപസനായ വി. ശിലായുടെ ഓമ്മ– വേദസാക്ഷിയായ പെയിശോന്റെ ഓമ്മ– ദെനഹാ കഴിഞ്ഞുള്ള ശനിയാഴ്ച മാർ ഹബക്കോസിന്റെ ഓർമ്മയിൽ (വായന), താപസനായ വി. ശിലായുടെ ഓർമ്മയിൽ (വായന). വേദസാക്ഷിയോ വേറെ ഏതെങ്കിലും വിശുദ്ധനോ ആയ ഒരു വിശുദ്ധന്റെ ഓർമ്മയിൽ (വായന)– ഇവിടെ എല്ലാം കൂടി 26 വായനയുണ്ട്.

താബോർ മലയിൽവച്ചു നടന്ന നമ്മുടെ കർത്താവിന്റെ ഗെലിയാനായ്ക്കുള്ള വായന പുതുതായി എഴുതിച്ചേർത്തിരിക്കുന്നു.

അനുബന്ധം 2

പരേതനായ പീടിയേയ്ക്കൽ ബ. കൊച്ചേപ്പച്ചൻ അവർകൾ സുറിയാനിയിൽനിന്നു തർജ്ജമചെയ്തു അയച്ചതന്ന പഞ്ചാംഗം

പരേതൻ അയച്ചതന്നപോലെ പകർത്തുന്നു

''സുർഗാദാ ആണ്ടിന്റേയും മാസങ്ങളുടേയും തിരുനാളുകളുടേയും സൂര്യചന്ദ്ര സംക്രമാഗമനങ്ങളുടേയും ഗണനക്കലണ്ടർ (ഉദയമ്പേരൂർ സൂനഹദോസിനു മുമ്പുള്ളതായിട്ടു ഈ സുർഗാദാ കാണുന്നു.)

കാനോൻ ത്രയാനാ. സവ്വ് മാസങ്ങളുടേയും ഒന്നാമത്തേതു കാനോൻ ത്രയാനാ (മകരം) മകരം. അതിന്റെ തീയതികളം 31. പകൽ മണിക്കൂറുകളം 9. രാവിന്റെ മണിക്കൂറുകളം 15. 20 തൊട്ടു സൂര്യൻ ദ്ദൌലാ– (കുംഭം) കുംഭരാശി ചക്രത്തിൽ പ്രവേശിക്കും. അതിന്റെ ചന്ദ്രനും രാവിന്റെ ഒന്നാം മണിക്കൂറിൽ ഗമിക്കുന്നു. അതിന്റെ തീയതി (തിഥി) കളുടെ കണക്കു 29 ദിവസങ്ങളാകുന്നു.

മകരം 1—ാംനു- ആണ്ടാരംഭത്തിരുനാളാണു്. 6—ാംനു- ദൈനഹാ 7—ാംനു- മാർ യോഹന്നാൻമാംദാനയുടെ തിരുനാൾ. 8—ാംനു- മ്ശമ്ശാനെമാരുടെ ഒന്നാമത്തവനായ മാർ എസ്തപ്പാനോസിന്റെ തിരുനാൾ. 15 വിത്തുകളെ പ്പററി കന്യകമറിയത്തിന്റെ തിരുനാൾ. 18 ഭാഗ്യപ്പെട്ട മാർ ഔഗേന്റെ തിരുനാൾ.

നല്ല കുംഭം. തീയതി 28 (കൂത്തുള്ള ആണ്ടിൽ 29) അതിന്റെ പകൽ മണിക്കൂറുകൾ 10. രാവിന്റെ മണിക്കൂർ 14. 9—ാംനു-യിൽ സൂര്യൻ (മീൻ) മീനരാശിച്ചക്രത്തിൽ പ്രവേശിക്കും. അതിന്റെ ചന്ദ്രൻ രാവിന്റെ അഞ്ചാമത്തെ മണിക്കൂറിൽ ഗമിക്കുന്നു. (ജനിക്കുന്നു: മെസിലെദ്ദ്) അതിന്റെ തീയതികൾ (ദിവസങ്ങൾ) മുപ്പതാകുന്നു. ടി മാസത്തിന്റെ 2—ാംനു- ദേവാലയത്തിൽ പ്രവേശിച്ച (കാഴ്ചവച്ച) തിരുനാൾ.

നല്ല മീനം. തീയതികൾ 31. അതിന്റെ പകൽ മണിക്കൂർ 11. രാവിന്റെ മണിക്കൂർ 13. ടി മാസം 17—ാംനു- വസന്തകാലം (രാവും പകലും ഒരുപോലെ) ഉണ്ടാകുന്നു. (വിഷുവം) (പത്താമുദയം) ടി തീയതി സൂര്യൻ (എമറാ: ആടിന്റെ) മേടത്തിന്റെ രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. രാവും പകലും സമമായി ഓരോന്നും, 12 മണിക്കൂർ ആകുന്നു. അതിന്റെ ചന്ദ്രൻ രാവിന്റെ ഒമ്പതാമത്തെ മണിക്കൂറിൽ ഗമിക്കുന്നു. 8—ാംനു- 40 സഹദെന്മാരുടെ തിരുനാൾ. 25 മംഗലവാർത്തത്തിരുനാൾ.

നീസാൻ. ശുഭശോഭനമായ മേടമാസം. തീയതി 30. പകൽ മണിക്കൂർ 12. രാത്രി മണിക്കൂർ 12. ടി മാസം 21—ാംനു- മുതൽ പകൽ 13—ലേക്കു ഭവിക്കുന്നു. ടി മുതൽ രാത്രി മണിക്കൂർ 11. സൂര്യൻ ഋഷഭരാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. ആ മാസത്തെ ചന്ദ്രൻ പകൽ ഒന്നാമത്തെ മണിക്കൂറിൽ ഗമിക്കുന്നു. (ഉത്ഭവിക്കുന്നു.) ചന്ദ്ര തീയതികൾ 30 അത്രെ. ടി മാസം 22—ാംനു- ഗീവറുഗീസിൻ തിരുനാൾ.

ശുഭശോഭനമായ ഇടവം. തീയതികൾ 31. അതിന്റെ പകൽ മണിക്കൂർ 14. രാത്രി മണിക്കൂർ 10. പത്താം

തീയതിമുതൽ സൂര്യൻ എരട്ട രാശിയുടെ രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. അതിന്റെ ചന്ദ്രൻ പകൽ അഞ്ചാമത്തെ നാഴികയിൽ ഉത്ഭവിക്കുന്നു. അതിന്റെ ചന്ദ്ര ദിവസങ്ങളം അഥവാ തീയതികളം 29. ഇടവം 15—ാംനു- ധാന്യക്കതിരുകളുടെ മാതാവായ പ. കന്യകമറിയത്തിന്റെ തിരുനാൾ.

ശുഭശോഭനമായ മിഥുനമാസം. തീയതികളം 30. പകൽ മണിക്കൂർ 15. രാത്രി മണിക്കൂർ 9. ടി മാസം 22—ാംനു- ഞണ്ടിന്റെ (കക്കടകം) രാശിച്ചക്രത്തിൽ സൂര്യൻ പ്രവേശിക്കുന്നു. ആ തീയതിതൊട്ട പകൽ ലോപിക്കുവാൻ തുടങ്ങും. എന്തെന്നാൽ ആ തീയതിതൊട്ട മണിക്കൂറിന്റെ അതിന്റെ ദിവസങ്ങളെക്കാളം രാവു കൂടുതലായി തീരുന്നു. അതിന്റെ ചന്ദ്രൻ പകൽ ഒമ്പതാമത്തെ മണിക്കൂറിൽ ഉത്ഭവിക്കയും അതിന്റെ ദിവസങ്ങളം അഥവാ ചന്ദ്ര തീയതികളം മുപ്പതുമാകുന്നു. ടി മാസം 15—ാംനു- പ. മത്തമറിയത്തിന്റെ തിരുനാളും ശ്ലീഹാ നോമ്പിന്റെ ദിവസവുമാകുന്നു. 24—ാംനു- മാർ യോഹന്നാൻമാംദാനയുടെ പിറവിത്തിരുനാളം—29—ാംനു- പത്രോസു പൌലോസു ശ്ലീഹന്മാരുടെ തിരുനാളം.

ശുഭശോഭനമായ കക്കടകമാസം. തീയതികളം 31. പകൽ മണിക്കൂർ 14. രാവു മണിക്കൂർ 10. ടി മാസം 23—ൽ സൂര്യൻ സിംഹ (ചിങ്ങ) രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. ടി മാസം ചന്ദ്രൻ രാവിലെ ഒന്നാമത്തെ മണിക്കൂറിൽ ഉത്ഭവിക്കയും അതിന്റെ തീയതികളം 29 ആകുന്നു. കക്കടകം 3—ാംനു- ഇന്ത്യയുടെ ശ്ലീഹാ മാർ തോമ്മായുടെ തിരുനാളം. 15 മാർ കൂര്യാക്കോസിന്റെ തിരുനാളം. 20—ാംനു- ജീവനോടെയിരിക്കുന്ന മാർ ഏലിയായുടെ തിരുനാളം.

ശുഭശോഭനമായ ചിങ്ങമാസം. തീയതികളം 31. പകൽ മണിക്കൂർ 13. രാവു മണിക്കൂർ 11. ടി മാസം 24—ാംനു- സൂര്യൻ (കതിരിന്റെ) കന്നിയുടെ രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. ടി മാസത്തെ ചന്ദ്രൻ രാത്രിയുടെ അഞ്ചാമത്തെ മണിക്കൂറിൽ ഉത്ഭവിക്കുന്നു. അതു്

30 ദിവസങ്ങളാകുന്നു. 1—ാംനു- മത്തൻ ശ്മോനിയുടേയും മക്കളുടേയും തിരുനാളും മത്തമറിയത്തിന്റെ (15 നോമ്പിന്റെ) നോമ്പാരംഭവുമാകുന്നു. 15 മത്തമറിയത്തിന്റെ ഈലോക വിയോഗത്തിരുനാളും 17—ാംനു- മാർ അന്തോനീസ് (ബാവായുടെ) തിരുനാളും. 29—ാംനു- മാർ യോഹന്നാൻമാംഭാനയുടെ (തല കണ്ടിച്ച) ശിരഛേദന തിരുനാളും.

ശുഭശോഭനമായ കന്നിമാസം. തീയതികളും 30. ടി പകൽ മണിക്കൂർ 12. രാവു മണിക്കൂർ 12. ടി മാസം 23—ാംനു- (ചരക്കൊൽ) തുലാരാശിച്ചക്രത്തിൽ സൂര്യൻ പ്രവേശിക്കുന്നു. ടി മാസത്തെ ചന്ദ്രൻ രാത്രി 9—ാം മണിക്കൂറിൽ ഉത്ഭവിക്കുന്നു. അതിന്റെ ദിവസങ്ങളും 29 ആകുന്നു. 8—ാംനു- അന്നാഉമ്മായിൽനിന്നു കന്യകമറിയത്തിന്റെ പിറവി. 14—ാംനു- സ്ലീവായുടെ തിരുനാളും.

ശുഭശോഭനമായ തുലാമാസം. തീയതികളും 31. പകൽ മണിക്കൂർ 11. രാവു 13. ടി മാസം 29—ൽ സൂര്യൻ തേളിന്റെ (വൃശ്ചിക) രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. ടി മാസത്തിലെ ചന്ദ്രൻ പകൽ ഒന്നാമത്തെ മണിക്കൂറിൽ ഉത്ഭവിക്കുന്നു. അതിനു തീയതികളും 30. 7—ാംനു- മാർ സർഗീസിന്റെയും ബാക്കോസിന്റേയും തിരുനാളും. 15—ാംനു- ജ്ഞാനിയായ മാർ ആസ്യായുടേയും ബേറൊ ആയിൽനിന്നുള്ള മാർ ഏശായായുടെയും തിരുനാളും.

ശുഭശോഭനമായ വൃശ്ചികമാസം. തീയതികളും 30. പകൽ മണിക്കൂർ 10. രാവു് 14. ടി മാസം 23—ാംനു- സൂര്യൻ (വില്ലിന്റെ) ധനുരാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. തൻമാസചന്ദ്രൻ പകൽ അഞ്ചാമത്തെ മണിക്കൂറിൽ ഉത്ഭവിക്കുന്നു. അതിന്റെ തീയതികളും 29 ആകുന്നു. 8—ാംനു- റേശൈ മാലാഖമാരായ മിഖായേലിന്റേയും ഗൌറിയേലിന്റേയും തിരുനാളും. 21 മത്തമറിയത്തിന്റെ ദേവാലയ പ്രവേശനത്തിരുനാളും. 27—ാംനു- മാർ യാക്കോബുമല്പാ (ന്)സിവീൻ) ന്റെ തിരുനാളും. 29—ാംനു- മാർ അന്ത്രയോസിന്റെ തിരുനാളും.

കാനോൻ ക്ഌദീംകദമായ. ശുഭശോഭനമായ ധനു മാസം. ദിവസങ്ങളം 31. പകൽ മണിക്കൂർ 9. രാത്രി മണിക്കൂർ 15. ടി മാസം 22–ാംനു- സൂര്യൻ (മുട്ടാടിന്റെ) മകര രാശിച്ചക്രത്തിൽ പ്രവേശിക്കുന്നു. തൻമാസം പ കൽദിനം രാവിന്റേതിലെന്യേ ലോപവും അതിന്റെ രാവുകളം ദീർഘവുമാണു്. തൻമാസച്ചന്ദ്രൻ 22–ാംനു- പകൽ ഒമ്പതാമത്തെ മണിക്കൂറിൽ ഉത്ഭവിക്കുന്നു. അ തിനു തീയതികളം മുപ്പതാകുന്നു. 4–ാം തീയതി വി. ബർബരാപുണ്യവതിയുടെ തിരുനാളം. 6–ാംനു- മാർ നിക്കാവോസിന്റെ തിരുനാളം. 10–ാം തീയതി മാർ ബഹനാമിന്റെ തിരുനാളം. 25–ാംനു- മിശീഹായുടെ പിറവിത്തിരുനാളം. 27–ാംനു- കുഞ്ഞിപ്പൈതങ്ങളുടെ സം ഹാരത്തിരുനാളം.

ആണ്ടുകലണ്ടർ സമാപ്തി

തന്റെ കൈവശമുണ്ടായിരുന്ന സുറിയാനിമൂലം നഷ്ടപ്പെട്ടുപോയെന്നു ബ. കൊച്ചേപ്പച്ചൻ അറിയിച്ചിട്ടുണ്ടായി. എന്നാൽ തുരുത്തിപ്പള്ളിൽ ബ. ഉതുപ്പുശമ്മാശൻ (പാലാ) എന്നിച്ചു തന്ന ''മഹസീസാ മ്റീക്ക്ത്താ'' എന്ന സുറിയാനി കയ്യെഴുത്തുപുസ്തകത്തിൽ ഈ പഞ്ചാംഗം മുഴുവനും സുറിയാനിയിൽതന്നെ എഴുതിച്ചേർത്തിട്ടുണ്ടു്. കുംഭം 2–ാംനു- ''മ്ശീഹാ ദേവാലയത്തിൽ പ്രവേശിച്ച തിരുനാളം'' എന്നു് കൂടുതൽ വ്യക്തമായി ഇതിൽ പ്രസ്താവിച്ചിട്ടുന്നു. ''ധനു 26. മത്തമറിയത്തിന്റെ തിരുനാളം'' എന്നു് ഇതിൽ കാണുന്നതു ബ. കൊച്ചേപ്പച്ചന്റേതിൽ കാണുന്നില്ല. ഇത്രമാത്രമേ ഇവ തമ്മിൽ വ്യത്യാസമുള്ളൂ. ''ഏഭാ'' ''ദകറാനാ'' എന്ന വ്യത്യാസം കാണിച്ചിട്ടാതെ, എല്ലാതിരുനാളുകളെയും ''ഏഭാ'' എന്നാണു് ഇതിൽ വിളിച്ചിരിക്കുന്നതു്. 18–ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ കാലംചെയ്ത രണ്ടാം യൌസേപ്പു് എന്ന കൽദായ പാത്രിയർക്കീസാണു് ''മഹസീസാ മ്റീക്ക് ത്താ''യുടെ രചിതാവു്. എന്നാൽ ഈ പഞ്ചാംഗവും അ ദ്ദേഹം തന്നെ അതിൽ ചേർത്തതാണോ എന്നറിവില്ല.

അനുബന്ധം 3

1708–ലെ ഒരു കയ്യെഴുത്തു സുറിയാനിപ്പുസ്തകം

പത്താം അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള പുസ്തകം തന്നെയാണു് ഇതു്. ഇതിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തു ''കർസോനിൽ'' ഇങ്ങനെ കാണുന്നു. ''മ്ശിഹാ പിറന്നിട്ടു ഒരായിരത്തെഴുന്നൂറ്റെട്ടാം കാലം ബിദിനമാസം ഇരുപത്തെഴാം ദിബസി ഊക്കെൻ ഇട്ടിശെറിയത കത്തനാർ കൊഴിപ്പാട്ടു ബർഗീസകത്തനാർക്കു സിമിനാരിൽ ബീട്ടിൽ നിന്റെ എഴുതികൊടുത്ത കുർബാന തക്സാ ഇത ആയത എന്റെ അറിക ഇതപടന എഴുത്ത''. തുടന്നു് തനിസുറിയാനിയിൽ ''ശാലക്കുടിക്കാരൻ പട്ടക്കാരൻ: ഞാൻ ദരിദ്രനും നിർഭാഗ്യനുമാണു''.

കുർബാനത്തക്സായിന്റെ പുറമെ മമ്മോദീസാ, കല്യാണം, ഒടുവിലത്തെ ഒപ്രുശ്മാ ആദിയായി മറ്റു പല ശുശ്രൂഷകളും ഇതിലുണ്ടു്. കമ്മവിവരങ്ങളും പല സ്ഥലത്തും കർസോനിലാണു് എഴുതിയിരിക്കുന്നതു്. 1774–ൽ നമ്മുടെ തക്സാ ആദ്യമായി അച്ചടിയിന്റെപ്പെട്ടു. അതിനു വളരെ മുമ്പു ഇവിടെ ഉപയോഗിച്ചിരുന്ന ശുശ്രൂഷാ സംഗ്രഹങ്ങളിൽ ഒന്നാണു് ഈ പുസ്തകം. ഇതു പ്രാധാന്യമർഹിയിന്റെന്ന ഈ പുസ്തകത്തെപ്പറ്റി സാമാന്യം ദീർഘമായ ഒരു വിവരണം താഴെ ചേർക്കുന്നു.

ആരംഭത്തിൽ ഒന്നു രണ്ടു കടലാസു നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. ഇപ്പോഴത്തെ നമ്മുടെ തക്സായിലുള്ളതുപോലെ ആണ്ടുവണ്ടത്തിലുള്ള ഞായറാഴ്ചകൾക്കും ചില പ്രധാന തിരുനാളുകൾക്കുമുമ്പുള്ള വായനകളാണു് ആദ്യഭാഗത്തു കാണുന്നതു്. എന്നാൽ അമ്പതുനോമ്പിൽ ഇടദിവസങ്ങളിലേയിന്റെ വായനകളില്ല. പീഡാനുഭവചരിത്രമല്ലാ രണ്ടു കൂടുമ്മാരെ സുഖപ്പെടുത്തിയ ചരിത്രമാണു് ഓശാന ദിവസം കുർബാനയിലുള്ള വായന. തുടന്നു് പെസഹാ

വ്യാഴം, ദുഃഖവെള്ളി എന്നീ ദിവസങ്ങൾക്കുള്ള ശുശ്രൂഷകൾ ഇന്നുള്ളവപോലെ കാണപ്പെടുന്നു. ഉയപ്പുഞായറാഴ്ചയുള്ള വായനകൾക്കുമുമ്പ് കൊറീന്ത്യലേഖനത്തിൽ നിന്ന് മ്ശീഹായുടെ ഉയപ്പിനെപ്പറ്റിയുള്ളഭാഗം കൂടി ചേർത്തിട്ടുണ്ട്. ഇതിന്റെശേഷം ഉയപ്പുഞായർ മുതൽ സൂബാറാ വരെയുള്ള ഞായറാഴ്ചകൾക്കുള്ള വായനകൾ ഇപ്പോഴത്തെപ്പോലെ എഴുതിച്ചേർത്തിരിയ്ക്കുയാണ്. കുരിവെഞ്ചരിപ്പ്, വലിയയാഴ്ചക്രമങ്ങൾ മുതലായവയുടെ കമ്മവിവരണങ്ങൾ സുറിയാനിയിൽ കൊടുത്തിരിയ്ക്കുന്നു.

വേറൊരുതരം കടലാസിലും വേറെ കയ്യക്ഷരത്തിലും കൊന്തമാതാവിന്റെ തിരുനാളിനുള്ള വായനയാണ് തുടർന്നുവരുന്നത്. അതിന്റെ പിന്നാലെ അതേതരം കടലാസിൽ ഇരുട്ടുകൊട്ടിനു നമ്മം ചൊല്ലുന്ന പുരാതന കൽദായഗീതങ്ങളിൽ ചിലതു കാണുന്നു. ഇരുട്ടുകൊട്ടിന്റെ കമ്മവിവരണങ്ങൾ കർസോനിൽ ഇങ്ങനെയാണ്: ''മെഴുകുതിരി ഒക്കെ കെടുത്തശേഷം റാഹെം അലൈ എൻറമസ്മോറാ ഒരു ബട്ടം ശൊല്ലണം. ശൊല്ലിക്കൂടിയാൽ മെഴുകുതിരിയുടെ ദീപം മറെശ ത്രോണോസുമേൽ എങ്കിലും മെശമെൽ എങ്കിലും മറെറാന്നുമെൽ എങ്കിലും കൊറെ ഓശപ്പെടുത്തണം. ബിന്നീട് റാഹെം അലൈ എൻറ മസ്മോറാ ശൊല്ലി മുൻപിൽ ബിയാപരിശപോലെ ബിയാപരിക്ക. മൂന്നു ബട്ടം റാഹെം അലൈ എൻറ മസ്മോറാ ചൊല്ലി മുൻപിൽ ബിയാപരിശപോലെ ബിയാപരിശ''.

ഇതിന്റെശേഷം കുർബാനയ്ക്കു മുമ്പുള്ള ജപങ്ങളും കുർബാനയും കുർബാനകഴിഞ്ഞുള്ള ജപങ്ങളും കൊടുത്തിരിയ്ക്കുന്നു. മൂന്നു നാലു വ്യത്യാസങ്ങൾ കുർബാനയിൽ കാണുന്നുവയൊഴിച്ച് ശേഷമുള്ളവയെല്ലാം ഇപ്പോഴുള്ളവതന്നെ. മാപ്പ്ാപ്പാ പാത്രീയക്കീസ്, അപ്പെസ്തോപ്പാ, മെത്രാപ്പോലീത്തീസ് എന്നിവരുടെ നാമങ്ങളുള്ള വലിയ പ്രാത്ഥനയിൽ ആ നാമങ്ങളും പ്രാത്ഥനയുടെ ആദ്യഭാഗവും ഇല്ല. കത്തോലിയ്ക്കാ സഭയ്ക്കുവേണ്ടിയും നിവ്യന്മാർ ആദിയായവരുടെ ബഹുമാനത്തിനായും ഈ കുർബാന

സ്വീകരിയ്ക്കുണമെന്നുള്ള ഭാഗം മുതലാണു് ഈ പ്രാർത്ഥന ആരംഭിയ്ക്കുന്നതു്.[1] ഇടമണിയ്ക്കുമുമ്പു് വൈദികൻ കുനിഞ്ഞു നിന്നു ചൊല്ലുന്ന പ്രാർത്ഥനയിൽ മാതാവിന്റെ പേരു കാണുന്നില്ല. അപ്പവും കാസയും ആശീർവ്വദിയ്ക്കുവാനുള്ള സൂചനയായ മൂന്നു കുരിശ്ശുകൾ ഇപ്പോൾ കിടക്കുന്ന സ്ഥാനങ്ങളിൽനിന്നു സ്വല്പം മാറി രേഖപ്പെടുത്തിയിരിയ്ക്കുന്നു. അബാദ്ക്കുശ്ത്താ ഉംപ്പെടെ റോമ്മാപ്പതിപ്പിൽ കുർബാനയുടെ ഒടുവിൽ കൊടുത്തിരിക്കുന്ന ജപങ്ങളും ഇതിലില്ല. മ്ബാറക്ത്തു് മറിയാ ഇപ്പോഴുള്ളിടത്തോളം മാത്രമേയുള്ള. ഉദയമ്പേരൂർ സൂനഹദോസു തിരുത്തിയ കുർബാനയിലാകട്ടെ അതു മുഴുവനുമുണ്ടായിരുന്നു. കുർബാന സ്വീകരിയ്ക്കുന്നവരുടെ തുകയും മറ്റുമനുസരിച്ചു് ഏകവചനത്തിലോ ബഹുവചനത്തിലോ ലിംഗവ്യത്യാസം വരുത്തിയതേ 'നെസ്രാഹം അലൈക്കോൻ' ചൊല്ലേണ്ടതു്. 'ദശ്ചിത്താൻ' എന്നതൊഴിച്ചു് ഇപ്പോഴുള്ള ഹൃത്താമ്മാകളെല്ലാം ഇതിലുണ്ടു്. ''കാതോലിക്കോസു് ദ്റോമ്മാനിയാ'' എന്ന അബന്ധപ്രയോഗം അവയിലൊന്നിൽ കാണാം. കുർബാനയ്ക്കു കൂടുന്നവർചൊല്ലേണ്ട ജപങ്ങളില്ല.

കുർബാന കഴിഞ്ഞുള്ള ഉപകാരസ്മരണയുടെശേഷം ''ഞാറാഷിശതോറും ഹനാൻബെള്ളം റുശ്ലാ ശെയബാൻ തക്സാ'' എന്ന കർസോൻ തലക്കെട്ടോടെ അതിനുള്ള ജപങ്ങളും വെള്ളം തളിയ്ക്കുന്ന ക്രമവും എഴുതിച്ചേർത്തിരിയ്ക്കുന്നു. ഇതു മുതലുള്ള കർമ്മവിവരണങ്ങളെല്ലാം കർസോനിലാണു്. തുടർന്നു് ഫെബ്രുവരിമാസം മുതലുള്ള ചില പ്രത്യേക തിരുനാളുകൾക്കും നേർച്ചകുർബാനകൾക്കും ഉള്ള വായനകളും കാണാം. മരിച്ചവരുടെ തിരുനാളിനുള്ള എംഗത്തായിൽ ലത്തീൻ വുംഗാത്തയനുസരിച്ചു് പ്ശീത്താവിവർത്തനം അനാവശ്യമായി തിരുത്തിയഭാഗവും കാണുവാനുണ്ടു്. മണവാളനും മണവാട്ടിയ്ക്കും വേണ്ടിയുള്ള കുർബാനയുടെ വായനകളില്ലാതെ കല്യാണവാഴ്ച ഇല്ല. ഇവയുടെ അവസാനത്തിലാണു് ഈ പുസ്തകം ആരു് എഴുതി

1. പത്താം അദ്ധ്യായം കാണുക.

എന്നും മറ്റുമുള്ള മേലുദ്ധരിച്ച വാക്യങ്ങളും കാണപ്പെടുന്നതു്. ഈ വാക്യങ്ങളുടെ പിന്നാലെവരുന്ന കർസോൻ അതേപടി ഇവിടെ പകർത്തുന്നു:

''മലെൻകരെ എടബകെൽ മെത്രാൻറെ അനുബാസം കൂടാതെ പൊക്കെരുതാത്ത പെഴകും ആയെത 1. ഹെറസിയൊത്ത ഇത മാർപാപ്പായിക്കെ പൊക്കാവു. അത അല്ലെങ്കിൽ അബുടത്തെ അനുബാസം ഒള്ളെബെർക്കെ ആബു. 2. പട്ടക്കാറൻറെ മെത്തലെ കരമുൻറത. 3. അപ്പസ്തൊപ്പാ ആക്കാനും മഹറൊൻ ശൊല്ലിയത. 4. മാമ്മോദീസാക്കാറരെ ആറുകൂലശെയ്യൻറത. 5. മൂത്തികളെ ശരത്തിശ അതിനെ സെവിക്കുൻറത. 6. ബിശ്ശു ബാസത്തൊട മുത്ത എഴതപ്പെട്ട ശെല പൊത്തകങ്ങളും അതിൻെറ പെണക്കം തീക്കാതെ കൺട്ട സങ്കരിക്കുൻറത. പർസമൻ [2] എങ്കിലും നൊസകാർ പൊത്തകം എങ്കിലും മലെയാം ഗരൻതകം എങ്കിലും 7. മുൻപിൽ പട്ടക്കാരൻെറ കയ്യാലെ ഒരുത്തിയിനെ കെട്ടി ഇരിക്കലെ മറെറാരുത്തിനെ കെട്ടൻറത. 8. പിള്ള അഴിക്കുൻറത. 9. നാനെർ അറികെ തുള്ളിക്കെയും പാടിക്കെയും ശെയ്യൻറത. 10. തിൻമശെയ്യണമെൻറ കൽപിശ നസ്രാണികെടെ ബസതുബിനെ ശുട്ടൻറത എൻറാന ഈ പെഴമെൽ അണയപ്പെട്ടാൽ ശുത്തമാന മാർപാപ്പായിക്കെ പൊക്കാബു 11. പള്ളിയുടെ മൊതൽ അൻമ്പത പണത്തിനു തക്കത കക്കുൻറത. 12. ബികാരിയും തകഴിക്കാരും കൂടാതെ ഒള്ള പെൺങ്കെട്ട. എന്നാൽ ഇത ബാസ്ത്തം അല്ല താനും. 13. മെത്രാനോട മുത്ത പൻതയകെളും കുറുകെളും ഒണ്ടാക്കുൻറത. 14. കുദാശ ആയ ബസ്തുബിന ബെലബാൻങ്കുൻറതും ബികുൻറതും. 15. പെറപ്പിശ കാർണർബൻറെ. മെൽക്കിട്ട കരൊറുൻറതും''— തുടൻനു പാപം മോചിസ്സുവാനുള്ള ജപം (ഇപ്പോഴത്തേതുതന്നെ).

പിന്നീടു് മാമ്മോദീസ, കല്യാണം (''മിന്നും കൊളുത്തും'' വാഴ്ത്തുന്ന സ്തോസാ ഉംപ്പെടെ ഒപ്പുശ്ശാ (അ

2. ഉദയമ്പേരൂർ സൂനഹദോസു മുടക്കിയ ഒരു പുസ്തകം.

തിന്റെകൂടെയുള്ള പ്രാർത്ഥനകളും സഹിതം) എന്നിവ യുടെ ശ്രുശ്രൂഷകളാണു് എഴുതിയിരിയ്ക്കുന്നതു്. എല്ലാം ഇപ്പോഴുള്ളവതന്നെ. ഈശോയുടെ നാമത്തെക്കുറിച്ചും മാതാവിനെക്കുറിച്ചുമുള്ള ലുത്തനിയാകളാകുന്നു പിന്നീടു കാണപ്പെടുന്നതു്. മാതാവിന്റെ ലുത്തനിയായുടെ അവ സാനത്തേ ജപം ''കർത്താവിന്റെ മാലാകാ''യുടെ അ വസാനത്തിലുള്ളതു തന്നെയാണു്. കർമ്മവിവരണമൊ ഴിച്ചു് ശേഷമുള്ളവയെല്ലാം സുറിയാനി തന്നെ.

തുടർന്നു് പവിയാനോസു സെബസ്ത്യാനോസു സഹ ദെമാരുടേയും ഒരു സഹദായുടേയും തിരുനാളുകൾക്കുള്ള വായനകളും വേറൊരുതരം കയ്യക്ഷരത്തിൽ കാണുന്നു. അതേ കയ്യക്ഷരത്തിൽ തന്നെയാണു് മഹറോൻ പോകു വാനുള്ള ക്രമവും. അതും ഇന്നു നമുക്കുള്ളതുതന്നെ. പിന്നാ ലെ യോഹന്നാൻ നപ്പുംസേനോസു പുണ്യവാന്റെ തിരു നാളിനുള്ള വായന ആദ്യഭാഗത്തുള്ളതരം കയ്യെഴുത്തിൽ പ്രത്യക്ഷമാകുന്നു. ഇതിന്റെശേഷം ഒരു കടലാസിന്റെ ഒരുവശത്തു് മത്തായിയുടെ സുവിശേഷം ഏഴാമദ്ധ്യായ ത്തിലെ കുറെ വാക്യങ്ങളും മറുവശത്തു് പുതിയ പ്രതിമ കളും വെഞ്ചരിയ്ക്കുവാനുള്ള പ്രാർത്ഥനയും കാണാം. അടുത്തു് തലതിരിച്ചു കുത്തിയിരിക്കുന്ന കടലാസിൽ മരണസമ യത്തു നൽകുന്ന പൂണ്ണദണ്ഡവിമോചനം വ്യത്യാസപ്പെട്ട കയ്യെഴുത്തിൽ കാണപ്പെടുന്നു. അതും ഇന്നു നമുക്കുള്ളതു തന്നെ.

റാസക്രമമാണു് പിന്നീടു കൊടുത്തിരിക്കുന്നതു്. റാ സയിൽ ചൊല്ലേണ്ട മസ്മോറാകളും വായിക്കേണ്ട വായ നകളും ഏവയെന്നു കാണുന്നില്ല. ദീർഘമായും കർസോ നിൽ എഴുതിയിട്ടുള്ള കർമ്മവിവരണങ്ങളും നമ്മുടെ ഇ പ്പോഴത്തെ ക്രമങ്ങളോടു മിക്കവാറും യോജിക്കുന്നുണ്ടു്. കാർമ്മികൻ, ആറാംപട്ടക്കാരൻ, അഞ്ചാംപട്ടക്കാരൻ, കെറിയാനാക്കാരൻ, ചിറാഴ്മക്കാർ, ശമ്മാശന്മാർ മറ്റു പട്ടക്കാർ ഇതുയുമാളുകളും റാസയിൽ സംബന്ധിക്കുന്ന തായി കാണുന്നു. അഞ്ചാംപട്ടക്കാരനും ആറാംപട്ടക്കാര നും കെറിയാനാക്കാരന്റേയും ശ്ലീഹാക്കാരന്റേയും (ലേ

ഖനം വായിക്കുന്നയാൾ) ഉദ്യോഗം നിർവ്വഹിച്ചിരുന്നെന്നു വരാം. ശമ്മാശന്മാർ എന്നു പറയുന്നവരും അവർ തന്നെയാകാം. കാപ്പക്കാർ ആയിരിക്കാം ''ശേഷം പട്ടക്കാർ'' എല്ലാവരേയുമുദ്ദേശിച്ച് ''ശിറാഷ്മക്കാർ'' എന്നു ചിലപ്പോൾ പ്രയോഗിച്ചിട്ടുണ്ട്. കാർമ്മികൻ ആദ്യം പീഠം മുത്തുമ്പോൾ ''ശിറാഷ്മക്കാരർ എല്ലാബെരുംകൂടെ അബണ്ണം കുമ്പിടണം.'' ''ഒ ദെസ്സമ്മൻ'' കെറിയാനാക്കാരനും ശേഷം ശമ്മാശന്മാരുംകൂടി പാടണം. ''ഓദമ് ഹയിമ്മ്നീൻ'' ചൊല്ലേണ്ടതു ആറാംപട്ടക്കാരനാണ്. പന്തുണ്ടു കുമ്പിടലിനെപ്പററി ''മരിശാതക്കതക്കവണ്ണം കുമ്പിടണം'' എന്നു കാണുന്നു. അതുകഴിഞ്ഞു കാർമ്മികനും രണ്ടു ശമ്മാശന്മാരുംകൂടി ''മൂബരും ഒന്നിശ കുമ്പിടണം.'' അതിനുമുമ്പു ''ആലാഹാ മാറേക്കൊൽ ന്ന്ക്ക മ്പെൽ തെശാമെശ്ത്തകോൽ വന്നത്തർകോൻ ബ്കൊൽ ശ്രൂബ്ക്ക്നിൻ മൈഹല്സെ ല് ആലം അൽമീൻ'' എന്നും, അലാഹാ മാറേക്കോൽ നെഹവെ അംകൊല്ലൻ ബ്ത്തെ ബൂസെ വവ്റഹമ്മാവു'' എന്നും കാർമ്മികൻ ചൊല്ലുന്നു. ''മൈദേനൻ മാറൻ വാലഹൻ,', ''മറിയാ ആലാഹാ ഹൈൽസാനാ'', ''മറിയാ മറിയാ'', ''റാഹെം അലൈ'' ഇവ ''ശൊല്ലുംപോലെ നട്ടബിൽ കുംപിട്ട കുനിഞ്ഞ ബഷിയെ താണശൊല്ലണം.'' കിഴക്കു, പടിഞ്ഞാറു, തെക്കു, വടക്കു എന്നു പറഞ്ഞുകൊണ്ടാണു കർമ്മവിവരണങ്ങളെ എഴുതിയിട്ടുള്ളതു. ശമ്മാശന്മാർ ആരാണെന്നു വ്യക്തമല്ല. ''ത്രോണോസിന്റെ ബടക്കെപക്കത്താ''ണു കാർമ്മികനുള്ള ''ഇരുപ്പെടം''. അന്നു നമ്മുടെയിടയിൽ പടിഞ്ഞാറോട്ടു ദർശനമുള്ള പള്ളികളെ ഉണ്ടായിരുന്നുള്ളു എന്നു ഇതിൽനിന്നൂഹിക്കാം.

മദ്ബഹാ മൂടുന്ന വസ്ത്രങ്ങളും, കെത്താനാ, ആദ്യഫലങ്ങളും, ഭക്ഷണപദാർത്ഥങ്ങളും, സ്ഥലങ്ങളും, പുതിയവീടു, പുതിയ 'കപ്പൽ' ഇവ വെഞ്ചരിക്കുവാനുള്ള ശ്രൂശ്രൂഷകളാണു തുടർന്നുള്ള സ്ഥാനം. എല്ലാം ലത്തീനിൽനിന്നുള്ള തർജ്ജമയാണു. ഇവയുടെ പിന്നാലെ ഒടുവിലത്തെ ഒപ്പുശ്മാ നൽകിയശേഷം പട്ടക്കാരൻ രോഗിയോടു പറ

യേണ്ട ഗുണദോഷം കർസോനിൽ എഴുതിയിരിക്കുന്നതിന്റെ കുറെ ഭാഗം നഷ്ടപ്പെട്ടുപോയി. പുസ്തകത്തിലുള്ളതു് ഇവിടെ പകർത്തുന്നു:

''ഒട്ടക്കത്തെ ഒപ്പുശ്മ..... (തെളിവില്ല) മപ്പൊളയും (?) ഒരുത്തൻ മരിപ്പാൻ തൊടങ്ങുംപോഴം കഹനാ (പട്ടക്കാരൻ) പറയേൺട്ടബത ഇത.

മനുഷ്യർ ഒക്കെക്കും കാരണബേർ ആയിരിക്കുൻറ ആദം പെഷശമൂലം മനുഷ്യേർ നാം എല്ലാബേരും മരണത്തിന്റെ കീളായി പൊറൻന്നറാൽ തമ്പുരാൻ കല്പിക്കുമ്പോഴം മരിശെ മവിയാബു ഇതിനെകൊണ്ടു നമ്മുടെ രെക്ഷാത ഉടയബെൻ മശീഹായുംകൂടെ മനുഷ്യരുടെ തൊഷത്തേക്കുറിശ ഈ ലോകത്തിങ്കൽ മനുഷ്യനായി പൊൻറാറെ നമ്മുടെ മരണത്ത ഈ ബിപ്പിപ്പാൻ താൻ കുരിശിൻ മെൽ പതിക്കപ്പെട്ട മരിശത്തും നമ്മുടെ ആയിത്തനുടെ അമ്മ ആകുൻറ മത്തമറിയം ഉമ്മായുംകൂടെ അതെ ശ്രീവെന്മാരും അനേകം പുണ്യയസൊകം ഒള്ളബേരും ഇതിനെകൊണ്ടു എൻറെ ശേട്ടാ മരിക്കുൻറതിനെകൊണ്ടു ഈ ലോകബും അതിൽപെട്ട ബസ്തുക്കെളും ഇട്ടേശ താൻ ബാങ്ങുബാൻ തൊടങ്ങുൻറതിനെകൊണ്ടു ഒക്കിക്കെണ്ട പിന്നെയോ മനുഴെൻ ആയി താൻ തമ്പുരാനോട മറത്ത പിഴശതിനെകൊണ്ടും മശീഹാ മാക്കത്തിനു ഒത്തബണ്ണും ബഴിയെ ഇരിയാഞ്ഞതിൻകൊണ്ടും നിരുബെണകൊണ്ടും ബശനം കൊണ്ടും പ്രോത്തി'' (ശേഷം നഷ്ടപ്പെട്ട.)

പിന്നാലെ കാണുന്നതു് ''ഈ എടബകേൽ കൊള്ളെണ്ടും പെരുനാഴംകെഴം'' ആണു്. അതായതു് കേരളസഭയിൽ കടമുള്ളവയായി ആചരിക്കേണ്ട തിരുനാളുകളുടെ പട്ടിക. 3

---

3 എട്ടാം അദ്ധ്യായം കാണുക– ഉയേമ്പേത്തുർ സൂനഹദോസു സകല മരിച്ചവരുടെ തിരുനാഴം കടമുള്ളതായി പ്രഖ്യാപനം ചെയ്തില്ല. കടം നീക്കിയ തിരുനാളുകഴം ഏവയെന്നു് നമ്മുടെ ഇപ്പോഴത്തെ പഞ്ചാംഗത്തിൽ കാണാം. അവയുടെകൂടെയും സകല മരിച്ചവരുടെ തിരുനാളില്ല.

മകരം 1, ഛേദനാചാരം; 6, ദൈനഹാ— കുംഭം 2, കാഴ്ചവയ്പ്; 24 മത്തിയാശ്ശീഹാ (''കുത്തൊള്ളകാലം കുംബം 25—ൽ) മീനം 25. മംഗളവാർത്താ— ഇടവം 1. പീലിപ്പോസും യാക്കോബും — മിഥുനം 24, യോഹന്നാൻ മാംദാനാ; വൻ, പത്രോസും പൌലോസും— കർക്കടകം 3, മാർത്തോമ്മാശ്ശീഹാ; 25, യാക്കോബുശ്ശീഹാ ചിങ്ങം 6, മറുരൂപപ്പെട്ട തിരുനാൾ: 15, മാതാവിന്റെ കരേറ്റം: 24 ബർത്തൊൽമ്മൈശ്ശീഹാ— കന്നി 8. മാതാവിന്റെ ജനനം; 13 സ്ലീബാ; 21 മത്തായി ശ്ശീഹാ 29 മിഖായേൽ മാലാകാ—തുലാം 28, ശെമഓനും യൂദായും— വൃശ്ചികം 1, സകല വിശുദ്ധർ; 3, സകല മരിച്ചവർ, 31, അന്ത്രയോസു ശ്ശീഹാ— ധനു 8, അമലോത്ഭവം (''ഹന്നാ ഉമ്മാടെ ബയറിൽ മത്താമറിയത്തുമ്മാനെ ഗേപ്പെനിക്കപ്പെട്ട തിബസം'');18, ''ആതമ്പാമാലൽ ഒള്ള പള്ളിയിലെ കുരിശബിശക്കുൻറപെരു''; 21, തോമ്മാശ്ശീഹാ; 25, ന. കർത്താവിന്റെ പിറവി; 26, വി. എസ്തപ്പാനോസ്; 27, വി. യോഹന്നാൻ ഏവൻ ഗവീസ്ത്താ.

ധനു 21 — ൽ ''മാർതോമ്മാശ്ശീഹാ മരിശപെരുന്നാൾ'' എന്നു കാണുന്നു. നമ്മുടെ അച്ചടിച്ച തക്സായിലാകട്ടെ ''മരിച്ചപെരുന്നാൾ'' എന്നില്ല. 1734—ൽ പുത്തൻകൂറുകാർ എഴുതിയ ഇതേതരം തിരുനാൾപ്പട്ടികയിൽ ''മരിശ'' എന്നല്ല. ''മാർതോമ്മാ ശ്ലീഹായുടെ കബറിറാടം കുഴിശ'' എന്നത്രേ കാണുന്നതു്. പിറവത്തു യാക്കോബായപ്പള്ളിയുടെ തെക്കെ ഭിത്തിയിൽ എഴുതിയിട്ടുള്ള തിരുനാൾക്കുറിപ്പിൽ ''ധനു 21 ഉറഹായുടെ പള്ളിയിൽ മാർ തോമ്മാശ്ശീഹാ കബറടങ്ങിയ ഘോഷിപ്പിനുടെ പെരുനാൾ'' എന്നും കാണുന്നു. കണ്ടനാട്ടേ യാക്കോബായപ്പട്ടികയിലും ഇങ്ങനെതന്നെ.

ഇതേ തുടർന്നു് ഉയിർപ്പുകഴിഞ്ഞുള്ള മൂന്നുദിവസം, സ്വർഗ്ഗാരോഹണം, വി. കുർബാന ഇങ്ങനെ മാറ്റം വരുന്ന തിരുനാളുകളും വേറെ കയ്യക്ഷരത്തിലും വേറെ തരം കടലാസിലും കർസോനിൽതന്നെ എഴുതിയിരിക്കുന്നു. അതേ കടലാസിൽ മാതാവിന്റെ ഹത്താമ്മാ (ശ്ലാം ലേക് മറിയം ദഹവൈത്ത് എമ്മാബവുസൂലൂ

സേക്)അത്ര വടിവില്ലാത്ത സുറിയാനി കയ്യക്ഷരത്തിൽ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. റാസയിൽ പാടുന്ന ശ്രൂറായാ, ഓദെസ്സമ്മൻ, ഓദമ്മൈമ്മിന്റെ മുതലായവയും ഇരുട്ടുകൊട്ടിന്റെ (പുരാതന) പ്രാത്ഥനകളുടെ കുറെ ഭാഗവും. പ്രതിമവെഞ്ചരിക്കുവാനുള്ള ജപവുംകൊണ്ടു് പുസ്തകം അവസാനിക്കുന്നു. ഇവയുടെകൂടെ കുർബാന ചൊല്ലുവാൻ പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിക്കുമ്പോഴും ചൊല്ലുന്നജപവും വി. കുർബാനയെപ്പറ്റി ഇപ്പോഴും നമുക്കില്ലാത്ത ഒന്നുരണ്ടു ചെറിയ ഗാനങ്ങളും കൊടുത്തിട്ടുണ്ടു്.

കാനോൻ ജപങ്ങളൊഴിച്ചു ഒരു പട്ടക്കാരന്റെ ദിവ്യശുശ്രൂഷകൾക്കാവശ്യമുള്ള എല്ലാ സംഗതികളും ഈ പുസ്തകത്തിൽ ഒരുമിച്ചു ചേത്തിരിയ്ക്കുന്നു. ഈ തരത്തിൽ കണ്ടിട്ടുള്ള നിരവധി പുസ്തകങ്ങളിൽവച്ചു് ഇതു് ഏറ്റവും പൂർണ്ണമായതുകൊണ്ടാണു് ഇതിനെപ്പറ്റി ഇത്ര ദീർഘമായി പ്രസ്താവിച്ചതു്. ഉദയമ്പേരൂർ സൂനഹദോസുമുതൽ നമ്മുടെ ശുശ്രൂഷപുസ്തകങ്ങൾ അച്ചടിയ്ക്കപ്പെടുന്നതുവരെയുള്ള കാലഘട്ടത്തിൽ കുർബാന ചൊല്ലുവാനും കൂദാശകൾ ശുശ്രൂഷിക്കുവാനും നമ്മുടെ വൈദികർ സ്വീകരിച്ച റീത്തിന്റെ വ്യവസ്ഥാപിത രൂപമാണു് ഈ പുസ്തകത്തിൽ കാണുന്നതു്.

അനുബന്ധം 4

1734–ൽ പുത്തൻകൂറുകാരുടെ ഉപയോഗത്തിനായി എഴുതിയ ഒരു കൽദായ സുറിയാനിപ്പുസ്തകം.

പന്ത്രണ്ടാം അദ്ധ്യായത്തിലും മൂന്നാം അനുബന്ധത്തിലും ഇതിനെപ്പറ്റിയുള്ള സൂചനയുണ്ടു്. പുത്തൻകൂറുകാർ നമ്മിൽനിന്നു 1653–ൽ പിരിഞ്ഞുപോയെങ്കിലും വളരെക്കാലത്തേക്കു അന്നു നമ്മളുപയോഗിച്ചിരുന്ന റീത്തുതന്നെയാണു് അവരും ഉപയോഗിച്ചുപോന്നതു്. ഇതിനു

സാക്ഷ്യം നൽകുന്ന ഒന്നാണ് ഈ പുസ്തകം. എന്നാൽ ഇതിൽ കൊടുത്തിട്ടുള്ള പഞ്ചാംഗവും തിരുനാൾക്കുറിപ്പുകളുമാണ് ഇവിടെ നമ്മുടെ ശ്രദ്ധയെ ആകർഷിയ്ക്കേണ്ടതു്. 1734—ന മുമ്പു നമ്മുടെയിടയിൽ പ്രചാരത്തിൽ വന്ന പഞ്ചാംഗവും തിരുനാളുകളും ഏവയെന്നു സ്പഷ്ടമാക്കുന്ന ഒരു വിശിഷ്ട രേഖയായി ഇതിനെ പരിഗണിക്കാം. തിരുവനന്തപുരം അതിരൂപതയിൽ തുമ്പമൺ പുത്തൻവീട്ടിൽ ബ. യാക്കോബു കത്തനാരുടെ വീട്ടിൽ ഈ പുസ്തകം സൂക്ഷിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മുൻഗാമികളായ വൈദികരാണ് ഇതു കൈകാര്യം ചെയ്തിരുന്നതു്. നമ്മുടെ ഇപ്പോഴത്തെ ''ആഴ്ചപ്പടി'' നമസ്ക്കാരമാണ് ഇതിലേ പ്രധാനഭാഗം. ഭാഷ കൽദായ സുറിയാനിതന്നെ. നമ്മുടെ പഴയ കയ്യെഴുത്തു പ്രതികളിൽ ഏതു സ്ഥാനക്രമത്തിൽ ഓരോ നമസ്ക്കാരവും കാണപ്പെടുന്നുവോ ആ സ്ഥാനക്രമത്തിൽതന്നെ അതേ നമസ്ക്കാരങ്ങളും ഇതിലും കാണപ്പെടുന്നു. എന്നാൽ മാപ്പ്രാപ്പായുടെ പേരിനുപകരം പാത്രിയക്കീസിന്റെ പേരു ചേർക്കുക,1 യാക്കോബായക്കാർ വണങ്ങുന്ന ചിലരുടെ പേരുകളും ഇടകലർത്തുക, യാക്കോബായ വിശ്വാസത്തിനെതിരായ ചില പ്രയോഗങ്ങളും വ്യത്യാസപ്പെടുത്തുക ആദിയായി ചില്ലറ മാറ്റങ്ങളും ചില സ്ഥലങ്ങളിൽ വരുത്തിയിട്ടുണ്ടു്. മെത്രാനേറയോ മെത്രാപ്പോലീത്തായുടേയോ പേരു ചൊല്ലേണ്ട ചില സ്ഥലങ്ങളിൽ ''മാർ തോമ്മാ മെത്രാപ്പോലീത്താ'' എന്നു പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. പുത്തൻ കൂറുകാരുടെ ആദ്യകാലത്തേ അദ്ധ്യക്ഷന്മാരെല്ലാവരും ''തോമ്മാ മെത്രാപ്പോലീത്താ'' മാരായിരുന്നല്ലൊ.

---

1. കാസോലിക്കാ പാത്രിയക്കീസു് എന്നതു് ബസേലീസു കാസോലിക്കാ എന്നു മാറ്റിയിട്ടുണ്ടു്. യാക്കോബായ സഭയിലേ കാസോലിക്കാമാർ എല്ലാവരും ബസേലീസു നാമാധാരികളാണു്.

667—ാം പുറത്തു് ഇങ്ങനെ കാണുന്നു.

''ജീവൻനിറഞ്ഞ ഈ പുസ്തകം ഇൻഡ്യയുടെ മാർ തോമ്മാ അപ്പസ്ക്കോപ്പാ മെത്രാപ്പോലീത്തീസിന്റെ നാളുകളിൽ മുളന്തുരുത്തി മാത്തോമ്മാശ്ലീഹായുടെ പള്ളിയിലുള്ള നിർഭാഗ്യനും, ബലഹീനനും പാപിയും ആയ അബ്രാഹം ശമ്മാശിനാൽ മിശിഹാ പിറന്നിട്ടു് ആയിരത്തി എഴുനൂററി മുപ്പത്തിനാലാം വത്സരം എഴുതപ്പെട്ടു: ഗ്രീക്കുവത്സരം 1045 മിഥുന (ഹസീറാൻ) മാസത്തിൽ.''[2]

813—ാം പുറം മുതലാണു് പഞ്ചാംഗവും തിരുനാൾ ക്കുറിപ്പുകളും കൊടുത്തിരിയ്ക്കുന്നതു്. ചില യാക്കോബായ പ്പെരുനാളുകളും ഇവിടെ സ്ഥലംപിടിച്ചിട്ടുണ്ടു്. കർസോനിലും സുറിയാനിയിലും ഉള്ള ഈ ഭാഗം താഴെ പകർത്തുന്നു.

നൊമ്മെടെ ഇടാബകേൽ കൊള്ളേൺടുൻറ പെരുനാളുകം ഇത മകരമാതം 31. 1. ദിബദി മ്ശീഹാത മ്പുരാൻ വറഗീതും പേരും ഇട്ട പെരുനാം. സ. ദിബദി മ്ശീഹാ തമ്പുരാൻ മാമ്മോദീസാ മുങ്ങിയ പെരുനാം.

കുമ്പ ഞായർ 28.

2, ദിബദി. മത്തമറിയംഉമ്മാ മ്ശീഹാ തമ്പുരാനെ ഓർശ്ലീം പള്ളിക്കെൽ കാഴിശബശ പെരുനാം.

---

2 1738—ൽ മുളന്തുരുത്തിൽവച്ചു് എഴുതപ്പെട്ട ഒരു ഹ്ര്ാ നമസ്ക്കാരം അമ്പഴക്കാട്ട കൊവേന്തയിൽ സൂക്ഷിക്കപ്പെടുന്നുണ്ടു്. സ്രോഹപട്ടണത്തിനുമുകളിലുള്ള ദയറാ എല്ലായിത്താ എന്ന ആശ്രമത്തിലെ അദ്ധ്യക്ഷൻ മാർ യാക്കോബു ഇതു ക്രമപ്പെടുത്തി എന്നു ആരംഭത്തിൽ പറയുന്നു. ഭാഷാകൽദായ ആണു്. പൌരസ്ത്യസുറിയാനി രീത്തിലെ വത്സര വിഭാഗമനുസരിച്ചു് ആണ്ടുവട്ടം മുഴുവനിലുമുള്ള ഞായർ, ചില ഇടദിവസങ്ങം, മാറാമുള്ള തിരുനാളുകം ഇവയുള്ള ജപങ്ങം ഇതിലുണ്ടു്. ''ബ്രിക് ഹന്നാനാ'' പോലുള്ള ഭാഗങ്ങളിൽ രണ്ടുസ്വഭാവം എന്നതു് യാക്കോബായ ആശയപ്രകാരം ഒരു സ്വഭാവം (ഹദ്ദക്യാനാ) എന്ന തിരുത്തിയിട്ടുണ്ടു്. യാക്കോബ്യർക്കു രുചിക്കാത്ത മറു ചില ഭാഗങ്ങളിവും തിരുത്തൽ കാണാം.

24. ദിബദി. മത്തിയാ ശ്ലീഹാടെ പെരുനാൾ. കുത്ത ബരുന്നകാലം 25.

മീനം 31

25. ദിബദി. ഗബ്രിയേൽ മാലാകാ ഉമ്മായോട ബശൈനിശ പെരുനാൾ.

മേടമാതം 30

24 ദിബദി. ഗീവർഗീസു സഹദാടെ പെരുനാൾ.

ഇടബാ മാതം 31

1 ദിബദി. മാർ പീലിപ്പോസും യാക്കോബും രണ്ട ശ്ലീഹെമാരുടെ പെരുനാൾ.

ബിതിനം 30

24. ദിബസി. മാർ യോഹന്നാൻമാംദാന പെറന്ന പെരുനാൾ; 29 ദിവദി. മാർ പത്രോസും മാർ പൌലോസും രണ്ട ശ്ലീഹെമാരുടെ പെരുനാൾ.

കർക്കെടകമാതം 31

3 ദിവദി. മാർ തോമ്മാശ്ലീഹാടെ പെരുനാൾ; 25 ദിവദി മാർയാക്കോബു ശ്ലീഹായുടെ പെരുനാൾ.

ശിങ്ങമാതം 31

6 ദിബദി. നമ്മുടെ കത്താവിന്റെ ഗെലിയാന പെരുനാൾ: 15 ദിവദി. മത്തമറിയം ഉമ്മാ ആകാശത്തു എഴുന്നെള്ളിയ പെരുനാൾ; 24 ദിവദി, ബർത്തൽമൈ ശ്ലീഹായുടെ പെരുനാൾ; 29 ദിവദി, മാർ യോഹന്നാൻമാംദാനായുടെ പെരുനാൾ.

കന്നി 30

8 ദിബദി, മത്തമറിയം ഉമ്മാ പെറന്ന പെരുനാൾ; 13 ദിവദി, മാർസ്ലീവായുടെ പെരുനാൾ; 21 ദിവദി, മത്തായി ശ്ലീഹായുടെ പെരുനാൾ; 29 ദിവദി, മികാ

യേൽ റേശ്മാലാകായുടെയും ശേഷം മാലാഖാമാരുടെയും പെരുനാൾ.

തുലാമാതം 31

28 ദിബദി, മാർ ശെമഒനും മാർ യൂദായും രണ്ടു ശ്ലീഹൈമാരുടെ പെരുനാൾ.

ബർശികം 30

1 ദിബദി, കട്ടീശാങ്ങൾ ഒക്കേടെയും പെരുനാൾ; 2 ദിബദി, മരിശബ്ബെർ എല്ലാബ്ബെരുടെയും പെരുനാൾ; 30 ദിബദി, മാർ അന്ത്രയോസു ശ്ലീഹായുടെ പെരുനാൾ

തന്നബമാതം 31

8 ദിബദി, മത്തമറിയം ഉമ്മാനെ ഗെപ്പ്നിശ പെരുനാൾ; 18 ദിബദി, ആദംപാമലെയിൽ മാർ സ്ലീവാബിയെത്ത പെരുനാൾ; 21 ദിബദി, മാർ തോമ്മാശ്ലീഹായുടെ കബറാടം കഴിശ.; 25 ദിവദി, മ്ശീഹാ പെറന്ന പെരുനാൾ; 26 ദിവദി, മാർ എസ്ഥപ്പാനോസു സഹാദായുടെ പെരുനാൾ; 27 ദിബദി, മാർയോഹന്നാൻ ഏവൻഗേലിസ്റ്റായുടെ പെരുനാൾ; 28 ദിബദി, (വിജയികളായ ശ്ലീഹക്കളുടെ) പെരുനാൾ.

പെസഹാ പെരുനാളുടെകൂടെ മൂന്നു ദിബസം പെരുനാൾ; കൃംത്താ (ഉയപ്പു) പെരുനാളുടെകൂടെ നാലു ദിബസം പെരുനാൾ; കൃംത്താ പെരുനാൾ കഴിഞ്ഞ നാൽപതാംദിബസം സൂലാക്കെദ് മാറൻ (സ്വർഗ്ഗാരോഹണം) പെരുനാൾ. കൃംത്താ പെരുനാൾ കഴിഞ്ഞ അൻപതാം ദിവസം പന്തെക്കുസ്തെ പെരുന്നാൾ. അൻപതാം പെരുനാൾ കഴിഞ്ഞബരുന്ന തിങ്കളാഴ്ശ ശ്ലീഹാ നോമ്പു. അൻപതാം പെരുനാൾ കഴിഞ്ഞബതന്ന ഞാറാഴ്ശ കഴിഞ്ഞബരുന്ന ബിയാഴാഴ്ശ ശ്ലുത്തമാന കുർബാനേടെ പെരുനാൾ.

(സുറിയാനിയിൽ): ''തിരുനാളുകളും ഓമ്മകളും അറിയുന്നതിനു:''

'കാനോൻ ക്ക്ദീം തന്നമ്മാതം.'

4 ദിബസി, ബർബൈറാവേദസാക്ഷിണി 2a; 8 ദിബസി ദൈവമാതാവു ഗർഭം ധരിക്കപ്പെട്ടതു്; 10. മാർ ബെഹനാൻ സഹദായും സഹോദരി സാറായും: നാല് പതു സഹദെന്മാരും കൂട്ടരും 18 മപ്3 മലയിൽ സ്ലീവാ വിയത്ത ഏദോ; 23 പീലക്സീനോസു മല്പാന;4 21 തോമ്മായുടെ കബറിന്റെ ആഘോഷം; 21 നമ്മുടെ കത്താവിന്റെ മാംസത്തിലുള്ള ജനനം; 26 എസ്ക്കുപ്പാനോസു സഹദായുടെ ദുകറാനാ; 27. മാർ യോഹന്നാൻ ഏവൻ ഗേലീസ്ലായുടെ; 28. വിജയികളായ ശിശ്രൂക്കളുടെ.

കാനോൻ ഹറായി. മകെരമാതം 1 ദിബസി, ന. കത്താവിന്റെ ഛേദനാചാരം; 6 ദിബസി, നമ്മുടെ കർത്താവിന്റെ ദെനഹാ; 28, പത്രയാക്കീസും മല്പാനും ആയ ക്രൂറിലേസ്.5

ശവത്ത്. കമ്പം. 1 ദിബസി, പാത്രിയക്കീസും സഹദായും ആയ ഇഗ്നാത്തിയോസ്.; 2. ഓർശ്ലെത്തു നമ്മുടെ കത്താവിനെ കൊണ്ടുപോയതു്; 24, മത്തിയാ ശ്ലീഹാ, ''കുത്തുള്ള കൊല്ലം'' (ബശ്നസ് ക്ബിശ് ത്താ) 25—ൽ ആഘോഷിക്കപ്പെടുന്നു.

ആദാർ, മീനം 12. പാത്രിയക്കീസും മൌദിയാനുമായ ഗ്രീഗോറിയോസു്, 25, ദൈവമാതാവിനോടു് അറിയിപ്പു്.

നീസാൻ മേടം, 18, അബ്രാഹം വി. ബർസൌമ്മാ6; 24 ഗീവറുഗീസു സഹദായും മൌദിയാനും, 25, മർക്കൊസു ഏവൻ ഗേലീസ്ലാ,

ഈയാർ, ഇടബം. 1 പീലിപ്പോസിന്റേയും യാക്കോബിന്റേയും 2. വിശുദ്ധനും മല്പാനുമായ അത്തനാസിയൂസ്.

2a ഇവിടെ മുതൽ തിരുനാളുകളുടെ പേരുകളും സുറിയാനിയാണു്.

3. ആദമ്പാ മലയുടെ ലോപം. 4. യാക്കോബ്യൻ 5. മുമ്പില്ലായിരുന്നു. (?) 6. യാക്കാബായ

ഹസീറാൻ. ബിദിനം, 9 വേദശാസ്ത്രജ്ഞനായ ഗ്രീ
ഗോറിയോസു മല്പാൻ 11 ബല്ലൂബാ ശ്ലീഹായുടെ, 16
മല്പാനും വലിയ മൌദിയാനും ആയ ബസേലീസ്: 24. യോഹന്നാൻ മാംദാനായുടെ പിറവി, 29. പത്രോ
സിന്റേയും പൌലോസിന്റേയും ഉകറാനാ, 30. പന്ത്രണ്ടു
ശ്ലീഹന്മാരുടെ ഓമ്മ.7

തമ്മൂസ്. കക്കെടകം. 2, ദൈവമാതാവു ഏലിശാ
യെ സന്ദർശിച്ചതു്. 3. മാർ തോമ്മായുടെ ഉകറാനാ,
15. കര്യാക്കോസും അമ്മ യൂലീത്തിയും, 25. മാർ യാക്കോ
ബു ശ്ലീഹായുടെ.

ആബു്. ശിങ്ങം, 1. ആഹോദ മഹ സഹദാ8, ചിങ്ങം
രണ്ടാം തിങ്കൾ ഹസാസായേൽ സഹദായുടെ ഉകറാനാ 9
6, താബാർ മലയിൽ നമ്മുടെ കർത്താവിന്റെ ഗെലിയാ
നാ: 7. വി. ഹബേൽ എസ്ത്തുൻറാ10, 15. ഭാഗ്യവതി
യുടെ കരേറ്റം, 24 ബർത്തൊൽമെ ശ്ലീഹാ, 29. യോഹ
ന്നാൻ മാംദാനായെ കൊന്നതു്.

ഈലോൽ. കന്നി 2, ശെമഓൻ എസ്തുനാ; 8.
ദൈവമാതാവിന്റെ പിറവി; 13, മാർ സ്ലീവായുടെ
ഏദാ; 21, മത്തായി ഏവൻഗെലീസ്റ്റായുടെ. 24 ഈമേത്തു
സഹദാ.

തെശ്രീൻ ക്കു്ദീം. തുലാം. 7. സർഗീസും ബാക്കോ
സും സഹദെമാർ; 18, ലൂക്കാ ഏവൻഗേലീസ്റ്റായുടെ;
28 ശെമഓനും യൂദായും ശ്ലീഹന്മാർ.

തെശ്രീൻ ഹറായി. ബ്രിശികം. 1 സകല വിശുദ്ധ
ന്മാരുടേയും; 2 മരിച്ച വിശ്വാസികളുടെ ഉകറാന; 17
യാക്കോബു മപ്പസ്സാ സഹദ12; 29 സ്രോഗിലെ എന്ന

---

7. മുമ്പില്ലായിരുന്ന (?) 8 മുമ്പില്ലായിരുന്ന (?) 9 മുമ്പി
ല്ലായിരുന്ന (?), 10. മുമ്പില്ലായിരുന്ന (?). 11. (?)
12. ഇതു കൽദായക്കാക്കുമുള്ള വിശുദ്ധനാണു്. (?).

യാക്കോബു മല്പാൻ13; 30 മാർ അന്ത്രയോസു ശ്ലീഹായുടെ ഉകറാന.

പന്തക്കുസ്ത മുതൽ പന്ത്രണ്ടാം ദിവസം ദൈവിക മായ വി. കുർബാനയുടെ തിരുനാൾ.

11. 22, 3, 14, 15, 6, 17, 28, 9, 20, 1, 12, 23, 4, 15, 26, 7. 18, 29.

കർസോനിൽ: ''കൊല്ലം തൊള്ളായിരത്തമൂന്നാം നീക്കി ശേഷം എണ്ണം തൊട്ട ഈ അക്കം എണ്ണുക. ഈ അക്കം നീക്കുന്ന അക്കം എപ്പ്കത്തി എന്നു അറിക.'' സുറിയാനിയിൽ: ''കൊല്ല (വഷ്ം) എഴന്നൂററിനാല്പതിൽ മാർ അബ്രാഹം മെത്രാപ്പോലീത്താ വന്നു. പാഷണ്ഡ രായ പറങ്കികളും അദ്ദേഹം മരിച്ചശേഷം സുറിയാനിക്കാ രുടെ നടപ്പു മാററി: നോമ്പുകളും കുർബാനയും തിരുനാ ളുകളും ഇവയുടെശേഷം കൊല്ലവഷ്ം എണ്ണൂററി അറുപ ത്തൊന്നിൽ മാർ ഈവാനിയോസു് അപ്പസ്തോപ്പാ മെ ത്രാപ്പോലീത്തായുടെ നാളുകളിൽ സത്യവിശ്വാസിക ളായ സുറിയാനിക്കാരുടെ നടപ്പു വീണ്ടും മുമ്പിലത്തേതു പോലെ തുടങ്ങി: കുർബാനയും നോമ്പും തിരുനാളു കളും14.''

കാനോൻ ജപങ്ങളുംകൂടും, പഞ്ചാംഗത്തിനും തിരു നാളുംകുറിപ്പുകളുംകൂടും പുറമെ പഴയനിയമത്തിലെ പി താക്കന്മാരുടെ പേരുകളും, ചില സുറിയാനി പദങ്ങളും

---

13. യാക്കോബ്യൻ.

N. B. ഈ അക്കങ്ങളിൽ ചോദ്യചിഹ്നമിട്ടിരിക്കുന്നു തിരു നാളുകളും ഉടയവേരുർ സ്നേഹദോസിനെ അതിജീവിച്ചുവയോ യാക്കോബായരിൽനിന്നു സിദ്ധിച്ചവയോ എന്നു നിശ്ചയമില്ല.

14. മാർ അബ്രാഹം യാക്കോബ്യനല്ലായിരുന്നു. മാർ ഈവാ നിയോസു അപ്പസ്തോപ്പാ മെത്രാപ്പോലീത്തീസാകട്ടെ യാക്കോബ്യ നാണു്. യാക്കോബ്യനല്ലായിരുന്ന മാർ അബ്രാഹത്തിന്റെ കാ ലത്തുണ്ടായിരുന്ന നടപ്പു യാക്കോബ്യനായ ഈവാനിയോസിന്റെ കാലത്തു വീണ്ടും തുടങ്ങിയതെങ്ങിനെ? ഇവിടെ കൊടുത്തിരിക്കു

സങ്കീർത്തനങ്ങളിൽ എത്ര പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ടെന്നുള്ള കണക്കു്, ന. കർത്താവിനെ അടിച്ച അടികളുടെ എണ്ണം, അവിടുന്നു ചൊരിഞ്ഞ രക്തത്തുള്ളികളുടെ എണ്ണം, ആദിയായവയും,15 ബർഎബ്രായയുടെ ഹൃദായ കാനോനിന്റെ കുറെ ഭാഗവും ഈ പുസ്തകത്തിൽ ഉള്ളടക്കപ്പെട്ടിരിക്കുന്നു. ഒടുവിൽ ഹനാൻവെള്ളം ചേർത്ത ഒരു കഷായക്കുറിപ്പുമുണ്ടു്!

ന്ന പഞ്ചാംഗവും തിരുനാളുകളുമാകട്ടെ, ചുരുക്കം ചില തിരുനാളുകളൊഴിച്ചു, മുഴുവനും പറുങ്കികൾ ഏർപ്പെടുത്തിയവയാണു്. ആകയാൽ ഈവാനിയോസു യാക്കോബായ നടപ്പു കൊണ്ടുവന്നെങ്കിലും 1734 വരെ അതു അതേപടി ഇവിടെ സ്വീകരിക്കപ്പെട്ടില്ലെന്നു സിദ്ധിക്കുന്നു. കൽദായ സുറിയാനിയിൽ എഴുതപ്പെട്ട ഈ കൽദായ കാനോൻ ജപവും ഇതിനു അനിഷേദ്ധ്യമായ സാക്ഷ്യം വഹിക്കുന്നുണ്ടു്.

15. അവയിൽ ചിലതുകളുടെ തർജ്ജമ താഴെ ചേർക്കുന്നു:–

''അയ്യായിരത്തി നാന്നൂററി എഴുപത്തഞ്ചു രക്തത്തുള്ളികൾ.... ആറായിരത്തി അറുന്നൂററി അറുപത്താറു് അടികൾ.... പീലാത്തോസിന്റെ ഭാര്യയുടെ പേരു് പ്രോക്ലൗസു്; അവളുടെ ഭർത്താവിന്റെ ആത്മാവു് നമ്മുടെ കർത്താവിനാൽ വിധിക്കപ്പെടുന്നതു് സ്വപ്നത്തിൽ അവൾ കണ്ടു. ശമർയക്കാരിയുടെ പേരു് പൊത്തീന്ദാ. രക്തം ഒഴുകിയിരുന്നവളുടെ പേരു് ബെർനീക്കെ 'P. 809' മ്ശീഹായുടെ തലയിൽ തറച്ച മുള്ളുകൾ.... എഴുപത്തിരണ്ടു് ഹേരോദേസ്സു കൊന്ന ശിശുക്കൾ ഇരുപത്തയ്യായിരം. പരിശുദ്ധ കന്യകമറിയം ബെസ്ലെഹെമ്മിൽ താമസിച്ച ദിവസങ്ങൾ നാല്പതു് P. 828·

16. കഷായക്കുറിപ്പു് കർസോനിൽ ഇങ്ങനെയാണു്:–

''ഹനാൻവെള്ളം. ഇരുബേലി, രാമശം, ശന്നെനം, നല്ല ആശാളി, ശീരകം, കണ്ടീബെണ്ണ, ശെന്നിനായകം, പഞ്ചോൻ പഴക്കാ, ഉത്തിറാതി, കിരിയാത്ത, പൂതിയുണത്തി, കുന്തിരിക്കം, ബെമ്പ ഓരോരോ കഴഞ്ചു, വെള്ളം ഇടംകഴി 6. കുറികോൽ 3'' ഹനാൻവെള്ളമെന്തിനായിരിക്കാം? കഷായം ഏതു രോഗത്തിനാണെന്നു പറയുന്നില്ല.

അനുബന്ധം 5

1) പിറവം യാക്കോബായപള്ളിയുടെ അകത്തു തെക്കെഭിത്തിയിൽ എഴുതിയിരിക്കുന്ന തിരുനാൾപ്പട്ടിക

2) കണ്ടനാട്ടു യാക്കോബായപള്ളിയിലെ തിരുനാൾപട്ടിക

(മൂന്നാം അനുബന്ധത്തിൽ ഇവയെപ്പറ്റി സൂചനയുണ്ട്)

1 പിറവത്തേതു്

മകരം 1	നമ്മുടെ കർത്താവിനെ സുന്നത്തിട്ടതും മാർ ബസേലിയോസിന്റെയും മാർ ഗ്രിഗോരിയോസ്സിന്റെയും പെരുന്നാൾ[1].
	6. നമ്മുടെ കർത്താവായ ഈശോമിശിഹാ മാമ്മൂദീസാ മുഴുകിയ പെരുന്നാൾ.
	7. മാർ യോഹന്നാൻ മാംദാനയുടെ പുകഴ്ചയുടെ പെരുന്നാൾ.
	15. വിത്തുകളിന്മേലുള്ള, തമ്പുരാനെ പെറ്റ അമ്മയുടെ പെരുന്നാൾ.
കുംഭം 2	നമ്മുടെ കർത്താവിനെ ഓർശ്ലേം പള്ളിയിൽ കാഴ്ചവെച്ച പെരുന്നാൾ.
	24. മത്തിയ ശ്ലീഹായുടെ പെരുന്നാൾ.
മീനം 10	നാല്പതു സഹദെമ്മാരുടെ പെരുന്നാൾ.
	25. കന്നികാമ്മയോടു ഗൗബ്രിയേൽമാലാഖ അറിയിച്ച പെരുന്നാൾ.
മേടം 23, 24	ഗീവറുഗീസുസഹദായുടെ പെരുന്നാൾ.
ഇടവം 1	മാർ പീലിപ്പോസിന്റെയും മാർ യാക്കോബിന്റെയും പെരുന്നാൾ.

1. ഇതു യാക്കോബായയാണു്.

15. കതിരുകളിന്മേലുള്ള തമ്പുരാനെ പെറ്റ അമ്മയുടെ പെരുന്നാൾ.

മിഥുനം 15 കന്യാസ്ത്രീഅമ്മയുടെ നാമത്തിൻമേൽ പള്ളി പണിയപ്പെട്ട പെരുന്നാൾ.

24. മാർ യോഹന്നാൻ മാംദാനയുടെ പെരുന്നാൾ.

29. മാർ പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ.

30. പന്ത്രണ്ട് ശ്ലീഹന്മാരുടെ പെരുന്നാൾ.

കക്കടകം 3 മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ.

25. മാർ യാക്കോബ്ശ്ലീഹായുടെ പെരുന്നാൾ

ചിങ്ങം 6 താബോർ എന്ന മലയിൽ ദൈവസുഖം വെളിച്ചമാക്കിയ പെരുന്നാൾ.

15. കന്യാസ്ത്രീ അമ്മ ആകാശത്തിൽ എഴുന്നള്ളിയ പെരുന്നാൾ.

29. മാർ യോഹന്നാൻ മാംദാനയുടെ തല കണ്ടെടുത്ത പെരുന്നാൾ.

കന്നി 8 കന്യാസ്ത്രീയമ്മയുടെ പ്രവിയുടെ പെരുന്നാൾ.

14. മാർസ്ലീബായുടെ പെരുന്നാൾ.

21. മാർ മത്തായിശ്ലീഹായുടെ പെരുന്നാൾ

29. മാർ മിഖായേൽമാലാഖയുടെ പെരുന്നാൾ.

തുലാം 7 മാർ സർഗീസിന്റെയും മാർ ബാക്കോസിന്റെയും പെരുന്നാൾ.

28. മാർ ശെമോന്റെയും മാർ യൂദായുടെയും പെരുന്നാൾ.

വൃശ്ചികം 1 ശുദ്ധമാകപ്പെട്ടവർ എല്ലാവരുടെയും പെന്നാൾ. 2. മരിക്കപ്പെട്ട വിശ്വാസക്കാരായവരുടെ എല്ലാവരുടെയും പെരുന്നാൾ.

21. അന്നഉമ്മ കന്യാസ്ത്രീയമ്മയെ ഓർശ്ലം പള്ളി കാഴ്ചവെച്ച പെരുന്നാൾ.

30. അന്ത്രയോസ്ശ്ലീഹായുടെ പെരുന്നാൾ.

ധനു. 8 തമ്പുരാനെ പെറന്മയെ ഗർഭനിച്ച പെന്നാൊം.
18. ആഭംബാ മലയിൽ സ്ലീബാ കണ്ടെത്തിയ പെരുന്നാൊം.
21. ഉറഹായുടെ പള്ളിയിൽ മാർ തോമ്മാ ശ്ലീഹാ കവറടങ്ങിയ ഘോഷിപ്പിന്നടെ പെരുന്നാൊം. 25. നമ്മുടെ കത്താവിന്റെ പ്രവിയുടെ പെരുന്നാൊം.
26. കന്യാസ്ത്രീയമ്മയുടെയും എസ്തപ്പാനോസു സഹദായുടെയും പെരുന്നാൊം.
27. മാർയോഹന്നാൻ ഏവൻഗേലിസ്റ്റായുടെയും ഹേറോദേസ കൊല്പിച്ച പൈതങ്ങളുടെയും പെരുന്നാൊം.

2 കണ്ടനാട്ടേത്ത്

മകരം 1 നമ്മുടെ കത്താവിന്റെ വരഗീസാ മാർ ബസ്സെലിയൊസ്സിന്റെയും ഗ്രിഗോറിയോസ്സിന്റെയും[2]
6. നമ്മുടെ കത്താവിന്റെ മാമ്മോദീസാ.
7 മാർ യോഹന്നാൻ മാമന്ദാനായുടെ പുകഴ്ച.
8. മാർ എസ്ഥപ്പാനോസ്സ സഹദായുടെ പെരുന്നാൊം.
15. വിത്തുകളെക്കുറിച്ചുള്ള തമ്പുരാനെ പെറന്മയുടെ പെരുന്നാൊം.

കുംഭം 2 നമ്മുടെ കത്താവിനെ കാഴ്ചവെച്ച പെരുന്നാൊം.
24. മത്തിയാ ശ്ലീഹായുടെ പെരുന്നാൊം.

മീനം 25 കന്യാസ്ത്രീഅമ്മയൊട ഗബ്രിയേൽ മാലാഖാ വചനിച്ച പെരുന്നാൊം.

മേടം 23 24 മാർ ഗീവർഗീസ്സ് സഹദായുടെ പെരുന്നാൊം.

---

2 യാക്കോബായം.

ഇടവം 1 മാർ പീലിപ്പോസിന്റെയും മാർ യാക്കോ
യുടെയും

8. മാർ യോഹന്നാൻ ഏവൻഗേലീസ്
തായുടെ പെരുന്നാൾ.

15. കതിരുകളിന്മേലുള്ള തമ്പുരാനെ പെ
റമ്മയുടെ പെരുന്നാൾ.

മിഥുനം 15 അമ്മയുടെ നാമത്തിന്മേൽ മുന്നമെപള്ളി
പണിതത. 24. മാർയോഹന്നാമാമന്ദാനാ
യുടെ പിറവിയുടെ പെരുന്നാൾ.

29. മാർ പത്രോസിന്റെയും മാർ പൌ
ലോസിന്റെയും
(ഒരുകോളം കേടുവന്നു.)

കർക്കടകം 3. മാത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ.
15. മാർ കൂറിയാക്കൊസിന്റെ പെരു
ന്നാൾ.

20. ഏലിയാ നിബിയായുടെ പെരു
ന്നാൾ.

25. മാർ യാക്കോ ശ്ലീഹായുടെ പെരു
ന്നാൾ.

ചിങ്ങം 1 മത്തശെമാനിയുടെയും അവളുടെ മക്കൾ
ഏഴിന്റെയും അവരുടെ മല്പാൻ ഏലി
ഏലിയാസിന്റെയും.

6. താബോർ എന്ന മലപ്പുറത്ത ദൈവ
സുഖം വെളിച്ചമാക്കിയ പെരുന്നാൾ.

15. കന്യാസ്ത്രീ അമ്മയുടെ വാങ്ങിപ്പി
നുടെ പെരുന്നാൾ.

24. .... (ഇല്ല) ശ്ലീഹായുടെ പെരുന്നാൾ.

29. മാർ യോഹന്നാൻ മാമ്മന്ദാനായുടെ
തല ഖണ്ഡിച്ച പെരുന്നാൾ.

കന്നി 8 തമ്പുരാനെ പെറമ്മയുടെ പ്രവിയുടെ
പെരുന്നാൾ.

13–14. മാർ സ്ലീബായുടെ പെരിയൊരു നാൾ.

21. മാർ മത്തായി ശ്ലീഹായുടെ പെരുന്നാൾ.

29. മാർ മിഖായേൽ റീശ് മാലാഖായുടെ പെരുന്നാൾ.

തുലാം 7 ശുദ്ധമാകപ്പെട്ട മാർ സറുഗീസാ മാവ്വാക്കോസ്സിന്റെയും പെരുന്നാൾ.

15. മാർ ആസ്യാ മാർ ഏശായായുടെയും പെരുന്നാൾ.

28. മാർ ശെമഒൻ മാർ യൂദായുടെയും പെരുന്നാൾ.

വൃശ്ചികം 1 ശുദ്ധമാകപ്പെട്ടവരൊക്കെയുടെയും പെരുന്നാൾ.

2. വിശ്വാസകാരായ മരിക്കപ്പെട്ടവരൊക്കെയുടെയും പെരുന്നാൾ.

8. മാലാഖാമാരുടെ തലവരായ മാമ്മീഖായേലിന്റെയും മാർ ഗബറിയേലിന്റെയും.

21. അന്നാഉമ്മ കന്ന്യാസ്ത്രീ അമ്മയെ ഓർശ്ലേം പള്ളിയിൽ കാഴ്ചവെച്ച പെരുന്നാൾ.

27. മാർയാക്കോമ്മപസ്ക്കായുടെ പെരുന്നാൾ.

22. മാർ യാക്കൊ ബുർദാനായുടെ പെരുന്നാൾ [3]

29. മാർയാക്കോ മല്പാനായുടെ പെരുപെരുന്നാൾ. [4]

---

3 യാക്കോബായ

4 യാക്കോബ്യനായ സ്രോഗിലെ യാക്കോബ്?

30. മാർ അന്ത്രയോസ്സ ശ്ലീഹായുടെ പെരുന്നാൾ.

ധനുവം 6 നിഖ്യായുടെ ശ്രുദ്ധമാകപ്പെട്ട സൂനാദോസ്സായ

318. ബാവാന്മാരുടെയും [5] നീക്കാലായൊസ്സിന്റെയും പെരുന്നാൾ.

8. അന്നാഉമ്മ കന്യസ്ത്രീഅമ്മയെ ജനിച്ച പെരുന്നാൾ.

10. മാർബഹനാൻ സഹദായുടെയും അദ്ദേഹത്തിന്റെ പെങ്ങൾ സാറായുടെയും 40. സഹദെന്മാരുടെയും.

18. ആദംബാ മലയിൽ സ്ലീബാ വിയർത്ത പെരുന്നാൾ.

21. ഉറഹായുടെ പള്ളിയിൽ മാത്തോമ്മാശ്ലീഹാ കവറടങ്ങിയ ഘോഷിപ്പിനുടെ പെരുന്നാൾ.

25. നമ്മുടെ കത്താവിന്റെ പിറവിയുടെ പെരുന്നാൾ.

26. തമ്പുരാനെപ്പെറ്റമ്മയുടെ പുകഴ്ചയുടെ പെരുന്നാൾ.

27. ഏറൊദേസ്സ രാജാവ് കൊല്ലിച്ച പൈതങ്ങളുടെ പെരുന്നാൾ.

തങ്ങളറിയാതെ പുത്തൻകൂറുകാർ യാക്കോബ്യരായി തീന്നതെങ്ങിനെയെന്ന ഈ തിരുനാൾപ്പട്ടികകൾ വെളിപ്പെടുത്തുന്നുണ്ട്.

---

5 മുമ്പില്ലായിരുന്നു.

അനുബന്ധം 6

തൂക്കാസെ ദ്റമ്പ്ക്കുമറാ

''ലൂക്കാസെ ദ്റമ്പ്ക്കുമറാ'' എന്ന പേരിൽ ഒരു കർസോൻ പുസ്തകത്തെപ്പററി 9—ാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിന്റെ ഉള്ളടക്കം സംബന്ധിച്ച് അതിൽതന്നെ കർസോനിൽ പറയുന്നവ താഴെ ചേർക്കുന്നു.

ഇപ്പൊസ്തകത്തിൽ എഴുതപ്പെട്ട വസ്തുക്കളുടെ കുറിപ്പിടം.

1) യാതൊരുത്തൻ മെത്രാൻ സ്ഥാനത്തിനു കഴലപ്പെട്ടതിന്റെ ശേഷം പട്ടവും കൂപ്പായവും ഏതുപ്രകാരത്തിൽ ഒണ്ടാക്കണം എന്നതിമെൽ. കടതാശ്ശുപുറം.... [1] 2) മെത്രാൻ നകരിക്കു വരുംപോഴും എന്തെല്ലാം ശെയ്യണം എന്നതിമെൽ. 3) മെത്രാൻ വീട്ടിൽ ഇരിക്കുംപോഴും പുറത്തിറങ്ങുപോഴും എങ്ങനെയുള്ള കൂപ്പായംകൊണ്ടു പെരുമാറണം എന്നതിമെൽ. 4) മെത്രാൻ തന്റെ ലോകർക്കു എങ്ങനെ വാഴവു കൊടുക്കേണ്ടും എന്നതിമെൽ. 5) പള്ളിക്കടുത്ത ശ്രുത്തമാന കാരിയങ്കൾക്കു മല്പാന്മാര എങ്ങനെ മെത്രാൻ കല്പിക്കേണ്ട എന്നതിമെൽ. 6) മെത്രാന്മാര ഇരിക്കേണ്ടുന്ന പള്ളികളിലും കാനോനിസ്ഥാന്മാരുള്ള പള്ളികളിലും ശമയപ്പുരക്കാരര ഉണ്ടാകണം എന്നതിമെൽ. 7) മെത്രാൻ ദൈവത്തിനടുത്ത ശിറാഴ്മകളും ശെയ്യുന്നേരത്ത പട്ടക്കാരിൽ പിറതാനി മെത്രാന്റെ അടുക്കെ നിൻറ ശിറാഴ്മ ശെയ്യണം എന്നതിമെൽ. 8) അപ്പസ്ക്കോപ്പാ ദൈവത്തിനടുത്ത വസ്തുക്കളും ശെയ്യുംപോഴും ദിയാക്കോനാമാരുടെ കൂട്ടത്തിലുള്ള രണ്ടു കാനോനിസ്മാരുകൂടെ മെത്രാന ശിറാഴ്മനിക്കണം എന്നതിമെൽ 9) റാസക്കർബാന നെരത്ത ദിയാക്കോനാ എങ്ങനെ മെത്രാന ശിറാഴ്മ ചെയ്യേണ്ട എന്നതിമേൽ.

---

1. ഓരോ അക്കത്തിന്റെയും പിന്നാലെ ''കടതാശ്ശു പുറം'' എന്നുണ്ട്.

10) മെത്രാൻ റാസക്കുർബാന ശൊല്ലുംപോഴം ഹെവുപ്പ ദിയാക്കോനാ എങ്ങനെ മെത്രാന്റ ശിറാഴ്മ ശെയ്യണം എൻറതിമെൽ. 11) മെത്രാൻ കോഴത്തോട്ടുകൂടെ റാസ ക്കുർബാന ശൊല്ലുകയും റംശാ എത്തിക്കയും ശെയ്യുംപോഴം സഹായിക്കുൻറ പട്ടക്കാരും മുതൽപെട്ട രണ്ട ദിയാക്കോ നാമാരും കൂടാതെ ആഴ (ആറ?) നാലുപട്ടക്കാരുകൂടെ ശി റാഴ്മക്ക ഒണ്ടായിരിക്കണം എൻറതുമെൽ ഒള്ളത. 12) കാനോനിസ്സാമാര ഇല്ലാത്ത പള്ളിയിൽ മെത്രാൻ റാസക്കുർബാന ശൊല്ലുംപോഴം പട്ടക്കാരര ഒണ്ടായിരി ക്കണം എൻറതുമെൽ. 13) പെരുനാള്കളിലും കോഴമുള്ള ദിവസങ്ങളിലും പള്ളി എങ്ങനെ ശമയിക്കേണ്ടം എൻറ തുമെൽ. 14) മെത്രാന്റെ സിംഹാസനം എങ്ങനെ പ ള്ളിയിൽ ഒണ്ടാക്കെണ്ടം എറതുമെൽ. 15) ത്രോണോ സിന്റെ മീതെയും മെത്രാന്റെ സിമഹാസനത്തിന മീതെയും കൊട ഒണ്ടാക്കണം എൻറതുമെൽ. 16) മെത്രാൻ ദൈവത്തിനടുത്ത ശിറാഴ്മകളുക്ക പള്ളിയിൽ ഇറങ്ങും പോഴം ഏതു കുപ്പായം ഇട്ടംകൊണ്ടവേണം എൻറതുമെ ലും കാനോനിസ്സാക്കാരും ശേഴം പട്ടക്കാരരും എങ്ങനെ ഇയാഴക്ക അണിശാത്തറെ പോകണം എൻറതുമെലും. 17) മെത്രാപ്പോലീത്താമര എങ്ങനെ പാലിയൊ മടക്ക ണം എൻറതുമെൽ. 18) മുടി എത്തറ പിറകാരത്തിൽ ഒണ്ടം എപ്പോഴം അതിനെ പെരുമാറേണ്ട എൻറും വടി എവിടെയും എപ്പോളും പെരുമാറേണ്ട എൻറും— 19) മെ ത്രാൻ പള്ളിയിൽ കടക്കുംപോഴം എങ്ങനെ മുട്ടുകുത്തുവാ നും നമസ്ക്കരിപ്പാനും ബഹുമാനങ്ങഴം കാട്ടുവാനും ദിഴ ട്ടതി ആകുൻറു എൻറതുമെലും കാനോനിസ്സാമാരും ശേഴ മുള്ള പട്ടക്കാരരും എങ്ങനെ മുട്ടുകുത്തുകയും എഴനേൽക്ക യും ബഹുമാനങ്ങഴം കൊടുക്കയും വേണം എൻറതുമെലും. 20) മെത്രാൻ ഏതുപ്രകാരത്തിൽ കൈകൂട്ടുകയും തുറക്കു കയും വേണം എൻറതുമെലും. എങ്ങനെ ലോകരുംപ ക്കൽ തിരിയുകയും വീണ്ടതിരികയും വേണം എൻറതു മെലും എൻറതുമെൽ. 21) മെത്രാന്റെ അടുക്കെ എങ്ങ നെ കുർബാനാത്തക്സായും കൈമെഴുകുതിരിയും പിടി ക്കണം എൻറതുമെൽ. 22) മെത്രാൻ ശുത്തമാന കുപ്പായ

ങ്ങൾ ഇട്ടംപോലെ സ്ഥാനക്കാരും കാനോനിസ്ഥാനക്കാരും തന്റെ ശുദ്ധിയും ക്രമത്തിലും വഴി നിക്കണം എന്നതുമെല്ലാം. കുർബാന നേരത്തെ എത്ര ഉയരം മെത്രാനെ പിടികഴണം ഒണ്ടാകണം എന്നതുമെല്ലാം. 23) മെത്രാൻ കുർബാന ചൊല്ലുന്ന നേരത്ത താൻ കുർബാനയ്ക്കുടുത്ത നിൽക്കുന്ന നേരത്തും താൻ എങ്ങനെ പൊരുൾപടാത്ത ഒണ്ടാകണം എന്നതുമെൽ. 24) ദൂശാ നേരത്തും കുർബാന നേരത്തും മെത്രാൻ എങ്ങനെ കുന്തിരിക്കം തുമക്കുറിയിൽ വീശ് എങ്ങനെ അതിനെ ദുശാ ശെയ്യേണ്ടം എന്നതുമെൽ. 25) മെത്രാൻ തപസ കുർബാന ചൊല്ലുന്ന നേരത്ത സ്വത്തം കൈക്കൊള്ളേണ്ടം എന്നതുമെൽ. 26) കുർബാന നേരത്ത താൻ കുർബാന കഴിഞ്ഞിട്ട താൻ മെത്രാൻ വാഴവു കൊടുക്കുന്ന പിതാരത്തുമെൽ. 27) ദൈവത്തിനടുത്ത ശിതാഴ്മയ്ക്ക നിൽപ്പാൻ കടമിരിക്കുന്ന ആളുകളും ഞായമുള്ള വാശ അവകാശങ്ങളുംകൊണ്ടും മുടക്കം വരുന്ന നേരത്ത ശേഴമുള്ളവര എങ്ങനെ അവരുടെ കടം തികക്കേണ്ട എന്നതുമെൽ. 28) പള്ളിയിൽ വാത്തിയ കോഴങ്ങളും എപ്പോളും ഒണ്ടാകണം എന്നതുമെൽ. 29) മെത്രാൻ സാമാന്യമുള്ള കുർബാന ചൊല്ലുന്ന നേരത്ത കാർക്കേണ്ടുന്ന ക്രമത്തുമെൽ. 30) മെത്രാൻ സാമാന്യമുള്ള കുർബാന കാണുംപോലെ എങ്ങനെ ആശാരങ്ങളും കാർക്കേണ്ട എന്നതുമെൽ. 31) പ്രദേശത്തിനടുത്ത സുനഹദോസും ഇടവകക്കടുത്ത സുനഹദോസും കൂടുംപോലെ കാർക്കേണ്ടുന്ന ക്രമങ്ങളും.

രണ്ടാം പുസ്തകം

(1) പിറ്റെദിവസം മെത്രാൻ തന്റെ റാസക്കുർബാന ചൊല്ലുന്ന എങ്കിൽ ദൂശാ എത്തിപ്പാനുള്ള പ്രകാരത്തുമെൽ (2) മെത്രാൻ പിറ്റെദിവസം റാസക്കുർബാന ചൊല്ലുന്നില്ല എങ്കിൽ എങ്ങനെ ദൂശാ എത്തിക്കേണ്ട എന്നതുമെൽ (3) അതേപ്രകാരത്തിൽ ശേഴമുള്ളവരോട കൂടെ മെത്രാൻ ലെലിയാ എത്തിക്കണം എന്നതുമെൽ (4) മെത്രാൻ റാസക്കുർബാന ചൊല്ലുംപോലെ കാർക്കേണ്ട

ന്ന ക്രമങ്ങളമേൽ (5) മറെറാരുത്തൻ ശൊല്ലുന്ന റാസക്കർ ബാനക്ക എങ്ങനെ മെത്രാൻ അടുത്തുനില്ക്കേണ്ട എൻറ തുമെൽ (6) മരിശവരെക്കുറിശ മെത്രാൻ റംശാ എത്തി ക്കയും റാസക്കർബാന ശൊല്ലുകയും ശെയ്യുംപോഴം എ ന്തെല്ലാം കാക്കണം എൻറതുമെൽ (7) മരിശവരെക്കുറി ശുള്ള കർബാനക്ക മെത്രാൻ അടുത്തുനില്ക്കുൻറു എങ്കിൽ എന്തെല്ലാം ശെയ്യണം എൻറതുമെൽ. (8) സൂബാറാ ഞാ യറാഴ്ചകളിൽ മെത്രാൻ കർബാന ശൊല്ലുൻറു എങ്കിൽ കാർക്കേണ്ടും ക്രമം. (9) യൽ ദെ ദ്മാറൻ പെരുനാൾക്ക റംശാ എത്തിക്കുംപോഴം കാക്കേണ്ടും ക്രമങ്ങളം (10) തദ് ക്കീസാദ്ത്തുവാനീസാ മറിയം എൻറ പെരുനാൾക്ക എങ്ങനെ മെത്രാൻ മെഴുകുതിരികളം റുശ്മാ ശെയ്യേണ്ട എൻറതുമെൽ (11) അമ്പതു നോയമ്പിൽ കെത്തുമാടെ പുതനാഴ്ശ മെത്രാൻ എങ്ങനെ കെത്തുമാറുശ്മാ ശെയ്യു ണം എൻറതുമെൽ (12) അമ്പതു നോമ്പിൻെറ ഞായറാ ഴ്ശകളിൽ ത്രോണോസിൻെറയും ശിറാഴ്മക്കാരുടെ യും ശമയം എങ്ങനെ ഇരിക്കണം എൻറതുമെൽ (13) ഓശാന ഞായറാഴ്ശനാളം കുരുത്തോലകളം റുശ്മാശെ യ്യുംപോഴം കാക്കേണ്ടുന്ന ക്രമങ്ങളടെമെൽ (14) ഹശാമ്മീ സാ ദ്മാറൻ എൻറു ശൊല്ലുന്ന പെസഹാടെ വ്യാഴാഴ് ശനാളം കർബാനക്കും മറുള്ള ശിറാഴ്മക്കും എന്തെല്ലാം വിതയം വരുത്തണം എൻറതുമെൽ (15) പ്രമാണത്തിനു ഏനെന കാലുകഴുകിപ്പിനു എന്തെല്ലാം വസ്ത്രങ്ങം വിത യം വരുത്തണം എൻറതുമെൽ (16) വലിയ ആശ്ശ വട്ടത്തിൻെറ വ്യാഴാഴ്ശനാളം ലെലിയായിക്ക എങ്ങനെ ശിത്തോൽ അടക്കേണ്ട എൻറതുമെൽ (17) ദുക്കൊള്ളി യാഴ്ശനാളം മെത്രാൻ തെശ്മെശ്ത്താ ശെയ്യുൻറു എങ്കിൽ കാക്കേണ്ടും ക്രമങ്ങളമെൽ. (18) ദുക്കൊള്ളിയാഴ്ശനാളം മെത്രാൻ തെശ്മെശ്ത്താ ശെയ്യാതെ മറെറാരുത്തൻ ശെ യ്യുന്ന തെശ്മെശ്ത്തായിക്ക അടുത്തുനിൽക്കുൻറു എങ്കിൽ എന്തെല്ലാംവേണ്ട എൻറതുമെൽ (19) വലിയ ആഴ്ശവ ട്ടത്തിലുള്ള ശനിയാഴ്ശയിൽ പാതിരാ കഴിഞ്ഞിട്ട ഞാ യറാഴ്ശ വെളുപ്പിനു ഉയർപ്പുകഴിക്കേണ്ടുന്ന പിറകാരത്തു മെൽ (20) മേൽപറഞ്ഞ ശിറാഴ്മ മെത്രാൻ ശെയ്യാത

കണ്ട ആയതിനഅടുത്തുനിക്കുമ്പോഴം കാക്കേണ്ടുന്ന ക്രമങ്ങളുമെൽ (21) കൃംത്തായുടെ ഞായറാഴ്ച എങ്ങനെ മെത്രാൻ കോഴമായിട്ട കുർബാന ശൊല്ലുകയും ലോകക്കു ശ്രുത്തമാനകുർബാന കൊടുക്കയും വേണം എൻറതുമെൽ. (22) ആണ്ടിലുള്ള ഞായറാഴ്ചകളിൽ മെത്രാൻകുർബാനശൊല്ലുക താൻ കുർബാനക്കായടുത്തു നിൽക്ക താൻ ശെയ്യുന്ന എങ്കിൽ കാക്കേണ്ടുംക്രമം. (23) മാർ മക്കോസിന്റെ പെരുനാളിൽ വലിയ ലുത്തനിയാ ശൊല്ലേണ്ടുന്ന പ്രകാരം (24) ശ്രുത്തമാന കുർബാനയുടെ പെരുനാക്കു കൊടിയും സ്ലീവായും എടുക്കേണ്ടുന്ന പ്രകാരത്തുമെൽ. (25) ഏതെല്ലാം പെരുനാളുകളിൽ മെത്രാൻ കോഴമോടെ തെശ്മെശ്ത്താ കഴിപ്പാനും കുർബാന ശൊല്ലുവാനും മരിയാതി ആകുൻറ എൻറതുമെൽ. (26) ആണ്ടുതോറും മെത്രാൻ തന്നെകഴലപ്പെട്ടുത്തിയ ദിവസവും വാഴ്ശദിവസവും വരുംപോക്ക ഒൻറുകിൽ മെത്രാൻ താൻതന്നെ കുർബാന ശൊല്ലണം അല്ലെങ്കിൽ മറെറാരുത്തൻ ശൊല്ലുൻറ കുർബാനക്കു അടുത്തുനിൽക്കണം എൻറതു (27) തൻെറ മുന്നിൽ വാണിരുൻറ മെത്രാൻ മരിശ ദിവസം ആണ്ടുതോറും വരുംപോക്ക മെത്രാൻ താൻ തന്നെ ഇടാ ആത്മത്തെ കുറിശ കുർബാന ശൊല്ലുക എങ്കിലും മറെറാരുത്തൻ ശൊല്ലുന്ന കുർബാനക്കു അടുത്തുനിൽക്ക എങ്കിലും വേണമെൻറ (28) എല്ലാ മെത്രാൻമാക്കുംകൂടെ ഒള്ള ടുകറാനാ ആണ്ടുതോറും ഇരിപ്പടമായ പള്ളിയിൽ ശയ്യേണ്ടുന്ന പിറകാരത്തുമെൽ (29) മെത്രാൻ ദീനമായി കിടക്കുംപോക്ക അതശ്രാമവും ഉൽസാഹവുംവേണം എൻറതുമെൽ.''

ഇത്രയുമാണ് ഈ പുസ്തകത്തിൻെറ ഉള്ളടക്കം. മാതൃകയായി ഒന്നാംപുസ്തകത്തിലെ ഒന്നാമദ്ധ്യായം താഴെ ചേക്കുന്നു:

''സ്ഹാഹാ 1. യാതൊരുത്തനും മെത്രാൻെറ സ്നാനത്തിനു കഴലപ്പെട്ടതിൻെറ ശേഴം പട്ടവും കുപ്പായവും ഏതപിറകാരത്തിൽ ഉണ്ടാക്കണം എൻറതുമെൽ.

1. യാതൊരുത്തനും വാശ പള്ളിക്കും മെത്രാനാക വാൻ കഴലപ്പാട തന്റെ മേൽ ഒണ്ട എന്റെ വസ്തുയെ അ റിഞ്ഞതിന്റെ ശേഴം ഒടൻ തന്നെ യോക്കിയമാകും വണ്ണം തന്റെ തലമേൽ പട്ടം വലുതായി ഒണ്ടാക്കുകയും വേണം. ഇതുമെൻറിയെ വീട്ടിൽനിൻറു പുറത്തോട്ട ഇറങ്ങുമ്പോ ളൊക്കയും സാമാന്യം ഇട്ടുനടപ്പാൻ മരിയാതി ആയി രിക്കുന്റെ ളോകക്കു മീതെ ശരിയായ ഒരു മറൊക്കുപ്പായം ഇട്ടുകൊണ്ടേ ഇറങ്ങാവൂ. എൻറാൽ ഈ മറൊക്കുപ്പായ ത്തിന്റെ പിറകാരമാകുൻറതു: അരയോളം ഇറക്കം ഒണ്ടാ യിരിക്കയും കൈ ഇടുവാൻ രണ്ടുപുറത്തും തുളയും വശ്ശ് മു ന്നലുള്ളപുറം തുറന്നിരിക്കയും വേണം. വിശേഴിശ്ശും ഈ മറൊക്കുപ്പായം ആടും പൂട കൊണ്ടാണകിലും ഒട്ടകത്തി ന്റെ രോമം കൊണ്ടാണകിലും നെയിതുണ്ടാക്കിയ മാന്ത ളിർപട്ടിന്റെ നിറമുള്ള ശീലകൊണ്ട ഒണ്ടാക്കിയത ആ യിരിക്കണം. ഇതുകൂടാതെ പകഴത്തിൽ മാന്തളിർ പട്ട കൊണ്ട ഒണ്ടാക്കിയതു എൻറാലും മതിതാനും.

2. കഴലപ്പെട്ടവൻ തന്റെ ഇടവകയിൽ നിക്കുൻ റെങ്കിൽ മേൽപറഞ്ഞു മറൊക്കുപ്പായത്തിനു പകരം വീ ട്ടിൽ നിക്കുംപോളും പുറത്ത ഇറങ്ങുംപോളും മോറീസ എൻറ ശൊല്ലുൻറ ശെറിയ കുപ്പായം സൂപ്പ്ലസിനു മീതെ ഇടുകയും വേണം. എൻറാൽ മോറീസിന്റെ പിറകാര മാകുൻറതു: കഴുത്തുകൽ തൊട്ട മുലക്കു താഴത്തോളം എല്ലാ പുറത്തും ഒരുപോലെ ഇറക്കം ഉണ്ടായിരിക്കണം. മുമ്പിലത്തെ പുറം ഒപ്പമിട്ടുള്ള ശെറിയ കുടുക്കുകൊണ്ട മുറുക്കത്തക്കതായിരിക്കയും വേണം. ഇവണ്ണം ഈ കുപ്പായം കഴുത്തിൽ ഇട്ട എല്ലാ പുറവും ഒരുപോലെ ഉള്ള വീതിയിൽ രണ്ടരവും മൂടി വീഴവാൻ തക്കതായി രിക്കണം. ഇക്കുപ്പായത്തിന്റെ നിറം മേൽപറഞ്ഞപോ ലെ മാന്തളിര നിറമായിരിക്കയും വേണം. വിശേഴിശ്ശും പുറത്തുപോകുവാൻ ദിഴ്ട്ടതി ഉള്ളപ്പോളൊക്കയും ഇക്കു പ്പായം കൂടാതെ പശ്ശ നിറമുള്ള ശരടുകളും പൊടിപ്പുകളും കൊണ്ട ശമഞ്ഞിരിക്കുന്ന കുറുത്ത നിറമുള്ള തൊപ്പിക്കുടെ ഉണ്ടായിരിക്കയും വേണം. എൻറാൽ ഇ .... പറഞ്ഞത

ദേശത്തു പട്ടക്കാരുടെ മേൽ ആകുൻറു എൻററികെ. അതെ
ന്തന്നാൽ മെത്രാൻറെ സ്ഥാനത്തിനു കഴലപ്പെട്ട ആ
ദെരിശനക്കാരൻ ആകുൻറു എങ്കിൽ സൂർപ്പുലസ കൂടാതെ
തങ്ങടം തങ്ങളുടെ ദെരിശന കൃപായത്തിൻറെ നിറത്തി
ലുള്ള മറൊക്കുപ്പായമെങ്കിലും മോറീസ എങ്കിലും അത്രേ
ഇട്ടുകൂടു. വിശേഷിച്ചും കുതാപ്പിക്കു ശേഷം ദേശത്തു പട്ടക്കാ
രുടെകൂടെ പണി എടുപ്പിക്കയും ആം.''

ഈ പുസ്തകം പള്ളിവീട്ടിൽ ചാണ്ടിമെത്രാൻറെ
ഉപയോഗത്തിനുവേണ്ടി തയാറാക്കിയതാണെന്നു പറ
ഞ്ഞുകേട്ടിട്ടുണ്ടു്. ഉദയമ്പേരൂർ സൂനഹദോസിൻറെ ശേ
ഷം നമ്മളെ ഭരിച്ച റോസുമെത്രാൻ സുറിയാനിയിൽ
കുർബാനചൊല്ലിയിരുന്നു. ആകയാൽ ഇതു അദ്ദേഹത്തി
നേറയോ പിൻഗാമികളായ കൊട്ടങ്ങല്ലൂർ മെത്രാപ്പോ
ലീത്താമാരുടേയോ ഉപയോഗത്തിനുവേണ്ടി തയാറാക്കി
യതാണെന്നും വരാം. 1704—നുശേഷം കൊട്ടങ്ങല്ലൂർ മെ
ത്രാപ്പോലീത്താമാർ പുത്തൻചിറെ താമസിച്ചിരുന്നു.
പുത്തൻചിറെ നിന്നായിരിക്കാം ഒരുപക്ഷെ ഇതു അമ്പ
ഴക്കാട്ടു കൊവേന്തയിൽ വന്നുചേർന്നതു്. ഇപ്പോഴും ഇതു
അമ്പഴക്കാട്ടു കൊവേന്തയിൽ സൂക്ഷിക്കപ്പെടുന്നു. ഇതിൽ
ലത്തീൻ ക്രമങ്ങളും സുറിയാനിക്കുർബാനയോടു ചേർ
ത്തെഴുതിയിരിയ്ക്കുന്നു എന്നു സ്പഷ്ടമാണല്ലോ. ''തപസ്
കുർബാന'' എന്ന പദം ഇതിലുണ്ടെന്നു പ്രസ്താവയോ
ഗ്യമാണു്.

Printed and Published by
The Manager St. Joseph's Press,
Mannanam 1997

CT Library
00086565
J62 P752